www.malankaralibrary.com

ജി. ചേടിയത്ത്

# ലത്തീൻ സഭാപിതാക്കന്മാർ

No. 151

പൗരസ്ത്യ വിദ്യാപീഠം
വടവാതൂർ-കോട്ടയം
686 010
1992

www.malankaralibrary.com

G.CHEDIATH, *Latin Sabhā Pitākanmār* (Latin Church Fathers): A Publication of the Oriental Institute of Religious Studies, P. B. 1. Vadavathoor, Kottayam, 686010, Kerala, India.

The present work is an adapted and abridged version from the Italian edition of *Patrologia, vol. III,* published by Marietti, Turin, Italy, 1978. Published with the permission of Rev. Prof. Dr. Angelo di Berardino, the editor of the work and of the Publishing company Marietti, Turin.

Copyright: G. Chediath, 1992

Price Rs. 30

Printed at: Pro Sanctity Printers, Manganam, Kottayam-18.

# ഉള്ളടക്കം

പേജ്

ആമുഖം vii

ചുരുക്കെഴുത്തുകളുടെ പൂർണ്ണരൂപം viii

അധ്യായം 1: പാശ്ചാത്യ സഭ നാലും അഞ്ചും നൂറ്റാണ്ടുകളിൽ 1

അധ്യായം 2: വി. ഹിലരിയും പാശ്ചാത്യലോകത്തെ ആരിയനിസവും 8

വി. ഹിലരി 10; കൃതികൾ 12: ദൈവശാസ്ത്ര കൃതികൾ 11; ചരിത്രകൃതികൾ 14; ഭാഷ്യകൃതികൾ 17; ഗീതങ്ങൾ 18; നഷ്ടപ്പെട്ട കൃതികളും അയഥാർത്ഥകൃതികളും 19; ദൈവശാസ്ത്രം 19.

അധ്യായം 3: എട്ട് ആരിയൻ വിരുദ്ധ ചിന്തകന്മാർ 25

ഹോസിയുസ് 25; വെർചെല്ലിയിലെ എവുസേബിയസ് 26; കാലിയരിയിലെ ലൂസിഫർ 27; മാരിയുസ് വിക്തൊറിനസ് 29; പൊത്താമിയുസ് 31; ഫേബാദിയുസ് 31; എൽവീരായിലെ ഗ്രിഗറി 32; ഫൗസ്തീനസ് 34. അനുബന്ധം: ജർമ്മീനിയുസും ഹെരാക്ലിയാനുസും തമ്മിൽ നടന്ന സംവാദം 36.

അധ്യായം 4: ആരിയൻ സാഹിത്യം 37

സിർമിയം വിശ്വാസ നിർവചനം 37; റിമിനി വിശ്വാസ നിർവചനം 38; വൂംഫിലാ 39; ഇല്ലീരിയൻ ആരിയന്മാർ 39; മാക്സിമീനസ് 40; ആരിയൻ ഭാഷ്യകൃതികൾ 40; ആരിയൻ താത്വിക കൃതികൾ 41; ഉപസംഹാരം 42.

അധ്യായം 5: ഡൊണാറ്റിസ്റ്റ് സാഹിത്യം 43

ഡൊണാത്തുസ് 46; പർമേനിയൻ 46; പെതീലിയൻ 47; തിക്കോണിയുസ് 47.

www.malankaralibrary.com



അധ്യായം 6: അഞ്ച് കത്തോലിക്കാ മെത്രാന്മാർ 48

ഒപ്താത്തൂസ് 48; പാചിയൻ 48; വെറോണായിലെ സേനോ 49; ഫിലാസ്തർ 50; ഗൗദെൻസ്യൂസ് 51.
അനുബന്ധം: പ്രിഷില്യനും അനുയായികളും 51.

അധ്യായം 7: വി. അംബ്രോസ് 54

കൃതികൾ 57: ഭാഷ്യകൃതികൾ 58; ധാർമ്മിക കൃതികൾ 62; താത്ത്വികകൃതികൾ 64; മററുകൃതികൾ 65.
അനുബന്ധം 1: അംബ്രോസിയാസ്ററർ 67; 2. റെമേസിയാനായിലെ നിസേററാസ് 68.

അധ്യായം 8: വി. ജറോം

കൃതികൾ 74: വേദപുസ്തക വിവർത്തനങ്ങൾ 74; മററു വിവർത്തനങ്ങൾ 77; ഒരിജന്റെയും ദിദിമൂസിന്റെയും വിവർത്തനങ്ങൾ 78; ഭാഷ്യകൃതികൾ 80; ഹോമിലികൾ 81; സന്യാസ ജീവചരിത്രം 81; താർക്കിക കൃതികൾ 82; കത്തുകൾ 84; അവലോകനം 84.
അനുബന്ധം സിറിയാക്കാരൻ റൂഫീനൂസ് 85.

അധ്യായം 9: റൂഫീനൂസ് 86

അധ്യായം 10: ലത്തീൻ പദ്യസാഹിത്യം 90

കൊമ്മോഡിയൻ 90; ചെന്തോണെസ് 91; ഡമാസൂസ് പാപ്പാ 91; ഔസോണിയൂസ് 92; പ്രുദെൻസ്യൂസ് 93; നോളായിലെ പൗളീനൂസ് 94; ക്ലൗദിയാനൂസ് 95; ലിചെൻസ്യൂസ് 95; എൻദെലെക്കിയൂസ് 95; സിപ്രിയാൻ 96; സ്പെസ് 96; അക്കില്ലെസ് 96; ക്ലൗദിയൂസ് മാരിയൂസ് വിക്തോറിയൂസ് 97; സെദൂളിയൂസ് 97; ഓറിയെൻസ്യൂസ് 97; അഗ്രെസ്തിയൂസ് 97; പെല്ലായിലെ പൗളീനൂസ് 98; മെറോബൗദെസ് 98; അജ്ഞാത കർത്തൃക പദ്യങ്ങൾ 98.

അധ്യായം 11: ഗോളിലെ എഴുത്തുകാർ 99

ലയൺസിലെ എവുക്കേരിയൂസ് 99; എവുത്രോപിയൂസ് 100; എവാഗ്രിയൂസ് 102; ആൾസിലെ ഹൊണൊരാത്തൂസ് 103; ആൾസിലെ ഹിലരി 103; ജോൺ കാസ്സിയൻ 104; ബുർഗെസിലെ ലെയോ 109; ലെപ്പോറിയൂസ് 109; ത്രോയെസിലെ ലൂപ്പൂസ് 110; മർസെയിൽസിലെ മൂസെയൂസ് 110; റസ്റ്റിക്കൂസ് 111; ജനീവായിലെ സലോണിയൂസ് 111;





മർസെയിൽസിലെ സാൽവിയൻ 111; സുൾപീചിയൂസ് സെവേരൂസ് 112; കിമിയെസിലെ വലേറിയൻ 114; അക്വിററാനിയായിലെ വിക്തോറിയൂസ് 114; റൂവെനിലെ വിക്ത്രിച്ചിയൂസ് 115; വിൻസെൻറ് 115; ലേറിൻസിലെ വിൻസെൻറ് 115. അക്വിററാനിയയിലെ പ്രോസ്പർ 117; എജെറിയാ (എതെറിയാ) 118.

അധ്യായം 12: ഇററലിയിലെ എഴുത്തുകാർ 120

അപ്പോണിയൂസ് 120; അർനോബിയൂസ് 121; ഫിർമിക്കസ് മതേർണസ് 121; ഫോർത്തുണാസ്യാനസ് 122; ക്രൊമാസ്യൂസ് 122; ടൂറിനിലെ മാക്സിമൂസ് 123; പീററർ ക്രിസൊളോഗൂസ് 124. റോമൻ മെത്രാന്മാർ 124: ജൂലിയസ് പാപ്പാ 124; ഇന്നസെൻറ് പാപ്പാ 125; സോസിമൂസ് പാപ്പാ 126; ബോനിഫസ് പാപ്പാ 127; സെലസ്ററിൻ പാപ്പാ 127. സികസ്ററസ് III പാപ്പാ 129.

അധ്യായം 13: മഹാനായ ലെയോ മാർപ്പാപ്പാ 130

കൃതികൾ 133: ഫ്ളാവിയന് ലെയോ അയച്ച ലേഖനം 134-147.

അധ്യായം 14: മഹാനായ ഗ്രിഗോറിയോസ് മാർപ്പാപ്പാ 148

കൃതികൾ 151; ദൈവശാസ്ത്രം 152.

അധ്യായം 15: വി. ഇസിദോർ 154

അധ്യായം 16: വി. അഗസ്റ്റിൻ – ജീവിതവും കൃതികളും 158

ജീവചരിത്രം 158: ജനനം മുതൽ മാനസാന്തരംവരെ 160; മാനസാന്തരം മുതൽ മെത്രാഭിഷേകംവരെ 163; മെത്രാഭിഷേകം മുതൽ മരണംവരെ 164. കൃതികൾ 166: 1. പുസ്തകങ്ങൾ 166: ആധ്യാത്മിക കൃതികൾ 166; താത്വികകൃതികൾ 167; അപ്പോളൊജെററിക് കൃതികൾ 169; ഡോഗ്മാററിക് കൃതികൾ 172; ധാർമ്മികവും അജപാലകപരവുമായ കൃതികൾ 174; സന്യാസകൃതികൾ 176; ഭാഷ്യകൃതികൾ 177; താർക്കികകൃതികൾ 179: മാനിക്കേയർക്കെതിരെ 180; ഡൊണാററിസ്ററുകാർക്കെതിരെ 182: പെലാജിയർക്കെതിരെ 185; ആരിയനിസത്തിനെതിരെ 190; പാഷണ്ഡതകൾക്കെതിരെ പൊതുവായി 191. 2. കത്തുകൾ 191. 3. പ്രതിപാദനങ്ങൾ 192: യോഹന്നാന്റെ

www.malankaralibrary.com



വ്യാഖ്യാനം 192; സങ്കീർത്തനങ്ങളുടെ വ്യാഖ്യാനം 193; പ്രസംഗങ്ങൾ 193. 4. സംശയാസ്പദകൃതികൾ 194; 5. അയഥാർത്ഥ കൃതികൾ 195.

അധ്യായം 17: വി. അഗസ്റ്റിൻ – ചിന്താധാര 198

യുക്തിയും വിശ്വാസവും 198; തത്ത്വശാസ്ത്രം 200: ഉറവിടങ്ങൾ 200; അടിസ്ഥാനതത്ത്വങ്ങൾ 201: ആന്തരികത 201; ഭാഗഭാഗിത്വം 203; വ്യതിയാന രാഹിത്യം 204; വിഷയങ്ങൾ 204; ദൈവം 205; മനുഷ്യൻ 207; പ്രശ്നപരിഹാരം 211: സൃഷ്ടി 211; പ്രകാശിക്കൽ 214; സൗഭാഗ്യം 215.

അധ്യായം 18: വി. അഗസ്റ്റിൻ–ദൈവശാസ്ത്രം 217

ദൈവശാസ്ത്രരീതി 217; ത്രിത്വപ്രബോധനം 221; ക്രിസ്തുശാസ്ത്രം 222; മരിയശാസ്ത്രം 223; രക്ഷാകരശാസ്ത്രം 225; പ്രകൃത്യതീത മനുഷ്യശാസ്ത്രം 227; (1) ഉത്ഭവപാപം 228; (2) നീതീകരണം 230; (3) സഹായകകൃപ 232: സ്വഭാവം 232; ആവശ്യം 233; ഫലദായകത്വം 233; സൗജന്യസ്വഭാവം 235. (4) മുൻനിർണ്ണയം 236. സഭ 239; കൂദാശകൾ 243; യുഗാന്ത്യോന്മുഖത 244.

അധ്യായം 19: വി. അഗസ്റ്റിൻ– ആധ്യാത്മിക തത്ത്വങ്ങൾ 245

പ്രത്യേകതകൾ 245, പ്രധാനാശയങ്ങൾ 247: വിശുദ്ധിയിലേക്കുള്ള സാർവത്രികവിളി 247; സ്നേഹം കേന്ദ്രബിന്ദു 248; എളിമ 250; ശുദ്ധീകരണം 250; പ്രാർത്ഥന 251; ആധ്യാത്മിക ജീവിതത്തിലെ പടികൾ 251. മകുടം 252. അഗസ്റ്റിന്റെ വ്യക്തിത്വം 252.

അധ്യായം 20: പെലാജിയൻ തർക്കം 256

ആമുഖം 256; പെലാജിയുസ് 258; കൃതികൾ 261; പെലാജിയനിസത്തിന്റെ ചരിത്രം 262. ചെലെസ്തിയുസ് 265; എക്ലാനുമിലെ ജൂലിയൻ 266; അനിയാനുസ് 267; അഗസ്റ്റിന്റെ മൂന്നു സ്നേഹിതർ: ഒറോസിയുസ് 267; മാരിയുസ് മെർക്കാത്തോർ 269; കോദ് വുൾത്ദേവുസ് 270.

പേരുകൾ: മലയാളം–ഇംഗ്ലീഷ് 271

# ആമുഖം

പുരാതനസഭയിലെ പിതാക്കന്മാരെയും മററ് എഴുത്തുകാരെയുംപററി പ്രതിപാദിക്കുന്ന രണ്ടു പുസ്തകങ്ങൾ നേരത്തെ പ്രസിദ്ധീകരിച്ചിട്ടുണ്ട് (*ആദിമസഭയുടെ സന്ദേശം*, *ആദിമസഭാപിതാക്കന്മാർ*). അത്തരത്തിലുള്ള മൂന്നാമത്തെ ഗ്രന്ഥമാണിത്. നാലും അഞ്ചും നൂററാണ്ടുകളിൽ പാശ്ചാത്യസഭയിൽ ജീവിച്ചിരുന്ന എഴുത്തുകാരും അവരുടെ കൃതികളും ദൈവശാസ്ത്രവുമാണ് ''ലത്തീൻസഭാപിതാക്കന്മാർ'' എന്ന ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയം. നാലും അഞ്ചും നൂററാണ്ടുകളിലെ പാശ്ചാത്യസഭയുടെ പശ്ചാത്തലം കൊണ്ട് ഗ്രന്ഥം തുടങ്ങുന്നു. ആരിയനിസം, ഡൊണാററിസം, പ്രിഷില്ലിയനിസം, പെലാജിയനിസം എന്നീ പ്രശ്നങ്ങൾ അപഗ്രഥിക്കുന്നു. അവയ്ക്കെതിരെ സത്യവിശ്വാസം ഉയർത്തിക്കാട്ടിയ പിതാക്കന്മാരെപ്പററി ചർച്ച ചെയ്യുന്നു. വി. ഹിലരി, വിശുദ്ധ അംബ്രോസ്, വി. അഗസ്ററിൻ, വി. ലെയോ മാർപ്പാപ്പാ, വി. ജറോം എന്നിവരെല്ലാം ഇതിൽ ഉൾപ്പെടുന്നു. അഞ്ചാം നൂററാണ്ടിനുശേഷം ജീവിച്ച വി. ഗ്രിഗറി (+ 604), വിശുദ്ധ ഇസിദോർ (+ 636) എന്നീ പിതാക്കന്മാരേക്കൂടി ഉൾപ്പെടുത്തിയെങ്കിലേ വിവരണം പൂർണമാകൂ എന്നു കരുതി അവരെപ്പററി ചുരുക്കമായി ചർച്ച ചെയ്തിട്ടുണ്ട്. പഠനസൗകര്യാർത്ഥം വിശുദ്ധ അഗസ്റ്റിനെപ്പററിയുള്ള ചർച്ച നാല് അധ്യായങ്ങളിലായിട്ടാണു നൽകിയിരിക്കുന്നത്.

ഈ ഗ്രന്ഥരചനയിൽ സഹായിച്ച ബ. ജോസഫ് മക്കോളിൽ അച്ചൻ, ബ. ജോർജ്ജ് അപ്പശ്ശേരിൽ അച്ചൻ എന്നിവരെ നന്ദിപൂർവം അനുസ്മരിക്കുന്നു. ഇതിന്റെ അച്ചടി ഭംഗിയായി നിർവഹിച്ച പ്രോസാങ്ററിററി പ്രസ്സിലെ അധികാരികൾക്കും എല്ലാ പ്രവർത്തകർക്കും കൃതജ്ഞതയുടെ കൂപ്പുകൈ. ഈ ഗ്രന്ഥം സഹൃദയസമക്ഷം സാദരം സമർപ്പിച്ചുകൊള്ളുന്നു.

പൗരസ്ത്യവിദ്യാപീഠം
കോട്ടയം
29–1–1992.

**ഫാ. ജി. ചേടിയത്ത്**

www.malankaralibrary.com

## ചുരുക്കെഴുത്തുകളുടെ പൂർണരൂപം

| | | |
|---|---|---|
| ആത്മ. | = | ആത്മകഥ |
| പ്രസം. | = | പ്രസംഗം |
| മഹത്. | = | മഹത് വ്യക്തികൾ |
| ലേ. ലേഖ. | = | ലേഖനം |
| *ACW* | = | Ancient Christian Writers |
| *ANF* | = | Ante Nicene Fathers |
| *CSEL* | = | Corpus Scriptorum Ecclesiasticorum Latinorum. |
| *FC* | = | Fathers of the Church |
| *NPNF* | = | Nicene and Post Nicene Fathers of the Christian Church, (2 Series). |
| *PL* | = | Patrologia Latina |
| *PLS* | = | Patr. Lat. Supplementum |

## തിരുത്തൽ

| | | തെറ്റ് | ശരി |
|---|---|---|---|
| പേ.19. | ലൈൻ 4 : | അയഥാർഥ്യകൃതികളും | – അയഥാർഥകൃതികളും |
| 32 | 21 : | എൽവീരാമിലെ | – എൽവീരായിലെ |
| 38 | 23 : | ഔക്സെൻസ്യൂസ് | – ഔക്സെൻസ്യൂസ് |
| 39 | 33 : | ആഗസ്റ്റിനോട്ടും | – അഗസ്റ്റിനോട്ടും |
| 175 | 12 : | Catechizandibus | – Catechizandis |

62 അടിക്കുറിപ്പ് 2 ആയി ചേർക്കണം : *NPNF.*² 10. p. 1-89.

അധ്യായം 1

# പാശ്ചാത്യ സഭ

## നാലും അഞ്ചും നൂറ്റാണ്ടുകളിൽ

ക്രിസ്തുമതം പൗരസ്ത്യദേശത്താണ് ഉദയം ചെയ്തതെങ്കിലും ആരംഭകാലത്തുതന്നെ പാശ്ചാത്യലോകത്തേക്കു വ്യാപിച്ചു. ആദ്യകാലങ്ങളിൽ റോമാസാമ്രാജ്യത്തിന്റെ അതിർത്തിക്കുള്ളിൽ സഭ ഒതുങ്ങി നിന്നു. ജറുസലേമിൽനിന്ന് അന്ത്യോക്യയിലേയ്ക്കും അവിടെനിന്ന് റോമിലേയ്ക്കും സഭ വളർന്നു. കാലക്രമത്തിൽ റോമാസാമ്രാജ്യത്തിന്റെ ആസ്ഥാനമായ റോമിൽനിന്നു സദ്വാർത്തയുടെ സന്ദേശം റോമൻ സാമ്രാജ്യത്തിന്റെ അതിർത്തികളും കടന്ന് പാശ്ചാത്യ ലോകമെങ്ങും പ്രചരിച്ചു.

ആദ്യമാദ്യം റോമൻ ചക്രവർത്തിമാർ ക്രൈസ്തവസഭയെ വളരെയധികം പീഡിപ്പിച്ചു. ഡയോക്ലീഷന്റെ മതപീഡനത്തോടുകൂടി നാലാം നൂറ്റാണ്ട് ആരംഭിക്കുന്നു. ഏറ്റവും രൂക്ഷമായ മതപീഡനം അഴിച്ചുവിട്ടതു് അദ്ദേഹമാണ്. കോൺസ്റ്റൻടൈൻ ചക്രവർത്തിയാണ് ഈ നയം മാറ്റിക്കുറിച്ചതു്. മിൽവിയൻ പാലത്തിൽവച്ചുണ്ടായ വിജയം (312) കോൺസ്റ്റൻടൈനെ പാശ്ചാത്യലോകത്തെ ഏകാധിപതിയാക്കി. ക്രിസോപ്പൊളീസ് യുദ്ധത്തോടുകൂടി (324) അദ്ദേഹം കിഴക്കൻ പ്രദേശങ്ങളുടെയും അധിപതിയായി. തുടർന്ന് പൗരസ്ത്യദേശത്ത് കോൺസ്റ്റാൻറിനോപ്പിൾ എന്ന നഗരം അദ്ദേഹം സ്ഥാപിച്ചു. അതു കിഴക്കിനെയും പടിഞ്ഞാറിനെയും യോജിപ്പിച്ചുകൊണ്ട് ഐക്യത്തിന്റെ പ്രതീകമായിത്തീർന്നു. എന്നാൽ ഈ ഐക്യം ഏറെ നാൾ നീണ്ടുനിന്നില്ല. കോൺസ്റ്റൻടൈൻ മരിച്ചപ്പോൾ (337) തന്റെ മൂന്നു മക്കൾക്കായി ഏകസാമ്രാജ്യം വിഭജിക്കപ്പെട്ടു. അവരിൽ ഒരാളായ കോൺസ്റ്റാൻസ്യൂസ് (+361) സാമ്രാജ്യത്തിന്റെ മൂന്നുഭാഗങ്ങളുംകൂടി 351 മുതൽ 361 വരെ ഒന്നിച്ചുഭരിച്ചു. ആര്യൻ ചിന്തകരെ പിൻതുണച്ച ഈ ചക്രവർത്തി സഭാപരമായ

www.malankaralibrary.com



ഐക്യം തകർത്തുകളഞ്ഞു. പിന്നീട് ജൂലിയൻ ചക്രവർത്തി (+362) സാമ്രാജ്യത്തെ ഒന്നിപ്പിച്ചെങ്കിലും അതു നീണ്ടുനിന്നില്ല. കൂടാതെ തകർന്നുകൊണ്ടിരുന്ന പുരാതന റോമൻ മതങ്ങൾ പുനരുദ്ധരിക്കാനും അദ്ദേഹം ഒരു പരിശ്രമം നടത്തി. ക്രി. വ. 394-ൽ തിയഡോഷ്യസ് ചക്രവർത്തി വീണ്ടും ഏകാധിപതിയായി. അദ്ദേഹം ക്രിസ്തുമതം റോമൻ സാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിക്കുകയും പുരാതന മതങ്ങളെ നിയമവിരുദ്ധമാക്കുകയും ചെയ്തു. ഇങ്ങനെ നോക്കുമ്പോൾ നാലാം നൂറ്റാണ്ടിൽ മൊത്തം 22 വർഷം മാത്രമേ റോമൻ സാമ്രാജ്യത്തിൽ ഏകാധിപതികൾ ഉണ്ടായിരുന്നുള്ളു. തിയഡോഷ്യസിനുശേഷം (+395) രാഷ്ട്രീയമായ ഐക്യം ശിഥിലമായി. എന്നാൽ സഭയും രാഷ്ട്രവും കൈകോർത്തു പോകുന്ന നയം അഞ്ചാം നൂറ്റാണ്ടിൽ കാണാവുന്നതാണ്. റോമൻ ചക്രവർത്തിമാർ ക്രിസ്തുമതത്തിന്റെ സംരക്ഷകരായി മാറി.

തുടർന്നു കിഴക്കും പടിഞ്ഞാറും രണ്ടു രീതികളിൽ വളർന്നു. പൗരസ്ത്യരേക്കാൾ പാശ്ചാത്യരായ എഴുത്തുകാർ സഭയും രാഷ്ട്രവും തമ്മിലുള്ള സഹവർത്തിത്വത്തിൽ കൂടുതൽ ശ്രദ്ധിച്ചിരുന്നു. അതിന്റെ ബഹിർസ്ഫുരണം അവരുടെ കൃതികളിൽ ദൃശ്യമാണ്. റോമിനെ അപരിഷ്കൃതർ ആക്രമിച്ചപ്പോൾ ലോകത്തിന്റെ അവസാനമായി അവരിൽ ചിലർ ദർശിച്ചതു് അതുകൊണ്ടാണ്. എന്നാൽ സഭയും രാഷ്ട്രവും രണ്ടു തലങ്ങളിൽ വത്തിക്കുന്നു എന്നും രണ്ടിനും വ്യത്യസ്ത ദൗത്യങ്ങൾ ഉണ്ടെന്നും ഉള്ള അവബോധത്തിലേക്കു വരാൻ അവർക്ക് അധികം സമയം വേണ്ടി വന്നില്ല.

കോൺസ്റ്റന്റൈൻ പ്രദാനം ചെയ്ത സ്വാതന്ത്ര്യം ഉപയോഗിച്ച് സഭ 313 മുതൽ റോമൻ സാമ്രാജ്യത്തിൽ പ്രത്യക്ഷമായി വചനപ്രഘോഷണം നടത്തി; ഭൂഗർഭാലയങ്ങളിൽനിന്നു സഭ പുറത്തുവന്നു. സഭയിൽ ഹയരാർക്കിക്കൽ ക്രമീകരണം ത്വരിതഗതിയിൽ പുരോഗമിച്ചു; ക്രിസ്തീയ വിദ്യാഭ്യാസം വിശ്വാസികൾക്കു നൽകാൻ സഭയ്ക്കു സാധിച്ചു. വിശ്വാസരഹസ്യങ്ങളെപ്പറ്റി ആഴമായി ചിന്തിക്കാൻ തുടങ്ങി. വിവിധ തരത്തിലുള്ള സന്യാസജീവിതം ആരംഭിച്ചു. തിരുലിഖിതങ്ങളുടെ മെച്ചപ്പെട്ട വിവർത്തനം പ്രസിദ്ധീകൃതമായി. ഇങ്ങനെ നാനാതരത്തിലും സഭ വളർന്നുകൊണ്ടിരുന്നു.

എന്നാൽ ചക്രവർത്തിമാരുടെ ഔദാര്യം അതോടൊപ്പം സഭയിൽ പല മാറ്റങ്ങൾക്കും വഴിതെളിച്ചു. സഭയ്ക്ക് ഏകാധിപതികളുമായി ഒത്തുതീർപ്പുണ്ടാക്കേണ്ടി വന്നു. നികുതി



ഭാരത്താൽ വീർപ്പുമുട്ടുന്ന സാധാരണജനങ്ങളിൽനിന്ന് സഭ അകന്നു തുടങ്ങി. ക്രിസ്തുവിനെ ചക്രവർത്തി (Imperator) ആയി കാണുന്ന പതിവുണ്ടായി. ചക്രവർത്തിമാരുടെ അരമനകളിലെ സ്ഥാനമാനങ്ങളും സുഖസൗകര്യങ്ങളും മറ്റും സഭാതലങ്ങളിലും കയറിപ്പറ്റി. സഭ റോമൻ നിയമങ്ങൾക്കനുയോജ്യമായി കരുപ്പിടിപ്പിക്കപ്പെട്ടു. റോമൻ സാമ്രാജ്യത്തിന്റെ നന്മയ്ക്കായി സഭ ശിക്ഷണക്രമങ്ങൾ ഉണ്ടാക്കിയതു് ഇക്കാലത്താണ്. ചുരുക്കത്തിൽ, റോമൻ ചക്രവർത്തിമാരുടെ ഹിതാനുസരണം വർത്തിക്കുന്ന ഒരു പ്രസ്ഥാനമായി സഭയെ മാറ്റാനുള്ള ശ്രമം നടന്നു. സഭയുടെയും രാഷ്ട്രത്തിന്റെയും ദൗത്യങ്ങൾ വ്യത്യസ്തമാണെന്നും രണ്ടും രണ്ടു തലങ്ങളിൽ ചരിക്കണം എന്നും പഠിപ്പിക്കുന്നതിനു പകരം അക്കാലത്തെ പല സഭാനേതാക്കന്മാരും രാഷ്ട്രനേതാക്കന്മാരുടെ സഭയിലുള്ള കൈകടത്തലുകളെ ന്യായീകരിക്കുകയാണു ചെയ്തതു്. ചിലപ്പോഴൊക്കെ അവരുടെ ഇടപെടലുകളെ ക്ഷണിച്ചു വരുത്തിയിട്ടുമുണ്ട്. ഡൊണാറ്റിസവും ആരിയനിസവും ഇതു് പ്രസ്പഷ്ടമാക്കുന്നു. പാശ്ചാത്യലോകത്തു്, പ്രത്യേകിച്ച് ആഫ്രിക്കയിൽ ഡൊണാറ്റിസം ഒരു വലിയ പ്രശ്നമായിരുന്നു. ഡൊണാറ്റിസ്റ്റുകാരും കത്തോലിക്കരും ഒരുപോലെ ലൗകികാധികാരികളുടെ ഇടപെടലിനെ സ്വാഗതം ചെയ്തു. ഹൊണോറിയുസ് ചക്രവർത്തി 405-ൽ ഡൊണാറ്റിസ്റ്റുകാരെ പീഡിപ്പിച്ചപ്പോൾ അഗസ്റ്റിൻ അതിൽ അപാകത കണ്ടില്ല. ചക്രവർത്തിമാരുടെ സഭയിലുള്ള ഇടപെടൽ കൊണ്ടാണ് ആരിയനിസം പാശ്ചാത്യലോകത്തു കടന്നു ചെന്നതു്. ആര്യൻചിന്ത പുലർത്തിയ കോൺസ്റ്റാൻസ്യസ് ചക്രവത്തിയാണ് പാശ്ചാത്യലോകത്തേക്ക് ആര്യനിസത്തിനു വാതിൽ തുറന്നുകൊടുത്തതു്.

എന്നാൽ സഭാകാര്യങ്ങളിലുള്ള അമിതമായ രാഷ്ട്രീയ കൈകടത്തലുകളെ വി. ഹിലരി (+367) വിമർശിച്ചു. കൊർദോബായിലെ ഹോസിയുസിന്റെ നേതൃത്വത്തിൽ സ്സാർദിക്കാ സിനഡ് (343) സഭാകാര്യങ്ങളിലെ രാഷ്ട്രീയ ഇടപെടലുകൾ തത്വത്തിൽ നിരാകരിച്ചു. ഇതു് കുറേയൊക്കെ പ്രാവർത്തികമാക്കാൻ വി. അംബ്രോസിനു (+397) കഴിഞ്ഞു. 'ചക്രവർത്തി സഭയ്ക്കുള്ളിലാണ്,, സഭയ്ക്കു പുറത്തല്ല' എന്ന് ചക്രവത്തിയെ അംബ്രോസ് ധരിപ്പിച്ചു (ലേഖനം 21:36). സഭാനിയമങ്ങൾ ചക്രവർത്തിയെക്കൊണ്ട് അനുസരിപ്പിക്കാനും സഭയുടെ സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കാനും അംബ്രോസിനു സാധിച്ചു. എന്നാൽ സഭയും രാഷ്ട്രവും സഹകരിച്ചുപോകണം എന്ന കാര്യം അദ്ദേഹം വിസ്മരിച്ചില്ല. സഭയും രാഷ്ട്രവും തമ്മിലുള്ള വ്യത്യാസം മറ്റാരേക്കാളും ഊന്നിപ്പറഞ്ഞതു് അഗസ്റ്റിനാണ്.

www.malankaralibrary.com



നാലാം നൂററാണ്ടോടുകൂടി പാശ്ചാത്യസഭ കൂടുതൽ കൂടുതൽ ലത്തീനീകരിക്കപ്പെട്ടു. അംബ്രോസ് (+397), വെർചെള്ളിയിലെ എവുസേബിയസ് (+371), കാലിയരിയിലെ ലൂസിഫർ (371), വെറോണായിലെ സേനോ (+375) ബ്രെഷ്യായിലെ ഫിലാസ്ത്രിയൂസ് (+397), അക്വീലെയായിലെ റൂഫീനൂസ്(+410), എക്ളാനമിലെ ജൂലിയൻ(+454) ടൂറിനിലെ മാക്സിമൂസ് (408/23), റാവന്നായിലെ പീററർ ക്രിസൊളോഗുസ് (+450) എന്നിവർ ഇററലിയിലെ പ്രമുഖരായിരുന്നു. ഉത്തര ആഫ്രിക്കയിൽ അഗസ്ററിൻ (+430) ആണ് മുൻപന്തിയിൽ നിന്നതു്. ആരിയൻ തർക്കകാലത്തു് ഹിലരി (+367)ഗോളിലെ പ്രധാന മെത്രാനായിരുന്നു. അഞ്ചാം നൂററാണ്ടിൽ പ്രോസ്പർ, ജോൺ കാസ്സിയൻ, സാംവിയൻ, ലേറിൻസിലെ വിൻസെൻറ് എന്നിവർ ഗോളിലെ പ്രഗത്ഭരായിരുന്നു. അവർ വിവിധ ദൈവശാസ്ത്ര ശാഖകളിലുള്ള ഗ്രന്ഥങ്ങൾ രചിച്ചു. അനുഗൃഹീതരായ പല കവികളും അവിടെ ഉണ്ടായി; നോളായിലെ പൗളീനൂസ്, ഔസോണിയൂസ്, ക്ളാഡിയൂസ് മാരിയൂസ് വിക്തൊറീനൂസ്, പെല്ലായിലെ പൗളീനൂസ്, ഓറിയെൻസ്യൂസ് എന്നിവർ അവരിൽ പ്രശസ്തരാണ്. തുടർന്നുള്ള കാലഘട്ടത്തിലും ക്രിസ്തീയ ഗ്രന്ഥകാരന്മാർ ഗോളിൽ ഉണ്ടായി: റിയെസിലെ ഫൗസ്തുസ്, പെരിഗോയിലെ പൗളീനൂസ്, സീദോണിയൂസ് അപ്പൊള്ളിനാരിസ്, എൽപീദിയുസ് റുസ്തിക്കുസ് എന്നിവർ മുൻപന്തിയിൽ നില്ക്കുന്നു. കൊർദോവായിലെ ഹോസിയൂസ്, ലിസ്ബണിലെ പൊത്താമിയൂസ്. എൽവീരായിലെ ഗ്രിഗറി, ബാർസെലോണായിലെ പാചിയൻ, ഒറോസിയൂസ്, ബ്രാഗായിലെ അവിത്തൂസ്, പ്രിഷില്ലിയൻ, യുവെൻകുസ്, പ്രുദെൻസ്യൂസ് എന്നിവർ ഇബേരിയൻ പ്രദേശങ്ങളിലെ ക്രൈസ്തവ സാഹിത്യകാരന്മാരായിരുന്നു. ആംസിലെ ഹിലരി പ്രോവെൻസിലെ എണ്ണപ്പെട്ട ദൈവശാസ്ത്രജ്ഞനായിരുന്നു.

ഡൽമേഷ്യക്കാരനായിരുന്ന ജറോം, ഡേഷ്യായിൽ നിന്നായിരുന്ന റെമേസ്യാനായിലെ നിസേററാസ്. ആര്യൻ നേതാക്കന്മാരായ ഉർസാചിയൂസും വാലെൻസും കിഴക്കിൻെറയും പടിഞ്ഞാറിൻെറയും ഇടയ്ക്കുള്ള ഡാന്യൂബിയൻ പ്രവിശ്യകളിൽ നിന്നുള്ളവരായിരുന്നു. പാഷണ്ഡതകൾക്കു വളരാൻ പററിയ മണ്ണായിരുന്നു അവിടം. കപ്പദോചിയായിൽ നിന്നുള്ള തടവുകാർ മാനസാന്തരപ്പെടുത്തിയ ഗോത്യർ അതിർത്തിപ്രോവിൻസുകളിൽ ഉണ്ടായിരുന്നു. ആരിയൻ ക്രിസ്തുമതമാണവർ സ്വീകരിച്ചതു്. അവരുടെ നേതാവായ



വൂൾഫിലാസ്സു് ലത്തീനും ഗ്രീക്കും ഒരുപോലെ വശമായിരുന്നു. അദ്ദേഹം വിശുദ്ധഗ്രന്ഥം ഗോത്തിക്കു് ഭാഷയിലേക്കു വിവർത്തനം ചെയ്തു.

പാശ്ചാത്യ പിതാക്കന്മാർ പലരും പൗരസ്ത്യ പിതാക്കന്മാരിൽനിന്ന് ദൈവശാസ്ത്ര സ്വാധീനം സ്വീകരിച്ചവരാണ്. എന്നാൽ പൗരസ്ത്യർ അപ്രകാരം പാശ്ചാത്യരിൽ നിന്ന് അത്ര സ്വീകരിച്ചതായി കാണുന്നില്ല. സഭയുടെ ആദ്യകാലത്തു് കിഴക്കും പടിഞ്ഞാറും ഗ്രീക്കായിരുന്നു ഔദ്യോഗികഭാഷ. സാവധാനത്തിൽ പാശ്ചത്യ ലോകത്തു് ലത്തീൻ ഭാഷ ഗ്രീക്കിൻെറ സ്ഥാനം കരസ്ഥമാക്കി. ഹിലരി, അംബ്രോസ്, ജറോം എന്നീ പാശ്ചാത്യ പിതാക്കന്മാർക്കു് ഗ്രീക്കു സുപരിചിതമായിരുന്നു. ഒരിജൻ, ദിദിമൂസ് എന്നിവരുടെ കൃതികൾ പാശ്ചാത്യരെ വളരെയധികം സ്വാധീനിച്ചു. ജറോമും റൂഫീനൂസും പൗരസ്ത്യരുടെ കൃതികൾ ലത്തീനിലേക്കു് ഭാഷാന്തരപ്പെടുത്തി. ഹിലരിയും അംബ്രോസും പൗരസ്ത്യരെ ആശ്രയിച്ചു് ഗ്രന്ഥരചന നടത്തി. അങ്ങനെ ഗ്രീക്കുദൈവശാസ്ത്രവും ഗ്രീക്കിലുള്ള ഭാഷ്യകൃതികളും ഇവർ പാശ്ചാത്യ ലോകത്തിനു് തുറന്നുകൊടുത്തു. ദമാസൂസ് പാപ്പായുടെ കാലത്തോടുകൂടി റോമിൽ ആരാധനയ്ക്കായി ലത്തീൻഭാഷ പരക്കെ ഉപയോഗത്തിൽ വന്നു. കാലാന്തരത്തിൽ, ഗ്രീക്കു നന്നായി മനസിലാവാത്ത ഒരു തലമുറ തന്നെ റോമിലുണ്ടായി. അഞ്ചാംനൂററാണ്ടിലെ നെസ്തോറിയൻ തർക്കകാലത്തു് ഗ്രീക്കിലുള്ള രേഖകൾ വായിച്ചുമനസ്സിലാക്കാൻ കഴിവുള്ളവർ തന്നെ റോമിലുണ്ടായിരുന്നില്ല എന്നു പറയപ്പെടുന്നു. പൗരസ്ത്യ പാശ്ചാത്യ ബന്ധങ്ങളെ അതു സാരമായി ബാധിച്ചു. പൗരസ്ത്യദേശത്തെ സഭയിൽ ഉടലെടുത്ത പ്രശ്നങ്ങൾ പാശ്ചാത്യ സഭയിൽ കോളിളക്കം ഉണ്ടാക്കിയില്ല. ആരിയനിസം, ഒരിജനിസം, ത്രിത്വസംബന്ധമായ തർക്കങ്ങൾ, ക്രിസ്തുശാസ്ത്ര തർക്കങ്ങൾ എന്നിവയേക്കാൾ പാശ്ചാത്യസഭയെ ഉലച്ചതു് തങ്ങളുടെ ഇടയിൽ ഉടലെടുത്ത പ്രിഷില്ലിയനിസം, ഡൊണാററിസം, പെലാജിയനിസം എന്നിവയാണ്. അവയാകട്ടെ പൗരസ്ത്യദേശത്തു് ചലനം ഉണ്ടാക്കിയില്ല.

പൗരസ്ത്യദേശത്തുനിന്നു സ്വാധീനം സ്വീകരിക്കാതെ തനതായ ശൈലിയിൽ ദൈവശാസ്ത്രം വികസിപ്പിച്ചെടുത്തയാളാണ് അഗസ്ററിൻ. കാലാന്തരത്തിൽ അഗസ്ററിൻ തെർത്തുല്യനെയും ഹിലരിയെയും നിഷ്പ്രഭരാക്കി നൂററാണ്ടുകളോളം തൻെറ പ്രാഗല്ഭ്യം നിലനിർത്തി.

www.malankaralibrary.com



കാലക്രമത്തിൽ പാശ്ചാത്യസഭ തനതായ പാതയിലൂടെ ചരിച്ചു. കിഴക്കും പടിഞ്ഞാറും തമ്മിൽ അകന്നതായിരുന്നു അതിനുള്ള പ്രധാന കാരണം. കിഴക്കിനും പടിഞ്ഞാറിനും അവരവരുടേതായ ദൈവശാസ്ത്ര പശ്ചാത്തലങ്ങളും ദൈവശാസ്ത്ര പ്രശ്നങ്ങളും ഉണ്ടായിരുന്നു. കത്തുകൾ വഴിയുള്ള ബന്ധവും അഞ്ചാം നൂറ്റാണ്ടായപ്പോഴേക്കും നന്നേ കുറഞ്ഞു. കിഴക്കും പടിഞ്ഞാറും തമ്മിലുള്ള അകല്ച്ചക്ക് വടക്കുനിന്നുള്ള അപരിഷ്കൃതരുടെ ആക്രമണം ആക്കംകൂട്ടി. കിഴക്കിനും പടിഞ്ഞാറിനും ഇടയ്ക്കുകിടന്ന ഇല്ലീറിയാ 380-ൽ ആക്രമിക്കപ്പെട്ടു. രണ്ടുലോകത്തെയും ബന്ധിപ്പിച്ചിരുന്ന ഒരു സുപ്രധാന കണ്ണിയായിരുന്നു ഇല്ലീറിയാ. പൗരസ്ത്യദേശങ്ങൾ സുരക്ഷിതമായി നിലനിന്നെങ്കിലും പാശ്ചാത്യനാടുകൾ ഒന്നിനുപിറകേ ഒന്നായി അപരിഷ്കൃതരുടെ ആക്രമണത്തിനു വിധേയമായി: വാൻഡൽ, വിസിഗോതിക്, ഫ്രാങ്കിഷ്, അലമാനി, ബർഗുണ്ടി ആദിയായവരായിരുന്നു ആദ്യകാല ആക്രമണകാരികൾ. 410-ൽ വിസിഗോത്യർ റോം കവർച്ച ചെയ്തു. ലോകാന്ത്യമായി അതിനെ ചിലർ ധരിച്ചെങ്കിലും അധികം താമസിയാതെ വെറും ഒരു രാജ്യത്തിന്റെ അന്ത്യമായും ഒരാക്രമണമായും അവർ മനസ്സിലാക്കി. *ദൈവനഗരം* എന്ന ഗ്രന്ഥത്തിൽ അഗസ്റ്റിൻ ഇതേപ്പറ്റി ധ്യാനിക്കുന്നതു കാണാം. വാൻഡൽസ് ഉത്തര ആഫ്രിക്കയിൽ കടന്നു ചെന്നപ്പോൾ അഗസ്റ്റിൻ മരണക്കിടക്കയിൽ കിടക്കുകയായിരുന്നു. 476-ൽ അവസാനത്തെ റോമൻ ചക്രവർത്തി നിഷ്കാസിതനായി.

പാശ്ചാത്യലോകത്തുള്ളവർ റോമിനെ നിത്യനഗരമായിട്ടത്രേ കണക്കാക്കിയതു്. റോമിനെ ആർക്കും കീഴ്പ്പെടുത്താനാവില്ല എന്ന് അവരൊക്കെ കരുതിയിരുന്നു. 410-ലെ അലാറിക്കിന്റെ ആക്രമണത്തെ അതുകൊണ്ടാണ് ലോകാന്ത്യമായി പലരും കണ്ടതു്. എന്നാൽ റോമിന്റെ തകർച്ച സഭയുടെ സ്വതന്ത്രമായ പ്രവർത്തനത്തിനു വഴിയൊരുക്കി. റോമൻ സാമ്രാജ്യത്തിന്റെ അതിർത്തിക്കപ്പുറത്തേക്കും, ആക്രമണകാരികളുടെ ഇടയിലേക്കും സുവിശേഷം എത്തിക്കാനുള്ള കവാടം അതോടെ സഭയ്ക്കു തുറക്കപ്പെട്ടു.

"മഹത്തായ" റോമൻ സാമ്രാജ്യത്തിൽ സാധാരണക്കാരുടെ ജീവിതം ദുരിതപൂർണമായിരുന്നു. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് വളരെയായിരുന്നു. അധ്വാനിക്കുകയും നികുതി കൊടുക്കുകയും ചെയ്തിരുന്ന സാധാരണക്കാരൻ അരിഷ്ടതയിൽ കഴിഞ്ഞു. പണക്കാരായ ചിലയാളുകൾ സമ്പത്തെല്ലാം കുന്നുകൂട്ടി വളരെ സുഖസമൃദ്ധിയിൽ ജീവിച്ചുവന്നു. സാമൂഹ്യമായ ഈ ഉച്ചനീചത്വങ്ങൾ



ക്കെതിരെ പിതാക്കന്മാർ ശക്തിയായി പ്രതികരിച്ചു. ചിലരിൽ അതു പ്രതികരണമുളവാക്കി. പൗളീനുസ് തന്റെ വലിയ എസ്റ്റേറ്റുകൾ വിറ്റ് പാവപ്പെട്ടവരെ സംരക്ഷിച്ചു. അതുപോലെ മറ്റുപലരും. സഭയ്ക്കു ലഭിക്കുന്ന ദാനധർമ്മങ്ങൾ ദരിദ്രരുടേതാണ് എന്ന് അവർ കരുതി. "അവ നമ്മുടേതല്ല, പാവപ്പെട്ടവരുടേതാണ്" എന്ന് അഗസ്റ്റിൻ എഴുതി (ലേഖ. 185:35). പാശ്ചാത്യലോകത്ത് സുശക്തമായ രാഷ്ട്രീയഭരണകൂടം ഇല്ലാതെ വന്നപ്പോൾ പാവപ്പെട്ടവരെ സംരക്ഷിക്കുകയും അവർക്കു നീതി നടത്തിക്കൊടുക്കുകയും ചെയ്യേണ്ട കടമ സഭയുടേതായി.

മിക്ക ലത്തീൻ സഭാപിതാക്കന്മാരും സഭാസംബന്ധമായ പാണ്ഡിത്യം സമ്പാദിച്ചതു് സ്വന്തം പരിശ്രമത്തിലൂടെയാണ്. ക്രൈസ്തവകലാലയങ്ങളിലൂടെയുള്ള അഭ്യസനം നടത്തിയവർ നന്നേ ചുരുക്കമാണ്. എന്നാൽ താത്വിക വിദ്യാഭ്യാസം ലഭിച്ച ശേഷം ക്രൈസ്തവവിശ്വാസത്തിലേക്കു മാനസാന്തരപ്പെട്ടവരാണ് മിക്കവരും. അവർ ഉയർന്ന സാംസ്കാരികനിലവാരം പുലർത്തിയിരുന്നു. ഹിലരി, അംബ്രോസ്, അഗസ്റ്റിൻ എന്നിവർ ഇതിനുദാഹരണമാണ്. എന്നാൽ രൂപതകളുടെ എണ്ണം വർദ്ധിക്കുകയും, സാംസ്കാരികമായി ഉന്നതനിലവാരം പുലർത്താത്തവരിൽ നിന്നുള്ളവർ മെത്രാന്മാരാകുകയും ചെയ്തപ്പോൾ അതു സഭാജീവിതത്തിൽ അനുഭവവേദ്യമായിത്തുടങ്ങി. ആഫ്രിക്കയിലെ ഇത്തരം സാഹചര്യത്തെപ്പറ്റി ആഗസ്റ്റിൻ സൂചന നല്കുന്നുണ്ട്. അഞ്ചാം നൂറ്റാണ്ടായപ്പോഴേക്കും പാശ്ചാത്യസഭയിൽ പലയിടങ്ങളിലും സഭാശുശ്രൂഷകർക്കു പരിശീലനം നല്കാനുള്ള സൗകര്യങ്ങൾ ഉണ്ടായിത്തുടങ്ങി. അതുവരെ ഏതെങ്കിലും പാണ്ഡിത്യമുള്ള വൈദികരുടെകൂടെ ജീവിച്ച് പരിശീലനം നേടുന്ന പതിവായിരുന്നു നിലനിന്നതു്. വെർച്ചെള്ളി, ഹിപ്പോ, ആറംസ്, റാവെന്നാ തുടങ്ങിയ സ്ഥലങ്ങളിൽ ചെറിയ തോതിലുള്ള പരിശീലനാലയങ്ങൾ ഉയർന്നുവന്നു.

അജപാലകാവശ്യങ്ങൾ മുൻനിർത്തിയാണ് പിതാക്കന്മാർ ഗ്രന്ഥരചന നടത്തിയിട്ടുള്ളതു്. ദൈവശാസ്ത്രം വിശദീകരിക്കാനും അബദ്ധോപദേശങ്ങളോട് പോരാടാനും, സത്യവിശ്വാസം ഉയർത്തിക്കാട്ടാനും അവർ കൃതികളെഴുതി. നേരമ്പോക്കിനൊന്നും എഴുതിയവയല്ല അവരുടെ കൃതികൾ എന്നു സാരം.

പാശ്ചാത്യസഭയിലെ അൽമായരും ദൈവശാസ്ത്രപഠനങ്ങളിൽ താല്പര്യം കാണിച്ചിരുന്നു. ലക്താൻസ്യൂസ്,

www.malankaralibrary.com



ഫിർമിക്കുസ് മതേർണുസ്, വിക്തൊറീനുസ്, തിക്കോണിയുസ്, മാരിയുസ് മെർക്കാതോർ, പ്രോസ്പർ എന്നിവർ പ്രമുഖരാണ്.

അഞ്ചാം നൂററാണ്ടോടുകൂടി പാശ്ചാത്യലോകത്ത് രൂപതകളുടെ എണ്ണം വദ്ധിച്ചു. അവയെ ഏകോപിപ്പിക്കാനുള്ള സംരംഭങ്ങളും നടന്നു. മെത്രാന്മാർ ഒന്നിച്ചുകൂടി പൊതുവായ തീരുമാനമെടുക്കുന്ന രീതി സാധാരണമായി. ആഫ്രിക്കയിലും സ്പെയിനിലും ഗോളിലും കൂടിയ സിനഡുകൾ വളരെ സുപ്രധാനങ്ങളായ പല തീരുമാനങ്ങളുമെടുത്തു. ഈ കാലയളവിൽ റോമിലെ മെത്രാന്മാർ കൂടുതൽ പ്രാമാണ്യത്തിലേക്കുയർന്നു. കാർത്തേജ് ഒഴികെ മറെറാരു രൂപതയും പൗരസ്ത്യ സിംഹാസനങ്ങളെപ്പോലെ വളരെ പ്രാമാണ്യത്തിലേക്കുയന്നില്ല. ചുററുമുള്ള പ്രദേശങ്ങളിലും റോമിലെ മെത്രാൻെറ സ്വാധീനം വദ്ധിച്ചുവന്നു.

പാശ്ചാത്യ ആരാധനക്രമത്തിനു് നിയതരൂപം സിദ്ധിച്ചതു് ഈ കാലയളവിലാണ്. മിലാൻ, ഗോൾ, എന്നിവിടങ്ങളിലും ലിററർജികൾ രൂപംകൊണ്ടു. ഈസ്റ്ററും ക്രിസ്മസും വളരെ ആഘോഷമായി നടത്തി. വിശുദ്ധരുടെയും രക്തസാക്ഷികളുടെയും നേർക്കുള്ള വണക്കം വർദ്ധിക്കുകയും തീർത്ഥാടനം ശക്തിപ്പെടുകയും ചെയ്തു. റോമിൽ വിശുദ്ധ പത്രോസും വി. പൗലോസും അനുസ്മരിക്കപ്പെട്ടു. നോളായിൽ വി. ഫേലിക്സിനെയും കാത്തേജിൽ വി. സിപ്രിയാനെയും സരഗോസ്സയിൽ ഡീക്കൻ വിൻസെൻറിനെയും ടൂർസിൽ വിശുദ്ധ മാർട്ടിനെയും അനുസ്മരിച്ചിരുന്നു. തീത്ഥാടന കേന്ദ്രങ്ങളിൽ അവരുടെ അനുസ്മരണാവസരം ഭക്തജനപ്രവാഹം തന്നെ ആയിരുന്നു.

ഈ കാലത്ത് പാശ്ചാത്യസഭയിൽ സന്യാസപ്രസ്ഥാനം വളർന്നു. പൗരസ്ത്യ സന്യാസ പ്രസ്ഥാനങ്ങളിൽ നിന്നുള്ള സ്വാധീനം നിഷേധിക്കാനാവില്ല. റോം, വടക്കൻ ആഫ്രിക്ക, ഗോൾ, സ്പെയിൻ, ബ്രിട്ടൺ എന്നിവിടങ്ങളിൽ സമൂഹജീവിതം ശക്തിപ്പെട്ടു. പാശ്ചാത്യസഭയുടെ വളർച്ചക്ക് സന്യാസസമൂഹങ്ങൾ ഗണ്യമായ സ്വാധീനം ചെലുത്തി.

ദീർഘകാലത്തേക്ക് പാശ്ചാത്യ റോമാസാമ്രാജ്യത്തിൽ ക്രിസ്തുമതം പട്ടണങ്ങളിൽ ഒതുങ്ങികഴിഞ്ഞു. നാലാം നൂററാണ്ടു മുതൽ ഇതിനു മാററംവന്നു. അംബ്രോസ് മിലാൻെറ പ്രാന്തപ്രദേശങ്ങളിൽ സുവിശേഷപ്രവത്തനം ആരംഭിച്ചു. അഗസ്ററിൻ ഹിപ്പോയുടെ സമീപപ്രദേശങ്ങളിലേക്ക് മിഷണറിമാരെ അയച്ചു. ഗാളിൻെറ ഉൾപ്രദേശങ്ങളിൽ പ്രസംഗിച്ച ആദ്യ മിഷനറി വി. മാർട്ടിൻ ആയിരുന്നു. ടൂർസിലെ ഗ്രിഗറി അഞ്ച് ഇടവകകൾ സ്ഥാപിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.

അധ്യായം 2

# വി. ഹിലരിയും പാശ്ചാത്യ ലോകത്തെ ആരിയനിസവും

ആരിയനിസം പൗരസ്ത്യദേശത്ത് ഉടലെടുക്കുകയും അവിടെ വലിയ കോളിളക്കം സൃഷ്ടിക്കയും ചെയ്തെങ്കിലും ആദ്യകാലങ്ങളിൽ പാശ്ചാത്യസഭയിൽ വലിയ ചലനം സൃഷ്ടിച്ചില്ല. ആര്യൻ ചിന്താഗതി പുലത്തിയ കോൺസ്റ്റാൻസ്യസ് രണ്ടാമൻ ചക്രവർത്തി 351-ൽ പടിഞ്ഞാറൻ പ്രദേശങ്ങളുടെകൂടെ ഭരണാധികാരിയായപ്പോഴാണ് ഈ പ്രശ്നം പാശ്ചാത്യദേശത്തേക്കും വ്യാപിപ്പിക്കാൻ ഉള്ള ശ്രമം നടന്നത്. തുടന്നു ഭരിച്ച ആരിയൻ ചക്രവർത്തിമാർ നിഖ്യായിലെ സത്യവിശ്വാസത്തെ പ്രതിപല പൗരസ്ത്യ മെത്രാന്മാരെയും പാശ്ചാത്യ നാടുകളിലേക്ക് നാടുകടത്തി. അവരിൽ ചിലർ റോമിൽ അഭയം തേടി. അലക്സാണ്ഡ്രിയായിലെ അത്തനാസ്യോസും (+373) അൻസീറായിലെ മർസെല്ലുസും (+374) അക്കൂട്ടത്തിൽപ്പെടുന്നു. റോമിലെ മെത്രാനായിരുന്ന ജൂലിയസ് (+352) നാടുകടത്തപ്പെട്ട സത്യവിശ്വാസികളായ മെത്രാന്മാരുടെ പക്ഷം ചേർന്നു. എന്നാൽ ചക്രവർത്തിമാരുടെ നിർബന്ധത്തിനു വഴങ്ങി ആൾസിലും (353) മിലാനിലും (355) നടന്ന സിനഡുകൾ അത്തനാസ്യോസിനെതിരെയുള്ള നിലപാട് എടുക്കേണ്ടിവന്നു. എന്നാൽ പാശ്ചാത്യനാട്ടുകാരായ വെർച്ചെള്ളിയിലെ എവുസേബിയസ്, കാലിയാരിയിലെ ലൂസിഫർ, പ്വതിയേയിലെ ഹിലരി തുടങ്ങിയവർ അതംഗീകരിക്കാഞ്ഞതിനാൽ, പൗരസ്ത്യദേശത്തേക്കു നാടുകടത്തപ്പെട്ടു. തിയഡോഷ്യസ് ചക്രവർത്തി ഭരണത്തിൽ വരുന്നതുവരെ (379) വിവിധതരം ആര്യൻ ചിന്തകർ കിഴക്കും പടിഞ്ഞാറും വിവിധ രീതികളിൽ പ്രത്യക്ഷപ്പെടുകയും സ്വാധീനം ചെലുത്തുകയും ചെയ്തു. തിയഡോഷ്യസ് തികഞ്ഞ നിഖ്യാ വിശ്വാസിയായിരുന്നു. ഹിലരിയുടെ നേതൃത്വത്തിൽ പാശ്ചാത്യ മെത്രാന്മാർ നിഖ്യാവിശ്വാസം ഉയർത്തിപ്പിടിച്ചു. അംബ്രോസും റോമൻ മെത്രാന്മാരായ

www.malankaralibrary.com



ലിബേരിയൂസും ഡമാസൂസും അദ്ദേഹത്തോടൊപ്പം ചേർന്നു. മിലാൻ, ഇല്ലീറിയാ, പന്നോണിയ എന്നിവിടങ്ങളിലൊഴിച്ച് പാശ്ചാത്യലോകത്തെല്ലാം ആരിയനിസം കെട്ടടങ്ങി. എന്നാൽ തുടർന്ന് പാശ്ചാത്യലോകത്തിൽ ആക്രമണം നടത്തിയ ജർമൻ വംശജരായ അപരിഷ്കൃതർ ആരിയനിസം പ്രചരിപ്പിച്ചു. അവരിൽ ഭൂരിഭാഗവും ആരിയൻ ക്രിസ്ത്യാനികളായിരുന്നു. ഈ പശ്ചാത്തലത്തിലാണ് നിരവധി ആരിയൻ വിരുദ്ധ സാഹിത്യം പാശ്ചാത്യലോകത്ത് ഉടലെടുത്തത്. ഹിലരി, മാരിയുസ് വിക്തൊറീനുസ് എന്നിവർ അതിനു നേതൃത്വം നൽകി. അതുപോലെ ലത്തീനിലുള്ള ആരിയൻ സാഹിത്യവും ഉടലെടുത്തു. പാശ്ചാത്യലോകത്തെ വളരെ പ്രഗത്ഭനായ ആരിയൻ വിരുദ്ധ മെത്രാനായ വി. ഹിലരിയെപ്പററിയാണ് ഈ അദ്ധ്യായത്തിൽ ചർച്ചചെയ്യുന്നത്.

## വി. ഹിലരി

ഫ്രാൻസിൽ പതിയേ[1] രൂപതയിലെ മെത്രാനായിരുന്ന ഹിലരി (350_367). അദ്ദേഹത്തിൻെറ ആദ്യകാല ജീവിതത്തെപ്പററി വളരെയധികം വിവരങ്ങൾ ലഭിച്ചിട്ടില്ല. വി. ജറോം (+420) മഹത്‌വ്യക്തികൾ[2] എന്ന തൻെറ ഗ്രന്ഥത്തിൽ ചില സൂചനകൾ നൽകുന്നു. നാലാം നൂററാണ്ടിൻെറ ആരംഭത്തിൽ അക്രൈസ്തവ മാതാപിതാക്കളിൽ നിന്നു ഹിലരി ജനിച്ചു. ലൗകിക ജീവിതത്തിൻെറ അർത്ഥശൂന്യതയും താത്ത്വികരുടെ കാപട്യവും അദ്ദേഹത്തിൻെറ മനം മടുപ്പിച്ചു. തുടർന്ന് അദ്ദേഹം വി. ഗ്രന്ഥം പഠിക്കുകയും ക്രിസ്ത്യാനിയായിത്തീരുകയും ചെയ്തു.

ഹിലരിയെ ചരിത്രത്തിൽ നാം ആദ്യമായി കണ്ടുമുട്ടുന്നത് 356_ലെ ബെസിയേർ[3] സിനഡിൽ വച്ചാണ്. അതിനു തൊട്ടുമുമ്പ് (355)മിലാനിൽവച്ചു കൂടിയ സിനഡിലെ പാശ്ചാത്യ പിതാക്കന്മാർ വി. അത്തനാസ്യോസിനെ ശപിക്കുകയുണ്ടായി.[4] കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിയുടെയും പാശ്ചാത്യലോകത്തുള്ള ആര്യൻ നേതാക്കന്മാരുടെയും നിർബന്ധത്താലാണ് സത്യവിശ്വാസിയായ അത്തനാസ്യോസ് നിഷ്കരുണം

1. Poitiers (Pictavis)
2. De Viris Illustribus, ch. 100.
3. Beziers.
4. സൊക്രാട്ടസ്, സഭാചരിത്രം 2:36.



ശപിക്കപ്പെട്ടത്. ഹിലരിയാകട്ടെ ബെസിയേർ സിനഡിൽ വച്ച് അത്തരക്കാരുമായുള്ള കൂട്ടായ്മ വിച്ഛേദിച്ചു. ഗാളിലെ പ്രമുഖ രൂപതയായ ആൾസിലെ മെത്രാൻ സത്തൂർണീനുസുമായും ഉള്ള കൂട്ടായ്മ ഹിലരി നിരസിച്ചു. അക്കാരണത്താൽ സിനഡ് ഹിലരിയെ താക്കീതു ചെയ്തു. എന്നാൽ അദ്ദേഹം തൻെറ ആര്യൻ വിരുദ്ധ മനസ്ഥിതിയിൽ ഉറച്ചുനിന്നതിനാൽ സിനഡ് അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി, ഫ്രീജിയായിലേയ്ക്കു നാടുകടത്തി. പൗരസ്ത്യ ദേശത്തേക്കുള്ള ഈ നാടുകടത്തൽ ഹിലരിയുടെ ദൈവശാസ്ത്ര ജീവിതത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തി. പൗരസ്ത്യ സഭകളിലെ പ്രമുഖരായ എഴുത്തുകാരുടെ, പ്രത്യേകിച്ച് ഒരിജൻെറ കൃതികൾ ഹിലരി വായിച്ചറിഞ്ഞത് ഈ വിപ്രവാസകാലത്താണ്. ആരിയൻ അബദ്ധോപദേശത്തിൻെറ പൊള്ളത്തരം നന്നായി ഗ്രഹിക്കാൻ അദ്ദേഹത്തിനു സാധിച്ചതും ഈ കാലത്താണ്. പാശ്ചാത്യലോകത്തു വച്ച് അതിനുള്ള അവസരം അദ്ദേഹത്തിനു കൈവന്നില്ല.

സെലൂഷ്യയിൽവച്ചു 359_ൽ കൂടിയ സിനഡിൽ ഹിലരിയും സന്നിഹിതനായിരുന്നു.[5] ഏഷ്യാമൈനറിലെ മെത്രാന്മാരെ വിളിച്ചു കൂട്ടിയവർ, നാടുകടത്തപ്പെട്ട ഹിലരിയെയും സംബന്ധിപ്പിച്ചു. സിനഡിൻെറ അവസാനം ഹൊമൊയ്ഉസിയൻകാരും[6] മററ് ആര്യൻ വിഭാഗക്കാരും കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിയെ കണ്ട് സിനഡിനെപ്പററി വിവരം ധരിപ്പിക്കാൻ കോൺസ്റ്റാൻറിനോപ്പിളിലേക്കു പോയി.[7] 359_ൽ ഇററലിയിലെ റിമിനിയിൽ കൂടിയ പാശ്ചാത്യ മെത്രാന്മാർ രാജാവിൻെറ നിർബന്ധത്താൽ 'റിമിനിയിലെ വിശ്വാസപ്രമാണം'[8] എന്ന രേഖയിൽ ഒപ്പുവച്ചതായി അവിടെവച്ച് ഹിലരി അറിയാൻ ഇടയായി. അതിനു നേതൃത്വം നൽകിയ ആൾസിലെ സത്തുർണീനുസുമായി ഒരു പരസ്യ ചർച്ച നടത്താൻ അനുവദിക്കണമെന്ന് അദ്ദേഹം ചക്രവർത്തിയോട് ആവശ്യപ്പെട്ടെങ്കിലും ചക്രവർത്തി അതു നിരാകരിച്ചു. അതിനുപകരം, ഉപാധികളൊന്നും കൂടാതെ വിപ്രവാസത്തിൽനിന്നു തിരികെ പോകാൻ ചക്രവർത്തി അദ്ദേഹത്തെ അനുവദിച്ചു.

5. അതേകൃതി 2:39
6. Homoiousians : പിതാവും പുത്രനും തമ്മിൽ സാമ്യവും വ്യത്യാസവും ഉണ്ട് എന്ന് ഇക്കൂട്ടർ പഠിപ്പിച്ചു. 'സെമി–ആര്യൻ' എന്ന് ഇവർ അറിയപ്പെട്ടു.
7. സൊക്രാട്ടസ്, 2:37.
8. Creed of Rimini: a Philo Arian Creed.

www.malankaralibrary.com



തിരികെ പ്വാതിയെയിലെത്തിയ ഹിലരിക്ക് രാജകീയ സ്വീകരണം ലഭിച്ചു. ആ പ്രദേശങ്ങൾ അപ്പോഴേക്കും ജൂലിയൻ ചക്രവർത്തിയുടെ സ്വാധീനത്തിൽ വന്നിരുന്നു. ജൂലിയൻ ആര്യൻ പ്രശ്നത്തിൽ തലയിട്ടില്ല. സ്ഥാനഭ്രഷ്ടരാക്കപ്പെട്ട് നാടുകടത്തപ്പെട്ടവരെയൊക്കെ തിരികെ തങ്ങളുടെ സ്ഥാനങ്ങളിൽ പുനഃപ്രതിഷ്ഠിച്ചു. അങ്ങനെ ഹിലരിയും തന്റെ രൂപതയിൽ പ്രവേശിച്ചു. പാരീസിൽ കൂടിയ 361-ലെ സിനഡിൽ ഹിലരി നിർണായക സ്വാധീനം ചെലുത്തി. കടുത്ത ആര്യൻ ചിന്താഗതി പുലർത്തിയവരെയൊഴിച്ച് മററ് ആര്യൻ ചിന്താഗതിക്കാരെ രമ്യപ്പെടുത്തി സഭാസംസർഗ്ഗത്തിൽ മുന്നോട്ടു കൊണ്ടുപോകാൻവേണ്ടി അദ്ദേഹം ഒരു മധ്യമാർഗം അവലംബിച്ചു. നിർബന്ധത്താൽ മാത്രം ആരിയനിസത്തിലേക്ക് ചാഞ്ഞവരോട് ക്ഷമിക്കാൻ സിനഡിനെ അദ്ദേഹം പ്രേരിപ്പിച്ചു. അങ്ങനെ ഗോൾ ആരിയൻ വിരുദ്ധ പ്രദേശമായി. തുടർന്ന് അദ്ദേഹത്തിന്റെ മാതൃക മററ് പ്രദേശങ്ങളും സ്വീകരിച്ചു. പിന്നീട് ഹിലരിയെ നാം 364-ൽ മിലാനിൽ കാണുന്നു. 355 മുതൽ മിലാൻ രൂപത കൈയടക്കിയിരുന്ന ആര്യൻ മെത്രാൻ ഔക്സെൻസ്യൂസിനെ അവിടെനിന്നു നീക്കാനായിരുന്നു അദ്ദേഹം അവിടെ പോയത്. വെർചെള്ളിയിലെ എവുസേബിയസും (+371) സഹായത്തിനെത്തിയിരുന്നെങ്കിലും അവരുടെ ദൗത്യം വിജയിച്ചില്ല. 367-ൽ ഹിലരി മരിച്ചു എന്ന് ജറോം പറയുന്നു.

## കൃതികൾ

### 1. ദൈവശാസ്ത്രകൃതികൾ

1. *ത്രിത്വത്തെപ്പററി*[9]: ഹിലരിയുടെ ഏററവും പ്രധാനപ്പെട്ട ദൈവശാസ്ത്രകൃതിയാണിത്. 'ആര്യർക്കെതിരെയുള്ള കൃതികൾ' എന്ന തലക്കെട്ടാണ് ജറോം നൽകുന്നത് (മഹത്വ്യക്തികൾ, 100). ''വിശ്വാസത്തെപ്പററി'' എന്ന് മററുചിലർ ഇതിനെ വിളിക്കുന്നു. ''ത്രിത്വത്തെപ്പററി'' എന്ന തലക്കെട്ട് പിൽക്കാലത്തു നല്കപ്പെട്ടതാണോ എന്ന് സംശയിക്കുന്നവരുണ്ട്. പുരാതന കൈയെഴുത്തു പ്രതികളിൽ തലക്കെട്ടേയില്ല. ഏഷ്യാമൈനറിലെ ഫ്രീജിയായിൽ വിപ്രവാസത്തിലായിരിക്കവെയാണ് ഹിലരി പന്ത്രണ്ടു പുസ്തകങ്ങളി

9. De Trinitate: *NPNF.*² 9; *FC.* 25 (1954).



ലായി ഈ കൃതി രചിച്ചത് (പുസ്തകം 10:4). ഫ്രാൻസിലേക്കു തിരികെ പോകുന്നതിനു മുൻപ് അതു പൂർത്തിയായിക്കഴിഞ്ഞു (12:55-56).

ഒന്നാം പുസ്തകം ഒരാമുഖം; രണ്ടും മൂന്നും പുസ്തകങ്ങൾ ഒന്നാം ഭാഗം; നാലുമുതൽ ഏഴുവരെ രണ്ടാംഭാഗം; എട്ടു മുതൽ പന്ത്രണ്ടു വരെമൂന്നാം ഭാഗം; പിതാവും പുത്രനും തമ്മിലുള്ള ബന്ധം വിശദീകരിക്കയാണിതിൽ. കത്തോലിക്കാസഭയുടെ പ്രബോധനം ഇവിടെ വിശദമാക്കുന്നു. ആരിയൂസിന്റെ പ്രബോധനം വരച്ചുകാട്ടിയിട്ട് അതിനെ ഖണ്ഡിക്കുന്നു. ആരിയൂസ് തന്റെ മെത്രാനായ അലക്സാണ്ഡർക്കയച്ച വിശ്വാസപ്രഖ്യാപനത്തിന്റെ ഒരു ലത്തീൻ വിവർത്തനം ഹിലരി നൽകുന്നു. അതിലെ ഓരോ വാചകത്തെയും ഖണ്ഡിക്കയാണ് അദ്ദേഹം.

ഈ ഗ്രന്ഥരചനയിൽ തെർത്തുല്യനും നൊവേഷ്യനും ഹിലരിയെ സ്വാധീനിച്ചിട്ടുണ്ട്. ''ഹൊമൊയ്ഉസിയർ'' എന്ന ആര്യൻ വിഭാഗക്കാരുടെ സ്വാധീനവും ദൃശ്യമത്രേ.

2. *സിനഡുകളെപ്പററി*:[10] റിമിനി, സെലൂഷ്യാ എന്നിവിടങ്ങളിലെ സിനഡിനുവേണ്ടി ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കവേയാണ് (359) ഹിലരി ഈ കൃതി രചിച്ചത്. ഗാളിലെ മെത്രാന്മാരെ അഭിസംബോധന ചെയ്തുകൊണ്ടുള്ളതാണിത്; എന്നാൽ അവസാനഭാഗം പൗരസ്ത്യമെത്രാന്മാരോടാണ്. ''*ഹോമോഉസിയോസ്*'' എന്ന നിഖ്യായിലെ പദപ്രയോഗം അതേപടി അംഗീകരിക്കാത്ത പൗരസ്ത്യരെല്ലാം ആരിയൻ പാഷണ്ഡികളാണ് എന്ന ചില പാശ്ചാത്യ മെത്രാന്മാരുടെ ചിന്ത തികച്ചും വസ്തുനിഷ്ഠമല്ല; ആ ചിന്ത വച്ചു പുലർത്തിക്കൊണ്ടിരുന്നാൽ ആരിയനിസത്തിനെതിരെ സത്യ വിശ്വാസികളുടെ ശക്തിയുള്ള നിര കെട്ടിപ്പടുക്കാനാവില്ല'' എന്ന് ഹിലരി കരുതി. പല പൗരസ്ത്യ മെത്രാന്മാരും ആരിയൻ വിരുദ്ധരും അതേസമയം നിഖ്യാവിരുദ്ധരുമാണെന്ന് *ഹൊമൊയ്ഉസിയരുമായുള്ള* ബന്ധം മൂലം അദ്ദേഹത്തിനു വ്യക്തമായി. പിതാവിനും പുത്രനും ഒരേ സത്തയാണ് (ഹോമോഉസിയോസ്) എന്നതും 'സത്തയിൽ പിതാവിനോട് സാദൃശ്യമുള്ളവനാണ് പുത്രൻ' (ഹൊമൊയ്ഉസിയോസ്) എന്നതും തമ്മിലന്തരം ഉണ്ടെന്ന കാര്യം ഹിലരിക്കറിയാമായിരുന്നു. എന്നാൽ ആരിയൻ പാഷണ്ഡികളുടെ അടിസ്ഥാന

10. De Synodis: *NPNF*². 9.4–29.

www.malankaralibrary.com



തത്വങ്ങൾ ഉപേക്ഷിക്കുന്ന എന്നതിൽ ഈ രണ്ടു വിഭാഗക്കാരും യോജിപ്പിലായിരുന്നു. കിഴക്കും പടിഞ്ഞാറും ഉള്ള ആരിയൻ വിരുദ്ധ ശക്തികളെ യോജിപ്പിച്ചെങ്കിൽ മാത്രമേ ആരിയനിസത്തിന്റെ മേൽ വിജയം വരിക്കാനാവൂ എന്ന് അദ്ദേഹം മനസ്സിലാക്കി. ഈ ഇരുവിഭാഗക്കാരെയും യോജിപ്പിക്കാൻ വേണ്ടിയാണ് ഹിലരി ഇതെഴുതിയത്. ഈ കൃതിക്കു രണ്ടു് ഭാഗങ്ങളുണ്ടു്: അധ്യായം 1_65 (1); 66_92 (2). 341 നും 357 നും ഇടയ്ക്കു് പൗരസ്ത്യർ പ്രസിദ്ധീകരിച്ച വിവിധ വിശ്വാസ പ്രമാണങ്ങൾ ഹിലരി അപഗ്രഥിക്കുന്നു. പൗരസ്ത്യരുടെ ഈ വിശ്വാസപ്രമാണങ്ങളെല്ലാംതന്നെ ആരിയനിസം ഉള്ളവയാണെന്നായിരുന്നു പാശ്ചാത്യരുടെ ധാരണ. "സിർമിയത്തിലെ ദൈവദൂഷണം" [11] എന്നറിയപ്പെടുന്ന വിശ്വാസപ്രമാണം (357) ഒഴിച്ചു് മററുള്ളവയെല്ലാം വിശദീകരിക്കാവുന്നതേയുള്ളു; ആര്യൻ പാഷണ്ഡതയുള്ളവയല്ല എന്ന ചിന്തയാണ് പൊതുവെ ഹിലരിക്കുണ്ടായിരുന്നതു്. പല സുപ്രധാന സംഗതികളെ സംബന്ധിച്ചും പലതിലും അവ്യക്തത നിലനിന്നെങ്കിലും കടുത്ത ആര്യൻ പാഷണ്ഡതയെ വ്യക്തമായിതന്നെ അവ നിരാകരിച്ചിരുന്നു എന്ന് ഹിലരി ചൂണ്ടിക്കാട്ടുന്നു. രണ്ടാം ഭാഗത്തു് ഹോമോഉസിയോസും ഹൊമൊയ്ഉസിയോസും തമ്മിൽ താരതമ്യപ്പെടുത്തുന്നു. രണ്ടും ഒന്നുതന്നെ എന്ന വിധം അദ്ദേഹം വ്യാഖ്യാനിക്കുന്നു. [12] ശരിയായി വ്യാഖ്യാനിക്കുന്നവർക്കു് രണ്ടും സ്വീകാര്യമാണ്; രണ്ടും വേണമെങ്കിൽ തെററായും വ്യാഖ്യാനിക്കാം എന്ന നിലപാടു് അദ്ദേഹം സ്വീകരിക്കുന്നു. കിഴക്കും പടിഞ്ഞാറുമുള്ള ആരിയൻ വിരുദ്ധരെ യോജിപ്പിക്കാനുള്ള സംരംഭമായതിനാൽ കഴിയുന്നത്ര യോജിക്കാവുന്ന ഘടകങ്ങൾ ചൂണ്ടിക്കാണിക്കുകയും അഭിപ്രായവ്യത്യാസങ്ങൾ കുറച്ചുകാണിക്കുകയുമത്രേ അദ്ദേഹം ചെയ്തതു്. കാലിയരിയിലെ ലൂസിഫർ മെത്രാൻ തുടങ്ങിയവർ ഹിലരിയുടെ വ്യാഖ്യാനത്തെ എതിർത്തു. അതിനുള്ള മറുപടിയും അദ്ദേഹം ഇതിന്റെ കൂടെ ചേർത്തിട്ടുണ്ടു്.

## 2. ചരിത്രകൃതികൾ

*1. കോൺസ്ററാൻസ്യൂസിനുള്ള രണ്ടു് കൃതികൾ, കോൺസ്ററാൻസ്യൂസിന് എതിരെ എഴുതിയ*

11. സിർമിയം രണ്ടാം ഫോർമുല; സൊക്രാട്ടസ്, 2.30; ഈ പേരു കൊടുത്തതു് ഹിലരിയാണ്.
12. He interprets the concept "like in substance" as equivalent to "equal in substance".



*ലഘുലേഖ.* [13] _ കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി (337-361) ആര്യൻ കക്ഷിയെ പിൻതുണച്ചിരുന്നു. കോൺസ്റ്റാൻസ്യൂസിനുള്ള ആദ്യകൃതിയിൽ സാർദിക്കൻ സിനഡിൽ (343) സംബന്ധിച്ച പാശ്ചാത്യ മെത്രാന്മാരുടെ ഒരു കത്തുണ്ടു്. [14] നിഖ്യാ വിശ്വാസപ്രമാണത്തിന്റെ വക്താക്കളെ പീഡിപ്പിക്കുന്നതു് അവസാനിപ്പിക്കണം എന്ന് പിതാക്കന്മാർ ചക്രവർത്തിയോടപേക്ഷിക്കയാണ്. അത്തനാസ്യോസിനും (+373) വെർചെള്ളിയിലെ എവുസേബിയസിനും (+371) എതിരായി മിലാനിൽ കൂടിയ പാശ്ചാത്യ പിതാക്കന്മാരുടെ സിനഡ് (355) [15] ക്രമരഹിതമായാണ് സമ്മേളിച്ചതെന്ന് തെളിയിക്കാൻ ഹിലരി ഒരു ലേഖനം അതോടുകൂടി എഴുതിച്ചേർത്തു (356). തന്റെ വിപ്രവാസത്തിനു മുൻപാണ് അദ്ദേഹം ഇതെഴുതിയതു്. ഇതാണ് ഒന്നാമത്തെ കൃതി. രണ്ടാമത്തേ കൃതി 359 ലാണ് എഴുതപ്പെട്ടതു്. സെലൂഷ്യൻ സിനഡു കഴിഞ്ഞു് (359) കോൺസ്ററാൻറിനോപ്പിളിലെത്തിയ ഹിലരി, താനും സത്തുർണീനൂസും തമ്മിൽ ഒരു ചർച്ചയ്ക്കു് അവസരം ഉണ്ടാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഒരപേക്ഷ ചക്രവർത്തിക്കു സമർപ്പിച്ചു എന്നു നേരത്തെ സൂചിപ്പിച്ചല്ലോ. [16] റിമിനി സിനഡ് (359) പ്രസിദ്ധീകരിച്ച വിശ്വാസപ്രമാണമല്ല, നിഖ്യാവിശ്വാസ പ്രമാണമാണ് (325) ചക്രവർത്തി മാനദണ്ഡമായി സ്വീകരിക്കേണ്ടതെന്ന് അതിന്റെ അവസാനം അദ്ദേഹം കൂട്ടിച്ചേർക്കുന്നു. ചക്രവർത്തി അതൊട്ടും പരിഗണിച്ചില്ല. ഉടനെ ഹിലരി "കോൺസ്റ്റാൻസ്യൂസിനെതിരെ" എന്ന മൂന്നാം ചരിത്രകൃതി എഴുതി. കോൺസ്റ്റാൻസ്യൂസിന്റെ മരണശേഷമാണ് അദ്ദേഹം ഇതെഴുതിയതു് എന്നാണ് ജറോമിന്റെ അഭിപ്രായം (*മഹത്* 100). വിപ്രവാസത്തിൽ വച്ചാണ് അദ്ദേഹം ഈ ലഘുലേഖ എഴുതിയതു്. എങ്കിലും പ്രസിദ്ധീകരണം അല്പം കഴിഞ്ഞായിരിക്കാം നടത്തിയതു്.

*2. ഔക്സെൻസ്യൂസിനെതിരെ:* ആര്യൻ മെത്രാനായ ഔക്സെൻസ്യൂസിനെ മിലാനിൽനിന്നു നിഷ്കാസനം ചെയ്യാൻ ഹിലരി ഒരു ശ്രമം നടത്തി എങ്കിലും വിജയിച്ചില്ല എന്നു മുകളിൽ പറഞ്ഞല്ലോ. [17] അതേത്തുടർന്നു പത്തു കത്തോ

13. Liber ad constautium I. II; Liber Contra Constantium.
14. സൊക്രാട്ടസ്, 2:20
15. 2:36.
16. മുകളിൽ പേജ് 11 കാണുക.
17. മുകളിൽ പേജ് 12 കാണുക.

www.malankaralibrary.com



ലിക്കാ മെത്രാന്മാർ മിലാനിൽ കൂടി ഔക്സെൻസ്യൂസിനെതിരെ ചക്രവർത്തിക്കൊരപേക്ഷ കൊടുത്തു. ഔക്സെൻസ്യൂസ് മിലാ നിൽവച്ച് കത്തോലിക്കാ വിശ്വാസം പ്രഖ്യാപിച്ചെങ്കിലും വലൻറീനിയൻ ചക്രവർത്തിക്ക് (364_375) അയച്ച കത്തിൽ പുതിയൊരു വിശ്വാസപ്രഖ്യാപനവും (റിമിനി സിനഡിൻേറ തു്) നടന്ന സംഗതികളെക്കുറിച്ച് തൻെറ ഭാഷ്യവും ഉണ്ടാക്കി. ചക്രവർത്തി മതകാര്യങ്ങളിൽ നിഷ്പക്ഷത പാലിച്ചതിനാൽ ഔക്സെൻസ്യൂസ് സ്ഥാനഭ്രഷ്ടനാക്കപ്പെട്ടില്ല. കത്തോ ലിക്കാ മെത്രാന്മാർക്ക് മിലാൻ വിടേണ്ടി വന്നു. ഈ സംഗതി കളെല്ലാം വിവരിച്ചുകൊണ്ടു കത്തോലിക്കാമെത്രാന്മാർക്കും വിശ്വാസികൾക്കും അയച്ചുകൊടുത്ത ഒരു സർക്കുലറാണ് (364) ഈ കൃതി.

3. *ഫ്രാഗ്മെൻതാ ഹിസ്തോറിക്കാ :*[18] പാശ്ചാത്യ ലോകത്തെ ആരിയൻ പ്രശ്നചരിത്രത്തിലേക്ക് (343_366) വളരെയധികം വെളിച്ചം വീശുന്നതാണ് ഈ രേഖ. താൻ എഴുതാനുദ്ദേശിച്ച ഒരു വലിയ ഗ്രന്ഥത്തിനുവേണ്ടി ഹിലരി തന്നെ ശേഖരിച്ച് ചെറിയ കുറിപ്പുകൾ കൊടുത്ത സമാഹാര മാകാം ഇതു്; അല്ലെങ്കിൽ ഹിലരിയുടെ ഒരു കൃതിയിൽ നിന്നുള്ള രേഖകൾ സമാഹരിച്ചുണ്ടാക്കിയതാകാം. രണ്ടാമത്തേതിനാണ് കൂടുതൽ സാധ്യത എന്ന് പലരും കരുതുന്നു. ഇതിനെ മൂന്നായി തിരിക്കാം. (1) പ്രാരംഭം, സാർദിക്കാസിനഡിനെ (343) സംബന്ധിച്ച രേഖകൾ, തുടർന്നുള്ള കാലഘട്ടം (രേഖകൾ B. I-II; A. IV). ഇതിൽ കോൺസ്റ്റാൻസ്യൂസിനുള്ള ഒന്നാം കൃതിയും കാണാം. രണ്ടാം ഭാഗത്തു് റിമിനി സിനഡുമായി (359) ബന്ധപ്പെട്ട രേഖകളും അതേപ്പററിയുള്ള ഹിലരിയുടെ അഭിപ്രായങ്ങളും പോപ്പ് ലിബേരിയൂസിൻെറ ചില കത്തുകളും ഉണ്ടു് (രേഖകൾ: B. III. VII. VIII.; A. VI—IX) മൂന്നാം ഭാഗത്തു് 359 നു ശേഷമുള്ള കത്തുകളും രേഖകളും ഉൾപ്പെടുന്നു. റിമിനി സിനഡിൽ ഒപ്പുവച്ച മെത്രാന്മാരെ സംബന്ധിച്ച തീരുമാനം, ജർമീനിയൂസ്, വാലെൻസ്, ഉർസാചിയൂസ് എന്നിവർ തമ്മി ലുള്ള ഉരസലിനെ സംബന്ധിച്ച രേഖകൾ (രേഖകൾ B.IV—VI; A.I—III ) എന്നിവ കാണാവുന്നതാണ്. എല്ലാ രേഖകളും ഹില രിയിൽ നിന്നു വരുന്നവ തന്നെയോ എന്ന് സംശയിക്കുന്ന വരുമുണ്ടു് (ഉദാ. രേഖ A. II). ആരിയൻ ചരിത്രം പഠിക്കാൻ ഈ രേഖകൾ വളരെയധികം സഹായകമാണ്.

I8. Fragmenta Historica.



## 3. ഭാഷ്യകൃതികൾ

മൂന്നു ഭാഷ്യകൃതികൾ നമുക്ക് കൈവന്നിട്ടുണ്ടു്.

1. *മത്തായിഭാഷ്യം:* തൻെറ വിപ്രവാസത്തിനു മുൻ പാണ് (356) ഇതു് ഹിലരി രചിച്ചതു്. മത്തായിയുടെ സുവി ശേഷത്തിലെ പ്രധാന സംഭവങ്ങളെപ്പററി ചുരുക്കിവിവരി ക്കുന്ന ഒരു ലഘുകൃതിയാണിതു്. ഇത് അദ്ദേഹത്തിൻെറ പ്രസംഗങ്ങളുടെ സമാഹാരമല്ല, പിന്നെയോ എഴുതപ്പെട്ട ഒരു ഭാഷ്യകൃതി തന്നെയാണ്. വാച്യാർത്ഥം അംഗീകരിച്ചുകൊണ്ടു തന്നെ കൂടുതൽ ആഴമായ അർത്ഥത്തിലേക്ക് ഇറങ്ങിക്കൊണ്ടാണു ഹിലരി തൻെറ ഭാഷ്യം രചിച്ചിരിക്കുന്നതു്. വാച്യാർത്ഥം ആത്മീയാർത്ഥത്തിലേക്കു നയിക്കുന്നു. ചിലയിടങ്ങളിൽ വാച്യാ ർത്ഥം മാത്രമേ കാണുകയുള്ളു. എന്നാൽ മത്തായിയുടെ സുവിശേ ഷത്തിൻെറ ആത്മീയാർത്ഥം വെളിച്ചത്തു കൊണ്ടുവരികയാണ് ഈ ഭാഷ്യത്തിൻെറ ലക്ഷ്യം. അതിനായി, സംഖ്യകൾക്കും മൃഗങ്ങൾക്കുമൊക്കെ അദ്ദേഹം രൂപകാർത്ഥം നൽകുന്നു. എങ്കിലും അലക്സാണ്ഡ്രിയാക്കാർ ചെയ്യുന്നതുപോലെ എബ്രായ നാമങ്ങൾക്കർത്ഥം നൽകുന്നില്ല. കർത്താവിൻെറ വാക്കുകൾക്കും പ്രവൃത്തികൾക്കും ആത്മീയാർത്ഥം കൊടുക്കുന്ന നിരവധി ഭാഗങ്ങൾ കാണാം. യൂദർക്കു സഭയോടുള്ള എതിർപ്പ്, പഴയ ഉടമ്പടി നീക്കിക്കളയൽ, പുറജാതികളോടു് സുവിശേഷം അറി യിക്കൽ എന്നിവയായി കർതൃകർമ്മങ്ങളെ അദ്ദേഹം വ്യാഖ്യാ നിക്കുന്നു. പൈതങ്ങളെക്കൊന്ന ഹേറോദേസ് ക്രിസ്തുവി നെയും സഭയെയും വെറുക്കുന്ന യൂദരെയും (1:6) പറയുടെ കീഴി ലെ വിളക്ക് യൂദമതത്തെയും (4:13) 'യേശുവിൻെറ അമ്മയും സഹോദരന്മാരും' (മത്താ.12:46ff) ക്രിസ്തുവിലേക്കടുക്കാൻ ജന ങ്ങൾക്കുള്ള കഴിവുകേടിനെയും (12:24) സൂചിപ്പിക്കുന്നു. എന്നാൽ ശതാധിപൻെറ മകനും (മത്താ. 8:5ff) തളർവാത രോഗിയും (മത്താ. 9:2) കനാൻകാരിയുടെ മകളും (മത്താ. 15: 32ff) പുറജാതികളുടെ വിളിയുടെ മുൻകുറിയായിട്ടാണ് അദ്ദേഹം വ്യാഖ്യാനിക്കുന്നതു് (7:3_4; 8:5,15:12).

2. *സങ്കീർത്തനഭാഷ്യം:* തൻെറ വിപ്രവാസത്തിനു ശേഷമാണു ഹിലരി ഈ ഭാഷ്യം എഴുതിയതു്. ഒരിജൻെറ സങ്കീർത്തന ഭാഷ്യത്തോടു് ഇതിനു വളരെയധികം കടപ്പാടുണ്ടു്. ചിലയിടങ്ങളിൽ പദാനുപദം ഒരിജനിൽ നിന്നെടുത്തിട്ടുണ്ടു്. ഭാഷ്യരീതിയിലും ഒരിജൻ തന്നെയാണ് ആധാരം. അതോടു കൂടി ഹിലരിയുടെ കൂട്ടിച്ചേർക്കലുകളുമുണ്ടു്. ഒരിജൻെറ സ്വാധീനം എത്രമാത്രമെന്ന് കൃത്യമായി നിർണയിക്കാൻ

www.malankaralibrary.com



സാധ്യമല്ല; കാരണം, ഒരിജന്റെ കൃതിയുടെ വളരെ കുറച്ച ഭാഗങ്ങളെ നമുക്ക കൈവന്നിട്ടുള്ളൂ. ഹിലരിയുടെ ഭാഷ്യവും പൂർണമായി ലഭിച്ചിട്ടില്ല. എല്ലാ സങ്കീർത്തനങ്ങൾക്കും അദ്ദേഹം ഭാഷ്യമെഴുതി എന്നുവേണം കരുതാൻ. വ്യംഗ്യാത്മ ഭാഷ്യരീതിയാണ് ഒരിജനെ അനുകരിച്ച് ഹിലരിയും സ്വീക രിച്ചിരിക്കുന്നത്. സങ്കീർത്തനങ്ങൾ മിശിഹായുടെ ജീവിതാ നുഭവങ്ങളുടെ മുൻസൂചനകളാണെന്ന് അദ്ദേഹം പറയുന്നു.

*3. ദിവ്യരഹസ്യങ്ങളെപ്പററി:*[19] വി. ഗ്രന്ഥം നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരം വിളംബരം ചെയ്യുന്ന എന്നു കൃതിയുടെ ആമുഖത്തിൽ ഹിലരി പറയുന്നു. പഴയ നിയമം വ്യാഖ്യാനിക്കുന്നതിനും ഈ ഭാഷ്യനിയമം നാം സ്വീക രിക്കണം. അതനുസരിച്ച് ആദാമിന്റെ നിദ്ര, ജലപ്രളയം, മൽക്കീസദേക്കിന്റെ ആശീർവാദം, അബ്രഹാമിന്റെ നീതീ കരണം, ഇസഹാക്കിന്റെ ജനനം, യാക്കോബിന്റെ ദാസ്യ വൃത്തി എന്നിവയിലെല്ലാം ക്രിസ്തു സൂചിതനായിരുന്നു. ഇവ യെല്ലാം ചരിത്രസംഭവങ്ങളാണെങ്കിലും, മനുഷ്യാവതാരത്തിൽ സംഭവിക്കാനിരുന്ന വലിയ യാഥാർഥ്യങ്ങളെ അവ സൂചി പ്പിക്കുകയും ദൃഷ്ടാന്തീകരിക്കുകയും ചെയ്തു (അധ്യാ. 32). ഈ വ്യാഖ്യാനത്തിന്റെ വെളിച്ചത്തിൽ ചില പഴയനിയമ ഭാഗ ങ്ങൾ ക്രിസ്തോന്മുഖമായി അദ്ദേഹം വ്യാഖ്യാനിക്കുന്നു. അതനു സരിച്ച് ആദാമും ഹവ്വായും മിശിഹായെയും സഭയെയും സൂചി പ്പിക്കുന്നു; കായേനും ഹാബേലും മിശിഹായുടെ പീഡാനുഭവം സൂചിപ്പിക്കുന്നു. ജോഷ്വാ വരെയുള്ള ഭാഗങ്ങൾക്ക് ഇപ്രകാരം അർത്ഥം നൽകുന്നു; ജോഷ്വാ, ക്രിസ്തുവിന്റെയും റാഹാബ് സഭ യുടെയും പ്രതീകങ്ങളാണ്. ഇവയിൽ മിക്കതും പരമ്പരാഗത മായി സഭയിൽ ഉപയോഗത്തിലിരിക്കുന്ന പ്രതീകങ്ങൾ തന്നെ യാണ്. ഹിലരി ചില പുതിയ പ്രതീകങ്ങളും കണ്ടെത്തുന്നു. ഉദാ: ശരീരത്തിന്റെ ഉത്ഥാനത്തിന്റെ പ്രതീകമായി ഹവ്വായെ അദ്ദേഹം ചിത്രീകരിക്കുന്നു (അധ്യാ. 5). ഇവയിലെല്ലാം ഒരി ജന്റെ സ്വാധീനം സുവ്യക്തമാണ്.

## 4. ഗീതങ്ങൾ

പാശ്ചാത്യരായ എഴുത്തുകാരിൽ ആദ്യമായി ഗീതങ്ങൾ രചിച്ചത് ഹിലരിയാണെന്നു പറയാം. ഭാഗികമായി മൂന്നു പാട്ടുകൾ ഹിലരിയുടേതായി നമുക്ക കൈവന്നിട്ടുണ്ട്. മററു ള്ളവ ഇതുവരെ കണ്ടെടുക്കപ്പെട്ടിട്ടില്ല. പൗരസ്ത്യ ദേശ ങ്ങളിൽ ആര്യൻ ചിന്തകരും നിഖ്യാവിശ്വാസികളും തങ്ങളു ടെ പ്രബോധനങ്ങൾ പ്രചരിപ്പിക്കാൻ പദ്യരീതി അവലം

19. De mysteriis.



ബിച്ചു. ഹിലരി പൗരസ്ത്യദേശങ്ങളിലായിരുന്നപ്പോൾ ഈ സംഗതി മനസ്സിലാക്കി. ഈ രീതി അദ്ദേഹം സ്വീകരിച്ചു. പാട്ടുകളിൽ ത്രിത്വപ്രശ്നം പൊന്തിനില്ക്കുന്നതായി കാണാം.

## 5. നഷ്ടപ്പെട്ട കൃതികളും അയഥാർഥ്യകൃതികളും

ജറോം സൂചിപ്പിക്കുന്ന രണ്ടുകൃതികൾ (ലിബർ ആദ് പ്രെഫെക്തും സല്ലൂസ്തിയും സിവെ കോൻത്രാ ദിയൊസ് കോറും; ത്രക്താത്തൂസ് ഇൻ യോബ്) നമുക്ക് ലഭിച്ചിട്ടില്ല. ചില രേഖാംശകലങ്ങൾ മാത്രം കൈവന്നിട്ടുണ്ട്. എന്നാൽ മററു രണ്ടുകൃതികൾ (ആദ് അബ്രാം ഫീലിയാം, രണ്ടുഗീത ങ്ങൾ) ഹിലരിയുടെ പേരിൽ കൈവന്നിട്ടുണ്ടെങ്കിലും അവ അദ്ദേഹത്തിന്റെ കൃതികളല്ല.

## ദൈവശാസ്ത്രം

നിഖ്യാ വിശ്വാസപ്രമാണത്തിന്റെ ഒരു വക്താവായി രുന്നു ഹിലരി. ത്രിത്വപ്രബോധനം കുറവുകൂടാതെ പഠിപ്പിക്കു ന്നതിൽ അദ്ദേഹം ദത്തശ്രദ്ധനായിരുന്നു. അടിസ്ഥാനപര മായി ആര്യൻവിരുദ്ധ മനോഭാവം പുലർത്തിയ അദ്ദേഹം ഹൊമൊയ്ഉസിയരുമായുള്ള ബന്ധംകൊണ്ട് സബെല്ലി യൻ-വിരുദ്ധ ചിന്താഗതിയും[20] സ്വായത്തമാക്കിയിരുന്നു. തെർത്തുല്യനിൽ നിന്നും നൊവേഷ്യനിൽ നിന്നും "പ്രകൃതി -വ്യക്തിത്വം" (natura-persona) എന്ന താത്വികചിന്ത എടുത്തി രുന്നെങ്കിലും അടിസ്ഥാനപരമായി വേദപുസ്തകാധിഷ്ഠിതമായി രുന്നു ഹിലരിയുടെ ത്രിത്വശാസ്ത്രം. ക്രിസ്തു ദൈവത്തിന്റെ വചനവും വിജ്ഞാനവും ശക്തിയുമാണ് എന്ന പരമ്പരാഗത പ്രഖ്യാപനം ഹിലരിയും ഉപയോഗിക്കുന്നു. (ത്രിത്വ. 7:11. 27;9:12). വചനമായ ദൈവത്തിന്റെ അസ്തിത്വം ഊന്നി പ്പറഞ്ഞുകൊണ്ട് മൊണാർക്കിയൻ-വിരുദ്ധരീതിയിലാണ് അദ്ദേഹം നീങ്ങുന്നത് (2:15; 7:11; സിനഡു. 46). ക്രിസ്തു ദൈവത്തിന്റെ സജീവവും യഥാത്ഥവുമായ പ്രതി ച്ഛായയാണ് എന്ന കാര്യവും തറപ്പിച്ചു പറയാൻ അദ്ദേഹം ശ്രദ്ധിക്കുന്നു (7:37). അവിടുന്ന് എല്ലാ സൃഷ്ടികളുടെയും ആദ്യജാതനാകയാൽ അതിരില്ലാത്തവനും അശരീരിയും അദൃ ശ്യനുമാണ് എന്നു പറയാം (8:48.49). സൃഷ്ടികർമ്മം നട ത്തുന്ന പിതാവിനെ അവിടുന്നു വെളിപ്പെടുത്തിത്തരുന്നു (8:49-51). 'ക്രിസ്തു പ്രകാശമാണ്' എന്ന വിഷയം അപൂർവ്വമാ

20. Anti-Sabellian thought

www.malankaralibrary.com



യിട്ടേ ഹിലരിയിലുള്ള (7:27). ദൈവിക ജീവിതരഹസ്യങ്ങൾ സുവ്യക്തമാക്കാൻ ദൃശ്യസാദൃശ്യങ്ങളും ഉപമകളും തികച്ചും അപര്യാപ്തമാണ് എന്ന ചിന്തയാണ് അദ്ദേഹത്തിനുണ്ടായിരുന്നത് (4:2;6: 9;7:28). പരമ്പരാഗതമായി പിതൃപുത്രബന്ധം വ്യക്തമാക്കാൻ ഉപയോഗിച്ചുകൊണ്ടിരുന്ന ഉദാഹരണങ്ങളിൽ പോലും അദ്ദേഹം അതൃപ്തനാണ്. സസ്യവും തായ്‌വേരും, അരുവിയും ഉറവയും, തീയും ചൂടും പലരും ഉപയോഗിച്ചിരുന്നെങ്കിലും അവയെല്ലാം പിതാവിന്റെ ഭൗതിക രീതിയിലുള്ള തുടർച്ചയായി (extensio) പുത്രനെ കണക്കാക്കാൻ ഇടയുണ്ട് (9;37), 'പിതാവ്', 'പുത്രൻ' എന്നീ നാമങ്ങളാണ് മററ് നാമങ്ങളേക്കാൾ ശ്രേഷ്ഠം. സ്നാനാവസരത്തിൽ അപ്രകാരമാണ് നാം കേൾക്കുന്നതും പഠിക്കുന്നതും. വചനം, വിജ്ഞാനം, പ്രതിച്ഛായ തുടങ്ങിയ പദങ്ങളേക്കാൾ മെച്ചമായ രീതിയിൽ 'പുത്രൻ' എന്ന പദം ത്രിത്വത്തിലെ രണ്ടാമത്തെയാളിന്റെ സത്തയെ കുറിക്കാൻ പര്യാപ്തമാണ് (2:3.5.8;3: 23;6: 23.44; 7.9.11.37).

'പിതാവ് മാത്രമാണ് സത്യദൈവം' എന്ന ആര്യൻ ചിന്തയ്ക്കെതിരെ വിവിധ പഴയനിയമ ഭാഗങ്ങളെടുത്ത് ഹിലരി അപഗ്രഥിക്കുന്നു (ത്രിത്വ. 4–5). ഈ ഭാഗങ്ങളിലൊക്കെ ദൈവത്തിന്റെ ഏകത്വവും (സ്വഭാവം) വ്യത്യാസവും (വ്യക്തിത്വവും) ചൂണ്ടിക്കാണിക്കാൻ അദ്ദേഹം ശ്രമിക്കുന്നു. ദൈവം ലോകത്തെയും മനുഷ്യനെയും സൃഷ്ടിക്കുന്നതു വിവരിക്കുന്ന വേദപുസ്തക ഭാഗത്ത് (ഉല്പത്തി) പിതാവിന്റെ തിരുഹിതം നിറവേററുന്ന ആളായി വചനത്തെ ഹിലരി കാണുന്നു. "ദൈവം പറഞ്ഞു", "ദൈവം ഉണ്ടാക്കി" എന്നീ വ്യത്യസ്തപദങ്ങൾക്ക് ഈ പശ്ചാത്തലത്തിലാണ് അദ്ദേഹം അർത്ഥം കാണുക. ആദ്യത്തേത് പിതാവിനെപ്പററിയും രണ്ടാമത്തേത് പുത്രനെപ്പററിയുമാണ് അദ്ദേഹം മനസ്സിലാക്കുക. പിതാവും പുത്രനും തമ്മിലുള്ള വ്യത്യാസം അവിടെത്തന്നെ വ്യക്തമാണെന്ന് അദ്ദേഹം പറയുന്നു. ഉല്പത്തി 1:26–ൽ കാണുന്ന "നമുക്കുണ്ടാക്കാം" "നമ്മുടെ ഛായയിൽ" എന്നീ പ്രയോഗങ്ങൾ തന്നെ ദൈവം ഏകവ്യക്തി (solitary) അല്ല എന്ന് വ്യക്തമാക്കുന്നു. "നമ്മുടെ ഛായ" എന്നതിൽ നിന്ന് പിതാവിനും പുത്രനും ഒരേ സ്വഭാവമാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു (4:16–18;5:5). പഴയനിയമത്തിലെ വെളിപാടുകൾ വചനത്തിന്റെ ദൈവത്വം വെളിപ്പെടുത്തുന്നു; പുത്രനും പിതാവും തമ്മിലുള്ള വ്യത്യാസം സ്പഷ്ടമാക്കുന്നു. അതുപോലെ പുത്രൻ വെറുമൊരു മാലാഖയല്ല എന്നു പഠിപ്പി



ക്കയും ചെയ്യുന്നു. അത്തരത്തിൽ പെട്ടവയാണ് അബ്രഹാമിനും യാക്കോബിനും മററും ഉണ്ടായ വെളിപാടുകൾ (4:23–25;5. 11.20).

പിതാവും പുത്രനും തമ്മിലുള്ള ബന്ധവും വ്യത്യാസവും പുതിയനിയമത്തിൽനിന്നുള്ള നിരവധി സാമ്യങ്ങളുപയോഗിച്ച് ആറും ഏഴും അധ്യായങ്ങളിൽ വിവരിക്കുന്നു. പുത്രന്റെ ജനനം ഈ ഭാഗത്താണ് ഹിലരി ചർച്ച ചെയ്യുന്നത്. പുത്രൻ ഇല്ലായ്മയിൽ നിന്നുണ്ടായതല്ല; നേരത്തെ ഉണ്ടായിരുന്ന എന്തെങ്കിലും പദാർത്ഥത്തിൽ നിന്നുണ്ടായതുമല്ല; ഒരു സൃഷ്ടികർമ്മത്തിലൂടെയുമല്ല അവിടുന്ന് അസ്തിത്വത്തിലെത്തിയത് (6:13;7;14;12:36). പിതാവിന്റെ അതേ സ്വഭാവത്തിൽ നിന്നാണ് പുത്രനും; മറെറാരു പ്രകൃതിയിൽ നിന്നല്ല (7:27.31.39). ഇത് അവാച്യമായ ജനനമാണ്; ശാരീരിക ജനനവുമായി ഇതിന് സാമ്യമില്ല; ഇതു വിവരിക്കാൻ പററിയ ഉദാഹരണങ്ങളുമില്ല (6:35;7:14.27.28.36: 5;37;8:56). തനിക്കൊന്നും കുറവുവരാതെ, പിതാവ് തനിക്കുള്ളതെല്ലാം പുത്രനു നൽകി (7:41.39; 2:20;9:31). മനുഷ്യർ ദത്തെടുക്കൽ വഴി ദൈവപുത്രരായിത്തീരുന്നു; എന്നാൽ പുത്രൻ സ്വഭാവത്താലെ പുത്രനാണ്; പിതാവിന്റെ ഏകജാതനാണ് (3:11.22; 4:33; 12:13).

പിതാവിൽനിന്ന് പുത്രൻ ജനിച്ചു എന്നു പറഞ്ഞാൽ പിതാവിനുശേഷം പുത്രനുണ്ടായി എന്നർത്ഥമാകുന്നില്ല. പിതാവിനെപ്പോലെ പുത്രനും നിത്യനാണ്; അവൻ എന്നും പുത്രനാണ്; അവിടുന്ന് കാലത്തിലല്ല പിതാവിൽനിന്നു ജനിച്ചത്. നമുക്ക് അഗ്രാഹ്യമാണ് ഈ ജനനം (3:3;10:7; 12:15). കാലത്തിൽ മുഴുകിയിരിക്കുന്ന നമുക്ക് കാലികമായി മാത്രമേ ചിന്തിക്കാനും വിഭാവന ചെയ്യാനും കഴിയൂ. കാലാതീതയാഥാർത്ഥ്യങ്ങൾ നമ്മുടെ ചിന്തയ്ക്കു പരിസ്ഥമാണ്. (12:26.27.37.38). തന്റെ ജനനത്തിനു മുൻപ് പുത്രനില്ലായിരുന്നെന്ന് പറയാൻ പാടില്ല. അവിടുന്ന് നിത്യമായി സ്ഥിതിചെയ്യുന്നു (7:14;12:31). പിതാവ് നിത്യനാണെങ്കിൽ തന്റെ പുത്രനും നിത്യനായിരിക്കണം (12:25)

പിതാവിനുള്ള പൂർണ്ണതകളെല്ലാം പുത്രനും ഉണ്ട്. ജനനം വഴി അവിടുത്തേക്ക് ദൈവികതയിൽ ഒന്നും കുറഞ്ഞുപോകുന്നില്ല. അക്കാരണത്താൽ പുത്രൻ പിതാവിൽനിന്ന് ഒരു തരത്തിലും താണവനല്ല. അവസാനത്തെ നാല് പുസ്തക

www.malankaralibrary.com



ങ്ങൾ ഈ പ്രമേയം ആണ് ചർച്ചാവിഷയമാക്കിയിരിക്കുന്നത്. അങ്ങനെ ആര്യൻ ദൈവദൂഷണത്തെ അദ്ദേഹം ഖണ്ഡിക്കുന്നു. മിശിഹായുടെ സഹനത്തെപ്പററിയും വിനീതാവസ്ഥയെപ്പററിയും വി. ഗ്രന്ഥം സംസാരിക്കുന്നത് മനുഷ്യത്വത്തെപ്പററിയാണ്; നിത്യമായ ദൈവത്വത്തെപ്പററിയല്ല. പുത്രന്റെ 'അറിവില്ലായ്മ' (മത്താ.24.36) തന്റെ മനുഷ്യത്വം വഴി തനിക്കുള്ള പരിമിതികൾ നിമിത്തമാണ്. (9:63.66.75). തന്റെ ആത്മാവിലും ശരീരത്തിലും അവിടുന്ന് പീഡകൾ സഹിച്ചു. മനുഷ്യനെന്ന നിലയിലാണ് അവിടുന്ന് സഹിച്ചത് (9:14.15.19). മനുഷ്യകുലത്തിന്റെ പ്രതിനിധിയെന്ന നിലയിൽ മനുഷ്യനെന്ന നിലയിലാണ് അവിടുന്ന് വിനീതനാക്കപ്പെട്ടത് (1 കോറി. 15:24_28). പുത്രൻ ദാസന്റെ രൂപം (ഫിലി. 2:7) എടുത്തതുകൊണ്ടാണ് അവിടുന്ന് സഹനവിധേയനായത്. ഈ ദാസന്റെ രൂപമാണ് മഹത്വീകരിക്കപ്പെട്ടതും നിത്യമായി ഭരിക്കുന്നതും. എന്നാൽ ക്രിസ്തുവിന്റെ ശരീരത്തെപ്പററി പറയുന്നിടത്ത് അത് യഥാർഥശരീരമാണെങ്കിലും സ്വർഗീയമാണെന്നും, സഹനവിധേയമാണെങ്കിലും വേദന അനുഭവപ്പെടുന്നതും കുറവുകളില്ലാത്തതും ആണെന്നും ഒരിടത്ത് ഹിലരി പറയുന്നു (10:18.23).

പിതാവും പുത്രനും വ്യത്യസ്തവ്യക്തികളാണെങ്കിലും തമ്മിൽ വേർപാടില്ല (3:14; 5:11; 8:38). ഒരേ കർമ്മത്തിൽ പിതാവും പുത്രനും ഭാഗഭാക്കാകുന്നു: പിതാവ് കാര്യക്ഷമകാരണം;[21] പുത്രൻ പ്രേരകകാരണം[22]; പിതാവ് പുത്രനെ അയയ്ക്കുന്നു; പുത്രൻ അയയ്ക്കപ്പെടുന്നു (4.16; 3.14; 5:11). ഉത്ഭവത്തിൽ മാത്രമേ വ്യത്യാസമുള്ളു. പിതാവ് ജനിപ്പിക്കുന്നു; പുത്രൻ ജനിച്ചവനാണ്. പിതാവിനെയും പുത്രനെയും ബന്ധിക്കുന്നതും, പിതാവിനെയും പുത്രനെയും തമ്മിൽ വ്യത്യാസപ്പെടുത്തുന്നതും ഈ ദൈവികജനനമാണ്. സ്വഭാവത്തിന്റെ ഏകത്വവും വ്യക്തിത്വത്തിന്റെ വൈവിധ്യവും അത് സ്പഷ്ടമാക്കുന്നു. (6:19; 7:21.27.31; 9:27.36.57).

''ഞാനും എന്റെ പിതാവും ഒന്നാകുന്നു'' (യോഹ. 10:30) എന്ന വാക്യത്തിനു് ആരിയർ നല്കുന്ന വിശദീകരണം ഹിലരി തിരസ്കരിക്കുന്നു. 'സ്വഭാവത്താലെയല്ല, ഇച്ഛയാ

21. Effective Cause
22. Instrumental Cause



ലാണ് പിതാവും പുത്രനും ഒന്നായിരിക്കുന്നത് എന്നത്രേ ആര്യർ പഠിപ്പിച്ചത്. തെർത്തുല്യനും നൊവേഷ്യനും നടന്ന പാതയിലൂടെയാണ് ഹിലരിയും സഞ്ചരിക്കുന്നത്. പിതാവും പുത്രനും ഒന്നാണ് (unum): അതായത് ഒരു സ്വഭാവം. എന്നാൽ ഒന്നല്ല (unus): അതായത് ഒരാളല്ല. പിതാവുമായുള്ള ഏകത്വത്താൽ പുത്രൻ സത്യദൈവമാണ്; രണ്ടാം ദൈവമല്ല; ദൈവം ഏകനാണ് എന്നയാശയം ഇല്ലാതാകുന്നില്ല. ഒരു ദൈവമേയുള്ളു. കാരണം, ഒരു ദൈവികത്വമേയുള്ളു. പുത്രൻ വ്യക്തിത്വത്തിൽ വ്യത്യസ്തനാണെങ്കിലും സ്വഭാവത്തിൽ പിതാവിനോടുകൂടി ഒന്നാണ് (2:11; 3:4;4:15.33;5:10;7:5.31.32;8:4.7_12). ദൈവം സത്തയിൽ ഏകനാണ്; വ്യക്തിത്വത്തിൽ ഏകമല്ല. സബെല്ലിയക്കെതിരായി ഈ ആശയം അദ്ദേഹം വളരെയധികം വിശദീകരിക്കുന്നുണ്ട് (3:1.4;4:17.18.20.33.42;5:2.10.37;7:5.8.15.21.32;8:28.36.52).

എന്നാൽ 'ഹോമോഉസിയോസ്'' എന്ന പദം ഹിലരി തന്റെ കൃതിയിൽ ഉപയോഗിക്കുന്നില്ല. പിതാവും പുത്രനും ഒരേ സത്തയാണ് എന്ന അർത്ഥം വ്യക്തമാക്കാൻ നിഖ്യായിൽ ഈ പദമാണല്ലോ പ്രയോഗിച്ചത്, ഈ പദത്തെ വിമർശിച്ച നിരവധിയാളുകൾ ഉണ്ടായിരുന്നു. ഈ പദം അതേപടി വേദപുസ്തകത്തിലുമില്ല. ഇത് തെററായി വ്യാഖ്യാനിക്കാൻ സാധ്യതയുള്ളതുമാണ്. വളരെ കരുതലോടെ ഇതു വ്യാഖ്യാനിച്ചു മനസ്സിലാക്കേണ്ടതാണ്. ഈ കാരണങ്ങളാൽ ആകാം അദ്ദേഹം ഇതിനു വലിയ പ്രാധാന്യം കൊടുത്തു കാണാത്തത്. അതുപോലെ തന്നെയാണ് ഹൊമൊയ്ഉസിയോസ് എന്ന പദവും. ഹിലരിയുടെ കാലത്ത് പിതാവും പുത്രനും തമ്മിലുള്ള ബന്ധമാണല്ലോ ചർച്ചാവിഷയമായിരുന്നത്. അതുകൊണ്ട് അതിനിടയിൽ പരിശുദ്ധാത്മാവിനെപ്പററി വിവരിക്കുന്നില്ല. എങ്കിലും കൃതിയിൽ പലയിടത്തും പരിശുദ്ധാത്മാവിനെപ്പററി പരാമർശമുണ്ട്. പരിശുദ്ധാത്മാവിനെ ദാനമായി എട്ടാം അധ്യായത്തിൽ എടുത്തുകാട്ടുന്നു. (21 ff). പിതാവിന്റെയും പുത്രന്റെയും ഏക പ്രകൃതിയിൽ നിന്നാണ് പരിശുദ്ധാത്മാവ് പുറപ്പെടുന്നത്. പുത്രനെപ്പോലെ ജനിക്കുന്നില്ല; സൃഷ്ടികളെപ്പോലെ സൃഷ്ടിക്കപ്പെടുന്നില്ല; പിന്നെയോ, പുത്രനിലൂടെ പിതാവിൽനിന്ന് പുറപ്പെടുന്നു. എന്നാൽ ഒരാളായി പരിശുദ്ധാത്മാവിനെ അദ്ദേഹം ചിത്രീകരിക്കുന്നില്ല. ഇതൊരപൂർണവിവരണമാണ്. ഗ്രന്ഥത്തിന്റെ അവസാനഭാഗത്തും ഒരു വിവരണം ഉണ്ടെങ്കിലും (12:53_56)

www.malankaralibrary.com



അവിടെയും ഹിലരി, പരിശുദ്ധാത്മാവിനെപ്പററിയുള്ള സത്യം പൂർണമായി സ്വന്തമാക്കിയതിൻെറ ലക്ഷണം കാണുന്നില്ല.

എങ്കിലും പിതൃപുത്രബന്ധം വിശദീകരിക്കുന്നതിൽ ഹിലരി വിജയിച്ചിട്ടുണ്ട്. ആര്യൻ വാദഗതികളെ ഓരോന്നായി അദ്ദേഹം അപഗ്രഥിച്ച് തള്ളിക്കളയുന്നു. ലത്തീൻ സഭയിലെ പിൽക്കാല ദൈവശാസ്ത്രജ്ഞന്മാർ ഹിലരിയുടെ ഈ കൃതി കൂടെക്കൂടെ ഉപയോഗിച്ചതായി കാണാം.

അധ്യായം 3

# എട്ട് ആരിയൻ വിരുദ്ധ ചിന്തകന്മാർ

## 1. ഹോസിയുസ് (256–357)

സ്പെയിനിലെ കൊർദോവാ രൂപതാധ്യക്ഷനായിരുന്നു (300–357) ഹോസിയൂസ്. ഡയോക്ലീഷ്യൻ ചക്രവർത്തിയുടെ മതപീഡനത്തിൽ അദ്ദേഹത്തിനു പീഡനമേല്ക്കേണ്ടിവന്നു. പിന്നീട് അദ്ദേഹം കോൺസ്ററൻൈറൻ ചക്രവർത്തിയുടെ സ്നേഹിതനായിത്തീർന്നു. ആരിയൻ തർക്കം സമാധാനപരമായി പറഞ്ഞുതീർക്കാൻ ഹോസിയൂസിനെ (324) ചക്രവർത്തി നിയോഗിച്ചു. നിഖ്യാസൂനഹദോസിൻെറ (325) ചർച്ചകളിലും തീരുമാനങ്ങളിലും അദ്ദേഹം നിർണായക സ്വാധീനം ചെലുത്തി. സാർദിക്കാ സിനഡിനെയും (343) അദ്ദേഹം ഗണ്യമായി സ്വാധീനിച്ചു. അവിടെവച്ച് പാശ്ചാത്യസഭ നിഖ്യായിലെ വിശ്വാസപ്രമാണത്തെയും അതിനെ പിൻതുണച്ച പൗരസ്ത്യരെയും പിൻതാങ്ങുകയും ആര്യൻ പക്ഷപാതികളായ പൗരസ്ത്യർക്കെതിരായ (എവുസേബിയർ) നിലപാട് സ്വീകരിക്കുകയും ചെയ്തു[1]. കോൺസ്ററാൻസ്യൂസ് ചക്രവർത്തി ഏകാധിപതി ആയപ്പോഴാം ആര്യൻ പക്ഷപാതിയായ അദ്ദേഹത്തെ പ്രീതിപ്പെടുത്താൻ, പാശ്ചാത്യമെത്രാന്മാർ അദ്ദേഹത്തിൻെറ ഹിതാനുസരണം (356) വി. അത്തനാസ്യോസിനെ ശപിക്കുന്നതിൽ ഒപ്പുവച്ചു. എന്നാൽ അതിൽ ഒപ്പുവയ്ക്കാൻ ഹോസിയൂസ് കൂട്ടാക്കിയില്ല. എന്നാൽ 357–ൽ സിർമിയത്തിലെ രണ്ടാം ഫോർമുലയിൽ ഹോസിയൂസും ഒപ്പുവച്ചു. പരസ്യമായി ആര്യനിസത്തെ പിൻതാങ്ങുന്ന രേഖയായിരുന്നിത്[2]. പ്രായാധിക്യം

1. സൊക്രാട്ടസ്, സഭാചരിത്രം, 2:20.
2. അതേകൃതി, 2:29: ''സിർമിയത്തിലെ ദൈവദൂഷണം''

www.malankaralibrary.com



കൊണ്ടാകാം അദ്ദേഹം ഇപ്രകാരം പ്രവർത്തിച്ചത്. എന്നാൽ ഹിലരി, ഫേബാദിയൂസ് ആദിയായവർ ഈ നടപടിയെ നിശിതമായി വിമർശിച്ചു.

സഭാപരമായ കാര്യങ്ങളിൽ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ ഉപദേശകനായിരുന്ന ഹോസിയൂസ്. ഒരു എഴുത്തുകാരൻ എന്നതിലുപരി ഒരു വലിയ സഭാരാഷ്ട്രീയ പ്രവർത്തകനായിരുന്നു അദ്ദേഹം. പ്രസംഗങ്ങൾ ഒന്നും എഴുതപ്പെട്ടിട്ടില്ല. സെവില്ലിലെ ഇസിദോർ († 636) രണ്ടെണ്ണത്തെപ്പറ്റി പറയുന്നെങ്കിലും (മഹത്.5) അവ ലഭിച്ചിട്ടില്ല. ചുരുക്കത്തിൽ സാർദിക്കാ സിനഡ് (343) അംഗീകരിച്ച ചില കാനോനാകളും രണ്ടു കത്തുകളും മാത്രമേ ഹോസിയൂസിൽ നിന്ന് നമുക്ക് ലഭിച്ചിട്ടുള്ളു. സാർദിക്കാ സിനഡിന്റെ ചില തീരുമാനങ്ങളെ സംബന്ധിച്ച് ഹോസിയൂസും സാർദിക്കയിലെ പ്രോതോജെനെസും കൂടി റോമിലെ ജൂലിയസിന് എഴുതിയതാണ് ആദ്യകത്ത്. അത്തനാസ്യോസിനെ ശപിക്കുന്നതിൽ ഒപ്പുവയ്ക്കണം എന്നു നിർബന്ധിച്ച കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിക്കെഴുതിയതാണ് രണ്ടാമത്തെ കത്ത്. "സഭയും രാഷ്ട്രവും വ്യത്യസ്ത തലങ്ങളിൽ വ്യാപരിക്കുന്നതാണുചിതം; സഭയുടെ ആന്തരിക കാര്യങ്ങളിൽ ചക്രവർത്തി ഇടപെടാൻ പാടില്ല. അത്തനാസ്യോസിനെ ശപിക്കാൻ പാടില്ല" എന്നൊക്കെ ഈ കത്തിൽ ഹോസിയൂസ് സ്പഷ്ടമായി പ്രഖ്യാപിക്കുന്നു. കോൺസ്റ്റന്റൈന്റെ കാലം മുതൽ സഭയും രാഷ്ട്രവും കൈകോർത്തുപോയി. അതിനുശേഷം ആദ്യമായിട്ടാണ് ഒരു സഭാധ്യക്ഷനിൽനിന്ന് ഇപ്രകാരമൊരു പ്രസ്താവന ഉണ്ടാകുക. ഈ കത്ത് അത്തനാസ്യോസ് ഉദ്ധരിക്കുന്നുണ്ട് (ആര്യൻചരിത്രം, 44).

## 2. വെർചെള്ളിയിലെ എവുസേബിയസ് (+370)

സർദീനിയാ ദ്വീപുകാരനായ എവുസേബിയസ് ആദ്യം റോമാസഭയിലെ ഒരു വായനക്കാരനും പിന്നെ വെർചെള്ളിയിലെ (ഇററലി) മെത്രാനുമായി. ആര്യൻ പ്രശ്നത്തിൽ (355–364) സജീവമായി പങ്കെടുത്തു. അത്തനാസ്യോസിനെതിരെയുള്ള മിലാൻ സിനഡിന്റെ തീരുമാനത്തിൽ (355) ഒപ്പുവയ്ക്കാഞ്ഞതിനാൽ ചക്രവർത്തി അദ്ദേഹത്തെ ആദ്യം പലസ്തീനയിലെ ഷിതോപ്പോലീസിലേക്കും പിന്നീട് ഈജിപ്തിലെ തേബായിഡിലേക്കും നാടുകടത്തി. ജൂലിയൻ ചക്രവർത്തി (362) അദ്ദേഹത്തെ സ്വതന്ത്രനാക്കി. തുടർന്ന് അലക്സാണ്ഡ്രിയാ സിനഡിൽ (362) സംബന്ധിച്ചിട്ട് അന്ത്യോക്യയിലേക്കു പോയി. ഇററലിയിലേക്കു മടങ്ങുന്ന വഴി പന്നോണിയായിലെ സിർമിയത്തുവച്ച്, ജർമീനിയൂസ് മെത്രാനുമായി ചർച്ചനടത്തി. ഒരു മിതആര്യൻ പക്ഷപാതിയായിരുന്നു ജർമീനിയൂസ്. തുടർന്ന് മിലാനിൽ (364) എവുസേബിയസ് കാണപ്പെടുന്നു. സ്ഥലത്തെ ആര്യൻ മെത്രാനായ ഔക്സെൻസ്യൂസിനെ സ്ഥാനഭ്രഷ്ടനാക്കാൻ ഹിലരിയുമൊത്ത് അദ്ദേഹം അവിടെ നടത്തിയ ശ്രമം വിഫലമായി.



ഒരെഴുത്തുകാരൻ എന്നതിലുപരി എവുസേബിയസ് ഒരു സഭാരാഷ്ട്രീയ പ്രവർത്തകനായിരുന്നു. കൈസറിയായിലെ എവുസേബിയസിന്റെ "സങ്കീർത്തനഭാഷ്യം" അദ്ദേഹം ലത്തീനിലേക്കു വിവർത്തനം ചെയ്തെങ്കിലും അത് നമുക്കു ലഭിച്ചിട്ടില്ല (ജറോം, *മഹത്* .96). അദ്ദേഹത്തിന്റേതായി മൂന്നു കത്തുകൾ അറിയപ്പെടുന്നു. മിലാൻ സിനഡുമായി (364) ബന്ധപ്പെട്ടതാണ് ഒന്നാം കത്ത്. യോഗത്തിലേക്കുള്ള ചക്രവർത്തിയുടെ ക്ഷണം സ്വീകരിച്ചുകൊണ്ട് താൻ അതിൽ പങ്കെടുക്കുന്നു എന്ന് അറിയിക്കുന്നതാണിത്. രണ്ടാമത്തേത് ഷിതോപ്പൊളീസിൽ നിന്ന് രഹസ്യമായി വെർചെള്ളിയിലെ തന്റെ വിശ്വാസികൾക്കയച്ചതാണ്. സ്ഥലത്തെ മെത്രാനായ പത്രൊഫീലുസ് തന്നെ വീട്ടുതടങ്കലിലാക്കിയിരിക്കയാണെന്നും, തന്നെ സന്ദർശിക്കാനെത്തുന്നവരെ കാണാൻ അനുവദിക്കുന്നില്ലെന്നും ഇതു തുടർന്നാൽ താൻ നിരാഹാരസത്യാഗ്രഹം അനുഷ്ഠിക്കാൻ നിർബന്ധിതനാകുമെന്നും സൂചിപ്പിക്കുന്നു. പത്രൊഫീലൂസ് ആരിയൻ ചിന്താഗതിക്കാരനായിരുന്നു. മൂന്നാമത്തെ കത്ത് അദ്ദേഹത്തിന്റേതല്ല എന്നാണ് ഇപ്പോഴത്തെ പഠനങ്ങൾ തെളിയിക്കുന്നത്.

## 3. കാലിയരിയിലെ ലൂസിഫർ[3] (370/1)

ആരിയൻ തർക്കങ്ങളുമായി ബന്ധപ്പെടുത്തിയാണ് ലൂസിഫർ ചരിത്രത്തിൽ പ്രത്യക്ഷപ്പെടുന്നത്. റോമൻ മെത്രാനായ ലിബേരിയൂസിന്റെ പ്രതിനിധിയായി മിലാൻ സിനഡിൽ (355) അദ്ദേഹം സംബന്ധിച്ചു. കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിയുടെ സഹായത്തോടുകൂടി ആര്യർ പീഡിപ്പിച്ച അത്തനാസ്യോസിന്റെ കേസ് പുനഃപരിശോ

---

3. Lucifer of Cagliari

www.malankaralibrary.com



ധന ചെയ്യാനാണ് ഈ സിനഡ് കൂടിയത്. ഈ സിനഡിൽ സംബന്ധിക്കണമെന്നു കാണിച്ച് വെർചെല്ലിയിലെ എവുസേബിയസിന് ലൂസിഫർ ഒരു കത്തയച്ചു. സിനഡിൽ വച്ച് അത്തനാസ്യോസിനെ ശപിക്കാൻ വിസമ്മതിക്കയും ചക്രവർത്തിയുടെ നിർദ്ദേശങ്ങൾ നിരസിക്കയും ചെയ്ത ചുരുക്കം ചില മെത്രാന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. തത്ഫലമായി ചക്രവർത്തി അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി ആദ്യം സിറിയായിലെ ജർമനീഷ്യയിലേക്കും പിന്നെ പലസ്തീനയിലെ എലൈവുതെരോപ്പോലീസിലേക്കും അവസാനം ഈജിപ്തിലെ തേബായ്ഡിലേക്കും നാടുകടത്തി. ജൂലിയൻ ചക്രവർത്തി 362–ൽ അദ്ദേഹത്തെ തിരികെ വിളിച്ചു. ലൂസിഫർ അവിടെനിന്ന് അന്ത്യോക്യയിൽ പോയി. അവിടുത്തെ ആര്യൻ വിരുദ്ധർ (നിഖ്യാ വിശ്വാസികൾ) രണ്ടു വിരുദ്ധ ചേരികളിലാണെന്ന് അദ്ദേഹം മനസ്സിലാക്കി. അവരെ തമ്മിൽ യോജിപ്പിക്കാൻ പരിശ്രമിക്കാതെ അവരിലെ ചെറിയ വിഭാഗത്തെ ശക്തിയായി പിന്താങ്ങി. ആര്യൻ ചിന്തകരുമായി യാതൊരു ഒത്തുതീർപ്പിനും തയ്യാറാകാത്ത ആര്യൻ വിരുദ്ധരായിരുന്നിവർ. മറ്റേ വിഭാഗം മെലേഷ്യസിനെ പിന്താങ്ങി. ഭൂരിപക്ഷം ഉണ്ടായിരുന്ന ഇക്കൂട്ടർ ഒത്തുതീർപ്പുകൾക്കു തയ്യാറുള്ളവരായിരുന്നു. കിഴക്കുള്ള നിഖ്യാവിശ്വാസികളുടെ ഇടയിലെ ഈ പിളർപ്പിൽ ലൂസിഫർ കക്ഷിചേർന്നതു നിമിത്തം പിളർപ്പ് വർദ്ധിച്ചു. കിഴക്കും പടിഞ്ഞാറുമുള്ള ആരിയൻ വിരുദ്ധരെ ഒന്നിച്ച് അണിനിരത്താനുള്ള പരിശ്രമങ്ങൾക്ക് അന്ത്യോക്യൻ ശീശ്മ വലിയ തടസ്സമായിരുന്നു. ലൂസിഫർ അതിനുശേഷം പാശ്ചാത്യ നാടുകളിലേക്ക് തിരികെ പോയി. വലൻറീനിയൻ ചക്രവർത്തിയുടെ കാലത്താണ് (364–75) അദ്ദേഹം മരിച്ചത് (ജറോം, *മഹത്*, 5).

ലൂസിഫർ വിപ്രവാസത്തിലായിരുന്നപ്പോൾ (355–61) കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിക്ക് അഞ്ച് ലഘുലേഖകളയച്ചു[4]. ആര്യൻ പക്ഷപാതികളെ പിൻതുണച്ചതിന് ചക്രവർത്തിയെ നഖശിഖാന്തം എതിർക്കുന്നതാണിവ. നിഖ്യാവിശ്വാസപ്രമാണത്തിനുവേണ്ടി മരിക്കാൻകൂടി താൻ സന്നദ്ധനാണെന്ന് ഇതിൽ അദ്ദേഹം വ്യക്തമാക്കി. വേദപുസ്ത

4. De non conveniendo cum hereticis; De Regibus apostaticis; De Sancto Athanasio; De non parcendum in Deum delinquentibus; Moriendum esse pro Dei filio.



കത്തെ ആധാരമാക്കിയാണ് അദ്ദേഹം തൻെറ വിശദീകരണം രൂപപ്പെടുത്തുന്നത്. എന്നാൽ നിഖ്യായുടെ വക്താക്കളെ ഒന്നിച്ചണിനിരത്തുവാൻ അദ്ദേഹത്തിൻെറ മനസ്ഥിതി സഹായിച്ചില്ല എന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. ആര്യൻ പക്ഷപാതികളോട് അത്ര കർക്കശമനസ്ഥിതിയാണ് അദ്ദേഹം പുലർത്തിയത്. വിപ്രവാസത്തിലായിരുന്നപ്പോഴും ആര്യൻ വിഭാഗക്കാരെപ്പറ്റി വസ്തുനിഷ്ഠമായ അറിവു സമ്പാദിക്കാനൊന്നും അദ്ദേഹം പരിശ്രമിച്ചില്ല.

ലൂസിഫറിൻെറ ഈ കർക്കശമായ ആര്യൻ വിരുദ്ധ മനസ്ഥിതി പുലർത്തിയ ചിലർ (380) റോമിലുണ്ടായിരുന്നു. "ലൂസിഫേറിയർ" എന്ന് അവർ അറിയപ്പെട്ടു. അലക്സാണ്ഡ്രിയൻ സിനഡ് (362) ആര്യൻ മെത്രാന്മാരെ തിരികെ കൊണ്ടുവരാനുതകുന്ന ഒത്തുതീർപ്പു ഫോർമുല അംഗീകരിച്ചിരുന്നു. എന്നാൽ അവ അംഗീകരിക്കാൻ ലൂസിഫേറിയർ തയ്യാറായില്ല. ഇക്കാരണത്താൽ റോമൻ മെത്രാനായ ദമാസൂസിനോട് കൂട്ടായ്മ പുലർത്താനും ഇവർ ഒരുക്കമല്ലായിരുന്നു. സ്പെയിൻ, ഇററലി, ജർമ്മനി പൗരസ്ത്യം എന്നിവിടങ്ങളിലെ പട്ടണങ്ങളിലൊക്കെ അവർ തങ്ങളുടെ ചിന്താഗതിക്കാരെ സംഘടിപ്പിച്ചു. 'ഒരു തരത്തിലും ആര്യൻ പക്ഷപാതികളുമായി ഐക്യം പാടില്ല' എന്ന കർക്കശ നിലപാടാണ് അവർ കൈക്കൊണ്ടത്. ലൂസിഫേറിയൻ 'ശീശ്മ' എന്നാണ് ഇതിന് ആധുനിക എഴുത്തുകാർ കൊടുത്തിരിക്കുന്ന പേര്. ലൂസിഫർ തന്നെ ഇതു തുടങ്ങിയോ അതോ അനുയായികൾ അദ്ദേഹത്തെ മാതൃകയായി സ്വീകരിച്ചതേയുള്ളോ എന്ന് ഖണ്ഡിതമായി പറയുക പ്രയാസമാണ്. ഇവർ കുറെ കത്തുകൾ എഴുതിയുണ്ടാക്കി യഥാർത്ഥ കത്തുകളായി പ്രചരിപ്പിച്ചു. അത്തനാസ്യോസിൻെറ പേരിലറിയപ്പെടുന്ന "ത്രിത്വത്തെപ്പററി"യുള്ള കൃതി(x–xi) മിക്കവാറും ലൂസിഫേറിയർ എഴുതിയുണ്ടാക്കിയതാകാം. പ്രസ്തുത കൃതിയുടെ ആദ്യഭാഗവും (I – viii) സ്പെയിനിൽവച്ച് (380–400) ഇക്കൂട്ടർ രചിച്ചതാകാം.

## 4. മാരിയുസ് വിക്തൊറീനുസ്

ജറോമും (മഹത്. 101) അഗസ്ററിനും (ആത്മകഥ, 7. 2. 3–4) വിക്തൊറീനുസിൻെറ ജീവിതാന്ത്യത്തെപ്പററിയേ പരാമർശിക്കുന്നുള്ളു. അദ്ദേഹം ക്രിസ്ത്യാനിയായത് (355) വളരെ വൃദ്ധനായിട്ടാണ്. ജനനം (280/5–ൽ) ആഫ്രിക്കയിലായിരുന്നു. റോമിൽ പഠിപ്പിക്കാനെത്തിയപ്പോഴാണ് (350) ക്രിസ്തുമതത്തിലേക്കാകൃഷ്ടനായത്. റോമിൽ അദ്ദേഹം

www.malankaralibrary.com



വളരെ പ്രശസ്തനായിരുന്നു; റോമൻ ഫോറത്തിൽ അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം ഒരു പ്രതിമ സ്ഥാപിതമായി എന്ന് ജറോം പറയുന്നു എന്നാൽ അവിചാരിതമായി ഈ വിഗ്രഹാരാധകൻ ക്രിസ്ത്യാനിയായി. പുറജാതിക്കാരനായിരുന്നപ്പോഴേ അദ്ദേഹത്തിന് വിശുദ്ധ ഗ്രന്ഥം വായിക്കുന്ന പതിവുണ്ടായിരുന്നു. നെയോ-പ്ലറ്റോണിക് ചിന്തകനായിരുന്നു അദ്ദേഹം. ക്രിസ്തുമതഗ്രന്ഥങ്ങൾ വായിക്കാൻ ഈ സാംസ്കാരിക പശ്ചാത്തലം അദ്ദേഹത്തെ സഹായിച്ചിട്ടുണ്ടാകണം. ഏതായാലും അദ്ദേഹത്തിന്റെ മാനസാന്തരം റോമിലുള്ള പലരിലും അമ്പരപ്പുളവാക്കി.

മാനസാന്തരത്തിനുശേഷം അദ്ദേഹം ആരിയൻ പ്രശ്നത്തിൽ ഇടപെടുകയും ആരിയൻ വിരുദ്ധനിലപാട് ന്യായീകരിച്ചുകൊണ്ട് കൃതികളെഴുതുകയും ചെയ്തു. ക്രിസ്തീയ ഗുരുക്കന്മാർ കലാലയങ്ങളിൽ പഠിപ്പിക്കാൻ പാടില്ല എന്ന ജൂലിയന്റെ ശാസന അനുസരിച്ച് (362) വിക്തൊറീനുസ് രാജിവച്ചു. 386 നു മുമ്പ് മരിച്ചു. അദ്ദേഹത്തിന്റെ സാഹിത്യ സൃഷ്ടിയെ രണ്ടായി തിരിക്കാം: ക്രിസ്ത്യാനിയാകുന്നതിനുമുമ്പുള്ള കൃതികൾ. ക്രിസ്തീയകൃതികൾ. ഒന്നാമത്തെ ഗണത്തിൽ പെടുന്നവ ഇവിടെ ചർച്ചചെയ്യുന്നില്ല. ക്രിസ്തീയ കാലഘട്ടത്തിലെ കൃതികളെപ്പറ്റി ചുരുക്കി ചർച്ചചെയ്യാം. ദൈവശാസ്ത്രകൃതികളെന്നും ഭാഷ്യകൃതികളെന്നും അവയെ രണ്ടായി തിരിക്കാം.

ദൈവശാസ്ത്രകൃതികളുടെ ഗണത്തിൽ 12 എണ്ണം ഉൾപ്പെടുന്നു. ആരിയനിസത്തിനെതിരെയുള്ള നിലപാട് കൃതികളിൽ വ്യക്തമാണ്. മൂന്ന് പദ്യകൃതികളും അവയിൽ ഉൾപ്പെടുന്നു. അവ ത്രിത്വസംബന്ധമായ തത്വങ്ങൾ ലളിതമായി പദ്യരൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നു. വളരെ ആഴമായ ദൈവശാസ്ത്രവീക്ഷണങ്ങളൊന്നും ഈ താത്വികകൃതികളിൽ കാണാനില്ല. നെയോപ്ലറ്റോണിസ്റ്റ് പശ്ചാത്തലം വ്യക്തമാണ്. (*FC* 69). വിക്തൊറീനുസ് 362 നുശേഷം *ഭാഷ്യകൃതികളും* രചിച്ചിട്ടുണ്ട്. പൗലോസിന്റെ ലേഖനങ്ങൾക്കുള്ള ഭാഷ്യമാണ് അദ്ദേഹത്തിന്റെ സംഭാവന. എഫേസോസുകാർക്കും, ഗലാത്യർക്കും, ഫിലിപ്പിയർക്കുമുള്ള ലേഖനങ്ങളുടെ ഭാഷ്യങ്ങളേ നമുക്കു കൈവന്നിട്ടുള്ളു. എന്നാൽ ഇടയ്ക്കിടെ ചില ഭാഗങ്ങൾ വിട്ടുപോയിട്ടുമുണ്ട്. റോമാക്കാർക്കും കൊരിന്ത്യർക്കുമുള്ള ലേഖനങ്ങൾക്കും ഭാഷ്യങ്ങളെഴുതി എന്ന് സൂചനകളുണ്ട്. പൗലോസിന്റെ ലേഖനങ്ങൾക്കു ലത്തീൻ ഭാഷയിൽ ആദ്യമായി ഭാഷ്യമെഴുതിയ വ്യക്തി വിക്തൊറീനുസാണ്. തന്റെ മുൻഗാമികളായ എഴുത്തുകാരുടെ ഭാഷ്യ



ങ്ങളൊന്നും ഉപയോഗിക്കാതെ സ്വതന്ത്രമായ ഒരു ഭാഷ്യമാണ് അദ്ദേഹം രചിച്ചത്. ഒരു പക്ഷേ ക്രിസ്തീയ സാഹിത്യവുമായി, പ്രത്യേകിച്ച് ഒരിജന്റെ കൃതികളുമായി വേണ്ടത്ര പരിചയം അദ്ദേഹത്തിനില്ലായിരുന്നു എന്നുവേണം കരുതാൻ. ഇതു പഴയനിയമ ജ്ഞാനത്തെപ്പറ്റിയും പറയാനാവും. പഴയനിയമത്തിന്റെ ചുരുക്കം മാത്രമേ അദ്ദേഹത്തിനു് അറിവുണ്ടായിരുന്നുള്ളു എന്നു തോന്നുന്നു. വാച്യാർത്ഥത്തിലുള്ള വ്യാഖ്യാനമാണ് അദ്ദേഹം നൽകുന്നത്. സിസറോയും വെർജിലും മറ്റും വ്യാഖ്യാനിച്ച് പരിചയിച്ച വിക്തൊറീനുസ് അതേ ശൈലി തന്നെ ഇവിടെയും സ്വീകരിച്ചതാകാം. അഥവാ, അലക്സാണ്ഡ്രിയായിലെ രൂപകാർത്ഥ പ്രതിപാദനരീതിയോടുള്ള എതിർപ്പായും അദ്ദേഹത്തിന്റെ വാച്യാർത്ഥ പ്രധാനമായ ഭാഷ്യത്തെ പരിഗണിക്കാം. ഈ തലത്തിലും അദ്ദേഹം ഒരു തികഞ്ഞ നെയോപ്ലറ്റോണിസ്റ്റായി തന്നെ നിലകൊണ്ടു.

## 5. പൊത്താമിയുസ് (+c.360)

ലിസ്ബണിലെ മെത്രാനായിരുന്ന (350) പൊത്താമിയുസ് 357 ഓടുകൂടി ആരിയൻ പക്ഷപാതികളുടെ കൂടെ ചേർന്നു. സിർമിയം രണ്ടാം ഫോർമുല (357) അംഗീകരിക്കയും റിമിനി സിനഡിൽ (359) പങ്കെടുക്കുകയും ചെയ്തു. ആര്യൻ മിതവാദികളുടെകൂടെ ചേർന്നെങ്കിലും ‘‘പുത്രൻ ഒരു സൃഷ്ടിയാണ്’’ എന്ന ആര്യൻ സിദ്ധാന്തം മുറുകെപ്പിടിച്ചെന്ന് അത്തനാസ്യോസിൽ ഒരു സൂചനയുണ്ട്. ആൽകുയിൻ ആണ് ഇക്കാര്യം പറയുക (PL 101:113). എന്നാൽ പൊത്താമിയുസിന്റെ നാലുകൃതികൾ-ലാസറിനെപ്പറ്റി, ഏശായാപ്രവാചകന്റെ രക്തസാക്ഷിത്വം, അത്തനാസ്യോസിനുള്ള കത്ത്, ‘സത്തയെ’പ്പറ്റിയുള്ള ലേഖനം-ആരിയൻ വിരുദ്ധ രേഖകളാണ്. 360നു ശേഷം മറ്റ് പാശ്ചാത്യ മെത്രാന്മാരോടൊപ്പം പൊത്താമിയുസും ആര്യയൻ വിരുദ്ധ നിലപാട് സ്വീകരിച്ചതാകാം. ഈ നിലപാട് ന്യായീകരിക്കാൻ എഴുതിയവയാകാം രണ്ട് കത്തുകൾ. മറ്റ് രണ്ടു കൃതികളും പ്രസംഗങ്ങളാണ്. ശ്രോതാക്കളെ ഇളക്കത്തക്ക വിധം വളരെ നാടകീയമായി രണ്ടു സംഭവങ്ങളും അവതരിപ്പിച്ചിരിക്കുന്നു.

## 6. ഫേബാദിയുസ് (+c.395)

ഗോളിൽ ആഗെൻ രൂപതാധ്യക്ഷനായിരുന്ന ഫേബാദിയുസ്. റിമിനി സിനഡിൽ (359) സംബന്ധിക്കുകയും

www.malankaralibrary.com



ആര്യൻവിരുദ്ധ ഗ്രൂപ്പിനു് നേതൃത്വം നൽകുകയും ചെയ്തു. റിമിനിയിലെ ഫോർമുലയിൽ അവസാനം ഒപ്പിട്ടതു് ഇദ്ദേഹമാണു്, അതും ചില വിശദീകരണങ്ങൾ എഴുതി വാങ്ങിയ ശേഷംമാത്രവും. അദ്ദേഹം വാർദ്ധക്യംവരെ ജീവിച്ചു. 392-ലും ജീവിച്ചിരുന്നു എന്നു് ജറോം സൂചിപ്പിക്കുന്നു (*മഹത്*. 108). ഗാളിലെ ആര്യൻവിരുദ്ധ പ്രവർത്തനങ്ങളിൽ ഹിലരിയോടു് 361 മുതൽ ഫേബാദിയൂസ് സഹകരിച്ചു. "ആര്യർക്കെതിരെ" അദ്ദേഹം രചിച്ച കൃതി (357–8) കൈവന്നിട്ടുണ്ടു്. സിർമിയം രണ്ടാം ഫോർമുലയുടെ (357) ഖണ്ഡനമാണു് ഈ കൃതി. തെർത്തുല്യന്റെ "പ്രാക്സെയാസിനെതിരെ" എന്ന കൃതിയിൽ നിന്നു് അദ്ദേഹം ധാരാളം കടമെടുത്തിട്ടുണ്ടു്. അത്തനാസ്യോസിന്റെയും മററു് പൗരസ്ത്യരുടെയും, ഗ്രീക്കിലുള്ള ആര്യൻ–വിരുദ്ധ കൃതികളൊന്നും ഫേബാദിയുസ് ഉപയോഗിച്ചിട്ടില്ല. ഗ്രീക്കുഭാഷയിലുള്ള അജ്ഞതയാണിതിനു കാരണം. സിർമിയം ഫോർമുല ഒരൊത്തുതീർപ്പു ഫോർമുലയായിരുന്നു. എന്നാൽ അതു് ആര്യൻ ചാച്ചിലുള്ളതായിരുന്നതിനാൽ ഫേബാദിയൂസ് അതിനെതിരെ ഗ്രന്ഥമെഴുതി. 'സമസത്ത' (ഹോമോഉസിയോസ്) എന്ന പദം ഉപയോഗിക്കരുതെന്ന വിലക്കു തന്നെ അതു് ആര്യൻ രേഖയാണു് എന്നതിനു തെളിവായി അദ്ദേഹം ചൂണ്ടിക്കാട്ടി.

## 7. എൽവീരാമിലെ ഗ്രിഗറി

ഹിസ്പാനിയാ ബേതികാ പ്രോവിൻസിലെ എൽവീരാ രൂപതാധ്യക്ഷനായിരുന്നു[5] ഗ്രിഗറി. ആര്യൻ പ്രശ്നം സ്പെയിനിൽ രൂക്ഷമായ അവസരമാണു് (357–9) അദ്ദേഹം മെത്രാനായതു്. റിമിനി സിനഡിൽ (359) ഗ്രിഗറി സംബന്ധിച്ചില്ല; സിനഡിനുശേഷം തീരുമാനത്തിൽ ഒപ്പുവച്ചുമില്ല എന്നുവേണം കരുതാൻ. അതിന്റെ പേരിൽ നാടുകടത്തലൊന്നും ഉണ്ടായതായി കാണുന്നില്ല. പാശ്ചാത്യ ലോകത്തെ "ലൂസിഫേറിയൻ ശീശ്മ"യുടെ കാലത്തു് (380–5)[6] ഗ്രിഗറി അതിനു നേതൃത്വം നൽകി: 392–ൽ അദേഹം വൃദ്ധനായിരുന്നു എന്നു ജറോം (*മഹത്*. 105) സാക്ഷിക്കുന്നു. 392നു ശേഷമാണു് അദ്ദേഹം മരിച്ചതു്. സെവിലിലെ ഇസിദോറിനു മുൻപു ജീവിച്ച സ്പാനിഷ് എഴുത്തുകാരിൽ പ്രമുഖനായിരുന്നു അദ്ദേഹം. ഒരിജന്റെ കൃതികളുടെ

5. Illiberis എന്നു് ലത്തീനിൽ. ഗ്രനാഡയ്ക്കടുത്തു്.

6. മുകളിൽ പേജ് 29 കാണുക.



സ്വാധീനം ഗ്രിഗറിയിൽ വ്യക്തമാണു്. റുഫീനുസിന്റെ ലത്തീൻ വിവർത്തനത്തിലൂടെയാകാം ഒരിജൻ അദ്ദേഹത്തിന്റെ കൈകളിലെത്തിയതു്. ഒരിജന്റെ രൂപകാർത്ഥ പ്രതിപാദന രീതി[7] ഗ്രിഗറി സ്വന്തമാക്കി. ഭാഷ്യകൃതികളിലുടനീളം ഈ ശൈലി ഉപയോഗിച്ചതായി കാണാം. ഒരിജന്റെ പേരിൽ അറിയപ്പെട്ടിരുന്ന ചില കൃതികൾ ഒരിജന്റേതല്ല, ഗ്രിഗറിയുടെതാണു് എന്ന നിഗമനത്തിലാണു് പണ്ഡിതലോകം ഇന്നു് എത്തിച്ചേർന്നിട്ടുള്ളതു്. 'Tractatus de libris sanctarum scripturarum', Tractutus de Cantica canticorum, De fide, Tractutus de arca Noe എന്നീ കൃതികൾ ഒരിജന്റേതല്ല ഗ്രിഗറിയുടെതാണു് എന്നാണു് പൊതുവെയുള്ള അഭിപ്രായം. വി. ഗ്രന്ഥസംബന്ധമായ 21 വിഷയങ്ങളെ ആധാരമാക്കിയുള്ള നീണ്ട പ്രസംഗങ്ങളാണു് ആദ്യത്തേതു്. ഉത്തമഗീതം 3:4 വരെയുള്ളതിന്റെ ഭാഷ്യം അഞ്ചു് ചെറിയ പുസ്തകങ്ങളായി നൽകുന്നതാണു് രണ്ടാമത്തേതു്. ക്രിസ്തുവും സഭയും തമ്മിലുള്ള സംഭാഷണമായിട്ടാണു് വിവരണം. നോഹ ക്രിസ്തുവിന്റെയും പെട്ടകം സഭയുടെയും സൂചനകളായി വ്യംഗ്യാർത്ഥ ശൈലിയിലുള്ള വ്യാഖ്യാനം നൽകുന്നു. മററു് ഭാഷ്യകൃതികളിലും ഈ പ്രത്യേക വ്യാഖ്യാനരീതി ദൃശ്യമാണു്. "വിശ്വാസത്തെപ്പററിയുള്ളതു്" ഒരു താത്വികകൃതിയാണു്. റിമിനി സിനഡിന്റെ ഫോർമുലയെയും (359) സിർമിയം വിശ്വാസപ്രമാണത്തെയും (357) ഖണ്ഡിച്ചുകൊണ്ടു് 360–ൽ ഗ്രിഗറി തന്റെ പേരുവയ്ക്കാതെ ഒരു കൃതിയെഴുതി. അതിലെ ചില പോരായ്മകൾ ചിലർ ചൂണ്ടിക്കാണിച്ചപ്പോൾ പേരുവച്ചുതന്നെ രണ്ടാമതു് (363–4) ഒരു പതിപ്പിറക്കി. തനിക്കെതിരെയുള്ള ആരോപണങ്ങൾക്കു് ഈ പതിപ്പിന്റെ ആമുഖത്തിൽ ഗ്രിഗറി മറുപടി പറയുന്നു. അതുപോലെ, അവ്യക്തമായിരുന്ന ഭാഗങ്ങൾ അദ്ദേഹം വ്യക്തമാക്കുകയും ചെയ്തു. രണ്ടുപതിപ്പുകളും കൈവന്നിട്ടുണ്ടു്–ഒന്നാമത്തേതു് അംബ്രോസിന്റെയും രണ്ടാമത്തേതു് ഗ്രിഗറി നസ്യാൻസന്റേയും നാമത്തിൽ. സംശയാതീതമായി തെളിയിക്കപ്പെടാത്ത ചില ഗ്രന്ഥങ്ങളുടെയും കർതൃത്വം ഗ്രിഗറിയിൽ ആരോപിക്കുന്നുണ്ടു്.

വേദപുസ്തകത്തിനു് രൂപകാർത്ഥം മാത്രമല്ല ഗ്രിഗറി നൽകുന്നതു്. ചിലതു് വാച്യാർത്ഥത്തിൽ ഗ്രഹിക്കണം. (എസ. 37:1–4) ചിലതു് പഴയനിയമത്തിന്റെ ക്രിസ്തോന്മുഖാർത്ഥം

7. allegorical interpretation

www.malankaralibrary.com



വ്യക്തമാക്കാൻ ടിപ്പോളജിക്കലായി[8] വ്യാഖ്യാനിക്കണം എന്ന് അദ്ദേഹം കരുതി. അങ്ങനെ, യൗസേപ്പ് ക്രിസ്തുവിന്റെ മുൻകുറിയാണ്; നിരവധി മററനേകരും. അക്ഷരത്തിൽ മറഞ്ഞിരിക്കുന്ന ആത്മീയാർത്ഥം ഇപ്രകാരം വ്യക്തമാകും. ഒരിജനിൽ നിന്നാണ് ഈ വ്യത്യസ്ത വ്യാഖ്യാന രീതികളെല്ലാം ഗ്രിഗറി സ്വന്തമാക്കിയതെന്നു വ്യക്തം.

## 8. ഫൗസ്തീനുസ്

ലൂസിഫേറിയൻ വിഭാഗത്തിൽപെട്ട[9] ഒരു വൈദികനായി (380) അദ്ദേഹം റോമിൽ കാണപ്പെടുന്നു. തിയഡോഷ്യസ് ചക്രവർത്തിയുടെ ഭാര്യ ഫ്ളാച്ചില്ലയുടെ (+386) നിർദ്ദേശാനുസരണം "ത്രിത്വത്തെപ്പററി" ഒരു കൃതി (386 നു മുമ്പ്) എഴുതി. ആര്യൻ ചിന്തയുടെ അപഗ്രഥനത്തിനുശേഷം കത്തോലിക്കാ വിശ്വാസം സമഗ്രമായി വിവരിക്കയും ആര്യർ ചർച്ച ചെയ്തിരുന്ന ചില വേദപുസ്തക ഭാഗങ്ങൾ വിശദീകരിക്കയുമാണ്. കൃതിയുടെ അവസാനം പരിശുദ്ധാത്മാവിനെപ്പററിയും ചുരുക്കമായി ചർച്ച ചെയ്യുന്നു. "ആര്യൻ ചിന്തകരോട് ഒരു തരത്തിലുമുള്ള ഒത്തുതീർപ്പുകളും പാടില്ല; ഒരിക്കൽ ആര്യൻ പക്ഷപാതികളെ പിൻതുണച്ചവരെ കത്തോലിക്കാ സഭയിൽ ഉൾപ്പെടുത്താൻ പാടില്ല" എന്നു തുടങ്ങി കടുത്ത കർക്കശ മനസ്ഥിതി പുലർത്തിയിരുന്നവരായിരുന്ന "ലൂസിഫേറിയർ" അത്തരക്കാരുടെ നേതാവായ ഗ്രിഗറി എൽവിരായെ ആശ്രയിച്ചാണ് ഫൗസ്തീനുസ് ഈ കൃതി രചിച്ചിരിക്കുന്നത്. അതുപോലെ ഹിലരിയെയും അദ്ദേഹം ആശ്രയിച്ചിട്ടുണ്ട്. അംബ്രോസിൽ നിന്ന് വളരെയധികം സ്വാധീനം സ്വീകരിച്ചിട്ടില്ല. ഹിലരിയേക്കാളും ഗ്രിഗറിയേക്കാളും വ്യക്തമായി സഭാതത്വങ്ങൾ വിശദീകരിക്കാൻ ഫൗസ്തീനുസിനു സാധിച്ചിട്ടുണ്ട്; പ്രത്യേകിച്ച് പരിശുദ്ധാത്മാവിനെപ്പററിയുള്ള ചർച്ച കുറേക്കൂടി വ്യക്തവും സമഗ്രവുമാണ്. ഈ കൃതിയോട് ചേർത്ത് ഒരു വിശ്വാസപ്രമാണം കൂടി കാണാം. തിയഡോഷ്യസ് ചക്രവത്തിക്ക് ഫൗസ്തീനുസ് അയച്ചുകൊടുത്തതാണിത്. ലൂസിഫേറിയരുടെ എതിരാളികൾ "സബെല്ലിയനിസം" "അപ്പൊള്ളിനാരിസം" എന്നീ തെററായ പ്രബോധനങ്ങൾ ഫൗസ്തീനുസിൽ ആരോപിച്ചിരുന്നു എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. എന്നാൽ

8. typological allegory
9. മുകളിൽ പേജ് 29 കാണുക.



ഈ ആരോപണം അടിസ്ഥാനരഹിതമാണ്. ഒരു സത്ത (ഉസിയ) മൂന്ന് വ്യക്തികൾ (ഹ്യൂപ്പൊസ്താസെസ്) എന്ന് ബേസിൽ വ്യക്തമാക്കിയത് സ്വീകരിക്കാൻ ലൂസിഫേറിയർ വിസമ്മതിച്ചതിനാലാകാം സബെല്ലിയനിസം ആരോപിക്കപ്പെട്ടത്. 'ആത്മാവും ശരീരവുമുള്ള ഒരു പൂർണമനുഷ്യനെ അവതരിച്ച വചനം എടുത്തു' എന്ന് തന്റെ കൃതിയിൽ സ്പഷ്ടമായി അദ്ദേഹം പഠിപ്പിക്കുന്നതിനാൽ "അപ്പൊള്ളിനാരിസത്തെ" പ്പററി പറയുന്നതിനും പ്രസക്തിയില്ല.

മാർസെല്ലീനുസ് എന്ന വൈദികനോടുകൂടെ തിയഡോഷ്യസ് ചക്രവർത്തിക്ക് (384) ഫൗസ്തീനുസ് ഒരു അപേക്ഷ അയച്ചു: 'ലിബെല്ലുസ് പ്രേക്കും'[10] എന്ന് ഇതറിയപ്പെടുന്നു. കടുത്ത വലതുപക്ഷ ചിന്താഗതിക്കാരായ 'ലൂസിഫേറിയരെ' കിഴക്കും പടിഞ്ഞാറുമുള്ള കത്തോലിക്കർ പീഡിപ്പിക്കുന്നത് അവസാനിപ്പിക്കണം എന്നാണ് കത്തിലൂടെ അവർ അപേക്ഷിക്കുന്നത്. ഈജിപ്ത്, പലസ്തീന, ഇററലി, സ്പെയിൻ, ജർമനി എന്നിവിടങ്ങളിലെ ലൂസിഫേറിയൻ സമൂഹങ്ങളെപ്പററിയുള്ള വിവരങ്ങൾ ഈ അപേക്ഷയിൽ കാണാം. പത്തോ ഇരുപതോ വർഷം മുൻപു നടന്ന സംഗതികൾ ഭാവനാസമ്പന്നമായി വർണിച്ചും പെരുപ്പിച്ചും കെട്ടുകഥകൾ കൂട്ടിച്ചേർത്തും ഇതിൽ കൊടുത്തിട്ടുണ്ട്. എന്നാൽ സമകാലീന സംഭവങ്ങൾ വസ്തുനിഷ്ഠമായി തന്നെ വിവരിക്കുന്നു. ആര്യൻ പക്ഷപാതികളോട് ഒരു തരത്തിലും ഒത്തുതീർപ്പും പാടില്ല എന്ന കർക്കശ മനസ്ഥിതിയാണ് ഇതിലും കാണുന്നത്. ഇതിനു മറുപടിയായി ചക്രവർത്തി നൽകിയ രേഖയും ഇതോടൊപ്പം ചേർത്തിട്ടുണ്ട്. പാശ്ചാത്യലോകത്ത് ഗ്രിഗറി എൽവീരായോട് സംസർഗത്തിൽ കഴിയുന്നവർക്കും, പൗരസ്ത്യലോകത്ത് ഒഷ്റേണിലെ ഹെരാക്ളിദെസുമായി സഹകരണത്തിൽ കഴിയുന്നവർക്കും ആരാധനാസ്വാതന്ത്ര്യം ഉണ്ടായിരിക്കും; അവരെ ആരും പീഡിപ്പിക്കാൻ പാടില്ല എന്ന് ചക്രവർത്തി തീർപ്പു കല്പിച്ചു.

10. Libellus Precum.

www.malankaralibrary.com



# അനുബന്ധം

## ജർമീനിയുസും ഹെരാക്ലിയാനുസും തമ്മിൽ നടന്ന സംവാദം[11]

ആര്യൻ തർക്കം സംബന്ധിച്ചുള്ള ഒരു സുപ്രധാന രേഖയാണിതു്. സിർമിയം മെത്രാൻ ജർമീനിയൂസും ഹെരാക്ലിയാനൂസും തമ്മിൽ നടന്ന സംവാദമാണ് ഇതിന്റെ ഉള്ളടക്കം. ജർമീനിയൂസ് ആര്യൻ പക്ഷപാതികളുടെ ഇടയിലെ മിതവാദിയായിരുന്നു. മറെറയാൾ നിഖ്യായുടെ വക്താവായ ഒരൽമായൻ. ഈ സംവാദത്തിനു നാലു ഭാഗങ്ങളുണ്ടു്: (1) പരിശുദ്ധാത്മാവിന്റെ ദൈവത്വം, പിതാവും പുത്രനും തമ്മിലുള്ള തുല്യത എന്നിവ സംബന്ധിച്ചുള്ള ചർച്ച. ആരിയൻ പക്ഷപാതിയായ മെത്രാൻ അതു് നിഷേധിക്കുന്നു; എന്നാൽ ആ അൽമായനെ ആരിയൻ ചിന്തയിലേക്കു് ആനയിക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. (2) പുത്രന്റെ 'അജ്ഞതയെ' സംബന്ധിച്ചുള്ള വിശുദ്ധഗ്രന്ഥഭാഗം (മർക്കോ. 13:32; മത്താ. 24:36) ഉദ്ധരിച്ചുകൊണ്ടു് ഹെരാക്ലിയാനൂസിനെ നിശ്ശബ്ദനാക്കാൻ തിയഡോറൂസ് എന്ന വൈദികൻ ശ്രമിക്കുന്നു; എന്നാൽ അതിനു സാധിച്ചില്ല. (3) 'പുത്രന്റെ താണസ്ഥിതി, പരിശുദ്ധാത്മാവു് സൃഷ്ടിയാണ്' എന്നീ ആര്യൻ ചിന്തയെ എതിർക്കുന്നു. അഗ്രിപ്പീനൂസ് എന്നയാളാണ് എതിരാളി. (4) ജർമീനിയൂസ് വീണ്ടും പ്രത്യക്ഷനായി പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിക്കുന്നു. ഹെരാക്ലിയാനൂസ് ഇതിനെ എതിർത്തു് മൂന്നാളുകളുടെ ഐക്യം പ്രസ്പഷ്ടമാക്കുന്നു.

ഹെരാക്ലിയാനൂസിനെ ആര്യൻ ചിന്തയിലേക്കു കൊണ്ടുവരാൻ സാധിക്കാഞ്ഞതിൽ നിരാശരായ ജനക്കൂട്ടം ബലം പ്രയോഗിച്ചു് അംഗീകരിപ്പിക്കാൻ ശ്രമിച്ചു. അയാൾ ഒരു പാഷണ്ഡിയാണെന്നു് ജർമീനിയൂസ് അയാളെ മുദ്രകുത്തുന്നു. അയാളെ കോടതിയിൽ ഹാജരാക്കി കൊലയ്ക്കു വിധിക്കാൻ ജനം തിടുക്കം കൂട്ടി. എന്നാൽ അതിനു് ജർമീനിയൂസ് സമ്മതിച്ചില്ല. അവസാനം ആ അൽമായനെ മററു് തടവുകാരോടൊപ്പം സ്വതന്ത്രനാക്കി വിട്ടു. ഇതാണു രേഖ. പിൽക്കാലത്തു് കത്തോലിക്കരാരോ ഈ രേഖയിൽ ചില മാററങ്ങൾ വരുത്തിയതിന്റെ ലക്ഷണം അവിടവിടെ കാണാനുണ്ടു്.

11. Altercation.

അധ്യായം 4

# ആരിയൻ സാഹിത്യം

മുർസായിലെ മെത്രാൻ *വാലെൻസ്* സിൻജിദൂണം[1] മെത്രാൻ *ഉർസാചിയൂസ്* എന്നീ രണ്ടു് ഇല്ലീറിയൻ മെത്രാന്മാർ ആരിയൻ പക്ഷപാതികളായിരുന്നു. ടയർ സിനഡിൽ വച്ചു (335) അവർ ആരിയൻ ചിന്താഗതി പുലർത്തുകയും അത്തനാസ്യോസിനെതിരെയുള്ള നിലപാടു സ്വീകരിക്കുകയും ചെയ്തു. ആര്യൻ ചിന്താഗതി പുലർത്തിയ കോൺസ്റ്റൻസ്യൂസ് ഏകാധിപതിയായിക്കഴിഞ്ഞപ്പോൾ ആര്യൻ പാഷണ്ഡികൾ പാശ്ചാത്യലോകത്തു് കുറേ പ്രചരണം നടത്തുകയും കുറേയൊക്കെ വിജയിക്കുകയും ചെയ്തു എന്നു മുൻപു് സൂചിപ്പിച്ചല്ലോ.[2] ഇല്ലീറിക്കും, ഗോൾ, സ്പെയിൻ എന്നിവിടങ്ങളിൽ ആര്യൻ ഗ്രൂപ്പുകൾ ഉടലെടുത്തു. എന്നാൽ പാശ്ചാത്യലോകത്തുള്ള ഈ ആര്യൻ ഗ്രൂപ്പുകളുടെ 380 വരെയുള്ള സാഹിത്യകൃതികൾ ഒന്നുംതന്നെ കൈവന്നിട്ടില്ല. ഒരു പക്ഷേ സാഹിത്യ കൃതികളൊന്നും അവർ കാര്യമായി രചിച്ചിട്ടില്ലായിരിക്കാം.

*സിർമിയം വിശ്വാസനിർവചനം* ആണ് (357)[3] ലത്തീൻ സാഹിത്യത്തിലെ ഏററവും പുരാതനമായ ആര്യൻ രേഖ. വാലെൻസും ഉർസാചിയൂസും ജർമീനിയൂസും മുൻകൈ എടുത്തു രൂപം കൊടുത്തതാണ് ഈ രേഖ. സിർമിയത്തിൽ ഫൊത്തീനൂസിന്റെ പിൻഗാമിയായിരുന്നു (351) *ജർമീനിയൂസ്*. ക്രിസ്തു പിതാവിനേക്കാൾ താണ പടിയിലാണ് എന്നു വ്യക്ത

1. ഇന്നത്തെ പേരു് ബൽഗ്രേഡ്.
2. മുകളിൽ പേജ് 9 കാണുക.
3. സിർമിയത്തെ 'ദൈവദൂഷണം' എന്നറിയപ്പെടുന്ന രണ്ടാം ഫോർമുല: സൊക്രാട്ടസ്, സഭാചരിത്രം, 2:30.

www.malankaralibrary.com



മായി രേഖപ്പെടുത്തിയിരിക്കുന്ന ഈ രേഖ ആരിയൻ പാഷണ്ഡതയ്ക്കു വാതിൽ തുറന്നു കൊടുക്കുന്നതു തന്നെയാണ്. അതുപോലെ *സമസത്ത* (ഹോമോഉസിയോസ്) എന്ന പദം ഇതിൽ ഉപേക്ഷിച്ചിരിക്കുന്നു. സത്യവിശ്വാസത്തിന്റെ ഉരകല്ലായി നിഖ്യാ അംഗീകരിച്ച ഈ പദം ഉപേക്ഷിക്കുന്നതുവഴി നിഖ്യാ വിശ്വാസപ്രമാണം പുറംതള്ളാമെന്നായിരുന്നു ആരിയൻ ചിന്ത.

*റിമിനി വിശ്വാസനിർവചനം* (359)[4] കുറേക്കൂടി ചെറുതാണ്. മുകളിൽ പറഞ്ഞ മൂന്നു മെത്രാന്മാർ നേതൃത്വം കൊടുത്തു് ആര്യൻ പക്ഷപാതക്കാരായ ന്യൂനപക്ഷവിഭാഗം റിമിനിയിൽ വച്ചു രൂപീകരിച്ചതാണ് ഇതു്. കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി ഇതംഗീകരിക്കുകയും ഭൂരിപക്ഷം വരുന്ന നിഖ്യാ അനുകൂലികളായ പാശ്ചാത്യ മെത്രാന്മാരുടെമേൽ ഇതു് അടിച്ചേല്പിക്കുകയും ചെയ്തു. 'തിരുലിഖിതമനുസരിച്ചു പുത്രൻ പിതാവിനെപ്പോലെയാണ്' എന്ന പൊതു പ്രസ്താവനയേ ഇതിലുള്ളൂ. അതുകൊണ്ടു് ആദ്യത്തേതിനേക്കാൾ ഇതിനു് കാഠിന്യം കുറവാണ്. എന്നാൽ ഓരോരുത്തർക്കും ഇഷ്ടാനുസരണം വ്യാഖ്യാനിക്കാൻ ഈ പ്രസ്താവന വാതിൽ തുറന്നുകൊടുത്തു. ഹിലരിയും വെർച്ചെല്ലിയിലെ എവുസേബിയസും കൂടി മിലാനിലെ ആര്യൻ മെത്രാൻ ഔക്സെൻസ്യൂസിനെ നീക്കാനായി ഒരു ശ്രമം നടത്തി.[5] വലന്റീനിയൻ ചക്രവർത്തിയെ സ്വാധീനിക്കാൻ അവർക്കു സാധിക്കാഞ്ഞതിനാൽ നീക്കാൻ കഴിഞ്ഞില്ല. റിമിനി വിശ്വാസ നിർവചനം താൻ അംഗീകരിക്കുന്നു എന്ന് ചക്രവർത്തിക്കുള്ള കത്തിൽ ഔക്സെൻസ്യൂസ് ചൂണ്ടിക്കാട്ടി. ആര്യൻ വിഭാഗം ഈ വിശ്വാസനിർവചനമാണ് ഔദ്യോഗികമായി അംഗീകരിച്ചിരുന്നതു്.

*ജർമീനിയൂസ്* പിന്നീടു് ആര്യൻ വിരുദ്ധ നിലപാടു സ്വീകരിച്ചു എന്നു തെളിയിക്കുന്ന രേഖകൾ കണ്ടുകിട്ടിയിട്ടുണ്ടു്. 357-ലെ രേഖപോലും ആരിയസ്, എവുണോമിയസ്, ഏസ്യൂസ് എന്നിവരുടെ കടുത്ത പാഷണ്ഡത ധ്വനിപ്പിക്കുന്നില്ല. റിമിനിഫോർമുല അതിലും മയപ്പെട്ടതാണ്.

പടിഞ്ഞാറ് 380 നോടുകൂടി ആരിയനിസം ഇല്ലീറിയയിലെ ചില കേന്ദ്രങ്ങളിൽ മാത്രം ഒതുങ്ങി നിന്നു. അവസാനിച്ചുകൊണ്ടിരുന്ന ഈ ആരിയൻ വിഭാഗക്കാർക്കു് പുറത്തു

4. അതേകൃതി, 2;387.
5. മുകളിൽ പേജുകൾ 12, 27 കാണുക.



നിന്നുവന്ന *ഗോതിക്ക് പട്ടാളക്കാർ* ആവേശം പകർന്നു കൊടുത്തു. ഗോതിക്ക് അപരിഷ്കൃതരെ ഒരുകാലത്തു് ധാരാളമായി റോമൻ പട്ടാളത്തിൽ ചേർത്തിരുന്നു. ഈ പട്ടാളക്കാർ ആരിയൻ ചിന്തകരായിരുന്നു. ചക്രവർത്തിമാർ കത്തോലിക്കാ വിശ്വാസികളായിരുന്നപ്പോഴും ഇവരുടെമേൽ നടപടിയുണ്ടായില്ല.

*വുൾഫിലാ* (+383) എന്നയാളാണ് അപരിഷ്കൃതരായ ഈ ഗോത്യരെ ക്രിസ്ത്യാനികളാക്കിയതു്. നിക്കോമേദിയായിലെ എവുസേബിയസ് 341-ൽ വുൾഫിലായെ ഗോത്യരുടെ മെത്രാനായി വാഴിച്ചു. കിരാതരായ ഗോത്യർ കപ്പദോചിയായിൽ നിന്നു തട്ടിക്കൊണ്ടുപോയ ക്രിസ്ത്യാനികളുടെ വംശപരമ്പരയിൽപെട്ട ആളായിരുന്നു വുൾഫിലാ. മുപ്പതാം വയസ്സിൽ മെത്രാനായ ശേഷം ഗോത്യരുടെ മാനസാന്തരത്തിനായി അദ്ദേഹം അത്യധ്വാനം ചെയ്തു. ആരിയൻ ചിന്താഗതിയുള്ള ക്രിസ്തുമതത്തിലാണ് അദ്ദേഹം വിശ്വസിച്ചിരുന്നതു് എന്നു മാത്രം.

ഗോതിക് പട്ടാളക്കാരുടെ സാന്നിധ്യം മൂലം ധൈര്യം കിട്ടിയ *ഇല്ലീരിയൻ ആരിയന്മാർ* നിർഭയരായും പരസ്യമായും ആരിയൻ വിശ്വാസം പ്രസംഗിക്കുകയും പ്രചരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. തിയഡോഷ്യസ് ചക്രവർത്തിയെപ്പോലും അവർ ഭയന്നില്ല. ഇവരുടെ ഇടയിൽ വളരെയധികം ആരിയൻ സാഹിത്യം ഉടലെടുത്തു. അവയിൽ ചിലതു് നമുക്കു കൈവന്നിട്ടുണ്ടു്. ഈ കൃതികളെല്ലാം ആരിയൻ പാഷണ്ഡത പ്രചരിപ്പിക്കുന്നു. ഒരേ സാഹിത്യശൈലിയും ഒരേ പ്രതിപാദനരീതിയും ഒരേ ഉള്ളടക്കവുമാണ് ഇവയ്ക്കെല്ലാം. ആരിയനിസത്തിന്റെ പ്രചരണമായിരുന്നു ഇവയുടെയെല്ലാം ലക്ഷ്യം. ഗ്രന്ഥകാരന്റെ യഥാർത്ഥനാമം വെളിപ്പെടുത്താതെയാണ് ഈ സാഹിത്യം പ്രചരിപ്പിച്ചിരുന്നതു്. ഈ കാലഘട്ടത്തിലെ ചില ആരിയൻ നേതാക്കന്മാരുടെ പേരുകൾ മാത്രം നമുക്കറിയാം; റാത്സിയാറിയായിലെ പല്ലാഡിയൂസ്, ഡിൻജിട്ടണം മെത്രാൻ സെക്കുൻദിയാനുസ്: ഇരുവരും 381-ൽ അക്വീലെയായിൽ വച്ചു മുടക്കപ്പെട്ടു. വുൾഫിലായുടെ ശിഷ്യനായ ഒരു ഔക്സെൻസ്യൂസ്; ആഗസ്റ്റിനോടും അംബ്രോസിനോടും തർക്കിച്ച ഒരു മാക്സിമീനുസ്. മാക്സിമീനുസിന്റെ കൃതികളെപ്പറ്റി കുറേയൊക്കെ കൃത്യമായി നമുക്കറിയാം. എന്നാൽ മറ്റുള്ളവരുടെ കൃതികളെപ്പറ്റി നമുക്കു കാര്യമായ അറിവില്ല. പാശ്ചാത്യ ആരിയനിസത്തിന്റെ നേതാവ് വുൾഫിലാ തന്നെയായിരുന്നു എന്നാണ് പൊതുവെയുള്ള അഭിപ്രായം.

www.malankaralibrary.com



*മാക്സിമീനൂസ്* (360/5_427/8) ഇല്ലീറിയൻ പ്രദേശത്തു നിന്നുള്ള ആളായിരുന്നു; പാശ്ചാത്യ ആരിയനിസത്തിന്റെ ഈ വക്താവ് ഗോതിക് പശ്ചാത്തലത്തിൽ നിന്നുള്ള നേതാവായിരുന്നു. 427/8 _ ൽ ഹിപ്പോയിൽ വച്ച് അഗസ്റ്റിനുമായി ത്രിത്വത്തെക്കുറിച്ച് ഇയാൾ സംവാദം നടത്തി. ''അംബ്രോസിനെതിരെയുള്ള കൃതി'',[6] അഗസ്റ്റിനുമായി നടത്തിയ സംവാദം[7] എന്നിവയാണ് ഇയാളുടെ പ്രധാനകൃതികൾ. വേറേ ചില കൃതികളും ഇയാളുടെ പേരിൽ അറിയപ്പെടുന്നു. ആരിയൻ ചിന്തകളാണ് ഈ കൃതികളിലുടനീളം കാണുക.[8]

## ആരിയൻ ഭാഷ്യകൃതികൾ

മത്തായിയുടെ സുവിശേഷത്തിന്റെ അപൂർണ്ണ വ്യാഖ്യാനം[9], യോബിന്റെ ഭാഷ്യം[10] ലൂക്കായുടെ സുവിശേഷത്തെപ്പററിയുള്ള ചർച്ചകൾ,[11] എന്നീ ആരിയൻ ഭാഷ്യകൃതികളുടെ കർത്താവ് ആരാണെന്ന് തീരുമാനിക്കപ്പെട്ടിട്ടില്ല. ഈ മൂന്നു കൃതികളിൽ ഒന്നാമത്തേത്, ലത്തീൻ ഭാഷയിൽ ഈ ഗ്രന്ഥത്തിനുള്ള ഏററവും നീണ്ട പുരാതനവ്യാഖ്യാനമാണ്. മത്തായിയുടെ സുവിശേഷം ഇരുപത്തിയഞ്ചാം അദ്ധ്യായം വരെയുള്ള വ്യാഖ്യാനമേ ഇപ്പോൾ നമുക്കു കൈവന്നിട്ടുള്ളു. അപൂർണ്ണരീതിയിൽ പിൻതലമുറയിലേക്കു കൈമാറിയ ഈ ഗ്രന്ഥത്തിൽ പിൽക്കാലത്തു് ആരോ പലതും കൂട്ടിച്ചേർത്തു എന്നതിനു കൃതിയിൽ സൂചനയുണ്ട്. മധ്യകാലഘട്ടത്തിൽ ഇതു് ജോൺ ക്രിസസ്തോമിന്റെ പേരിലാണ് പ്രചരിച്ചിരുന്നതു്. ജനങ്ങൾ ഇതു താല്പര്യപൂർവം വായിക്കുകയും ചെയ്തിരുന്നു. അക്കാരണത്താൽ പിൽക്കാല കൈയെഴുത്തു പ്രതികളിലും ആദ്യം അച്ചടിച്ച പതിപ്പുകളിലും ഈ ആരിയൻ ഘടകങ്ങൾ നീക്കം ചെയ്തിരുന്നു. ആരിയനിസത്തിൽ ചെറിയ ആരിയൻ സമൂഹങ്ങളെ ഉറപ്പിച്ചു നിർത്താനുതകുന്ന തരത്തിലാണ് വ്യാഖ്യാനം. കത്തോലിക്കാ

6. Dissertatio Maximini Contra Ambrosium
7. Collatio Augustini cum Maximino Arrianorum episcopo.
8. *PL* 57:781-806; 829-32; *PLS*.1:691-763.
9. Opus imperfectum in Matthaeum
10. Commentarius in Job
11. Tractutus in Lucam



സഭയെ സാത്താന്റെ സൈന്യമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നതു്.[12] ഒരിജന്റെ ഭാഷ്യരീതിയോടാണ് ആരിയൻ ഗ്രന്ഥകാരനു് അടുപ്പം.[13]

യോബിന്റെ ഭാഷ്യം (1:1_3:19) ഒരിജന്റെ പേരിൽ കുറേനാൾ പ്രചരിച്ചിരുന്നു. ത്രിത്വസംബന്ധമായ കാതോലിക പ്രബോധനത്തെ എതിർക്കുന്ന ഭാഗങ്ങൾ ഇതിന്റെ ആരിയൻ സ്വഭാവം വ്യക്തമാക്കുന്നു. വ്യംഗ്യാത്ഥഭാഷ്യരീതി അവിടവിടെ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ വളരെയില്ല. പീഡസഹിച്ച് കഷ്ടപ്പെട്ട യേശുവിന്റെ പ്രതീകമായി ഗ്രന്ഥകാരൻ യോബിനെ ചിത്രീകരിക്കുന്നു. 'നിരപരാധി പരീക്ഷിക്കപ്പെടുന്നു' എന്ന കാര്യത്തിനാണ് ഭാഷ്യം കൂടുതൻ ഊന്നൽ കൊടുത്തിരിക്കുന്നതു്. പിശാചാണ് ഇതിന് കാരണക്കാരൻ എന്നാണ് ഭാഷ്യകാരന്റെ ചിന്ത.[14]

ലൂക്കായുടെ സുവിശേഷത്തിലെ നാല്പതു വാക്യങ്ങളുടെ ഭാഷ്യമാണ് മൂന്നാമത്തേതു്. സാമാന്യം സുദീർഘമായി ചിലയിടങ്ങളിൽ ചർച്ച ചെയ്യുന്നുണ്ട്. വ്യംഗ്യാർത്ഥഭാഷ്യരീതി ഈ കൃതിയിലും ദൃശ്യമാണ്. എന്നാൽ വാച്യാർത്ഥഭാഷ്യരീതി ഉപേക്ഷിച്ചിട്ടുമില്ല. ഈ ആര്യൻ ചിന്തകർക്കു് അവരുടേതായ ഒരു ഭാഷ്യരീതി ഉണ്ടായിരുന്നു എന്നു പറയാൻ പ്രയാസമാണ്. അന്നു നിലവിലിരുന്ന ഭാഷ്യരീതികൾ ഇവരും ഉപയോഗിച്ച് ആരിയനിസം പഠിപ്പിച്ചു എന്നു മാത്രം.[15]

## ആരിയൻ താത്വിക കൃതികൾ

മൂന്നു താത്വികകൃതികൾ പാശ്ചാത്യ ആര്യരുടേതായി നമുക്കു ലഭിച്ചിട്ടുണ്ട്: (1) *വുൾഫിലായുടെ വിശ്വാസം* ജീവചരിത്രം, മരണം എന്നിവയെക്കുറിച്ചുള്ള ലേഖനം[16] അംബ്രോസിനെതിരെയുള്ള കൃതിയിൽ മാക്സിമീനുസ് ഈ കൃതി വ്യാപകമായി ഉപയോഗിച്ചിട്ടുണ്ട്. വുൾഫിലാ മരിച്ച് (383) അധികനാൾ കഴിയുന്നതിനുമുൻപ് ഇതു് എഴുതപ്പെട്ടു എന്നു കരുതാം. താൻ വുൾഫിലായുടെ ഒരു ശിഷ്യനാ

12. ആധുനിക കാലത്തെ യഹോവാസാക്ഷികൾ ഈ ആരിയൻ പാഷണ്ഡത പുനരുദ്ധരിക്കാനാണ് ശ്രമിക്കുന്നതു്.
13. *PG.* 56:611-948.
14. *PG.* 17:371-522.
15. *PLS.* 1:327-344.
16. Epistula de fide, vita et obitu Ulfilae

www.malankaralibrary.com



ണെന്നു് ഗ്രന്ഥകാരൻ അവകാശപ്പെടുന്നു. പൂർണമായി ആര്യനിസം ഉൾക്കൊള്ളുന്ന ഒരു വിശ്വാസപ്രഖ്യാപനവും ഇതിലുണ്ടു്. വൂൾഫിലാ തന്റെ മരണത്തിനു തൊട്ടുമുമ്പു് നൽകിയതാണിതു്. പുത്രനെയും പരിശുദ്ധാത്മാവിനെയും പിതാവിനേക്കാൾ താഴ്ന്ന പടികളിൽ കാണുന്നതും പരിശുദ്ധാത്മാവിനെ സൃഷ്ടിയുടെ നിലയിലേക്കു താഴ്ത്തിക്കാട്ടാൻ ശ്രമിക്കുന്നതും ആര്യനിസമാണ്. (2) *ആര്യൻവേദപാഠം*[17] ആര്യൻ തത്വങ്ങൾ വളരെ കൃത്യമായി വിവരിക്കുന്ന ഒരു ലഘുഗ്രന്ഥമാണിതു്. ആര്യൻ ക്രിസ്ത്യാനികളായ ഗോത്യരുടെ ഇടയിൽ ഇതു് പ്രചരിച്ചിരുന്നു. അഗസ്റ്റിൻ ഇതിനു് ഒരു മറുപടി എഴുതിയിട്ടുണ്ടു്.[18] (3) *ഫ്രാഗ്മെന്താ അറിയാനാ*[19] ആര്യൻ പാഷണ്ഡത പഠിപ്പിക്കുന്ന വിവിധ ഗ്രന്ഥങ്ങളുടെ ഭാഗങ്ങൾ ഒന്നിച്ചുചേർത്തിരിക്കുന്നു.

## ഉപസംഹാരം

ആരിയൻ ചിന്തയിൽ ദൈവത്വത്തിലെ സമസത്തയുള്ള[20] മൂന്നാളുകൾക്കു സ്ഥാനമില്ല. 'ത്രിത്വം' എന്ന പദം അവർ ഉപയോഗിക്കുന്നെങ്കിലും ചരിത്രത്തിൽ നിന്നെടുത്ത ഒരു പദം എന്ന നിലയിൽ മാത്രമാണ്. അതിനൊരർത്ഥവുമില്ല. പിതാവുമാത്രം ദൈവം; പുത്രൻ സൃഷ്ടിയാണ്; പുത്രനെ ദൈവം ദത്തെടുത്തു് ദൈവപുത്രനാക്കി. എന്നാൽ പിതാവുമായി ഒരു സത്തയല്ല. പരിശുദ്ധാത്മാവ് പുത്രന്റെ ആദ്യസൃഷ്ടിയാണ്. സൃഷ്ടിയുടെ തലത്തിലാണ് പരിശുദ്ധാത്മാവ്. ദൈവിക തലത്തിലല്ല. വളരെ വഴിപിഴച്ചതും ക്രിസ്തുമതത്തിന്റെ അടിസ്ഥാനതത്വങ്ങൾ നിരാകരിക്കുന്നതുമായ ഒരു കൊടിയ പാഷണ്ഡതയാണ് ആരിയനിസം.

പാശ്ചാത്യലോകത്തു് ഗോതിക് വംശജരുടെ ഇടയിൽ ഇതു് പ്രചരിച്ചു. ഇല്ലീറിയായിലെ ചില പ്രദേശങ്ങളിൽ ആരിയനിസം നിലനിന്നു. കാലക്രമത്തിൽ ഈ പാഷണ്ഡത ഭൂമുഖത്തു നിന്നു് അപ്രത്യക്ഷമായി. *ഗോതിക് സാഹിത്യം* വൂൾഫിലായുമായി ബന്ധപ്പെട്ടതാണ്. പുതിയനിയമത്തിലെ ചില ഗ്രന്ഥങ്ങളുടെ ഭാഗികവിവർത്തനമാണ് അതിൽ പ്രധാനം.

---

17. Sermo Arrianorum
18. Contra Sermonem Arrianorum
19. Fragmenta Arriana
20. homoousios

അധ്യായം 5

# ഡൊണാററിസ്ററ് സാഹിത്യം

ഡയോക്ലിഷന്റെയും (284 - 305) ഗലേരിയുസിന്റെയും (305 _ 311) മതമർദ്ദനത്തിനുശേഷം ആഫ്രിക്കൻസഭയിൽ ഉടലെടുത്ത തർക്കത്തിലാണ് ഡൊണാററിസം എന്ന ശീശ്മയുടെ ആരംഭം. ചിലർ ധൈര്യപൂർവം നിന്നു പീഡകൾ സഹിച്ചു; ചിലർ കൊല്ലപ്പെട്ടു; എന്നാൽ ചിലയാളുകൾ വിശ്വാസം ത്യജിച്ചു; ചിലർ വിശുദ്ധ പാത്രങ്ങളും ക്രിസ്തീയ ഗ്രന്ഥങ്ങളും പീഡകർക്കു് കൊടുത്തു. ഇതിൽ ഹയരാക്കിയിലെ ചിലരും ഉൾപ്പെട്ടു. ഇപ്രകാരം സഭാംഗങ്ങൾ ലാഘവത്തോടെ പെരുമാറിയതു് ചർച്ചാവിഷയമായി. കാർത്തേജിലെ മെത്രാനായ മെൻസൂറിയൂസ് ഇക്കാര്യത്തിൽ കക്ശസ്ഥിതി പുലത്തുന്നതിന് എതിരായിരുന്നു. വിശുദ്ധ പാത്രങ്ങൾ പീഡകർക്കു കൊടുത്ത എന്ന തെററിൽ[1] അദ്ദേഹം ഉൾപ്പെട്ടിരുന്നില്ല. നമീഡിയൻ മെത്രാന്മാർ ആകട്ടെ കർക്കശ മനസ്ഥിതി പുലർത്തുകയും മെൻസൂറിയൂസിനോട് പിണങ്ങുകയും ചെയ്തു. അദ്ദേഹം 311 _ൽ മരിച്ചപ്പോൾ മൂന്നു മെത്രാന്മാർ കൂടി പെട്ടെന്നു് ചെച്ചീലിയാനൂസ് എന്ന ഡീക്കനെ മെത്രാനായി വാഴിച്ചു. ഈ ഡീക്കനും തന്റെ മുൻഗാമിയുടെ ചിന്താധാര വച്ചുപുലത്തുകയും എല്ലാക്കാര്യങ്ങളിലും മിതത്വം ആവശ്യപ്പെടുകയും ചെയ്തിരുന്ന ആളായിരുന്നു. ഈ മെത്രാഭിഷേകം കക്ശമാനസ്സരായ മെത്രാന്മാർക്കിഷ്ടപ്പെട്ടില്ല. ലുച്ചില്ല എന്ന പ്രണക്കാരിയായ ഒരു സ്ത്രീ ഇതിനു പിന്നിൽ പ്രവർത്തിച്ചു. കാർത്തേജിലെ മെത്രാന്റെ തെരഞ്ഞെടുപ്പിന് സാധാരണയായി നമീഡിയൻ മെത്രാന്മാർ പങ്കെടുക്കാറുണ്ടായിരുന്നു. എന്നാൽ ഇപ്രാവശ്യം അവർ പങ്കെടുത്തില്ല. പട്ടം കൊടുത്തവരിൽ ഒരാളായ അപ്തുംഗായിലെ ഫേലിക്സ് വിശുദ്ധ

---

1. "traditores" എന്ന പേരിലാണ് ഈ തെററുകാർ അറിയപ്പെട്ടിരുന്നതു്.

www.malankaralibrary.com



പാത്രങ്ങൾ കൊടുത്തയാൾ[2] ആയതിനാൽ പട്ടം വാസ്തവമല്ല എന്ന് 70 നുമീഡിയൻ മെത്രാന്മാർ വാദിക്കയും കാർത്തേജിൽ യോഗം ചേന്ന് ചെച്ചീലിയാനുസിന്റെ തെരഞ്ഞെടുപ്പ് റദ്ദുചെയ്യുകയും 312-ൽ ലൂച്ചില്ലായുടെ സ്ഥാനാർത്ഥിയായ മയൊറീനുസിനെ തെരഞ്ഞെടുത്തു മെത്രാനാക്കുകയും ചെയ്തു. തെരഞ്ഞെടുപ്പിൽ പങ്കെടുത്തവർക്കെല്ലാം ലൂച്ചില്ല വളരെയധികം സമ്മാനങ്ങൾ നൽകി എന്നു പറയപ്പെടുന്നു. മയൊറീനുസ് മരിച്ചപ്പോൾ ഡൊണാത്തുസ് പിൻഗാമിയായി. ഡൊണാത്തുസിൽ നിന്ന് ഡൊണാററിസം എന്ന ശീശ്മ പേരു സ്വീകരിച്ചു. ആഫ്രിക്കൻ സഭ ഇപ്രകാരം രണ്ടായി പിളന്നു. ഡൊണാററിസ്റ്റ് മെത്രാന്മാർ കോൺസ്റ്റൻടൈൻ ചക്രവത്തിയെ സമീപിച്ചു. പിളപ്പ് അവസാനിപ്പിക്കാൻ ഗോളിലെ മെത്രാന്മാരുടെ സഹായം തേടി. റോമൻ മെത്രാൻ മിൽതിയാദെസിന്റെ നേതൃത്വത്തിൽ 313-ൽ മൂന്നു ഗാള്ളിക്കൻ മെത്രാന്മാരും ചില ഇററാലിയൻ മെത്രാന്മാരും റോമിൽ ഒന്നിച്ചുകൂടി ഇതേപ്പററി ചർച്ചചെയ്തു. ഈ സിനഡ് ഡൊണാത്തുസിനെതിരെയുള്ള നിലപാടു സ്വീകരിച്ചു. ഉടനെ ആൾസിൽ (314) കൂടിയ സിനഡിലേക്ക് സൊണാററിസ്റ്റുകൾ അപ്പീൽ ചെയ്തു. ഇതിനിടയിൽ ആഫ്രിക്കയിൽ നടത്തിയ അന്വേഷണത്തിൽ ഫേലിക്സ് കുററക്കാരൻ അല്ലെന്നു തെളിഞ്ഞു. ആൾസിലെ സിനഡും ചെച്ചീലിയാനുസിനെ അംഗീകരിച്ചു. എന്നിട്ടും ഡൊണാത്തുസും കൂട്ടരും കീഴടങ്ങിയില്ല. കോൺസ്റ്റൻടൈൻ ചക്രവത്തി അവരെ അമർച്ച ചെയ്യാൻ ശ്രമിച്ചു. അവരിൽ ചിലരെ നാടുകടത്തി. ഡൊണാററിസ്ററുകൾ ആകട്ടെ ശീശ്മ തുടർന്നു. അവസാനം ചക്രവത്തിതന്നെ നാടുകടത്തപ്പെട്ടവരെ തിരികെ വിളിച്ചു.

ഒരു കാലത്ത് ആഫ്രിക്കൻ സഭയിൽ സൊണാത്തുസിന്റെ കക്ഷിക്കായിരുന്നു മേധാവിത്വം. അവരെ എതിർക്കാനുള്ള കഴിവുപോലും കത്തോലിക്കർക്കില്ലായിരുന്നു. ഡൊണാററിസ്ററുകൾ ക്രൂരന്മാരായ ഗറില്ലകളെപ്പോലെ പെരുമാറാൻ തുടങ്ങി. 'ദൈവത്തിനു സ്തുതി'[3] എന്നു പറഞ്ഞുകൊണ്ട് അവർ നിശയുടെ നിശബ്ദതയിൽ കത്തോലിക്കരെ കടന്നാക്രമണം നടത്തിയിരുന്നു. കൊലയും കൊള്ളിവയ്പും തൊഴിലാക്കിയ ഇവർ കത്തോലിക്കരെ വകവരുത്തിക്കൊണ്ടിരുന്നു. റോമൻ

2. *traditor.*
3. Laudes Deo.



സർക്കാരിനെ ക്രൈസ്തവ വിരുദ്ധ ശക്തിയായി അവർ കണ്ടു. കോൺസ്ററൻടൈന്റെ മനംമാററം അവർ മനസ്സിലാക്കിയില്ല. കോൺസ്റ്റൻടൈൻ ചക്രവർത്തി ചെച്ചീലിയാനുസിനെ പിൻതുണയ്ക്കുകയും ഇരുവരും സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്തതു് വ്യത്യസ്ത രീതിയിലാണ് ഡൊണാററിസ്റ്റുകൾ മനസ്സിലാക്കിയത്. പിശാചിന്റെ ഉപകരണവും ക്രൈസ്തവ വിരുദ്ധവുമായ സാമ്രാജ്യത്തോടു സഹകരിക്കുന്നവരെല്ലാം അപ്രകാരം തന്നെ എന്ന് അവർ കരുതി. ഈ റോമൻ വിരുദ്ധ മനസ്ഥിതി സാധാരണക്കാരുടെ ഇടയിൽ വളരെ ശക്തിയായി നിലനിന്നു. ഇതു മുതലെടുത്താണ് ഡൊണാററിസം വളർന്നത്. തങ്ങളാണ് യഥാർത്ഥസഭയെന്നും കത്തോലിക്കാസഭ പീഡകരോടു സഹകരിക്കുന്ന സഭയാണെന്നും അവർ കരുതി. അതുകൊണ്ട് അതിനെ തകർക്കണം എന്ന ആശയം ഇവർ സാധാരണക്കാരുടെ ഇടയിൽ പ്രചരിപ്പിച്ചു. കോൺസ്ററൻസ് ചക്രവർത്തി 347-ൽ മക്കാരിയുസ്, പൗലൂസ് എന്നിങ്ങനെ രണ്ടു ഉദ്യോഗസ്ഥന്മാരെ പ്രശ്നപരിഹാരാർത്ഥം ആഫ്രിക്കയിലേക്കയച്ചു. എന്നാൽ യാതൊരു തരത്തിലുമുള്ള ചർച്ചയ്ക്കും വിട്ടുവീഴ്ചയ്ക്കും ഡൊണാററിസ്ററുകൾ തയാറായില്ല. അതേതുടർന്ന് മക്കാരിയൂസ് ശക്തി ഉപയോഗിച്ച് അവരെ അടിച്ചമർത്തി. ഡൊണാത്തുസ് ഉൾപ്പെടെയുള്ള നേതാക്കന്മാരെ നാടു കടത്തി. ജൂലിയൻ ചക്രവർത്തി 362-ൽ എല്ലാവരെയും തിരികെ വിളിച്ചപ്പോൾ, നേതാക്കന്മാർ തിരികെ വന്ന് ഡൊണാത്തുസിന്റെ പിൻഗാമിയായി പർമേനിയൻ എന്ന ആളിന്റെ നേതൃത്വത്തിൽ ഡൊണാററിസ്ററ് സഭ പുനസംഘടിപ്പിച്ചു. ഔറേലിയൻ, അഗസ്ററിൻ എന്നിവരുടെ കാലത്തു മാത്രമേ കത്തോലിക്കർക്ക് അല്പമെങ്കിലും ഇവരെ എതിർക്കാൻ സാധിച്ചുള്ളു. അല്പസ്വല്പ വിജയം കൈവന്നതുപോലും സൈന്യത്തിന്റെ സഹായം കൊണ്ടായിരുന്നു. കാർത്തേജിൽ വച്ച് 404-ൽ കൂടിയ സിനഡിന്റെ ഫലമായി 405-ൽ ഹൊണോറിയൂസ് ചക്രവർത്തി ഡൊണാററിസ്ററുകാർക്കെതിരെ ഡിക്രി പ്രസിദ്ധീകരിച്ചു. കാർത്തേജിൽവച്ച് 411-ൽ കൂടിയ സിനസിൽ രണ്ടു വിഭാഗത്തിലെയും മെത്രാന്മാർ പങ്കെടുത്തു. അവിടെവച്ചുള്ള ചച്ചയിൽ ഡൊണാററിസ്റ്റുകൾ പരാജിതരായി. ഹൊണോറിയൂസ് ചക്രവർത്തി 412-ൽ വീണ്ടും അവർക്കെതിരെ ഡിക്രി പുറപ്പെടുവിച്ചു. ചക്രവർത്തി അവരെ അടിച്ചമർത്തി നശിപ്പിച്ചു. വാൻഡൽ ആക്രമണം വരെ (430) ഈ നില തുടർന്നു. വാൻഡൽ ആക്രമണം കത്തോലിക്കരേയും ഡൊണാററിസ്ററുകളെയും ഒരുപോലെ തളർത്തിക്കളഞ്ഞു.

www.malankaralibrary.com



തങ്ങളുടേതാണു സത്യസഭ എന്നു തെളിയിക്കുവാൻ ഡൊണാററിസ്ററുകൾ വളരെയധികം എഴുതുകയും കൃതികൾ പ്രചരിപ്പിക്കുകയും ചെയ്തു. എന്നാൽ അവരോടൊപ്പം അവരുടെ മിക്ക കൃതികളും അവസാനിച്ചു. അഗസ്ററിൻ, ഒപ്റ്റാത്തൂസ് എന്നിവർ ഇവർക്കെതിരായി എഴുതിയ കൃതികളിൽനിന്നു് ഇവരുടെ സാഹിത്യത്തെപ്പററി കുറെയൊക്കെ അറിവു നമുക്കു ലഭിക്കുന്നുണ്ടു്. ജറോം, ജന്നാഡിയൂസ്, എന്നിവരിൽനിന്നു് ഡൊണാത്തൂസ്,വിത്തെല്ലിയൂസ്,മക്രോബിയൂസ് എന്നിവരെപ്പററി ഗ്രഹിക്കാനാവും. ഡൊണാത്തൂസ്, പർമേനിയൻ, പെതീലിയൻ, ക്രെസ്കോണിയൂസ് എന്നീ ഡൊണാററിസ്റ്റ് നേതാക്കന്മാരെപ്പററി ധാരാളം വിവരങ്ങൾ നമുക്കു ലഭിച്ചിട്ടുണ്ടു്.

*ഡൊണാത്തൂസ്* കത്തോലിക്കാസഭയിലെ മാമോദീസായെ കൂദാശയായി അംഗീകരിച്ചില്ല. 'സ്നാനത്തെപ്പററിയുള്ള ലേഖനത്തിൽ'[4] 'കത്തോലിക്കർ ക്രിസ്ത്യാനികളേ അല്ല' എന്നു് അയാൾ പ്രചരിപ്പിച്ചു. കത്തോലിക്കരിൽനിന്നു് ഡൊണാററിസ്ററുകാരാകുന്നവർക്കു് അവർ വീണ്ടും സ്നാനം നൽകിയിരുന്നു. ത്രിത്വത്തെപ്പററി[5] ഡൊണാത്തൂസ് എഴുതിയ കൃതിയിൽ പുത്രനെയും പരിശുദ്ധാത്മാവിനെയും പിതാവിനേക്കാൾ താഴ്ന്നപടിയിൽ ചിത്രീകരിച്ചിരിക്കുന്നു. അതു് ആരിയനിസമാണു്. സാർദിക്കാ സിനഡിൽ (343) ആരിയൻ വിഭാഗവും ഡൊണാററിസ്റ്റുകളും കൂടി ഒരു ധാരണയിലെത്താനുള്ള പരിശ്രമങ്ങൾ നടന്നു. എന്നാൽ അതു് വിജയിച്ചില്ല.

*പർമേനിയൻ* ഡൊണാത്തൂസിൻെറ പിൻഗാമിയായി ഈ ശീശ്മ വിഭാഗത്തിനു നേതൃത്വം നൽകി (362–391). ഇയാളുടെ ജന്മദേശം ഗോളോ, സ്പെയിനോ ആണു്. ഡൊണാററിസ്ററ് ആശയങ്ങൾ ഉൾക്കൊള്ളുന്ന *സങ്കീർത്തനങ്ങൾ* ഇയാൾ രചിച്ചു. കത്തോലിക്കർക്കെതിരെ അഞ്ചു വാല്യങ്ങളിൽ ഒരു കൃതിയെഴുതി. ഒപ്റ്റാത്തൂസ് ഇയാൾക്കെതിരെ എഴുതിയ മറുപടിയിൽനിന്നു് ഈ ഗ്രന്ഥത്തെപ്പററി ചില വിവരങ്ങൾ നമുക്കു ഗ്രഹിക്കാൻ കഴിയും. തിക്കോണിയൂസ് എന്ന വ്യക്തിക്കെതിരെ ഇയാൾ ഒരു ലേഖനം എഴുതി. തിക്കോണിയൂസിനെപ്പററി താഴെ ചർച്ച ചെയ്യുന്നതാണു്. പർമേനിയൻ തിക്കോണിയൂസിനു് അയച്ച കത്തിലെ ആശയങ്ങൾക്കെതിരെ വി. അഗസ്ററിൻ ഒരു ഖണ്ഡനകൃതി എഴുതി.

4. Epistula de baptismo.
5. De Trinitate.



*പെതീലിയനും* ഒരു വലിയ ഡൊണാററിസ്ററു നേതാവായിരുന്നു. കാർത്തേജിലെ യോഗത്തിൽ (411) വലിയ സ്വാധീനം ചെലുത്തി. വി. അഗസ്ററിൻ പെതീലിയൻെറ ഒരു ലേഖനത്തിലെ ഡൊണാററിസ്ററ് ആശയങ്ങളെ ഖണ്ഡിച്ചുകൊണ്ടു് രണ്ടു് കൃതികളെഴുതി. കുറേനാൾ അഗസ്ററിനും പെതീലിയനും ഗ്രന്ഥങ്ങളിൽ കൂടിയുള്ള യുദ്ധം നടത്തി. പെതീലിയൻെറ പക്ഷത്തു്, ഡൊണാററിസ്ററുകാരനായ ഒരു *ക്രെസ്കോണിയൂസ്* ചേർന്നു് യുദ്ധം തുടങ്ങിയപ്പോൾ വി. അഗസ്ററിൻ അയാൾക്കെതിരായും നാലു് കൃതികളെഴുതി.

രക്തസാക്ഷികളെ സ്തുതിച്ചു പുകഴ്ത്തുന്ന പതിവു് ഡൊണാററിസ്ററുകൾക്കു് ഉണ്ടായിരുന്നു. അതുകൊണ്ടു് അവരുടെ ജീവചരിത്ര വിവരണത്തിൽ ഇക്കൂട്ടർ വലിയ താല്പര്യം കാണിച്ചു.

*തിക്കോണിയൂസ്* ഒരു വലിയ ഡൊണാററിസ്ററ് നേതാവായിരുന്നു. എങ്കിലും അവസാനം അവരുമായി തെററിപ്പിരിഞ്ഞു. അയാൾ മിതവാദിയും വേദപുസ്തക പണ്ഡിതനുമായിരുന്നു. ഡൊണാററിസ്ററുകൾ തീവ്രവാദികളായിരുന്നതിനാൽ അവരെ ഉപേക്ഷിക്കേണ്ടിവന്നു. എന്നാൽ അയാൾ കത്തോലിക്കാ സഭയിൽ ചേരാതെ മാറിനിന്നു് ഡൊണാററിസ്ററ് വാദഗതികളെ ഖണ്ഡിച്ചുകൊണ്ടിരുന്നു. അതുകൊണ്ടാണു് പർമേനിയൻ അയാൾക്കെതിരെ കത്തെഴുതിയതും 380 ലെ ഡൊണാററിസ്ററ് കൗൺസിൽ അയാളെ ശപിച്ചതും. വി. അഗസ്ററിനു ഇയാളെ വലിയ മതിപ്പായിരുന്നു. തിക്കോണിയൂസിൻെറ പല കൃതികളെപ്പററിയും നമുക്കു വിവരം ലഭിച്ചിട്ടുണ്ടു്.

www.malankaralibrary.com

അധ്യായം 6

# അഞ്ചു കത്തോലിക്കാ മെത്രാന്മാർ

## 1. ഒപ്താത്തുസ് (370)

വടക്കേ ആഫ്രിക്കയിലെ നുമീഡിയൻ പ്രദേശത്തെ മിലേവിസിലെ കത്തോലിക്കാ മെത്രാനായിരുന്ന ഒപ്താത്തുസ്. ഡൊണാറ്റിസ്റ്റ് ശീശ്മക്കാരെ എതിരിടാൻ അഗസ്റ്റിനും ഔറേലിയുസിനും മുൻപ് ഒപ്താത്തുസ് എന്ന എഴുത്തുകാരൻ മാത്രമേ ഉണ്ടായിരുന്നുള്ളു. 'പർമേനിയൻ എന്ന ഡൊണിറ്റിസ്റ്റിനെതിരെ' എന്ന കൃതിമാത്രമെ അദ്ദേഹത്തിൽ നിന്നു നമുക്കു കൈവന്നിട്ടുള്ളു. ഒന്നുമുതൽ ആറു വരെയുള്ള ഗ്രന്ഥങ്ങൾ 367 ലും ഏഴാം പുസ്തകം ആദ്യത്തേതിന്റെ പുതിയ പതിപ്പോടുകൂടി 385-ലും പ്രസിദ്ധീകൃതമായി. പർമേനിയന്റെ കൃതിയുടെ ഖണ്ഡനമാണിതു്. ഒന്നാം പുസ്തകം ഡൊണാറ്റിസത്തിന്റെ ഉത്ഭവം വിവരിക്കുന്നു. ക്രിസ്തുവിന്റെ ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭയല്ല ഡൊണാറ്റിസ്റ്റ് സഭയെന്നു് വാദിക്കുകയാണ് രണ്ടുമുതൽ ആറുവരെ പുസ്തകങ്ങളിൽ. വളരെ ചെറിയ സ്ഥലത്തു മാത്രം ഉള്ള ഈ ശീശ്മസഭയ്ക്ക് കാതോലികത്വം അഥവാ സാർവത്രികത അവകാശപ്പെടാൻ സാധിക്കയില്ല എന്നു് അദ്ദേഹം പറയുന്നു. സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തെ *മൂന്നാം* പുസ്തകം അല്പം പരാമർശിക്കുന്നു. നാലാം പുസ്തകം സ്നാനം ചർച്ചചെയ്യുന്നു. അനുതപിക്കുന്ന ഡൊണാറ്റിസ്റ്റുകളെ സഭയിലേക്കു് ക്ഷണിക്കുന്നു. ഒരനുബന്ധത്തിൽ ഇതോടുബന്ധപ്പെട്ട ചില സുപ്രധാന രേഖകൾ ഒപ്താത്തുസ് നൽകുന്നു.

## 2. പാചിയൻ (4th c.)

സ്പെയിനിലെ ബാർസലോണാ മെത്രാനായിരുന്ന പാചിയൻ. തിയഡോഷ്യസ് ചക്രവർത്തിയുടെ മരണത്തിനു



മുൻപും (395) ജറോമിന്റെ 'മഹത്വ്യക്തികൾ' എന്ന കൃതി രചിക്കുന്നതിനു മുൻപും (392) അദ്ദേഹം മരിച്ചു. ജറോമിന്റെ ഈ കൃതിയിൽ നിന്നാണ് അദ്ദേഹത്തെപ്പറ്റിയുള്ള വിവരങ്ങൾ നമുക്കു ലഭിക്കുന്നതു്. ജറോം തന്റെ ഈ കൃതി സമർപ്പിച്ചിരിക്കുന്നതു് പാചിയന്റെ മകനും ഹൊണോറിയുസ് ചക്രവർത്തിയുടെ കീഴിൽ പിന്നീട് പ്രെത്തോറിയൻ പ്രീഫെക്ടുമായ ഫ്ളാവിയുസ് ഡെക്സ്റ്ററിനാണ്. അക്കാലത്തു് നൊവേഷ്യൻ ശീശ്മക്കാർ സ്പെയിനിൽ പ്രബലപ്പെട്ടിരുന്നു. അവർക്കെതിരെ 'പാപമോചനം സംബന്ധിച്ചുള്ള കത്തോലിക്കാ പ്രബോധനം' ഉയർത്തിപ്പിടിക്കാൻ പാചിയൻ പരിശ്രമിച്ചു. മൂന്നുകത്തുകളും 'പരെനെസിസ്'' (Paraenesis) എന്ന കൃതിയും നമുക്കു കൈവന്നിട്ടുണ്ട്. സിംപ്രോണിയാനുസ് എന്ന നൊവേഷ്യൻ ശീശ്മക്കാരനു് എഴുതിയ ഒന്നാം കത്തു് പ്രധാനപ്പെട്ട ഒരു രേഖയാണ്. അബദ്ധോപദേശകർ സ്ഥാപകരിൽ നിന്നു പേരു സ്വീകരിക്കുന്നു: ആര്യർ, അപ്പൊള്ളിനാര്യർ, മാർസ്യണീത്തർ, നൊവേഷ്യർ. എന്നാൽ 'കത്തോലിക്കാസഭ' അപ്രകാരമുള്ള വിഘടിതസഭയല്ല എന്നു് പാചിയൻ ചൂണ്ടിക്കാണിക്കുന്നു. ഈ കത്തിലാണു പാചിയന്റെ സുപ്രസിദ്ധമായ ഒരു വാചകമുള്ളതു്: "Christianus mihi nomen est, catholicus vero cognomen". അതിന്റെയർത്ഥം: എന്റെ പേരു് ക്രിസ്ത്യാനി എന്നാണ്; കത്തോലിക്കൻ എന്നതു് കുടുംബപ്പേരും''.

## 3. വെറോണായിലെ സേനോ (4th c)

ഇറ്റലിയിൽ വെറോണാ പട്ടണത്തിലെ എട്ടാമത്തെ മെത്രാനായിരുന്നു സേനോ. മിലാനിലെ അംബ്രോസ് എഴുതിയ ഒരു കത്തിൽ (380) സേനോയുടെ മരണത്തെപ്പറ്റി സൂചിപ്പിക്കുന്നു, സേനോയുടെതായി 90 പ്രസംഗങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഹിലരിയുടെ സങ്കീർത്തന ഭാഷ്യത്തിന്റെ സ്വാധീനം ഇവയിൽ ദൃശ്യമാണ്. 360 നു ശേഷം എഴുതപ്പെട്ടവയാണിവ. രണ്ടുപുസ്തകങ്ങളായിട്ടാണ് ഇപ്പോൾ ഈ പ്രസംഗങ്ങൾ അറിയപ്പെടുന്നതു്: ഒന്നിൽ 60 എണ്ണം, രണ്ടാമത്തേതിൽ 30 എണ്ണം. ഇവയിൽ ഏതാണ്ട് മുപ്പതെണ്ണം മാത്രമേ പൂർണമായിട്ടുള്ളു; മറ്റുള്ളവ പ്രസംഗങ്ങളുടെ ചുരുക്കമോ, ഭാഗങ്ങളോ, മാത്രമാണ്. സേനോയുടെ മരണശേഷമായിരിക്കാം ഇവയെല്ലാം ഈ രീതിയിൽ ക്രമീകരിക്കപ്പെട്ടതു്. വെറോണായിൽ ആരാധന ക്രമത്തിൽ ഉപയോഗിക്കുവാനായി ക്രമീകരിച്ചതാകാം ഇവ. തെർത്തുല്യൻ, ലക്താൻസ്യൂസ് എന്നിവരുടെ കൃതികളിൽ നിന്നുള്ള ഉദ്ധരിണികൾ പ്രസംഗങ്ങളിൽ

www.malankaralibrary.com



കാണാം. പഴയനിയമത്തെ ആധാരമാക്കിയുള്ളവയാണ് മിക്കവയും; എന്നാൽ സ്നാനം, ഉയിർപ്പ് ആദിയായവയെ ആധാരമാക്കിയുള്ള പ്രസംഗങ്ങളും ഉണ്ട്. അതുപോലെ ജനങ്ങളുടെ ധാർമിക നിലവാരം ഉയർത്തുവാനുതകുന്ന 'ധാർമ്മികപ്രസംഗങ്ങളും' അവയിൽ ഉൾപ്പെടുന്നു. അദ്ദേഹത്തിന്റെ ഉദാഹരണങ്ങൾ പഴയനിയമത്തിൽ നിന്നാണ്. ദാനിയേലിന്റെ പുസ്തകത്തോട് അദ്ദേഹം പ്രത്യേകം താല്പര്യം കാണിക്കുന്നുണ്ട്. പഴയനിയമം ക്രിസ്തോന്മുഖമായിട്ടത്രേ അദ്ദേഹം വ്യാഖ്യാനിക്കുന്നത്. പഴയനിയമ വ്യക്തികൾ ക്രിസ്തുവിന്റെ മുൻകുറിയായിട്ടാണ് അദ്ദേഹം കാണുക. ക്രിസ്തുശാസ്ത്ര സംബന്ധമായി സേനോ ആര്യൻവിരുദ്ധനിലപാട് സ്വീകരിച്ചിരുന്നു. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഒരേ സത്തയാണെന്ന് അദ്ദേഹം പഠിപ്പിച്ചു. അതുപോലെ പരിശുദ്ധാത്മാവ് ദൈവമാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. അപ്പൊള്ളിനാരിയൻ പ്രശ്നം അദ്ദേഹം ചർച്ചചെയ്യുന്നില്ല. പാശ്ചാത്യലോകത്ത് ആ പ്രശ്നം ഗണ്യമായ സ്വാധീനം ചെലുത്തിയിരുന്നില്ല. ഫൊത്തീനിയൻ പാഷണ്ഡതയെപ്പററി അദ്ദേഹം ബോധവാനായിരുന്നു. നിരവധി പ്രാവശ്യം ഈ പാഷണ്ഡതയ്ക്കെതിരെ ക്രിസ്തുവിന്റെ പിതാവിൽ നിന്ന് ദൈവമെന്ന നിലയിലുള്ള ജനനവും മറിയത്തിൽ നിന്ന് മനുഷ്യനെന്ന നിലയിലുള്ള ജനനവും അദ്ദേഹം ഊന്നിപ്പറയുന്നു. 'മാതാവിന്റെ ചെവിയിലൂടെ മിശിഹാ ഉദരത്തിൽ പ്രവേശിച്ചു' എന്ന് ഒരിടത്തുകാണുന്നു (1:3.19). മംഗലവാർത്തവഴി കന്യകയിൽ പ്രവേശിച്ചു'' എന്നതാണ് പ്രസ്തുത വാക്യത്തിന്റെ അർത്ഥം.

## 4. ഫിലാസ്തർ (4th c)

ബ്രേഷ്യാരൂപതയിലെ (ഇററലി) മെത്രാനായ ഗൗദെൻസ്യൂസിന്റെ ഒരു പ്രസംഗത്തിൽ നിന്നാണ് ഫിലാസ്റ്ററിനെ പററിയുള്ള വിവരം നമുക്കു ലഭിക്കുന്നത്. ഗൗദെൻസ്യൂസിന്റെ മുൻഗാമിയായി ബ്രേഷ്യാരൂപത ഭരിച്ചിരുന്ന ആളായിരുന്നു അദ്ദേഹം. ചുററിനടന്ന് പ്രസംഗങ്ങൾ നടത്തിയിരുന്നു. യൂദന്മാർ, പാഷണ്ഡികൾ, പുറജാതികൾ എന്നിവരുമായി ദൈവശാസ്ത്രപരമായ തർക്കങ്ങളിൽ ഏർപ്പെടുക അദ്ദേഹത്തിന് പ്രിയങ്കരമായിരുന്നു. മിലാനിലെ ആര്യൻ മെത്രാനായ ഔക്സെൻസ്യൂസിനെ നീക്കാൻ അദ്ദേഹം ഒരു ശ്രമം നടത്തിയെങ്കിലും വിജയിച്ചില്ല. റാസിയാരിയയിലെ ആര്യൻ മെത്രാൻ പല്ലാഡിയൂസിനെയും സിൻജിദൂണമിലെ ആര്യൻ മെത്രാൻ സെക്കുൻദിയാനൂസിനെയും സ്ഥാനഭ്രഷ്ടരാക്കാനായി അക്വിലെയായിൽ (381) കൂടിയ സിനഡിൽ ബ്രേഷ്യാ മെത്രാൻ എന്ന



നിലയിൽ ഫിലാസ്റ്റർ ഒപ്പുവച്ചിട്ടുണ്ട്. ''Diversarum haereseon liber'' എന്ന ഒരു കൃതി അദ്ദേഹത്തിൽനിന്നു നമുക്കു കൈവന്നിട്ടുണ്ട് (380–390). 156 പാഷണ്ഡതകളെപ്പററിയുള്ള പ്രതിപാദനമാണ് ഈ കൃതി. എപ്പിഫാനിയസിനെയും ഹിപ്പോളിററസിനെയും ഇറനേയൂസിനെയും ഫിലാസ്റ്റർ ആശ്രയിച്ചിട്ടുണ്ടായിരിക്കാം. ക്രിസ്തുമതത്തിനു മുൻപുള്ള 28 യഹൂദ പാഷണ്ഡതകൾ, ക്രിസ്തീയകാലത്തുള്ള 128 പാഷണ്ഡതകൾ എന്നിങ്ങനെ ഈ കൃതി രണ്ടായി തിരിച്ചിരിക്കുന്നു. പാഷണ്ഡതകളും ശീശ്മകളും തമ്മിലുള്ള വ്യത്യാസം കൃത്യമായി അദ്ദേഹം നല്കുന്നില്ല. ചിലയിടങ്ങളിൽ കൃത്യമായ വിവരണവുമല്ല. വി. അഗസ്റ്റിൻ ഒരു കത്തിൽ (ലേഖനം, 222) ഈ പുസ്തകത്തെപ്പററി പരാമർശിക്കുന്നു.

## 5. ഗൗദെൻസ്യൂസ് (4th/5th c)

ഫിലാസ്തറിന്റെ പിൻഗാമിയായി ബ്രേഷ്യാ രൂപത ഭരിച്ചയാളാണ് ഗൗദെൻസ്യൂസ്. ഫിലാസ്റ്റർ മരിക്കുമ്പോൾ ഗൗദെൻസ്യൂസ് പൗരസ്ത്യദേശത്തായിരുന്നു. തന്നെ മെത്രാനായി തെരഞ്ഞെടുത്തു എന്ന വാർത്ത അവിടെ വച്ചാണ് അദ്ദേഹം കേൾക്കുന്നത്. പ്രസ്തുത സ്ഥാനം സ്വീകരിക്കാൻ അദ്ദേഹം വിസമ്മതിച്ചു. അംബ്രോസിന്റെയും മററു മെത്രാന്മാരുടെയും നിർബന്ധത്താലാണ് ഗൗദെൻസ്യൂസ് മെത്രാനാകാൻ സമ്മതിച്ചത്. ജോൺ ക്രിസസ്തോമിനുവേണ്ടി വാദിക്കാൻ മററു രണ്ട് ഇററാലിയൻ മെത്രാന്മാരോടുകൂടി 405-ൽ അദ്ദേഹം കോൺസ്റ്റാൻറിനോപ്പിളിലേക്കു പോയി. എന്നാൽ ചക്രവർത്തിയായ അർക്കേഡിയൂസിനെ സ്വാധീനിക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. റൂഫീനൂസ്, ''സെവുഡോ-ക്ലെമെൻറയിൻ തിരിച്ചറിയൽ'' എന്ന ഗ്രന്ഥത്തിന്റെ ലത്തീൻ വിവർത്തനം ഗൗദെൻസ്യൂസിനാണ് സമർപ്പിച്ചിരിക്കുന്നത്. ഒരു നല്ല പ്രസംഗകനായിരുന്ന അദ്ദേഹത്തിന്റെ ചില പ്രസംഗങ്ങൾ മാത്രമേ നമുക്കു കൈവന്നിട്ടുള്ളൂ.

# അനുബന്ധം

## പ്രിഷില്യനും അനുയായികളും

സ്പെയിൻകാരനായ പ്രിഷില്യൻ (നാലാം നൂററാണ്ട്) ഒരു പ്രത്യേകതരം താപസ്സജീവിതം പ്രസംഗിച്ചും അനുഷ്ഠിച്ചും കൊണ്ട് രംഗപ്രവേശം നടത്തി. ഇത് ഒരുതരം ഗ്നോസ്റ്റിസി

www.malankaralibrary.com



സമായിരുന്നു. മാർക്കസ് എന്നു പേരുള്ള ഒരു ഈജിപ്റ്റുകാരൻ സന്യാസിയാണ് ഇതു് സ്പെയിനിൽ എത്തിച്ചതു്. പണ്ഡിതനും താപസ്സജീവിതത്തിൽ തല്പരനുമായിരുന്ന പ്രിഷില്യൻ അല്മായൻ മാത്രമായിരുന്നു. എങ്കിലും രണ്ടു മെത്രാന്മാരുൾപ്പെടെ നിരവധി പേരെ തൻെറ സ്വാധീനവലയത്തിൽ കൊണ്ടുവരുവാൻ അയാൾക്കു സാധിച്ചു. ഇൻസ്റ്റാൻസ്യൂസ്, സാൾവിയാനുസ് എന്നിവരായിരുന്നു ആ മെത്രാന്മാർ. ധാരാളം സ്ത്രീകളും പ്രിഷില്യൻെറ കൂടെ കൂടി. 370_375 ലാണ് പ്രിഷില്യൻ തൻെറ പ്രവർത്തനങ്ങൾ തുടങ്ങിയതു്. തെക്കൻ സ്പെയിനിൽ പലയിടങ്ങളിലും ഇതു് പടർന്നുപിടിച്ചു. പ്രിഷില്യനെപ്പററിയും ഈ പാഷണ്ഡരെപ്പററിയും ഉള്ള വിവരങ്ങൾ സുൾപീചിയൂസിൽ നിന്നാണ് നമുക്കു ലഭിക്കുന്നതു്. മെരീദായിലെ ഇദാചിയൂസ്, ഒസ്സോനുബായിലെ ഇതാചിയൂസ് എന്നീ മെത്രാന്മാർ പ്രിഷില്യർക്കെതിരെയുള്ള മുന്നേററത്തിനു നേതൃത്വം നൽകി. സറാഗോസായിൽ വച്ചു കൂടിയ കത്തോലിക്കാ മെത്രാന്മാരുടെ സിനഡ് (380) പ്രിഷില്യരുടെ ആശയങ്ങളെ ശപിച്ചു തള്ളി. എന്നാൽ പ്രിഷില്യനെ പേരെടുത്തു പറഞ്ഞു ശപിച്ചില്ല. പ്രിഷില്യനെ തുണച്ച രണ്ടു മെത്രാന്മാർ കൂടി അയാളെ ആവിലായിലെ മെത്രാനായി വാഴിച്ചു. പ്രിഷില്യൻെറ എതിരാളികൾ ചക്രവത്തി ഗ്രേഷ്യനെ സ്വാധീനിച്ച് അയാളെയും അനുയായികളെയും നാടുകടത്തിച്ചു. വിപ്രവാസത്തിൽ വച്ച് സാൾവിയാനുസ് മരിച്ചു. മററുള്ളവർ ചക്രവർത്തിയെ സ്വാധീനിച്ച് തിരികെ വന്നു. എങ്കിലും ഇത്താചിയൂസ്, പ്രിഷില്യനും അനുയായികൾക്കും എതിരെയുള്ള പ്രവർത്തനം തുടർന്നു. അതിൻെറ ഫലമായി പ്രിഷില്യൻ ശിരച്ഛേദം ചെയ്യപ്പെട്ടു. അനുയായികളിൽ ചിലരെ സർക്കാർ കൊന്നുകളഞ്ഞു; മററുചിലരെ നാടുകടത്തി. എന്നാൽ പ്രിഷില്യനിൽ കുററം ആരോപിച്ച മെത്രാന്മാർക്കും സ്ഥാനഭ്രംശം ഉണ്ടായി. പ്രിഷില്യൻെറ പ്രസ്ഥാനം ഇതുകൊണ്ടു് അവസാനിച്ചില്ല. സ്പെയിനിലും ഗോളിലും 533 വരെ ഈ കഠിന താപസ്സജീവിത പ്രസ്ഥാനം നിലനിന്നു.

മാനിക്കേയൻ ദ്വൈതവാദം, ഡോസെററിസം, സബെല്ലിയനിസം എന്നിവ ഒന്നിച്ചു ചേർത്തുണ്ടാക്കിയ ഒരു സിദ്ധാന്തമായിരുന്നു പ്രിഷില്യൻെറ ഉപദേശങ്ങൾ. വിശുദ്ധ ഗ്രന്ഥത്തിൽ അധിഷ്ഠിതമാണെന്നു പുറമെ പറഞ്ഞിരുന്നെങ്കിലും അപ്പോക്രിഫൽ കൃതികളോടു് അമിത മമത വച്ചുപുലർത്തി. ത്രിത്വസംബന്ധമായി "മോഡലിസ്റ്റ് മൊണാർക്കിയനിസം"



പഠിപ്പിച്ചു. കന്യകയിൽനിന്നുള്ള ജനനത്തിനു മുൻപ് ക്രിസ്തു ഇല്ലായിരുന്നു എന്നും ക്രിസ്തുവിനു് യഥാർത്ഥ മനുഷ്യത്വം ഇല്ലായിരുന്നു എന്നും ഇവർ പ്രചരിപ്പിച്ചു. അവർ ക്രിസ്മസ് ദിവസവും ഞായറാഴ്ചകളിലും ഉപവസിച്ചിരുന്നു. "മുൻകാലപാപം നിമിത്തമാണ് ആത്മാക്കൾ മനുഷ്യശരീരത്തിൽ പ്രവേശിക്കുന്നതു്. അധഃപതിച്ച മാലാഖയല്ല പിശാച്, പിന്നെയോ തിന്മയുടെ തത്വമാണ്. ശരീരം നിർമ്മിക്കുന്നതു് തിന്മയുടെ ഈ തത്വമാണ്. അക്കാരണത്താൽ വിവാഹം, സംയോഗം, സന്താനങ്ങളെ ജനിപ്പിക്കൽ, മാംസഭക്ഷണം എന്നിവ പാപമാണ്" എന്നൊക്കെ ഇവർ കരുതി. എന്നാൽ സ്വതന്ത്ര ലൈംഗികത അവർ അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ ആശയങ്ങളെല്ലാം പ്രിഷില്ലിയൻ പഠിപ്പിച്ചിരുന്നു എന്നു പറയാനാവില്ല. പ്രിഷില്ലിയൻെറ പേരിൽ അറിയപ്പെടുന്ന കൃതികൾ അദ്ദേഹത്തിൻെറതല്ല എന്നാണ് പണ്ഡിതമതം. ഒരു പക്ഷേ ഇൻസ്റ്റാൻസ്യൂസ് എഴുതിയതാകാം. തിബേരിയാനുസ്, ലാത്രോണിയാനുസ്, അസാർബ്യൂസ് എന്നീ പ്രിഷില്യൻ നേതാക്കന്മാരുടെ കൃതികളൊന്നും നമുക്കു കൈവന്നിട്ടില്ല.

www.malankaralibrary.com

അധ്യായം 7

# വി. അംബ്രോസ്

ഒരു വലിയ സഭാപിതാവാണ് വി. അംബ്രോസ് (337/9–397). പാശ്ചാത്യ സഭയിലെ നാല് വലിയ സഭാപിതാക്കന്മാരിൽ ഒരാളായി അംബ്രോസിനെ സഭ കണക്കാക്കുന്നു. മററു മൂന്നുപേർ ജറോം, അഗസ്ററിൻ, ഗ്രിഗറി എന്നിവരാണ്. ട്രിയറിൽവച്ച് കുലീന ക്രൈസ്തവ മാതാപിതാക്കളിൽ നിന്ന് അംബ്രോസ് ജനിച്ചു. വി. അംബ്രോസിൻെറ പിതാവ് 'ഗോൾ പ്രീഫെക്ചർ' എന്ന റോമൻ പ്രദേശത്തിൻെറ പ്രീഫെക്ടായി ട്രിയർ കേന്ദ്രമാക്കി ഭരിച്ചുകൊണ്ടിരുന്നപ്പോഴാണ് അംബ്രോസിൻെറ ജനനം. പിതാവ് അകാലനിര്യാണം പ്രാപിച്ചപ്പോൾ അമ്മയോടും മററ് രണ്ടു സഹോദരന്മാരോടുംകൂടെ കുടുംബം 353 നു മുൻപ് റോമിലെത്തി താമസമായി. അംബ്രോസ് അവിടെവച്ച് നിയമം പഠിച്ച് തൻെറ വിദ്യാഭ്യാസം പൂർത്തിയാക്കി. സിർമിയം പ്രീഫെക്ചറിലെ നിയമപണ്ഡിതനായി 368-ൽ നിയമിതനായി. 370-തോടുകൂടി ലിഗൂരിയാ, എമീലിയാ എന്നീ പ്രവിശ്യകളുടെ കോൺസൂളായി നിയമിതനായപ്പോൾ ആസ്ഥാനമായ മിലാനിലേക്കു താമസം മാററി. അങ്ങനെയാണ് അംബ്രോസ് മിലാനിൽ വരാനിടയായത്. അവിടെ 'ഗവർണർ' ആയി ഭരിച്ചുകൊണ്ടിരിക്കെ സ്ഥലത്തെ ആര്യൻ മെത്രാൻ ഔക്സെൻസ്യൂസ് മരിച്ചു. ഒരു പിൻഗാമിയെ വാഴിക്കുന്നതിൽ കത്തോലിക്കരും ആര്യരും തമ്മിൽ കലഹമായി. പ്രശ്നം ഒത്തു തീർപ്പിലെത്തിക്കാൻ അംബ്രോസ് പരിശ്രമിച്ചു. സമാധാനവും ശാന്തിയും പുനഃസ്ഥാപിക്കാനുള്ള പരിശ്രമത്തിൽ ഇരുകൂട്ടരും അംബ്രോസിനെത്തന്നെ മെത്രാനാക്കാൻ തീരുമാനിച്ചു. ലൗകിക ഭരണാധികാരി എന്ന നിലയിൽ വളരെ നീതിപൂർവകമായിരുന്നു അദ്ദേഹത്തിൻെറ ഭരണം. ഈ തെരഞ്ഞെടുപ്പുതന്നെ അതിനു് ഉത്തമ ദൃഷ്ടാന്തമാണ്. മെത്രാനായി തെരഞ്ഞെടുക്കപ്പെട്ട അവസരം അംബ്രോസ് ക്രിസ്ത്യാനിയാകാൻ ഒരുങ്ങിക്കൊണ്ടി



രുന്ന ഒരു സ്നാനാർത്ഥി മാത്രമായിരുന്നു. ഉടനെ സ്നാനം സ്വീകരിക്കയും ഒരാഴ്ചക്കകം മെത്രാനായി (373/4) അഭിഷിക്തനാകുകയും ചെയ്തു. തനിക്കുള്ളതെല്ലാം പാവങ്ങൾക്കായി വിതരണം ചെയ്തു. തൻേറതായി ഒന്നുമില്ലാത്തവനായിട്ടാണ് അംബ്രോസ് സഭാശുശ്രൂഷ ആരംഭിച്ചത്. സിംപ്ലിച്ചിയാനുസ് എന്ന വൈദികൻെറ കീഴിൽ വിശുദ്ധ ഗ്രന്ഥവും സഭാപിതാക്കന്മാരുടെയും ഫീലോ, പ്ലോതീനുസ് എന്നീ അക്രൈസ്തവരുടെയും കൃതികളും താല്പര്യപൂർവം പഠിച്ചു. വചനമായ ദൈവത്തെ ധ്യാനിച്ചുകൊണ്ടുള്ള സുദീർഘ പ്രാർത്ഥനകൾ പഠനത്തിൽ സഹായിച്ചു. വചനമായ ദൈവം അംബ്രോസിനെ ഒരു നല്ല ഇടയനായി രൂപാന്തരപ്പെടുത്തി.

അന്നത്തെ റോമാചക്രവർത്തിയായ വലന്തീനിയൻ ഒന്നാമനുമായി (364–375) നല്ലബന്ധം പുലർത്തി. ആരിയൻ പാഷണ്ഡതയുടെ അപകടം അംബ്രോസിനു നന്നായി അറിയാമായിരുന്നെങ്കിലും മിലാനിൽ കത്തോലിക്കരും ആര്യരും ഉണ്ടായിരുന്നതുകൊണ്ട് ആര്യൻ പക്ഷപാതികളായ വൈദികരെ നീക്കുവാൻ തിടുക്കം കാണിച്ചില്ല. 374-ൽ വലൻറീനിയൻ ഒന്നാമനും അംബ്രോസിൻെറ സഹോദരനായ സതീറൂസും മരിച്ചു. ഗ്രേഷ്യൻ ചക്രവർത്തിയെ (375–382) ആര്യൻ വിരുദ്ധ ചേരിയിലേക്കു കൊണ്ടുവരുന്നതിനും നിഖ്യാ വിശ്വാസികളായ മെത്രാന്മാരെയും വൈദികരെയും നിയമിക്കുന്നതിനും ആര്യൻ ചിന്താഗതിക്കാരെ മാനസാന്തരപ്പെടുത്തിയെടുക്കുന്നതിനും അംബ്രോസ് പരിശ്രമിച്ചു. ഗ്രേഷ്യൻ ചക്രവർത്തിയുടെ ആര്യൻ വിരുദ്ധ പ്രവർത്തനങ്ങളുടെ പിന്നിൽ പ്രവർത്തിച്ചത് അംബ്രോസായിരുന്നു. കോൺസ്ററാൻസ്യൂസ് ചക്രവർത്തി 357-ൽ റോമൻ സെനററ് ഹോളിൽ നിന്നെടുത്തുമാററിയതും 362-ൽ ജൂലിയൻ പുനഃപ്രതിഷ്ഠിച്ചതുമായ 'വിജയത്തിൻെറ ബലിപീഠം'[1] എന്ന വിജാതീയ ബലിപീഠം 382-ൽ ഗ്രേഷ്യൻ നീക്കം ചെയ്തു. അംബ്രോസിൻെറ പ്രേരണയാലാണ് ഗ്രേഷ്യൻ ഇപ്രകാരം ചെയ്തത്. ജൂലിയാനുസ് വാലെൻസ് എന്നു പേരുള്ള ഒരു ആരിയൻ മെത്രാനെ പെതാവ്രുപതയിലെ കത്തോലിക്കർ സ്ഥാനഭ്രഷ്ടനാക്കിയതിനെത്തുടർന്ന് 376–7 ൽ ഉടലെടുത്ത ലഹള ഒതുക്കുന്നതിനും സമാധാനം പുനഃസ്ഥാപിക്കുന്നതിനും അംബ്രോസ് പരിശ്രമിച്ചു. രാജമാതാ ജുസ്തീനാ ആര്യൻ ചിന്താഗതിക്കാരി ആയിരുന്നെങ്കിലും അവരുടെ പ്രവർത്തനങ്ങളെ പരാജയപ്പെടുത്തിക്കൊണ്ട്

1. Altar of Victory.

www.malankaralibrary.com



376_ൽ സിർമിയത്ത് അനേമിയൂസ് എന്ന കത്തോലിക്കാ മെത്രാനെ തെരഞ്ഞെടുക്കാൻ അംബ്രോസിനു കഴിഞ്ഞു. അംബ്രോസും ഗ്രേഷ്യനും തമ്മിലുള്ള കൂടിക്കാഴ്ച (378) നടന്നതും സിർമിയയത്തുവച്ചാണ്. അംബ്രോസ് അവിടെവച്ച് ആര്യൻ പാഷണ്ഡതയ്ക്കെതിരായി ഗ്രേഷ്യനു വേണ്ടത്ര പ്രബോധനം നല്കി. 379-ൽ മിലാനിൽവച്ച് അവർ വീണ്ടും കണ്ടുമുട്ടി; പാഷണ്ഡതാവിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി. ആര്യൻ ചിന്താഗതിക്കാർ കയ്യടക്കിയ ബസിലിക്കാ തിരികെ പിടിക്കാൻ അംബ്രോസ് നേതൃത്വം നൽകി. തടവുകാരെ മോചിപ്പിക്കാൻ മെത്രാൻ തിരുപ്പാത്രങ്ങൾ വിററുകളഞ്ഞു എന്നാരോപിച്ചുകൊണ്ടാണ് ആര്യൻ പക്ഷപാതികൾ അതു കയ്യടക്കിയത്. വിജാതിയർക്കെതിരെ ഗ്രേഷ്യൻ ചക്രവത്തി പുറപ്പെടുവിച്ച 380_ലെ വിളംബരത്തിൻെറ പിന്നിലും അംബ്രോസിൻെറ സ്വാധീനം ദർശിക്കുന്നവരുണ്ട്. ഗ്രേഷ്യൻെറ പ്രബോധനാർത്ഥം പരിശുദ്ധാത്മാവിനെപ്പററിയുള്ള മൂന്നു കൃതികൾ പ്രസ്തുത വർഷംതന്നെ അംബ്രോസ് എഴുതി. അക്വീലെയാ കൗൺസിലിൻെറ അവസരത്തിലും (381) ആര്യൻ വിരുദ്ധ പ്രവർത്തനങ്ങൾക്കായി ഗ്രേഷ്യനെ അംബ്രോസ് പ്രേരിപ്പിച്ചു.

തുടർന്നു ഭരിച്ച വലൻറീനിയൻ രണ്ടാമൻ ചക്രവർത്തിയുമായി (382_392) അംബ്രോസ് നാലു പ്രാവശ്യം ഇടഞ്ഞു. 'ചക്രവർത്തി സഭയ്ക്കുള്ളിലാണ്, സഭയ്ക്കുപരിയല്ല' എന്ന തത്വം അംബ്രോസിനെ ഭരിച്ചു. റോമൻ ഭരണാധികാരികളുമായുള്ള ഏററുമുട്ടലിൽ അദ്ദേഹം ഈ തത്വം മുറുകെ പിടിച്ചു. മിലാനിലെ രണ്ടു പള്ളികൾ ആര്യൻ ചിന്തകരുടെ ഉപയോഗാർത്ഥം വിട്ടുകൊടുക്കണം എന്ന നിർദേശം അദ്ദേഹം തള്ളിക്കളഞ്ഞു. ആര്യൻ മെത്രാനു് പ്രസ്തുത പള്ളികളിൽ ശുശ്രൂഷ നടത്താനുള്ള അവകാശം അദ്ദേഹം നിഷേധിച്ചു. മിലാനിലെ മറെറാരു പള്ളി ജനക്കൂട്ടത്തോടൊപ്പം ആര്യരിൽനിന്ന് അദ്ദേഹം തിരിച്ചുപിടിച്ചു. 'വിജയത്തിൻെറ ബലിപീഠം' എന്നറിയപ്പെടുന്ന പേഗൻ ബലിപീഠം റോമൻ സെനററു ഹോളിൽ പ്രതിഷ്ഠിക്കുന്ന കാര്യം വലൻറീനിയൻ ചക്രവർത്തി ആലോചിച്ചു വരികയായിരുന്നു. അപ്രകാരം ചെയ്താൽ ചക്രവർത്തി ക്രിസ്ത്യാനിയായിരിക്കുകയില്ല എന്ന് അംബ്രോസ് തീർത്തുപറഞ്ഞു. അംബ്രോസിൻെറ സ്വാധീനത്താൽ വലൻറീനിയൻ ചക്രവത്തി മതസംഗതികളിൽ തൻെറ മുൻഗാമിയുടെ നയംതന്നെ തുടർന്നു. പുറജാതികൾക്ക് നിഷേധിക്കപ്പെട്ട ആനുകൂല്യങ്ങളൊന്നും അദ്ദേഹം വീണ്ടും നല്കിയില്ല. 387_നോടുകൂടി വലൻറീനിയനുമായുള്ള ബന്ധം സുദൃഢമായിത്തീർന്നു.



തുടർന്നു ഭരിച്ച തിയഡോഷ്യസ് ചക്രവർത്തിയെയും സ്വാധീനിക്കാനും ക്രൈസ്തവ ധാർമ്മികത അംഗീകരിപ്പിക്കാനും അംബ്രോസിനു സാധിച്ചു. 388_ൽ കല്ലിനിക്കം എന്ന സ്ഥലത്തെ മെത്രാൻെറ പ്രേരണയാൽ ജനക്കൂട്ടം സ്ഥലത്തെ ഒരു യഹൂദസിനഗോഗ് തകർത്തു. അതു പണിതുകൊടുക്കാൻ തിയഡോഷ്യസ് ആവശ്യപ്പെട്ടെങ്കിലും അംബ്രോസ് ഇടപെട്ട് അതു നടപ്പാക്കിയില്ല. പുറജാതികൾക്കെതിരെ ഗ്രേഷ്യൻ ചക്രവത്തി പുറപ്പെടുവിച്ച ഡിക്രികൾ പിൻവലിക്കണമെന്ന് സെനററ് തിയഡോഷ്യസിനു നിവേദനം കൊടുത്തപ്പോഴും അംബ്രോസ് ഇടപെട്ട് തടഞ്ഞു. 390_ൽ തെസ്സലോനിക്കാ പട്ടണത്തിൽ 5000 പേരേ തിയഡോഷ്യസ് കൊന്നുകളഞ്ഞ സംഭവം അംബ്രോസിനെ നടുക്കി. കലാപകാരികളെ അമർച്ച ചെയ്യാനായിരുന്നു അപ്രകാരം ചെയ്തത്. ഇതൊഴിവാക്കാൻ അദ്ദേഹം നന്നേ പരിശ്രമിച്ചെങ്കിലും നടന്നില്ല. പരസ്യമായി പ്രായശ്ചിത്തം നടത്താതെ പള്ളിയിൽ കയറുന്നതിനോ, കുർബാന സ്വീകരിക്കുന്നതിനോ ചക്രവത്തിയെ അംബ്രോസ് അനുവദിച്ചില്ല. ചക്രവത്തി കീഴ്വഴങ്ങി, പള്ളിക്കു പുറത്തു നിന്നുകൊണ്ട് പ്രായശ്ചിത്തം നിർവഹിച്ചശേഷം 390 ലെ ക്രിസ്മസ് ദിവസമാണ് ചക്രവത്തിയെ അദ്ദേഹം പള്ളിയിൽ പ്രവേശിപ്പിച്ചത്.

നിഖ്യാസ്സുശേഷം അന്ത്യോക്യയിലെ കത്തോലിക്കരുടെ ഇടയിൽ ഒരു പിളർപ്പുണ്ടായി. അവർ രണ്ടു നേതൃത്വത്തിൻ കീഴിൽ വന്നു. ഈ പിളർപ്പ് കുറെനാൾ നീണ്ടുനിന്നു. പല സഭാപിതാക്കന്മാരും ഈ പിളർപ്പ് അവസാനിപ്പിക്കാൻ പരിശ്രമിച്ചെങ്കിലും നടന്നില്ല. ഐക്യം പുനഃസ്ഥാപിക്കാൻ അംബ്രോസും (392) പരിശ്രമിക്കുകയുണ്ടായി. അതുപോലെ വെർചെള്ളി എന്ന സ്ഥലത്തെ പിളർപ്പും അവസാനിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു. 395_ൽ തിയഡോഷ്യസ് മരിച്ചു. 397 ഏപ്രിൽ 4 നു് മിലാനിൽവച്ച് അംബ്രോസും മരിച്ചു.

## കൃതികൾ

തിരക്കു പിടിച്ച തൻെറ അജപാലക ധർമ്മങ്ങൾക്കിടയിലും ഗ്രന്ഥങ്ങളെഴുതാൻ അംബ്രോസ് സമയം കണ്ടെത്തി. അന്നത്തെ റോമൻ സാമ്രാജ്യത്തിലെ എല്ലാവിധ പ്രവത്തനങ്ങളിലും അദ്ദേഹം ഇടപെട്ടു. മിലാനിലെ മെത്രാനായിരുന്നെങ്കിലും പ്രവർത്തനങ്ങൾ മിലാനിൽ ഒതുങ്ങിനിന്നില്ല. ഒരു വലിയ പ്രസംഗകൻ, രാഷ്ട്രതന്ത്രജ്ഞൻ, സാമൂഹ്യപരിഷ്ക

www.malankaralibrary.com



ത്താവ്, പാഷണ്ഡതാവിരുദ്ധൻ, സത്യവിശ്വാസ പ്രഘോഷകൻ, എല്ലാററിനുമുപരി ഒരു വലിയ അജപാലകനും പിതാവും എന്നീ നിലകളിലെല്ലാം വിശ്വവിഖ്യാതനായിരുന്ന അദ്ദേഹം. അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ പ്രസംഗങ്ങളാണോ, അതോ എഴുതപ്പെട്ട കൃതികളാണോ എന്നതിനെപ്പററി കൃത്യമായി പറയാൻ സാധിക്കയില്ല.

ഭാഷ്യകൃതികൾ, ധാർമ്മികകൃതികൾ, ആദ്ധ്യാത്മിക കൃതികൾ, താത്വിക കൃതികൾ, മററുള്ളവ എന്നിങ്ങനെ അംബ്രോസിൻെറ കൃതികളെ തിരിക്കാം. അവസാനത്തെ ഗണത്തിൽ പ്രസംഗങ്ങൾ, കത്തുകൾ, ഗീതങ്ങൾ എന്നിവ ഉൾപ്പെടുന്നു. അംബ്രോസിൻെറ പേരിൽ അറിയപ്പെടുന്ന കുറേ അയഥാർത്ഥ കൃതികളുമുണ്ട്.

## 1. ഭാഷ്യകൃതികൾ

പഴയനിയമത്തിലെ തെരഞ്ഞെടുത്ത ഭാഗങ്ങളെ ആധാരമാക്കി നടത്തിയ പ്രസംഗങ്ങളാണ് വ്യാഖ്യാനകൃതികളായി നമുക്കു ലഭിച്ചിട്ടുള്ളത്. ഒരുപക്ഷേ അംബ്രോസ് തന്നെ പിന്നീട് പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചതാകാം. പുതിയ നിയമത്തിൽ വി. ലൂക്കോസിൻെറ സുവിശേഷത്തിൻെറ ഭാഷ്യം മാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളു. വി. ഗ്രന്ഥത്തിന് വാച്യാർത്ഥം, ധാർമ്മികാർത്ഥം, അല്ലഗോറിക്കൽ-മിസ്ററിക്കൽ അർത്ഥം എന്നിങ്ങനെ മൂന്നു രീതിയിലുള്ള അർത്ഥം നൽകാൻ അദ്ദേഹം ശ്രദ്ധിക്കുന്നു. അലക്സാണ്ഡ്രിയൻ കലാലയത്തിലെ അല്ലഗോറിക്കൽ ഭാഷ്യരീതിയും, അന്ത്യോക്യൻ കലാലയത്തിലെ ടിപ്പൊളോജിക്കൽ-മോറൽ ഭാഷ്യരീതിയും കൂടിക്കലർന്ന ഒന്നാണ് അംബ്രോസിൻേറതു്. എന്നാൽ മുൻതൂക്കം അലക്സാണ്ഡ്രിയൻ സ്വാധീനത്തിനാണ്. ഫീലോ, ഒരിജൻ എന്നീ അലക്സാണ്ഡ്രിയാക്കാർ സ്പഷ്ടമായി അദ്ദേഹത്തെ സ്വാധീനിച്ചിട്ടുണ്ട്.

1. *ഹെക്സേമെറോൻ*: ഉല്പത്തി 1:1-26 നെ ആധാരമാക്കി ചെയ്ത ഒൻപതു പ്രസംഗങ്ങളാണ്. ആറു ദിവസ സൃഷ്ടി ആറു പുസ്തകങ്ങളായി നമുക്കു ലഭിച്ചിരിക്കുന്നു. 386 നും 390 നും ഇടയ്ക്ക് ഒരു കഷ്ടാനുഭവ ആഴ്ചയിലെ ആറു ദിവസം ഈ പ്രസംഗം നടന്നു എന്നു കരുതപ്പെടുന്നു. ഒന്നും മൂന്നും അഞ്ചും പുസ്തകങ്ങളിൽ രണ്ടു പ്രസംഗങ്ങൾ വീതം ഉണ്ട്. രാവിലെയും വൈകിട്ടും നടത്തിയതാകാം ഇവ. നിരവധി കൈയെഴുത്തു പ്രതികളിൽ ഈ കൃതി നമുക്കു



ലഭിച്ചിട്ടുണ്ട്. ഏഴാം നൂററാണ്ടു മുതലുള്ളവയാണിവ. മഹാനായ ബസ്സേലിയോസിൻെറ ഇതേ പേരിലുള്ള കൃതിയും, ഒരിജൻെറയും ഹിപ്പോളിററസിൻെറയും നഷ്ടപ്പെട്ട കൃതികളും അംബ്രോസ് ആധാരമാക്കിയിട്ടുണ്ട്(*FC*.42).

2. *പറുദീസാ*: ഭൗമിക പറുദീസാ, ആദ്യപാപം എന്നിവയെക്കുറിച്ചുള്ള ഉല്പത്തിഭാഗം (2:8-3:19) ഫീലോയുടെ ചുവടുപിടിച്ച് വ്യാഖ്യാനിക്കയാണ് അംബ്രോസ്. 375നും 378 നും ഇടയ്ക്കു തൻെറ ശുശ്രൂഷയുടെ ആദ്യകാലത്ത് നടത്തിയ പ്രസംഗമാകാമിതു് എന്നു കരുതുന്നവരുണ്ട്. ഗ്നോസ്ററിക്, മനിക്കെയൻ, സബെല്ലിയൻ, ഫൊതീനിയൻ, ആരിയൻ പ്രബോധകർക്കെതിരെ സ്വരമുയർത്താൻ ഇതിൽ അദ്ദേഹം ശ്രദ്ധിച്ചിട്ടുണ്ട്(*FC*.42).

3. *കായേനും ഹാബേലും*: ഫീലോയുടെ ഗ്രന്ഥം ആധാരമാക്കി എഴുതിയതാണിതും. 'പറുദീസാ' എന്ന കൃതിയുടെ തുടർച്ചയാണ് എന്നു് ചിലർ കരുതുന്നു (*FC*.42).

4. *നോഹ*: ഈ കൃതിയും ഫീലോയെ ആധാരമാക്കി തയാറാക്കിയതാണ്. നോഹയുടെ പെട്ടകത്തെ മനുഷ്യശരീരത്തിൻെറ സൂചനയായി ചിത്രീകരിച്ചിരിക്കുന്നു.

5. *അബ്രഹാം*: അബ്രഹാമിനെപ്പററി അംബ്രോസ് രണ്ടു ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. രണ്ടു വാല്യങ്ങളല്ല, രണ്ടു വ്യത്യസ്ത പുസ്തകങ്ങളാണ്. ഒന്നാമത്തേതു്, അബ്രഹാമിൻെറ വിളി മുതൽ മരണം വരെയുള്ള കാര്യങ്ങൾ (ഉല്പ. 12-25). സ്നാനാർത്ഥികളോട് ചെയ്ത പ്രസംഗങ്ങളാണ്. രണ്ടാമത്തേതാകട്ടെ സ്നാനം സ്വീകരിച്ചവർക്കുവേണ്ടി എഴുതപ്പെട്ട ഒരു കൃതിയാണ്. അബ്രഹാമിൻെറ വിളി മുതൽ ഉല്പ. 17:21 വരെയുള്ള കാര്യങ്ങൾ ഫീലോയുടെ അല്ലഗോറിക്കൽ ശൈലിയുടെ ചുവടുപിടിച്ച് എഴുതിയിട്ടുള്ളതാണ്.

6. *ഇസഹാക്കും ആത്മാവും*: എഴുതപ്പെട്ട ഒരു കൃതിയാണിതു്. ഇസഹാക്കും റിബേക്കായും തമ്മിലുള്ള വിവാഹത്തിൻെറ പശ്ചാത്തലത്തിൽ അംബ്രോസ് ഉത്തമഗീതം, 1-8 വ്യാഖ്യാനിക്കുന്നു. ക്രിസ്തുവും ആത്മാവും തമ്മിലുള്ള വിവാഹത്തിൻെറ അല്ലഗൊറിയാണിതു് എന്നാണ് അംബ്രോസിൻെറ അഭിപ്രായം. മനുഷ്യാത്മാവിനെപ്പററിയുള്ള ഒരു പ്രതിപാദനമാണിതു്. ഇസഹാക്കിനെപ്പററി വളരെ കുറച്ചേ ചർച്ചചെയ്യുന്നുള്ളു. പല കൈയെഴുത്തു പ്രതികളിലും

www.malankaralibrary.com



ആത്മാവിനെക്കുറിച്ച് (ദെ ആനിമാ) എന്നാണ് ഈ കൃതിയുടെ ശീർഷകം. ഒരിജന്റെ ഉത്തമഗീതഭാഷ്യത്തിന്റെ സ്വാധീനം ഇതിൽ വ്യക്തമാണ് (*FC*.65).

7. *മരണത്തിന്റെ നന്മ*: രണ്ടു പ്രസംഗങ്ങൾ ചേർന്ന ഒരു കൃതിയാണിത് (1–29; 30–57). '*ഇസഹാക്കിനു*' ശേഷമാണിത് വിരചിതമായത്. അതുമായി ബന്ധപ്പെട്ടുമിരിക്കുന്നു. മൂന്നുതരം മരണത്തെപ്പറ്റി ചർച്ച ചെയ്യുന്നു: പാപം വഴിയുള്ള ആത്മീയമരണം, ക്രിസ്തുവുമായി താദാത്മ്യപ്പെടുന്നതുമൂലമുള്ള മിസ്റ്റിക്കൽ മരണം, ആത്മാവും ശരീരവും വേർപെടുന്ന ശാരീരിക മരണം. മരണം ഒരു വലിയ നന്മയാണെന്ന് വേദപുസ്തകത്തിലെ ഉദ്ധരണികൾകൊണ്ട് തെളിയിക്കുന്നു (*FC*.65).

8. *ലോകത്തിൽ നിന്നുള്ള ഓട്ടം*: സംഖ്യ 35:1 മുതലുള്ള ഭാഗങ്ങളെ ആധാരമാക്കി, തിയഡോഷ്യസ് ചക്രവർത്തിയുടെ മരണശേഷം ഉണ്ടായ രാഷ്ട്രീയാന്തരീക്ഷം കണക്കിലെടുത്ത്, ഈ ലോകത്തിന്റെ അർത്ഥശൂന്യതയും ക്രിസ്ത്യാനികൾ ലൗകായതികത്വത്തിൽ നിന്നകന്നിരിക്കേണ്ടതിന്റെ ആവശ്യകതയും വ്യക്തമാക്കിക്കൊണ്ട് ജനങ്ങൾക്കു നൽകുന്ന ഒരു ഉപദേശപ്രസംഗമാണിത്(*FC*. 65).

9. *യാക്കോബും വിശുദ്ധ ജീവിതവും*: മക്കബായരുടെ രണ്ടാം പുസ്തകത്തെ ആധാരമാക്കി, യഥാർത്ഥ സന്തോഷവും ഭൗമിക സന്തോഷവും തമ്മിലുള്ള വ്യത്യാസം വരച്ചുകാണിക്കുന്ന രണ്ടു പുസ്തകങ്ങളിലുള്ള കൃതിയാണിത്. യാക്കോബിനെപ്പറ്റിയും പരാമർശം ഉണ്ടെങ്കിലും (2.3–42) 'വിജ്ഞാനിയുടെ സന്തോഷം' എന്നതാണ് ഈ ഗ്രന്ഥത്തിന്റെ കേന്ദ്രതന്തു. അതുകൊണ്ട്, ചില കൈയെഴുത്തു പ്രതികളിൽ "ദെ വീതാ ബെയാതാ" എന്ന തലക്കെട്ട് കാണാം(*FC*.65).

10. *ജോസഫ്*: ഉല്പ. 37:6 മുതലുള്ള ഭാഗത്തെ ആസ്പദമാക്കി, പഴയനിയമത്തിലും പുതിയനിയമത്തിലും നിന്നുള്ള ഉദ്ധരണികൾ കോർത്തിണക്കി ജോസഫിന്റെ ഒരു ജീവചരിത്രം രചിച്ചിരിക്കയാണ്. ശുദ്ധതയുടെ മഹനീയ മാതൃകയും യേശുക്രിസ്തുവിലുള്ള സാർവത്രിക രക്ഷയുടെ ദൃഷ്ടാന്തവുമായി കഥാപാത്രത്തെ വർണ്ണിക്കുന്നു(*FC*.65).

11. *പൂർവ പിതാക്കന്മാർ*: ഉല്പത്തി പുസ്തകത്തെ, പ്രത്യേകിച്ച് 49–ാം അധ്യായത്തെ, ആധാരമാക്കി പൂർവ പിതാക്കന്മാരെപ്പറ്റി വിവരിക്കുന്ന ഒരു ജീവചരിത്ര ഗ്രന്ഥമാണിത് (*FC*.65).



12. *ഏലിയായും ഉപവാസവും*: ഏലിയാപ്രവാചകന്റെ ജീവിതത്തെ ആസ്പദമാക്കി ഭക്ഷണത്തിൽ മിതത്വം വേണം എന്ന് ഉപദേശിക്കുന്ന ഒരു നോമ്പുകാല പ്രസംഗമാണിത്. ബേസിലിന്റെ മൂന്നു പ്രസംഗങ്ങളെ [ഉപവാസം (1), മദ്യപാനം (14), സ്നാനത്തിനുള്ള ആഹ്വാനം (13)] ആധാരമാക്കിയാണ് അംബ്രോസ് ഇതു് എഴുതിയിരിക്കുന്നതു്.

13. *നാബോത്*: രാജാക്കന്മാരുടെ രണ്ടാം പുസ്തകം, 21 നെ ആധാരമാക്കി എഴുതിയ കൃതിയാണിതു്. അത്യാഗ്രഹത്തെ ഇതിൽ ശക്തിയായി അപലപിക്കുന്നു.

14. *തോബിയാസ്*: തോബിത് ഒന്നാംപുസ്തകത്തിന്റെ ആരംഭം പരാമർശിച്ചുകൊണ്ട് തുടങ്ങുന്നു. ധനവാന്മാർക്കെതിരായി, പ്രത്യേകിച്ച് അമിതപലിശ വാങ്ങുന്നവർക്കെതിരായി എഴുതിയ ഒരു കൃതിയാണിതു്. പഴയനിയമത്തിൽ നിന്നും പുതിയനിയമത്തിൽനിന്നും ധാരാളം ഉദ്ധരണികൾ ഇതിലുണ്ടു്. വെർജിൽ, ബേസിലിന്റെ പേരിൽ അറിയപ്പെടുന്ന ഒരു പ്രസംഗം (Hom. in Ps. 14:2) എന്നിവയാണ് ഇതിന്റെ ഉറവിടങ്ങൾ.

15. *ജോബും ദാവീദും*: ജോബിനു സംഭവിച്ച ദുരന്തങ്ങളും ദാവീദിനുണ്ടായ കഷ്ടപ്പാടുകളും അടിസ്ഥാനമാക്കി മനുഷ്യപ്രകൃതിയുടെ ബലഹീനതയും ദുഷ്ടന്മാരുടെ സമൃദ്ധിയും ചർച്ചാവിഷയമാകുന്നു. ജോബിന്റെ പുസ്തകവും സങ്കീർത്തനങ്ങളുമാണ് ഇതിനായി അംബ്രോസ് ഉപയോഗിക്കുന്നതു്.

16. *ദാവീദിന്റെ അനുതാപം*: ദാവീദിന്റെ വ്യഭിചാരം, തുടർന്നുണ്ടായ അനുതാപം എന്നിവ ചൂണ്ടിക്കാണിച്ചുകൊണ്ട്, ഭരണാധികാരികൾ എങ്ങനെ വഴിതെറ്റിപ്പോകുന്നെന്നും, അനുതപിച്ചാൽ ദൈവം അവരോട് എപ്രകാരം ക്ഷമിക്കുന്നെന്നും വിവരിക്കുന്നു. വലൻറീനിയൻ രണ്ടാമൻ ചക്രവർത്തിയെ മുന്നിൽ കണ്ടുകൊണ്ടാണ് അംബ്രോസ് ഇതു് എഴുതിയതെന്നാണ് പണ്ഡിതമതം. ഗ്രേഷ്യൻ, പ്രിഷില്ലിയൻ എന്നിവരുടെ മരണത്തിനു കാരണക്കാരനായ മാക്സിമുസ്, ആര്യൻ ചിന്താഗതിയുള്ള ജുസ്റ്റീനാ, എന്നിവരോട് മമത കാണിച്ച വലൻറീനിയൻ ആത്മീയമായി വ്യഭിചാരം നടത്തി എന്നാണ് ഇതിലൂടെ അംബ്രോസ് പറഞ്ഞുവയ്ക്കുന്നത്.

www.malankaralibrary.com



17. *ദാവീദിന്റെ 12 സങ്കീർത്തനങ്ങൾ*: സങ്കീർത്തനം 1.35 – 40. 45. 47. 48. 61 എന്നിവയെ ആധാരമാക്കി നടത്തിയ പ്രസംഗങ്ങളാണിവ. സങ്കീ. 43നെ ആധാരമാക്കിയുള്ള പ്രസംഗം അപൂർണമാണ്. പല സന്ദർഭങ്ങളിലായി നടത്തിയവയാകാം ഈ പ്രസംഗങ്ങൾ. ബേസിൽ, ഒരിജൻ എന്നിവരുടെ സ്വാധീനം ഇവയിൽ ദൃശ്യമാണ്.

18. *118–ാം സങ്കീർത്തനഭാഷ്യം*: 118 (119) – ാം സങ്കീർത്തനത്തെ ആധാരമാക്കിയുള്ള 22 പ്രസംഗങ്ങളുടെ സമാഹാരമാണിത്. പരിപൂർണതയ്ക്കാവശ്യമായ സംഗതികൾ അംബ്രോസ് ഉപദേശിക്കുന്നു. ഒരിജനാണ് ഉറവിടം.

19. *ലൂക്കായുടെ സുവിശേഷത്തിന്റെ ഭാഷ്യം:* പുതിയനിയമ ഗ്രന്ഥങ്ങളിൽ ഈ ഭാഷ്യം മാത്രമേ അംബ്രോസിൽ നിന്നു നമുക്കു ലഭിച്ചിട്ടുള്ളു. പ്രസംഗങ്ങളെ ആധാരമാക്കി ഗ്രന്ഥരൂപത്തിൽ അംബ്രോസ് തന്നെ എഴുതിയതാകാം ഇത്. പത്തു പുസ്തകങ്ങളായിട്ടാണിത്. അതിൽ മൂന്നാമത്തേത് വെർചെള്ളിയിലെ എവുസേബിയസിനെ ആശ്രയിച്ച് എഴുതിയ കൃതിയാണ്. വെർജിൽ, ഹിലരി, ഒരിജൻ എന്നീ എഴുത്തുകാരെയും ഈ കൃതിയിൽ അംബ്രോസ് ആധാരമാക്കിയിട്ടുണ്ട്.

20. *ഏശായാഭാഷ്യം:* നഷ്ടപ്പെട്ട ഈ കൃതിയുടെ ചില *ശകലങ്ങൾ* മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു.

## ധാർമ്മീക കൃതികൾ

1. *വൈദികരുടെ കടമകൾ*: സിസറോയെ ആശ്രയിച്ച് വിരചിതമായ ഈ കൃതി സഭാശുശ്രൂഷകരുടെ കടമകൾ സമ്യക്കായി വരച്ചുകാട്ടുന്നു. തലക്കെട്ടിലും, മൂന്നായി തിരിച്ചതിലും, പൊതുവായ ഉള്ളടക്കത്തിലും അംബ്രോസ് ഇതിൽ സിസറോയെ മാതൃകയാക്കിയിരിക്കയാണ്, ഇതൊരു ക്രിസ്ത്യൻ ധർമ്മശാസ്ത്ര സമാഹാരമാണ്. തന്റെ ശുശ്രൂഷയിൻ കീഴിലുള്ള വൈദികർക്കുവേണ്ടി ഇതു രചിച്ചു. മധ്യകാല ക്രൈസ്തവർ ഇതു *ധാരാളമായി* ഉപയോഗിച്ചിരുന്നു. [2]

2. *കന്യകകൾ:* തന്റെ സഹോദരിയായ മർസെലീനായ്ക്കു കത്തിന്റെ രൂപത്തിൽ എഴുതിയ കൃതിയാണിത്.

2. *NPNF*[2] 10:1–89.



മൂന്നു പുസ്തകങ്ങളിലായി ഇത് എഴുതപ്പെട്ടിരിക്കുന്നു. ഒരിജന്റെ ഉത്തമഗീത ഭാഷ്യത്തിൽനിന്ന് ധാരാളം എടുത്തിട്ടുണ്ട്. വേദപുസ്തകത്തിൽനിന്നും അക്രൈസ്തവ സാഹിത്യകാരന്മാരിൽനിന്നും ഉള്ള ഉദ്ധരണികളും നിരവധിയാണ്. കന്യാത്വത്തെപ്പറ്റി ലത്തീൻ ഭാഷയിലെഴുതിയ ആദ്യത്തെ ദൈവശാസ്ത്ര കൃതിയെന്ന് ഇതിനെ വിളിക്കാം. കന്യാത്വത്തെപ്പറ്റി ഭംഗിയായി വിവരിക്കുന്നെങ്കിലും വിവാഹത്തെപ്പറ്റി ഉന്നതമായ വീക്ഷണങ്ങൾ പുലർത്തുന്നതായി കാണാം. [3]

3. *വിധവകൾ*: വൈധവ്യത്തെപ്പറ്റി ചർച്ച ചെയ്യുമ്പോഴും രണ്ടാം വിവാഹത്തെ അംബ്രോസ് തെറ്റായി ചിത്രീകരിക്കുന്നില്ല. എന്നാൽ അതിനെ പ്രോത്സാഹിപ്പിക്കുന്നില്ല.[4]

4. *കന്യാത്വം*: നേരത്തെ എഴുതിയ 'കന്യകകൾ' എന്ന ഗ്രന്ഥത്തിലെ ചില ആശയങ്ങൾ ന്യായീകരിച്ചുകൊണ്ട് അതിന്റെ തുടർച്ചയായി എഴുതിയിരിക്കുന്നതാണിത്.

5. *കന്യകാജീവിതക്രമം*: അംബ്രോസിയാ എന്ന കന്യകയുടെ സന്യാസവസ്ത്രസ്വീകരണാവസരം അംബ്രോസ് നടത്തിയ പ്രസംഗമാണിത്. ഈ പെൺകുട്ടിയുടെ പിതാമഹനും ബൊളോഞ്ഞാ മെത്രാനും അംബ്രോസിന്റെ സ്നേഹിതനുമായ എവുസേബിയസിനുള്ള ഒരു കത്ത് ഇതിന്റെ ആരംഭത്തിലുണ്ട്. കന്യാത്വത്തിന്റെ മാതൃകയായി കന്യകാമറിയത്തെ എടുത്തുകാട്ടുന്നു. മറിയത്തിന്റെ നിത്യകന്യാത്വവും ചർച്ചാവിഷയമാകുന്നു.

6. *കന്യാത്വത്തെക്കുറിച്ചുള്ള ഉപദേശം:*
ഫ്ളോറൻസിൽവച്ച് 393–ൽ അംബ്രോസ് ചെയ്ത പ്രസംഗമാണിത്. ജൂലിയാനാ എന്ന വിധവ പണിയിച്ചുകൊടുത്ത ബസിലിക്കായുടെ കൂദാശാകർമ്മത്തോടനുബന്ധിച്ചായിരുന്നു പ്രസംഗം. അവൾ തന്റെ മക്കളെയെല്ലാം ദൈവശുശ്രൂഷയ്ക്കു സമർപ്പിച്ചു. അവളെ പ്രകീർത്തിച്ചുകൊണ്ടും കന്യകാജീവിതത്തിലേക്ക് യുവജനങ്ങളെ ആഹ്വാനം ചെയ്തുകൊണ്ടും ആണ് മിലാനിലെ മെത്രാൻ പ്രസംഗിച്ചത്.

3. *Ibid*. 363–387.
4. *Ibid*. 391–407.

www.malankaralibrary.com



## താത്ത്വിക കൃതികൾ

1. *വിശ്വാസം:* ഗ്രേഷ്യൻ ചക്രവർത്തിയുടെ ആവശ്യാനുസരണം അഞ്ചു പുസ്തകങ്ങളിലായി ആര്യൻ പാഷണ്ഡതയ്ക്കെതിരായി സത്യവിശ്വാസത്തെപ്പററി എഴുതിയ ഒരു താത്ത്വിക കൃതിയാണിത്. ആര്യൻ പാഷണ്ഡികൾ ക്രിസ്തുവിൻെറ ദൈവത്വം നിഷേധിച്ചവരാണല്ലോ. അവരുടെ ആറ് ദൈവദൂഷണങ്ങൾക്കെതിരായി പുത്രൻെറ നിത്യത്വവും ദൈവത്വവും ഉയർത്തിക്കാട്ടുന്നു. അത്തനാസ്യോസ്, ബേസിൽ, ദിദിമൂസ്, ഹിലരി എന്നിവരെ ആശ്രയിച്ച് രചിച്ചിട്ടുള്ളതാണ് ഈ കൃതി.[5]

2. *പരിശുദ്ധാത്മാവ്:* "വിശ്വാസത്തെ"പ്പററിയുള്ള ഗ്രന്ഥത്തിൻെറ തുടർച്ചയായി ഗ്രേഷ്യൻ ചക്രവർത്തിയുടെ പ്രബോധനത്തിനായി മൂന്നു പുസ്തകങ്ങളിലായി പരിശുദ്ധാത്മാവിനെപ്പററി എഴുതിയ കൃതിയാണിത്. പരിശുദ്ധാത്മാവായ ദൈവം പിതാവിനോടും പുത്രനോടും ഒപ്പം വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടേണ്ട ദൈവികയാളാണെന്ന് വളരെ വ്യക്തമായും സ്പഷ്ടമായും ഇതിൽ അംബ്രോസ് പഠിപ്പിക്കുന്നു. ദിദിമൂസ്, ബേസിൽ, അത്തനാസ്യോസ് എന്നിവരുടെ സ്വാധീനം ഇതിൽ വ്യക്തമാണ് (*FC*.44:35_213)[6].

3. *ക്രിസ്തുവിൻെറ മനുഷ്യാവതാരരഹസ്യം:* രണ്ടു ഭാഗങ്ങളുള്ള ഒരു കൃതിയാണിത്. ഒന്നാം ഭാഗം പോർസ്യാനാ ബസിലിക്കായിൽ അംബ്രോസ് ചെയ്ത പ്രസംഗമാണ്; രണ്ടാംഭാഗം മനുഷ്യാവതാരം സംബന്ധിച്ച് ഗ്രേഷ്യൻ ചക്രവർത്തിയുടെ ചോദ്യത്തിനുള്ള മറുപടിയാണ്. 'ഏക ദൈവികയാളിൽ രണ്ടു സ്വഭാവങ്ങളും യോജിച്ചിരിക്കുന്നു' എന്ന് അംബ്രോസ് വ്യക്തമാക്കുന്നു. ഒന്നാം ഭാഗത്തെ ചർച്ചയ്ക്ക് അത്തനാസ്യോസിൻെറ "എപ്പിക്ടെററസിനുള്ള ലേഖനവും" രണ്ടാം ഭാഗത്തെ ചർച്ചയ്ക്ക് ബേസിലിൻെറ "എവുണോമിയസിനെതിരെ" എന്ന കൃതിയും അംബ്രോസ് ഉപയോഗിച്ചിട്ടുണ്ട് (*FC*. 44).

4. *വിശ്വാസപ്രമാണത്തിൻെറ വിശദീകരണം:* നവവിശ്വാസികൾക്കുവേണ്ടി ചെയ്ത ഒരു പ്രസംഗമാണിത്.

5. *Ibid*. 201–314
6. *Ibid*. 93–158



5. *വിശ്വാസത്തിൻെറ അവതരണം* (Expositio fidei) : സൈറസിലെ തിയഡൊറെററ് എരാനിസ്റ്റസ് എന്ന കൃതിയിൽ (PG: 83:181_3) അംബ്രോസിൻേറതായി ഒരു ക്രിസ്തോന്മുഖഗീതം ഉദ്ധരിക്കുന്നു. എന്നാലതു് അംബ്രോസിൻേറതാണെന്ന് ഖണ്ഡിതമായി പറയാൻ സാധ്യമല്ല.

6. *ദിവ്യരഹസ്യങ്ങൾ:* സ്നാനം, മൂറോനഭിഷേകം, കർബാന എന്നിവയെക്കുറിച്ച്, പുതുതായി സ്നാനം സ്വീകരിച്ചവർക്കു നൽകുന്ന ഉപദേശമാണിത്. ജറുസലേമിലെ വി. സിറിലിൻെറ സ്വാധീനം ഇതിൽ ദൃശ്യമാണ്. 390_ലാണ് അംബ്രോസ് ഇത് ഗ്രന്ഥരൂപത്തിലാക്കിയത് എന്നു കരുതപ്പെടുന്നു[7].

7. *കൂദാശകൾ:* സ്നാനം, മൂറോനഭിഷേകം, കർബാന എന്നിവയാണ് ഇതിലും ചർച്ചാവിഷയം. ആറു പ്രസംഗങ്ങളായിട്ടാണിത്. സ്നാനം സ്വീകരിച്ചവർക്കു നൽകിയ പ്രസംഗത്തിൻെറ ഒരു പതിപ്പായിരിക്കാമിത്. പ്രസംഗസമയത്ത് സെക്രട്ടറിമാർ കേട്ടെഴുതിയ പകർപ്പാകാനും ഇടയുണ്ട്. "ദിവ്യരഹസ്യങ്ങളുടെ" അതേ വിഷയങ്ങളാണിതിലും. എന്നാൽ പ്രതിപാദനരീതി പാടേ വ്യത്യസ്തമാണ്.

8. *പാപമോചനം:* "സഭയ്ക്കു് പാപമോചനാധികാരം ഉണ്ട്" എന്ന് നൊവേഷ്യൻ ശിഷ്യന്മാർക്കെതിരെ രണ്ടു പുസ്തകങ്ങളിലായി എഴുതിയ ഒരു കൃതിയാണിത്. നാലാം നൂററാണ്ടിൽ മിലാനിലെ സഭയിൽ നിലനിന്ന പാപമോചന ശുശ്രൂഷയിലെ ചില ഘടകങ്ങൾ അറിയാൻ ഈ കൃതി സഹായിക്കും.[8]

9. *പുനർജന്മകൂദാശ:* ഈ കൃതി നഷ്ടപ്പെട്ടുപോയി. ഇതിൻെറ ചില ഭാഗങ്ങൾ അഗസ്റ്റിൻെറ കൃതികളുടെ കൂട്ടത്തിൽ കാണാവുന്നതാണ്.

## മററു കൃതികൾ

1. *പ്രസംഗങ്ങൾ:* തൻെറ സഹോദരനായ സതീറുസിൻെറ ചരമത്തിലും ഏഴാം ചരമ ദിവസത്തിലും ചെയ്ത പ്രസംഗങ്ങൾ, 392_ൽ വലൻറീനിയൻ രണ്ടാമൻ ചക്രവർത്തിയുടെ ശരീരം

7. *Ibid*. 317–325.
8. *Ibid*. 329–359.

www.malankaralibrary.com



മിലാനിൽ കൊണ്ടുവന്നപ്പോൾ ചെയ്ത പ്രസംഗം, തിയഡോഷ്യസിൻെറ നാല്പതാം ചരമദിനത്തിൽ ചെയ്ത പ്രസംഗം, ആര്യൻ മെത്രാനായ ഔക്സെൻസ്യൂസിനെതിരെ ചെയ്ത പ്രസംഗം എന്നിവയാണ് നമുക്കു ലഭിച്ചിട്ടുള്ള പ്രസംഗങ്ങൾ. 386 ലെ ഹാശാആഴ്ച ശുശ്രൂഷകൾക്കായി മിലാനിലെ ഒരു പള്ളി ആര്യൻമെത്രാനു നൽകാതെ, തൻെറ വിശ്വാസികളുമായി പള്ളി കൈവശപ്പെടുത്തി അവിടെവച്ചു ചെയ്തതാണ് ഔക്സെൻസ്യൂസിനെതിരെയുള്ള പ്രസംഗം.[9]

2. *കത്തുകൾ:* പത്തു പുസ്തകങ്ങളിലായി 94 കത്തുകൾ നമുക്കു കൈവന്നിട്ടുണ്ട്. അംബ്രോസ് തന്നെ അവ ക്രമീകരിച്ചിരിക്കാനാണിട. ഔദ്യോഗിക കത്തിടപാടുകളാണ് മിക്കവയും. ദൈവശാസ്ത്ര വിഷയങ്ങളാണ് പലതിലെയും ചർച്ചാവിഷയം. കർബാനയ്ക്കു് മീസ്സാ (Missa) എന്ന പദം ആദ്യമായി ഉപയോഗിച്ചു കാണുന്നതു് 20:4 ലാണ്(Missam facere: to celebrate Mass)[10].

3. *കീർത്തനങ്ങൾ:* സങ്കീർത്തനാലാപത്തോടൊപ്പം കീർത്തനങ്ങൾ ഒന്നിടവിട്ടു ചൊല്ലുന്ന രീതി പാശ്ചാത്യ സഭയിൽ തുടങ്ങിയതു് അംബ്രോസാണ്. ആരിയൻ പ്രശ്നകാലത്തു് (385/6) അംബ്രോസും വിശ്വാസികളും ആര്യർക്കു് പള്ളി നൽകാതെ പള്ളിയിൽ കയറി കീർത്തനാലാപം തുടങ്ങി. അതാണ് അംബ്രോസിയൻ കീർത്തനങ്ങളുടെ ആരംഭം. 396 ആയപ്പോഴേക്കും ഓരോ സങ്കീർത്തനവും കഴിഞ്ഞ് ഓരോ ഗീതം പാടുന്ന രീതി മിലാനിൽ സാധാരണമായി. അവിടെനിന്ന് പാശ്ചാത്യ ലോകത്തേക്കു വ്യാപിച്ചു. പാശ്ചാത്യ സഭയുടെ ആരാധനക്രമ കീർത്തനങ്ങളുടെ ഉപജ്ഞാതാവായി അംബ്രോസിനെ കണക്കാക്കുന്നു. അംബ്രോസിൻേറതായി നാലു കീർത്തനങ്ങളേ ഉള്ളു എന്ന് അഗസ്റ്റിൻ പറയുന്നു. എന്നാൽ പില്കാലത്തു് അംബ്രോസിൻെറ പേരിൽ നിരവധി കീർത്തനങ്ങൾ ഉടലെടുത്തു. നാടോടിപ്പാട്ടുകളിലൂടെ ആര്യനിസം പ്രചരിപ്പിക്കാൻ ശ്രമിച്ചവർക്കെതിരെയാണ് അംബ്രോസ് കീർത്തനങ്ങൾ രചിച്ച് പ്രചരിപ്പിച്ചതു്.

ഇവയ്ക്കുപുറമേ, ചില കൃതികൾ അംബ്രോസിൻേറതായി അറിയപ്പെട്ടിരുന്നെങ്കിലും അവ അദ്ദേഹത്തിൻേറതല്ല എന്നാണു

9. *Ibid.* 430–436.

10. *Ibid.* 423.



പണ്ഡിതമതം. അത്തരത്തിൽ പെട്ടവയാണ് "ഹെജെസിപ്പസ്", "ദൈവത്തിൻെറ നിയമം", "കന്യകയുടെ വീഴ്ച" "തെ ദേവും" എന്നിവ.

വി. അംബ്രോസ് താൻ ജീവിച്ച കാലഘട്ടത്തിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ചു. റോമൻ ചക്രവർത്തിമാരെ നിയന്ത്രിക്കാനും നയിക്കാനും ദൈവം അദ്ദേഹത്തെ ഉപകരണമാക്കി. വി. അഗസ്റ്റിൻെറ മാനസാന്തരത്തിനു് അംബ്രോസിൻെറ പ്രസംഗങ്ങൾ വഴിയൊരുക്കി. പേഗനിസം, ആര്യനിസം എന്നിവയ്ക്കെതിരെ പടപൊരുതി. സഭയെ രാഷ്ട്രീയധികാരികളിൽ നിന്നു വിമുക്തമാക്കി. 'ആത്മീയാധികാരത്തിനു് ലൗകികാധികാരത്തിന്മേലുള്ള മേല്ക്കോയ്മ' എന്ന തത്വം മുന്നോട്ടുവച്ചു. അംബ്രോസ് അതിൽ വിജയിക്കുകയും ചെയ്തു.

ക്രിസ്തുവായിരുന്നു അംബ്രോസിൻെറ ജീവിതത്തിൻെറ കേന്ദ്രബിന്ദു: "എവിടെ ക്രിസ്തുവുണ്ടോ അവിടെ എല്ലാമുണ്ട്" എന്നും "എവിടെ സമാധാനമുണ്ടോ അവിടെ ക്രിസ്തു ഉണ്ട്" എന്നും അദ്ദേഹമെഴുതി. ക്രിസ്തുവിനും തൻെറ ജനത്തിനും വേണ്ടി നിലകൊണ്ട യഥാർത്ഥ ക്രിസ്തു ശിഷ്യനും ദൈവജനത്തിൻെറ ശുശ്രൂഷകനുമായിരുന്നു മഹാനായ അംബ്രോസ്.

അംബ്രോസ് പൗരസ്ത്യ പിതാക്കന്മാരിൽ നിന്നു വളരെയധികം സ്വാധീനം സ്വീകരിച്ചിരുന്നു. പ്രസ്തുത സ്വാധീനം അദ്ദേഹത്തിൻെറ കൃതികളിൽ വ്യക്തമാണ്. അംബ്രോസിയൻ ഗീതങ്ങളിലും അംബ്രോസിയൻ ലിററർജിയിലും ഇതു് കാണാവുന്നതാണ്.

## അനുബന്ധം 1

### അംബ്രോസിയാസ്റ്റർ

പൗലോസിൻെറ ലേഖനങ്ങൾക്കു് നാലാം നൂററാണ്ടിൽ റോമിൽവച്ച് എഴുതിയ ഭാഷ്യങ്ങളുടെ കർത്താവിനു് സാധാരണയായി നൽകിയിരിക്കുന്ന പേരാണ് അംബ്രോസിയാസ്റ്റർ അഥവാ സെവുഡോ–അംബ്രോസ്. മേൽപറഞ്ഞ കൃതിയുടെ മിക്ക കൈയെഴുത്തു പ്രതികളിലും അംബ്രോസിൻെറ പേരു കാണാം; ചിലതിൽ ഹിലരിയുടേയും. എന്നാൽ കർത്താവിൻെറ പേരു രേഖപ്പെടുത്താത്ത കൈയെഴുത്തു പ്രതികളും ഉണ്ട്. ഈ വിഷയത്തെപ്പററി ആഴമായി പഠിച്ചവർ പലരുടെയും പേരു

www.malankaralibrary.com



കരം ഉന്നയിക്കുന്നുവെങ്കിലും ഇതേപ്പറ്റിയുള്ള ചർച്ച അവസാനിച്ചിട്ടില്ല. ഗ്രന്ഥകാരൻ യഹൂദ ക്രൈസ്തവനാണോ പുറജാതികളിൽ നിന്നുള്ള ക്രൈസ്തവനാണോ എന്ന ചോദ്യം അവശേഷിക്കുന്നു. 363-നും 384-നും ഇടയ്ക്കു് റോമിൽവച്ചു് ലത്തീൻ ഭാഷയിലാണു് ഈ ഗ്രന്ഥം രചിച്ചതു്.

പൗലോസിന്റെ 14 ലേഖനങ്ങളുടെ ഭാഷ്യത്തിനുപുറമേ 'പഴയ-പുതിയനിയമ പ്രശ്നങ്ങളും' അദ്ദേഹം ചർച്ചാവിഷയമാക്കി. 'മത്തായി, 24 ന്റെ ഭാഷ്യം', 'പത്രോസ് ശ്ലീഹാ', 'മൂന്നളവു് മാവു്','ദൈവത്തിന്റെ നിയമം', 'യൂദന്മാരുടെ യുദ്ധം' 'ആര്യർക്കെതിരെ' എന്നീ കൃതികളും ഈ ഗ്രന്ഥകാരന്റെ പേരിൽ ചിലർ ആരോപിക്കാറുണ്ടു്. എന്നാൽ അവയേപ്പറ്റി ഖണ്ഡിതമായി ഒന്നും പറയാൻ ഇതുവരെ സാധിച്ചിട്ടില്ല.

## അനുബന്ധം 2

### റെമേസിയാനായിലെ നിസേറ്റാസ് (+.c 414)

യുഗോസ്ലാവിയായിലെ സേർബിയായിലുള്ള ഒരു നഗരമാണു് റെമേസിയാനാ. ഇന്നതു് ബേലാപലാങ്കാ എന്നറിയപ്പെടുന്നു. പുരാതന റോമൻ സാമ്രാജ്യത്തിലെ ഡേഷ്യയിൽ പെട്ടതായിരുന്നു ഈ നഗരം. 379-ൽ തിയഡോഷ്യസ് ചക്രവർത്തി അതിനെ പൗരസ്ത്യ റോമാ സാമ്രാജ്യത്തിൽ ഉൾപ്പെടുത്തിയെങ്കിലും, സഭാപരമായി അതു റോമൻ പാത്രിയാർക്കേറ്റിന്റെ കീഴിലായിരുന്നു. റെമേസിയാനായിലെ മെത്രാനായിരുന്നു നിസേറ്റാസ്. അക്വീലെയായിലെ നിസേറ്റാസ് (454-85) ട്രിയറിലെ നിസേറ്റാസ് (527-566) എന്നിവരിൽ നിന്നു വ്യത്യസ്തനാണു് ഇദ്ദേഹം. 398 ലും 402 ലും റെമേസിയാന മെത്രാൻ ഇറ്റലിയിൽ വരികയും നോളായിലെ പൗളീനുസിന്റെ അതിഥിയായി താമസിക്കുകയും ചെയ്തു. ബാർബേറിയൻ ആക്രമണ ഫലമായി ധാരാളം വിജാതീയർ ഡാന്യൂബ് പ്രദേശത്തു തള്ളിക്കയറി. അവരുടെ ഇടയിലും നിസേറ്റാസ് പ്രവർത്തിച്ചിട്ടുണ്ടു്. അതായതു് റെമേസിയാനാ രൂപതയ്ക്കു പുറത്തും അദ്ദേഹം അജപാലക ദൗത്യം നിർവഹിച്ചിരുന്നു. എന്നാൽ ഇന്നത്തെ റൊമാനിയായിൽ അദ്ദേഹം പ്രവർത്തിച്ചു എന്നതിനു് തെളിവൊന്നുമില്ല.



### കൃതികൾ

1. *സ്നാനാർത്ഥികൾക്കുള്ള ഉപദേശം:* ആറു് പുസ്തകങ്ങളിലായി എഴുതപ്പെട്ട ഇതിന്റെ ചില ഭാഗങ്ങൾ മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. വിശ്വാസപ്രമാണത്തിന്റെ വിവരണം അടങ്ങിയ അഞ്ചാം പുസ്തകം പൂർണമായി കിട്ടിയിട്ടുണ്ടു്. ജറുസലേമിലെ വി. സിറിലിന്റെ മതാധ്യാപന പ്രസംഗങ്ങളും ഈ കൃതിയും തമ്മിൽ പല സാമ്യങ്ങളുമുണ്ടു്. 'വിശുദ്ധരുടെ കൂട്ടായ്മ'[11] എന്ന ഫോർമുല പാശ്ചാത്യ പാരമ്പര്യത്തിൽ ആദ്യമായി കാണുന്നതു് ഈ വ്യാഖ്യാനത്തിലാണു്. ഒരു മിഷനറി മെത്രാന്റെ പ്രായോഗികവും അജപാലകപരവുമായ ശ്രദ്ധയാണു് ഈ വ്യാഖ്യാനത്തിൽ ശ്രദ്ധാർഹമായിട്ടുള്ളതു്. വെറും താത്വിക ചർച്ചകൾക്കായി നിസേറ്റാസ് സമയം പാഴാക്കുന്നില്ല.

2. *വിവിധ പേരുകൾ:* വചനം, വിജ്ഞാനം, പ്രകാശം ആദിയായി ക്രിസ്തുവിന്റെ വിവിധ നാമങ്ങളുടെ ഒരു വിവരണമാണിതു്.

3. *ദൈവദാസരുടെ ജാഗരണം:* പ്രാർത്ഥനയോടുകൂടിയ നിശാജാഗരണത്തെ ന്യായീകരിച്ചുകൊണ്ടുള്ളതാണിതു്. നിശാജാഗരണം വളരെ പുരാതനമാണെന്നും അതിന്റെ പ്രയോജനങ്ങൾ എന്തെല്ലാമെന്നും അദ്ദേഹം വ്യക്തമാക്കുന്നു.

4. *ഗീതങ്ങളുടെ പ്രയോജനം:* സങ്കീർത്തനങ്ങളും പാട്ടുകളും പാടുന്നതിന്റെ പ്രയോജനം വിശദമാക്കുകയാണു് ഈ പ്രസംഗം.

5. *കന്യകയുടെ വീഴ്ച:* സൂസന്ന എന്ന കന്യകയ്ക്കു് എഴുതിയതാണിതു്. എന്തോ വീഴ്ച സംഭവിച്ച സൂസന്ന പ്രായശ്ചിത്തം ചെയ്തു് പരിഹാരം നടത്തണമെന്നു് ഉപദേശിക്കുന്നു. അംബ്രോസിന്റെ പേരിൽ അറിയപ്പെടുന്ന ഈ കൃതി നിസേറ്റാസിന്റേതാണു് എന്നു് ചിലർ അഭിപ്രായപ്പെടുന്നു.

6. *തേ ദേവും:* (Te Deum) ത്രിത്വത്തോടുള്ള സ്തുതിപ്പും കൃതജ്ഞതാ പ്രകാശനവും അടങ്ങിയ ഈ ചെറിയ ഗീതം ആറാം നൂറ്റാണ്ടിൽതന്നെ പാശ്ചാത്യ സഭയിൻ പ്രഭാതപ്രാർത്ഥനയിൽ ചേർത്തിരുന്നു. ഇതു് നിസേറ്റാസിന്റേതാണു് എന്നു ചിന്തിക്കുന്നവരുണ്ടു്. അദ്ദേഹത്തിന്റെ കൃതികൾക്കു് *FC*. 7 കാണുക.

---

11. Communio Sanctorum.

www.malankaralibrary.com

അധ്യായം 8

# വി. ജറോം

പാശ്ചാത്യലോകത്തെ നാലു വലിയ സഭാപിതാക്കന്മാരിൽ ഒരാളാണ് എവുസേബിയസ് ഹിയെരോണിമൂസ് (= ജറോം). വേദപുസ്തകവിവർത്തകൻ, വലിയ ഭാഷ്യകാരൻ, ആധ്യാത്മിക നിയന്താവ്, ദൈവശാസ്ത്രജ്ഞൻ, താപസ്സൻ എന്നീ നിലകളിൽ വിഖ്യാതനായിരുന്ന അദ്ദേഹം ദൽമേഷ്യായ്ക്കും പന്നോണിയായ്ക്കും ഇടയ്ക്കുകിടക്കുന്ന സ്ത്രീദോൺ എന്ന ചെറിയ പട്ടണത്തിൽ 331/347-ൽ ഭക്തരായ ക്രിസ്തീയ മാതാപിതാക്കളിൽനിന്ന് ജറോം ജനിച്ചു. ജറോമിന്റെ സഹോദരൻ പൗളീനിയനും ഒരു സഹോദരിയും സന്യാസജീവിതം സ്വീകരിച്ചു.

ലത്തീൻ സംസ്കാരത്തോട് അഭേദ്യമായി ബന്ധപ്പെട്ടുകിടന്ന പട്ടണമായിരുന്നു സ്ത്രീദോൺ. – 376-ൽ ഗോത്തിക് വംശജരായ അപരിഷ്കൃതർ ഈ റോമൻ പ്രദേശം ആക്രമിച്ചു നാശനഷ്ടങ്ങൾ വരുത്തി. – തന്റെ പ്രാരംഭ പഠനങ്ങൾക്കുശേഷം ജറോം റോമിൽപോയി ഉപരിപഠനം നടത്തി. സിസറോ, വിർജിൽ തുടങ്ങിയ പുരാതന ക്ലാസ്സിക്കൽ ഗ്രന്ഥകാരന്മാരുടെ സാഹിത്യം പഠിച്ച് വലിയ പാണ്ഡിത്യം സമ്പാദിച്ചു. ബൊനോസൂസ്, റൂഫീനുസ്, ഹെലിയെദോറുസ് എന്നീ സ്നേഹിതന്മാരുമൊത്ത് ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും ശവകുടീരങ്ങൾ ഞായറാഴ്ചതോറും സന്ദർശിക്കുക ജറോമിനു പതിവായിരുന്നു. റോമിൽവച്ച് അദ്ദേഹം സ്നാനപ്പെട്ടു. അതിനുശേഷം ഇമ്പീരിയൽ നഗരമായ ട്രിയറിലേക്കു ജോലി തേടിപ്പോയി. അവിടെ വച്ച് പൗരസ്ത്യ സന്യാസത്തെപ്പററി അറിയാൻ ഇടയായി. സന്യാസികളുടെ താപസ്സജീവിതം അദ്ദേഹത്തെ ആകർഷിച്ചു. താമസിയാതെ തന്റെ നാട്ടിൽ തിരികെ വന്ന് (370) ചില സ്നേഹിതന്മാരുമൊത്ത് അക്വിലെയാ മെത്രാന്റെ കീഴിൽ സമൂഹജീവിതം ആരംഭിച്ചു. അതിനെത്തുടർന്ന് ജറോമും



കൂട്ടുകാരും കൂടി 373-ൽ പൗരസ്ത്യദേശങ്ങളിലേക്ക് ഒരു തീർത്ഥയാത്രയാരംഭിച്ചു. അതിന്റെ അവസാനം ജറോം കാൽചിസ് മരുഭൂമിയിലെ ഒരാശ്രമത്തിൽ (375-77) സന്യാസജീവിതം ആരംഭിച്ചു. അന്ത്യോക്യൻ സഭയിലെ പൗളീനൂസ് മെത്രാൻ ജറോമിനെ വൈദികനായി വാഴിച്ചു. എന്നാൽ ഇടവകകളുടെ ചുമതലകളൊന്നും ജറോമിനുണ്ടായിരുന്നില്ല. പൗരസ്ത്യദേശത്തുള്ള ഈ വാസത്തിനിടയ്ക്ക് ജറോം, കുറച്ചു സുറിയാനിയും ഗ്രീക്കും പഠിച്ചു. അതുപോലെ വി. ഗ്രന്ഥവ്യാഖ്യാനങ്ങളും വ്യാഖ്യാനരീതികളും മററും വശമാക്കിയതു് ഈയവസരത്തിലാണ്. ലവദീക്യാമെത്രാൻ അപ്പൊല്ലിനാരീസായിരുന്നു ഗുരു. ഹീബ്രുഭാഷ പഠിക്കാനും ജറോം പരിശ്രമിച്ചു. സ്നേഹിതനായ റൂഫീനുസ് തീർത്ഥാടനം നിർത്തി ഈജിപ്തിൽ താമസമാക്കി. ബൊനോസൂസ്, ഇല്ലീറിയൻ തീരത്തുള്ള ഒരാശ്രമത്തിൽ സന്യാസിയായി.

അക്കാലത്ത് അന്ത്യോക്യയിലും കോൺസ്റ്റാന്റിനോപ്പിളിലും ഉണ്ടായിരുന്ന മതപരമായ തർക്കങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ പൗളീനൂസ് മെത്രാൻ റോമിൽ പോയപ്പോൾ ജറോം അദ്ദേഹത്തെ അനുഗമിച്ചു. അന്ത്യോക്യൻ കത്തോലിക്കാ സഭയിലെ രണ്ട് വിഭാഗങ്ങളിലൊന്നിന്റെ തലവനായിരുന്നു പൗളീനൂസ്. മെലേഷ്യസ് ആയിരുന്നു മററതിന്റെ തലവൻ. ഡമാസൂസ് പാപ്പായുടെ പിൻതുണ തേടിയാണ് പൗളീനൂസും സലാമിസിലെ എപ്പിഫാനിയൂസും ജറോമും റോമിനു തിരിച്ചതു്. റോമിൽവച്ച് ഡമാസൂസ് പാപ്പാ ജറോമിനെ തന്റെ സെക്രട്ടറിയാക്കി. അവിടെ ഒരു യൂദറബിയുടെ സഹായത്തോടെ ഹീബ്രുഭാഷ കൂടുതലായി പഠിക്കാനും പ്രശസ്തരായ റോമൻ പ്രഭ്വികളുമായി പരിചയപ്പെടാനും അവരുമായി വേദപുസ്തക ചർച്ചകൾ നടത്താനും ജറോം ശ്രദ്ധിച്ചു. 384-ൽ ഡമാസൂസിന്റെ പിൻഗാമിയായി സിറീചിയൂസ് തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ജറോം റോം വിട്ടു. ജറോമിന്റെ സ്വാധീനവലയത്തിൽപ്പെട്ട പൗളാ, എവുസ്തോക്കിയും തുടങ്ങിയ പ്രഭ്വികളും പൗരസ്ത്യദേശങ്ങളിലേക്കു തിരിച്ചു. പല സ്ഥലങ്ങളിലെയും തീർത്ഥാടനങ്ങൾക്കുശേഷം ജറോമും കൂടെയുണ്ടായിരുന്ന പ്രഭ്വികളും കൂടി ബേത്‌ലഹേമിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും വേണ്ടി സന്യാസഭവനങ്ങൾ ആരംഭിച്ചു. 386-ൽ സ്ത്രീകളുടെയും പുരുഷന്മാരുടെയും സന്യാസഭവനങ്ങൾ പ്രവർത്തനം തുടങ്ങി. പൗളായാണ് ഭവനങ്ങൾ പണിയാനുള്ള ധനസഹായം ചെയ്തതു്. റൂഫീനുസും മെലാനിയാ എന്ന സ്ത്രീയും കൂടി ഒലിവുമലയിൽ ഇതുപോലെതന്നെ സന്യാസപ്രസ്ഥാനം തുടങ്ങി. റൂഫീനുസ് ഒരിജന്റെ ആശയങ്ങൾ കൂടുതൽ സ്വാംശീകരിച്ചി

www.malankaralibrary.com



രുന്നു. തന്റെ തീർത്ഥാടനത്തിനിടയിൽ ജറോമും ഈജിപ്തിൽ പോകുകയും ദിദിമൂസിനു ശിഷ്യപ്പെടുകയും ഒരിജന്റെ ആശയങ്ങൾ സ്വന്തമാക്കുകയും ചെയ്തിരുന്നു. ബേത്ലഹേമിലെ സന്യാസഭവനങ്ങളിൽ സന്യാസികളുടെ മുറികൾക്കു പുറമേ, തീർത്ഥകരായി വരുന്നവർക്കുള്ള മുറികളും ഉണ്ടായിരുന്നു.

ബേത്ലഹേമിലെ താമസകാലത്ത് ജറോം വിശുദ്ധ ഗ്രന്ഥത്തിന്റെ ലത്തീൻ വിവർത്തനത്തിൽ ഏർപ്പെട്ടു. പണ്ഡിതരായ റബിമാരുടെ സഹായം ജറോമിനു ലഭിച്ചു. പഴയനിയമം ഹീബ്രുവിൽനിന്നും പുതുതായി ലത്തീനിലേക്കു വിവർത്തനം ചെയ്തു. ലത്തീനിലുള്ള പുതിയനിയമം ഗ്രീക്ക് ബൈബിളിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ചു. കൈസറിയായിൽ ഒരിജൻ സ്ഥാപിച്ചതും എവുസേബിയസ് വിപുലീകരിച്ചതുമായ വലിയ ഗ്രന്ഥശേഖരം ജറോമിനെ വളരെയധികം സഹായിച്ചു. അതേ അവസരം പൗളായുടെ നേതൃത്വത്തിലുള്ള സന്യാസസമൂഹത്തിന് അദ്ദേഹം വേണ്ടത്ര ആധ്യാത്മിക നേതൃത്വം നൽകിക്കൊണ്ടിരുന്നു.

അക്കാലത്ത് പലസ്തീനായിൽ ഒരിജന്റെ പേരിൽ വാദകോലാഹലങ്ങൾ ഉണ്ടായി. *ഒരിജനിസം* എന്നറിയപ്പെടുന്ന പ്രശ്നത്തിന്റെ പേരിലാണ് കലഹം പൊട്ടിപ്പുറപ്പെട്ടത്. സലാമിസിലെ എപ്പിഫാനിയസാണ് ഇതിനു തിരികൊളുത്തിയത്. 393-ൽ ഒരിജനെതിരെ ഒപ്പു ശേഖരിക്കാൻ ഒരു അതാർബിയൂസ് പലസ്തീനായിലെ ആശ്രമങ്ങൾ കയറിയിറങ്ങി. ജറോം അതിൽ ഒപ്പിട്ടു; റൂഫീനൂസ് ഒപ്പിട്ടില്ല. തിരുക്കല്ലറ ദേവാലയത്തിന്റെ പ്രതിഷ്ഠാകർമ്മദിവസത്തിൽ ഒരിജനെ വിമർശിച്ചുകൊണ്ട് എപ്പിഫാനിയസ് ചെയ്ത പ്രസംഗം പലസ്തീനായിൽ വലിയ കോളിളക്കം ഉണ്ടാക്കി. ജറുസലേമിലെ മെത്രാനായ ജോൺ ഒരിജന്റെ പക്ഷത്തായിരുന്നു. ഇപ്രകാരമുള്ള തർക്കത്തിനിടയിൽ എപ്പിഫാനിയസ് മെത്രാൻ (394), ജറോമിന്റെ സഹോദരനായ പൗളീനിയനെ സ്ഥലത്തെ മെത്രാനായ ജോണിന്റെ അനുവാദം കൂടാതെ വൈദികനായി വാഴിച്ചു. ഈ സംഭവവികാസങ്ങൾ ജറോമിന്റെ മുടക്കിൽ കലാശിച്ചു. അലക്സാന്ദ്രിയയിലെ തെയോഫിലസ് ആദ്യം ജോണിനെ ന്യായീകരിച്ചുകൊണ്ട് പരസ്യമായി പ്രസ്താവനയിറക്കി; എന്നാൽ ജോണിന്റെ ശത്രുക്കൾ *ഒരിജനിസം* എന്ന പ്രശ്നം ഉയർത്തിക്കാട്ടി കലഹത്തിന്റെ ഗതി തിരിച്ചുവിട്ടു. കോൺസ്റ്റാന്റിനോപ്പിളിലെ പ്രെട്ടോറിയൻ പ്രീഫെക്ട് ജറോമിനെ ആശ്രമത്തിൽനിന്നു പുറത്താക്കുമെന്നു ഭീഷണിപ്പെടുത്തി. എന്നാൽ 395-ൽ അയാൾ



കൊല്ലപ്പെട്ടതിനാൽ പുറത്താക്കൽ നടന്നില്ല. ജറോം അനുതാപത്തിന്റെ ലക്ഷണങ്ങൾ കാണിക്കുകയും റൂഫീനൂസുമായി സൗഹാർദ്ദം പുനഃസ്ഥാപിക്കുകയും ചെയ്യാൻ സമ്മതിച്ചപ്പോൾ 397 ഉയിർപ്പുദിവസം വീണ്ടും സഭാക്കൂട്ടായ്മയിൽ സ്വീകരിക്കാൻ ജോൺ സന്നദ്ധനായി. എന്നാൽ ഈയവസരവും തന്റെ നിലപാടു ന്യായീകരിച്ചുകൊണ്ട് ജറോം റോമിലേക്ക് എഴുതിക്കൊണ്ടിരുന്നു. തനിക്കുവേണ്ടി അവിടെ പ്രചരണങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. റൂഫീനൂസിനെ പാശ്ചാത്യനാട്ടിലേക്ക് തിരികെ വിളിക്കുന്നതിന് ഈ പ്രചരണം വഴിതെളിച്ചു.

ജറോമും റൂഫീനൂസും ഒരേ ദേശക്കാരും ആത്മസുഹൃത്തുക്കളും ആയിരുന്നു. എന്നാൽ ഒരിജനെ സംബന്ധിച്ചുള്ള അഭിപ്രായപ്രകടനങ്ങൾ അവരെ രണ്ടു തട്ടുകളിലാക്കി; സ്നേഹിതന്മാരെ ശത്രുക്കളാക്കി മാററി. ജറോമും റൂഫീനൂസും ആദ്യം ഒരിജന്റെ വലിയ ആരാധകരായിരുന്നു. ഒരിജന്റെ കൃതികൾ വിവർത്തനം ചെയ്യാൻ ഇരുവരും ഒരുപോലെ ബദ്ധപ്പെട്ടു. പിന്നീട് ജറോം ബൈബിൾ വിവർത്തനത്തിലേക്കു തിരിഞ്ഞു. റൂഫീനൂസ് ആകട്ടെ അതു തുടർന്നു. ഒരിജനെ റൂഫീനൂസ് ശരിയായി വിവർത്തനം ചെയ്യുന്നില്ല എന്നായിരുന്നു ജറോമിന്റെ ആരോപണം. അതേച്ചൊല്ലിയും തർക്കമുണ്ടായി. ഒരിജന്റെ കൃതികളിലെ ചില തെററുകൾ അബദ്ധോപദേശകർ കുത്തിത്തിരുകിയതാണ് എന്നു ധരിച്ച റൂഫീനസ് ഒരിജനെ ന്യായീകരിച്ചു. തെററുകൾ നീക്കിയ രീതിയിൽ അദ്ദേഹം അവ ലത്തീനിലേക്കു വിവർത്തനം ചെയ്തു. ഒരിജനെതിരേയുള്ള ഈ സമരത്തിൽ തെയോഫിലസ്, എപ്പിഫാനിയസ് എന്നിവരോടൊപ്പം ജറോമും പങ്കുചേർന്നു. എവാഗ്രിയസ് പോന്തിക്കൂസ്, ഷേതിലെ നാല് സഹോദരന്മാർ (Tall Brothers) ജോൺ ക്രിസസ്റ്റോം, റൂഫീനസ്, മെലാനിയാ എന്നിവരെ ജറോം നിശിതമായി വിമർശിച്ചു.

വി. അഗസ്റ്റിൻ 397 ലും 402 ലും വി. ഗ്രന്ഥവിവർത്തനം സംബന്ധിച്ച് ജറോമിന് കത്തുകളയച്ചു. തന്റെ വിവർത്തനത്തെ വിമർശിച്ചുകൊണ്ടുള്ളതാണ് കത്ത് എന്നു ധരിച്ച ജറോം ആ ധാരണയിൽ പ്രതികരിച്ചു. എന്നാൽ അഗസ്ററിന്റെ വിനയം ധാരണ തിരുത്താൻ വളരെ സഹായിച്ചു. പെലാജിയൂസ് എന്ന പൊതു ശത്രുവിനെതിരെ ഇരുവരും തുടർന്ന് ഒന്നിച്ച് അണിനിരക്കുകയും ചെയ്തു.

പ്രിയ ശിഷ്യയായ പൗളാ 404-ൽ മരിച്ചു. തുടർന്നുള്ള വർഷങ്ങളിലെ റോമിന്റെ പതനം എല്ലാവരിലും വലിയ

www.malankaralibrary.com



ഞെട്ടലുണ്ടാക്കി. 410 ആഗസ്ററ് 24-ലെ ബാർബേറിയൻ ആക്രമണം ജറോമിലും വലിയ ആഘാതം ഏല്പിച്ചു. 414-ൽ പെലാജിയൂസ് ജറുസലേമിലെത്തി. ബിഷപ്പ് ജോൺ അയാളെ സ്വീകരിച്ചു. ജറോമാകട്ടെ പെലാജിയൂസിനെതിരായ നിലപാടെടുത്തു. 416-ൽ പെലാജിയൂസിന്റെ അനുയായികളായ ഒരു കൂട്ടം ഭീകരർ ജറോമിന്റെ ആശ്രമങ്ങൾക്ക് തീ കൊളുത്തി. 417-ൽ അന്ത്യോക്യയിൽ കൂടിയ സിനഡ് ഈ ഭീകരരെ സഭയ്ക്കു പുറത്താക്കി. ജറുസലേമിലെ ജോണും എവുസ്തോക്കിയും എന്ന സന്യാസിനിയും മരിച്ചശേഷം 419/420 സെപ്റ്റംബർ 30-ന് ബേത്ലഹേമിൽവച്ച് ജറോം മരിച്ചു.

## കൃതികൾ

നിരവധി പിതാക്കന്മാരുടെ കൃതികളും വി. ഗ്രന്ഥവും ലത്തീനിലേക്കു വിവർത്തനം ചെയ്തതിൽ പാശ്ചാത്യസഭ ജറോമിനോടു കടപ്പെട്ടിരിക്കുന്നു. തന്റെ വിവർത്തനങ്ങളും സ്വന്തമായി എഴുതിയ കൃതികളും പ്രചരിപ്പിക്കുവാനുള്ള പരിശ്രമവും അദ്ദേഹം നടത്തി. അതിൽ വിജയിക്കുകയും ചെയ്തു. പൗലായുടെ ഔദാര്യത്താൽ ജറോമിന് പകർത്തിയെഴുത്തുകാരുടെ സഹായം ലഭിച്ചു. റോമിലെ സ്നേഹിതരുടെ സഹകരണത്താൽ ഗ്രന്ഥങ്ങൾ പാശ്ചാത്യ ലോകത്തു പ്രചരിച്ചു. 392-ൽ തന്നെ ജറോമിന്റെ 45 കത്തുകളുടെ സമാഹാരം അനുവാചകരുടെ കൈകളിൽ എത്തിയിരുന്നു.

### 1. വേദപുസ്തക വിവർത്തനങ്ങൾ

വിശുദ്ധഗ്രന്ഥ വിവർത്തകനായിട്ടാണ് ജറോം പൊതുവേ അറിയപ്പെടുന്നത്. എന്നാൽ ബൈബിൾ മുഴുവൻ ജറോം വിവർത്തനം ചെയ്തു എന്നു കരുതിക്കൂടാ. ഒരേകീകൃത രീതിയോ പദ്ധതിയോ അനുസരിച്ച് അദ്ദേഹം വിവർത്തനം നടത്തി എന്നും പറഞ്ഞുകൂടാ. ഡമാസൂസ് പാപ്പാ പ്രസാധനം ചെയ്തതും റോമാസഭ അഥവാ, പാശ്ചാത്യ കത്തോലിക്കാസഭ മുഴുവൻ സ്വീകരിച്ചതുമായ ഔദ്യോഗിക പതിപ്പായി ജറോമിന്റെ വിവർത്തനത്തെ പരിഗണിക്കുന്നവരുണ്ട്. എന്നാൽ ഇതിൽ പൊരുത്തക്കേടുകളുണ്ട്. കാരണം "ലത്തീൻ വൾഗേററ്" എന്നറിയപ്പെടുന്ന വിവർത്തനം ഓരോ പുസ്തകമായിട്ടാണ് പ്രസിദ്ധീകരിക്കപ്പെട്ടത്. ജറോം അവ ഓരോന്നും ഓരോ സ്നേഹിതനു സമർപ്പിക്കുകയാണു ചെയ്തത്. സുവിശേഷങ്ങളുടെ



ലത്തീൻ പതിപ്പിന്റെ പരിഷ്കാരവുമായി ബന്ധപ്പെട്ടു മാത്രമേ ഡമാസൂസിന്റെ പേരു കാണുന്നുള്ളു. ബൈബിൾ വിവർത്തനത്തിനുള്ള പ്രേരണ ഡമാസൂസിൽ നിന്നായിരിക്കാം ജറോമിനു ലഭിച്ചത് എന്നു കരുതാം.

1. *സുവിശേഷങ്ങൾ:* അന്നുണ്ടായിരുന്ന ലത്തീൻ ബൈബിളിൽ ചില തിരുത്തലുകൾ വരുത്താൻ ജറോം ശ്രമം നടത്തി. ഡമാസൂസ് പാപ്പായുടെ പിൻതുണ അതിനുണ്ടായിരുന്നു.

2. *മററ് പുതിയനിയമ ഗ്രന്ഥങ്ങൾ:* നടപടി, ലേഖനങ്ങൾ, വെളിപാട് എന്നീ പുതിയനിയമ ഗ്രന്ഥങ്ങൾക്ക് ജറോം ആമുഖമെഴുതി തന്റെ സ്നേഹിതർക്കു സമർപ്പിച്ചതായി കാണുന്നില്ല. അപ്രകാരമെഴുതി സമർപ്പിക്കുക അദ്ദേഹത്തിനു പതിവായിരുന്നു. അതുകൊണ്ട് ഈ ഗ്രന്ഥങ്ങൾ തിരുത്തിയെഴുതിയത് ജറോമിന്റെ ഒരു ശിഷ്യനും സിറിയാക്കാരനുമായ ഒരു റുഫീനൂസ് ആയിരിക്കാം. പെലാജിയൂസ് ഈ ലേഖനങ്ങൾ ഉപയോഗിച്ചിരുന്നു.

3. *സങ്കീർത്തനങ്ങൾ* (ആദ്യതിരുത്തൽ): ലത്തീൻ സുവിശേഷങ്ങളോടൊപ്പം റോമിൽ വച്ച് സങ്കീർത്തനങ്ങൾക്ക് വളരെ പെട്ടെന്നൊരു തിരുത്തൽ വരുത്തിയതായി ജറോം തന്നെ സാക്ഷിക്കുന്നു. ഒരിജന്റെ ഹെക്സപ്ലായോ, ഹീബ്രു ബൈബിളോ ഉപയോഗിച്ചല്ല ഈ തിരുത്തലുകൾ വരുത്തിയത്. പിന്നീട് ബേത്ലഹേമിൽ വച്ച് ജറോം തന്നെ നന്നായി തിരുത്തലുകൾ വരുത്തിയതിനാൽ ആദ്യത്തേതിനു വേണ്ടത്ര പ്രചാരം ലഭിച്ചില്ല. അതു നഷ്ടപ്പെട്ടുപോയി.

4. *സങ്കീർത്തനത്തിന്റെ രണ്ടാം തിരുത്തൽ:* ഒരിജന്റെ 'ഹെക്സപ്ലാ' ഉപയോഗിച്ചത് സങ്കീർത്തനം ഒന്നുകൂടി പരിഷ്കരിച്ചു. ഐർലൻഡിലെ സഭയിലും പിന്നീട് ഗാള്ളിക്കൻ സഭയിലും ഇത് (8 thc) ഉപയോഗത്തിൽവന്നു. *ഗാള്ളിക്കൻ സങ്കീർത്തനം* എന്ന് ഇതിനു പേരുണ്ടായത് ഇങ്ങനെയാണ്. യൂണിവേഴ്സിററികളിലെ ബൈബിളുകളിലും ക്ലെമെൻറയിൻ വൾഗേററ് എന്ന ടെക്സ്ററിലും ഇത് സ്വീകരിക്കപ്പെട്ടു. കാലാന്തരത്തിൽ ഇത് ലത്തീൻ ലോകത്തുടനീളം ഉപയോഗത്തിലായി. പന്ത്രണ്ടാം പീയൂസിന്റെ കാലത്താണ് ഇതിനുപകരം മറെറാരു വിവർത്തനം ലത്തീൻസഭയിൽ ഉപയോഗിക്കാൻ തുടങ്ങിയത്.

www.malankaralibrary.com



5. *ഹീബ്രു ബൈബിൾ ആധാരമാക്കിയുള്ള വിവർത്തനം*: ഒരിജന്റെ കൃതികൾ വിവർത്തനം ചെയ്യാനുള്ള ഒരു പദ്ധതി ജറോം തയാറാക്കിയിരുന്നു. 392-ൽ അതുപേക്ഷിച്ച് പഴയനിയമത്തിന്റെ ഹീബ്രുവിൽ നിന്നുള്ള ഒരു വിവർത്തനം പുതുതായുണ്ടാക്കാൻ തുടങ്ങി. പഴയനിയമത്തിലെ ഏതു ഗ്രന്ഥമാണ് ആദ്യം വിവർത്തനം ചെയ്തത് എന്നു കൃത്യമായി പറയാൻ സാധ്യമല്ല. അക്വിലാ, സിമ്മാക്കസ് എന്നീ യൂദന്മാരുടെ ഗ്രീക്കുവിവർത്തനങ്ങൾ ഒരിജന്റെ ഹെക്സപ്ലായേക്കാൾ ജറോമിനെ ഇക്കാര്യത്തിൽ സഹായിച്ചു. അക്വിലായുടെ വിവർത്തനം പദാനുപദമായിരുന്നു. സിമ്മാക്കസിന്റേതാകട്ടെ കൂടുതൽ ഒഴുക്കുള്ള ശൈലിയിലായിരുന്നു. പരസ്പര പൂരകങ്ങളായ ഈ രണ്ട് ഗ്രീക്കുവിവർത്തനങ്ങൾ ഉപയോഗിച്ചാണ് ജറോം തന്റെ ലത്തീൻ വിവർത്തനം തയാറാക്കിയത്.

രാജാക്കന്മാർ; പ്രവാചകന്മാർ, യോബ്, സങ്കീർത്തനങ്ങൾ എന്നിവയിൽ ആദ്യം വിവർത്തനം ചെയ്തത് ഏതാണെന്ന് കൃത്യമായി പറയാൻ പ്രയാസമാണ്. ഹെസക്കിയേൽ 398-ൽ വിവത്തനം ചെയ്തു. എസ്രാ (394), ദിനവൃത്താന്തം (396), സോളമന്റെ ഗ്രന്ഥങ്ങൾ (398), ആദ്യത്തെ എട്ട് പുസ്തകങ്ങൾ (404), എസ്തേർ (405) എന്നിവ ജറോം പൂർത്തിയാക്കി. ഓരോ ഗ്രന്ഥത്തിനും ജറോം ആമുഖം നൽകുന്നു. ജറോമിന് അഭിനന്ദനങ്ങളേക്കാൾ വിമർശനങ്ങളാണ് ഏൽക്കേണ്ടി വന്നിട്ടുള്ളത് എന്ന് ഇവയിൽ നിന്നു മനസ്സിലാക്കാം. സ്നേഹിതന്മാർ പ്രോത്സാഹിപ്പിച്ചെങ്കിലും റൂഫീനുസിന്റെ സ്വാധീനവലയത്തിൽ വന്നവരും, അഗസ്റ്റിനും മറ്റുള്ളവരും ഈ വിവർത്തനത്തിൽ അപകടം ദർശിച്ചു. സഭയുടെ ബൈബിൾ നഷ്ടപെടുത്തി യൂദവീക്ഷണങ്ങളിലേക്കു വഴുതിവീഴാനുള്ള ഒരു സാഹചര്യം ഈ പുതിയ വിവർത്തനം സൃഷ്ടിക്കാനിടയുണ്ടെന്ന് അവർ കരുതി. സഭയുടെ ബൈബിൾ ഗ്രീക്കു ഭാഷയിലുള്ളതാണ്. അതാണ് സഭ ഔദ്യോഗികമായി അംഗീകരിച്ചിരിക്കുന്നത്. എന്നാൽ പുതിയ വിവർത്തനത്തിന്റെ സാഹിത്യ ഗുണം കൊണ്ടും എതിരാളികളുടെ ഇടയിലെ അഭിപ്രായ വ്യത്യാസങ്ങൾ നിമിത്തവും ജറോമിന്റെ വിവർത്തനം സാവധാനം അംഗീകരിക്കപ്പെടാൻ തുടങ്ങി. പ്രവാചകന്മാരുടെ പുസ്തകങ്ങൾ ഒരെതിർപ്പും കൂടാതെ സഭ സ്വീകരിച്ചു. ഹെക്സപ്ലായെ ആധാരമാക്കി തയാറാക്കിയ വിജ്ഞാനഗ്രന്ഥങ്ങളുടെ സ്ഥാനത്ത് പുതിയ വിവർത്തനം സ്ഥാനം പിടിച്ചു. ചരിത്രപുസ്തകങ്ങളുടെയും പുതിയ വിവർത്തനം സ്വീകാര്യമായി. സങ്കീർത്തനങ്ങളുടെ



പുതിയ വിവത്തനം പല പണ്ഡിതസദസ്സുകളും സ്വീകരിച്ചെങ്കിലും ലിറ്റർജിയിൽ സ്ഥാനം ലഭിച്ചില്ല. ജറോമിന്റെ പക്കൽ ഉണ്ടായിരുന്ന ഹീബ്രു ടെക്സ്റ്റ് നമ്മുടെ മസോറെറ്റിക് ടെക്സ്റ്റിനോട് വളരെ അടുത്തു വരുന്നതാണ്. എന്നാൽ അതിനെ വ്യാഖ്യാനിക്കാൻ അദ്ദേഹം ഹെക്സപ്ലായിലെ പുരാതന വിവർത്തനങ്ങൾ ഉപയോഗിച്ചു. ആദ്യകാലത്ത് ജറോമിന് ഹീബ്രുറബിമാരുടെ സഹായവും ലഭിച്ചു എന്നു പറയപ്പെടുന്നു.

6. *ഡെവുത്തെരോ കാനോനിക്കൽ ഗ്രന്ഥങ്ങൾ*: ബൻസീറാ, സോളമന്റെ വിജ്ഞാനം, യൂദിത്, എസ്തേർ, തോബിയാസ്, മക്കബായർ, എന്നിവ കാനോനിക്കൽ ഗ്രന്ഥങ്ങളല്ല, ഭക്തപാരായണത്തിനു നല്ലതാണ് എന്ന് സദൃശ്യവാക്യങ്ങളുടെ ആമുഖത്തിൽ ജറോം രേഖപ്പെടുത്തുന്നു. മൂന്നും നാലും എസ്രായാകട്ടെ വെറും ഭാവനാസൃഷ്ടിയായിട്ടേ അദ്ദേഹം കരുതിയുള്ളു (എസ്രായുടെ ആമുഖം). ഡെവുതെരോ കാനോനിക്കൽ കൃതികളിൽ ജറോമിനു വലിയ താല്പര്യം ഇല്ലായിരുന്നു. തോബിയാസും യൂദിത്തും ഒഴുക്കൻ മട്ടിലാണ് അദ്ദേഹം വിവർത്തനം ചെയ്തത്.

എന്നാൽ *വൾഗേറ്റിനുള്ള* നല്ല വിവർത്തനങ്ങൾ ശേഖരിച്ചവർ ഡെവുതെരോ കാനോനിക്കൽ ഗ്രന്ഥങ്ങളും വിട്ടുകളയാതെ ഉൾപ്പെടുത്തി. അതിന് അല്പം കാലതാമസം ഉണ്ടായി എന്നുമാത്രം.

## 2. മറ്റ് വിവർത്തനങ്ങൾ

1. *എവുസേബിയസിന്റെ ദിനവൃത്താന്തം*: എവുസേബിയസ് 303 നു മുമ്പു തയാറാക്കിയ *ദിനവൃത്താന്തം* (*ക്രോണിക്കിൾ*) എന്ന ഗ്രന്ഥം 380 ൽ കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് ജറോം കാണാനിടയായി. അത് അദ്ദേഹം പകർത്തിയെടുത്തു. എവുസേബിയസ് എഴുതിയ രീതിയിൽ അല്ല അത് അദ്ദേഹത്തിന്റെ കൈകളിൽ എത്തിയത്. 303 കഴിഞ്ഞുള്ള സംഭവങ്ങളും ആ കൈയെഴുത്തുപ്രതിയിൽ രേഖപ്പെടുത്തിയിരുന്നു. ജറോം അതിന്റെ വിവർത്തനാവസരം 378 വരെയുള്ള കാര്യങ്ങൾ കൂട്ടിച്ചേർത്തു; എവുസേബിയസിന്റെ കൃതിയുടെ രണ്ടാം ഭാഗം (Synchronous table) മാത്രമേ ജറോമിന്റെ കൃതിയിൽ ഉള്ളൂ. പാശ്ചാത്യലോകത്ത് ഈ രീതിയിലാണ് ഈ ക്രോണിക്കിൾ പ്രചരിച്ചത്.

www.malankaralibrary.com



*2. ഒണോമാസ്തിക്കാ* (സ്ഥലനാമങ്ങൾ; പേരുകൾ): ഗ്രീക്കിലേക്ക് വിവർത്തനം ചെയ്യാതെ ഗ്രീക്ക സെപ്ത്വജിന്ത് ബൈബിളിൽ ഉപയോഗിച്ചിരുന്ന ഹീബ്രു നാമങ്ങളുടെ ഒരു പട്ടിക 390-ൽ ജറോം തയാറാക്കി. ഇപ്രകാരമൊന്ന് എവുസേബിയസ് തയാറാക്കിയിരുന്നു. എവുസേബിയസിൻെറ ചുവടു പിടിച്ചാണ് ജറോം ഇതെഴുതിയത്. എവുസേബിയസിൻെറ കൃതിയിൽ വിട്ടുപോയത് കൂട്ടിച്ചേർത്ത് പൂർണമാക്കി. എവുസേബിയസിനു തെറ്റുപറ്റി എന്നു ജറോമിനു തോന്നിയവ തിരുത്തി. ചിലയിടങ്ങളിൽ തിരുത്താതെ അഭിപ്രായ വ്യത്യാസം രേഖപ്പെടുത്തുകമാത്രം ചെയ്തു. പേരുകൾക്ക് ആന്തരികാർത്ഥം നൽകാൻ എവുസേബിയസും ജറോമും ശ്രദ്ധിച്ചു. മിക്കവാറും എവുസേബിയസിൻെറ കൃതിയുടെ പരിഭാഷയായി ഇതിനെ കണക്കാക്കിയാൽ മതിയാകും.

*3. മഹത് വ്യക്തികൾ* (ദെ വീരിസ് ഇല്ലുസ്ത്രിബുസ്): ക്രിസ്തീയ എഴുത്തുകാരുടെ ഒരു പട്ടികയും ചെറിയ വിവരണവും 393-ൽ ജറോം പ്രസിദ്ധപ്പെടുത്തി. എവുസേബിയസിൻെറ സഭാചരിത്രത്തെ ആധാരമാക്കിയാണ് ഇതെഴുതിയത്. ജറോമിൻെറ 393 വരെയുള്ള കൃതികളുടെ പട്ടികയും ഇതിൽ കാണാം. ലത്തീൻ ലോകത്തെപ്പറ്റിയുള്ള വിവരണത്തിൽ മാത്രമേ ജറോം ചില കാര്യങ്ങൾ കൂട്ടിച്ചേർത്തിട്ടുള്ളു. (*NPNF*², 3:359–384)

## 3. ഒരിജൻെറയും ദിദീമുസിൻെറയും വിവർത്തനങ്ങൾ

*1. ഒരിജൻെറ പ്രവാചകഗ്രന്ഥ ഹോമിലിയും ഉത്തമഗീത ഹോമിലിയും:* ഗ്രിഗറി നസ്യാൻസൻെറ പ്രേരണയാൽ 381 മുതൽ ജറോം, ഒരിജൻെറ ഗ്രന്ഥങ്ങളാൽ ആകൃഷ്ടനായി. ജറമിയായെപ്പറ്റിയുള്ള 14 ഹോമിലികൾ ജറോം ആദ്യം വിവർത്തനം ചെയ്തു. പിന്നീട് എസക്കിയേലിനെപ്പറ്റി. ഉത്തമഗീതത്തെ ആധാരമാക്കിയുള്ള ഹോമിലി റോമിൽ വച്ച് ഡമാസൂസ് പാപ്പായ്ക്ക് 383-ൽ സമർപ്പിച്ചു. ഏശായായെപ്പറ്റിയുള്ള ഒൻപതു ഹോമിലികൾ (392). – ജറോമിൻെറ പതിവനുസരിച്ചുള്ള ആമുഖം ഈ വിവർത്തനങ്ങൾക്കൊന്നിനും ഇല്ലെങ്കിലും ഇവ ജറോമിൻേറതാണ് എന്നാണ് റുഫീനുസിൻെറ അഭിപ്രായം. ഒരിജനിൽ കാണുന്ന ഒരു പിശക് ജറോം തിരുത്തി വിവർത്തനം ചെയ്തതായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. – ഇതായിരുന്നല്ലോ ജറോം റുഫീനുസിൽ കണ്ട വലിയ അപരാധം. പ്രത്യേകിച്ച് *ആദ്യതത്വങ്ങൾ* എന്ന കൃതിയിൽ.



*2. ലൂക്കോസിനെപ്പറ്റിയുള്ള ഹോമിലി:* ജറോമിൻെറ വിവർത്തനങ്ങൾ വളരെ നല്ല ഗുണനിലവാരമുള്ളവയാണെന്ന് വിൻസെൻറും അഗസ്റ്റിനും റുഫീനുസും സാക്ഷ്യപ്പെടുത്തുന്നു. ഇതു തുടരണമെന്ന് അവർ അപേക്ഷിച്ചെങ്കിലും, ജറോം പില്ക്കാലത്ത് പൗരസ്ത്യ ഭാഷ്യകാരന്മാരെയാശ്രയിച്ചുകൊണ്ട് ഭാഷ്യങ്ങളെഴുതി സ്വന്തം പേരിൽ പ്രസിദ്ധീകരിക്കയാണുണ്ടായത്. ഒരിജൻ, ദിദീമുസ് എന്നിവരുടെ ഭാഷ്യങ്ങൾ തുടർന്നുപയോഗിച്ചത്, മറ്റുള്ളവർ കടമെടുത്തതും, തെറ്റായി വിവർത്തനം ചെയ്തതും തുറന്നുകാട്ടാൻ മാത്രമായിരുന്നു. ലൂക്കായെപ്പറ്റിയുള്ള 39 ഹോമിലികൾ 390-ൽ വിവർത്തനം ചെയ്തത്, അംബ്രോസ് ആ പേരിൽ എഴുതിയ ഭാഷ്യത്തെ വിമർശിക്കാൻ ആയിരുന്നു.

*3. ആദ്യതത്വങ്ങൾ:* (ദെ പ്രിൻചീപ്പിയിസ്): റുഫീനുസ് 398-ൽ ഒരിജൻെറ ഈ കൃതിയുടെ നാല് പുസ്തകങ്ങൾ വിവർത്തനം ചെയ്തു. ജറോമിൻെറ കൃതിയുടെ തുടർച്ചയായിട്ടാണ് അദ്ദേഹമിതു ചെയ്തത്. സമകാലീന ഭാഷയിലാക്കാനുള്ള ഒരു ശ്രമവും റുഫീനുസ് നടത്തി. ഇതിനു മറുപടിയായി ബേത്ലഹേമിൽ നിന്ന് 399-ൽ ജറോം ഒരു വിവർത്തനം പ്രസിദ്ധീകരിച്ചു. ഈ കൃതിയിലുള്ള പാഷണ്ഡതകൾ തുറന്നുകാട്ടുകയായിരുന്നു ലക്ഷ്യം.

*4. പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള ദിദീമുസിൻെറ കൃതി:* ഈ പേരിൽ അംബ്രോസ് എഴുതിയ പുസ്തകത്തിൽ ഗ്രീക്ക് പിതാക്കന്മാരെ അദ്ദേഹം എത്രമാത്രം പകർത്തിവച്ചിരിക്കുന്നു എന്നു കാണിക്കാൻ ജറോം ദിദീമുസിൻെറ കൃതി (387–90) വിവർത്തനം ചെയ്തു.

*5. മറ്റുള്ള വിവർത്തനങ്ങൾ:* ജറോമിൻെറ കത്തുകളുടെ കൂട്ടത്തിൽ തെയോഫിലസ് അയച്ച കത്തുകൾ, ജറുസലേം സിനഡിൻെറ നടപടികൾ, എപ്പിഫാനിയസ്, ജറുസലേമിലെ ജോണിനയച്ചകത്ത് മറ്റ് പൗരസ്ത്യരേഖകൾ എന്നിവയും കാണാം. ഈ രേഖകൾ ജറോം ലത്തീനിലേക്കു വിവർത്തനം ചെയ്തു. തൻെറ നിലപാട് ന്യായീകരിക്കാൻ അദ്ദേഹം അവ ഉപയോഗിക്കുകയുണ്ടായി. പക്കോമിയൻ രേഖകളുടെ ഒരു സമാഹാരവും ജറോം ലത്തീനിലേക്ക് വിവർത്തനം ചെയ്തു.

www.malankaralibrary.com


## 4. ഭാഷ്യകൃതികൾ

പൗരസ്ത്യ പിതാക്കന്മാരുടെ ഭാഷ്യങ്ങളുടെ ലത്തീനിലുള്ള പതിപ്പായിരുന്നു ജറോമിന്റെ ഭാഷ്യങ്ങൾ. സ്വന്ത സംഭാവനകൾ കുറവായിരുന്നു. ജറോമിന്റെ ചില കത്തുകൾ ഭാഷ്യകൃതികൾ തന്നെയാണ്: ലേഖനം 18A–18B, ഏശാ. 6 നെ ആധാരമാക്കിയാണ്. ലേഖനം 28 ഓശാനയെക്കുറിച്ചാണ്; ലേഖനം 21– മുടിയനായ പുത്രനെക്കുറിച്ചാണ്. ഈ ലേഖനങ്ങളെല്ലാം ഡമാസൂസ് പാപ്പായ്ക്കുള്ളതാണ്. ഒബേദ്യായുടെ പുസ്തകത്തിനാണ് ജറോം ആദ്യം ഭാഷ്യം രചിച്ചതു് അന്ത്യോക്യയിൽവച്ച് 374–ലാണതു്.

1. *പൗലോസിന്റെ ലേഖനങ്ങൾ:* ബേത്‌ലഹേമിൽ വച്ച് ഫിലമോൻ, ഗലാത്യർ, എഫേസ്യർ, തീത്തൂസ് എന്നിവയ്ക്ക് ചെറിയ ഭാഷ്യങ്ങളെഴുതി. ഒരിജൻ, ദിദിമൂസ്, അപ്പൊള്ളിനാരിസ്, എമേസയിലെ എവുസേബിയസ് എന്നിവർ ജറോമിന്റെ ഉറവിടങ്ങളായിരുന്നു.

2. *സഭാപ്രസംഗി:* റോമിൽവച്ച് ബ്ലെസില്ല എന്ന സ്ത്രീക്ക് ജറോം ഇതു വ്യാഖ്യാനിച്ചു കൊടുത്തിരുന്നു. ലോകത്തിന്റെ വ്യർത്ഥതയെപ്പററി പഠിപ്പിക്കുകയായിരുന്നു ജറോമിന്റെ ലക്ഷ്യം. ബേത്‌ലഹേമിൽ വച്ച് 389–ൽ ജറോം ഇതു് ഗ്രന്ഥരൂപത്തിലാക്കി ബ്ലെസില്ലായുടെ ഓർമ്മയ്ക്കുവേണ്ടി സമർപ്പിച്ചു. ഗ്രീക്കഭാഷ്യങ്ങൾക്കു പുറമേ റബിമാരുടെ വിവരണങ്ങളും അദ്ദേഹം ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

3. *സങ്കീർത്തനങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ:* ഒരിജന്റെ *സ്ക്കോളിയ*യെ അനുകരിച്ച് ചില സങ്കീർത്തനഭാഗങ്ങളെക്കുറിച്ച് എഴുതിയിട്ടുള്ള കുറിപ്പുകളും ചെറിയ വിവരണങ്ങളുമാണവ.

4. *ഉല്പത്തിയിലുള്ള എബ്രായ പ്രശ്നങ്ങൾ:* പ്രശ്നങ്ങൾ (സേതാമാതാ, Quaestiones) എന്നതു് ഒരു സാഹിത്യശൈലിയാണ്. *സ്ക്കോളിയാ*യിൽ ചർച്ച് ചെയ്യുന്ന വിഷയങ്ങൾ തന്നെയാണിവിടെയും. എന്നാൽ അവതരണരീതിയിൽ വ്യത്യാസമുണ്ടെന്നു മാത്രം. ഉല്പത്തിയെക്കുറിച്ചു മാത്രമേ ജറോം ഇത്തരം വിവരണം എഴുതിയിട്ടുള്ളു.

5. *പ്രവാചകഭാഷ്യം:* ഒബെദ്യാവിന്റെ ഭാഷ്യം (374) ആണ് ആദ്യത്തെ പ്രവാചകഭാഷ്യകൃതി. പിന്നീട്



നാഹൂം, മിഖാ, ഹബക്കുക്ക്, സെഫനിയാ, ഹഗ്ഗായ് എന്നീ അഞ്ച് ചെറിയ പ്രവാചകരുടെ ഭാഷ്യം (393) എഴുതി. ഈ കാലത്തു തന്നെ ഏശായാ, 1:1–5 എഴുതി. പിന്നീട് യോനാ, ഒബെദ്യാ രണ്ടാമതു്, ഏശായായുടെ പത്തു ദർശനങ്ങൾ (പിന്നീടതു് ഏശായാ ഭാഷ്യത്തിന്റെ അഞ്ചാം പുസ്തകമാക്കി) എന്നിവ 396–നോടുകൂടി രചിച്ചു. സഖറിയാ, മാലാഖി, ഹോശിയാ, യൂയേൽ, ആമോസ് എന്നിവ 406–ൽ എഴുതി പൂർത്തിയാക്കി. തുടർന്ന് ദാനിയേൽ (407), ഏശായാ (408–9), എസക്കിയേൽ (411–4), ജറമിയാ (415–9) എന്നിവ എഴുതി. ജറമിയാ പൂർത്തിയാക്കുന്നതിനു മുമ്പ് ജറോം മരിച്ചു.

6. *മത്തായിഭാഷ്യം:* സ്നേഹിതനായ ഒരു എവുസേബിയസിന്റെ ആവശ്യപ്രകാരം രചിച്ചതാണീ ഭാഷ്യം. മുഖ്യ ആധാരം ഒരിജനാണ്. ഹിലരിയുടെ ഭാഷ്യവും ജറോം ഉപയോഗിച്ചിട്ടുണ്ട്. ചിലയിടങ്ങളിൽ ഹിലരിയെ വിമർശിക്കുന്നതായി കാണാം.

7. *വെളിപാടുഭാഷ്യം:* പൗരസ്ത്യദേശങ്ങളിൽ വെളിപാടുഗ്രന്ഥത്തിനു് അംഗീകാരം ലഭിക്കാഞ്ഞതിനാൽ ജറോമിന് പൗരസ്ത്യഭാഷ്യങ്ങളൊന്നും ലഭിച്ചില്ല. പെതാവൂവിലെ വിക്ടൊറീനൂസിന്റെ (+ 304) ലത്തീൻ ഭാഷ്യം ജറോം തെററു തിരുത്തി പരിഷ്കരിച്ചു. തിക്കോണിയൂസിന്റെ ഭാഷ്യം ഉപയോഗിച്ചാണ് ജറോം തിരുത്തൽ നടത്തിയതു്.

## 5. ഹോമിലികൾ

ബേത്‌ലഹേമിൽവച്ച് ജറോം ഞായറാഴ്ചകളിലും മററും നടത്തിയ പ്രസംഗങ്ങൾ, സെക്രട്ടറിമാർ കേട്ടെഴുതിയ രീതിയിൽ നമുക്കു ലഭിച്ചിട്ടുണ്ട്. ആരാധനക്രമവത്‌സരവുമായി ബന്ധപ്പെട്ടവയാണവ. സങ്കീർത്തനങ്ങളെക്കുറിച്ചാണ് മിക്കവയും. മർക്കോസിന്റെ സുവിശേഷത്തെ ആധാരമാക്കിയും ഉണ്ട്. മധ്യകാല സഭയിൽ ഈ ഹോമിലിക്കുറിപ്പുകൾ ഒട്ടുംതന്നെ സ്വാധീനം ചെലുത്തിയില്ല. ഈയടുത്തകാലത്ത് അവ പ്രസിദ്ധീകൃതമായിട്ടുണ്ട്.

## 6. സന്യാസ ജീവചരിത്രം

ജറോം രചിച്ച സന്യാസചരിത്രത്തിൽ അദ്ദേഹത്തിന്റെ വ്യക്തിപരമായ അനുഭവങ്ങളും വായിച്ചറിഞ്ഞ സന്യാസ കൃതികളും സ്വാധീനം ചെലുത്തിയിട്ടുണ്ട് (*NPNF*².6 : 299 – 318; *FC*. 15:225–297).

www.malankaralibrary.com



1. *പൗലോസിന്റെ ജീവചരിത്രം:* മഹാനായ അന്തോണിയോസിനു മുൻപുതന്നെ ഏകാന്തജീവിതം നയിച്ച ഒരാളാണ് പൗലോസ്. കാൽചിസിൽ വച്ച് സന്യാസജീവിതം അനുഷ്ഠിച്ച കാലത്ത് (375-9) ജറോം പൗലോസിന്റെ ഒരു ജീവചരിത്രം രചിച്ചു. അന്തോണിയോസിന്റെ ജീവചരിത്രത്തോടു കിടപിടിക്കത്തക്ക ഒരെണ്ണം രചിക്കുക എന്നതായിരുന്നു ലക്ഷ്യം. മരുഭൂമിയിൽ വച്ച് താൻ എത്തിച്ചേരേണ്ട സന്യാസജീവിതത്തിന് ഒരു മാതൃക വരച്ചുണ്ടാക്കുകയാണ് ഇതിലൂടെ ജറോം ചെയ്തത്. ഇതിന്റെ രചനയിൽ ജറോമിന്റെ ഭാവന നന്നായി പ്രവർത്തിച്ചിട്ടുണ്ട്.

2. *ഹിലാരിയോന്റെ ജീവചരിത്രം:* എപ്പിഫാനിയസിന്റെ ആധ്യാത്മിക നിയന്താവായ ഗാസ്സായിലെ ഹിലാരിയോന്റെ ജീവചരിത്രത്തിൽ കാണുന്ന അത്ഭുതപ്രവൃത്തികൾ പലതും ജറോമിന്റെ ഭാവനാചിത്രങ്ങളാണ് എന്നു കരുതുന്നവരുണ്ട്. ബേത്‌ലഹേമിൽ താമസിക്കാൻ തുടങ്ങിയപ്പോൾ രചിച്ചതാണിത്.

3. *മാൽക്കൂസിന്റെ ജീവചരിത്രം:* കാൽചിസ് മരുഭൂമിക്കടുത്ത് മറോണിയാ എന്ന സ്ഥലത്തുവച്ച് ജറോം ഒരു വൃദ്ധതാപസ്സനെ കണ്ടുമുട്ടി. നിർബന്ധത്താൽ വിവാഹബന്ധത്തിലേർപ്പെട്ട ഇയാൾ തന്റെ ഭാര്യയുമൊത്ത് ജീവിച്ചെങ്കിലും പൂർണമായി വിരക്തി പാലിച്ചു. അയാളുടെ ജീവചരിത്രം 390-ൽ ജറോം എഴുതി. "വിർജിനെസ് സുബ്ഇൻത്രൊഡുക്തെ" എന്നറിയപ്പെട്ടിരുന്ന കന്യകകളെപ്പറ്റിയും, അവരുടെ ജീവിതരീതിയെപ്പറ്റിയും ജറോം വിമർശനം നടത്തിയിരുന്നെങ്കിലും, പൗലായുമായുള്ള സഖിത്വത്തിനുശേഷം ഒരു ഭക്തമാതൃക ആവശ്യമായി തോന്നിയതിനാലാകാം ജറോം ഇതെഴുതിയത്.

## 7. താർക്കികകൃതികൾ

1. *ലൂസിഫേറിയർക്കെതിരെയുള്ള സംവാദം:* അന്ത്യോക്യയിലെ പൗളീനുസിനെ മെത്രാനായി വാഴിച്ച ഒരു നിഖ്യാതീവ്രവാദിയായിരുന്നു ലൂസിഫർ.[1] എന്നാൽ കാലക്രമത്തിൽ ലൂസിഫർ ഒരു ശീശ്മ വിഭാഗത്തിന്റെ തലവനായി. ജറോം പൗളീനുസിന്റെ സ്നേഹിതനായിരുന്നു. ലൂസിഫറിന്റെ

1. മുകളിൽ പേജ് 27-29 കാണുക.



പിൻഗാമികൾ ഡമാസൂസ് പാപ്പായുമായി രമ്യതയിലല്ലായിരുന്നു. ഈ സാഹചര്യത്തിൽ പൗളീനുസിനെ പിൻതാങ്ങുന്നെങ്കിലും ശീശ്മക്കാരായ ലൂസിഫേറിയരുമായി തനിക്കു കൂട്ടായ്മയൊന്നുമില്ലെന്നു കാണിച്ചുകൊണ്ടും അതേ സമയം എതിരാളികളെ കടന്നാക്രമിക്കാതെ അവരെ മനസ്സിലാക്കാൻ കഴിയുന്നയാൾ എന്ന നിലയിലും ജറോം രചിച്ചതാണ് ഈ കൃതി.

2. *ഹെൽവീദിയൂസിനെതിരെ:* ഹെൽവീദിയൂസ് എന്നു പേരുള്ള ഒരു റോമാക്കാരൻ അൽമായൻ മറിയത്തിന്റെ നിത്യകന്യാത്വം നിഷേധിച്ചു. യേശുവിനെ പ്രസവിച്ചശേഷം ജോസഫും മറിയവും ഒന്നിച്ചു താമസിച്ചെന്നും ജോസഫിൽ നിന്ന് മറിയത്തിന് മക്കളുണ്ടായെന്നും ഈ ആര്യൻ ചിന്താഗതിക്കാരൻ പ്രചരിപ്പിച്ചു. അതിനെതിരെ വളരെ ശക്തമായ ഭാഷയിൽ കന്യാത്വത്തെ പ്രകീർത്തിച്ചുകൊണ്ടും മറിയത്തിന്റെ നിത്യകന്യാത്വം തെളിയിച്ചുകൊണ്ടും ജറോം രചിച്ചതാണ് ഈ കൃതി.

3. *ജോവീനിയാനൂസിനെതിരെ:* മിലാനിൽനിന്നു റോമിൽ വന്ന ജോവീനിയൻ എന്ന സന്യാസി കന്യാത്വത്തെയും താപസ്സജീവിതത്തെയും താറടിച്ച് സംസാരിക്കാൻ തുടങ്ങി. പോപ്പ് സിറീചിയൂസ് (390), അംബ്രോസ് (391) എന്നിവർ ഇയാളുടെ അഭിപ്രായത്തെ നിരാകരിച്ചു. ജോവീനിയനെതിരെ നിശിതമായ ഭാഷയിൽ ജറോം ഒരു കൃതിയെഴുതി, അയാളുടെ അബദ്ധാഭിപ്രായങ്ങളെ ഖണ്ഡിച്ചു.

4. *ജറൂസലേമിലെ ജോണിനെതിരെ:* ജറോമിന്റെ സഹോദരനായ പൗളീനിയനെ സൈപ്രസിലെ എപ്പിഫാനിയസ്, സ്ഥലത്തെ മെത്രാനായ ജോണിന്റെ സമ്മതം കൂടാതെ ജറുസലേമിൽ വച്ച് വൈദികനായി വാഴിച്ചു. ജോൺ ഉടൻതന്നെ അലക്സാണ്ഡ്രിയായിലെ തെയോഫിലസിനെ വിവരം അറിയിച്ചു (396). അതിൽ ജറോമിനും എപ്പിഫാനിയസിനും എതിരായി പലതും ജോൺ നിരത്തിവച്ചിരുന്നു. അതിനെതിരെയാണ് ഈ കത്ത് ജറോം രചിച്ച് റോമിലും മറ്റും പ്രചരിപ്പിച്ചത്. തനിക്കെതിരെ റുഫീനുസ് റോമിൽ പ്രചരണം നടത്തുന്നതിനു മുൻപേ ഇത് റോമിൽ എത്തണമെന്ന് ജറോമിനു നിർബന്ധമുണ്ടായിരുന്നു.

5. *റുഫീനൂസിനെതിരെ:* റുഫീനുസ് തന്റെ കൃതികളിൽ ജറോമിനെ വിമർശിച്ചു. അതിനു മറുപടിയായി മൂന്നു

www.malankaralibrary.com



പുസ്തകങ്ങളിലായി നിശ്ശിതമായ ഭാഷയിൽ ജറോം 401_2_ൽ മറുപടിയെഴുതി. താത്വിക പ്രതിപാദനം എന്നതിലുപരി വൈകാരികപ്രധാനമാണ് ഈ കൃതി.

6. *വിജിലാൻസ്യൂസിനെതിരെ :* വിജിലാൻസ്യൂസ് എന്ന വൈദികൻ 395_ൽ ബേത്‌ലഹേമിൽ ജറോമിൻെറ അതിഥിയായി താമസിച്ചു. രക്തസാക്ഷികളോടുള്ള വണക്കം, ചില അനുഷ്ഠാനരീതികൾ, ആശ്രമദാരിദ്ര്യം, വൈദികബ്രഹ്മചര്യം എന്നിവയെ ഇയാൾ എതിർക്കുന്നു എന്നു് 406_ൽ ആരോ ജറോമിനെ ധരിപ്പിച്ചു. നിശ്ശിതമായ ഭാഷയിൽ വിജിലാൻസ്യൂസിനെതിരെ എഴുതിയതാണ് ഈ ലഘുലേഖ.

7. *പെലാജിയർക്കെതിരെ :* പെലാജിയുസിനെതിരെ 414_ൽ ജറോം നീണ്ട ഒരു കത്തെഴുതി (ലേ.133). പിറേറ വർഷം സംഭാഷണശൈലിയിൽ പെലാജിയർക്കെതിരെ എഴുതിയതാണിതു്.

## 8. കത്തുകൾ

ജറോമിൻെറ കത്തുകൾ പലതും ദൈവശാസ്ത്രസംഗതികൾ പ്രതിപാദിക്കുന്നവയാണ്. പലതും വളരെ നീണ്ട കത്തുകളാണ്. 154 കത്തുകൾ ജറോമിൻേറതായി കരുതപ്പെടുന്നു. മററു ചില കത്തുകൾ അദ്ദേഹത്തിൻെറ പേരിൽ അറിയപ്പെട്ടന്നെങ്കിലും അദ്ദേഹത്തിൻേറതല്ല. കന്യാത്വം (22;130), വൈധവ്യം (46;79), സന്യാസം (14; 58;122), വൈദികജീവിതം (52), പെൺകുട്ടികളുടെ വിദ്യാഭ്യാസം (107;128) എന്നീ കത്തുകൾ പ്രധാനപ്പെട്ടവയാണ്.

### അവലോകനം

വിശുദ്ധരും സഭാപിതാക്കന്മാരും എല്ലാം മനുഷ്യരാണ്. മററു മനുഷ്യരെപ്പോലെ അവരും ബലഹീനരാണ്. പ്രലോഭനങ്ങൾക്ക് വശംവദരുമാണ്. എന്നാൽ അതിനെ ജയിച്ചു കീഴടക്കാൻ ശ്രമിച്ചവരാണ് വിശുദ്ധർ. മിശിഹായുടെ കൃപ അവരെ വീഴ്ചകളിൽനിന്നു പരിരക്ഷിച്ചു. ജറോമിൻെറ കോപപ്രകൃതി ഇത്തരത്തിൽപെട്ടതാണ്. ജറോമും റുഫീനുസും ആത്മസ്നേഹിതരായിരുന്നെങ്കിലും ഒരിജൻെറ പേരിൽ അവർ തമ്മിൽ പിണങ്ങി. തൻെറ അഭിപ്രായത്തോടു യോജിക്കാത്തവരെയെല്ലാം നിശ്ശിതമായി വിമർശിക്കുന്ന പ്രകൃതമായിരുന്നു ജറോമിൻേറതു്. ഒരുപക്ഷേ ഇക്കാര്യത്തിൽ ജറോമിനു തുല്യരായി ആരുംതന്നെ ഇല്ലെന്നു പറയാം. ജറോമിൻെറ ഈ സ്വഭാവ



വിശേഷം വിശദീകരിക്കാൻ പ്രയാസമാണ്. കഠിനമായ തപസ്സും പരുപരുത്ത ചുററുപാടും ഗ്രന്ഥലോകത്തുള്ള നിരന്തര ജീവിതവും എല്ലാംകൂടി കൂട്ടിയാലും ഇതു വിശദീകരിക്കാനാവില്ല.

പൗരസ്ത്യപിതാക്കന്മാരുടെ കൃതികൾ സ്വാംശീകരിച്ചു് ചുരുക്കി ലത്തീനിലാക്കി പശ്ചാത്യലോകത്തു പ്രസിദ്ധപ്പെടുത്തി എന്നതാണ് ജറോമിൻെറ വലിയ സംഭാവന. ഒരിജനെപ്പോലെയോ തിയഡോറിനെപ്പോലെയോ അഗസ്റ്റിനെപ്പോലെയോ ജറോം ഒരു പ്രതിഭാശാലിയോ ബുദ്ധിരാക്ഷസനോ ആയിരുന്നില്ല. എന്നാൽ കൈസറിയായിലെ ഗ്രന്ഥശാല ഉപയോഗിച്ചു് അവിടെയുണ്ടായിരുന്ന അമൂല്യനിക്ഷേപങ്ങൾ പാശ്ചാത്യലോകത്തു നിരത്തിവച്ചതു് ഒരു വലിയ സംഭാവന തന്നെയാണ്. എല്ലാററിനുമുപരി ലത്തീൻ വേദപുസ്തകം പരിഷ്ക്കരിക്കുന്നതിൽ ജറോമിൻെറ പങ്കു് അദ്വിതീയമാണ്.

ജറോം ഒരു വൈദികനായിരുന്നെങ്കിലും വൈദികശുശ്രൂഷകൾ നടത്തിയിരുന്നതായി തെളിവില്ല. അദ്ദേഹം സന്യാസിയായി ജീവിച്ചു.

ജറോമിനു് പാശ്ചാത്യസഭയിൽ വലിയ സ്ഥാനം ഉണ്ടായിരുന്നു. നിരവധി കൈയെഴുത്തു പ്രതികളിൽ ജറോമിൻെറ കൃതികൾ പ്രചരിച്ചിരുന്നു. അതുപോലെ അദ്ദേഹത്തിൻേറതായി പ്രചരിച്ചിരുന്ന കൃതികളും ഇതു തെളിയിക്കുന്നു.

## അനുബന്ധം

### സിറിയാക്കാരൻ റുഫീനുസ്

പൗലോസിൻെറ ലേഖനങ്ങൾ, കാതോലികലേഖനങ്ങൾ, നടപടി, വെളിപാടു് എന്നിവയുടെ ലത്തീൻ വിവർത്തനം പരിഷ്കരിച്ചതു് ജറോമിൻെറ ശിഷ്യനായ റുഫീനുസായിരിക്കാം എന്നൊരഭിപ്രായമുണ്ടു്. ജറോമിൻെറ രണ്ടു കത്തുകൾ (81, 84), ഒരിജൻെറ "ആദ്യതത്ത്വങ്ങൾ" എന്ന കൃതിയുടെ വിവർത്തനം എന്നിവയുമായി 399_ൽ റുഫീനുസ് റോമിലേക്കു് ഒരു യാത്ര നടത്തി. അക്വിലെയായിലെ റുഫീനുസിൽനിന്നു തിരിച്ചറിയാനായിരിക്കാം 'സിറിയാക്കാരൻ' എന്നു പറയുന്നതു്. ഈ സിറിയാക്കാരൻ ഒരു വൈദികനായിരുന്നു. റോമിലെ പെലാജിയൻ ഗ്രൂപ്പുകളുമായി അദ്ദേഹം ബന്ധപ്പെടുകയും അവരുടെ സ്നേഹിതനായിത്തീരുകയും ചെയ്തു.

www.malankaralibrary.com

അധ്യായം 9

# റുഫീനുസ്

ടിറാനിയുസ് റുഫീനൂസ് ഉത്തരഇററലിയിൽ അക്വിലെയായിക്കടുത്തുള്ള കൊൺകോർദിയായിൽ 345 നോടടുത്തു ജനിച്ചു. റോമിൽ പഠനം നടത്തിയശേഷം (359_68), അക്വീലെയായിലെ ഭക്തസമൂഹത്തിൽ ചേൎന്ന് കൂട്ടജീവിതം നയിച്ചു (368–73), ജറോം പൗരസ്ത്യദേശത്തേക്ക് തീൎത്ഥയാത്ര നടത്തിയ കാലത്തു് റുഫീനൂസും പൗരസ്ത്യദേശങ്ങളിലേക്കു തിരിച്ചു. എന്നാൽ 375_380 വരെ ഈജിപ്തിൽ സന്യാസികളുടെയും ദിദിമൂസിന്റെയുംകൂടെ താമസിച്ചു. മെലാനിയ എന്ന ധനാഢ്യയായ റോമൻവനിതയോടൊപ്പം ജറുസലേമിൽ വന്ന് ഒലിവുമലയിൽ സന്യാസം തുടങ്ങി. അവിടെ 397 വരെ താമസിച്ചു. ജറോമിന്റെ ഒരു വലിയ സ്നേഹിതനായിരുന്നു റുഫീനൂസ്. എന്നാൽ ഈ കാലമായപ്പോഴേക്കും അവരിരുവരും പരസ്പരം അകലാൻ തുടങ്ങി. ഒരിജന്റെ പേരിലുള്ള തർക്കങ്ങളായിരുന്നു ഒരു കാരണം. ജറോമിന്റെ അനിഷ്ടത്തിനു പാത്രീഭൂതനായ ജറുസലേമിലെ മെത്രാനായ ജോൺ റുഫീനൂസിന്റെ സ്നേഹിതനായിരുന്നു. ഈ കാലങ്ങളിൽ റുഫീനൂസ് ഒന്നും എഴുതിയിരുന്നില്ല. ജറോമിന്റെ വീക്ഷണത്തിൽ "കുഴിമടിയനായി" ജീവിക്കുകയായിരുന്നു. വിമർശനബുദ്ധി റുഫീനൂസിനു കുറവായിരുന്നു. "സെവുഡോ – ക്ലെമെന്റയിൻസാഹിത്യം" ശ്ലീഹന്മാരുടെ ശിഷ്യനായ ക്ലെമെന്റിന്റേതായി അദ്ദേഹം കരുതി. "സെക്സ്റ്റസിന്റെ മൊഴികൾ" എന്ന "പിത്തഗോറിയൻ സാഹിത്യം" പോപ്പ് സിക്സ്റ്റസിന്റേതായി അദ്ദേഹം കരുതി. ഈജിപ്തിലെ സന്യാസികളെപ്പററി പൊടിപ്പും തൊങ്ങലും വച്ച് അദ്ദേഹം കഥകൾ പ്രചരിപ്പിച്ചു. ഒരിജന്റെ കൃതികളിൽ കാണുന്ന "തെററുകൾ" ഏതോ അബദ്ധോപദേശകർ കുത്തിത്തിരുകിയതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.



റുഫീനൂസിന്റെ വിവർത്തനത്തിലൂടെയാണ് ഒരിജന്റെ പല കൃതികളും നമുക്കു കൈവന്നിട്ടുള്ളത്. റുഫീനൂസ് പിന്നീട് (397) റോമിലേക്കും അക്വിലെയായിലേക്കും (399) പോയി. അവിടെവച്ച് വിവർത്തനജോലിയിൽ വ്യാപൃതനായി. ഗോതിക് ആക്രമണം ഉണ്ടായപ്പോൾ (407) റോമിലേക്കും സിസിലിയിലേക്കും പോയി അദ്ദേഹം അവിടെവച്ച് 410_ൽ മരിച്ചു. നോളായിലെ പൗളീനൂസ്, അക്വീലെയായിലെ ക്രോമാസ്യൂസ്, ബ്രേഷ്യായിലെ ഗൗദെൻസ്യൂസ് എന്നിവർ അദ്ദേഹത്തിന്റെ സ്നേഹിതന്മാരായിരുന്നു. റുഫീനൂസിനെതിരെ ജറോം നടത്തിയ പ്രചരണപരിപാടിയുടെ ഫലമായി റുഫീനൂസിനു വളരെ ദുഷ്പേരുണ്ടായി. അദ്ദേഹത്തെ വിശുദ്ധൻ എന്നു വിളിക്കാൻ ആരും ഉദ്യമിച്ചില്ല. എന്നാൽ ആധുനികരുടെ കാഴ്ചപ്പാട് അപ്രകാരമല്ല.

## കൃതികൾ

റുഫീനൂസിന്റെ മിക്കവാറും എല്ലാ കൃതികളും ഒരിജൻ, ബേസിൽ, എവുസേബിയസ് ആദിയായവരുടെ കൃതികളുടെ വിവർത്തനങ്ങളാണ്. ഗ്രീക്കുമൂലം നഷ്ടപ്പെട്ടുപോയ പല പുരാതന കൃതികൾക്കും റുഫീനൂസിന്റെ ലത്തീൻ വിവർത്തനം മാത്രമാണ് നമുക്ക് ആശ്രയമായിട്ടുള്ളത്. ഒരിജന്റെ കൃതികളിൽ തെററെന്നു തോന്നിയവ തിരുത്തിയാണ് റുഫീനൂസ് വിവൎത്തനം ചെയ്തിരിക്കുന്നത്. ഗ്രീക്കിന്റെ മൂലത്തോടു വിശ്വസ്തത പുലർത്തുക എന്നതിലുപരി വായനക്കാർക്ക് ആത്മീയാഭിവൃദ്ധി ഉണ്ടാകണം എന്ന ലക്ഷ്യമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. പുതുതായി കണ്ടുപിടിച്ച ചില രേഖകളുടെ വെളിച്ചത്തിൽ റുഫീനൂസിനെ സംബന്ധിച്ച് മെച്ചപ്പെട്ട കാഴ്ചപ്പാട് ഉരുത്തിരിയുന്നുണ്ട്.

*1. അപ്പോളജി:* ഒരിജന്റെ പേരിലുള്ള തൎക്കം ശക്തിപ്പെട്ടപ്പോൾ തന്റെ നിലപാടു ന്യായീകരിക്കാൻ റുഫീനൂസ് ബദ്ധപ്പെട്ടു. രക്തസാക്ഷിയായ പംഫീലൂസും എവുസേബിയസും കൂടി ഒരിജനെ ന്യായീകരിച്ചുകൊണ്ടെഴുതിയ അപ്പോളജി വിവർത്തനം ചെയ്യുകയാണ് ആദ്യം ചെയ്തതു് (397_8). ഇതോടുകൂടി റുഫീനൂസ് ഒരനുബന്ധവും കൂട്ടിച്ചേർത്തു. അലക്സാണ്ഡ്രിയായിലുള്ള സ്നേഹിതന്മാർക്ക് ഒരിജൻ എഴുതിയ ഒരു കത്തിന്റെ ചുരുക്കമായിരുന്നു അതു്. തന്റെ നിലപാടു ന്യായീകരിച്ചുകൊണ്ട് റോമിലെ അനസ്താസ്യൂസ് പാപ്പായ്ക്കു് 400_ൽ

www.malankaralibrary.com



റുഫീനൂസ് ഒരു കത്തെഴുതി. 401–ൽ ജറോമിനെതിരെ രണ്ടു പുസ്തകങ്ങളിലായി ഒരു അപ്പോളജി എഴുതി. തന്നെ എതിർത്ത ജറോമിനു മറുപടിയായിട്ടായിരുന്നു ഇതു്.[1]

*2. ഒരിജന്റെ വിവർത്തനങ്ങൾ:* റുഫീനൂസ്, ഒരിജന്റെ *പെരിആർക്കോൻ* (ദെ പ്രിൻചീപ്പിയിസ്, ആദ്യ തത്വങ്ങൾ) 398–ൽ വിവർത്തനം ചെയ്യാൻ തുടങ്ങി. 400–ാമാണ്ടിൽ *സത്യവിശ്വാസം* (ദെ ഫീദെ ഓർത്തഡോക്സാ) എന്ന കൃതി വിവർത്തനം ചെയ്തു. അദമാൻസ്യൂസ് രചിച്ചതായിരുന്നു ഈ കൃതി. എന്നാൽ ഇതു് ഒരിജന്റെ പേരിൽ പ്രചരിച്ചിരുന്നു. ഒരിജന്റെ സത്യവിശ്വാസം തെളിയിക്കാനാണ് ഇതു ഭാഷാന്തരപ്പെടുത്തിയതു്. ജോഷ്വാ ഹോമിലി (400), ന്യായാധിപന്മാർ ഹോമിലി (401), സങ്കീർത്തനം 36–38 ഹോമിലി (401), ഉല്പത്തി, പുറപ്പാട്, ലേവ്യ ഹോമിലികൾ (403–4), റോമർ ഭാഷ്യം (405–6), ഉത്തമഗീതഭാഷ്യം (410), സംഖ്യ (410) എന്നിവ വിവർത്തനം ചെയ്തു. പൗരസ്ത്യ പിതാക്കന്മാരുടെ കൃതികളുടെ ലത്തീൻ വിവർത്തനങ്ങൾ ഹിലരി, അംബ്രോസ്, ജറോം എന്നിവരുടെ പേരുകളിൽ അവരുടെ കൃതികളായി പ്രചരിച്ചിരുന്നു. അപ്രകാരം ഒരു ബഹുമാനം തനിക്കാവശ്യമില്ലെന്നു് റുഫീനൂസ് കരുതി.[2]

*3. എവാഗ്രിയൂസിന്റെയും സെക്സ്റ്റസിന്റെയും മൊഴികൾ:* സെക്സ്റ്റസിന്റെ 610 മൊഴികളിൽ 415 എണ്ണം 401 നു മുമ്പ് റുഫീനൂസ് വിവർത്തനം ചെയ്തു. ഇവ പോപ്പ് സിക്സ്റ്റസിന്റേതാണെന്നു് അദ്ദേഹം ധരിച്ചു.

എവാഗ്രിയൂസിന്റെ 'സന്യാസികൾക്കും' 'ഒരു കന്യകയ്ക്കും' ഉള്ള മൊഴികൾ 403–4–ൽ അദ്ദേഹം ലത്തീനിലേക്കു് ഭാഷാന്തരം ചെയ്തു.

*4. ഈജിപ്തിലെ സന്യാസികളുടെ ചരിത്രം:* സന്യാസികളുടെ ആശ്രമങ്ങളിലൂടെ തീർത്ഥാടനം നടത്തിയ ജറുസലേം തീർത്ഥാടകരിൽനിന്നു ശേഖരിച്ച ഭാവനാസമ്പന്നമായ കഥകളുടെ ഒരു സമാഹാരം ഗ്രീക്കിലും ലത്തീനിലും പ്രചരിച്ചിരുന്നു. ഗ്രീക്കുമൂലം റുഫീനൂസിന്റെ ഒരു സ്നേഹിതനും ലത്തീൻ പതിപ്പ് റുഫീനൂസും (403) തയാറാക്കിയതാകാം.

1. *NPNF*$^2$. 3.
2. *ANF*. 4. 235–382; *ACW*. 26; *FC*. 71.



*5. ബേസിലും ഗ്രിഗറിനസ്യാൻസനും:* ബേസിലിന്റെ 'ചെറിയ സന്യാസനിയമം' റോമിൽവച്ചു് റുഫീനൂസ് വിവർത്തനം ചെയ്തു. പിന്നീടു് ബേസിലിന്റെ എട്ടു് ഹോമിലികൾ 399–ലും നസ്യാൻസന്റെ പത്തു ഹോമിലികൾ 400ലും വിവർത്തനം ചെയ്തു.

*6. എവുസേബിയസിന്റെ സഭാചരിത്രം:* ക്രൊമാസ്യൂസിന്റെ ആവശ്യപ്രകാരം റുഫീനൂസ് 402–3 ൽ ഈ കൃതി ലത്തീനിലേക്കു വിവർത്തനം ചെയ്തു. ചില ഭാഗങ്ങൾ ചുരുക്കി ചിലയിടങ്ങളിൽ കൂട്ടിച്ചേർത്തു് മെച്ചപ്പെടുത്തി. അതോടുകൂടി രണ്ടു പുസ്തകങ്ങൾ ചേർത്തു് പന്ത്രണ്ടാക്കി.

*7. ക്ളെമെന്റിന്റെ തിരിച്ചറിയൽ ഗ്രന്ഥം:* 406 ലാണ് ഈ വിവർത്തനം നടന്നതു്. പോപ്പ് ക്ലെമെന്റിന്റേതാണിതെന്നു് റുഫീനൂസ് ധരിച്ചിരുന്നു.

*8. സ്വന്തമായി രചിച്ചവ:* ശ്ലീഹന്മാരുടെ വിശ്വാസപ്രമാണത്തിനു് റുഫീനൂസ് സ്വന്തമായി 400–ൽ ഒരു ഭാഷ്യമെഴുതി. ജറുസലേമിലെ മതപഠന ക്രമത്തെ ആധാരമാക്കിയാകാം ഇതു തയാറാക്കിയതു്. 'പിതാക്കന്മാരുടെ ആശീർവാദത്തെക്കുറിച്ചു്' 408–ൽ ഒരു ഗ്രന്ഥം രചിച്ചു. ഹിപ്പോളിററസിന്റെ കൃതി ഇതിനു് സഹായകമായിരുന്നു. *അപ്പോളജി* സ്വന്തമായി എഴുതിയവയാണ്. സഭാചരിത്രത്തിന്റെ അവസാനത്തെ രണ്ടു പുസ്തകങ്ങളും അപ്രകാരംതന്നെ. മററുള്ളവയെല്ലാം വിവർത്തനങ്ങളാണ്.[3]

3. *NPNF*$^2$, 3.

www.malankaralibrary.com

അധ്യായം 10

# ലത്തീൻ പദ്യസാഹിത്യം

മൂന്നാം നൂററാണ്ടിനു മുമ്പുള്ള *ലത്തീൻ പദ്യസാഹിത്യം* ഒന്നും തന്നെ നമുക്കു കൈവന്നിട്ടില്ല. പുരാതന പദ്യസാഹിത്യത്തെപ്പററി തെർത്തുല്യൻ പരാമർശിക്കുന്നുണ്ട് (മാർസ്യനെതിരെ, 3:22; കാഴ്ചകൾ, 19, 39; ഭാര്യയോട്, 2.8.8). പ്രാർത്ഥനാഗാനങ്ങളായിരിക്കാം അവയെല്ലാം. *ലത്തീൻപദ്യസാഹിത്യത്തിലെ ചില* പ്രമുഖരെപ്പററി പരാമർശിക്കാം.

1. *കൊമ്മോഡിയൻ*: ഇൻസ്ത്രുക്സിയോണെസ്, (80 ഗീതങ്ങൾ), കാർമെൻ അപ്പോളൊജെററിക്കും എന്നിങ്ങനെ രണ്ട് കൃതികളുടെ കർത്താവാണു *കൊമ്മോഡിയൻ* എന്നതൊഴിച്ചാൽ അദ്ദേഹത്തെപ്പററി നമുക്ക് വളരെയൊന്നും അറിവില്ല. അദ്ദേഹം ഏതു നാട്ടുകാരനാണെന്നോ, ഏതു കാലത്തു ജീവിച്ചെന്നോ ഖണ്ഡിതമായി പറയാൻ സാധിക്കുകയില്ല. ആഫ്രിക്ക, ഗോൾ, സ്പെയിൻ എന്നീ പ്രദേശങ്ങൾ ഈ എഴുത്തുകാരൻെറ പേരിനോട് ബന്ധപ്പെടുത്തി പറയുന്നു. 238നും 466നും ഇടയ്ക്കു ജീവിച്ചിരുന്നു എന്ന് കരുതുന്നു. (*ANF*. 4)

2. *യുവെൻകുസ്*: ക്രി. വ. 330 നോടടുത്ത് ഗായൂസ് വെത്തിയൂസ് യുവെൻക്കൂസ് ആദ്യത്തെ ക്രിസ്തീയ *ഇതിഹാസമഹാകാവ്യം* രചിച്ചു. സുവിശേഷങ്ങൾ പദ്യരൂപത്തിലാക്കാനുള്ള ആദ്യ സംരംഭമാണിത്. സ്പെയിൻകാരനായ ഒരു വൈദികനായിരുന്നു യുവെൻകുസ്. കോൺസ്ററൻൈറൻ ചക്രവർത്തിയുടെ കാലത്താണ് നാല് പുസ്തകങ്ങളിലായി നാലു സുവിശേഷങ്ങളുടെ മഹാകാവ്യം രചിച്ചത് (ജറോം, *മഹത്വ്യക്തികൾ*. 84). അദ്ദേഹത്തെ അനുകരിച്ച് നോളായിലെ പൗളീനുസ്, പെല്ലായിലെ പൗളീനുസ്, ഓറിയെൻസ്യൂസ്, മാരിയൂസ് വിക്തൊറീനുസ്,



കൊറിപ്പൂസ്, സിപ്രിയാൻ, എന്നിവർ ഇപ്രകാരം രചന നടത്തിയിട്ടുണ്ട്. *എവൻജേലിയൂം ലിബ്രി* എന്നാണ് യുവെൻകുസിൻെറ കൃതിയുടെ പേര്. *വേതൂസ് ലത്തീനാ* എന്ന ലത്തീൻ ബൈബിളാണ് ഈ കവി ഉപയോഗിച്ചത്.

3. *ചെന്തോണെസ്*: (Centones) ഏതെങ്കിലും ഒരു പുരാതനകവിയുടെ പദ്യങ്ങളിലെ ചില വരികളും ചില പദങ്ങളും ശൈലികളും കൃതികളിൽ അവിടെനിന്നും ഇവിടെനിന്നും എടുത്ത് മറെറാരു വിഷയം ചർച്ച ചെയ്യാൻ ഉപയോഗിക്കുന്നതിനു ലത്തീനിൽ കൊടുത്തിരുന്ന പേരാണ് *ചെന്തോ* (Cento) എന്നത്. ഹോമർ, വിർജിൽ എന്നിവരുടെ കൃതികളിൽ നിന്നാണ് കൂടുതലായി ഇപ്രകാരം എടുത്തിട്ടുള്ളത്. ഓർമ്മയിൽ നിന്നായിരിക്കും ഇത്തരം സൃഷ്ടി നടത്തുക. കലാപരമായി ഇവയ്ക്കു വലിയ മൂല്യം അവകാശപ്പെടാനില്ല. *പെത്രോണിയാ പ്രോബാ* എന്ന റോമൻ വനിതയുടെ *ക്രിസ്തീയ ചെന്തോൺ* ആണ് ഏററവും പ്രശസ്തം. പഴയനിയമവും പുതിയനിയവും ഉപയോഗിച്ച് 360-ൽ അവർ ഒരു *വിർജീലിയൻ ചെന്തോ* രചിച്ചു. വിർജിലിൻെറ ശൈലിയിൽ ക്രിസ്തീയ ദാനങ്ങൾ പ്രകീർത്തിച്ചിരിക്കയാണ് ഇതിൽ, സൃഷ്ടിമുതൽ ജലപ്രളയം വരെ, പുതിയനിയമസംഭവങ്ങൾ എന്നിവയാണ് ചർച്ചാവിഷയം. നവോത്ഥാന കാലത്ത് ഈ കൃതി വളരെയധികം പ്രചരിച്ചിരുന്നു. പ്രോബായുടെ കൃതിയെ ജറോം പുച്ഛിച്ചു തള്ളുകയാണുണ്ടായത്. *പൊംപോണിയുസ്* എന്നയാൾ വിർജിലിൻെറ ശൈലിയിൽ ക്രിസ്തുവിൻെറ ബഹുമാനാർത്ഥം ഒരു കവിത രചിച്ചു എന്ന് സെവിലിലെ ഇസിദോർ സൂചിപ്പിക്കുന്നു (*Etym.* 1.39.26). അഞ്ചാം നൂററാണ്ടിലെ ഈ കൃതിയുടെ പേര് *വേർസുസ് ആദ് ഗ്രാസ്യാം ദോമിനി* എന്നാണ്. പ്രോബായെ അനുകരിച്ച് *സെഡുളുസ്* എന്നയാൾ അഞ്ചാം നൂററാണ്ടിൽ "വചനത്തിൻെറ തിരുവവതാരം' (De Verbi incarnatione) എന്ന പേരിൽ ഒരു കാവ്യം രചിച്ചു. *മാവോർസ്യൂസ്* എന്നയാൾ *സഭയെപ്പററി* (De Ecclesia) എന്ന ഒരു *ചെന്തോ* രചിച്ചു. പൗരാണികർക്ക് ഇഷ്ടപ്പെട്ട ഒരു സാഹിത്യശൈലിയായിരുന്നു ഇത്. ആ ശൈലി ചില ക്രൈസ്തവർ സ്വീകരിച്ച് ക്രൈസ്തവാശയങ്ങൾ പ്രചരിപ്പിച്ചു.

4. *ഡമാസൂസ് പാപ്പാ* (304/5-384): ഡമാസൂസ് റോമൻ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ (366) ഒരു ശെമ്മാശ്ശൻ മാത്രമായിരുന്നു. അദ്ദേഹം ലിബേരിയുസ് പാപ്പായുടെ സെക്രട്ടറിയായിരുന്നു. ഡാമാസൂസിനു് എതിരാ

www.malankaralibrary.com



ളികളുടെ ശക്തിയായ എതിർപ്പിനെ നേരിടേണ്ടിവന്നു. കുറെയാളുകൾക്കൂടി ഉർസീനുസിനെ എതിർ പാപ്പാ ആയി വാഴിച്ചു. തുടർന്നുണ്ടായ ലഹളയിൽ 137 ആളുകൾ കൊല്ലപ്പെട്ടു. ഉർസീനുസിന്റെ അനുയായികൾ ലാററൻ ബസിലിക്കാ കയ്യടക്കി. വലൻറീനിയൻ ഒന്നാമൻ ചക്രവർത്തി ഇടപെട്ട് ഉർസീനുസിനെ കൊളോണിലേക്കു നാടുകടത്തിയെങ്കിലും 381-നോടുകൂടി മാത്രമേ കലഹം ശമിച്ചുള്ളു.

സ്പാനിഷ് *വംശജ*നായിരുന്നെങ്കിലും റോമിലാണ് *ഡമാസൂസ് ജനിച്ചത്*. 371ലും 378ലും ഡമാസൂസിനെതിരെ ശത്രുക്കൾ രണ്ടു സിവിൽ കേസ്സുകൾ കെട്ടിച്ചമച്ചു. റോമിലുണ്ടായിരുന്ന ഡൊണാററിസ്ററുകൾ, ലൂസിഫേറിയർ, വലൻറീനിയർ, മാർസിയോണീത്തർ, നൊവേഷ്യർ ആദിയായവരും ഡമാസൂസിനെതിരായിരുന്നു. അന്ത്യോക്യൻ സഭയിലെ പിളർപ്പിൽ ഡമാസൂസും സത്യവിശ്വാസികളായ പൗരസ്ത്യമെത്രാന്മാരും രണ്ടു തട്ടിലായിരുന്നു. പാശ്ചാത്യരും ഡമാസൂസും പൗളീനുസിനെ പിൻതാങ്ങിയപ്പോൾ, ബേസിലും പൗരസ്ത്യമെത്രാന്മാരും മെലേഷ്യസിനെ പിൻതാങ്ങി. ഡമാസൂസിന്റെ സെക്രട്ടറിയായി കുറേക്കാലം ജോലി നോക്കിയ ജറോം, സമാസൂസിനെ പിൻതാങ്ങി. കലങ്ങിമറിഞ്ഞ അന്തരീക്ഷമായിരുന്നു അന്നത്തെ സഭയിൽ. ഇദ്ദേഹം പല ബസിലിക്കാകളും പണികഴിപ്പിച്ചു. പാശ്ചാത്യസഭയിൽ പല സിനഡുകൾ വിളിച്ചുകൂട്ടി. രാഷ്ട്രീയാധികാരികളുടെ സഹായത്തോടെ പാഷണ്ഡരെയും ശീശ്മക്കാരെയും അമർച്ച ചെയ്തു. ആരിയനിസത്തെ അമർച്ച ചെയ്യാനായി ബേസിലുമായി 371-മുതൽ നീണ്ട കത്തിടപാടുകൾ നടത്തി. റോമൻ രേഖകൾ സൂക്ഷിച്ചുവയ്ക്കാനുള്ള സംവിധാനം ഉണ്ടാക്കി. രക്തസാക്ഷികളുടെ അനുസ്മരണാമന്ദിരങ്ങൾ ബലപ്പെടുത്തി നവീകരിച്ചു. രക്തസാക്ഷികളുടെ കല്ലറകൾക്കു മുകളിൽ ലിഖിതങ്ങളുള്ള പുതിയ മാർബിൾ ശിലകൾ സ്ഥാപിച്ചു. പദ്യരൂപത്തിലുള്ള ഈ ശിലാലിഖിതങ്ങൾ (epigrams) ആണ് ഡമാസൂസിന്റെ പ്രധാനപ്പെട്ട സാഹിത്യസൃഷ്ടി. അതുപോലെ അദ്ദേഹത്തിന്റെ ചില കത്തുകളും നമുക്കു ലഭിച്ചിട്ടുണ്ട്. വി. ഗ്രന്ഥവിവർത്തനം പരിഷ്കരിക്കാൻ അദ്ദേഹം ജറോമിനു പ്രേരണ നൽകി.

5. *ഔസോണിയൂസ്* (c. 310–94): മാഗ്നുസ് ഡേചിമൂസ് ഔസോണിയൂസ് ബോർഡോയിൽ (ബുർഡിഗാലാ) ജനിച്ചു. അക്രൈസ്തവനായി ജീവിച്ചെങ്കിലും ക്രൈസ്തവ തത്വങ്ങൾ അംഗീകരിച്ച് ക്രിസ്ത്യാനിയായി. ഗ്രേഷ്യൻ ചക്രവത്തി



യുടെ ഗുരുവായിത്തീർന്നു. പിന്നീട് പ്രെട്ടോറിയൻ പ്രീഫെക്ടായി (379). പ്രധാനപ്പെട്ട മൂന്നു പദ്യ കൃതികൾ ഔസോണിയൂസിൽനിന്ന് ലഭിച്ചിട്ടുണ്ട്: പ്രഭാത പ്രാർത്ഥന (Oratio matutina), പെസഹാ ഗീതം (Versus paschales), Versus rhopalici. ഇവ ക്രൈസ്തവ പ്രാർത്ഥനകളാണ്. വളരെ പുരാതനമായ ഒരു ക്രിസ്തീയ പ്രാർത്ഥനയാണ് ആദ്യത്തേത്. പല പിൽക്കാല കവികളും ഇതിന്റെ മാതൃകയിൽ പ്രാർത്ഥനകൾ രചിച്ചിട്ടുണ്ട്. ഈ മൂന്നു ഗീതങ്ങളിലും സത്യവിശ്വാസം സ്പഷ്ടമായി കാണാം. എന്നാൽ അദ്ദേഹത്തിന്റെ മററു കൃതികളിൽ ധാരാളം അക്രൈസ്തവ പരാമർശങ്ങൾ വ്യക്തമായി കാണുന്നതിനാൽ പേഗനിസത്തിനും ക്രിസ്തുമതത്തിനും ഇടയ്ക്കുള്ള ഒരാളായി ചിലർ ഇദ്ദേഹത്തെ ചിത്രീകരിക്കാറുണ്ട്. ക്രിസ്ത്യാനി ആയെങ്കിലും തന്റെ പേഗൻ പശ്ചാത്തലം വിട്ടുപേക്ഷിക്കാൻ സാധിക്കാഞ്ഞ ഒരാളായി ചിലർ അദ്ദേഹത്തെ കാണുന്നു.

6. *പ്രുദെൻസ്യൂസ്* (348-c.405): പുരാതന സഭയിലെ മറെറാരു കവിയാണ് ഔറേലിയൂസ് പ്രുദെൻസ്യൂസ് ക്ലെമെൻസ്. ജന്മനാ ഇദ്ദേഹം സ്പെയിൻകാരനാണ് (തറാഗോണാ). നിയമം പഠിച്ച് അഭിഭാഷകനായി. അതിനുശേഷം വിജയകരമായി രണ്ടു നഗരങ്ങളുടെ പ്രീഫെക്ട് ജോലി നിർവഹിച്ചു. തുടർന്നുള്ള കാലഘട്ടത്തിൽ ജീവിതത്തിൽ ഒരു വലിയ പരിവർത്തനം ഉണ്ടായി. ദൈവസ്തുതിക്കായി ക്രിസ്തീയ ഗാനങ്ങൾ രചിച്ച് ശിഷ്ടായുസ് വിശ്രമജീവിതം നയിച്ചു. 401 നും 403 നും ഇടയ്ക്കു റോമിലേക്കു നടത്തിയ തീർത്ഥയാത്രയാണ് അദ്ദേഹത്തിൽ ഈ പരിവർത്തനം ഉളവാക്കിയത്. അദ്ദേഹത്തിന്റെ ഏഴ് കവിതാസമാഹാരങ്ങൾ നമുക്ക് കൈവന്നിട്ടുണ്ട്. പുരാതന രീതി അനുസരിച്ച് ഇവയുടെ പേരുകൾ ഗ്രീക്കിലാണ്. (1) *കത്തെമെറിനോൻ:* പന്ത്രണ്ടു ഗീതങ്ങളുടെ സമാഹാരം. ആറെണ്ണം വിവിധ യാമങ്ങൾക്കും ബാക്കി മററവസരങ്ങൾക്കും ഉള്ളവയാണ്. (ഉപവാസാവസരം(7), ഉപവാസം തീരുമ്പോൾ, (8), ക്രിസ്തുവിനെപ്പററിയുള്ള ധ്യാനം (9). ക്രിസ്തീയ പ്രത്യാശ (10), ക്രിസ്മസ് (11), എപ്പിഫനി (12). (2) *അപ്പോതെയോസിസ്:* വിവിധ പാഷണ്ഡികൾക്കെതിരെ ത്രിത്വം, ക്രിസ്തുവിന്റെ മനുഷ്യാവതാരം, ദൈവത്വം, മനുഷ്യത്വം എന്നിവ പദ്യരൂപത്തിൽ ചർച്ചചെയ്യുന്ന ഒരു മനോഹര കൃതിയാണിത്. (3) *ഹമർതിജേനിയാ:* മാർസിയൻ എന്ന പാഷണ്ഡിക്കെതിരെ തിന്മയുടെ ഉത്ഭവത്തെപ്പററി ചർച്ചചെയ്യുകയും *ദ്വൈതവാദം* നിരാകരിക്കുകയും ചെയ്തുകൊണ്ടു പദ്യരൂപത്തിൽ എഴുതിയ കൃതി. (4) *സിക്കോമാക്കിയ* (Psychomachia): തിന്മയ്ക്കെതിരായിട്ടാണ് ക്രിസ്ത്യാനികൾ

www.malankaralibrary.com



പോരാടേണ്ടതു്. ഇതു് ഒരു വലിയ ആത്മീയ പോരാട്ടമാണു്, എന്നു തുടങ്ങിയ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ടു് പദ്യരൂപത്തിൽ രചിച്ച ഒരു ഇതിഹാസ മഹാകാവ്യമാണു് ഇതു്. മധ്യകാലഘട്ടത്തിൽ ഇതിനു വലിയ സ്വാധീനം ഉണ്ടായിരുന്നു. (5) *സിമ്മാക്കൂസിനെതിരെ*: പേഗനിസത്തിന്റെ ഒരു നവോത്ഥാനം ഉണ്ടാകുന്നതിന്റെ സൂചന മനസ്സിലാക്കിയ കവി പേഗനിസത്തിന്റെ അർത്ഥശൂന്യതയും പൊള്ളത്തരങ്ങളും വരച്ചു കാട്ടുന്നു. സിമ്മാക്കസ് എന്ന അക്രൈസ്തവന്റെ ദൂരാരോപണങ്ങളെ ഖണ്ഡിക്കുന്നു. (6) *പെരി സ്തെഫാനോൻ*: സ്പെയിനിലും ഇററലിയിലുമുള്ള നിരവധി രക്തസാക്ഷികളുടെ സ്തുതിപ്പാണു് ഈ കൃതി. (7) *ദിത്തോക്കെയോൻ* (Dittochaeon): വേദപുസ്തകത്തിലെ 49 രംഗങ്ങളും വ്യക്തികളും കവിതയുടെ വിഷയമാക്കിയിരിക്കുകയാണിവിടെ. ഈ കവിയുടെ ചില ഗീതങ്ങൾ പാശ്ചാത്യ പ്രാർത്ഥനക്രമങ്ങളിൽ സ്ഥാനം പിടിച്ചിട്ടുണ്ടു്.

7. *നോളായിലെ പൗളീനൂസ്*: (353–431) മെത്രോപ്പിയൂസ് പോൺഷ്യസ് അനീചിയൂസ് പൗളീനൂസ് സ്പെയിനിലെ (ബോർഡോ) ഒരു കുലീന കുടുംബത്തിൽ ജനിച്ചു. ഉന്നത വിദ്യാഭ്യാസാനന്തരം കുറേനാൾ ജോലി നോക്കി. എന്നാൽ അധികം താമസിയാതെ സ്പെയിനിൽ തിരിച്ചെത്തി തെരാസ്യാ എന്ന സ്ത്രീയെ വിവാഹം കഴിച്ചു. വളരെയധികം തോട്ടങ്ങളും വസ്തുവകകളും സമ്പത്തും ഉള്ള വലിയ പ്രഭുകുടുംബമായിരുന്നു അവരുടേതു്. ഔസോണിയൂസ് എന്ന കവിയും അദ്ദേഹത്തിന്റെ ഗുരുക്കന്മാരിൽപെടുന്നു. സമൂഹത്തിലെ ഉന്നത തലങ്ങളിലുള്ളവരുമായി ബന്ധം പുലർത്തിക്കഴിഞ്ഞിരുന്ന പൗളീനൂസിൽ പെട്ടെന്നു് വലിയ മാററം ഉണ്ടായി. ഭാര്യയുടെ സമ്മതത്തോടുകൂടി മാമോദീസാ സ്വീകരിച്ചു് (389) ഈ ലോകത്തിൽനിന്നു പിന്മാറി സന്യാസജീവിതം നയിക്കാൻ തീരുമാനിച്ചു. തന്റെ സഹോദരന്റെ ദാരുണമരണമാണോ, മകനായ ചെൽസൂസിന്റെ പെട്ടെന്നുള്ള മരണമാണോ, ഭാര്യയുടെ സ്വാധീനമാണോ ഇതിനു് അദ്ദേഹത്തെ പ്രേരിപ്പിച്ചതു് എന്നറിയില്ല. ബോർഡോ ബിഷപ്പായ വിശുദ്ധ ഡെൽഫീനൂസാണു് അദ്ദേഹത്തെ സ്നാനപ്പെടുത്തിയതു്. ജനങ്ങളുടെ നിർബന്ധത്താൽ ബാർസലോണയിൽവച്ചു് (394) വൈദികനായി. തുടർന്നു് തനിക്കുള്ള വസ്തുവകകൾ വിററു് ദരിദ്രർക്കും സഭയ്ക്കും ദാനം ചെയ്തിട്ടു് നോളായിൽവന്നു് ആശ്രമജീവിതം തുടങ്ങി. തന്റെ ഭാര്യയും അതിനടുത്തു് ഒരു മഠം സ്ഥാപിച്ചു് അവിടെ താമസിച്ചു. അദ്ദേഹം അവിടെവച്ചു് പദ്യകൃതികൾ രചിച്ചു. 409 – ൽ നോളായിലെ മെത്രാനായി വാഴിക്കപ്പെട്ടു. അക്കാ



ലത്തെ പ്രശസ്തരായ പലരുമായും കത്തുവഴി അദ്ദേഹം ബന്ധപ്പെട്ടുകൊണ്ടിരുന്നു. അൻപതു കത്തുകൾ നമുക്കു ലഭിച്ചിട്ടുണ്ടു്. ജറോം, അഗസ്റ്റിൻ, ഡൽഫീനൂസ്, അമാൻഡൂസ്, അംബ്രോസ്, സുൾപീച്ചിയൂസ് സെവേരൂസ് എന്നിവരുമായി കത്തിടപാടുകൾ നടത്തി. പ്രുദെൻസ്യൂസിനെപ്പോലെ ഒരു വലിയ ലത്തീൻ കവിയായിരുന്നു പൗളീനൂസ്, നോളായിലെ വി. ഫേലിക്സിന്റെ ബഹുമാനാർത്ഥം ഉള്ള വാർഷികപ്പെരുന്നാളുകൾക്കായി തയ്യാറാക്കിയവയാണു് പാട്ടുകൾ മിക്കതും. പ്രസിദ്ധീകരിക്കപ്പെട്ട 33 ഗീതങ്ങളിൽ ചിലതു് മററുള്ളവരുടേതാണു്. 29 എണ്ണം അദ്ദേഹത്തിന്റേതാണു്. വിശുദ്ധരോടുള്ള വണക്കം സംബന്ധിച്ചു് വെളിച്ചം വീശുവാൻ പര്യാപ്തമാണു് ഈ ഗീതങ്ങൾ (*ACW*. 40).

3. *ക്ലൗദിയാനൂസ്* (+c.404): ഈ കവിയെപ്പററി വളരെയൊന്നും നമുക്കറിവില്ല. ഈജിപ്തിലാണു് ജനനവും വിദ്യാഭ്യാസവും. 394–ൽ റോമിൽ വന്നു. ഹോണോറിയൂസ് ചക്രവർത്തിയുടെ കൊട്ടാരക്കവിയായി. രക്ഷകൻ (De Salvatore) എന്ന പദ്യം ഉയിർപ്പുതിരുനാളിനുവേണ്ടി രചിച്ചതാണു്. ഇയാൾ ക്രിസ്ത്യാനിയേ ആയിരുന്നില്ല, പിന്നെയോ ഹൊണോറിയൂസിന്റെ ആവശ്യപ്രകാരം ക്രിസ്തുവിനെപ്പററി എഴുതിയതേയുള്ളു എന്നു ചിലർ കരുതുന്നു.

9. *ലിചെൻസ്യൂസ്*: അഗസ്ററിന്റെ ജന്മദേശമായ തഗാസ്തെയിലാണു് അദ്ദേഹം ജനിച്ചതു്. അഗസ്ററിന്റെ ശിഷ്യനും സ്നേഹിതനും റൊമാനിയാനുസിന്റെ മകനുമായിരുന്നു. കാസ്സിചിയാക്കുമിൽ അഗസ്റ്റിന്റെ കൂടെ (386) ഉണ്ടായിരുന്നു. അഗസ്ററിൻ ക്രിസ്ത്യാനിയായി ആഫ്രിക്കയിലേക്കു പോയപ്പോൾ ലിചെൻസ്യൂസ് ഇററലിയിൽ തന്നെ തങ്ങി. കാസ്സിചിയാക്കുമിൽ വച്ചുതന്നെ പദ്യങ്ങൾ എഴുതിയിരുന്നു. അഗസ്റ്റിനു് അയാളിൽ വലിയ പ്രതീക്ഷയായിരുന്നു. അയാളുടെ പിൽക്കാല ജീവിതത്തെപ്പററി നമുക്കു് വളരെ കുറച്ചു് വിവരങ്ങളേ ലഭിച്ചിട്ടുള്ളു. 395–ൽ അഗസ്റ്റിനു് അയച്ചു കൊടുത്ത പദ്യം അഗസ്റ്റിന്റെ കൃതികളുടെ കൂടെ നമുക്കു ലഭിച്ചിട്ടുണ്ടു്.

10. *എൻദെലെക്കിയൂസ്*: അദ്ദേഹം നോളായിലെ പൗളീനൂസിന്റെ സ്നേഹിതനായിരുന്നു എന്നതൊഴിച്ചാൽ മററു് വിവരങ്ങൾ ഒന്നും നമുക്കു് ലഭിച്ചിട്ടില്ല. അദ്ദേഹം

www.malankaralibrary.com



'മരണത്തെപ്പററി' (Carmen de mortibus bonum) ഒരു കവിത എഴുതി. കുരിശടയാളം വഴി എങ്ങനെ ആപത്തിൽനിന്നു രക്ഷപെടാം എന്നു് ഇതിൽ ചൂണ്ടിക്കാണിക്കുന്നു.

*11. സിപ്രിയാൻ:* സിപ്രിയാൻ എന്ന കവി പഴയനിയമത്തിലെ ആദ്യത്തെ ഏഴു പുസ്തകങ്ങൾ (Heptateuchos) ആധാരമാക്കി നാന്നൂറാമാണ്ടിൽ കവിത എഴുതിയിട്ടുണ്ടു്. ഔസോണിയൂസിന്റെ കൃതികൾ അദ്ദേഹത്തിനു പരിചിതമായിരുന്നു. 'സിപ്രിയാന്റെ പ്രാർത്ഥനകൾ', 'ചേനാ ചിപ്രിയാനി' (Caena Cypriani) എന്നീ കൃതികളും അദ്ദേഹത്തിന്റെ പേരിൽ പ്രചരിച്ചിരുന്നു. അതുപോലെ ഒന്നുരണ്ടു പദ്യകൃതികളും അദ്ദേഹത്തിന്റേതാണെന്നു് ചിലർ കരുതുന്നു. എന്നാൽ അവയെപ്പററി സംശയം പ്രകടിപ്പിക്കുന്നവരും ഉണ്ടു്.

*12. സ്പെസ്:* ഇററലിയിലെ സ്പൊളേറേറാ മെത്രാനായിരുന്ന (4 th /5 th c) സ്പെസ്. അക്കില്ലെസിനു് തൊട്ടുമുൻപോ പിൻപോ ആണ് അദ്ദേഹം സഭാശുശ്രൂഷ നടത്തിയതു്. കുരിശുമരണം വരിച്ച വിതാലിസ് എന്ന രക്തസാക്ഷിയുടെ ശരീരം കണ്ടെടുത്തശേഷം വിശുദ്ധന്റെ ബഹുമാനാർത്ഥം സ്പെസ് ഒരു ഗീതം രചിച്ചു. തനിക്കും തന്റെ മകളായ കൽവെൻസ്യാ എന്ന കന്യകയ്ക്കുംവേണ്ടി മാധ്യസ്ഥ്യം വഹിക്കണമെന്നു് അതിന്റെ അവസാനം സ്പെസ് അപേക്ഷിക്കുന്നു. 32 വർഷം സഭാശുശ്രൂഷ നിർവഹിച്ചശേഷം സ്പെസ് മരിച്ചു. ചാർളിമെയിൻ ചക്രവർത്തിയുടെ കാലത്തു് സ്പെസിന്റെ തിരുശേഷിപ്പ് ആഹെനിലേക്കു് മാററി.

*13. അക്കില്ലെസ്:* അക്കില്ലെസും സ്പൊളേറേറായിലെ മെത്രാനായിരുന്നു. 419_ൽ റോമൻ സഭയിൽ കലഹം ഉണ്ടായപ്പോൾ ബോനിഫസ് ഒന്നാമൻ പാപ്പായെയും എതിരാളിയായ എവുലാലിയോസിനെയും ഉയിർപ്പുതിരുനാൾ ശുശ്രൂഷകൾ നടത്താൻ റോമൻ സിവിൽഅധികാരികൾ സമ്മതിച്ചില്ല. അവയ്ക്ക് പകരം അതിനായി റാവെന്നായിലെ ഭരണാധികാരികൾ നിയോഗിച്ചതു് അക്കില്ലെസിനെയായിരുന്നു. അദ്ദേഹം സ്പൊളേറേറായിൽ വി. പത്രോസിന്റെ നാമത്തിൽ ഒരു വലിയ ദേവാലയം പണിതു്, അതിൽ പത്രോസിന്റെ തിരുശേഷിപ്പുകൾ സ്ഥാപിച്ചു. പള്ളിയിലെ പെരുന്നാളിനുവേണ്ടി അദ്ദേഹം കുറെ ഗീതങ്ങൾ രചിച്ചിട്ടുണ്ടു്. പത്രോസിന്റെ പ്രമുഖസ്ഥാനം സംബന്ധിച്ചു് പ്രാധാന്യം അർഹിക്കുന്നവയാണ് ഈ ഗീതങ്ങൾ.



*14. ക്ളാവുദിയൂസ് മാരിയൂസ് വിക്തോറിയൂസ്* (+425/450). മർസെയിൽസിലെ ഒരു ക്രിസ്തീയ അല്മായനായിരുന്ന വിക്തോറിയൂസ്. ഉല്പത്തിയെ ആധാരമാക്കി നാലു പുസ്തകങ്ങളിലായി പദ്യരൂപത്തിൽ തന്റെ പുത്രനായ എതേരിയൂസിനുവേണ്ടി അദ്ദേഹം ഒരു കാവ്യം രചിച്ചു. അബ്രഹാമിന്റെ മരണംവരെയുള്ള സംഗതികളാണ് അവതരിപ്പിച്ചിരിക്കുന്നതു്. *അലേതിയാ* (സത്യം: അലേതെയ്യാ) എന്ന പേരിൽ ഒരു പദ്യകൃതികൂടി അദ്ദേഹത്തിന്റേതായി അറിയപ്പെടുന്നുണ്ടു്.

*15. സെദൂളിയൂസ്:* ക്രി. വ. 420 നും 430 നും ഇടയ്ക്കു് പദ്യകൃതികൾ രചിച്ചു. ഇററലിയാണ് ജന്മദേശം. അഞ്ചാം നൂററാണ്ടിന്റെ രണ്ടാം ഘട്ടം മുതലുള്ള എഴുത്തുകാർ ഈ ഗ്രന്ഥകാരനെ ഉദ്ധരിക്കുന്നുണ്ടു്. മധ്യകാലഘട്ടത്തിലെ ജനങ്ങൾ അദ്ദേഹത്തിന്റെ കൃതികൾ വളരെ ഇഷ്ടപ്പെട്ടിരുന്നു. അദ്ദേഹം ഒരു വൈദികനായിരുന്നു എന്നു് ഇസിദോർ സൂചിപ്പിക്കുന്നു. *പാസ്കാലെ കാർമെൻ* എന്നതാണ് ഒരു പദ്യകൃതി. ഇതുതന്നെ പിന്നീടു് ഗദ്യരൂപത്തിലും അദ്ദേഹം പ്രസിദ്ധീകരിച്ചു. അതുപോലെ മററു രണ്ടു ഗീതങ്ങളും അദ്ദേഹത്തിന്റേതായി അറിയപ്പെടുന്നു.

*16. ഓറിയെൻസ്യൂസ്:* തെക്കൻ ഗോളിൽ 415 നോടടുത്തു് *കൊമ്മോണിതോറിയൂം* (Commonitorium) എന്നറിയപ്പെടുന്ന പദ്യകൃതി രചിച്ചയാളാണ് ഓറിയെൻസ്യൂസ്. ഔക്കിലെ മെത്രാനായിരുന്നു അദ്ദേഹം എന്നു കരുതുന്നവരുണ്ടു്. കൈയെഴുത്തുപ്രതികൾ അദ്ദേഹത്തെ *വിശുദ്ധൻ* എന്നു വിളിക്കുന്നു. ആറാം നൂററാണ്ടിന്റെ രണ്ടാം ഘട്ടം മുതലുള്ള എഴുത്തുകാർ ഈ കവിയെ ഉദ്ധരിക്കുന്നുണ്ടു്. നല്ല ക്രിസ്തീയ ജീവിതം നയിക്കാനുള്ള ആഹ്വാനമാണ് കൃതിയുടെ ഉള്ളടക്കം. പദ്യരൂപത്തിലുള്ള ഒരു പ്രസംഗമാണിതു്.

*17. അഗ്രെസ്തിയൂസ്:* ലൂഗോയിലെ മെത്രാനായിരുന്ന അഗ്രെസ്തിയൂസ്. അഞ്ചാം നൂററാണ്ടിന്റെ മധ്യഭാഗത്തോടുകൂടി ഈ മെത്രാൻ ഒരു പദ്യകൃതി രചിച്ചു. ഇതിൽ ഒരു വിശ്വാസപ്രഖ്യാപനം ഉണ്ടു്. അദ്ദേഹത്തിനു് പ്രിഷില്ലിയൻ ചിന്താഗതിയുണ്ടെന്നുള്ള ആരോപണം വന്നപ്പോൾ അതിനെ നിഷേധിച്ചുകൊണ്ടെഴുതിയതാണ് ഈ കൃതി. ഗലീഷ്യയിൽ അക്കാലത്തു് പ്രിഷില്ല്യൻ പാഷണ്ഡത വ്യാപിച്ചിരുന്നു.

www.malankaralibrary.com



*18. പെല്ലായിലെ പൗളീനുസ്:* എവുക്കാരിസ്റ്റിക്കോസ് (Eucharisticós) എന്ന പേരിൽ 459-ൽ പൗളീനുസ് ഒരു പദ്യകൃതി രചിച്ചു. 83-ാം വയസ്സിൽ രചിച്ച ഒരു ആത്മകഥയാണിതു്. ജീവിത സായാഹ്നത്തിൽ, ജീവിതാനുഭവങ്ങൾ ഓർത്തു് ദൈവത്തിനു് നന്ദിപറയാൻ അദ്ദേഹം ഈ അവസരം ഉപയോഗിക്കുന്നു. പെല്ലായിൽ 376-ൽ ജനിച്ചു. റോമൻ സാമ്രാജ്യത്തിന്റെ ഒരു ഇമ്പീരിയൽ *രൂപതയായ* മാസിഡോണിയായിലെ *വികാരി* ആയിരുന്നു പൗളീനുസിന്റെ പിതാവു്. പിന്നീടു് പിതാവിനോടൊത്തു് കാർത്തേജിലേക്കു് പോയി. അവസാനം ബോർഡോയിൽ (സ്പെയിൻ) സ്ഥിരതാമസമാക്കി. ഗോത്തിക് ആക്രമണ ഫലമായി അവർക്കു വലിയ നാശനഷ്ടങ്ങളുണ്ടായി. ജീവിതാവസാനം മർസെയിൽസിൽ താമസമാക്കി. അവിടെ വച്ചാണു് ഈ പദ്യകൃതി രചിച്ചതു്. 459 നു ശേഷം മരിച്ചു. ഔസോണിയുസിന്റെ ഒരു അനന്തിരവനായിരുന്നു പൗളീനുസ്.

*19. മെറോബൗദെസ്:* ബേതികായിൽനിന്നുള്ള ഈ കവി വളരെ പ്രശസ്തനായിരുന്നു. രാജസദസ്സിൽ സ്വാധീനവും ജനപ്രീതിയും നേടിയതിനാൽ അയാളുടെ പ്രതിമ 435-ൽ "ട്രാജന്റെ ഫോറത്തിൽ" സ്ഥാപിതമായി. 435 നു ശേഷമുള്ളവയാണു് നമുക്കു ലഭിച്ചിരിക്കുന്ന കൃതികൾ. ഗദ്യത്തിലും പദ്യത്തിലുമുള്ള ഓരോ സ്തുതിപ്രഭാഷണങ്ങൾ, ക്രിസ്തുവിനെപ്പറ്റിയുള്ള ഒരു പദ്യകൃതി, ചില കൃതികളുടെ ഭാഗങ്ങൾ എന്നിവ നമുക്കു ലഭിച്ചിട്ടുണ്ടു്

*അജ്ഞാതകർതൃക പദ്യങ്ങൾ:* ഗ്രന്ഥകാരന്മാരുടെ പേരില്ലാതെ കുറെ പദ്യകൃതികൾ പണ്ടു് പ്രചരിച്ചിരുന്നു. Laudes Domini (3I6-324), Carmen contra paganos (394/5), Epigramma paulini (419), Carmen de Providentia (429), De ligno crucis, Psalmus responsorius (340-350) ആദിയായവ അത്തരത്തിൽപ്പെട്ടവയാണു്.

അധ്യായം 11

# ഗോളിലെ എഴുത്തുകാർ

## 1. ലയൺസിലെ എവുക്കേരിയുസ്

"തന്റെ കാലത്തെ മഹാന്മാരായ മെത്രാന്മാരിൽ ഏററവും പ്രഗത്ഭനായിരുന്ന അദ്ദേഹം" എന്നാണു് എവുക്കേരിയുസിനെപ്പററി സമകാലീനനായ ക്ലൗദിയുസ് മമെർത്തുസിന്റെ അഭിപ്രായം. ഒരു കുലീന ക്രൈസ്തവകുടുംബത്തിൽ ജനിച്ച അദ്ദേഹം സംസ്കാരസമ്പന്നനായിരുന്നു. സെനററായിരുന്ന അദ്ദേഹത്തിനു് ഗാല്ലാ എന്ന ഭാര്യയും സലോണിയുസ്, വെറാനുസ് എന്നീ മക്കളും ഉണ്ടായിരുന്നു. ഭാര്യയുടെ സമ്മതത്തോടെ എവുക്കേരിയുസ് തന്റെ വസ്തുക്കളെല്ലാം വിററ് *ലേറിൻസ്* എന്ന ദ്വീപിലേക്കു് താമസം മാററി. കുട്ടികളെ വിദ്യാഭ്യാസത്തിനായി വി.ഹൊണൊറാത്തുസിന്റെ ആശ്രമത്തിൽ അവർ ഭരമേല്പിച്ചു. ഹിലരി, സാൽവിയൻ, വിൻസെൻറ് എന്നിവർ കുട്ടികളുടെ ചുമതലയേറെറടുത്തു. സലോണിയുസിനു് അന്നു് പത്തു വയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളു. ഈജിപ്റ്റിലെ ആശ്രമങ്ങൾ സന്ദർശിക്കാൻ എവുക്കേരിയുസ് ആഗ്രഹിച്ചെങ്കിലും നടന്നില്ല. കാസ്സിയൻ തന്റെ കൃതിയുടെ രണ്ടാംഭാഗം (Conferences) എവുക്കേരിയുസിനാണു് സമർപ്പിച്ചിരിക്കുന്നതു്. കത്തുകൾ വഴി, പ്രത്യേകിച്ചു് നോളായിലെ പൗളീനുസുമായി നടത്തിയവ വഴി, അദ്ദേഹം ബാഹ്യലോകവുമായി സമ്പർക്കം പുലർത്തി. 432 നോടടുത്തു് എവുക്കേരിയുസ് ലയൺസിലെ മെത്രാനായി നിയമിതനായി. 441-ലെ ഓറഞ്ചു് സിനഡിൽ അദ്ദേഹം പങ്കെടുത്തു. 450-ൽ മരിച്ചു [ജന്നാഡിയുസ്, *മഹത് വ്യക്തികൾ*, 64 (63)].

*കൃതികൾ:* മെത്രാനാകുന്നതിനുമുമ്പു്, സന്യാസത്തെ പ്രകീർത്തിച്ചുകൊണ്ടു് ലേഖനരൂപത്തിൽ രണ്ടു കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ടു്: *ദെ ലൗദെ എരെമി; ദെ കൊന്തെംപ്തു*

www.malankaralibrary.com



*മുൻദി.*[1] മർസെയിൽസിലെ സാൽവിയനു് ലേരിൻസിൽ നിന്നയച്ച *ഒരു കത്തും* ഈ കാലഘട്ടത്തിലേതാണു്. ആദ്യ കൃതി ഏകാന്തവാസത്തെ പ്രകീർത്തിച്ചുകൊണ്ടു് 427-ൽ ഹിലരിക്കെഴുതിയതാണു്. ഹിലരി പിന്നീടു് ആറംസിലെ മെത്രാനായി. "നമ്മുടെ ദൈവത്തിൻെറ അതിരില്ലാത്ത ആലയം" എന്നാണു് ഏകാന്തജീവിതത്തെ അദ്ദേഹം പ്രകീർത്തിക്കുന്നതു്. മോശയും ഏലിയാവും സ്നാപകയോഹന്നാനും വിശുദ്ധരായി ത്തീർന്നതു് മരുഭൂമിയിലാണു് എന്നു് അദ്ദേഹം വിവരിക്കുന്നു. ലൗകികസമ്പത്തിൻെറയും ലൗകികതത്വശാസ്ത്രത്തിൻെറയും നൈമിഷിക സ്വഭാവം വിവരിച്ചുകാണിക്കുകയാണു് രണ്ടാമത്തെ കൃതി. വലേറിയാനുസ് എന്ന ഉന്നതോദ്യോഗസ്ഥനുള്ള ഉപദേശത്തിൻെറ രൂപത്തിലാണു് ഇതു്. ഗ്രിഗറി, പൗളീനുസ്, അംബ്രോസ് എന്നിവരെ എവുക്കേരിയുസ് ഉദ്ധരിക്കുന്നുണ്ടു്.. മെത്രാനായശേഷം എഴുതപ്പെട്ടവയാണു് "ഫോർമുലേ സ്പിരിത്വാലിസ് ഇൻതെലിജെൻസ്യേ", "ഇൻസ്ത്രുക്സിയോണും ലീബ്രി ദുവോ ആദ് സലോണിയും", "പാസ്സിയോ അകൗനെൻസിയും മർതീരും[2] എന്നീ കൃതികൾ. ഒന്നാംകൃതി തൻെറ മകനായ വെറാനുസിനു് സമർപ്പിച്ചിരിക്കുന്നു. കാസ്സിയൻെറ പ്രബോധനമനുസരിച്ച് തിരുലിഖിതത്തിൽ ശരീരം, ആത്മാവ്, ആത്രുപി എന്നിങ്ങനെ മൂന്നു ഘടകങ്ങൾ ഉണ്ടു്. ഈ തരംതിരിവ് എവുക്കേരിയുസ് സ്വീകരിച്ചുകൊണ്ടു് വി.ഗ്രന്ഥത്തെ മൂന്നു രീതികളിൽ വ്യാഖ്യാനിക്കുന്നു. വിശുദ്ധ രഹസ്യങ്ങളിലേക്കു നമ്മെ നയിക്കുന്നതു് ആഴമേറിയ രൂപകാർത്ഥമാണു്. രണ്ടാം കൃതി ചോദ്യോത്തര രീതിയിലുള്ളതും തൻെറ മകനായ സലോണിയുസിനു് സമർപ്പിച്ചിരിക്കുന്നതുമാണു്. ഉല്പത്തി മുതൽ വെളിപാടു വരെയുള്ള ഗ്രന്ഥങ്ങളിലെ പ്രയാസമുള്ള ഭാഗങ്ങളുടെ വിശദീകരണമാണിതു്. "തേബൻ ലീജിയൻ"[3] എന്നറിയപ്പെടുന്ന പട്ടാളക്കാരുടെ രക്തസാക്ഷിത്വത്തെക്കുറിച്ചുള്ള ഏററവും പുരാതന വിവരണമാണു് മൂന്നാമത്തെ കൃതി.[4]

## 2. എവുക്രേത്താപിയുസ്

അക്വിററാനിയായിൽനിന്നുള്ള ഈ വൈദികൻ നാലാം നൂററാണ്ടിൻെറ അവസാനത്തിലും അഞ്ചാം നൂററാണ്ടിൻെറ

1. De Laude eremi; De Contemptu mundi.
2. Formulae spiritualis intelligentiae; Instructionum libri duo ad Salonium; Passio acaunensium martyrum.
3. Theban Legion:
4. *PL.* 50; *CSEL.* 31.



ആരംഭത്തിലുമായി ജീവിച്ചു. നോളായിലെ പൗളീനൂസിൻെറ സമകാലീനനും സ്നേഹിതനുമായിരുന്നു. അദ്ദേഹത്തിൻെറ നാലു കൃതികൾ നമുക്കു് ലഭിച്ചിട്ടുണ്ടു്, എന്നാൽ അവ ജറോം, ടൂറിനിലെ മാക്സിമുസ് തുടങ്ങിയവരുടെ പേരിലാണു് അറിയപ്പെട്ടിരുന്നതു്.

1 *എപ്പിസ്തുളാ ദെ കൊൺദെംനാൻദാ ഹെരെദിതാതെ:*[5] ജറോൺസ്യൂസ് എന്നയാളിൻെറ മക്കളായ ചെറാസിയായ്ക്കും അവളുടെ സഹോദരിക്കും എഴുതിയ കത്താണിതു്. ഈ രണ്ടു സഹോദരിമാർ സന്യാസജീവിതത്തിനു് തങ്ങളെത്തന്നെ സമർപ്പിച്ചതിനാൽ മാതാപിതാക്കൾ തങ്ങളുടെ സ്വത്തിൻെറ അവകാശം അവർക്കു നിഷേധിച്ചു. തദവസരത്തിൽ എവുക്രോപിയുസ് അവർക്കയച്ചതാണു് ഈ കത്തു്. ജറോമിൻെറ ഗ്രന്ഥമായിട്ടാണു് ഇതു പ്രചരിച്ചിരുന്നതു്.

2. *എപ്പിസ്തുളാ ദെ വേരാ ചിർകുംചിസിയോണെ:*[6] മേല്പറഞ്ഞ കന്യകകൾക്കുള്ള ഉപദേശത്തിൻെറ തുടർച്ചയാണിതു്. ആത്മീയമായ പരിച്ഛേദനത്തിനു് അദ്ദേഹം അവരെ പ്രേരിപ്പിക്കുന്നു. അതായതു് ആഴമേറിയ സ്വയംനിഗ്രഹം. അതിൻെറ പ്രതിഫലം വളരെ വലുതാണു്.

3. *എപ്പിസ്തുളാ ദെ പെർഫെക്തോ ഹോമിനെ:*[7] ചെറാസിയായ്ക്കുള്ള ലേഖനമാണിതു്. ജറോമിൻെറയും (PL. 30:75-104) മാക്സിമുസിൻെറയും (PL. 57:933-958) പേരിൽ ആണു് ഇതു് അറിയപ്പെട്ടിരുന്നതു്. തീക്ഷ്ണത നിറഞ്ഞ ക്രിസ്ത്യാനിക്കുണ്ടായിരിക്കേണ്ട ആന്തരിക മനോഭാവം ഇതിൽ വരച്ചുകാട്ടുന്നു: ലൗകികവിജ്ഞാനം ഉപേക്ഷിക്കുക, ദൈവത്തിൻെറ ശക്തി, മനുഷ്യാവതാരം എന്ന മഹാത്ഭുതം, നമ്മുടെ ഉത്ഥാനത്തിൻെറ അച്ചാരമായ ക്രിസ്തുവിൻെറ ഉത്ഥാനം, എന്നിവയെപ്പററി ധ്യാനിക്കുക എന്നിവയിൽ അതു് അടങ്ങിയിരിക്കുന്നു. അഞ്ചാം നൂററാണ്ടിൽ നിലവിലിരുന്ന ചില ആധ്യാത്മിക വൈകൃതങ്ങളിലേക്കും ഈ ലേഖനം വിരൽ ചൂണ്ടുന്നു. മറിയത്തിൻെറ കന്യാത്വം സംബന്ധിച്ച് തെർത്തുല്യനുണ്ടായിരുന്ന ആശയത്തിൻെറ സ്വാധീനവും ഇതിൽ കാണാം.

5. Epistula de Condemnanda haereditate: *PL.* 30:47-50.
6. Epistula de Vera circumcisione: *PL* 30:188-210.
7. Epistula de perfecto homine.

www.malankaralibrary.com



4. *ദെ സിമിലിത്തൂദിനെ കാർണിസ് പെക്കാത്തി:*[8] ബാർസലോണായിലെ പാച്ചിയൻേറയും പെലാജിയുസിൻെറയും പേരിൽ ഇതറിയപ്പെട്ടിരുന്നു. റോമ. 8·3ൻെറ ഒരു വ്യാഖ്യാനമാണിതു്. ഇതു് 415 നോടടുത്തു് വിരചിതമായി. ചെറാസിയായ്ക്കു് അയച്ചതാണിതും. ആദാം, മനുഷ്യർ, ക്രിസ്തു എന്നിവരുടെ ശാരീരികാവസ്ഥ വിവരിക്കുകയായിരുന്നു ഗ്രന്ഥകാരൻെറ ലക്ഷ്യം.

അംബ്രോസിൻെറ ആരാധകനും പൗളീനൂസിൻെറ സ്നേഹിതനുമായിരുന്ന എവുത്രോപ്പിയുസ് സാഹിത്യത്തിലും പ്ലേറോയുടെ തത്വശാസ്ത്രത്തിലും നിപുണനായിരുന്നു. യുവെനാൽ, വിർജിൽ, സിസെറോ എന്നിവരെ അദ്ദേഹം അനുകരിച്ചിരുന്നു. വിശുദ്ധ ഗ്രന്ഥത്തിലും അദ്ദേഹത്തിന് നല്ല പാണ്ഡിത്യം ഉണ്ടായിരുന്നു. (ജന്നാഡിയുസ്, *മഹത് വ്യക്തികൾ*, 50 (49).

## 3. എവാഗ്രിയുസ്

തെക്കൻ ഗോളിൽ നിന്നുള്ള ഒരു സന്യാസിയായിരുന്ന എവാഗ്രിയുസ് എന്ന് ജന്നാഡിയുസ് സൂചിപ്പിക്കുന്നു (*മഹത്*. 51 (50). ടൂർസിലെ വി. മാർട്ടിൻെറ ശിഷ്യനാണ് ഇദ്ദേഹം എന്നു് ചിലർ പറയുന്നു. ''ഒരു യൂദനും ഒരു ക്രിസ്ത്യാനിയും തമ്മിലുള്ള സംവാദം'' ഇദ്ദേഹത്തിൽ നിന്നു നമുക്കു ലഭിച്ചിട്ടുണ്ടു്.[9] തെർത്തുല്യൻ, സിപ്രിയാൻ, എൽവീരായിലെ ഗ്രിഗറി, ഫേബാദിയുസ്, എവുക്കേരിയുസ് എന്നിവരെ ആധാരമാക്കി എഴുതിയിട്ടുള്ളതാണ് ഈ കൃതി. ക്രിസ്തുവിനെ സംബന്ധിച്ചാണ് സംവാദം. പഴയനിയമത്തിലെ ഏകദൈവവിശ്വാസവും പുതിയനിയമത്തിലെ ത്രിത്വപ്രബോധനം, ക്രിസ്തുവിൻെറ ദൈവത്വം എന്നിവയും ഒന്നിച്ചു കോർത്തിണക്കിക്കൊണ്ടു പോകാനുള്ള ശ്രമമാണ് ഗ്രന്ഥകാരൻ ഇവിടെ നടത്തുക. യൂദൻ ചോദ്യങ്ങൾ ചോദിക്കുന്നു; ക്രിസ്ത്യാനി വിശദമായി ഉത്തരം നൽകുന്നു. യഹൂദൻ മറിയത്തിൻെറ കന്യാത്വം നിഷേധിക്കുന്നു. ക്രിസ്ത്യാനികൾ ശാബത്തും പരിച്ഛേദനയും ഉപേക്ഷിച്ചവരാണെന്നു കുററപ്പെടുത്തുന്നു. എന്നാൽ ചർച്ചയുടെ അവസാനഭാഗത്തു് യൂദൻ

8. De similitudine carnis peccati
9. Altercatio legis inter Simonem Judaeum et Theophilum Christianum: *PL.* 20:1165-72.



മാനസാന്തരപ്പെട്ടു് ക്രിസ്ത്യാനിയാകുന്നതു കാണാം. ഇതിൽ ഒരു വിശ്വാസപ്രമാണം ഉണ്ടു്. അതു് ഒരു കൃതജ്ഞതാപ്രകരണത്തിൻെറ രൂപത്തിലാണ്.

## 4. ആൾസിലെ ഹൊണൊരാത്തൂസ്

ഗോളിലെ ഒരു കുലീനകുടുംബത്തിൽ പിറന്ന ഹൊണൊറാത്തുസ് യൗവനകാലത്തു് ലൗകികനേട്ടങ്ങൾ ഉപേക്ഷിച്ച് തൻെറ സഹോദരനായ വെനാൻസ്യുസുമൊത്തു് ഗ്രീസിലേക്കു് ഒരു തീർത്ഥാടനം നടത്തി. തൻെറ സഹോദരൻെറ മരണാനന്തരം അദ്ദേഹം എസ്സെരെൽ[10] എന്ന സ്ഥലത്തുള്ള ഗുഹയിലും പിന്നീട് ലേറിൻസ് ദ്വീപിലും താപസ്സജീവിതം തുടങ്ങി. ലേറിൻസിൽ അദ്ദേഹം തുടങ്ങിയ ആശ്രമം പ്രശസ്തരായ പലരെയും ആകർഷിച്ചു. സാൽവിയൻ, ലൂപ്പുസ്, എവുക്കേരിയുസ്, ഹിലരി എന്നിവർ അവരിൽ പ്രമുഖരായിരുന്നു. ലേറിൻസ് സന്യാസസമൂഹം കാലക്രമത്തിൽ സാംസ്കാരികമായി യൂറോപ്യൻ ജീവിതത്തിൽ സ്വാധീനം ചെലുത്തി. ഹൊണൊറാത്തുസ് തൻെറ സമൂഹത്തിന് നൽകിയ നിയമത്തെപ്പററി ഹിലരി സൂചിപ്പിക്കുന്നു. 428–ൽ ഹൊണൊറാത്തുസ് ആൾസിലെ ആർച്ചുബിഷപ്പായി. റോണിലുള്ള ഒരു ദ്വീപിൽ അദ്ദേഹം ഒരാശ്രമം തുടങ്ങി. ആൾസിലെ സീസർ ഈ ആശ്രമത്തിലെ അംഗമായിരുന്നു. 430–ൽ ഹൊണൊറാത്തുസ് മരിച്ചു. അദ്ദേഹത്തിൻെറ കൃതികളൊന്നും നമുക്കു് ലഭിച്ചിട്ടില്ല.

## 5. ആൾസിലെ ഹിലരി

വി. ഹൊണൊറാത്തുസിൻെറ ജീവചരിത്രത്തിൽ[11] ഹിലരി തന്നെക്കുറിച്ചും സൂചിപ്പിക്കുന്നുണ്ടു്. ലേറിൻസിലെ മെത്രാനും ആശ്രമസ്ഥാപകനുമായ ഹൊണൊറാത്തുസിൻെറ ബന്ധുവായിരുന്നു ഹിലരി. ഹൊണൊറാത്തുസ് ഹിലരിയെ സന്യാസത്തിലേക്കു് ആകർഷിച്ചു. ലേറിൻസിൽ വച്ച് ഹിലരി അദ്ദേഹത്തിൻെറ പ്രേഷ്ഠശിഷ്യനായിത്തീർന്നു. ഹൊണൊറാത്തുസ് ആൾസിലെ മെത്രാനായിരുന്നപ്പോൾ ഹിലരി കുറേനാൾ അവിടെ താമസിച്ചു. മരണാസന്നനായ

10. Estérel
11. De Vita S. Honorati

www.malankaralibrary.com



ഹൊണൊറാത്തൂസ് മെത്രാൻ തന്റെ പിൻഗാമിയായി ഹിലരിയെ നിശ്ചയിച്ചു. എങ്കിലും ഹൊണൊറാത്തൂസിന്റെ ശവസംസ്കാരാനന്തരം ഹിലരി അവിടം വിട്ടുപോയി. 429/30-ൽ ഹിലരി മെത്രാനായി, ഇരുപതുവർഷത്തോളം ആൾസ് ഭരിച്ചു. അദ്ദേഹം ഉജ്ജ്വല വാഗ്മിയും പാവപ്പെട്ടവരോട് കരുണയുള്ളവനും തന്റെ ജനങ്ങളുടെ ഇടയിൽ വസിച്ചിരുന്നവനുമായിരുന്നു. ഹിലരിയും ബെസാൻസോൻ മെത്രാനും തമ്മിൽ തർക്കം ഉണ്ടായപ്പോൾ റോം ഇടപെടുകയും ബെസാൻസോൺ ഉൾപ്പെടുന്ന വീൻ പ്രവിശ്യയിൽ ഇടപെടുന്നതിൽ നിന്ന് ആൾസിലെ മെത്രാനെ വിലക്കുകയും ചെയ്തു. സോസിമൂസ് മാർപ്പാപ്പാ ആൾസിനു നൽകിയിരുന്ന അവകാശങ്ങൾ ഉപയോഗിച്ചാണ് ഹിലരി ബെസാൻസോൻ രൂപതയിൽ ഇടപെട്ടതും സ്ഥലത്തെ മെത്രാനെ സ്ഥാനഭ്രഷ്ടനാക്കിയതും. 449 മെയ് 5 ന് 48-ാം വയസ്സിൽ ഹിലരി മരിച്ചു. ഹിലരിയുടെ ചുരുക്കം ചില കൃതികൾ മാത്രമേ നമുക്കു കിട്ടിയിട്ടുള്ളു: ''എപ്പിസ്തുലാ ആദ് എവുകേരിയും ലുഗ്ദുണെൻസെം, ദെ വീതാ സാന്തി ഹൊണൊറാതി അരെലതെൻസിസ് എപ്പിസ്കോപ്പി, ദെ ഫോന്തിബുസ് ഗ്രാസ്യാനോപ്പൊളിത്താനിസ്'' (PL. 50.1219-46). അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന മറ്റ് പല കൃതികളും അദ്ദേഹത്തിന്റേതല്ല എന്നാണ് പൊതുവെയുള്ള അഭിപ്രായം.

## 6. ജോൺ കാസ്സിയൻ

അഞ്ചാം നൂറ്റാണ്ടിൽ ഗോളിൽ ജീവിച്ചിരുന്ന ക്രൈസ്തവസാഹിത്യകാരന്മാരിൽ പ്രമുഖനായിരുന്നു ജോൺ കാസ്സിയൻ. ഷിതിയാ മൈനർ[12] എന്ന റോമൻ പ്രോവിൻസിൽ ജനിച്ചു. ''കാസ്സിയാനുസ്'' എന്നതു് സ്വന്തം നാടിന്റെ പേരായിരിക്കാം. ജോൺ എന്നതു് മാമോദീസാപേരു്. ധാരാളം ഭൂസ്വത്തുള്ള ഒരു പുരാതനകുടുംബത്തിൽപെട്ട ലത്തീൻകാരനായിരുന്നു അദ്ദേഹം. അദ്ദേഹത്തിനു നല്ല ക്ലാസ്സിക്കൽ വിദ്യാഭ്യാസം ലഭിച്ചു; ഗ്രീക്കു വളരെ നന്നായി പഠിച്ചു. 380-ഓടടുത്തു് അദ്ദേഹം പലസ്തീനായിലേക്കു പുറപ്പെട്ടു. ജർമാനൂസ് എന്ന നാട്ടുകാരനും കൂട്ടിനുണ്ടായിരുന്നു. സന്യാസജീവിതത്തെപ്പറ്റി പഠിച്ചറിയാനായി ജോൺ ബേത്‌ലഹേമിലുള്ള ഒരു സന്യാസഭവനത്തിൽ താമസം തുടങ്ങി. അവിടെ രണ്ടുവർഷം താമസിച്ചു. അതിനുശേഷം ഈജിപ്തിലെ താപസ്സരെ സന്ദർശിക്കാനായി അവരുടെ പക്കലേക്കു പോയി. ഷേത് മരുഭൂമിയിൽ മോശ, പഫ്നൂസ്യസ് എന്നീ സന്യാസശ്രേഷ്ഠന്മാരോടൊത്തു് ദീർഘനാൾ താമസിച്ചു.

12. Dobruja



ഏഴു വർഷങ്ങൾക്കുശേഷം ബേത്‌ലഹേമിൽ തിരിച്ചെത്തിയെങ്കിലും താമസിയാതെ (386/7) വീണ്ടും ഷേതിലേക്കു മടങ്ങി. ഒരിജനിസ്റ്റ് തർക്കങ്ങൾ നിമിത്തം 399-ൽ അദ്ദേഹം ഈജിപ്ത് വിട്ട് കോൺസ്റ്റാൻറിനോപ്പിളിൽ എത്തി. അവിടെ വച്ചു് ജോൺ ക്രിസസ്റ്റോം അദ്ദേഹത്തെ ഡീക്കനായി വാഴിച്ചു. 404 - ൽ കാസ്സിയൻ റോമിലേക്കു തിരിച്ചു. നാടുകടത്തപ്പെട്ട ജോൺ ക്രിസസ്തോം മെത്രാനു വേണ്ടി മാർപ്പാപ്പായ്ക്കു ജനങ്ങൾ തയ്യാറാക്കിയ ശിപാർശക്കത്തുമായിട്ടാണ് അദ്ദേഹം തിരിച്ചതു്. റോമിൽ കുറേനാൾ താമസിച്ചു. ഭാവി മാർപ്പാപ്പായായ ലെയോ എന്ന ഡീക്കനെ പരിചയപ്പെട്ടു. പിന്നീട് കാസ്സിയനെ നാം കാണുന്നതു് 415/6 ൽ മർസെയിൽസിലാണ്. ഇതിനിടെ പൗരസ്ത്യദേശത്തേയ്ക്കു് തിരികെ പോയോ എന്നറിവില്ല. മർസെയിൽസിൽ അദ്ദേഹം ഒരു വൈദികനായി. പുരുഷന്മാർക്കും സ്ത്രീകൾക്കുംവേണ്ടി ഓരോ സന്യാസഭവനങ്ങളാരംഭിച്ചു. ലേറിൻസിൽ തുടങ്ങിയ സന്യാസപ്രസ്ഥാനത്തെ നവീകരിക്കുകയായിരുന്നു കാസ്സിയന്റെ ലക്ഷ്യം. അപ്പസ്തോലന്മാരുടെ പാരമ്പര്യങ്ങളിലേക്കു് മടങ്ങിപ്പോയി ഇതു സാധിക്കാം എന്നു് അദ്ദേഹം കരുതി. ഇതിനായി ആപ്ത്[13] രൂപതാധ്യക്ഷൻ കാസ്തോറിനെ അദ്ദേഹം ഉപദേശിച്ചു. പൗരസ്ത്യദേശത്തു നിന്നു ലഭിച്ച അനുഭവസമ്പത്തു് പാശ്ചാത്യസന്യാസത്തിൽ പ്രയോജനപ്പെടുത്താൻ അദ്ദേഹം ശ്രമിച്ചു. മർസെയിൽസിൽ വച്ചാണ് കാസ്സിയൻ താപസ്സഗ്രന്ഥങ്ങൾ രചിച്ചതു്. ആപ്ത് രൂപതാധ്യക്ഷൻ അതിനുള്ള പ്രചോദനം നൽകി. 435 ഓടുകൂടി ജോൺ കാസ്സിയൻ മരിച്ചു; കിഴക്കും പടിഞ്ഞാറും ഉള്ള സഭകൾ അദ്ദേഹത്തെ വിശുദ്ധനായി പരിഗണിച്ചു.

### കൃതികൾ

വളരെയധികം പാണ്ഡിത്യവും അനുഭവസമ്പത്തും ഉള്ള ആളായിരുന്നു കാസ്സിയൻ. ഗ്രീക്കുസാഹിത്യത്തിലുള്ള നൈപുണ്യം ഗ്രന്ഥങ്ങളിൽ വ്യക്തമാണ്. കൃതികളിൽ അധികവും

13. Apt

www.malankaralibrary.com



സന്യാസപ്രസ്ഥാനം സംബന്ധിച്ചുള്ളവയാണ്. ജീവിതാന്ത്യത്തോടടുത്തു മാത്രമേ ദൈവശാസ്ത്രതലത്തിൽ കൈവയ്ക്കാൻ അദ്ദേഹം മുതിർന്നുള്ളു.

1. *ദെ ഇൻസ്തിത്തൂതിസ് ചെനോബിയോരും*.[14] ആപ്ത് ത്രുപതാധ്യക്ഷനാണ് ഇതു് സമർപ്പിച്ചിരിക്കുന്നതു്. പന്ത്രണ്ടു പുസ്തകങ്ങളായിട്ടാണ് ഈ കൃതി. എന്നാൽ ആദ്യത്തെ നാലു പുസ്തകങ്ങൾ ഒന്നിച്ചും (ഒന്നാംഭാഗം), അഞ്ചുമുതൽ പന്ത്രണ്ടുവരെയുള്ളവ മറ്റൊരു വ്യത്യസ്ത സമാഹാരമായും (രണ്ടാംഭാഗം) ചിലർ കണക്കാക്കുന്നുണ്ടു്. ചില കൈയെഴുത്തുപ്രതികളിലും ഈ വിഭജനം കാണാം. സന്യാസിയുടെ ജീവിതം സംബന്ധിച്ചാണ് ഒന്നാം ഭാഗം (1-4). സന്യാസവസ്ത്രം(1), ഈജിപ്തുകാരുടെ രീതി അനുസരിച്ചുള്ള രാത്രിപ്രാർത്ഥനകൾ (2), പലസ്തീനായിലും മെസപ്പൊട്ടേമിയായിലും ഉള്ള രീതി അനുസരിച്ചുള്ള, പകൽസമയത്തെ പ്രാർത്ഥനകൾ (3), കൂട്ടജീവിതവും അതിനനുയോജ്യമായ സുകൃതങ്ങളും (4). രണ്ടാം ഭാഗം ആപ്ത് ത്രുപതാധ്യക്ഷനുള്ള രണ്ടാംസമർപ്പണംകൊണ്ടു് ആരംഭിക്കുന്നു. പരിപൂർണ്ണഹൃദയനൈർമല്യം സമ്പാദിക്കാനായി സന്യാസി പോരാടേണ്ട വിവിധ ദുർഗ്ഗുണങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നു: ഭോജനപ്രിയം (5), അശുദ്ധത (6), അത്യാഗ്രഹം (7), കോപം (8), ശോകാകുലത്വം (9), വിരസത (10), പൊങ്ങച്ചം (11), അഹങ്കാരം (12).- പോന്തൂസിലെ എവാഗ്രിയസ് കാസ്സിയനുമുമ്പു് ഇതേ പട്ടിക തയാറാക്കിയിരുന്നു.[15]

'കൊൺലാസ്യോണെസ്'' എന്ന കൂടുതൽ ശ്രേഷ്ഠമായ കൃതിക്കൊരാമുഖമായിട്ടാണ് ഈ കൃതി കാസ്സിയൻ എഴുതിയതു്. എവുക്കേരിയൂസ്, കാസ്സിയന്റെ കൃതിയുടെ ചെറിയൊരു പതിപ്പുണ്ടാക്കിയെങ്കിലും അതു നഷ്ടപ്പെട്ടുപോയി. അഞ്ചാം നൂറ്റാണ്ടിൽ *ഇൻസ്റ്റിറ്റ്യൂട്ട്സിന്* ഗ്രീക്കിലുള്ള ഭാഷാന്തരം ഉണ്ടായി. ഇതിനും ആരോ ഒരു ചെറിയ പതിപ്പു ഗ്രീക്കിലുണ്ടാക്കി. ഫോസിയൂസിനു് ഇതു് സുപരിചിതമായിരുന്നു. സെവുഡോ-നീലൂസ് രണ്ടു പുസ്തകങ്ങളിലുള്ള ഈ ചെറിയ ഗ്രീക്കുപതിപ്പ് ഉപയോഗിച്ചു.

14. De Instituti Coenobiorum: *PL* 49:43-476; *NPNF*².11. 201-290

15. ജി.ചേടിയത്തു്, സഭാപിതാക്കന്മാർ II കോട്ടയം, 1988, P. 71-74; *PG* 40:1272-6.



2. *കൊൺലാസ്യോണെസ് -24*[16] മൊത്തമുള്ള 24 കോൺഫറൻസുകൾ (Conferences) മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു: (1-10 ; 11-17 ; 18-24). മുൻഗ്രന്ഥത്തിന്റെ തുടർച്ചയാണ് ഈ കൃതി. കാസ്തറിന്റെ നിർദ്ദേശപ്രകാരമാണ് ഇതും എഴുതിയതു്. 425/6 ൽ കാസ്റ്റർ മരിച്ചുപോയി. കാസ്തറിന്റെ സഹോദരൻ ലെയോൺസ്യൂസിനും ഒരു ഹെല്ലാഡിയൂസിനുമാണ് ഒന്നാംഭാഗം സമർപ്പിച്ചിരിക്കുന്നതു്. ഹൊണൊറാത്തൂസ്, എവുക്കേരിയൂസ് എന്നീ സഹോദരന്മാർക്കു് രണ്ടാം ഭാഗവും ലേറിൻസിലെ അധ്യക്ഷന്മാരായ ജൊവീനിയൻ, മിനെർവിയൂസ്, ലെയോൺസ്യൂസ് തിയഡോർ എന്നിവർക്കു് മൂന്നാംഭാഗവും സമർപ്പിച്ചിരിക്കുന്നു. ഈജിപ്തിലെ വിവിധ സ്ഥലങ്ങളിലുള്ള താമസകാലഘട്ടത്തിനു് അനുസൃതമായിട്ടാണ് വിവിധ അധ്യായങ്ങൾ.

ഒന്നാംഭാഗം, 1-10 (ഷേതാണ് സമ്മേളന സ്ഥലം) പരിപൂർണതയെപ്പറ്റിയുള്ള നല്ലൊരു ചർച്ചയാണിതു്. രണ്ടാം ഭാഗം 427 ൽ എഴുതിത്തീർന്നു. ഈജിപ്തിലെ യാത്രയുടെ ആരംഭത്തിൽ പനേഫ്യൂസാണ് സമ്മേളനസ്ഥലം. മൂന്നാം ഭാഗം 428 നും 429 നും ഇടയ്ക്കാണ് എഴുതപ്പെട്ടതു്. ദിയോൾകോസും (18-20) പനേഫ്യൂസിസും (ഷേതും) (21-24) ആണ് സമ്മേളന സ്ഥലങ്ങൾ. പ്രസ്തുത സ്ഥലങ്ങളിൽ വച്ചു നടക്കുന്ന സമ്മേളനങ്ങളായിട്ടാണ് വിവരണം. പ്രശസ്തരായ ആധ്യാത്മിക ഗുരുക്കന്മാരാണ് സമ്മേളനം നയിക്കുന്നതും ഉപദേശം കൊടുക്കുന്നതും. ആബാ മോശ, പഫ്നൂസ്യസ്, ആബാ ദാനിയേൽ, സെറാപ്പിയോൻ, തിയഡോർ, സെറേനൂസ്, ഇസാക്കു് എന്നിവർ നൽകിയ ഉപദേശങ്ങളാണ് ഒന്നാം ഭാഗത്തുള്ളതു്. ആബാ ചെറേമോൻ, നെസ്തോർ, ആബാ യൗസേപ്പ് എന്നിവരുടെ ഉപദേശങ്ങൾ രണ്ടാം ഭാഗത്താണ്. പിയാമൂൻ, ആബാ ജോൺ, പിനൂഫിയൂസ്, തെയോനാസ്, അബ്രഹാം എന്നിവരുടെ കോൺഫറൻസുകളാണ് മൂന്നാം ഭാഗത്തു്. ഡയലോഗ് ശൈലിയിലാണ് ഇവ. ജർമാനൂസ് എന്നയാളൊ കാസ്സിയൻ തന്നെയോ ചർച്ച ചെയ്യേണ്ട പ്രശ്നം അവതരിപ്പിക്കുന്നു. ആത്മീയ പിതാക്കന്മാർ അവയെപ്പറ്റി പ്രസംഗിക്കുന്നു. വെളിപാടു ഗ്രന്ഥത്തിലെ ഇരുപത്തിനാലു് മൂപ്പന്മാരെ അനുസ്മരിപ്പിക്കുന്നതാണ് ഇരുപത്തിനാല് കോൺഫറൻസുകൾ. കുഞ്ഞാടിനുള്ള ഒർപ്പണമായിട്ടാണിവ. പണ്ഡിതോചിത പ്രബന്ധങ്ങളല്ല, സന്യാസപിതാക്കന്മാരുമായി നട

16. Conlationes-24

www.malankaralibrary.com



ത്തിയ കൂടിക്കാഴ്ചകളായിട്ടാണ് വിഷയങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. ഒരിക്കൽ ചർച്ച ചെയ്തവതന്നെയും വീണ്ടും വീണ്ടും ചർച്ച ചെയ്യുന്നതായി കാണാം. കിഴക്കും പടിഞ്ഞാറുമുള്ള പിൽക്കാല സന്യാസികളിൽ ഗണ്യമായ സ്വാധീനം ചെലുത്തിയ ഈ *കോൺഫറൻസുകൾ* കാസ്സിയന്റെ ഉത്തമ കൃതിയാണ്.[17]

### *3. ദെ ഇൻകർണാസ്യോണേ ദോമിനി കോൻത്രാ നെസ്തോറിയും ലീബ്രി VII*[18]

കാസ്സിയൻ അവസാനം രചിച്ചത് ഈ കൃതിയാണ്. 430-ൽ ലെയോയുടെ നിർദ്ദേശപ്രകാരമാണ് അദ്ദേഹം ഇതെഴുതിയത്. നെസ്തോറിയസിന്റെ പ്രസംഗങ്ങളിൽനിന്ന് ലെയോയ്ക്ക് ലഭിച്ച ഭാഗങ്ങൾ ഈ കൃതിയെഴുതാൻ കാസ്സിയനു കിട്ടി. അദ്ദേഹം ഒരു താത്വിക ദൈവശാസ്ത്രജ്ഞനല്ല എന്നതിന്റെ കുറവുകൾ ഈ കൃതിയിൽ കാണാം. നെസ്തോറിയസിനെതിരായി, പുത്രന്റെ മനുഷ്യാവതാരം സംബന്ധിച്ചാണ് ഈ കൃതി. ഏകവ്യക്തിത്വത്തിൽ രണ്ട് സ്വഭാവങ്ങളും യോജിച്ചിരിക്കുന്നു എന്ന അടിസ്ഥാനതത്വം അദ്ദേഹം വിവരിക്കുന്നു.

ഗ്രീക്കു സഭയുടെ ദൈവശാസ്ത്ര, സന്യാസ, പാരമ്പര്യങ്ങളിൽ പാദമൂന്നിയതാണ് കാസ്സിയന്റെ ആധ്യാത്മിക പ്രബോധനങ്ങൾ. ഇരനെയൂസിൽനിന്നുള്ള സ്വാധീനം ഉത്ഭവപാപം, മനുഷ്യസ്വാതന്ത്ര്യം, മനുഷ്യവീക്ഷണം എന്നിവകളിൽ ദൃശ്യമാണ്. ദൈവശാസ്ത്ര രൂപീകരണത്തിൽ അലക്സാണ്ഡ്രിയൻ ചിന്തയാണ് ഏററം കൂടുതൽ സ്വാധീനം ചെലുത്തിയിട്ടുള്ളത്. ഒരിജനെയും ക്ലെമൻറിനെയും ധാരാളമായി ആശ്രയിക്കുന്നു. ഒരിജനും എവാഗ്രിയസും കാസ്സിയന്റെ ഗുരുക്കന്മാരായിരുന്നു. 'ഞാൻ രേഖപ്പെടുത്തിയവ, അവർ എന്നെ പഠിപ്പിച്ചവയാണ്' എന്ന് അദ്ദേഹം എഴുതിയിരിക്കുന്നു. ഈജിപ്തിലെ താപസ്സരിൽനിന്നു ലഭിച്ച താത്വിക, പ്രായോഗിക പരിശീലനം പാശ്ചാത്യലോകത്തു പകർത്തുവാൻ കാസ്സിയൻ പരിശ്രമിച്ചു. പിൽക്കാല പാശ്ചാത്യ സന്യാസത്തിൽ കാസ്സിയൻ വ്യക്തിമുദ്ര പതിച്ചു.

---

17. *PL*. 49:477–1321; *NPNF*$^2$. 11. 295–545.
18. De Incarnatione Domini Contra Nestorium libri *VII*. *PL*. 50:9–270; *NPNF*$^2$. 11:547–621.



## 7. ബുർഗെസിലെ ലെയോ

വിക്തോറിയൂസ്, എവുസ്തോക്കിയൂസ് എന്നീ മെത്രാന്മാരോടുകൂടി ഈ മെത്രാൻ ഒരു കത്തയച്ചിട്ടുണ്ട്.[19] 453 ഒക്ടോബർ 4 ന് കൂടിയ ആൻഗേർസ് സിനഡിൽ ഇവർ മൂവരും സംബന്ധിച്ചു. സഭാകോടതിയെ സമീപിക്കാതെ സിവിൾ കോടതിയെ സമീപിച്ച വൈദികസ്ഥാനികളെ മുടക്കുന്നതു സംബന്ധിച്ചാണ് കത്ത്. ബുർഗെസിലെ മെത്രാനായിരുന്നു ലെയോ എന്നതൊഴിച്ചാൽ അദ്ദേഹത്തെപ്പററി നമുക്ക് മററു വിവരങ്ങൾ ഒന്നും ലഭിച്ചിട്ടില്ല.

## 8. ലെപ്പോറിയുസ്

ട്രിയറിൽ ജനിച്ച ലെപ്പോറിയൂസ് സന്യാസിയും വൈദികനുമായിത്തീർന്നു. ട്രിയറിൽ അപരിഷ്കൃതരുടെ ആക്രമണം ഉണ്ടായപ്പോൾ അദ്ദേഹം ഗോളിന്റെ തെക്കൻ പ്രദേശങ്ങളിലേക്ക് കുടിയേറി മർസെയിൽസിൽ താമസമാക്കി. 418 ഓടുകൂടി, തിരുവവതാരരഹസ്യം സംബന്ധിച്ച് ചില അബദ്ധോപദേശങ്ങൾ പ്രചരിപ്പിച്ചതിനാൽ സ്ഥലത്തെ മെത്രാനായ പ്രോക്കുളൂസും മറെറാരു മെത്രാനുംകൂടി ലെപ്പോറിയൂസിനെ മുടക്കി. അതേത്തുടർന്ന് തന്റെ അനുയായികളുമൊത്ത് അദ്ദേഹം ആഫ്രിക്കയിൽ പോയി അഗസ്റ്റിന്റെ പക്കൽ അഭയം തേടി. അവിടെ അഗസ്റ്റിന്റെ വൈദികഗണത്തിൽ ചേർന്നു. അഗസ്റ്റിന്റെ സ്വാധീനത്തിൽ വന്ന ലെപ്പോറിയൂസ് തന്റെ തെററുകൾ പിൻവലിച്ചുകൊണ്ട് ഒരു ലഘുലേഖ പ്രസിദ്ധീകരിക്കയും ഗോളിലെ മെത്രാന്മാർക്ക് അയച്ചുകൊടുക്കുകയും ചെയ്തു.[20] സത്യവിശ്വാസം പ്രതിഫലിക്കുന്നതാണ് ഈ രേഖ. അഞ്ചാം നൂററാണ്ടിലെ ലത്തീൻ ക്രിസ്തുശാസ്ത്രം മനസ്സിലാക്കാൻ ഇതു സഹായകമാണ്. തെർത്തുല്യന്റെ സ്വാധീനം ഇതിൽ ദൃശ്യമാണ്. കാസ്സിയൻ, മഹാനായ ലെയോ, അർനോബിയൂസ്, ഫക്കുൻദൂസ് ആദിയായവർ സത്യവിശ്വാസരേഖ എന്ന നിലയിൽ ഇതിൽനിന്ന് ഉദ്ധരിച്ചിട്ടുണ്ട്.

---

19. Epistula ad episcopos et presbyteros infra tertiam prov–inciam constitutos: *PL*. 54:1239-40.
20. Libellus emendationis sive satisfactionis ad episcopos Galliae: *PL*. 31:1221–30.

www.malankaralibrary.com



## 9. ത്രോയെസിലെ ലൂപ്പുസ്

ഗോളിലെ ടൂളിൽ ഉള്ള കുലീനകുടുംബത്തിൽ 395 നോടടുത്തു് ലൂപ്പുസ് ജനിച്ചു. വിദ്യാഭ്യാസാനന്തരം 418-ൽ ആറംസിലെ ഹിലരിയുടെ സഹോദരി പിനിയെനിയോളായെ വിവാഹം കഴിച്ചു. ഗാളിലെ ഒരു പ്രമുഖ കുടുംബമായിരുന്നു ഹിലരിയുടേതു്. എന്നാൽ വിവാഹജീവിതം ഉപേക്ഷിച്ച് താപസ്സജീവിതം നയിക്കാൻ അവരിരുവരും തീരുമാനിച്ചു. ഇതിൽ ലേറിൻസിലെ ഹൊണൊറാത്തുസിൻെറ സ്വാധീനം ദൃശ്യമാണ്. ലൂപ്പുസ് ലേറിൻസിൽ പോയി ഹൊണൊറാത്തുസിനു ശിഷ്യപ്പെട്ടു. ഒരുവർഷത്തിനുശേഷം അദ്ദേഹം ത്രോയെസിൽ[21] കൂടി കടന്നുപോകവേ, സ്ഥലത്തെ മെത്രാനാകാൻ നിർബന്ധിക്കപ്പെട്ടു.

സന്യാസജീവിതം നയിച്ചുകൊണ്ടുതന്നെ തൻെറ വൈദികർക്കും ജനങ്ങൾക്കും വേണ്ടി അദ്ദേഹം കഠിനാധ്വാനം ചെയ്തു. അററിലയുടെ ആക്രമണത്തിൽനിന്നു് ത്രോയെസിനെ രക്ഷിച്ചതു് ലൂപ്പുസിൻെറ സ്വാധീനമാണ്. അദ്ദേഹം 52 വർഷം മെത്രാനായിരുന്നു. 479-ൽ മരിച്ചു. "വീതാ സാന്തി ലൂപ്പി" മരണശേഷം വിരചിതമായ വസ്തുനിഷ്ഠമായ പ്രതിപാദനമാണ്. എവുഫോണിയുസ് എന്ന മെത്രാനോടുകൂടി ലൂപ്പുസ് തലാസ്സിയുസ് മെത്രാനു് അയച്ച കത്തു് കൈവന്നിട്ടുണ്ടു്.[22]

## 10. മർസെയിൽസിലെ മൂസെയുസ്[23]

വിശുദ്ധ ഗ്രന്ഥത്തിൽ വളരെ പാണ്ഡിത്യമുള്ള ഒരു വൈദികനായിരുന്നു മൂസെയുസ്. അദ്ദേഹം ഒരു വായനക്രമം[24] സങ്കീർത്തനങ്ങളുടെ പ്രതിവാക്യം[25], കൂദാശക്രമം, പ്രസംഗസമാഹാരം എന്നിവ തയാറാക്കി. ജന്നാഡിയുസ് ഇദ്ദേഹത്തെപ്പററി സൂചിപ്പിക്കുന്നു (*മഹത്*. 78/80).

---

21. Troyes.
22. De solemnitatibus et de bigamis clericis, et iis qui conjugati assumuntur: *PL* 58: 66–68.
23. Musaeus of Marseilles
24. lectiones totius anni
25. responsoria psalmorum capitula



## 11. റുസ്തിക്കൂസ്

ലയൺസിലെ എവുക്കേരിയുസിനു് റുസ്തിക്കുസ് അയച്ചുകൊടുത്ത ഒരു "കൃതജ്ഞതാപ്രകടനം" നമുക്കു് ലഭിച്ചിട്ടുണ്ടു്. മററു് വിവരങ്ങളൊന്നും കിട്ടിയിട്ടില്ല (*PL*. 58:489).

## 12. ജനീവായിലെ സലോണിയുസ്

ലയൺസിലെ മെത്രാനായ എവുക്കേരിയുസിൻെറ മകനായിരുന്നു സലോണിയുസ്. ലേറിൻസിലെ സന്യാസികളുടെ ശിക്ഷണം ലഭിച്ച സലോണിയുസ് 439-ഓടുകൂടി ജനീവാ മെത്രാനായി; സഹോദരനായ വെറാനുസ് 450-ഓടുകൂടി വാൻസ് രൂപതയിലെ[26] മെത്രാനായി. ഈ രണ്ടു സഹോദരന്മാരും, ഗ്രെനോബിളിലെ മെത്രാൻ ചെറേസ്യൂസും കൂടി മഹാനായ ലെയോ മാർപ്പാപ്പായ്ക്കു് അയച്ച ഒരു കത്തു് നമുക്കു കിട്ടിയിട്ടുണ്ടു്. ലെയോയുടെ "ഫ്ളാവിയനുള്ള" കത്തിൻെറ കോപ്പി തങ്ങൾക്കും ലഭിച്ചു എന്നു് അറിയിക്കുന്നതാണിതു്. ലേറിൻസിലെ ആശ്രമത്തെ സംബന്ധിക്കുന്ന കാര്യങ്ങൾക്കായി കൂടിയ സിനഡുകളിൽ സലോണിയുസ് പങ്കെടുത്തതായി കാണുന്നു. സലോണിയുസിൻെറ പേരിൽ അറിയപ്പെടുന്ന മററു ചില രേഖകൾ അദ്ദേഹത്തിൻേറതല്ല എന്നാണ് പൊതുവെയുള്ള അഭിപ്രായം. 450 നു ശേഷം അദ്ദേഹം മരിച്ചു.

## 13. മർസെയിൽസിലെ സാൽവിയൻ

സാൽവിയൻ ക്രി.വ. 400-മാണ്ടോടടുത്തു് ട്രിയറിലോ കൊളോണിലോ ജനിച്ചു. ഉന്നതകുലജാതരായ മാതാപിതാക്കൾ അദ്ദേഹത്തിനു ഉന്നതവിദ്യാഭ്യാസത്തിന് അവസരം നല്കി. അപരിഷ്കൃതർ 418-20 ൽ ഗോളിൽ നടത്തിയ ഭീകരത സൽവിയൻ ദർശിച്ചു. സാൽവിയൻ, പല്ലാഡിയാ എന്ന യുവതിയെ വിവാഹം കഴിച്ചു. ഔസ്പീച്ചിയോളാ എന്ന ഒരു മകൾ അവർക്കു ജനിച്ചു. അധികനാൾ കഴിയുന്നതിനു മുൻപ് അവർ തെക്കൻഗോളിലേക്കു താമസം മാററി. പരസ്പര സമ്മതത്തോടെ അവർ തങ്ങളുടെ സ്വത്തുക്കളെല്ലാം പാവങ്ങൾക്കു വിതരണം ചെയ്തിട്ടു് വിരക്തജീവിതം തുടങ്ങി. ഏഴു വർഷങ്ങൾക്കുശേഷം സാൽവിയൻ ഭാര്യയേയും മകളെയും വിട്ടിട്ട് സന്യസിക്കാനായി ലേറിൻസിലേക്കുപോയി. അവിടെനിന്നു്

---

26. Vence

www.malankaralibrary.com



മർസെയിൽസിൽ കാസ്സിയന്റെ ആശ്രമത്തിൽ ചേർന്നു. 429-ൽ ഒരു വൈദികനായി. 469-70 നു ശേഷം മരിച്ചു. ജന്നാഡിയൂസ് അദ്ദേഹത്തെപ്പററി എഴുതുമ്പോഴും അദ്ദേഹം ആരോഗ്യവാനായിരുന്നു. സാൽവിയന്റെ പല ഗ്രന്ഥങ്ങളെപ്പററിയും ജന്നാഡിയൂസ് സൂചിപ്പിക്കുന്നെങ്കിലും (*മഹത്*. 68/67) വളരെ കുറച്ചു മാത്രമേ നമുക്കു കിട്ടിയിട്ടുള്ളു. (1) ആദ് എക്ലേസിയാം, (2) ദെ ഗുബെർണാസ്യോണെ ദെയി, എന്നീ കൃതികളും[27] കുറേ കത്തുകളുമേ നമുക്കു ലഭിച്ചിട്ടുള്ളു. രണ്ടു കൃതികൾക്കും ജന്നാഡിയൂസ് നൽകുന്നതു് മററു തലക്കെട്ടുകളാണ്.

## 14 സുൾപീചിയുസ് സെവേരൂസ്

ഗോളിലെ അക്വിററാനിയായിൽ 360-നോടടുത്തു് ഒരു കുലീനകുടുംബത്തിൽ സുൾപീചിയൂസ് ജനിച്ചു. ഒരു പ്രശസ്ത കുടുംബത്തിൽനിന്നു് വിവാഹം കഴിച്ചു. എന്നാൽ അധികം താമസിയാതെ ഭാര്യ മരിച്ചുപോയി. സുൾപീചിയൂസ് ലൗകികജീവിതം ഉപേക്ഷിച്ചു് ഏകാന്തജീവിതത്തിലേക്കു തിരിഞ്ഞു. പൗളീനൂസ് ഇക്കാര്യത്തിൽ സുൾപീചിയൂസിനു മാതൃകയായിരുന്നു. ടൂർസിലെ മാർട്ടിന്റെ ഉപദേശവും മാതൃകയും സ്വീകരിച്ചുകൊണ്ടു്, തന്റെ ഭവനത്തിൽതന്നെ ഒരുകൂട്ടം സ്നേഹിതരുമൊത്തു് സന്യാസജീവിതം തുടങ്ങി. പിന്നീടു് അദ്ദേഹം വൈദികനായിത്തീർന്നു എന്നു് ചിലർ പറയുന്നു. അദ്ദേഹത്തെപ്പററി കൂടുതൽ വിവരങ്ങൾ ജന്നാഡിയൂസ് നൽകുന്നുണ്ടു്. എന്നാൽ അവയെല്ലാം വസ്തുനിഷ്ഠമാണോ എന്നു് നമുക്കറിയില്ല. തന്റെ ജീവിതാവസാനകാലത്തു് സുൾപീചിയൂസ് പരിപൂർണമായ മൗനവ്രതം സ്വീകരിച്ചിരുന്നു എന്ന ജന്നാഡിയൂസിന്റെ പ്രസ്താവന അത്തരത്തിൽപെട്ടതാണ് (*മഹത്*. 19)

അദ്ദേഹത്തിന്റെ കൃതികളിൽ ക്രോണിക്കിൾ, മാർട്ടിന്റെ ജീവചരിത്രം, ഡയലോഗ് രണ്ടു പുസ്തകങ്ങൾ, കുറേ കത്തുകൾ എന്നിവ മാത്രമേ നമുക്കു കൈവന്നിട്ടുള്ളു.

ലോകസൃഷ്ടിമുതൽ ക്രി. വ. 400 വരെയുള്ള ചരിത്രസംഭവങ്ങൾ ചുരുക്കി വിവരിക്കുന്നതാണ് ക്രോണിക്കിൾ. എന്നാൽ ക്രിസ്തുവിന്റെയും ശ്ലീഹന്മാരുടെയും ജീവചരിത്രം വിട്ടുകളഞ്ഞു. പഴയനിയമത്തെ ആധാരമാക്കി പല ഭാഗങ്ങളും രചിച്ചിട്ടുണ്ടു്. ജറുസലേമിന്റെ തകച്ച മുതലുള്ള സഭാചരിത്രം

27. Ad Ecclesiam; De gubernatione Dei: *PL*. 53; *FC*.3.



വിവരിക്കുന്നു. ജറോം വിവർത്തനം ചെയ്ത എവുസേബിയസിന്റെ ക്രോണിക്കൾ സുൾപീചിയൂസിനെ സഹായിച്ചിട്ടുണ്ടു്. ദൈവശാസ്ത്ര വിവരണങ്ങളിൽ അദ്ദേഹം താല്പര്യം കാണിച്ചിട്ടില്ല. ആരിയനിസം, പ്രിഷില്ലിയനിസം എന്നിവയെപ്പററി വിവരിക്കുന്നു (*PL* 20: 95–160).

ടൂർസിലെ മാർട്ടിൻ ജീവിച്ചിരിക്കുമ്പോൾതന്നെ സുൾപീചിയൂസ് എഴുതിയതാണ് മാട്ടിന്റെ ജീവചരിത്രം. അത്തനാസ്യോസ് രചിച്ച 'അന്തോണിയോസിന്റെ ജീവചരിത്രം' ഈ ഗ്രന്ഥരചനയ്ക്കു് മാർഗദർശകമായി. 397-ൽ എഴുതിത്തീർത്തു് പൗളീനൂസിനു് അയച്ചുകൊടുത്തു. എന്നാൽ തുടർന്നുള്ള വർഷങ്ങളിലും ഗ്രന്ഥകാരൻ അതിനെ മോടിപിടിപ്പിച്ചിട്ടുണ്ടു്. മാർട്ടിനെ ആധ്യാത്മിക ജീവിതത്തിന്റെ ദൃഷ്ടാന്തമായി ചിത്രീകരിക്കുകയായിരുന്നു ലക്ഷ്യം. എല്ലാ വിശുദ്ധരെക്കാളും വലിയ വിശുദ്ധനായും അത്ഭുതപ്രവർത്തകനായും അവതരിപ്പിക്കുന്നു. അത്തനാസ്യോസു തന്നെയും ഈ ശൈലി സ്വീകരിച്ചിട്ടുള്ളതാണ്. ഒരു പട്ടാളക്കാരനായിരുന്ന മാർട്ടിൻ എപ്രകാരം സന്യാസിയും മെത്രാനും അത്ഭുതം പ്രവർത്തിക്കുന്ന വിശുദ്ധനുമായിത്തീർന്നു എന്നു വരച്ചുകാട്ടുന്നു. പാശ്ചാത്യലോകത്തും പൗരസ്ത്യലോകത്തും ഈ ഗ്രന്ഥത്തിനു വലിയ സ്വാധീനം ഉണ്ടായിരുന്നു.[28]

ക്രി. വ. 397 നും 398 നും ഇടയ്ക്കു് രചിച്ച മൂന്നു കത്തുകൾ മാർട്ടിന്റെ ജീവചരിത്രത്തിന്റെ തുടർച്ചയായി കണക്കാക്കാം. മാട്ടിന്റെ മരണത്തെപ്പററിയുള്ള വിവരം നല്കുന്നവയാണവ.[29]

ഡയലോഗ് ഒരു സാഹിത്യരൂപമാണോ അതോ യഥാർത്ഥത്തിൽ നടന്ന ചർച്ചകളാണോ എന്നറിയില്ല. ജന്നാഡിയൂസ് മറെറാരു പേരാണ് ഇതിനു നൽകുന്നതു്. മാർട്ടിനെ വലിയൊരു താപസശ്രേഷ്ഠനായി ചിത്രീകരിക്കാനുള്ള ശ്രമമാണ് ഇവിടെയും നടക്കുന്നതു്. ഒരു വശത്തു് മാർട്ടിന്റെ ആരാധകനായ ഗള്ളൂസും മറുവശത്തു് ഈജിപ്തിലെ താപസരുടെ ആരാധകനും സുൾപീചിയൂസിന്റെ സ്നേഹിതനും ആയ പൊസ്തുമിയാനുസും തമ്മിൽ താപസജീവിതം സംബന്ധിച്ചു് രണ്ടു ദിവസം നടത്തിയ ഡയലോഗാണ്.[30]

28. *PL*. 20: 159–176; *FC*. 7: 101–140; *NPNF*². 11:3-17.
29. *PL*. 20: 177–188; *NPNF*² 11:18-23.
30. *PL*. 20: 188–222 *NPNF*². 11:24-54.

www.malankaralibrary.com



## 15. കിമിയെസിലെ വലേറിയൻ

നീസിനടുത്തുള്ള കിമിയെ[31] രൂപതയുടെ മെത്രാനായിരുന്നു വലേറിയൻ. അദ്ദേഹം സ്റ്റോയിക് തത്ത്വശാസ്ത്രം പഠിച്ചയാളായിരുന്നു. 439 നു മുമ്പ് മെത്രാനായി. 455 നു ശേഷം മരിച്ചു. ഇതിനിടയ്ക്ക് ഗോളിൽ നടന്ന പല സിനഡുകളിലും സംബന്ധിച്ചു. മഹാനായ ലെയോ മാർപ്പാപ്പായുമായി എഴുത്തുകുത്തുകൾ നടത്തി. ലേറിൻസിലെ സന്യാസികളുമായി അദ്ദേഹം സൗഹൃദത്തിലായിരുന്നു എന്ന് ഒരു ലഘുലേഖ വ്യക്തമാക്കുന്നു.[32] എന്നാൽ ഈ രേഖയെപ്പററി ചിലർ ഇപ്പോൾ സംശയം ഉന്നയിക്കുന്നുണ്ട്. അദ്ദേഹത്തിൻേറതായി ഇരുപതു് പ്രസംഗങ്ങൾ അറിയപ്പെടുന്നു. ഗോളിലെ അക്കാലത്തെ സഭാജീവിതത്തിലേക്കു വെളിച്ചം വീശുന്നവയാണ് ഈ പ്രസംഗങ്ങൾ.[33]

## 16. അക്വിററാനിയായിലെ വിക്തോറിയുസ്

അഞ്ചാം നൂററാണ്ടിലെ ഈ എഴുത്തുകാരൻ ഒരു ഉയിർപ്പുതിരുനാൾ കലണ്ടർ[34] 457-ൽ തയ്യാറാക്കി. ആർച്ചുഡീക്കൻ ഹിലരിയുടെ നിർദേശാനുസരണമാണ് അദ്ദേഹമിതു് എഴുതിയുണ്ടാക്കിയതു്. ഹിലരി പിന്നീട് റോമൻ മെത്രാനായി. 541-ലെ ഓർലിയൻസ് സിനഡ് ഈ കലണ്ടർ അംഗീകരിച്ചു. ഗോളിലെ സഭ എട്ടാം നൂററാണ്ടുവരെ ഇതുപയോഗിച്ചു. ഏഴ് (എട്ട്) നൂററാണ്ടിൽ ഡയനീഷ്യസ് എക്സീഗ്വസിൻെറ കലണ്ടർ നടപ്പായതോടുകൂടി വിക്തോറിയുസിൻെറ കലണ്ടർ വിസ്മൃതിയിലാണ്ടു. ജന്നാഡിയുസാണ് വിക്തോറിയുസിനെപ്പററിയുള്ള വിവരം നമുക്കു പ്രദാനം ചെയ്യുന്നതു്. (*മഹത്*. 89/88). മററു ചില കൃതികൾകൂടി ചിലർ വിക്തോറിയുസിൽ ആരോപിക്കുന്നുണ്ട്.

urbe condita

31. Cimiez (Cemenelum).
32. Epistula ad monachos de virtutibus et ordine doctrinae apostolicae.
33. *FC*. 17: 291–440.
34. Cursus paschalis annorum.

urbi et orbi — From the foundation of city.
754 BC.



## 17. റുവെനിലെ വിക്ത്രിച്ചിയുസ്

റോമൻ സാമ്രാജ്യത്തിൻെറ അതിർത്തിയിൽ 340-ൽ വിക്ത്രിച്ചിയുസ് ജനിച്ചു. ആദ്യം സൈന്യത്തിൽ സേവനം അനുഷ്ഠിച്ചു. എന്നാൽ ക്രിസ്തുവിൻെറ സൈന്യത്തിലെ പടയാളിയാകാനായി പട്ടാളത്തിൽനിന്നു വിരമിച്ചു. ഒരു വൈദികനായിത്തീർന്നശേഷം ഫ്ളാൻഡേഴ്സ്, ബ്രബാൻത്, കംബ്രായ് എന്നിവിടങ്ങളിലുള്ള അപരിഷ്കൃതരുടെ മാനസാന്തരത്തിനായി പരിശ്രമിച്ചു. 385 നോടടുത്തു് റുവെനിലെ[35] മെത്രാനായിത്തീർന്നു. ബ്രിട്ടണിലെ ആരിയനിസത്തെ എതിരിടാൻ 396-ൽ അങ്ങോട്ടു് യാത്രചെയ്തു. 410 ഓടുകൂടി മരിച്ചു. നോളായിലെ പൗളീനുസിൻെറ രണ്ടു കത്തുകൾ (ലേഖ. 18:37) വിക്ത്രിച്ചിയുസിനെപ്പററി പരാമർശിക്കുന്നു. വിക്ത്രിച്ചിയുസിൻെറ കൃതികളിൽ ഒരു ലഘുലേഖ മാത്രമേ നമുക്കു കൈവന്നിട്ടുള്ളൂ.[36] അംബ്രോസ്, പൗളീനുസ്, ഗൗദെൻസ്യൂസ് എന്നിവർ കൊടുത്തയച്ച വിശുദ്ധരുടെ തിരുശേഷിപ്പുകൾ റുവെനിൽ എത്തിയപ്പോൾ വിശുദ്ധരെ പ്രകീർത്തിച്ചുകൊണ്ടു് അദ്ദേഹം നടത്തിയ പ്രസംഗമാകാം ഇതു്.

## 18. വിൻസെൻറ്

ഗോളിലെ ഒരു വൈദികനായിരുന്നു വിൻസെൻറ്. ജന്നാഡിയുസ് അദ്ദേഹത്തെപ്പററിയുള്ള വിവരണം നൽകുന്നു. അദ്ദേഹം ഒരു ഭാഷ്യകാരനായിരുന്നു എങ്കിലും കൃതികളൊന്നും നമുക്കു കൈവന്നിട്ടില്ല. ജന്നാഡിയുസ് സൂചിപ്പിക്കുന്ന കൃതിയും[37] നഷ്ടപ്പെട്ടു (*മഹത്* 81/80).

## 19. ലേറിൻസിലെ വിൻസെൻറ്

ലേറിൻസ് സന്യാസഭവനത്തിലെ ഏററവും പ്രശസ്തനായ എഴുത്തുകാരനായിരുന്നു വിൻസെൻറ്. എന്നാൽ അദ്ദേഹത്തിൻെറ ജീവിതത്തെപ്പററി വളരെയൊന്നും നമുക്കറിവില്ല. ഗോൾദേശക്കാരനായ വിൻസെൻറ് പട്ടാളത്തിൽ ജോലി ചെയ്തു. പിന്നീട് സൈന്യസേവനം ഉപേക്ഷിച്ച് സന്യസിക്കാനായി ലേറിൻസിലെത്തി. അവിടെ അദ്ദേഹം വൈദികനായി

35. Rouen.
36. De laude Sanctorum; *PL* 20:443–458.
37. In Davidis psalmos.

www.malankaralibrary.com



ത്തീർന്നു. വിശുദ്ധ ഗ്രന്ഥത്തിലും സഭാതത്ത്വങ്ങളിലും നല്ല പാണ്ഡിത്യമുണ്ടായിരുന്നു. എവുക്കേരിയൂസിൻെറ മക്കളായ സലോണിയൂസിനെയും വെറാനുസിനെയും വിദ്യാഭ്യാസം ചെയ്യിക്കാനുള്ള ചുമതല സാൽവിയനോടൊപ്പം വിൻസെൻറിനും ലഭിച്ചു. അദ്ദേഹം എന്നു മരിച്ചു എന്ന് കൃത്യമായി നമുക്ക് അറിവില്ല (435/450). ജന്നാഡിയൂസ് നല്കുന്ന വിവരണം മാത്രമേ വിൻസെൻറിനെപ്പററി നമുക്കുള്ളൂ (മഹത് 65/64).

വിൻസെൻറിൻെറ ഏററവും പ്രധാനകൃതി "കൊമ്മോണിത്തോറിയും"[38] എന്നറിയപ്പെടുന്നു. കത്തോലിക്കാവിശ്വാസത്തിൻെറ പൗരാണികതയും സാർവത്രികതയും വ്യക്തമാക്കിക്കൊണ്ട് പാഷണ്ഡരുടെ നവീന പ്രബോധനങ്ങൾക്കെല്ലാം എതിരായി എഴുതിയ കൃതിയാണിത്. ഇതിനു രണ്ടു ഭാഗങ്ങളും 33 അധ്യായങ്ങളും ഉണ്ട്. ഈ തലക്കെട്ടിൽ രണ്ടെണ്ണം എഴുതിയെങ്കിലും ഒന്നു മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളൂ. ഗ്രന്ഥകാരൻ സ്വയം "പെരെഗ്രീനുസ്" (പരദേശി) എന്നു വിളിക്കുന്നു. 'സന്യാസി' എന്നതിനു പര്യായമായിട്ടായിരിക്കാം ഈ പ്രയോഗം. രണ്ടാമത്തേതിൻെറ ചുരുക്കം അവസാനഭാഗത്തു കാണാം (29–33).

കത്തോലിക്കാവിശ്വാസവും അബദ്ധപ്രബോധകരുടെ അഭിപ്രായങ്ങളും തമ്മിൽ തിരിച്ചറിയാനുള്ള വഴികാട്ടിയാണ് ഈ ഗ്രന്ഥം. വി.ഗ്രന്ഥവും സഭയുടെ പാരമ്പര്യങ്ങളുമാണ് സത്യവിശ്വാസത്തിൻെറ മാനദണ്ഡം. പാഷണ്ഡികൾ തങ്ങളുടെ ദുരുപദേശങ്ങൾക്കനുസൃതം വിശുദ്ധ ഗ്രന്ഥം ദുർവ്യാഖ്യാനം ചെയ്യുന്നതിനു സാധ്യത ഉള്ളതിനാൽ വിശുദ്ധ പാരമ്പര്യത്തിൻെറ പശ്ചാത്തലത്തിൽ വേണം വിശുദ്ധ ഗ്രന്ഥം വായിക്കാൻ. എല്ലായിടത്തും എല്ലാവരും എല്ലായ്പോഴും വിശ്വസിച്ചിരുന്നവ മുറുകെപ്പിടിക്കാൻ നാം ശ്രദ്ധിക്കണം എന്ന് അദ്ദേഹം ഉപദേശിക്കുന്നു (അധ്യായം, 2). സാർവത്രികത്വം, പൗരാണികത്വം, സർവസമ്മതം എന്നീ മൂന്നെണ്ണം ആണ് സത്യവിശ്വാസത്തിന് ഉറപ്പു നല്കുന്നവ (3). ഇവയിൽ ഏററവും പ്രധാനപ്പെട്ടത് പൗരാണികത്വമാണ്. അബദ്ധോപദേശകർക്ക് ഇവയൊന്നും കാണില്ല. ഉദാ. ഡൊണാററിസ്ററുകാർക്കു സാർവത്രികത അവകാശപ്പെടാനാവില്ല. അവർ ആഫ്രിക്കയിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. ആരിയനിസത്തിന്

38. Commonitorium



പൗരാണികത്വമില്ല. അവർ ആരിയസിനോടുകൂടി തുടങ്ങിയവരാണ്. പാഷണ്ഡികളുടെ സ്ഥാനത്തിന് സർവസമ്മതമില്ല. തുടർന്നുള്ള ഭാഗങ്ങളിൽ നെസ്തോറിയൻ, ഫൊതീനിയൻ, അപ്പൊള്ളിനാരിയൻ അബദ്ധോപദേശങ്ങൾ ചർച്ച ചെയ്യുന്നു. ഇവയെല്ലാം നവീന പ്രബോധനങ്ങളാണ്. പുരാതനമായ കത്തോലിക്കാപ്രബോധനമല്ല. വിശ്വാസ സത്യങ്ങൾ മാററമില്ലാത്തവയാണ്; എന്നാൽ വിശ്വാസം പ്രസ്പഷ്ടമാക്കുന്ന പദപ്രയോഗങ്ങൾക്കു മാററം വരാം. ജീവനുള്ളവ വളരുന്നതുപോലെ പാരമ്പര്യത്തിനും വളർച്ചയുണ്ട്. തെർത്തുല്യൻ, ഇരനെയൂസ് എന്നിവരിൽ നിന്ന് വിൻസെൻറ് ആശയങ്ങൾ സ്വീകരിക്കുന്നു. കാസ്സിയൻ, അഗസ്റ്റിൻ തുടങ്ങിയവരെയും അദ്ദേഹം ആശ്രയിച്ചിട്ടുണ്ട്.

## 20. അക്വിററാനിയായിലെ പ്രോസ്പർ

നാലാം നൂററാണ്ടിൻെറ അന്ത്യത്തിൽ അക്വിററാനിയായിൽ ജനിച്ച പ്രോസ്പർ ക്ലാസ്സിക്കൽ വിദ്യാഭ്യാസം നടത്തി. പിന്നീട് അദ്ദേഹം മർസെയിൽസിൽ പോയി. അവിടെയും ലേറിൻസിലും ഉള്ള സന്യാസ-ദൈവശാസ്ത്രാന്തരീക്ഷത്താൽ ആകൃഷ്ടനായി. എന്നാൽ സന്യാസിയോ വൈദികനോ ആകാതെ ജീവിച്ചു.

പ്രോസ്പർ മർസെയിൽസിൽ ആയിരിക്കവെയാണ് സെമി–പെലാജിയൻ തർക്കം ഉടലെടുത്തത്. പ്രോസ്പർ അഗസ്റ്റിനെ ന്യായീകരിക്കാൻ മുന്നോട്ടിറങ്ങി. അഗസ്റ്റിൻെറ മരണശേഷം അദ്ദേഹം റോമിൽ പോയി. തൻെറ എതിരാളികളെ അമർച്ച ചെയ്യുന്നതിനായി റോമിനെ സ്വാധീനിക്കാനാണ് പോയതെങ്കിലും ദൗത്യം വിജയിച്ചില്ല. മർസെയിൽസിൽ തിരിച്ചെത്തിയ ശേഷവും കാസ്സിയൻെറ മരണംവരെ വാദകോലാഹലം തുടർന്നു.

അതിനുശേഷം പ്രോസ്പർ റോമിൽ പോയി മഹാനായ ലെയോ മാർപ്പാപ്പായുടെ സഹായിയായി വർത്തിച്ചു. അവിടെ വച്ച് പല കൃതികളും രചിച്ചു. 455 ഓടുകൂടി മരിച്ചു.

പ്രോസ്പറിൻെറ ചില കത്തുകൾ നമുക്ക് കിട്ടിയിട്ടുണ്ട് (*ACW*. 32:21–37). കൃപാവരത്തെക്കുറിച്ചുള്ള അഗസ്ററിൻെറ പ്രബോധനത്തിൻെറ വിവരണമാണ് "റുഫീനൂസ്സിനുള്ള കത്ത്" (*PL* 51:77–9). ലെയോയുടെ കത്തുകൾ തയ്യാറാക്കാൻ പ്രോസ്പർ സഹായിച്ചിരുന്നു. പ്രത്യേകിച്ച് ഫ്ളാവിയനുള്ള

www.malankaralibrary.com



കത്തിന്റെ (Tomus ad Flavianum) പിന്നിൽ പ്രോസ്പർ പ്രവർത്തിച്ചിട്ടുണ്ട്. പ്രോസ്പർ പദ്യരൂപത്തിലും കൃതികൾ എഴുതി. അഗസ്റ്റിന്റെ വീക്ഷണങ്ങളെ ന്യായീകരിച്ചുകൊണ്ട് സെമി – പെലാജിയക്കെതിരെ നിരവധി ദൈവശാസ്ത്ര ലഘു ലേഖകൾ പ്രോസ്പർ രചിച്ചു (*ACW* 32:43–185; *FC*.7,343–418). അദ്ദേഹം ഒരു ചരിത്രകൃതിയും രചിച്ചിട്ടുണ്ട്[39]. ലോകാരംഭം മുതൽ 455 വരെയുള്ള ചരിത്രം ചുരുക്കി വിവരിക്കുന്നു. എവുസേബിയസ്, ജറോം എന്നിവരെ ഇതിന്റെ രചനയിൽ അദ്ദേഹം ആശ്രയിച്ചിട്ടുണ്ട്. (*PL* 51:535–606). എല്ലാവരുടേയും രക്ഷയാണ് ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ലക്ഷ്യം എന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് പ്രോസ്പർ ഒരു കൃതിയെഴുതി.[40] അഗസ്റ്റിന്റെ കൃതികളിൽ നിന്നുള്ള ഉദ്ധരണികൾ കൂട്ടിച്ചേർത്ത് ഒരു സമാഹാരം ഉണ്ടാക്കി[41]. ഇതിന്റെ മാതൃകയിൽ പില്ക്കാലത്ത് നിരവധി സമാഹാരങ്ങൾ[42] ഉണ്ടായി. അഗസ്റ്റീനിയനിസത്തെ മധ്യകാലഘട്ടത്തിലേക്ക് പകർത്തിക്കൊടുത്തത് പ്രോസ്പർ ആണെന്നു പറയാം. അഗസ്റ്റിന്റെ അടിസ്ഥാന തത്വങ്ങൾ മുറുകെപ്പിടിക്കുന്നതോടൊപ്പം അല്പസ്വല്പം വ്യതിയാനങ്ങൾ വരുത്തുന്നതിനും അദ്ദേഹം ശ്രദ്ധിച്ചു.

## 21. എജെറിയാ (എതെറിയ)

എതെറിയാ എന്ന പേരോടുകൂടിയ ഒരു വനിത പാശ്ചാത്യ ലോകത്തുനിന്ന് പൗരസ്ത്യദേശങ്ങളിൽ തീർത്ഥാടനം നടത്തി തന്റെ യാത്രാവിവരണങ്ങൾ എഴുതിവച്ചിട്ടുണ്ട്. ആദ്യമാദ്യം ഈ വിവരണം പ്രസിദ്ധീകരിച്ചവർ അവളെ സിൽവിയാ എന്നു വിളിച്ചു. എന്നാൽ എതെറിയാ (എജെറിയാ) എന്നതാണ് ശരി എന്നാണ് ഇപ്പോൾ പൊതുവെയുള്ള അഭിപ്രായം. അവൾ ഒരു കുലീന വനിതയായിരുന്നു. അവരെപ്പററി നമുക്ക് മററു വിവരങ്ങൾ ലഭിച്ചിട്ടില്ല. നാലാംനൂററാണ്ടിന്റെ അവസാനഭാഗത്തോ അഞ്ചാം നൂററാണ്ടിന്റെ ആരംഭകാലത്തോ ആണ് അവൾ പൗരസ്ത്യദേശങ്ങളിൽ തീർത്ഥാടനം നടത്തിയത്. പല തീയതികൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട് (380നും 384നും ഇടയ്ക്ക്; 414നും 418നും ഇടയ്ക്ക്). ഈജിപ്ത്, പലസ്തീനാ, മെസപ്പൊട്ടേമിയ എന്നിവിടങ്ങളിൽ നടത്തിയ തീർത്ഥാടനത്തെപ്പററിയുള്ള വിവരം നാട്ടിലുള്ള "സഹോദരിമാർക്ക്" അയച്ചുകൊടുക്കുന്നു. ഒരു കത്തിന്റെ രൂപത്തിലാണിത്. കോൺസ്റ്റാന്റിനോപ്പിളിൽ നിന്നാണ് അയയ്ക്കുന്നത് (23:10). വിശുദ്ധ സ്ഥലങ്ങളെപ്പററിയും ജറുസലേം ആരാധനക്രമം സംബന്ധിച്ചും സന്യാസജീവിതക്രമം, ഹയരാർക്കിക്കൽ ക്രമം ആദിയായവ സംബന്ധിച്ചും ഈ യാത്രാവിവരണം അമൂല്യമായ അറിവ് പ്രദാനം ചെയ്യുന്നു.

ഈ യാത്രാവിവരണത്തിൽ നാലു യാത്രകൾ കാണാം: സീനായ് മലയുടെ അടിവാരത്തു നിന്നാരംഭിച്ച് ചെങ്കടൽ വഴിയും ഗേസ്സെൻ ദേശംവഴിയും ജറുസലേമിലേക്കു പോകുന്നു (1–9); രണ്ടാമത്തേത് നേബോമലയിലേക്കു നയിക്കുന്നു (10–12); മൂന്നാമത്തേത് ഇദ്ദുമിയായിലേക്കുള്ള തീർത്ഥാടനമാണ് (13–15); നാലാമത്തേത് മെസൊപ്പൊട്ടേമിയായിലേക്കുള്ള യാത്രയും, തർസോസ്, സെലൂഷ്യ, കാൽസിഡൺ എന്നിവിടങ്ങളിലൂടെ കോൺസ്റ്റാന്റിനോപ്പിളിലേക്കുള്ള മടക്കയാത്രയും (16–23). ജറുസലേമിലും പരിസരത്തുമുള്ള വിശുദ്ധ സ്ഥലങ്ങളെപ്പററിയും അവിടെ നടക്കുന്ന ആരാധനക്രമത്തെപ്പററിയുമുള്ള വിവരണം ഈ കൃതിയിൽ നിന്നു മനസ്സിലാക്കാവുന്നതാണ് (*ACW* 38).

എന്നാൽ ഏററവും പുരാതനമായ ക്രിസ്തീയ യാത്രാവിവരണം ഇതല്ല. ബോർഡോയിൽ നിന്നുള്ള ഒരാൾ ജറുസലേമിലേക്കും അവിടെനിന്ന് തിരിച്ച് റോം, മിലാൻ എന്നിവിടങ്ങൾ വഴി ബോർഡോയിലേക്കും വരുന്ന ഒരു യാത്രവിവരണം ഉണ്ട്. അയാൾ നിരവധി മാസം ജറുസലേമിൽ താമസിച്ച ശേഷമാണ് തിരികെ വരുന്നത്. യാത്രാവിവരണം എന്നതിനേക്കാൾ സ്ഥലനാമങ്ങൾ നൽകുകയാണിതിൽ (*PL*. 8:784–796).

39. Epitoma Chronicae
40. De Vocatione omnium gentium
41. Liber sententiarum
42. florileges

www.malankaralibrary.com

അധ്യായം 12

# ഇററലിയിലെ എഴുത്തുകാർ

ഇററലിയിലെ സഭയിൽ നാലും അഞ്ചും നൂററാണ്ടുകളിൽ വളരെകുറച്ച് എഴുത്തുകാർ മാത്രമേ ഉണ്ടായിരുന്നുള്ളു. അവരിൽ തന്നെ പ്രഗത്ഭരായ എഴുത്തുകാർ കുറവാണ്. ഈ രണ്ടു നൂററാണ്ടുകളിൽ റോമാസഭയിൽ ശുശ്രൂഷചെയ്ത മാർപാപ്പാമാരെപ്പററിയും ഈ അധ്യായത്തിൽ ചുരുക്കമായി ചർച്ച ചെയ്യുന്നു. അപ്പോണിയുസ്, അർനോബിയുസ്, ഫിർമിക്കുസ് മതേർണുസ്, ഫോർത്തുണാത്തുസ്, ക്രൊമാസ്യുസ്, മാക്സിമുസ്, പീററർ എന്നിവരെപ്പററിയാണ് ഈ അധ്യായത്തിന്റെ ആദ്യ ഭാഗത്തുള്ള വിവരണം:

## ഇററലിയിലെ എഴുത്തുകാർ

1. *അപ്പോണിയുസ്*: ഉത്തമഗീതത്തിനു് 405 നും 415 നും ഇടയ്ക്കു് റോമിൽ വച്ചു് അപ്പോണിയുസ് എന്നയാൾ ഒരു ഭാഷ്യം രചിച്ചു.[1] ജറോമിന്റെ ലത്തീൻ വേദപുസ്തക പതിപ്പായ വൾഗേററിനെ ആധാരമാക്കിയാണ് ഭാഷ്യം. ഹിപ്പോളിററസിന്റെ പേരിൽ അറിയപ്പെട്ടിരുന്ന ഉത്തമഗീത ഭാഷ്യം ഗ്രന്ഥകാരനു് സുജ്ഞാതമായിരുന്നു; ഒരിജന്റെ സ്വാധീനവും ദൃശ്യമാണ്. ഒരിജന്റെ വ്യംഗ്യാർത്ഥഭാഷ്യരീതിയും അദ്ദേഹം സ്വീകരിക്കുന്നു. സഭയും ക്രിസ്തുവും തമ്മിലുള്ള സംഭാഷണമായും, ക്രിസ്തുവും ഓരോ മനുഷ്യാത്മാവും തമ്മിലുള്ള സംഭാഷണമായും, ഉത്തമഗീതത്തെ വ്യാഖ്യാനിക്കുന്നതു് ഒരിജന്റെ ചുവടുപിടിച്ചാണ്. മെത്രാന്മാരും മല്പാന്മാരും, പ്രത്യേകിച്ചു് റോമിലെ മെത്രാന്മാർ, ദൈവത്തിന്റെയും ക്രിസ്തുവിന്റെയും ശ്ളീഹന്മാരുടെയും വികാരിമാരാണ് എന്നു് അപ്പോണിയുസ് പറയുന്നു. ക്രിസ്തുവിന്റെ മനുഷ്യാത്മാവിനെ

1. Expositio in Canticum Canticorum: *PLS*. 1.800–1031.



ക്കുറിച്ചു് പാശ്ചാത്യരായ മററാരേക്കാളും കൂടുതലായി അദ്ദേഹം സംസാരിക്കുന്നു. പിൽക്കാല സഭയിൽ ഈ കൃതി ഗണ്യമായ സ്വാധീനം ചെലുത്തിയില്ല. എന്നാൽ മഹാനായ ഗ്രിഗറിക്കും ബീഡിനും അതു് സുജ്ഞാതമായിരുന്നു. ഒൻപതാം നൂററാണ്ടിൽ ഇതിന്റെ ഒരു ചുരുങ്ങിയ പതിപ്പു് പന്ത്രണ്ടു പ്രസംഗങ്ങളായി പ്രസിദ്ധീകൃതമായി.

2. *അർനോബിയുസ്*: സിക്കായിലെ അർനോബിയുസിൽ (300) നിന്നു് വ്യത്യസ്തനാണ് റോമിൽ താമസിച്ച ഈ എഴുത്തുകാരൻ. ഇയാളുടെ ജന്മസ്ഥലം ആഫ്രിക്കയായിരിക്കാം. 450–ൽ അർനോബിയുസും ഈജിപ്തുകാരനായ ഒരു "ഏകസ്വഭാവവാദിയും" തമ്മിൽ നടന്ന ചർച്ച നമുക്കു കൈവന്നിട്ടുണ്ട്.[2] റോമൻ ക്രിസ്തുശാസ്ത്രവും അലക്സാണ്ഡ്രിയൻ ക്രിസ്തുശാസ്ത്രവും തമ്മിലുള്ള യോജിപ്പും, ഗ്രന്ഥകാരന്റെ വിചിന്തനങ്ങളും, പിതാക്കന്മാരിൽനിന്നുള്ള ടെക്സ്റ്റുകളുടെ ഭാഗങ്ങളും ഇതിൽ കാണാം: സിറിലിന്റെ ഒരു കത്തു് (പാസ്കൽ ഹോമിലി 17), ക്രിസ്മസിനെപ്പററി അഗസ്റ്റിന്റെ പ്രസംഗം, സെലസ്റ്റിന്റെ ഒരു പ്രസംഗം, നെസ്തോറിയുസിന്റെ മൂന്നു ഹോമിലികളിൽനിന്നുള്ള ഭാഗങ്ങൾ തുടങ്ങിയവ പ്രമുഖഭാഗങ്ങളിൽപ്പെടുന്നു. അർനോബിയുസിന്റെ ഈ രേഖയെപ്പററി വിശദമായ പഠനം ഇനിയും നടത്തേണ്ടിയിരിക്കുന്നു എന്നാണ് പണ്ഡിതമതം. മററുചില ചെറിയ കൃതികളും അർനോബിയുസിൽ ആരോപിക്കുന്നുണ്ട്.[3]

3. *ഫിർമിക്കുസ് മതേർണുസ്*: സിസിലിദേശക്കാരനായ ഫിർമിക്കുസ് ജീവിതത്തിൽ അധികഭാഗവും സിറാക്കൂസിൽ ചെലവഴിച്ചു. കുലീനകുടുംബാംഗമായതിനാൽ അന്നത്തെ ഉന്നതവിദ്യാഭ്യാസത്തിനു് സൗകര്യം ലഭിച്ചു. അദ്ദേഹത്തിൽനിന്നു് രണ്ടു ഗ്രന്ഥങ്ങൾ നമുക്കു ലഭിച്ചിട്ടുണ്ട്.[4] ഒന്നാമത്തേതു് അക്രൈസ്തവനായിരുന്ന കാലത്തു് അദ്ദേഹം രചിച്ച ഒരു ജ്യോത്സ്യഗ്രന്ഥമാണ്. ക്രിസ്ത്യാനിയായ ശേഷം രചിച്ചതാണ് രണ്ടാമത്തേതു്. ക്രിസ്തുമതത്തെ ന്യായീകരിച്ചുകൊണ്ടും അക്രൈസ്തവ മതങ്ങളുടെ പൊള്ളത്തരങ്ങൾ തുറന്നുകാട്ടിക്കൊണ്ടും വിശ്വാസസമർത്ഥകരുടെ ചുവടു

2. Conflictus cum Serapione: *PLS*. 3:213–256.
3. Commentarii in Psalmos; Liber ad Gregoriam.
4. Matheseos libri *VIII* (334–337); De Errore Profanarum religionum (343–347): *ACW*. 37.

www.malankaralibrary.com



പിടിച്ച് എഴുതിയിട്ടുള്ളതാണ് ഈ കൃതി. അക്രൈസ്തവരെ ക്രിസ്തുമതത്തിലേക്ക് അദ്ദേഹം ക്ഷണിക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ വാദമുഖങ്ങൾ ദുർബലങ്ങളാണ്. വലിയ ദൈവശാസ്ത്രരൂപീകരണം ലഭിച്ചതിന്റെ ലക്ഷണം കൃതിയിൽ കാണുന്നില്ല. അതുപോലെ വിശുദ്ധ ഗ്രന്ഥത്തിലും ആഴമായ അറിവില്ലാത്തയാളായിരുന്നു അദ്ദേഹം. സിപ്രിയാന്റെ *സാക്ഷ്യങ്ങൾ*[5] മാത്രമായിരുന്നു ഫിർമിക്കുസിന്റെ ബൈബിൾ.

4. *ഫോർതുണാസ്യാനുസ്:* ആഫ്രിക്കക്കാരനായ ഫോർതുണാസ്യാനുസ് അക്വിലെയായിലെ മെത്രാനായി. കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിയുടെയും ലിബേരിയൂസ് മാർപ്പാപ്പായുടെയും കാലത്താണ് മെത്രാനായിരുന്നത്. 368 ന് അല്പം മുമ്പ് മരിച്ചു. ആദ്യം നിഖ്യാവിശ്വാസപ്രമാണത്തിന്റെ വലിയ വക്താവായിരുന്ന ഈ മെത്രാൻ 343 ലെ സാർദിക്കാ സിനഡിനുശേഷം അത്തനാസ്യോസിനെ സ്വീകരിച്ചു. എന്നാൽ മിലാനിലെ സിനഡിൽ വച്ച് (355) ഭീഷണികൾക്കു വഴങ്ങി, അത്തനാസ്യോസിന്റെ മുടക്കിൽ ഒപ്പുവച്ചു. തുടർന്ന് സിർമിയത്തെ രണ്ടാം വിശ്വാസപ്രമാണം (357) അംഗീകരിക്കാൻ ലിബേരിയൂസ് പാപ്പായെ പ്രേരിപ്പിച്ചു എന്നു പറയപ്പെടുന്നു. ജറോം അദ്ദേഹത്തെപ്പറ്റി വിവരിക്കുന്നുണ്ട് (*മഹത്*. 97). അദ്ദേഹം സുവിശേഷങ്ങളുടെ ഒരു ഭാഷ്യം എഴുതിയെങ്കിലും അതിൽനിന്ന് മൂന്ന് രേഖാംശകലങ്ങൾ മാത്രമേ കൈവന്നിട്ടുള്ളു.

5. *ക്രോമാസ്യൂസ്:* അക്വിലെയായിലെ ഒരു കുലീന കുടുംബത്തിൽ ക്രോമാസ്യൂസ് ജനിച്ചു. ജറോമും റുഫീനൂസും അക്വിലെയായിലായിരുന്ന കാലത്ത് (368_373) ക്രോമാസ്യൂസ് ഒരു വൈദികനായിരുന്നു. ഈ കാലഘട്ടത്തിൽ ക്രോമാസ്യൂസും, നിരവധി സ്നേഹിതരും, തന്റെ അമ്മയും സഹോദരനും ഒന്നിച്ച് സന്യാസജീവിതം നയിക്കുകയായിരുന്നു. മെത്രാനായ വലേറിയന്റെ സഹായി എന്ന നിലയിൽ ക്രോമാസ്യൂസ് ആരിയനിസത്തെ പരാജയപ്പെടുത്താൻ പോരാട്ടം നടത്തി. 381_ൽ അംബ്രോസിന്റെയും വലേറിയന്റെയും നേതൃത്വത്തിൽ അക്വിലെയായിൽ ആരിയക്കെതിരെ കൂടിയ സിനഡിൽ അദ്ദേഹം സംബന്ധിച്ചു. പാശ്ചാത്യ ലോകത്ത് ആരിയനിസത്തിന്റെ അവസാനക്കുറ്റിയും തകർ

5. Testimonia



ത്തത് ഈ സിനഡാണ്. വലേറിയൻ മരിച്ചപ്പോൾ (388) ക്രോമാസ്യൂസ് മെത്രാനായി. അംബ്രോസാണ് അദ്ദേഹത്തിനു മെത്രാൻപട്ടം നൽകിയത്.

പാവപ്പെട്ടവരെ പരിപാലിച്ചും സുവിശേഷം പ്രസംഗിച്ചും ആരാധനാജീവിതം ശക്തിപ്പെടുത്തിയും അദ്ദേഹം തന്റെ ശുശ്രൂഷ നിർവഹിച്ചു. ജറോം, റുഫീനൂസ് എന്നിവരുമായി അദ്ദേഹം ബന്ധം പുലർത്തിക്കൊണ്ടിരുന്നു. ജറോമിനെ പ്രോത്സാഹിപ്പിക്കുകയും പ്രസിദ്ധീകരണത്തിനു ധനസഹായം ചെയ്യുകയും ചെയ്തു. ജറോം തന്റെ പല കൃതികളും ക്രോമാസ്യൂസിനാണ് സമർപ്പിച്ചിരിക്കുന്നത്. അദ്ദേഹം റുഫീനൂസിനും അഭയം നല്കി. സ്ഥാനഭ്രഷ്ടനാക്കപ്പെട്ട വി. ജോൺ ക്രിസസ്തോം (404) നിരവധി പാശ്ചാത്യ മെത്രാന്മാർക്ക് കത്തുകൾ അയച്ച കൂട്ടത്തിൽ ക്രോമാസ്യൂസിനും ഒരു കത്തയച്ചു. ഉടനെ വളരെ ശക്തിയായ ഭാഷയിൽ ക്രോമാസ്യൂസ് ചക്രവർത്തിക്കൊരു കത്തയച്ചു. അതേപ്പറ്റി ക്രിസസ്തോമിനെ അറിയിക്കുകയും ചെയ്തു. നന്ദി പറഞ്ഞുകൊണ്ട് ക്രിസസ്തോം ഒരു മറുപടി അയച്ചു (ലേഖനം 155). ഭരണത്തിന്റെ അവസാന വർഷങ്ങളിൽ ഗോതിക് അപരിഷ്കൃതർ അക്വിലെയായിലൂടെയാണ് ഇററലിയിലേക്കു കടന്നത്. 407/408_ൽ അദ്ദേഹം മരിച്ചു. അദ്ദേഹത്തിന്റെ നിരവധി കൃതികളിൽ ഒന്നിന്റെ കുറെ ഭാഗം ഈയടുത്തകാലത്ത് വീണ്ടെടുത്തിട്ടുണ്ട്.[6] ജറോമിന്റെയും ക്രിസസ്തോമിന്റെയും പേരിലാണ് ഇത് അറിയപ്പെട്ടിരുന്നത്. അദ്ദേഹം എഴുതിയ ഭാഷ്യകൃതിയുടെ ഏതാണ്ട് പകുതിയിൽ അധികം ഭാഗം തിരിച്ചറിഞ്ഞിട്ടുണ്ട്. അതുപോലെ അദ്ദേഹത്തിന്റെ 45 പ്രസംഗങ്ങളും കൈവന്നിട്ടുണ്ട്.

6. *ടൂറിനിലെ മാക്സിമൂസ്:* ടൂറിനിലെ അറിയപ്പെടുന്ന ആദ്യത്തെ മെത്രാനാണ് മാക്സിമൂസ് (+408/423). 465 നു ശേഷം മരിച്ച അതേ പേരിലുള്ള ടൂറിനിലെ മറ്റൊരു മെത്രാനിൽനിന്ന് ഇദ്ദേഹം വ്യത്യസ്തനാണ്. അദ്ദേഹത്തിന്റേതായി 89 പ്രസംഗങ്ങൾ അറിയപ്പെടുന്നു. അവ അദ്ദേഹത്തിന്റേതുതന്നെ എന്നാണ് ഇപ്പോൾ പൊതുവെയുള്ള പണ്ഡിതമതം. ആരാധനാവർഷത്തിലെ പെരുന്നാളുകളെയും തിരുനാളുകളെയും ആധാരമാക്കിയുള്ളവയാണ് പ്രസംഗങ്ങൾ. വളരെ നല്ലൊരു പ്രസംഗകനായിരുന്നു അദ്ദേഹം എന്ന് പ്രസംഗങ്ങൾ തെളിയിക്കുന്നു. ജന്നാഡിയൂസിൽനിന്നാണ് (മഹത്. 41) അദ്ദേഹത്തെപ്പറ്റിയുള്ള വിവരം നമുക്കു ലഭിക്കുന്നത് (*FC.* 17).

6. Tractatus in Matthaeum.

www.malankaralibrary.com



7. *പീററർ ക്രിസൊളോഗുസ്*: ഇററലിയിൽ ഈമോളോ എന്ന സ്ഥലത്തു 380-ഓടടുത്തു് പീററർ ജനിച്ചു. 425നും 429നും ഇടയ്ക്കു് അദ്ദേഹം ഇററലിയിലെ വലിയ പട്ടണമായ റാവെന്നായിലെ മെത്രാപ്പോലീത്താ ആയി, കോൺസ്റ്റാൻറിനോപ്പിൾ ആർച്ചുബിഷപ്പ് ഫ്ളാവിയൻ എവുത്തീക്കുസിനെ സ്ഥാനഭ്രഷ്ടനാക്കിയപ്പോൾ അയാൾ പീറററിൻെറ പക്കൽ അപ്പീൽ ബോധിപ്പിച്ചു. റോമാമെത്രാനായ ലെയോയുടെ തീരുമാനത്തിനു വിധേയനാകാൻ പീററർ എവുത്തീക്കൂസിനെ ഉപദേശിച്ചു. 449നും 458നും ഇടയ്ക്കു മരിച്ചു. 450 ഡിസംബർ 3 എന്നു ചിലർ പറയുന്നു. പീറററിൻെറ ഒരു കത്തും 168 പ്രസംഗങ്ങളും 15 മററു് രേഖകളും[7] വീണ്ടെടുത്തിട്ടുണ്ടു്. അദ്ദേഹത്തിൻെറ പേരിൽ അറിയപ്പെടുന്ന മററു കൃതികൾ അദ്ദേഹത്തിൻേറതല്ല. വലിയൊരു വാഗ്മിയായിരുന്നു അദ്ദേഹം. ഒൻപതാം നൂററാണ്ടു മുതലാണ് ക്രിസൊളോഗുസ് എന്നു് പേരിനോടു് കൂട്ടിച്ചേർക്കാൻ തുടങ്ങിയതു്. ഒൻപതാം നൂററാണ്ടിൽ എഴുതപ്പെട്ട ജീവചരിത്രം വസ്തുനിഷ്ഠമല്ല (*FC*.17).

## റോമൻ മെത്രാൻമാർ

ഈ അദ്ധ്യായത്തിൻെറ രണ്ടാം ഭാഗത്തു് റോമൻ മെത്രാന്മാരെപ്പററിയും (337-461) അവരുടെ കൃതികളെപ്പററിയും ചുരുക്കമായി ചർച്ച ചെയ്യാം.

*ജൂലിയസ് പാപ്പായുടെ* (337-352) രണ്ടു കത്തുകൾ അത്തനാസ്യോസ് തൻെറ 'ആര്യർക്കെതിരെയുള്ള അപ്പോളജിയിൽ' ഉൾപ്പെടുത്തിയിട്ടുണ്ടു്.[8] ഒരു കത്തു് (341) നിഖ്യായുടെ സത്യവിശ്വാസത്തെ ന്യായീകരിക്കുകയും റോമൻ സഭയോടാലോചിക്കാഞ്ഞതിനാൽ എവുസേബിയൻ വിഭാഗത്തെ കുററപ്പെടുത്തുകയും ചെയ്യുന്നു. രണ്ടാമത്തേതു് (346), അലക്സാണ്ഡ്രിയായിലേക്കു പുറപ്പെടുന്ന അത്തനാസ്യോസിനുള്ള ഒരു ശിപാർശക്കത്താണ്. *ലിബേരിയൂസ് പാപ്പായുടെ* (352-66) പതിമൂന്നു കത്തുകളുടെ ഭാഗങ്ങൾ ലഭിച്ചിട്ടുണ്ടു്. *സിറീചിയൂസ്* പാപ്പായുടെ (384-399) എഴുത്തുകൾ കൈവന്നിട്ടുണ്ടു്. സിറീചിയൂസിൻെറ കാലത്തു് പാശ്ചാത്യ സഭാകാര്യങ്ങൾ നിയന്ത്രിച്ചിരുന്നതു് മിലാനിലെ അംബ്രോസായിരുന്നു. എല്ലാ

7. Extravagantes.
8. Apologia contra Arianos.



സഭകളുടെയും കാര്യത്തിൽ റോമാസഭയ്ക്കുള്ള ശ്രദ്ധ (2 കൊറി. 11:28) സിറീചിയൂസിൻെറ കത്തുകളിൽ വ്യക്തമാകുന്നുണ്ടു്. (ലേഖനം 6:1). *അനസ്താസ്യൂസ് പാപ്പാ* (399-402) ഒരിജൻെറ എതിരാളികളുടെ പ്രേരണയാൽ ഒരിജനെതിരെ വിധി പ്രസ്താവിച്ചു. മിലാനിലെ മെത്രാനെ രണ്ടു കത്തുകളിലൂടെ ഇതേപ്പററി വിവരം ധരിപ്പിച്ചു. ഡൊണാററിസ്റ്റുകാർക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ ഉറച്ചുനില്ക്കാൻ അദ്ദേഹം ആഫ്രിക്കൻ മെത്രാന്മാരെ പ്രേരിപ്പിച്ചു (401). എല്ലാ സഭകളുടെയും സത്യവിശ്വാസ സംരക്ഷണത്തിൽ അനസ്താസ്യൂസ് താല്പര്യം കാണിച്ചു (ലേഖനം 9:5).

*ഇന്നസെൻറ് പാപ്പാ* (402-417) അനസ്താസ്യൂസിൻെറ മകനോ അതേ കുടുംബത്തിൽപെട്ടയാളോ ആയിരുന്നു (ജേറോം, ലേഖനം: 130: 16). അദ്ദേഹത്തിൻെറ കാലത്താണ് അലാറിക്കിൻെറ സൈന്യം (410) റോം ആക്രമിച്ചതു്. ക്രിസ്ത്യാനികളെയും അക്രൈസ്തവരെയും ഒരുപോലെ ഞെട്ടിപ്പിച്ച ഒരു സംഭവമായിരുന്നു അതു്. പെലാജിയൻ തർക്കങ്ങളുടെ ആദ്യഘട്ടം ഇക്കാലത്തായിരുന്നു ലത്തീൻ സഭയെ ഇളക്കിമറിച്ചതു്. റോമാമെത്രാൻെറ അധികാരത്തെപ്പററിയും പ്രഥമസ്ഥാനത്തെപ്പററിയും വളരെ ബോധ്യമുള്ള ഒരാളായിരുന്നു ഇന്നസെൻറു്. അദ്ദേഹത്തിൻെറ കത്തുകളിൽ 36 എണ്ണം ഇക്കാര്യം പ്രസ്പഷ്ടമാക്കുന്നു.

പാശ്ചാത്യസഭകളെല്ലാം റോമൻ സഭാരീതികൾ[9] സ്വീകരിക്കണമെന്നു് ഇന്നസെൻറ് ആഗ്രഹിച്ചിരുന്നു. ചെറിയ കാര്യങ്ങൾ സിനഡുകളിൽ തീരുമാനിക്കപ്പെടാമെങ്കിലും ഗൗരവമേറിയവ റോമിനെ അറിയിക്കുകയും റോം അക്കാര്യങ്ങളിൽ തീരുമാനം എടുക്കുകയും ചെയ്യണം എന്നായിരുന്നു അദ്ദേഹത്തിൻെറ ചിന്ത. ഇല്ലീറിക്കം പ്രവിശ്യയ്ക്കുവേണ്ടി ഇന്നസെൻറ് 415-ൽ ഒരു വികാരിയേററു സ്ഥാപിച്ചു. 'തെസ്സലോനിക്കായിലെ അപ്പസ്തോലിക വികാരിയേററു്' എന്നു് ഇതു് അറിയപ്പെടുന്നു. റോമാമെത്രാൻെറ 'വികാരി'യായിട്ടും ഇല്ലീറിയൻ മെത്രാന്മാരുടെ മെത്രാപ്പോലീത്താ ആയിട്ടുമാണ് ഈ മെത്രാനെ റോം കണക്കാക്കിയതു്. പൗരസ്ത്യ റോമാസാമ്രാജ്യത്തിൽ പെട്ടതാണെങ്കിലും ഈ പ്രദേശം തൻെറ ഭരണാധികാരത്തിൻ കീഴിൽ വയ്ക്കാൻ റോം താല്പര്യം കാണിച്ചു. ഇല്ലീറിയായിൽ സുവിശേഷം പ്രസംഗിച്ചതു് റോമാണ് എന്ന കാരണത്താലാണു റോം ഇപ്രകാരം ചെയ്തതു്.[10]

9. Consuetudo.
10 ജി. ചേടിയത്തു്, സഭാചരിത്രപഠനങ്ങൾ, കോട്ടയം, 1988[2], പേ. 179-180.

www.malankaralibrary.com



ലത്തീൻ സഭകളുടെ കാര്യങ്ങളിൽ മാത്രമല്ല പൗരസ്ത്യ സഭകളുടെ പ്രശ്നങ്ങളിലും ഇന്നസെന്റ് ഇടപെടുകയും തന്റെ തീരുമാനങ്ങൾ അംഗീകരിപ്പിക്കുകയും ചെയ്തു. ജോൺ ക്രിസസ്തോമിനെ പൗരസ്ത്യ മെത്രാന്മാർ സ്ഥാനഭ്രഷ്ടനാക്കിയെങ്കിലും റോമൻ മെത്രാൻ ജോണുമായുള്ള കൂട്ടായ്മ വിച്ഛേദിച്ചില്ല. ഒരു സാർവത്രിക സിനഡു വിളിച്ചുകൂട്ടാനുള്ള ആഹ്വാനം നിരസിക്കപ്പെട്ടപ്പോൾ ഇന്നസെന്റ് അലക്സാണ്ഡ്രിയായും അന്ത്യോക്യയുമായുള്ള കൂട്ടായ്മ വിച്ഛേദിച്ചു. 413-ൽ മാത്രമാണ് അന്ത്യോക്യയുമായുള്ള കൂട്ടായ്മ പുനഃസ്ഥാപിച്ചത്. അലക്സാണ്ഡ്രിയായുമായുള്ള കൂട്ടായ്മ കുറേക്കൂടി കഴിഞ്ഞാണ് പുനഃസ്ഥാപിച്ചത്.

പെലാജിയുസിന്റെ മുടക്കിലും തന്റെ അധികാരം സ്ഥാപിക്കാൻ ഇന്നസെന്റ് ശ്രമിക്കുന്നതായി കാണാം. ഏതായാലും റോമൻ മെത്രാന്റെ അധികാരം ഉറപ്പിക്കുന്നതിൽ ഇന്നസെന്റ് മാർപ്പാപ്പാ ഗണ്യമായ സ്വാധീനം ചെലുത്തി. പത്രോസിന്റെ സിംഹാസനമാണ് റോമ. ശ്ളീഹന്മാരുടെ തലവനാണ് പത്രോസ്. എല്ലാ സഭകളുടെയും കാര്യത്തിൽ ശ്രദ്ധാലുവാണ് റോമാസഭാധ്യക്ഷൻ. അതുകൊണ്ട് അധികാരം അംഗീകരിക്കുന്നിടത്തെല്ലാം അത് പ്രയോഗിക്കാൻ ഇന്നസെന്റ് മടിച്ചില്ല.

*സോസിമുസ് പാപ്പാ* (417-418) ഗോളിലെ ഹയരാർക്കി പുനസംഘടിപ്പിക്കുന്നതിനും പെലാജിയൻ പ്രശ്നത്തിനു പരിഹാരം കാണുന്നതിനും ശ്രമിച്ചു. എന്നാൽ അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ പരാജയത്തിൽ കലാശിച്ചു. പാപ്പായായ ഉടൻ ഗോളിലെ എല്ലാ മെത്രാന്മാർക്കും സോസിമുസ് ഒരു കത്തയച്ചു (ലേഖനം-1). ആൾസിലെ മെത്രാനായ പത്രോക്ലുസിന് പ്രസ്തുത കത്തിലൂടെ ഗോളിലെ ഏഴ് പ്രോവിൻസുകളിന്മേൽ അധികാരം നൽകി. ടൂറിൻ സിനഡിന്റെ (398) തീരുമാനത്തിന് എതിരായിരുന്നത്. മററ് മെത്രാപ്പോലീത്താമാർ അതിനെ എതിർത്തു. സമാധാനം പുനഃസ്ഥാപിക്കാൻ സോസിമുസിന്റെ പിൻഗാമികൾക്കു വളരെ പാടുപെടേണ്ടി വന്നു. പെലാജിയൻ പ്രശ്നവും ഇപ്രകാരം തന്നെ. 417-ൽ പെലാജിയുസിനെയും ചെലെസ്തിയുസിനെയും സഭയിൽ തിരികെ എടുത്തു. അവരെ തിരിച്ചെടുത്തു എന്ന് രണ്ടു കത്തുകളിലൂടെ ആഫ്രിക്കൻ മെത്രാന്മാരെ അദ്ദേഹം അറിയിച്ചു (ലേഖ. 2:3). അവർക്കെതിരെയുള്ള നടപടി പുനഃപരിശോധിക്കണം എന്നും എഴുതി. ആഫ്രിക്കൻ മെത്രാന്മാർ ഒന്നടങ്കം ശക്തിയായി ഇതിനെ എതിർത്തപ്പോൾ സോസിമുസ് 418-മാർച്ചിൽ തന്റെ തീരുമാനം പിൻവലിച്ചു (ലേഖനം12). തുടർന്നുള്ള രാജ



കീയ ഇടപെടലും കാർത്തേജിൽവച്ചുകൂടിയ സിനഡും നിമിത്തം സോസിമുസ് ചെലെസ്തിയുസിനെയും പെലാജിയുസിനെയും മുടക്കി. ത്രക്തോറിയാ[11] എന്നറിയപ്പെടുന്ന ഈ രേഖയിൽ ഒപ്പുവയ്ക്കാൻ പതിനെട്ട് ഇററാലിയൻ മെത്രാന്മാർ വിസമ്മതിച്ചു. റോമൻ സമൂഹത്തിൽതന്നെ ഒരു പിളർപ്പുണ്ടായി. ഈ രേഖയുടെ ചില ഭാഗങ്ങൾ മാത്രമേ നമുക്കു കൈവന്നിട്ടുള്ളു.

*ബോനിഫസ് പാപ്പാ* (418-422): ഇന്നസന്റ് പാപ്പായുടെ സഹപ്രവർത്തകനും റോമാക്കാരനുമായിരുന്ന ബോനിഫസ് സോസിമുസിനുശേഷം റോമൻ സഭാധ്യക്ഷനായി. പ്രെസ്ബിററർമാരാണ് അദ്ദേഹത്തെ തെരഞ്ഞെടുത്തത്. ഒരു ദിവസം മുൻപ് ഡീക്കൻമാർ കൂടി ഒരു എവുലാലിയൂസിനെ പാപ്പായായി തെരഞ്ഞെടുത്തിരുന്നു. അനേകമാസങ്ങൾക്കു ശേഷം റാവെന്നായിലെ ഇമ്പീരിയൻ അധികാരികൾ ബോനിഫസിനെ അംഗീകരിച്ചു. സോസിമുസിന്റെ ഭരണകാലത്ത് ഉടലെടുത്ത ഗാള്ളിക്കൻ പ്രശ്നം 418-ൽ രൂക്ഷമായിരുന്നു. ബോനിഫസ് ഗാള്ളിക്കൻ മെത്രാപ്പോലീത്താമാരുടെ വാദം അംഗീകരിച്ചു. ആൾസിലെ പത്രോക്ളുസിനു നൽകിയിരുന്ന പ്രത്യേകാധികാരം നിർത്തലാക്കി (ലേഖനം, 3; 12). അതുപോലെ 419-ൽ കാർത്തേജിലെ സിനഡ് സ്വീകരിച്ച തീരുമാനം അംഗീകരിച്ചു. തെസ്സലോനിക്കയിലെ വികാരിയേററ് സംബന്ധിച്ച് ഇന്നസന്റിന്റെ വാദം മുറുകെപ്പിടിച്ചു. അതു കോൺസ്ററാന്റിനോപ്പിളിന്റെ കീഴിൽ വരേണ്ടതാണെന്ന് തിയഡോഷ്യസ് ചക്രവർത്തി (421) അറിയിച്ചിരുന്നു. പത്രോസിന്റെ സഭയ്ക്ക് എല്ലാ സഭകളെപ്പററിയുമുള്ള താല്പര്യം ബോനിഫസ് തന്റെ കത്തുകളിൽ എടുത്തുകാട്ടി.

*സെലസ്ററിൻ പാപ്പായെ* (422-32) ബോനിഫസിന്റെ മരണശേഷം റോമാമെത്രാനായി തെരഞ്ഞെടുത്തു. ഒരു കാലത്ത് പെലാജിയുസിന്റെ ഒരനുയായി ആയിരുന്നു അദ്ദേഹം. തെരഞ്ഞെടുപ്പവസരം അദ്ദേഹം ഒരു ഡീക്കൻ മാത്രമായിരുന്നു. ഗോളിലെ പെലാജിയൻ പ്രശ്നത്തിന് പരിഹാരം കാണാൻ അദ്ദേഹം ആരംഭത്തിൽ തന്നെ ശ്രദ്ധിച്ചു. പെലാജിയന്മാർ എന്ന നിലയിൽ മുടക്കപ്പെട്ട എക്ലാനുമിലെ ജൂലിയനും അനുയായികളും പൗരസ്ത്യദേശങ്ങളിൽ നിന്ന് സഹായം ലഭിക്കുന്നത് തടയുക ഒരാവശ്യമായിരുന്നു. അകാററാ

11. Tractoria.

www.malankaralibrary.com



നിയായിലെ പ്രോസ്പറിന്റെ അപേക്ഷപ്രകാരം അഗസ്റ്റിന്റെ നിലപാട് ന്യായീകരിച്ചുകൊണ്ട് പ്രോവെൻസിലെ[12] മെത്രാന്മാർക്ക് സെലസ്റ്റിൻ 431-ൽ ഒരു കത്തയച്ചു (ലേഖനം 21). പെലാജിയൂസിന്റെയും ചെലെസ്തിയൂസിന്റെയും അവരുടെ അനുയായികളുടെയുംമേൽ തന്റെ മുൻഗാമികൾ നടത്തിയിരുന്ന മുടക്ക് ആവർത്തിച്ചു.

സെലസ്റ്റിന്റെ കാലത്താണ് നെസ്തോറിയൻ തർക്കവും ഉടലെടുത്തത്. നെസ്തോറിയൂസും സിറിലും മററ് പൗരസ്ത്യരും സെലസ്റ്റിന് കത്തുകളയച്ചപ്പോൾ, റോമൻ അപ്പസ്തോലിക സിംഹാസനത്തോടുള്ള ഒരു അപ്പീലായി സെലസ്റ്റിൻ കണക്കാക്കി. 430 ആഗസ്റ്റിൽ ഒരു റോമൻ സിനഡ് നെസ്തോറിയൻപ്രശ്നം ചർച്ചചെയ്തു, നെസ്തോറിയൂസിന് എതിരായ നിലപാട് സ്വീകരിച്ചു. തന്റെ തീരുമാനം പൗരസ്ത്യരെ അറിയിക്കുകയും ഈ പ്രശ്നം കൈകാര്യം ചെയ്യാൻ സിറിലിനെ തന്റെ വികാരിയായി സെലസ്റ്റിൻ നിയമിക്കുകയും ചെയ്തു (ലേഖനം 11-14). എന്നാൽ തിയഡോഷ്യസ് രണ്ടാമൻ ചക്രവർത്തി എഫേസൂസിൽ വച്ച് ഒരു സാർവത്രിക സിനഡു കൂടാൻ തീരുമാനിച്ചത് സെലസ്റ്റിന് ഇഷ്ടപ്പെട്ടില്ല. കാരണം, തന്നെ സംബന്ധിച്ച് ഈ പ്രശ്നം പരിഹരിക്കപ്പെട്ടുകഴിഞ്ഞു. എന്നാൽ ചക്രവർത്തി വിളിച്ചുകൂട്ടിയ സിനഡിന്റെ തീരുമാനം അംഗീകരിക്കാൻ അദ്ദേഹം നിർബന്ധിതനായി. തന്റെ തീരുമാനത്തോടുള്ള സമ്മതം മാത്രമായിട്ടാണ് അദ്ദേഹം സിനഡിനെ കണക്കാക്കിയത് (ലേഖ. 17; 18). ഈ അർത്ഥത്തിൽ ആണ് റോമൻ ഡലഗേററുകൾ സിനഡിൽ പങ്കെടുത്തതും.

കൗൺസിൽ നടപടികളെ അവലോകനം ചെയ്തുകൊണ്ട് കോൺസ്റ്റാന്റിനോപ്പിളിലെ ജനങ്ങൾക്കും വൈദികർക്കും അയച്ച കത്തിൽ, "അവരുടെ പ്രയാസത്തിൽ പത്രോസ് അവരെ തള്ളിക്കളയുകയില്ലായിരുന്നു" എന്ന് പറയുകയുണ്ടായി (ലേ. 25.9;22.6) അതിനുമുമ്പുള്ള ഒരു റോമൻ മെത്രാനും റോമൻ സിംഹാസനത്തിന്റെ പരമോന്നതാധികാരത്തെപ്പററി ഇത്ര വ്യക്തമായി പ്രസ്താവിച്ചിട്ടില്ല. എന്നാൽ സിറിൾ ഉൾപ്പെടെയുള്ള പൗരസ്ത്യർക്ക് റോമാസിംഹാസനത്തെപ്പററി സെലസ്റ്റിനുണ്ടായിരുന്ന അവബോധം ഉണ്ടായിരുന്നില്ല എന്നു വേണം കരുതാൻ. അതുപോലെ പെലാജിയൻ, നെസ്തോ-

12. Proveuce.



റിയൻ പ്രബോധനങ്ങൾ കൂലങ്കഷമായി അവലോകനം ചെയ്തു തീർപ്പുകല്പിക്കാൻ സെലസ്റ്റിൻ മെനക്കെട്ടില്ല. തന്റെ അധികാരം ഉപയോഗിച്ച്, തന്റെയും തന്റെ സിനഡിന്റെയും വീക്ഷണത്തിൽ തെററാണെന്നു തോന്നിയവയെ വിധിക്കയത്രേ ചെയ്തത്. അഥവാ, നെസ്തോറിയസിനെ സെലസ്റ്റിൻ മാർപ്പാപ്പാ മനസ്സിലാക്കിയ വിധത്തിനനുസൃതമായി വിധി പ്രസ്താവിച്ചു. അതു വസ്തുനിഷ്ഠമാണോ എന്നതിലാണ് ആധുനികകാലത്തു പലർക്കും സംശയം. അതുപോലെ സിറിലും നെസ്തോറിയസും തമ്മിലുള്ള തർക്കത്തിൽ സിറിലിനെത്തന്നെ റോമാമെത്രാൻ വിധിയാളനായി നിയമിച്ചത് എന്നും വിമർശനവിധേയമായ കാര്യമാണ്. നെസ്തോറിയൻ പ്രശ്നം ഇത്ര സങ്കീർണമാകാൻ സെലസ്റ്റിന്റെ ചെയ്തികൾ വഴിതെളിച്ചു എന്നതിനു സംശയമില്ല എന്നു കരുതുന്നവരും ഉണ്ട്.

*സിക്സ്ററസ് മൂന്നാമൻ പാപ്പാ* (432-39), സോസിമൂസിനെപ്പോലെ പെലാജിയനിസത്തോട് അനുഭാവം കാണിക്കുകയും പിന്നീട് അതിനെ എതിർക്കുകയും ചെയ്തു. പാപ്പായായി തീർന്നശേഷം അവർക്കെതിരെയുള്ള നിലപാട് സ്വീകരിച്ചു. പൗരസ്ത്യദേശത്തെ പ്രശ്നത്തിൽ അന്ത്യോക്യയിലെ യോഹന്നാനെയും സിറിലിനെയും യോജിപ്പിക്കാൻ ഉള്ള വഴികൾ ആരംഭം മുതൽ ആരാഞ്ഞു (ലേഖനം 1, 2). 433 ലെ ഐക്യഫോർമുലയിൽ അദ്ദേഹം സന്തുഷ്ടനായിരുന്നു. സിറിലിനെയും യോഹന്നാനെയും അനുമോദിച്ചുകൊണ്ട്, ഈ വിജയത്തിന്റെ കാരണക്കാരൻ "സത്യവിശ്വാസത്തിന്റെ ഉറപ്പായ പത്രോസിന്റെ സാന്നിധ്യമാണെന്ന്" പറയുകയുണ്ടായി (ലേ. 5;6). കോൺസ്റ്റാന്റിനോപ്പിളുമായി നല്ല ബന്ധം പുലർത്തിയെങ്കിലും, ഇല്ലീറിയൻ പ്രദേശങ്ങളുടെമേൽ തനിക്കുള്ള അവകാശം കോൺസ്റ്റാന്റിനോപ്പിളിനു വിട്ടുകൊടുക്കാൻ അദ്ദേഹം കൂട്ടാക്കിയില്ല (ലേ. 7-10). എക്ലാനമിലെ ജൂലിയനെ 439-ൽ സഭയിലേക്ക് തിരിച്ചെടുക്കാൻ സിക്സ്ററസ് വിസമ്മതിച്ചു. പെലാജിയനിസം സംബന്ധിച്ച് തന്റെ മുൻഗാമികളുടെ നയമാണ് താൻ തുടരുന്നതെന്ന് ഇതുവഴി അദ്ദേഹം വ്യക്തമാക്കി. റോമിലെ ചില പള്ളികൾ നവീകരിക്കാനും സിക്സ്ററസ് ശ്രദ്ധിച്ചു.

www.malankaralibrary.com



അധ്യായം 13

# മഹാനായ ലെയോ മാർപ്പാപ്പാ (440-461)

ഒരു കാലഘട്ടത്തിന്റെ അന്ത്യമായി വി. ലെയോയെ കണക്കാക്കുന്നവരുണ്ട്. ചരിത്രത്തിന്റെ വളരെ ദുർഘടം പിടിച്ച ഘട്ടത്തിലാണ് ലെയോ റോമാസഭാധ്യക്ഷനായത്. വടക്കു നിന്നുള്ള അപരിഷ്കൃതരുടെ ആക്രമണത്തിൽ പാശ്ചാത്യ റോമാസാമ്രാജ്യം തകർന്നടിഞ്ഞുകൊണ്ടിരുന്നു. ഒരു പുതിയ പാതയിലൂടെ ചരിക്കാൻ പാശ്ചാത്യലോകം തയ്യാറെടുക്കുകയായിരുന്നു. പരമ്പരാഗത സത്യവിശ്വാസം കാത്തുസൂക്ഷിക്കുന്ന ആളായി ലെയോ രംഗപ്രവേശം ചെയ്തു. അതെല്ലാവരെക്കൊണ്ടും അംഗീകരിപ്പിക്കാനുള്ള നടപടികൾ നടന്നു; ദൈവശാസ്ത്ര ഫോർമുലകൾ രൂപീകരിച്ചു; അതിനപ്പുറം കടക്കുന്നതിൽനിന്ന് സഭാസന്താനങ്ങളെ തടഞ്ഞു. ആരാധനക്രമജീവിതത്തിലും ശിക്ഷണക്രമം സംബന്ധിച്ചും കൃത്യത നിശ്ചയിക്കുന്ന കാനോനാകൾ രൂപീകൃതമായി. തിരുവവതാരം സംബന്ധിച്ചും 'ദൈവിക കൃപയും മനുഷ്യസ്വാതന്ത്ര്യവും' സംബന്ധിച്ചും ഉള്ള അടിസ്ഥാന പ്രശ്നങ്ങളെ സംബന്ധിച്ചും ദൈവശാസ്ത്രം സഭാപ്രബോധനത്തിന് അതിരുകുറിച്ചു.

റോമാമെത്രാനാകുന്നതിനു മുൻപുള്ള ലെയോയുടെ ജീവചരിത്രം സംബന്ധിച്ച് വളരെ വിശദമായ അറിവു നമുക്കു ലഭിച്ചിട്ടില്ല. മാർപ്പാപ്പാ എന്ന നിലയിലും അദ്ദേഹത്തിന്റെ വ്യക്തിപരമായ ജീവിതത്തെപ്പറ്റി ഒന്നുംതന്നെ നമുക്കറിയില്ല. അക്കാലഘട്ടത്തിലെ സംഭവവികാസങ്ങളുമായി കെട്ടുപിണഞ്ഞതാണ് അദ്ദേഹത്തിന്റെ ഭരണകാലം. ലെയോയുടെ കത്തുകളിൽനിന്ന് അദ്ദേഹത്തെപ്പറ്റി കുറെയൊക്കെ മനസ്സിലാക്കാം. എന്നാൽ ജീവചരിത്രസംബന്ധമായി സമകാലീന രേഖകൾ ഒന്നുംതന്നെയില്ല.

ലെയോയുടെ മാതാപിതാക്കൾ ഇറ്റലിയിലെ ടസ്കനിയിൽനിന്നുള്ളവരാണ് എന്നു തോന്നുന്നു. എന്നാൽ അദ്ദേഹം ജനിച്ചതും വളർന്നതും വിദ്യാഭ്യാസം നടത്തിയതുമെല്ലാം റോമിലാണ്. തന്റെ മുൻഗാമികളുടെ കാലത്ത് റോമൻസഭയിൽ വളരെ സ്വാധീനമുള്ള സ്ഥാനം അദ്ദേഹത്തിനുണ്ടായിരുന്നു. റോമൻസഭയുടെ ആർച്ചുഡീക്കനായിരുന്ന കാലത്തുതന്നെ കിഴക്കും പടിഞ്ഞാറുമുള്ള സഭാനേതാക്കന്മാർ ലെയോയോട് ബന്ധപ്പെട്ടിരുന്നു. പ്രശ്നങ്ങളിലും തർക്കവിഷയങ്ങളിലും ലെയോ ഇടപെടുകയും തന്റെ സ്വാധീനം ചെലുത്തുകയും ചെയ്തു. ഗോളിലെ ഒരു പ്രശ്നം തീർക്കാൻ 440 ൽ അവിടെ ആയിരിക്കവെയാണ് താൻ റോമാമെത്രാനായി തെരഞ്ഞെടുക്കപ്പെട്ട വിവരം ലെയോ അറിയുന്നത്.

റോമാമെത്രാനായശേഷം തന്റെ സർവകഴിവുകളും സഭയുടെ ബഹുവിധമായ പുരോഗതിക്കുവേണ്ടി അദ്ദേഹം വിനിയോഗിച്ചു. അദ്ദേഹം റോമിലെ വൈദികരോടും ജനങ്ങളോടും പതിവായി പ്രസംഗിച്ചിരുന്നു. പാഷണ്ഡതകളിൽ നിന്ന് അകന്നുനിൽക്കുന്നതിനും, അപ്പോഴും നിലനിന്ന അക്രൈസ്തവാചാരങ്ങളാൽ പ്രലോഭിതരാകാതിരിക്കുന്നതിനും തുടരെത്തുടരെ അവരെ ഉദ്ബോധിപ്പിച്ചു. മാനിക്കേയൻ പാഷണ്ഡതയാണ് ആദ്യകാലത്ത് അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്ന പ്രശ്നം. അതുപോലെ, ആരാധനക്രമത്തിൽ അദ്ദേഹം ക്രമീകരണം വരുത്തി; റോമൻ ബസിലിക്കാകൾ നവീകരിച്ചു; സന്യാസജീവിതം പുനരുദ്ധരിച്ചു; റോമിലെത്തുന്ന തീർത്ഥകരെ സൽക്കരിച്ചു; സഭയിൽ സമാധാനവും ശിക്ഷണക്രമവും നടപ്പിൽ വരുത്താൻ തന്നാലാവുന്നതെല്ലാം ചെയ്തു; പ്രശ്നങ്ങളിലൊക്കെ ലെയോ മധ്യമാർഗ്ഗം സ്വീകരിച്ചു. തെക്കൻ – മധ്യഇറ്റലിയുടെ മെത്രാപ്പോലീത്താ, വടക്കൻ ഇറ്റലിയുടെ പ്രൈമേറ്റ്, പടിഞ്ഞാറിന്റെ പാത്രിയർക്കീസ് എന്നീ നിലകളിലെല്ലാം ജാഗ്രൂകതയോടും ശുഷ്കാന്തിയോടും കൂടെ ലെയോ സഭാശുശ്രൂഷ നിർവഹിച്ചു. സത്യവിശ്വാസം പ്രചരിപ്പിക്കുന്നതിലും സഭാശിക്ഷണക്രമം നടപ്പാക്കുന്നതിലും അദ്ദേഹം ഉത്സുകനായിരുന്നു. സിനഡുകൾ വിളിച്ചുകൂട്ടുകയും ഈസ്റ്റർ തീയതി സംബന്ധിച്ച് നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തു. പെലാജിയനിസം, മാനിക്കെയിസം എന്നിവയ്ക്കെതിരെ മിലാൻ, റാവെന്നാ, അക്വിലെയാ എന്നിവിടങ്ങളിലെ മെത്രാന്മാരോട് സഹകരിച്ചു പ്രവർത്തിച്ചു. കൽക്കദോനിയാ വിശ്വാസപ്രഖ്യാപനം നടപ്പിലാക്കാനും അദ്ദേഹം യത്നിച്ചു. ആഥൻസ്, തെസ്സലോനിക്ക (അപ്പസ്തോലിക വികാരിയേറ്റ്) വാൻഡൽ ആക്രമണംകൊണ്ട് പ്രശ്നസങ്കീർണമായ

www.malankaralibrary.com



മൗരിത്താനിയ എന്നിവിടങ്ങളിൽ കൂടെക്കൂടെ അദ്ദേഹത്തിന് ഇടപെടേണ്ടിവന്നു. അതുപോലെ സ്പാനിഷ് പ്രിഷില്ലിയനിസത്തിന്റെ കാര്യത്തിലും അദ്ദേഹം ഇടപെട്ടു.

പൗരസ്ത്യസഭകളുമായുള്ള ലെയോയുടെ ബന്ധത്തെപ്പററി പറയുമ്പോൾ കൽക്കദോനിയാ സൂനഹദോസുമായി ബന്ധപ്പെടുത്തിയാണ് നമുക്കു മനസ്സിലാക്കുവാനുള്ളത്. വിശ്വാസത്തിന്റെ തനിമ കാത്തുസൂക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് അതുമായി ബന്ധപ്പെട്ട കത്തുകൾ അദ്ദേഹം രചിച്ചിട്ടുള്ളത്. അതുപോലെ ഈസ്ററർ തീയതി സംബന്ധിച്ചും അദ്ദേഹം പൗരസ്ത്യരുമായി എഴുത്തുകുത്തുകൾ നടത്തി. 448 ൽ എവുത്തീക്കൂസ് റോമിനു അപ്പീൽ സമർപ്പിച്ചപ്പോൾ, കോൺസ്ററാൻറിനോപ്പിളിലെ ഫ്ളാവിയൻ പാത്രിയർക്കീസിൽ നിന്നുള്ള കത്തുകൾ ലഭിച്ചശേഷം മാത്രമാണ് ലെയോ തന്റെ തീരുമാനം എടുത്തത്. അതേത്തുടർന്ന് പൗരസ്ത്യ ദേശവുമായി ധാരാളം എഴുത്തുകുത്തുകൾ നടന്നു.

തിയഡോഷ്യസ് ചക്രവർത്തി 449–ലെ രണ്ടാം എഫേസോസ് സിനഡു വിളിച്ചുകൂട്ടിയപ്പോൾ അല്പം വിമുഖതയോടു കൂടിയാണ് ലെയോ തന്റെ പ്രതിനിധികളെ അയച്ചത്. "ഫ്ളാവിയനുള്ള തന്റെ കത്ത്" വഴി ഈ പ്രശ്നം പരിഹൃദമായതാണ് എന്നായിരുന്നു ലെയോ ചിന്തിച്ചത്. ലെയോ തന്നെ അതിനെ തസ്ക്കര സിനഡ് (latrocinium) എന്നു വിളിക്കാൻ ഇടയാകത്തക്കവിധം (ലേഖനം, 95,2) ആണ് അവിടെ നടന്ന സംഗതികൾ. ഫ്ളാവിയൻ, ഡോറിലേയുംകാരൻ എവുസേബിയസ്, തിയഡൊറെററ് (ലേഖനം, 52) എന്നിവരുടെ പ്രേരണയാൽ, മറെറാരു സിനഡു വിളിച്ചുകൂട്ടാൻ ചക്രവർത്തിക്ക് ലെയോ എഴുതി (ലേഖനം 43). എങ്കിലും മാർസിയൻ അധികാരത്തിൽ വരുന്നതുവരെ നടന്നില്ല. 451–ലെ കൽക്കദോനിയാ സൂനഹദോസ് ലെയോയുടെ ലേഖനത്തിന്റെ (Tomus) ചുവടുപിടിച്ചാണ് പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചത്. 449–ലെ എഫേസൂസ് സിനഡിൽ വിജയിച്ച ദിയസ്കോറോസിനെ 451–ലെ സിനഡ് കുററം വിധിച്ചു. രാജകീയ പ്രതിനിധികളുടെ നിർബന്ധത്താൽ ഒരു ക്രിസ്തുശാസ്ത്രഫോർമുല എഴുതി ഉണ്ടാക്കാൻ സിനഡൽ പിതാക്കന്മാർ നിർബന്ധിതരായി. സിനഡിന്റെ നടപടികൾ ലെയോയെ തൃപ്തിപ്പെടുത്തി. അതിന്റെ തീരുമാനങ്ങൾ അദ്ദേഹം പാശ്ചാത്യ മെത്രാന്മാരെ അറിയിക്കുകയും ചെയ്തു. എന്നാൽ കൽക്കദോനിയാ സൂനഹദോസുകൊണ്ട് സഭാന്തരീക്ഷം സമാധാനപൂർണമായില്ല. തന്റെ മരണംവരെ ലെയോ കൽക്കദോനിയാ വിശ്വാസനിർ



വചനത്തെ ന്യായീകരിച്ചുകൊണ്ടിരുന്നു. എവുത്തീക്കിയനിസത്തിനും നെസ്തോറിയനിസത്തിനും ഇടയ്ക്കുള്ള മധ്യമാർഗ്ഗമായി ലെയോ കൽക്കദോനിയായിലെ വിശ്വാസനിർവ്വചനത്തെ കണ്ടു. അതേസമയം പ്രസ്തുത സൂനഹദോസിന്റെ ഇരുപത്തിയെട്ടാം കാനോനായെ ആരംഭംമുതൽ അദ്ദേഹം തള്ളിക്കളയുകയും ചെയ്തു. റോം കഴിഞ്ഞാൽ കോൺസ്റ്റാൻറിനോപ്പിളിന് സഭാതലത്തിൽ അടുത്ത സ്ഥാനം നൽകുന്നതായിരുന്നു പ്രസ്തുത കാനൻ. കോൺസ്ററാൻറിനോപ്പിളിന് രണ്ടാം സ്ഥാനം അനുവദിക്കുന്നതു് നിഖ്യായുടെ കാനനു് എതിരാണ് എന്നായിരുന്നു ലെയോയുടെ വാദം. താത്വികവും കാനോനികവുമായ ഈ രണ്ടു പ്രശ്നങ്ങളെ കുറിച്ചുള്ളതാണ് ലെയോയുടെ പില്ക്കാല ലേഖനങ്ങളത്രയും.

പാശ്ചാത്യലോകത്തെ സമുന്നത നേതാവ് എന്ന നിലയിൽ പാശ്ചാത്യലോകത്തെ പ്രശ്നങ്ങളിലും ലെയോ സജീവമായി പങ്കെടുത്തു. അററിലാ എന്ന ഹൂണൻ 452–ൽ സാമ്രാജ്യത്തെ ആക്രമിച്ചപ്പോൾ വാലൻറീനിയൻ ചക്രവർത്തി അയച്ച ഡലഗേഷനിൽ ലെയോയും ഉണ്ടായിരുന്നു. ദൗത്യസംഘത്തിന്റെ വിജയത്തിന്റെ ഭാഗികമായ ഉത്തരവാദിത്വം ലെയോയ്ക്കായിരുന്നു. 455–ൽ റോം ആക്രമിച്ച ഗൈസെറിക് റോം തീവയ്ക്കുകയോ, ആളുകളെ കൊല്ലുകയോ ചെയ്യാതിരുന്നതു് ലെയോയുടെ ഇടപെടൽ മൂലമാണ്.

## കൃതികൾ

മഹാനായ ലെയോ മാർപ്പാപ്പായിൽനിന്നു് നമുക്ക് കുറേ കത്തുകളും കുറെ പ്രസംഗങ്ങളും ലഭിച്ചിട്ടുണ്ട്. ഗ്രിഗറി പാപ്പായ്ക്കു മുമ്പ് (+604) നമുക്ക് ലഭിച്ചിരിക്കുന്ന ഏററവും വിപുലമായ ലേഖനസമാഹാരം ലെയോയുടേതാണ്. അക്കാലത്തു് ജീവിച്ച പല പാപ്പാമാരുടെയും പ്രസംഗങ്ങൾ നമുക്ക് കൈവന്നിട്ടില്ലെങ്കിലും ലെയോയുടെ വളരെയധികം പ്രസംഗങ്ങൾ പിൻതലമുറയ്ക്കു് ലഭിച്ചിട്ടുണ്ട്. അന്നത്തെ സഭാചരിത്രം, ദൈവശാസ്ത്രം, ക്രിസ്തീയാധ്യാത്മികത എന്നിവ മനസ്സിലാക്കുവാൻ ഈ പ്രസംഗങ്ങൾ സഹായിക്കും. ലെയോയുടെ പേരിൽ അറിയപ്പെടുന്ന ലേഖനസമാഹാരത്തിലെ 173 കത്തുകളിൽ 143 എണ്ണം അദ്ദേഹം എഴുതിയതും 30 എണ്ണം മററുള്ളവർ അദ്ദേഹത്തിന് അയച്ചതുമാണ്. പൊതുതാല്പര്യമുള്ള കത്തുകൾ കൂടുതൽ പ്രചരിപ്പിക്കാൻ ലെയോതന്നെ ശ്രദ്ധചെലുത്തിയിരുന്നു. ഉദാ. ഫ്ളാവിയനുള്ള കത്ത് റോമാസാമ്രാജ്യത്തിലുടനീളം ലെയോതന്നെ പ്രചരിപ്പിച്ചു. ലെയോയുടേതായി മൊത്തം 97 പ്രസംഗങ്ങൾ കൈവ

www.malankaralibrary.com



ന്നിട്ടുണ്ട്. വിശുദ്ധഗ്രന്ഥം, വിശ്വാസപ്രമാണം, സഭാപിതാക്കന്മാരുടെ കൃതികൾ എന്നിവയെ ആധാരമാക്കിയാണ് ലെയോയുടെ പ്രസംഗങ്ങൾ. ഈ പ്രസംഗങ്ങൾ ആരാധനക്രമത്തിൽ പിൻതലമുറക്കാർ ഉപയോഗിച്ചിരുന്നു (*FC.* 34 *NPNF*² .12).

ലെയോ മാർപാപ്പാ കോൺസ്റ്റാൻറിനോപ്പിളിലെ ഫ്ളാവിയൻ പാത്രിയർക്കീസിനെഴുതിയ കത്തിൽനിന്ന് (Tomus) ലെയോയുടെ ക്രിസ്റ്റുശാസ്ത്രം മനസ്സിലാക്കാം. പ്രസ്തുത ലേഖനം ചുവടെ ചേർക്കുന്നു.

അതുപോലെ റോമിലെ മെത്രാന്റെ സമുന്നത സ്ഥാനത്തെക്കുറിച്ച് ലെയോയ്ക്ക നല്ല അവബോധം ഉണ്ടായിരുന്നു. ''റോമൻ പ്രാഥമ്യം'' എന്നയാശയം വളർത്തിയെടുക്കാൻ ലെയോ നിർണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്. സഭാപിതാക്കന്മാരുടെ കാലത്തെ സമുന്നതനായ ഒരു സഭാനേതാവും വിശുദ്ധനും പ്രബോധകനും പിതാവുമായിരുന്നു മഹാനായ വിശുദ്ധ ലെയോ മാർപാപ്പാ.

## ലെയോയുടെ ലേഖനം

കോൺസ്റ്റാൻറിനോപ്പിളിലെ ഫ്ളാവിയനു് 449 ജൂൺ 13 നു് വിശുദ്ധ ലെയോ മാർപാപ്പാ അയച്ച ലേഖനം. [1]

*ലെയോ തന്റെ വത്സല സഹോദരൻ ഫ്ളാവിയനു്:*

1. വാത്സല്യവാനേ, അങ്ങയുടെ ലേഖനം [2] വൈകി എത്തിയതിൽ ഞാൻ അത്ഭുതപ്പെടുന്നു; അതു വായിക്കുകയും എപ്പിസ്കോപ്പൽ സിനഡിന്റെ നടപടികൾ [3] ശ്രദ്ധാപൂർവ്വം പരിശോധിക്കുകയും ചെയ്തപ്പോൾ വിശ്വാസത്തിന്റെ കലപ്പിച്ചിട്ടില്ലായ്മ സംബന്ധിച്ച് നിങ്ങളുടെ ഇടയിൽ ഉടലെടുത്ത ഇടർച്ചയെക്കുറിച്ച് നാം ഇപ്പോൾ മനസ്സിലാക്കുന്നു; മുമ്പ് അവ്യക്തം എന്നു തോന്നിയതു് ഇപ്പോൾ വളരെ വ്യക്തമായി. പ്രെസ്ബിററർ എന്ന ബഹുമാന്യനാമം വഹിക്കുന്ന എവുത്തിക്കൂസ്

1. ലേഖനം 28; *PL.* 54: 75ff. ; J. Stevenson, *Creeds, Councils and Controversies*, London, 1966, P. 315-323; *NPNF*² 14. 254-8.
2. ലെയോയുടെ കത്തുകളുടെ സമാഹാരത്തിലെ 22-ാം കത്തു്.
3. Home Synod (synodos endémousa): കോൺസ്റ്റാൻറിനോപ്പിളിൽ തദവസരം ഉണ്ടായിരുന്ന മെത്രാന്മാരുടെ യോഗം.



വലിയ എടുത്തുചാട്ടക്കാരനും അല്പം പോലും പരിചയസമ്പത്തില്ലാത്തവനും ആണെന്നും, ''അയാൾ ജ്ഞാനിയായിരിക്കാനും നന്മ ചെയ്യാനും കൂട്ടാക്കിയില്ല; തന്റെ കിടക്കയിൽ അയാൾ ദുഷ്ടത നിരൂപിച്ചു'' എന്ന പ്രവാചകവചനം (സങ്കീ. 36:4) അയാളുടെ കാര്യത്തിൽ വാസ്തവമാണെന്നും അങ്ങയുടെ കത്തിൽ വ്യക്തമായിരുന്നു. എന്തുകൊണ്ടെന്നാൽ, അഭക്തമാനസ്സരായിരിക്കുകയും തങ്ങളേക്കാൾ പണ്ഡിതരും വിജ്ഞാനികളുമായവർക്കു വിധേയരാകാതിരിക്കുകയും ചെയ്യുക എന്നതിനേക്കാൾ ദുഷിച്ചതെന്താണ്? എന്നാൽ ഈ വിജ്ഞാനരാഹിത്യത്തിലേക്ക് മനുഷ്യർ നിപതിക്കുന്നു. സത്യത്തിൽ എത്തിച്ചേരുന്നതിന് ഏതെങ്കിലും അവ്യക്തതയാൽ സാധിക്കാതെ വരുമ്പോൾ, പ്രവാചകവചനങ്ങളെയോ, ശ്ലൈഹിക ലേഖനങ്ങളെയോ, സുവിശേഷങ്ങളുടെ ആധികാരികതയെയോ ആശ്രയിക്കാതെ, അവർ തങ്ങളിലേക്കുതന്നെ തിരിഞ്ഞു് തെററിന്റെ പ്രബോധകരാകുന്നു. കാരണം, അവർ ഒരിക്കലും സത്യത്തിനു വിധേയരായിരുന്നിട്ടില്ല. എന്തുകൊണ്ടെന്നാൽ, വിശ്വാസപ്രമാണത്തിന്റെ ആദ്യവാക്കുകൾപോലും മനസ്സിലാക്കാത്തവൻ പഴയ, പുതിയ നിയമങ്ങളുടെ വിശുദ്ധ പുറങ്ങളിൽ നിന്നു് എന്തു വിജ്ഞാനമാണ് സമ്പാദിച്ചിട്ടുള്ളതു്? ലോകം മുഴുവനുമുള്ള സ്നാനാർത്ഥികളെല്ലാം ഏകയോഗമായി പ്രഖ്യാപിക്കുന്നതു് ഈ വൃദ്ധമനസ്സ് ഇതുവരെ ഗ്രഹിച്ചിട്ടില്ല.

2. വചനമായ ദൈവത്തിന്റെ തിരുവവതാരം സംബന്ധിച്ച് താൻ എന്തു മുറുകെപ്പിടിക്കണം എന്നു് അറിയാതെയും, വിശുദ്ധ ഗ്രന്ഥത്തിന്റെ വിശാലതലങ്ങളിലൂടെയുള്ള ശ്രദ്ധാപൂർവമായ അന്വേഷണത്തിലൂടെ അറിവിന്റെ പ്രകാശം സ്വീകരിക്കാൻ മനസ്സില്ലാതെയും അയാൾ വർത്തിച്ചു. എങ്കിലും ''സർവശക്തിയുള്ള പിതാവായ ദൈവത്തിലും, പരിശുദ്ധാത്മാവിൽ നിന്നും കന്യകമറിയത്തിൽ നിന്നും ജനിച്ചവനും, [4] നമ്മുടെ കർത്താവും തന്റെ ഏകജാതനുമായ യേശുക്രിസ്തുവിലും'', വിശ്വാസികളുടെ സമൂഹം മുഴുവൻ ഏററുപറയുന്ന പൊതുവും ഏകരൂപവുമായ പ്രഖ്യാപനം ക്ഷമാപൂർവമുള്ള ശ്രവണത്താൽ അയാൾ കുറഞ്ഞപക്ഷം സ്വീകരിക്കണമായിരുന്നു. ഈ മൂന്നു പ്രഖ്യാപനങ്ങളാൽ എല്ലാ പാഷണ്ഡതകളുടെയും എല്ലാ കുതന്ത്രങ്ങളും കീഴടക്കപ്പെടുന്നു. കാരണം, ദൈവം സർവശക്തനും പിതാവും ആണെന്നു വിശ്വസിക്കുന്നതുവഴി, പിതാവിൽ

4. റോമൻ വിശ്വാസപ്രമാണത്തിലേതുപോലെ: de Spiritu Sancto et Maria Virgine.

www.malankaralibrary.com



നിന്ന് ഒന്നിലും വ്യത്യസ്തനാകാതെ, പുത്രൻ പിതാവിനോടുകൂടി നിത്യനാണെന്നു കാണിക്കുന്നു. എന്തുകൊണ്ടെന്നാൽ; അവിടുന്നു ദൈവത്തിൽനിന്നുള്ള ദൈവവും, സർവശക്തനിൽ നിന്നുള്ള സർവശക്തനും, നിത്യനിൽ നിന്നുള്ള നിത്യനുമായി ജനിച്ചവനാണ്. അവിടുന്ന് കാലത്തിൽ പിന്നീടുള്ളവനോ, ശക്തിയിൽ കുറഞ്ഞവനോ, മഹത്വത്തിൽ വ്യത്യസ്തനോ, സത്തയിൽ വിഭജിതനോ അല്ല, പിന്നെയോ, നിത്യപിതാവിന്റെ അതേ ഏകജാതൻ, അതേ നിത്യപുത്രൻ പരിശുദ്ധാത്മാവിൽ നിന്നും കന്യകാമറിയത്തിൽ നിന്നും ജനിച്ചു. ഈ കാലികജനനം. ദൈവികവും നിത്യവുമായ ആ ജനനത്തിൽ നിന്ന് എന്തെങ്കിലും എടുത്തുമാററുകയോ, അതോടുകൂടി എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ ചെയ്തില്ല. പിന്നെയോ, മരണത്തെ കീഴടക്കുവാനും, മരണത്തിന്മേൽ ആധിപത്യമുള്ള സാത്താനെ തന്റെ സ്വന്തം ശക്തികൊണ്ട് നശിപ്പിക്കുവാനും വേണ്ടി, വഞ്ചിക്കപ്പെട്ട മനുഷ്യന്റെ നവീകരണത്തിനായി അതു് പൂർണമായി നൽകപ്പെട്ടിരിക്കുന്നു. കാരണം, പാപത്തിനു മലിനപ്പെടുത്താനോ മരണത്തിനു പിൻതിരിപ്പിക്കാനോ സാധിക്കാത്ത അവിടുന്ന് നമ്മുടെ സ്വഭാവം സ്വീകരിക്കുകയും അതിനെ തന്റേതാക്കുകയും ചെയ്തില്ലായിരുന്നെങ്കിൽ, പാപത്തിന്റെയും മരണത്തിന്റെയും നിർമ്മാതാവിനെ കീഴടക്കുവാൻ നമുക്കു സാധിക്കുമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, പരിശുദ്ധാത്മാവിനാൽ ആണ് കന്യകാമാതാവിന്റെ ഉദരത്തിൽ അവിടുന്ന് ഉരുവായതു്. കന്യാത്വഭംഗം കൂടാതെ അവൾ അവനെ ഗർഭം ധരിച്ചതുപോലെ, കന്യാത്വഭംഗം കൂടാതെ അവൾ അവനെ പ്രസവിച്ചു.

എന്നാൽ എവുത്തീക്കൂസ് തനിക്കു പ്രത്യേകമായിട്ടുള്ള അന്ധതയാൽ ക്രിസ്തീയവിശ്വാസത്തിന്റെ ഏററം പരിശുദ്ധമായ ഈ ഉറവിടത്തിൽനിന്ന് ശരിയായ ജ്ഞാനം സമ്പാദിക്കാൻ അശക്തനായിത്തീർന്നെങ്കിൽ, അയാൾ സുവിശേഷപ്രബോധനങ്ങൾക്ക് സ്വയം സമർപ്പിക്കേണ്ടതായിരുന്നു. "അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലിപ്പുസ്തകം" എന്ന് മത്തായി പറയുമ്പോൾ (1:1) ശ്ലൈഹിക പ്രസംഗത്തിൽനിന്ന് അയാൾ പ്രബോധനം സ്വീകരിക്കേണ്ടതായിരുന്നു. "യേശുക്രിസ്തുവിന്റെ ദാസനും, ശ്ലീഹായാകുവാൻ വിളിക്കപ്പെട്ടവനും, വിശുദ്ധ ലിഖിതങ്ങളിൽ തന്റെ പ്രവാചകന്മാർ വഴി ദൈവം മുൻകൂട്ടി വാഗ്ദാനം ചെയ്തിരുന്ന ദൈവത്തിന്റെ സുവിശേഷത്തിനായി വേർതിരിക്കപ്പെട്ടവനും ആയ പൗലോസ്. ജഡപ്രകാരം ദാവീദിന്റെ വംശത്തിൽനിന്നു ജനിച്ചവനായ തന്റെ



പുത്രനെക്കുറിച്ചാണ് ഈ സുവിശേഷം" എന്ന് റോമാക്കാർക്കുള്ള ലേഖനത്തിൽ (1:1-3) നാം വായിക്കുമ്പോൾ പ്രവാചകപുറങ്ങളെ വിധേയത്വത്തോടുകൂടി അയാൾ ശ്രദ്ധിക്കേണ്ടതായിരുന്നു. "നിന്റെ സന്തതിയിൽ എല്ലാ ജനതകളും അനുഗ്രഹിക്കപ്പെടും" എന്ന് ദൈവം അബ്രഹാമിനോടു പറഞ്ഞ വാഗ്ദാനം കണ്ടുകൊണ്ട് (ഉല്പ. 12:3) "സന്തതി" എന്ന ഈ വാക്കിന്റെ ശരിയായ അർത്ഥത്തെപ്പററിയുള്ള എല്ലാ സംശയങ്ങളും ഒഴിവാക്കാനായി അവൻ ശ്ലീഹായെ അനുധാവനം ചെയ്യേണ്ടതായിരുന്നു. ശ്ലീഹാ പറയുന്നു: "വാഗ്ദാനങ്ങൾ അബ്രഹാമിനോടും അവന്റെ സന്തതിയോടുമാണ്. "അനേകർ" എന്ന നിലയിൽ "സന്തതികൾ" എന്നല്ല അവൻ പറയുന്നതു്; പിന്നെയോ, 'ഒരാൾ' എന്ന നിലയിൽ 'നിന്റെ സന്തതിക്ക്' എന്നാണ്, അതു മിശിഹായാകുന്നു (ഗലാ. 3:16). "ഇതാ, കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. 'ദൈവം നമ്മോടുകൂടെ' എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും" എന്ന ഏശായായുടെ വാക്കുകളും (7:14) തന്റെ ആന്തരികചെവികൾകൊണ്ട് അവൻ ശ്രവിക്കേണ്ടതായിരുന്നു. "നമുക്കൊരു ശിശു ജനിച്ചിരിക്കുന്നു. നമുക്കൊരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ തോളിൽ അവൻ വഹിച്ചിരിക്കുന്നു. വലിയ ഉപദേശത്തിന്റെ ദൂതൻ, വിസ്മയാവഹനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം, സമാധാനപ്രഭു, വരാനിരിക്കുന്ന യുഗത്തിന്റെ പിതാവ് എന്നൊക്കെ അവൻ വിളിക്കപ്പെടും" എന്ന അതേ പ്രവാചകന്റെ വാക്കുകളും (9:6) ആത്മാർത്ഥവും വിശ്വസ്തവുമായ ഹൃദയത്തോടുകൂടി അവൻ വായിക്കേണ്ടതായിരുന്നു.

അതുപോലെ, വഞ്ചനോദ്ദേശ്യത്തോടുകൂടി സംസാരിക്കുന്ന എവുത്തീക്കൂസ് "കന്യകയുടെ ഉദരത്തിൽനിന്നു ജനിച്ച ക്രിസ്തുവിന് മനുഷ്യന്റെ രൂപമേ ഉണ്ടായിരുന്നുള്ളു; അവന്റെ അമ്മയുടെ ശരീരത്തിന്റെ യാഥാർത്ഥ്യം ഇല്ലായിരുന്നു" എന്ന രീതിയിൽ "വചനം മാംസമായി" എന്ന് പറയരുതായിരുന്നു.[5] അല്ലെങ്കിൽ, നിത്യകന്യകയും ഭാഗ്യവതിയുമായ മറിയത്തിന്റെ പക്കലേക്ക് മാലാഖാ അയയ്ക്കപ്പെട്ടപ്പോൾ, "പരിശുദ്ധാത്മാവ് നിന്റെ മേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിക്കും. അതുകൊണ്ട്, നിന്നിൽനിന്നു പിറക്കുന്ന പരി

5. 'ഇതു കൃത്യം എവുത്തീക്കൂസിന്റെ വീക്ഷണമല്ല; അയാളുടെ അനുയായികളുടെയോ ചില അപ്പൊളിനാരിയരുടെയോ അഭിപ്രായമാണ്' എന്നു കരുതുന്നവരുണ്ട്.

www.malankaralibrary.com



ശുദ്ധൻ ദൈവത്തിന്റെ പുത്രൻ എന്നു വിളിക്കപ്പെടും" എന്നു പ്രസ്താവിച്ച വാക്കുകളിൽനിന്ന് കന്യകയുടെ ഗർഭധാരണം ഒരു ദൈവികകർമ്മം ആകയാൽ ഗർഭം ധരിക്കപ്പെട്ട മാംസം ഗർഭം ധരിച്ചവളുടെ പ്രകൃതിയിൽനിന്നല്ല എന്ന പരിഗണനയാൽ, നമ്മുടെ കർത്താവായ യേശു നമ്മുടെ പ്രകൃതിയിൽ നിന്നല്ല എന്ന് അവൻ ഊഹിച്ചതായിരിക്കുമോ? എന്നാൽ അതുല്യമായി അത്ഭുതകരവും, അത്ഭുതകരമായി അതുല്യവുമായ ആ ജനനം അതിന്റെ ഉത്ഭവത്തിന്റെ നവീനത്വം കൊണ്ട് ജനനത്തിന്റെ പ്രത്യേകമായ പ്രകൃതം നഷ്ടപ്പെട്ട എന്ന രീതിയിലല്ല മനസ്സിലാക്കേണ്ടത്. എന്തുകൊണ്ടെന്നാൽ പരിശുദ്ധാത്മാവ് കന്യകയ്ക്കു ഫലദായകത്വം നൽകിയെങ്കിലും ശരീരത്തിന്റെ യാഥാർത്ഥ്യം അവളുടെ ശരീരത്തിൽ നിന്നാണ് എടുക്കപ്പെട്ടത്. "വിജ്ഞാനം തനിക്കായി ഒരു ഭവനം നിർമിച്ചപ്പോൾ, (സദൃശ്യ. 9:1) വചനം മാംസമായി നമ്മിൽ വസിച്ചു" (യോഹ. 1:14). അതായത്, മനുഷ്യത്വത്തിൽ നിന്നെടുത്തതും ബൗദ്ധികജീവന്റെ ആത്മാവിനെ നിവേശിപ്പിച്ചതും ആയ ആ ശരീരത്തിൽ എന്നർത്ഥം.

3. ഓരോ സ്വഭാവത്തിന്റെയും സത്തയുടെയും വ്യതിരിക്തപ്രകൃതി നിലനിന്നുകൊണ്ട്, മാററം കൂടാതെ ഏകയാളിൽ ഒന്നിച്ചുവരുന്നു. എളിമയെ ഔന്നത്യവും ബലഹീനതയെ ശക്തിയും മർത്യതയെ നിത്യതയും സ്വീകരിച്ചു; നമ്മുടെ അവസ്ഥയുടെ കടം വീട്ടുവാനായി, സഹിക്കുവാൻ കഴിവുള്ള സ്വഭാവത്തോട് സഹിക്കുവാൻ കഴിവില്ലാത്ത സ്വഭാവം ചേർക്കപ്പെട്ടു. അങ്ങനെ നമ്മുടെ സൗഖ്യമാക്കലിനു പററിയ ഔഷധമായി, ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയ്ക്കുള്ള ഒരേയൊരു "മധ്യസ്ഥനായ യേശുക്രിസ്തു എന്ന മനുഷ്യൻ" (1 തിമോ. 2:5) ഒരു സ്വഭാവത്തിൽ മരണവിധേയനും മററതിൽ മരണാതീതനും ആയിരുന്നു.[6] ഇപ്രകാരം, യഥാർത്ഥ മനുഷ്യത്വത്തിന്റെ പൂർണവും സമഗ്രവുമായ പ്രകൃതത്തിൽ സത്യദൈവം ജനിച്ചു– തന്റേതായവയിൽ അവിടുന്നു പൂർണനാണ്; നമ്മുടേതായവയിലും പൂർണനാണ്. "നമ്മുടേതായവയിൽ" എന്ന വാക്കുകൾ വഴി നാം അർത്ഥമാക്കുന്നത്, ആരംഭം മുതൽ സ്രഷ്ടാവു നമ്മിൽ രൂപീകരിച്ചതും നവീകരിക്കാനായി അവിടുന്നു സ്വയം

6. കൽക്കദോനിയാ സൂനഹദോസിൽവച്ച് (451) ഇല്ലീരിയൻ-പലസ്തീനിയൻ മെത്രാന്മാർ ഇതിനെ എതിർത്തു. റോമൻ പ്രതിനിധികളുടെ വിശദീകരണത്തോടുകൂടി അവരുടെ എതിർപ്പ് അവസാനിച്ചു.



സ്വീകരിച്ചതും എന്നാണ്. എന്തുകൊണ്ടെന്നാൽ, ചതിയൻ അവതരിപ്പിച്ചതും ചതിക്കപ്പെട്ട മനുഷ്യൻ അംഗീകരിച്ചതും രക്ഷിതാവിൽ അല്പംപോലും ഇല്ലായിരുന്നു. നമ്മുടെ ബലഹീനതകളിൽ ഭാഗഭാക്കാകുവാൻ അവിടുന്നു തിരുമനസ്സായെങ്കിലും, നമ്മുടെ പാപങ്ങളിൽ പങ്കുകാരനായില്ല. അവിടുന്ന് ദൈവത്വം കുറയ്ക്കാതെ, മനുഷ്യത്വം ചേർത്തുകൊണ്ട്, പാപക്കറ കൂടാതെ സ്വയം "ദാസന്റെ രൂപം" എടുത്തു (ഫിലി. 2:7); അദൃശ്യൻ സ്വയം ദൃശ്യനാകുവാനും, സ്രഷ്ടാവും എല്ലാററിന്റെയും കർത്താവും ആയവൻ മർത്യനാകുവാനും തിരുമനസ്സായ സ്വയം ശൂന്യമാക്കൽ ശക്തിയുടെ പരാജയമല്ല, ദയയുടെ താണിറങ്ങിവരലാണ്. അങ്ങനെ, ദൈവത്തിന്റെ ഛായയിൽ വസിക്കുന്നവൻ മനുഷ്യനാകുകയും, ദാസന്റെ രൂപത്തിൽ മനുഷ്യനായിത്തീരുകയും ചെയ്തു. എന്തുകൊണ്ടെന്നാൽ കുറവു വരാതെ, ഓരോ സ്വഭാവവും അതാതിനു സ്വന്തമായുള്ള പ്രത്യേകമായ സവിശേഷത കാത്തുസൂക്ഷിക്കുന്നു. ദൈവത്തിന്റെ രൂപം മനുഷ്യന്റെ രൂപത്തെ നീക്കിക്കളയാത്തതുപോലെ, ദാസന്റെ രൂപം ദൈവത്തിന്റെ രൂപത്തെ കുറച്ചുകളയുന്നില്ല. തന്റെ ചതിയാൽ വഞ്ചിക്കപ്പെട്ട്, മനുഷ്യനു ദൈവിക നൽവരങ്ങൾ നഷ്ടപ്പെട്ടെന്നും അമർത്യതയുടെ ദാനം മനുഷ്യനിൽനിന്ന് ഉരിഞ്ഞുകളയപ്പെട്ടെന്നും മനുഷ്യൻ മരണത്തിന്റെ കടുത്ത വിധിവാചകത്തിനു വിധേയനായെന്നും, തന്റെ ലംഘനത്തിന് ഒരു പങ്കാളി ഉണ്ടായതിനാൽ തന്റെ ദുഷ്ടതയിൽ ആശ്വാസം കണ്ടെത്തിയെന്നും, വലിയ ബഹുമാനത്തിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചെങ്കിലും നീതിയുടെ കടുത്ത നിയമങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച്, അവനുവേണ്ടിയുള്ള തന്റെ പദ്ധതി അവിടുന്ന് മാററിക്കുറിച്ചെന്നും പിശാച് വീമ്പടിച്ചു. തന്റെ ഇച്ഛ തന്റെ കരുണയിൽനിന്നു മാററാൻ സാധിക്കാത്ത മാററമില്ലാത്ത ദൈവത്തിന്, കൂടുതൽ നിഗൂഢമായ രഹസ്യംവഴി നമ്മോടുള്ള തന്റെ സ്നേഹത്തിന്റെ ആദ്യപദ്ധതി പൂർത്തിയാക്കുവാനും പൈശാചിക ദുഷ്ടതയുടെ തന്ത്രങ്ങളാൽ കുററബോധത്തിലേക്കു നയിക്കപ്പെട്ട മനുഷ്യൻ ദൈവിക ലക്ഷ്യത്തിനെതിരെ നശിച്ചുപോകാതിരിക്കുവാനുമായി നിഗൂഢമായ ഉപദേശത്തിന്റേതായ ഒരു വ്യാപാരം ആവശ്യമായി വന്നു.

4. അതുകൊണ്ട്, ദൈവത്തിന്റെ പുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽനിന്നു പിൻമാറാതെ തന്റെ സ്വർഗീയ സിംഹാസനത്തിൽനിന്നു താഴേക്കിറങ്ങിവന്നു. പുതിയൊരു ജനനരീതിയാൽ പുതിയ ക്രമമനുസരിച്ചുജനിച്ച് ഈ അധോ

www.malankaralibrary.com



ലോകത്തിലേക്കു (എഫേ. 4:9) പ്രവേശിക്കുന്നു. പുതിയ ക്രമമനുസരിച്ച് – കാരണം, തന്നെ സംബന്ധിച്ചുള്ളവയിൽ അദൃശ്യൻ, നമ്മെസംബന്ധിച്ചുള്ളവയിൽ ദൃശ്യനായി. അഗ്രാഹ്യൻ മനസ്സിലാക്കപ്പെടുവാൻ തിരുമനസ്സാകുകയും കാലത്തിൽ വസിക്കുവാൻ തുടങ്ങുകയും ചെയ്തു. പ്രപഞ്ചനാഥൻ, തന്റെ മഹത്വത്തിന്റെ ആഴത്തിന്മേൽ നിഴൽ വിരിച്ചുകൊണ്ട് ദാസന്റെ രൂപം എടുത്തു. സഹനാതീതനായ ദൈവം സഹനങ്ങൾക്കു വിധേയനായ മനുഷ്യനായിത്തീരുന്നതിനെയും അമർത്യൻ മരണത്തിന്റെ നിയമങ്ങൾക്കു വിധേയനാകുന്നതിനെയും വെറുത്തില്ല. എന്നാൽ അവിടുന്ന് ഒരു പുതിയതരം ജനനത്തിലൂടെ ജനിച്ചു. അതായത്, ജഡമോഹത്തിനു വിധേയമാകുന്നതുവഴിയുള്ള കന്യാത്വഭംഗം കൂടാതെ ജഡത്തിന്റെ സത്ത പ്രദാനം ചെയ്യപ്പെട്ടു. നമ്മുടെ കർത്താവ് തന്റെ അമ്മയിൽനിന്നു സ്വഭാവമെടുത്തു; എന്നാൽ പാപം എടുത്തില്ല. തന്റെ ജനനം അത്ഭുതകരമായിരുന്നെങ്കിലും, കന്യകയുടെ ഉദരത്തിൽനിന്നു ജനിച്ച നമ്മുടെ കർത്താവേശുക്രിസ്തുവിൽ നമ്മുടേതിൽനിന്നു വ്യത്യസ്തമായ സ്വഭാവമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ സത്യദൈവമായവൻ സത്യമനുഷ്യനുമാണ്. മനുഷ്യത്വത്തിന്റെ വിനീതാവസ്ഥയ്ക്കും ദൈവത്വത്തിന്റെ ഔന്നത്യത്തിനും വ്യത്യസ്ത തലങ്ങൾ ഉള്ളതിനാൽ ഈ ഐക്യത്തിൽ യാഥാർത്ഥ്യരാഹിത്യം ഒന്നും ഇല്ല. എന്തുകൊണ്ടെന്നാൽ, താൻ കാണിച്ച അനുകമ്പയാൽ ദൈവത്തിന് മാററം സംഭവിക്കാത്തതുപോലെ, നൽകപ്പെട്ട മഹത്ത്വം വഴി മനുഷ്യത്വം ലയിച്ചുപോയില്ല. ഓരോ രൂപവും മറേറതുമായി സംസർഗത്തിലായിരുന്നുകൊണ്ട് അതാതിനു പ്രത്യേകമായ ദൗത്യം നിർവഹിക്കുന്നു. അതായത്, വചനം വചനത്തിന്േറതായവയും മാംസം മാംസത്തിന്േറതായവയും പ്രവർത്തിക്കുന്നു. ഒന്ന് അത്ഭുതങ്ങളാൽ മിന്നിത്തിളങ്ങുന്നു; മററത്, പീഡനങ്ങൾക്കു വിധേയമാകുന്നു.[7] വചനത്തിന് പിതാവിന്റെ മഹത്വവുമായുള്ള സമാനത ഇല്ലാതാകുന്നില്ല; അതുപോലെ മാംസം നമ്മുടെ വംശത്തിന്റെ സ്വഭാവം ഉപേക്ഷിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, ഒരേ ഒരാൾ സത്യമായും ദൈവപുത്രനും മനുഷ്യപുത്രനുമാണ്. വീണ്ടും വീണ്ടും

7. കൽക്കദോനിയായിൽവച്ച് മേൽപറഞ്ഞ മെത്രാന്മാർ എതിർത്ത രണ്ടാമത്തെ ഫോർമുലയാണിത്. വിമർശനത്തെ നേരിടാൻ കോൺസ്റ്റാൻറിനോപ്പിളിലെ ആർച്ചുഡീക്കനായ ഏസ്യുസ് സിറിലിന്റെ ഒരു കത്തിൽനിന്ന് ഒരു ഭാഗം വായിച്ചു (*PG* 77:196). സിറിലിന്റെ പ്രബോധനം തന്നെയാണ് ലെയോയുടേതും എന്നു തെളിയിച്ചുകൊടുത്തു.



ആവർത്തിക്കേണ്ട കാര്യമാണിത്—'ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടു കൂടിയായിരുന്നു. വചനം ദൈവമായിരുന്നു' എന്നതനുസരിച്ച് (യോഹ. 1:1) അവിടുന്നു ദൈവമാണ്. 'വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു' എന്നതനുസരിച്ച് (1:14) അവിടുന്നു മനുഷ്യനാണ്. 'എല്ലാ വസ്തുക്കളും അവൻ വഴി ഉണ്ടാക്കപ്പെട്ടു; അവനെ കൂടാതെ ഒന്നും ഉണ്ടാക്കപ്പെട്ടില്ല' എന്നതിനാൽ (1:3) ദൈവം. 'അവൻ സ്ത്രീയിൽനിന്നു ജനിക്കുകയും നിയമത്തിനു വിധേയനാകുകയും ചെയ്തതിനാൽ' (ഗലാ. 4:4) മനുഷ്യൻ.

മാംസത്തിന്റെ ജനനം മനുഷ്യപ്രകൃതിയുടെ വെളിവാക്കലാണ്; കന്യകയുടെ ഗർഭധാരണം ദൈവിക ശക്തിയുടെ തെളിവാണ്. ശിശുവിന്റെ ശൈശവം അതിന്റെ നിസ്സാരമായ പിള്ളത്തൊട്ടിൽ കാണിക്കുന്നു. അത്യുന്നതന്റെ മഹത്വം മാലാഖമാരുടെ ശബ്ദം വിളംബരം ചെയ്യുന്നു. ഹേറോദേസ് ദുഷ്ടതയോടുകൂടി ആരെ കൊല്ലുവാൻ പരിശ്രമിച്ചുവോ, അവൻ ഒരു ശിശുവിനെപ്പോലെയാണ്; എന്നാൽ വിദ്വാന്മാർ വിനയപൂർവം ആരാധിക്കുന്നതിൽ സന്തോഷിച്ചവൻ എല്ലാററിന്റെയും കർത്താവാണ്. തന്റെ മുന്നോടിയായ യോഹന്നാന്റെ സ്നാനത്തിന് അവിടുന്ന് അണഞ്ഞപ്പോൾതന്നെ, ജഡത്തിന്റെ മൂടുപടത്താൽ ദൈവത്വം മറയ്ക്കപ്പെട്ടിരുന്നതിനാൽ, അവിടുന്നു അറിയപ്പെടാതെ പോകാതിരിപ്പാനായി, 'ഇതാ, എന്റെ പ്രിയപുത്രൻ. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്ന പിതാവിന്റെ ശബ്ദം ആകാശത്തിൽനിന്ന് അട്ടഹസിച്ചു (മത്താ. 3:17). മനുഷ്യൻ എന്ന നിലയിൽ, പിശാചിന്റെ തന്ത്രങ്ങളാൽ പരീക്ഷിക്കപ്പെട്ടവൻ, ദൈവമെന്ന നിലയിൽ മാലാഖമാരാൽ ശുശ്രൂഷിക്കപ്പെട്ടവൻ തന്നെയാണ്. വിശക്കുക, ദാഹിക്കുക, ക്ഷീണിക്കുക, ഉറങ്ങുക എന്നിവ വ്യക്തമായും മാനുഷികമാണ്. എന്നാൽ അഞ്ചപ്പംകൊണ്ട് അയ്യായിരങ്ങളെ തൃപ്തിപ്പെടുത്തുക, കുടിക്കുന്നവനു് വീണ്ടും ദാഹം ജനിപ്പിക്കാത്ത ജീവജലം ശമറിയാക്കാരി സ്ത്രീക്കു നൽകുക, താഴാത്തപാദംകൊണ്ട് കടലിന്റെ മുകളിൽക്കൂടി നടക്കുക, കൊടുങ്കാററിനെ ശാസിച്ച് ഉയർന്നുവരുന്ന തിരമാലകളെ ശാന്തമാക്കുക എന്നിവ സംശയം കൂടാതെ ദൈവികമാണ്.

അതുകൊണ്ട്, നിരവധി ദൃഷ്ടാന്തങ്ങൾ പരിഗണിക്കുമ്പോൾ: മരിച്ച സ്നേഹിതനുവേണ്ടി വികാരവായ്പോടെ കരയുന്നതും കല്ലറയെ നാലു ദിവസമായി മൂടിയിരുന്ന കല്ലെടുത്തു മാററിയപ്പോൾ ശക്തിയുള്ള വാക്കുകൊണ്ട് അതേ സ്നേഹിതനെ മരണത്തിൽനിന്നു തിരിച്ചു വിളിച്ചതും; കുരിശിൽ തൂങ്ങിക്കിട

www.malankaralibrary.com



കുന്നതും ഇരുട്ടിനെ പ്രകാശമായി മാററുകയും ആദിഭൂതങ്ങളെ യെല്ലാം വിറപ്പിക്കുകയും ചെയ്യുന്നതും; ആണികളാൽ കുത്തിത്തു ളയ്ക്കപ്പെടുന്നതും ദുഷ്കർമ്മിയുടെ വിശ്വാസത്തിന് പറുദീസാ യുടെ വാതിലുകൾ തുറന്നുകൊടുക്കുന്നതും ഒരേ സ്വഭാവത്തിൻേറ തല്ലാത്തതുപോലെ, 'ഞാനും എൻെറ പിതാവും ഒന്നാകുന്നു' എന്നു പറയുന്നതും (യോഹ. 10:30), 'എൻെറ പിതാവ് എന്നേ ക്കാൾ വലിയവനാകുന്നു' എന്നു പറയുന്നതും (യോഹ. 14:28) ഒരേ സ്വഭാവത്തിൻേറതല്ല. എന്തുകൊണ്ടെന്നാൽ, കർത്താവേശു ക്രിസ്തുവിൽ ദൈവവും മനുഷ്യനും ഏകയാളാണെങ്കിലും, രണ്ടിനും പൊതുവായിട്ടുള്ള മഹത്വത്തിൻെറ അടിസ്ഥാനത്തിൽനിന്ന് വ്യത്യസ്തമാണ് രണ്ടും പങ്കിടുന്ന വിനീതാവസ്ഥയുടെ അടി സ്ഥാനം. കാരണം, പിതാവിനെക്കാൾ താണ മനുഷ്യത്വം നമ്മുടെ ഭാഗത്തുനിന്ന് അവിടുന്നു സ്വന്തമാക്കിയിരിക്കുന്നു; പിതാവിൽനിന്നു പിതാവിനു തുല്യമായ ദൈവത്വം അവിടു ത്തേയ്ക്കുണ്ട്.[8]

5. അതുകൊണ്ട് ഇരുസ്വഭാവങ്ങളിലായി മനസ്സിലാ ക്കുന്ന വ്യക്തിത്വത്തിൻെറ ഈ ഐക്യം മൂലം മനുഷ്യപുത്രൻ 'സ്വർഗത്തിൽനിന്ന് ഇറങ്ങിവന്നു' എന്നും, ദൈവപുത്രൻ കന്യ കയിൽനിന്നു ജഡമെടുത്തു എന്നും അവളിൽനിന്നും ജനിച്ചു എന്നും പറയപ്പെടുന്നു. വീണ്ടും, ഏകജാതൻ പിതാവുമായി നിത്യനും സമസത്തയുള്ളവനും ആകയാൽ, ദൈവത്വത്തിൽ തന്നെ സഹിച്ചില്ലെങ്കിലും, മനുഷ്യപ്രകൃതിയുടെ ബലഹീനത യിൽ ദൈവപുത്രൻ ക്രൂശിക്കപ്പെട്ടെന്നും കബറടക്കപ്പെട്ടെന്നും പറയപ്പെടുന്നു. തദനുസരണം, 'അവർ അറിഞ്ഞിരുന്നെങ്കിൽ മഹത്വത്തിൻെറ കർത്താവിനെ ഒരിക്കലും ക്രൂശിക്കുമായിരുന്നില്ല' എന്ന ആ ശ്ലൈഹിക വചനമനുസരിച്ച് (1 കൊറി. 2:8) 'ദൈവത്തിൻെറ ഏകജാതൻ ക്രൂശിക്കപ്പെടുകയും കബറടക്കപ്പെ ടുകയും ചെയ്തു' എന്നു വിശ്വാസപ്രമാണത്തിൽ നാമെല്ലാവരും ഏററുചൊല്ലുന്നു.

നമ്മുടെ കർത്താവും രക്ഷകനുമായവൻ തന്നെ തൻെറ ശിഷ്യരെ ചോദ്യം ചെയ്തുകൊണ്ട് അവരെ വിശ്വാസത്തിൽ പ്രബോധിപ്പിച്ചുകൊണ്ടിരുന്നപ്പോൾ, "മനുഷ്യപുത്രനായ ഞാൻ ആരാണെന്നാണു മനുഷ്യർ പറയുന്നത്" എന്ന് ആരാഞ്ഞു. അവർ മററുള്ളവരുടെ വിവിധാഭിപ്രായങ്ങൾ വിവരിച്ചപ്പോൾ അവിടുന്നു ചോദിച്ചു: "എന്നാൽ ഞാൻ ആരാണെന്നാണു

8. കൽക്കദോനിൽവച്ച് എതിർപ്പിനെ നേരിടേണ്ടിവന്ന മൂന്നാമത്തെ ഫോർമുല: സിറിലിൽനിന്ന് ഉദ്ധരിച്ചുകൊണ്ട് (Scholia, 27) തിയഡൊറെററ് ഈ വാചകത്തെ ന്യായീകരിച്ചു.



നിങ്ങൾ പറയുന്നത്?" അതായത്, മനുഷ്യപുത്രനും, ദാസ ൻെറ രൂപത്തിലും ശാരീരികനുമായി നിങ്ങൾ ദർശിക്കുന്നവനു മായ ഞാൻ ആരാണെന്നാണു നിങ്ങൾ പറയുന്നത്? അപ്പോൾ ഭാഗ്യവാനായ പത്രോസ് ദൈവപ്രചോദിതനായും, തൻെറ പ്രത്യുത്തരം വഴി എല്ലാ ജനതകൾക്കും പ്രയോജനം ഉണ്ടാകുവാ നായും പ്രത്യുത്തരിച്ചു: "നീ ജീവനുള്ള ദൈവത്തിൻെറ പുത്ര നായ ക്രിസ്തു ആകുന്നു (മത്താ.16:3 ff). അവൻ അർഹി ക്കുന്ന രീതിയിൽ കർത്താവ് അവനെ ഭാഗ്യവാൻ എന്നു വിളി ച്ചു. ഒരേയാൾ ദൈവപുത്രനും മിശിഹായുമാണെന്ന് അവൻ പ്രഖ്യാപിച്ചതു വഴി, മൂലക്കല്ലിൽനിന്ന് അവൻെറ അധികാര ത്തിൻെറയും അവൻെറ നാമത്തിൻെറയും ശക്തി അവൻ സമ്പാ ദിച്ചു; കർത്താവായ യേശുക്രിസ്തു ദൈവം മാത്രമാണ്, മനു ഷ്യൻ കൂടിയല്ല, അല്ലെങ്കിൽ മനുഷ്യൻ മാത്രമാണ്, ദൈവമല്ല എന്നു ചിന്തിച്ച് ഈ സത്യങ്ങളിൽ ഒന്നു വിട്ടിട്ട് മറെറാന്നു മാത്രം സ്വീകരിക്കുന്നതു രക്ഷയ്ക്കുതകില്ല.

എന്നാൽ കർത്താവിൻെറ ഉത്ഥാനാനന്തരം നമ്മുടെ വിശ്വാ സത്തിൻെറ പരിശുദ്ധിയുടെ വെടിപ്പാക്കൽ അല്ലാതെ മറെറ ന്താണ് നാല്പതുദിവസത്തെ ഇടവേളയിൽ അവിടുന്നു ചെ യ്തതു?–വാസ്തവത്തിൽ, യഥാർത്ഥശരീരത്തിൽ തന്നെ യാണ് കർത്താവ് ഉത്ഥാനം ചെയ്തത്. കാരണം, ക്രൂശിക്ക പ്പെടുകയും മരിക്കയും ചെയ്തയാളല്ലാതെ മററാരും ഉയിർപ്പിക്ക പ്പെട്ടിട്ടില്ല–എന്തുകൊണ്ടെന്നാൽ, തൻെറ ശിഷ്യരോട് സം സാരിച്ചുകൊണ്ടും, അവരോടുകൂടി ഭക്ഷിക്കുകയും ജീവിക്കുകയും ചെയ്തുകൊണ്ടും സംശയഗ്രസ്തരായവരാൽ കരുതലോടും ശ്രദ്ധ യോടും കൂടി സ്പർശിക്കപ്പെടുന്നതിന് അനുവദിച്ചുകൊണ്ടും– അതേ ലക്ഷ്യത്തിനുവേണ്ടി, കതകുകൾ അടച്ചിരിക്കെ തൻെറ ശിഷ്യരുടെ മധ്യത്തിലേക്കു പ്രവേശിക്കുകയും, തൻെറ നിശ്വാ സം വഴി അവർക്കു പരിശുദ്ധാത്മാവിനെ നൽകുകയും അവ രുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കുകയും ചെയ്തുകൊണ്ടും തിരു ലിഖിതങ്ങളുടെ രഹസ്യങ്ങൾ അവിടുന്ന് പ്രസ്പഷ്ടമാക്കി ക്കൊടുത്തു. വീണ്ടും, "എൻെറ കൈകളും കാലുകളും നിങ്ങൾ കാണുവിൻ. ഇതു ഞാനാണ്. എന്നെ സ്പർശിച്ച് ഉറപ്പു വരുത്തുവിൻ. എനിക്കുള്ളതായി നിങ്ങൾ കാണുന്നതുപോലെ, അരൂപിക്കു മാംസവും അസ്ഥികളും ഇല്ലല്ലോ" എന്നു പറഞ്ഞു കൊണ്ട് (ലൂക്ക.24:31)അതേ കർത്താവ് തൻെറ തിരുവിലാ വിലെ മുറിവും, ആണിപ്പഴുതുകളും, അടുത്തു സംഭവിച്ച തൻെറ പീഡാനുഭവത്തിൻെറ അടയാളങ്ങളും അവരെ കാണിച്ചു. ദൈവ സ്വഭാവത്തിൻെറയും മനുഷ്യസ്വഭാവത്തിൻെറയും ഗുണവിശേ ഷങ്ങൾ അഭേദ്യമായി തന്നിൽ തുടരുന്നതായി നാം അംഗീ

www.malankaralibrary.com



കരിക്കാനും, ഏകദൈവപുത്രൻ വചനവും മാംസവുമാണ് എന്ന് ഏറ്റുപറയുന്ന രീതിയിൽ വചനം മാംസമല്ല എന്ന് നാം മനസ്സിലാക്കാനും ആണ് ഇവയൊക്കെ നടന്നത്.

ഈ വിശ്വാസരഹസ്യം സംബന്ധിച്ച് എവുത്തിക്കുസ് തികച്ചും അജ്ഞനായിരുന്നു എന്നു വേണം വിധിക്കാൻ, കാരണം, ദൈവത്തിന്റെ ഏകജാതനായ പുത്രനിൽ, തന്റെ മർത്ത്യതയുടെ ബലഹീനതയിലൂടെയോ, തന്റെ ഉത്ഥാനത്തിന്റെ മഹത്വത്തിലൂടെയോ നമ്മുടെ പ്രകൃതി അയാൾ അംഗീകരിക്കുന്നില്ല. "യേശുക്രിസ്തു ജഡത്തിൽ സമാഗതനായി എന്ന് ഏറ്റുപറയുന്ന ഓരോ ആത്മാവും ദൈവത്തിൽനിന്നാണ്; യേശുവിനെ വേർപെടുത്തുന്ന ആത്മാക്കൾ ദൈവത്തിൽ നിന്നല്ല; ഇതാണ് എതിർക്രിസ്തു" എന്ന ഭാഗ്യവാനും ശ്ലീഹായും സുവിശേഷകനുമായ യോഹന്നാന്റെ പ്രഖ്യാപനത്തോട് അയാൾ ബഹുമാനം കാണിക്കുന്നുമില്ല (1യോഹ.4:2 ff). യേശുവിന്റെ മനുഷ്യസ്വഭാവം തന്നിൽ നിന്നു വിച്ഛേദിക്കുകയും നാം ഏതിനാൽ മാത്രം രക്ഷിക്കപ്പെടുന്നുവോ, ആ രഹസ്യത്തെ ഏററവും ധിക്കാരം നിറഞ്ഞ പൊട്ടക്കഥകൾ കൊണ്ട് അർത്ഥശൂന്യമാക്കുകയും ചെയ്യുന്നതല്ലാതെ, "യേശുവിനെ വേർപെടുത്തുക" എന്നത് മറെറന്താണ്? വാസ്തവത്തിൽ, ക്രിസ്തുവിന്റെ ശരീരത്തിന്റെ സ്വഭാവം സംബന്ധിച്ച് പൂർണമായും അന്ധകാരത്തിൽ ആയിരിക്കുന്നതുകൊണ്ട്, തന്റെ പീഡാനുഭവം സംബന്ധിച്ചും അതേ അന്ധതയാൽ അയാൾ വിഡ്ഢിയാക്കപ്പെടേണ്ടിയിരിക്കുന്നു. കാരണം, കർത്താവിന്റെ കുരിശ് യഥാർത്ഥമല്ല എന്ന് കരുതാതിരിക്കുകയും, ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി അവിടുന്നു സഹിച്ച ശിക്ഷയുടെ യാഥാർത്ഥ്യത്തെപ്പററി സംശയിക്കാതിരിക്കുകയും ചെയ്യുന്നെങ്കിൽ, ആരുടെ മരണത്തിൽ അയാൾ വിശ്വസിക്കുന്നുവോ, ആ വ്യക്തിയുടെ ശരീരത്തെ അവൻ അംഗീകരിക്കട്ടെ; കഷ്ടതകൾക്കു വിധേയനായ വ്യക്തിയായി അവൻ അറിയുന്ന ആൾ നമ്മേപ്പോലെ ശരീരം ഉള്ള മനുഷ്യനായിരുന്നു എന്നത് അവൻ അവിശ്വസിക്കാതിരിക്കട്ടെ; കാരണം, അവിടുത്തെ ശരീരത്തിന്റെ യാഥാർത്ഥ്യത്തെ നിഷേധിക്കുന്നത് ശാരീരിക സഹനങ്ങളുടെകൂടെ നിഷേധമാണ്. അതുകൊണ്ട് അയാൾ ക്രിസ്തീയവിശ്വാസം സ്വീകരിക്കുകയും സുവിശേഷ പ്രസംഗത്തിന് ചെവി അടച്ചുകളയാതിരിക്കുകയും ചെയ്യുന്നെങ്കിൽ ആണികളാൽ തുളയ്ക്കപ്പെട്ടതും കുരിശുമരത്തിൽ തൂങ്ങിക്കിടന്നതും ഏതു സ്വഭാവമാണെന്ന് പരിഗണിക്കട്ടെ; കുരിശിൽ തറയ്ക്കപ്പെട്ടവന്റെ പാർശ്വം പടയാളി തന്റെ കുന്തത്താൽ കുത്തിത്തുറന്നപ്പോൾ,



ദൈവത്തിന്റെ സഭ മാമോദീസാത്തൊട്ടിയാലും കാസായാലും കഴുകപ്പെടാനായി എവിടെ നിന്നാണ് "രക്തവും വെള്ളവും ഒഴുകിയത്" (യോഹ.19:34) എന്ന് അയാൾ മനസ്സിലാക്കട്ടെ.

"ക്രിസ്തുവിന്റെ രക്തത്തിന്റെ തളിപ്പാൽ ആത്മാവിന്റെ വിശുദ്ധീകരണം ലഭിക്കുന്നു" എന്ന് ഭാഗ്യവാനായ പത്രോസ്ശ്ലീഹാ പ്രസംഗിക്കുന്നതും അവൻ കേൾക്കട്ടെ. അതുപോലെ, "പിതാക്കന്മാരിൽ നിന്ന് നിങ്ങൾ അവകാശമാക്കിയ വ്യർത്ഥമാർഗങ്ങളിൽ നിന്ന് നിങ്ങൾ രക്ഷിക്കപ്പെട്ടത് നശ്വരമായ പൊന്നോ, വെള്ളിയോ കൊണ്ടല്ല, കറയും കളങ്കവും ഇല്ലാത്ത ക്രിസ്തുവിന്റെ അമൂല്യരക്തം കൊണ്ടാണെന്ന് അറിയാമല്ലോ" എന്നു പറയുന്ന അതേ ശ്ലീഹായുടെ വാക്കുകൾ അവൻ ശ്രദ്ധാപൂർവം വായിക്കട്ടെ (1പത്രോ. 1:2.18). യോഹന്നാൻ ശ്ലീഹായുടെ സാക്ഷ്യത്തെയും അവൻ എതിർക്കാതിരിക്കട്ടെ. "ദൈവത്തിന്റെ പുത്രനായ യേശുവിന്റെ രക്തം നമ്മെ സകല പാപങ്ങളിലും നിന്നു ശുദ്ധീകരിക്കുന്നു" (1 യോഹ. 1:7). വീണ്ടും "ലോകത്തിന്മേൽ നമുക്കുള്ള വിജയമാണ് നമ്മുടെ വിശ്വാസം. യേശു ദൈവപുത്രനാണെന്ന് വിശ്വസിക്കുന്നവനല്ലാതെ ആരാണ് ലോകത്തെ ജയിക്കുന്നത്?. ജലത്താലും രക്തത്താലും വന്നവനാണ് യേശുമിശിഹാ; ജലത്താൽ മാത്രമല്ല, ജലത്താലും രക്തത്താലുമാണ്. ആത്മാവു സത്യമാകയാൽ ആത്മാവാണ് സാക്ഷ്യം നൽകുന്നത്. കാരണം ആത്മാവ്, ജലം, രക്തം എന്നിങ്ങനെ സാക്ഷ്യം നൽകുന്നത് മൂന്നാണ്; ഈ മൂന്നും ഒന്നാകുന്നു" (5:4ff). അതായത്, വിശുദ്ധീകരണത്തിന്റെ ആത്മാവ്, വീണ്ടെടുപ്പിന്റെ രക്തം, സ്നാനജലം; ഇവ മൂന്നും ഒന്നാകുന്നു, അഭേദ്യമായി നിലകൊള്ളുന്നു, ഇവയിലൊന്നും മററുള്ളവയുമായുള്ള ഐക്യത്തിൽ നിന്ന് വേർപെടുന്നില്ല. എന്തുകൊണ്ടെന്നാൽ കത്തോലിക്കാസഭ ജീവിക്കുകയും ഇതിനാൽ പുരോഗമിക്കുകയും ചെയ്യുന്നു. അങ്ങനെ യേശുക്രിസ്തുവിൽ യഥാർത്ഥ ദൈവത്വം കൂടാതെ മനുഷ്യത്വമോ, മനുഷ്യത്വം കൂടാതെ ദൈവത്വമോ വിശ്വസിക്കപ്പെടുന്നില്ല.

6. "ഐക്യത്തിനു മുൻപ് നമ്മുടെ കർത്താവ് രണ്ടു സ്വഭാവങ്ങളിൽനിന്നാണ് എന്നു ഞാൻ അംഗീകരിക്കുന്നു; എന്നാൽ ഐക്യത്തിനുശേഷം ഞാൻ ഏകസ്വഭാവമേ അംഗീകരിക്കുന്നുള്ളൂ" എന്ന് അങ്ങയുടെ പരിശോധനയുടെ മറുപടിയായി എവുത്തിക്കുസ് പറഞ്ഞപ്പോൾ, ഇത്രയും അപഹാസ്യമായതും ഇത്രയും വഴിപിഴച്ചതുമായ അഭിപ്രായത്തെ അയാളുടെ

www.malankaralibrary.com



ന്യായാധിപന്മാർ ഗൗരവമായി കുററപ്പെടുത്തിയില്ല എന്നതി
ലും, നിന്ദ്യമായ ഒന്നും കേട്ടില്ലെന്ന മട്ടിൽ ഏററം ഭോഷത്ത
പരവും ദൈവദൂഷണപരവുമായ സംസാരം പരിഗണിക്കാതെ
കടത്തിവിട്ടു എന്നതിലും ഞാൻ അത്ഭുതപ്പെടുന്നു. 'വചനം
മാംസമായതിനുശേഷം ഒരേ ഒരു സ്വഭാവം മാത്രമേയുള്ളു'
എന്നു പറയുന്നത് അപഹാസ്യമായിരിക്കുന്നതുപോലെ അഭ
ക്തമാണ് മനുഷ്യാവതാരത്തിനുമുൻപ് ദൈവത്തിൻെറ ഏക
ജാതൻ രണ്ടുസ്വഭാവങ്ങളിൽ നിന്നാണ് എന്നു പറയുന്നത്.
'ശരിയോ ന്യായീകരിക്കത്തക്കതോ എന്നു കരുതാതെ ഈ
പ്രസ്താവനയിൽ നിന്നു് എവുത്തിക്കൂസിനെ തടയാൻ ഏററം
തല്പരനായിരിക്കുക' എന്ന് പ്രിയസഹോദരാ, നാം അങ്ങേ
യ്ക്കു മുന്നറിയിപ്പു തരുന്നു. കാരണം, അങ്ങു പ്രസ്താവിച്ച
കൃത്യമായ പ്രസ്താവനയും ഇതിനെ തറപററിച്ചിട്ടില്ല. ഈ
പ്രശ്നം തൃപ്തികരമായി പരിഹരിക്കപ്പെട്ടാൽ, എടുത്തുചാട്ട
ക്കാരനും പാമരനുമായ അയാൾ പകർച്ചവ്യാധിപോലുള്ള തൻെറ
അഭിപ്രായത്തിൽ നിന്നു്, ദൈവത്തിൻെറ കരുണനിറഞ്ഞ
പ്രചോദനത്താൽ, ശുദ്ധീകരിക്കപ്പെട്ടേക്കാം. എന്തുകൊണ്ടെ
ന്നാൽ നടപടികളുടെ ക്രമം വ്യക്തമാക്കുന്നതുപോലെ, തൻെറ
അഭിപ്രായത്തിൽ നിന്നുള്ള പിന്തിരിയൽ വഴി അയാൾ നല്ലൊ
രാരംഭം കുറിച്ചു. അങ്ങയുടെ തീരുമാനത്താൽ വാക്കുമുട്ടിപ്പോയ
പ്പോൾ, മുമ്പു പറയാതിരുന്നവ പറയുന്നതായും വിധിവാചക
ത്തിനർഹമായ ആ വിശ്വാസം പിൻവലിക്കുന്നതായും നടിച്ചു.

എങ്കിലും അയാൾ സദുദ്ദേശ്യത്തോടും ആത്മാർത്ഥതയോടും
കൂടി ദുഃഖിക്കുകയും, എപ്പിസ്ക്കോപ്പൽ അധികാരം എത്ര ശരി
യായിട്ടാണു നീങ്ങിയിരിക്കുന്നതെന്നു് ഈ അവസാന നാഴിക
യിലെങ്കിലും അംഗീകരിക്കുകയും ചെയ്താൽ, അഥവാ, അയാൾ
തൻെറ സ്വന്ത അധരങ്ങൾകൊണ്ടും യഥാർത്ഥ കൈയൊപ്പു
കൊണ്ടും അംഗീകരിച്ചാൽ, എത്ര ഗൗരവമായിരുന്നാലും ഇപ്പോൾ
അനുതപിക്കുന്ന അയാളോട് അനുകമ്പ കാണിക്കുന്നതിനു്
ആരും നമ്മെ കുററപ്പെടുത്തുകയില്ല. എന്തുകൊണ്ടെന്നാൽ, "ആടു
കൾക്കുവേണ്ടി തൻെറ ജീവൻ വയ്ക്കുകയും" (യോഹ. 10:15)
'മനുഷ്യരുടെ ആത്മാക്കളെ നശിപ്പിക്കാനല്ല രക്ഷിക്കാൻവേണ്ടി
വരികയും' (ലൂക്ക.9:56) ചെയ്തു യഥാർത്ഥത്തിലുള്ള നല്ലിടയനായ
നമ്മുടെ കർത്താവ്, അവിടുത്തെ സ്നേഹനിർഭരമായ കരുണയെ
നാം അനുകരിക്കുന്നവരാകുവാൻ ആഗ്രഹിക്കുന്നു. നീതി യഥാർത്ഥ
ത്തിൽ പാപികളെ നിയന്ത്രിക്കണമെങ്കിലും, കാരുണ്യം അനുതാ
പികളെ നിരസിക്കരുതെന്നു് അതു് അർത്ഥമാക്കുന്നു. തെററായ



അഭിപ്രായത്തെ മുറുകെപിടിക്കുന്നവർ അതിനെ ശപിക്കുമ്പോ
ഴാണ് സത്യവിശ്വാസം ഏററവും പ്രയോജനപ്രദമായ രീതി
യിൽ ന്യായീകരിക്കപ്പെടുന്നതു്.

വിധേയത്വത്തോടും വിശ്വസ്തതയോടുംകൂടെ എല്ലാക്കാര്യ
ങ്ങളും നടപ്പാക്കുന്നതിനായി നമ്മുടെ സഹോദരന്മാരായ ജൂലി
യസ് മെത്രാനെയും റെനാത്തുസ് പ്രെസ്ബിറററെയും അതു
പോലെ എൻെറ മകൻ ഹിലരി ശെമ്മാശ്ശനെയും നമ്മുടെ പ്രതി
നിധികളായി നാം നിയമിച്ചിരിക്കുന്നു.[9] അവരോടുകൂടി ദുൾ
ചീസിയുസ് എന്ന നമ്മുടെ നോട്ടറിയും ഉണ്ടു്. അവരുടെ
വിശ്വാസ്യത തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. തെററിൽ ഉൾപ്പെട്ട
യാളിനു് രക്ഷിക്കപ്പെടാനുള്ള ദൈവകൃപ ലഭിക്കുമെന്നു് ആത്മ
വിശ്വാസത്തോടുകൂടെ നാം പ്രതീക്ഷിക്കുന്നു. അയാളുടെ ദുഷിച്ച
അഭിപ്രായം ശപിക്കപ്പെട്ടിരിക്കുന്നു. ഏററവും പ്രിയസഹോദരാ,
ദൈവം അങ്ങയെ കാത്തുസൂക്ഷിക്കട്ടെ.

**ജൂൺ 13.** മഹനീയരായ അസ്റ്റേരിയുസിൻെറയും പ്രൊതോ
ജെനെസിൻെറയും കോൺസുളേററുകാലത്തു്.

---

9. പുതെയോളി മെത്രാൻ ജൂലിയസ്; യാത്രയ്ക്കിടയിൽ ദേലോസിൽ
വച്ച് റെനാത്തുസ് മരിച്ചു. ഹിലരി റോമിൽ ആർച്ചുഡീക്കനാ
യിരുന്നു; ലെയോയുടെ പിൻഗാമിയായി റോമാമെത്രാനായി.
എഫേസൂസിൽ വച്ചുകൂടിയ (449) സിനഡിലേക്ക് പ്രതിനിധിക
ളായി ലെയോ അയച്ചവരായിരുന്നു ഇവർ.

www.malankaralibrary.com

അധ്യായം 14

# മഹാനായ ഗ്രിഗോറിയോസ് മാർപ്പാപ്പാ (540-604)

ഗ്രിഗോറിയോസിന്റെ ജന്മസ്ഥലം റോമായാണ്. അദ്ദേ
ഹത്തിന്റെ പിതാവായ ഗോർഡിയൻ റോമൻ സെനററായി
രുന്നു. മാതാവ് സിൽവിയാ. 33-ാം വയസ്സിൽ 573-ൽ ഗ്രിഗറി
റോമാപട്ടണത്തിന്റെ പ്രീഫെക്ടായിത്തീർന്നു. അദ്ദേഹത്തിന്റെ
ആദ്യകാല ജീവിതത്തെപ്പററി മറെറാരു വിവരവും നമുക്ക് ലഭി
ച്ചിട്ടില്ല. അക്കാലത്തെ ഉന്നതകുലജാതരും പണ്ഡിതരും പ്രശ
സ്തരും മഹനീയരുമായ പല ക്രൈസ്തവ നേതാക്കളേപ്പോലെ
ഗ്രിഗറിയും തന്റെ ലൗകികനേട്ടങ്ങൾ ദൂരെ വലിച്ചെറിഞ്ഞ്
താപസ്സജീവിതത്തിനായി ഇറങ്ങിപ്പുറപ്പെട്ടു. തന്റെ നിരവധി
സ്വത്തുക്കൾ വിററ് ദരിദ്രരുടെ ഇടയിൽ വിതരണം ചെയ്തു.
അദ്ദേഹം സിസിലിയിൽ ആറ് ആശ്രമങ്ങൾ തുടങ്ങി. ഏഴാ
മത്തേത് റോമിൽ സ്ഥാപിച്ച ആശ്രമത്തിൽ 574-ൽ അദ്ദേഹം
ചേർന്നു. പ്രസ്തുത ആശ്രമത്തിൽ കടുത്ത താപസ്സജീവിതം നയിച്ചു
വരവെ, മാർപാപ്പാ അദ്ദേഹത്തെ റോമിലെ ഏഴ് ഡീക്കന്മാരിൽ
ഒരാളായി നിയമിച്ചു. അതിനാൽ അദ്ദേഹത്തിന് ആശ്രമ
ത്തിലെവാസം ഉപേക്ഷിക്കേണ്ടതായി വന്നു. അധികം താമസി
യാതെ (578-ൽ), മാർപാപ്പായുടെ പ്രതിനിധിയായി (അപ്പോ
ക്രിസാരിയുസ്) അദ്ദേഹം കോൺസ്റ്റാന്റിനോപ്പിളിലേക്ക്
പോയി. അപരിഷ്കൃതരുടെ ആക്രമണങ്ങളിൽ നിന്ന് പാശ്ചാത്യ
റോമാസാമ്രാജ്യത്തെ രക്ഷിക്കാൻ കോൺസ്റ്റാന്റിനോപ്പിൾ
തികച്ചും അശക്തമാണെന്ന് ഗ്രിഗറിക്ക് അവിടെവച്ച് ബോധ്യ
പ്പെട്ടു. പാപ്പാ എന്നനിലയിൽ ഗ്രിഗറിയുടെ പല പ്രവർത്തന
ങ്ങളെയും സ്വാധീനിച്ചിരുന്നത് ഈ ബോധ്യമായിരുന്നു. അദ്
ദേഹം 585-ൽ റോമിൽ തിരികെവന്ന്, താൻ സ്ഥാപിച്ച
ആശ്രമത്തിന്റെ അധ്യക്ഷനായി.



അക്കാലത്ത് റോമിലുണ്ടായ വെള്ളപ്പൊക്കവും പകർച്ച വ്യാധിയുംമൂലം ദുരിതമനുഭവിച്ച റോമാക്കാരെ അദ്ദേഹം ശുശ്രൂഷിച്ചു. ആശ്രമാധ്യക്ഷനായിരുന്ന കാലത്തു നടന്ന എന്നുപറയപ്പെടുന്ന ഒരു സംഭവം ബീഡ് രേഖപ്പെടുത്തുന്നു. ഇംഗ്ലണ്ടിൽ നിന്നുള്ള രണ്ട് അടിമക്കുട്ടികളെ കണ്ടപ്പോൾ ഇവരാര് എന്ന് ഗ്രിഗറി ആരാഞ്ഞു; വില്പനക്കാരൻ മറുപടിയായി ഇംഗ്ലീഷുകാർ (Angli) എന്നു വിളിച്ചുപറഞ്ഞു. അപ്പോൾ ഗ്രിഗറി പറഞ്ഞുവത്രേ, "അവർ ഇംഗ്ളീഷുകാരല്ല, മാലാഖാമാരാണ്" (Non Angli Sed Angeli). അവർ ക്രിസ്ത്യാനികളല്ല എന്നറിഞ്ഞപ്പോൾ അവരുടെ ഇടയിൽ സുവിശേഷവേല ചെയ്യാനായി ഇംഗ്ളണ്ടിലേക്കപോകാൻ ഗ്രിഗറി തിടുക്കംകൂട്ടി. എന്നാൽ പെലാജിയൂസ് മാർപാപ്പാ മരിച്ചപ്പോൾ ഗ്രിഗറി പാപ്പായായി തെരഞ്ഞെടുക്കപ്പെട്ടതിനാൽ ഇംഗ്ലണ്ടിൽ പോകുന്നതിനുള്ള ആഗ്രഹം പൂർത്തിയാക്കാൻ സാധിച്ചില്ല.

വളരെയധികം ആന്തരിക സംഘട്ടനത്തിനു ശേഷമാണ് ഗ്രിഗറി പാപ്പാസ്ഥാനം സ്വീകരിച്ചത്. വളരെയേറെ പ്രയാസമേറിയ ഒരു കാലഘട്ടമായിരുന്നു അത്. പകർച്ചവ്യാധി, അപരിഷ്കൃതരുടെ ആക്രമണങ്ങൾ, വെള്ളപ്പൊക്കം, ക്ഷാമം, തുടങ്ങിയവ ഇററലിയെ ശ്വാസം മുട്ടിച്ചുകൊണ്ടിരുന്നു. അതോടൊപ്പം കോൺസ്റ്റാന്റിനോപ്പിളിലെ ചക്രവർത്തിയുടെ അവകാശവാദങ്ങളും കൂടിയായപ്പോൾ ഇററലിക്കാർക്കു പൊറുതിമുട്ടി. ഈ സാഹചര്യങ്ങളിൽ ധീരനായ ആധ്യാത്മിക നേതാവെന്ന നിലയിൽ ദൈവത്തിൽ പൂർണമായി ആശ്രയിച്ചുകൊണ്ട് ഗ്രിഗറി സഭയ്ക്കും പാശ്ചാത്യലോകത്തിനും നേതൃത്വം നൽകി. സ്വഭാവദൃഢതയും ഉറച്ച തീരുമാനമെടുക്കാനുള്ള കഴിവും അദ്ദേഹത്തിനുണ്ടായിരുന്നു. അതോടൊപ്പം സ്നേഹവും ശാലീനതയും വിനയവും ആ ജീവിതത്തിൽ മുററിനിന്നു. ഇവകൊണ്ട് അന്നത്തെ തിന്മകളെ നിർമ്മാർജ്ജനം ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞു. ലൊംബാർഡുകൾ എന്ന ആക്രമണകാരികളുമായി 592-3 ൽ അദ്ദേഹം സന്ധിയുണ്ടാക്കി. കോൺസ്റ്റാന്റിനോപ്പിളിനെ പരിഗണിക്കാതെയും ഇററലിയിലെ ഇമ്പീരിയൽ പ്രതിനിധിയായ റാവെന്നായിലെ എക്സാർക്കിനോട് ആലോചിക്കുകപോലും ചെയ്യാതെയുമാണ് ഗ്രിഗറി ഇതു ചെയ്തത്. അങ്ങനെ എക്സാർക്കിന്റെ അധികാരത്തെ മറികടക്കാനും അദ്ദേഹം മടിച്ചില്ല. കോൺസ്റ്റാന്റിനോപ്പിൾ ചക്രവർത്തിമാർ ഇക്കാലയളവിൽ ബലഹീനരായിരുന്നതിനാൽ അവരെ ഒഴിവാക്കിക്കൊണ്ടുള്ള ഒത്തുതീർപ്പുകൾ പാശ്ചാത്യലോകത്ത് അനിവാര്യമായി വന്നു. സ്വതന്ത്രമായി പ്രവർത്തിക്കാൻ, പേപ്പൽ പ്രതിനിധി എന്ന നിലയിൽ കോൺസ്റ്റാന്റിനോപ്പിളിൽവച്ച് അദ്ദേഹത്തി

www.malankaralibrary.com



നുണ്ടായ അനുഭവം സഹായിച്ചു എന്നു മുകളിൽ പറഞ്ഞല്ലോ. ഇററാലിയൻ പട്ടണങ്ങളിൽ പാപ്പ തന്നെ ഗവർണർമാരെ നിയമിച്ചു; യുദ്ധോപകരണങ്ങൾ ആവശ്യാനുസരണം കൊടുത്തു. അങ്ങനെ പാപ്പാസ്ഥാനത്തിന്റെ ലൗകികാധികാരം ഉറപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു. അന്നത്തെ രാഷ്ട്രീയ സാഹചര്യം അതിനു വഴിതെളിച്ചു. സഭയുടെ വളരെ വ്യാപകമായ എസ്റ്റേററുകൾ ഭരിക്കുന്നതിൽ അദ്ദേഹം അസാധാരണമായ കഴിവു കാട്ടി. അതിൽനിന്നുള്ള വരുമാനത്തിന്റെ പ്രധാനഭാഗം പാവങ്ങളുടെ ഇടയിൽ അദ്ദേഹം ചെലവഴിച്ചു.

റോമാസഭയുടെ പരമോന്നത സ്ഥാനം ഉയർത്തിക്കാട്ടുന്നതിൽ അദ്ദേഹം ദത്തശ്രദ്ധനായിരുന്നു. പൗരസ്ത്യദേശവുമായി ഇക്കാര്യത്തിൽ പലപ്പോഴും ഇടയേണ്ടിവന്നു. കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസ് "എക്യുമെനിക്കൽ പാത്രിയർക്കീസ്" എന്ന സ്ഥാനം എടുത്തപ്പോൾ ഗ്രിഗറി അതിനെ എതിർത്തു. ക്രിസ്തു മാത്രമാണ് "എക്യുമെനിക്കൽ" തലവൻ എന്നു ഗ്രിഗറി വാദിച്ചു.

ഇംഗ്ളണ്ടിൽ സുവിശേഷവേല ചെയ്യാനായി ഗ്രിഗറി പാപ്പാ അഗസ്റ്റിനെയും തന്റെ സന്യാസ ഭവനത്തിൽനിന്നുള്ള 40 സന്യാസികളെയും അയച്ചു. അഗസ്റ്റിൻ പിന്നീട് കാൻറർബറി ആർച്ചുബിഷപ്പായി. സുവിശേഷ പ്രവർത്തകരുടെ സംസ്കാരം സുവിശേഷം സ്വീകരിക്കുന്നവരുടെമേൽ അടിച്ചേല്പിക്കരുതെന്നും പ്രാദേശിക സംസ്കാരങ്ങളെ മാനിക്കണമെന്നും ഗ്രിഗറി പാപ്പാ അഗസ്റ്റിനെ ഉപദേശിച്ചു.

അഗസ്റ്റിന്റെയും സഹപ്രവർത്തകരുടെയും പരിശ്രമ ഫലമായി ഇംഗ്ളണ്ട് ക്രിസ്തീയവിശ്വാസം സ്വീകരിച്ചു. അതുപോലെതന്നെ വിസിഗോത്ത്, ലൊംബാർഡ് വർഗക്കാരുടെ മാനസ്സാന്തരത്തിനുള്ള വഴി തുറന്നതു് ഗ്രിഗറിയാണ്. എന്നാൽ അതിന്റെ പൂർത്തീകരണത്തിനു മുൻപു് ഗ്രിഗറി മരണമടഞ്ഞു. സ്പെയിൻ, ഗോൾ, ഉത്തരഇററലി എന്നിവിടങ്ങളിലെ സഭകളുടെ കാര്യങ്ങളിലും ഗ്രിഗറി കാര്യക്ഷമമായി ഇടപെട്ടു.

വലിയൊരു സാധുജനസംരക്ഷകനായിരുന്നു ഗ്രിഗറി. സന്യാസത്തിലേക്കു പ്രവേശിക്കുന്നതിനു മുൻപു തന്നെ തനിക്കുള്ളതെല്ലാം ദരിദ്രരുടെയിടയിൽ വിതരണം ചെയ്തു. പാവപ്പെട്ടവരെ ശുശ്രൂഷിക്കാനാണ് പെലാജിയുസ് പാപ്പാ അദ്ദേഹത്തെ ഡീക്കനായി നിയമിച്ചത്. റോമാസഭാധ്യക്ഷനായശേഷവും താല്പര്യപൂർവം ഇക്കാര്യത്തിൽ ഗ്രിഗറി ശ്രദ്ധിച്ചു. പള്ളികളുടെ വരുമാനത്തിന്റെ നാലിലൊന്ന് പാവങ്ങളുടെ ഇടയിൽ വിതരണം ചെയ്യാൻ അദ്ദേഹം നിർദ്ദേശിച്ചു. പേപ്പൽ എസ്റ്റേററു



കളിലെ വരുമാനത്തിന്റെ നല്ലൊരു ഭാഗം പാവങ്ങൾക്കായി ദാനം ചെയ്ത് അദ്ദേഹം മാതൃക കാട്ടി. അടിമകളുടെ മോചനത്തിനായി അദ്ദേഹം പണം വ്യയംചെയ്തു.

"ഗ്രിഗോറിയോൻ കുർബാന" എന്ന പേരിൽ ലത്തീൻസഭയിൽ അറിയപ്പെടുന്ന കുർബാന അർപ്പിക്കൽ ഗ്രിഗറിയുടെ പേരിൽ അറിയപ്പെടുന്നു. ഒരു മാസം തുടർച്ചയായി മരിച്ചവർക്കു വേണ്ടി അർപ്പിക്കുന്ന കുർബാനയാണിതു്. "ഗ്രിഗോറിയൻ സംഗീതം" എന്ന പേരിൽ അറിയപ്പെടുന്ന ഗാനങ്ങളുടെയും കർത്താവായി ഗ്രിഗറിയെ കണക്കാക്കാം. റോമൻസഭയുടെ തിരുക്കർമ്മങ്ങൾക്ക് സാധാരണ ഉപയോഗിക്കുന്നതു് ഗ്രിഗോറിയൻ സംഗീതമാണ്. ആരാധനക്രമത്തിലെ ഗീതങ്ങൾ വളരെ ലളിതമായവ ആയിരിക്കണം എന്ന് അദ്ദേഹം നിർബന്ധിച്ചു. രണ്ട് സംഗീത വിദ്യാലയങ്ങൾ റോമിൽ സ്ഥാപിച്ചു.

അവസാനത്തെ രണ്ടുമൂന്നു വർഷം ഗ്രിഗറി രോഗിയായിരുന്നു. 604 മാർച്ച് 12 ന് അദ്ദേഹം മരിച്ചു.

## കൃതികൾ

താത്വികകാര്യങ്ങളേക്കാൾ പ്രായോഗിക കാര്യങ്ങൾ ചർച്ച് ചെയ്യുകയായിരുന്നു ഗ്രിഗറിക്കു താൽപ്പര്യം. അദ്ദേഹത്തിന്റെ "*അജപാലകനിയമഗ്രന്ഥം*" (Liber Regulae Pastoralis) മെത്രാന്റെ അജപാലകദൗത്യം സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കുന്നു. ആത്മാക്കളുടെ ഇടയനായിട്ടാണ് അദ്ദേഹം മെത്രാനെ ഒന്നാമതായി പരിഗണിക്കുക. 591 - ൽ എഴുതപ്പെട്ട ഇതിനു നാലു ഭാഗങ്ങളുണ്ട്. മെത്രാൻ സ്ഥാനത്തേക്കുള്ള ദൈവവിളി, മെത്രാന്റെ കടമകൾ, ജനങ്ങൾക്കുള്ള ഉപദേശം, ഗ്രിഗറിയുടെ ധ്യാനാത്മകചിന്തകളുടെ സമാഹാരം, എന്നിവയാണ് ആ നാലു ഭാഗങ്ങൾ. പിൽക്കാല തലമുറകൾ ഈ ഗ്രന്ഥത്തെ ഹാർദ്ദമായി സ്വാഗതം ചെയ്തു. ആൽഫ്രഡ് രാജാവു് (849-899) ഈ കൃതി വിവർത്തനം ചെയ്തു. മധ്യകാല മെത്രാന്മാരുടെ വഴികാട്ടിയായിരുന്നു ഗ്രിഗറിയുടെ ഈ കൃതി (*NPNF*[2]. 12).

*സംഭാഷണങ്ങൾ* (Dialogues) എന്ന കൃതി വി.ബനഡിക്ടിന്റെയും മററു സന്യാസികളുടെയും ജീവിത കഥകളാണ്. 'ജീവചരിത്രം' എന്നതിലുപരി കെട്ടുകഥകളാണു ഉള്ളടക്കം. അക്കാലത്തുള്ളവർ പൊതുവെ വിമർശനദൃഷ്ടി കൂടാതെ വിശുദ്ധരെപ്പററിയുള്ള കഥകളും അവരുടെ പേരിൽ അറിയപ്പെട്ടിരുന്ന അത്ഭുതങ്ങളും വിശ്വസിച്ചിരുന്നു. ഈ കൃതി വിരചിതമായതു് 593 ലാണ്. ഗ്രിഗറിപാപ്പായും സ്നേഹിതനായ

www.malankaralibrary.com



പീററർ എന്ന ഡീക്കനും തമ്മിലുള്ള സംഭാഷണത്തിന്റെ രൂപത്തിലാണ് എഴുതപ്പെട്ടിരിക്കുന്നത്. മൊത്തം നാലു പുസ്തകങ്ങൾ (ഭാഗങ്ങൾ) ഉണ്ട്. രണ്ടാം പുസ്തകത്തിലാണ് വിശുദ്ധ ബനഡിക്ടിന്റെ ജീവിതകഥ. ലൊംബാർഡുകളുടെ മാനസ്സാന്തരത്തിന് ഈ കൃതി സഹായിച്ചു എന്നു പറയപ്പെടുന്നു. മധ്യകാല പാശ്ചാത്യജീവചരിത്ര ഗ്രന്ഥകാരന്മാർക്കൊക്കെ ഗ്രിഗറിയുടെ ഈ ഗ്രന്ഥമായിരുന്നു മാതൃക.

*“ജോബിന്റെ പുസ്തകത്തിന്റെ വ്യാഖ്യാനം”* (Expositio in Librum Iob, sive Moralium Libri XXV) ഗ്രിഗറിയുടെ ആദ്യഗ്രന്ഥമാണ്. കോൺസ്റ്റാന്റിനോപ്പിളിൽ പേപ്പൽ പ്രതിനിധിയായിരുന്ന കാലത്ത് ഇത് എഴുതിത്തുടങ്ങി. പാപ്പാ ആയശേഷമാണ് ഗ്രന്ഥം പൂർത്തിയായത്. ജോബിന്റെ പുസ്തകത്തിന്റെ വാച്യാർത്ഥം, മിസ്റ്റിക്കൽ അർത്ഥം, ധാർമ്മികാർത്ഥം (moral) എന്നിവ നൽകിക്കൊണ്ടുള്ള ഒരു സന്മാർഗ്ഗശാസ്ത്രഗ്രന്ഥമാണിത്. ആറു ഭാഗങ്ങളും ഓരോ ഭാഗത്തിനും 35 പുസ്തകങ്ങളും (അദ്ധ്യായങ്ങളും) ഉള്ള ഈ കൃതി മധ്യകാലഘട്ടത്തിൽ സന്മാർഗ്ഗശാസ്ത്രപഠനത്തിനുള്ള ഒരുത്തമഗ്രന്ഥമായിത്തീർന്നു.

“സുവിശേഷത്തെ ആധാരമാക്കിയുള്ള പ്രസംഗങ്ങൾ” എന്ന ഗ്രന്ഥം സവിശേഷശ്രദ്ധ അർഹിക്കുന്നു. സുവിശേഷഭാഗങ്ങളെ ആധാരമാക്കി നാല്പതോളം പ്രഭാഷണങ്ങൾ കൈവന്നിട്ടുണ്ട്. എസക്കിയേലിന്റെ പുസ്തകത്തെ വിശദീകരിച്ചുകൊണ്ടും അദ്ദേഹം പ്രസംഗങ്ങൾ നടത്തി. മിക്കപ്പോഴും ഗ്രിഗറിതന്നെയാണ് പ്രസംഗിച്ചിരുന്നത്. ചുരുക്കം ചില സന്ദർഭങ്ങളിൽ, അദ്ദേഹം തയാറാക്കിയ പ്രസംഗങ്ങൾ, ഡീക്കന്മാർ വായിച്ചിരുന്നു.

ഗ്രിഗറിയുടെ നിരവധി കത്തുകൾ പിൻതലമുറയ്ക്കു കൈവന്നിട്ടുണ്ട്. 854 കത്തുകളുടെ സമാഹാരം പ്രസിദ്ധീകൃതമായിട്ടുണ്ട്. ഗ്രിഗറിയുടെ വ്യക്തിത്വത്തിലേക്കും പ്രവർത്തനങ്ങളിലേക്കും അക്കാലത്തെ സഭാജീവിതത്തിലേക്കും സഭാപ്രശ്നങ്ങളിലേക്കും വെളിച്ചം വീശുന്നവയാണ് ഈ കത്തുകൾ. സഭാപിതാക്കന്മാരുടെ ഗണത്തിൽപെടുന്ന റോമാമെത്രാന്മാരുടെ കൂട്ടത്തിൽ ഏററവും കൂടുതൽ കത്തുകൾ ഗ്രിഗറിയുടേതാണ് (*NPNF*$^2$. 12).

## ദൈവശാസ്ത്രം

ഹിപ്പോയിലെ വിശുദ്ധ അഗസ്ററിന്റെ ദൈവശാസ്ത്രം തന്നെയാണ് ഗ്രിഗറിയുടെ ദൈവശാസ്ത്രം. തന്റെ ചുററുമുള്ളവർക്ക് മനസ്സിലാകുന്ന ഭാഷയിൽ അഗസ്റ്റിനെ അവതരിപ്പി



ക്കുക മാത്രമാണ് അദ്ദേഹം ചെയ്തത്. ദൈവശാസ്ത്രത്തിൽ തനതായൊരു പാത അദ്ദേഹം വെട്ടിത്തുറന്നിട്ടില്ല. മരണാനന്തരമുള്ള ശുദ്ധീകരണപ്രക്രിയ സംബന്ധിച്ചുള്ള തത്വങ്ങൾ (Purgatory) അദ്ദേഹം വികസിപ്പിച്ചു. വിശുദ്ധ കുർബാനയർപ്പണം വഴി അവരുടെ വേദന കുറയ്ക്കാൻ സാധിക്കും എന്ന് അദ്ദേഹം പഠിപ്പിച്ചു. അതുപോലെ സെവുഡോ-ഡയനീഷ്യസിന്റെ മിസ്റ്റിക്കൽ തത്ത്വങ്ങൾക്ക്, പ്രത്യേകിച്ച് മാലാഖമാരെ കുറിച്ചുള്ള തത്ത്വങ്ങൾക്ക്, ഗ്രിഗറി പ്രചുരപ്രചാരം നല്കി. തിരുശേഷിപ്പുകളുടെ വണക്കം പ്രോത്സാഹിപ്പിച്ചു. ആരാധനക്രമത്തിൽ ചില മാററങ്ങൾ വരുത്തി. ചില പ്രാർത്ഥനകൾ കൂട്ടിച്ചേർത്തു. “ഗ്രിഗോറിയൻ സാക്രമെൻററി” എന്നറിയപ്പെടുന്ന പ്രാർത്ഥനക്രമത്തിലെ ചില പ്രാർത്ഥനകൾ ഗ്രിഗറിയുടെ കാലത്തേതായിരിക്കാം.

ഗ്രിഗറി സന്യാസജീവിതം വളർത്തുവാനും പരിപുഷ്ടിപ്പെടുത്താനും പ്രചരിപ്പിക്കാനും അശ്രാന്തപരിശ്രമം ചെയ്തു. സന്യാസ സമൂഹങ്ങളെ മെത്രാന്മാരുടെ ഭരണത്തിൽനിന്ന് നീക്കി, മാർപ്പാപ്പായുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലാക്കുന്ന പതിവിന് തുടക്കം കുറിച്ചതു ഗ്രിഗറിയാണ്.

സഭയിലെ ദൃശ്യമായ ഉന്നതാധികാരി മാർപ്പാപ്പായാണെന്ന ആശയം ജനഹൃദയങ്ങളിൽ രൂഢമൂലമാക്കാൻ ഗ്രിഗറിയുടെ വ്യക്തിത്വവും പ്രവർത്തനങ്ങളും വളരെയധികം സഹായിച്ചു. എന്നാൽ ആഴമായ എളിമയുള്ള ആളുമായിരുന്നു ഈ ഉന്നതാധികാരി. “ദൈവദാസന്മാരുടെ ദാസൻ” (Servus Servorum Dei) എന്ന് അദ്ദേഹം സ്വയം വിശേഷിപ്പിച്ചു. പിൽക്കാലത്തുള്ള മാർപ്പാപ്പാമാരെല്ലാംതന്നെ ഇപ്രകാരം വിശേഷിപ്പിച്ചിട്ടുണ്ട്. മരിച്ച് അധികനാൾ കഴിയുന്നതിനു മുമ്പ് ജനങ്ങളുടെ പൊതുസമ്മതത്തോടെ അദ്ദേഹം വിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ടു. മാർച്ച് 12 നാണ് സഭ ഗ്രിഗറിയുടെ ഓർമ്മ കൊണ്ടാടുന്നത്. മരണശേഷം ‘മഹാൻ’ എന്ന സ്ഥാനത്തിനു ഗ്രിഗറി അർഹനായിത്തീർന്നു. പാശ്ചാത്യസഭയിലെ നാലു വലിയ സഭാപിതാക്കന്മാരിൽ ഒരാളാണ് ഗ്രിഗറി. ‘മധ്യകാല പാപ്പാസ്ഥാനത്തിന്റെ പിതാവ്’ എന്ന് ചിലർ അദ്ദേഹത്തെ വിളിക്കുന്നു. ചിലരുടെ കണക്കനുസരിച്ച്, പാശ്ചാത്യലോകത്തെ അവസാനത്തെ സഭാപിതാവാണദ്ദേഹം. പാശ്ചാത്യസഭ ഗ്രിഗറിയോടുകൂടി ഒരു പുതിയ പാതയിലൂടെ സഞ്ചരിക്കാൻ തുടങ്ങി. മധ്യകാല പാശ്ചാത്യസഭയ്ക്കും സഭാനേതൃത്വത്തിനും ആരംഭം കുറിച്ചത് അദ്ദേഹമാണ്.

www.malankaralibrary.com

അധ്യായം 15

# വി. ഇസിദോർ

സ്പെയിനിലെ സെവിൽ രൂപതയുടെ അധ്യക്ഷനായിരുന്ന വി. ഇസിദോർ (600 _ 636). അദ്ദേഹത്തിന്റെ ആദ്യകാല ജീവിതത്തെപ്പററി നമുക്ക് വളരെ കുറച്ച് അറിവേയുള്ളു. സ്പെയിനിൽ കാർത്തജേനാ എന്ന സ്ഥലത്തുള്ള ഒരു റോമൻ കുലീന കുടുംബത്തിൽ 560 നോടടുത്ത് ഇസിദോർ ജനിച്ചു. സെവേരിയൻ എന്നും തിയഡോറാ എന്നുമായിരുന്നു മാതാപിതാക്കളുടെ പേരുകൾ. ഇസിദോറിന്റെ മൂത്തസഹോദരൻ വി. ലിയാൻഡർ, സെവിൽരൂപതയിൽ ഇസിദോറിന്റെ മുൻഗാമിയായി സഭാശുശ്രൂഷ നടത്തി. ഇളയസഹോദരൻ ഫുൾജെൻസിയുസ്, അസ്തിജി രൂപതാധ്യക്ഷനായിരുന്നു. ഇവരുടെ സഹോദരി ഫ്ളൊറെൻറീനാ ഒരു സന്യാസശ്രേഷ്ഠയായിരുന്നു.

ഗോത്തിക് ആക്രമണകാരികൾ കാർത്തജേനായിൽ ആക്രമണം നടത്തിയപ്പോൾ ഇസിദോറിന്റെ കുടുംബം സെവിലിലേക്കു പലായനം ചെയ്തു. ഇസിദോർ ജനിച്ചതു് സെവിലിൽ വച്ചാണ്. അവിടെത്തന്നെ വിദ്യാഭ്യാസം നടത്തി. ജ്യേഷ്ഠനായ ലിയാൻഡറാണ് ഇസിദോറിന്റെ വിദ്യാഭ്യാസത്തിനു നേതൃത്വം നൽകിയതു്. ആശ്രമങ്ങളോട് ബന്ധപ്പെട്ട സ്കൂളുകൾ സ്പെയിനിൽ അക്കാലത്തുണ്ടായിരുന്നു. മെത്രാനാകുന്നതിനു മുൻപ് ലിയാൻഡർ സന്യാസിയായിരുന്നു. അവിടെയാണ് ഇസിദോറിനു പരിശീലനം ലഭിച്ചതു്.

ലിയാൻഡറുടെ മരണശേഷം ഇസിദോർ സെവിൽ രൂപതാദ്ധ്യക്ഷനായി. ആര്യൻ വിശ്വാസികളായ ഗോത്തിക് അക്രമണകാരികൾക്കെതിരായി കത്തോലിക്കാവിശ്വാസം ഉയർത്തിപ്പിടിക്കാൻ ഇസിദോർ സർവശ്രദ്ധയും കേന്ദ്രീകരിച്ചു. ആര്യൻ ക്രിസ്തുമതത്തിലേക്കാണല്ലോ ഗോത്യർ മാനസാന്തരപ്പെട്ടതു്. അതുപോലെ തികച്ചും അപരിഷ്കൃതരും സംസ്കാരശൂന്യരുമായ ഗോത്യരെ സംസ്കാരസമ്പന്നരാക്കേണ്ട ദൗത്യവും അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹം സ്കൂളുകളും മഠങ്ങളും തുടങ്ങി. സ്പെയിനിലെ യഹൂദരുടെ മാനസാന്തരത്തിനായി പ്രയത്നിച്ചു. എല്ലാ ആശ്രമങ്ങളോടും ചേർന്നു സ്കൂളുകൾ തുടങ്ങാൻ അദ്ദേഹം നിർദേശം നൽകി. വിദ്യാഭ്യാസം വഴി മാത്രമേ ഗോത്തിക് അപരിഷ്കൃതരെ സംസ്കാരമുള്ളവരാക്കാൻ സാധിക്കു എന്ന് അദ്ദേഹം കരുതി. പല സ്പാനിഷ് സിനഡുകളിലും ഇസിദോർ അധ്യക്ഷനായിരുന്നു. പ്രത്യേകിച്ചു രണ്ടാം സെവിൽ സിനഡ് (619), നാലാം തൊളേദോ സിനഡ് (634) എന്നിവ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്നവയാണ്. അദ്ദേഹത്തിന്റെ നേതൃത്വ കഴിവുകൾ ഈ സിനഡുകളിൽ തെളിഞ്ഞു പ്രകാശിക്കുന്നു. ഒരു വലിയ പണ്ഡിതനും വിശുദ്ധനും ദാനധർമ്മത്തിൽ തല്പരനുമായിരുന്നു അദ്ദേഹം. 636_ൽ ഇസിദോർ മരിച്ചു. പാശ്ചാത്യലോകത്തെ അവസാനത്തെ സഭാപിതാവായി സഭ ഇസിദോറിനെ കണക്കാക്കുന്നു. എട്ടാം തൊളേദോ സിനഡ് (653) അദ്ദേഹത്തെ സഭാമല്പാനായി അംഗീകരിച്ചു: 'നമ്മുടെ കാലത്തെ പ്രഖ്യാതനായ മല്പാൻ, കത്തോലിക്കാസഭയുടെ അഭിമാനഭാജനം.......'എന്നു തുടങ്ങി സിനഡ് അദ്ദേഹത്തെ വിശേഷിപ്പിച്ചു.



## കൃതികൾ

വിജ്ഞാനത്തിന്റെ കലവറയായിരുന്ന അദ്ദേഹത്തിന്റെ കൃതികൾ. മധ്യകാല ക്രൈസ്തവസാഹിത്യകാരന്മാർ അവ ധാരാളമായി ഉപയോഗിച്ചു.

1. *ശബ്ദവ്യുൽപ്പത്തി* (Etymologiae): ലോകചരിത്രത്തിൽ ഉണ്ടായ ആദ്യത്തെ 'വിജ്ഞാനകോശം' എന്ന് ഇതിനെ വിളിക്കാം. അദ്ദേഹത്തിന്റെ ഏററവും പ്രധാനപ്പെട്ട കൃതിയും ഇതുതന്നെ. അറിയപ്പെട്ടിരുന്ന എല്ലാ വിജ്ഞാന ശാഖകളും ഇതിലെ പ്രതിപാദ്യവിഷയമാണ്. സറഗോസ്സാ മെത്രാൻ ആവശ്യപ്പെട്ടതനുസരിച്ചാണ് ഈ ഗ്രന്ഥം രചിച്ചതു്. ഇതിൽ 20 പുസ്തകങ്ങളുണ്ട്. ആദ്യത്തെ മൂന്നെണ്ണം സുകുമാരകലകളെയും ശാസ്ത്രങ്ങളെയുംപററി പ്രതിപാദിക്കുന്നു. നാലാമത്തേതു് വൈദ്യശാസ്ത്രമാണ്. അഞ്ചാം പുസ്തകം ചരിത്ര പഠനത്തിന് ആവശ്യമായ കാര്യങ്ങളും നിയമവും ചർച്ച ചെയ്യുന്നു. ദൈവശാസ്ത്രം, സഭാകാര്യങ്ങൾ (7_8),വിവിധ രാജ്യങ്ങൾ, ഭാഷകൾ, ഭാഷാവ്യുൽപ്പത്തി (9_10), മനുഷ്യൻ (11), ജന്തുക്കൾ (12), ഭൂമിശാസ്ത്രം (13_14), പൊതുക്കാര്യങ്ങൾ (15), കല്ലുകൾ, രത്ന

www.malankaralibrary.com



ങ്ങൾ, ഖനികൾ, ലോഹങ്ങൾ (16), കൃഷി (17), യുദ്ധകാര്യങ്ങൾ, കായികാഭ്യാസം (18), കപ്പലുകൾ, വസ്ത്രങ്ങൾ, ഉപകരണങ്ങൾ (19), ഭക്ഷണം, വീട്ടുസാമാനങ്ങൾ (20) എന്നിവയാണ് തുടർന്നുള്ള പുസ്തകങ്ങളിലെ പ്രതിപാദ്യവിഷയങ്ങൾ. ഓരോ പുസ്തകവും അധ്യായങ്ങളായി തിരിച്ചിരിക്കുന്നു. ലത്തീനിലും ഗ്രീക്കിലുമുള്ള വിവിധ ഗ്രന്ഥങ്ങളുടെ സഹായത്തോടുകൂടിയാണ് ഈ വിജ്ഞാനകോശം അദ്ദേഹം തയ്യാറാക്കിയത്. പ്ലീനി, അരിസ്റ്റോട്ടിൽ തുടങ്ങി 154 എഴുത്തുകാരെ അദ്ദേഹം ഉദ്ധരിക്കുന്നു.

2. *Sententiarum Libri Tres:* ക്രിസ്തീയ പ്രമാണങ്ങളും അനുഷ്ഠാനങ്ങളും ചർച്ച ചെയ്യുന്ന ഒരു ഗ്രന്ഥമാണിത്. വി. അഗസ്റ്റിൻ, മഹാനായ ഗ്രിഗറി എന്നിവരെ ആശ്രയിച്ച് എഴുതിയിട്ടുള്ളതാണിത്. പിൽക്കാലത്തുണ്ടായ നിരവധി ഗ്രന്ഥങ്ങൾക്ക് ഇത് മാതൃകയായിത്തീർന്നിട്ടുണ്ട്.

3. *സഭാശുശ്രൂഷകർ* (De Ecclesiasticis Officiis): മൊസാറബിക് ലിററർജിയെപ്പററിയും, സഭയിലെ വിവിധ ശുശ്രൂഷകരുടെ കടമകളെപ്പററിയും അവകാശങ്ങളെപ്പററിയും ഇതിൽ ചർച്ച ചെയ്യുന്നു.

4. *പര്യായങ്ങൾ* (Synonyma): ഭാഷാപരവും ദൈവശാസ്ത്രപരവുമായ കാര്യങ്ങളുടെ ഒരു സംയുക്തമാണ് ഈ കൃതി. മാനസാന്തരത്തിനായും പരിപൂർണ്ണതയ്ക്കായും ബുദ്ധി ആത്മാവിനെ ഉപദേശിക്കുന്നു എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു.

5. *വലിയനാളാഗമം* (Chronica Maiora): സൃഷ്ടിമുതൽ ക്രി. വ. 615 വരെയുള്ള ചരിത്രമാണ് ഇതിൽ. ജൂലിയസ് ആഫ്രിക്കാനുസ്, എവുസേബിയസ്, ജറോം ആദിയായവരെ ഈ ചരിത്ര രചനയിൽ അദ്ദേഹം ആശ്രയിച്ചിട്ടുണ്ട്. സ്പെയിനിലെ ചരിത്രത്തിന് അദ്ദേഹം പ്രാധാന്യം നൽകുന്നു.

6. ഗോത്യർ, വാൻഡൽ, സ്വേവർ എന്നിവരുടെ *രാജാക്കൻമാരുടെ ചരിത്രം*: ഈ ജനങ്ങളെക്കുറിച്ചു നമുക്ക് അറിവു നൽകുന്ന പ്രധാന കൃതിയാണിത്.

7. *മഹത്വ്യക്തികൾ* (De Viris Illustribus) ജറോമും ജന്നാഡിയുസും ഇതേ പേരിൽ രചിച്ച കൃതികളുടെ ചുവടുപിടിച്ച് അവരുടെ തുടർച്ചയായി അദ്ദേഹം എഴുതിയ കൃതിയാണിത്. സ്പെയിനിലെ എഴുത്തുകാർക്കാണ് ഇതിൽ മുൻതൂക്കം.



സ്പെയിനിലെ അന്നത്തെ അപരിഷ്കൃതരായ വിസിഗോത്യരെ സംസ്കാരസമ്പന്നരാക്കാനായി അദ്ദേഹം ചെയ്ത പരിശ്രമങ്ങൾ പ്രത്യേകം പരിഗണന അർഹിക്കുന്നു. ജനങ്ങളിൽ വിജ്ഞാനതൃഷ്ണയും സാഹിത്യാഭിരുചിയും അദ്ദേഹം കുത്തിവച്ചു. അതിനുതകുന്ന ഗ്രന്ഥങ്ങൾ രചിച്ചു. ആഴമായ ദൈവശാസ്ത്ര വിശകലനം കൃതികളിൽ കുറവാണെങ്കിലും അന്നത്തെ സ്പാനിഷ് ജനതയുടെ പുരോഗതിക്കുതകുന്ന കൃതികളാണ് അദ്ദേഹം രചിച്ചത്. അതിൽ അദ്ദേഹം വിജയിക്കുകയും ചെയ്തു. അക്കാരണത്താലാണ് മധ്യശതകത്തിലുള്ള പല എഴുത്തുകാരും ഇസിദോറിന്റെ കൃതികളെ ആധാരമാക്കിയിട്ടുള്ളത്.[1]

1. *PL.* 81–84

www.malankaralibrary.com

അധ്യായം 16

# വി. അഗസ്റ്റിൻ

## ജീവിതവും കൃതികളും

സഭാപിതാക്കന്മാരിൽ അഗ്രഗണ്യനാണ് ഔറേലിയൂസ് അഗസ്റ്റീനുസ് (അഗസ്റ്റിൻ). മനുഷ്യകുലത്തിലെ മഹാപ്രതിഭാശാലികളിൽ ഒരാൾ, പിൽക്കാലലോകത്തിൽ നൂററാണ്ടുകളായി ആഴമേറിയ സ്വാധീനം ചെലുത്തിയ മഹാചിന്തകൻ എന്നീ നിലകളിലും അഗസ്റ്റിൻ പ്രശസ്തനാണ്. മഹാനായ ഈ സഭാപിതാവിനെപ്പററി വളരെയധികം ഗ്രന്ഥങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്. ഇന്നും ധാരാളം എഴുതപ്പെടുന്നു. അവയെല്ലാം വായിച്ചുപഗ്രഹിക്കാൻ തന്നെ പ്രയാസമാണ്. എന്നാൽ അഗസ്ററിൻെറ ആത്മകഥയോ, ഒന്നോ രണ്ടോ ജീവചരിത്ര ഗ്രന്ഥങ്ങളോ ഒഴിച്ചാൽ, മലയാളസാഹിത്യത്തിൽ അഗസ്റ്റീനിയൻ ഗ്രന്ഥങ്ങൾ ഇല്ലെന്നു തന്നെ പറയാം.

### ജീവചരിത്രം

അഗസ്ററിൻെറ ചിന്താധാര മനസ്സിലാക്കാൻ അദ്ദേഹത്തിൻെറ ജീവചരിത്രം കൃത്യമായി അറിഞ്ഞിരിക്കേണ്ടതുണ്ട്. അഗസ്റ്റിൻെറ ജീവചരിത്ര രചനയ്ക്കു സഹായകങ്ങളായ കൃതികൾ: (1) കാസ്സിചിയാകും എന്ന സ്ഥലത്തുവച്ച് രചിച്ച *സംവാദങ്ങൾ*[1] 386 നവംബറിനും 387 മാർച്ചിനും ഇടയ്ക്കു രചിച്ച, സംവാദരൂപത്തിലുള്ള ഈ കൃതിയെ ആദ്യത്തെ ആത്മകഥയായി പരിഗണിക്കാം. മാമോദീസാ സ്വീകരിക്കുന്നതിനു മുമ്പ് അഗസ്റ്റിനുണ്ടായിരുന്ന മാനസ്സികാവസ്ഥ ഗ്രഹിക്കാൻ ഈ കൃതി സഹായകമാണ്. (2) *ആത്മകഥ*[2]: "ഏററുപറച്ചിൽ" എന്ന പേരിൽ അറിയപ്പെടുന്ന ഈ മനോഹര കൃതി

1. Dialogues
2. Confessions



അഗസ്റ്റിൻെറ ആത്മകഥയാണ്. എന്നാൽ ഒരു താത്വിക, ദൈവശാസ്ത്ര, മിസ്റ്റിക്കൽ, കാവ്യാത്മക കൃതിയായും ഇതു കാണാൻ കഴിയും. അഗസ്റ്റിൻെറ മററ് കൃതികളേക്കാൾ കൂടുതലായി ഈ കൃതി പഠനവിഷയമായിട്ടുണ്ട്. ക്രി. വ. 397 ഏപ്രിൽ നാലിനും 400-ാമാണ്ടിനും ഇടയ്ക്കാണ് "കൺഫഷൻസ്" എഴുതപ്പെട്ടത്. "സ്തുതിപ്പുകൾ" എന്ന ആശയം ഗ്രന്ഥത്തിലുടനീളം കാണാം. ഗ്രന്ഥത്തെ ഒന്നാക്കി നിർത്തുന്നതും ഇതാണ്. "ഏററുപറച്ചിൽ" എന്നു പറയുന്നതിനേക്കാൾ "സ്തുതിപ്പുകൾ" എന്നു വിളിക്കുന്നതായിരിക്കും ഈ ഗ്രന്ഥത്തിനു ചേരുന്നത്. ആദ്യത്തെ ഒൻപതു് അധ്യായങ്ങൾ മാനസാന്തരം വരെയുള്ള കാര്യങ്ങൾ വിവരിക്കുന്നു. ചരിത്രസംഭവങ്ങൾ നടന്ന രീതിയിൽ തന്നെ വരച്ചുകാട്ടുന്നു. പത്തു മുതൽ പതിമൂന്നു വരെയുള്ള ഭാഗങ്ങൾ പിന്നീട് കൂട്ടിച്ചേർത്തതാണ്. സന്യാസിയും മെത്രാനുമായ അഗസ്റ്റിനാണ് രണ്ടാം ഭാഗത്തിൻെറ കർത്താവ്. ഈ കൃതിയുടെ "ചരിത്രപരത" ആരും നിഷേധിക്കുന്നില്ല. എന്നാൽ വിവരണരീതിയിൽ വ്യത്യാസം ഉണ്ട്. അതിൻെറ കാരണം എന്താണെന്ന് പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.[3] (3) *പിൻവലിക്കൽ*[4]: അഗസ്ററിൻെറ കൃതികളെപ്പററി പഠിക്കാൻ വളരെ സഹായകമാണ് "പിൻവലിക്കൽ" എന്ന ഈ ഗ്രന്ഥം; അവ രചിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച ചൈതന്യവും മതപരമായ കാരണവും ഇതിൽനിന്നു ഗ്രഹിക്കാൻ കഴിയും. തൻെറ കൃതികളെക്കുറിച്ച് വൃദ്ധനായ ഗ്രന്ഥകാരൻ നടത്തുന്ന ആത്മപരിശോധനയാണിതു്. തൻെറ അവസാനത്തെ "കൺഫഷൻസ്" ആയി ഇതിനെ കരുതാം. (4) *പ്രസംഗം 355–356:* ആഫ്രിക്കയിൽ എത്തിയതിനു ശേഷം മെത്രാനാകുന്നതിനു മുമ്പുള്ള കാലഘട്ടം മനസ്സിലാക്കാൻ ഈ രണ്ടു പ്രസംഗങ്ങൾ സഹായകമാണ്. 425 ഡിസംബർ 25 നും 426 ദനഹായ്ക്കുശേഷവും അദ്ദേഹം നടത്തിയവയാണ് ഈ പ്രസംഗങ്ങൾ. ഹിപ്പോയിലെ ആശ്രമത്തെപ്പററിയും അവിടത്തെ സന്യാസ ജീവിതത്തെപ്പററിയും ഉള്ള വിവരങ്ങൾ ഇവയിൽനിന്നു നമുക്കു ലഭിക്കുന്നു. (5) പൊസ്സീദിയൂസ് രചിച്ച *"വിശുദ്ധ അഗസ്ററിൻെറ ജീവചരിത്രം"*[5]: അഗസ്റ്റിൻെറ മരണശേഷം 431 നും 439 നും ഇടയ്ക്കു് പൊസ്സീദിയൂസ് ഇതു രചിച്ചു. അഗസ്റ്റിനുമായി നേരിട്ട് ഇടപെട്ടതുവഴി ലഭിച്ച അറിവും, ഹിപ്പോയിലെ അഗസ്ററിൻെറ ഗ്രന്ഥ

3. *NPNF*[1]. p. 27–207; *FC*. 21 (1953).
4. Retractationes
5. Vita s. Augustini; *FC*. 15 (1952) 67–124.

www.malankaralibrary.com



ശേഖരവും ഇതിനായി അദ്ദേഹം ഉപയോഗിച്ചിട്ടുണ്ട്.
അഗസ്റ്റിൻ വൈദികനായതു മുതൽ മരിക്കുന്നതുവരെയുള്ള കാര്യ
ങ്ങൾ ഗ്രഹിക്കാൻ ഈ ജീവചരിത്രം വളരെ അത്യാവശ്യമാണ്.

അഗസ്റ്റിന്റെ ജീവിതത്തെ മൂന്നായി തിരിക്കാം. (1)
ജനനം മുതൽ മാനസാന്തരം വരെ (354_386); (2) മാനസാന്തരം
മുതൽ മെത്രാഭിഷേകം വരെ (386_96); (3) മെത്രാഭിഷേകം
മുതൽ മരണംവരെ (396_430).

*1. ജനനം മുതൽ മാനസാന്തരംവരെ* (354_386):
റോമൻ സാമ്രാജ്യത്തിലെ നമീഡിയായിലെ തഗാസ്തേയിൽ
354 നവംബർ 13 ന് പട്രീഷ്യസിന്റെയും മോനിക്കയുടെയും
(മൂത്ത) മകനായി അഗസ്റ്റിൻ ജനിച്ചു. പട്രീഷ്യസ് മുൻസിപ്പൽ
കൗൺസിലറും ചെറിയ എസ്റ്റേററ് ഉടമയുമായിരുന്നു. അമ്മ
ക്രിസ്ത്യാനിയായിരുന്നെങ്കിലും പിതാവ് അക്രൈസ്തവനായി
രുന്നു. ആഫ്രിക്കയിലെ ടുണീഷ്യയിലുള്ള "സുഖ് അഹ
വാസ്" എന്ന പേരിലാണ് തഗാസ്തെ ഇന്നറിയപ്പെടുന്നത്.
പട്രീഷ്യസ് തന്റെ മരണത്തിനു മുൻപ് ക്രിസ്ത്യാനി
ആയി. ജന്മംകൊണ്ടും ജാതികൊണ്ടും അഗസ്ററിൻ ആഫ്രി
ക്കക്കാരനായിരുന്നു. എന്നാൽ ഭാഷ, സംസ്കാരം എന്നിവയിൽ
അദ്ദേഹം റോമാക്കാരനായിരുന്നു. ജന്മസ്ഥലമായ തഗാസ്തെ
സമീപനഗരമായ മദൗരാ, പ്രൊവിൻഷ്യൽ തലസ്ഥാനമായ
കാർത്തേജ് എന്നിവിടങ്ങളിൽ അദ്ദേഹം വിദ്യാഭ്യാസം
നടത്തി. നാട്ടുകാരനായ റൊമാനിയാനുസിന്റെ സഹായം
കൊണ്ടാണ് കാർത്തേജിൽ പോയി പഠിക്കാൻ അഗസ്ററിനു
കഴിഞ്ഞത്. അതിനുശേഷം അഗസ്ററിൻ തഗാസ്തേയിൽ
വ്യാകരണവും (374) കാർത്തേജിലും (375_83), റോമിലും
(384) മിലാനിലും (384_6) പ്രഭാഷണകലയും പഠിപ്പിച്ചു.
ലത്തീൻ ഭാഷയിലും സാഹിത്യത്തിലും അദ്ദേഹത്തിന് അഗാധ
പാണ്ഡിത്യം ഉണ്ടായിരുന്നു. എന്നാൽ ഗ്രീക്കിൽ അത്ര ആഴ
മായ അറിവില്ലായിരുന്നു. അതുപോലെ, ആഫ്രിക്കയിലെ
സാധാരണക്കാരുടെ ഭാഷയായ പ്യൂണിക് ഭാഷയും വശമില്ലാ
യിരുന്നു.

അഗസ്ററിന്റെ അമ്മയായ മോനിക്ക മകന് ചെറുപ്പം
മുതൽ തന്നെ ക്രിസ്തീയവിദ്യാഭ്യാസം നൽകിക്കൊണ്ടിരുന്നു.
അക്കാരണത്താൽ അഗസ്ററിൻ ഉള്ളിന്റെ ഉള്ളിൽ എന്നും
ക്രിസ്ത്യാനിയായി ജീവിച്ചു. 19_ാം വയസ്സിൽ കത്തോലിക്കാ
വിശ്വാസം തള്ളിപ്പറഞ്ഞപ്പോഴും ആന്തരികമായി അദ്ദേഹം
ക്രിസ്ത്യാനിയായിരുന്നു.



ബുദ്ധിരാക്ഷസനായിരുന്ന അഗസ്റ്റിൻ ഒരു വലിയ സത്യാ
ന്വേഷിയായിരുന്നു. നിരന്തരമായ ആന്തരികസംഘട്ടന
ത്തിന്റെ (373_86) അന്ത്യത്തിലാണ് അദ്ദേഹം സത്യത്തിലെ
ത്തിച്ചേർന്നത്. ഇതിന് സിസറോയുടെ "ഹൊർതെൻസ്യൂസ്"
എന്ന കൃതി വഴിതെളിച്ചു. 373_ൽ ഈ കൃതി വായിക്കാനിട
യായ അഗസ്റ്റിൻ ജീവിതപരിവർത്തനത്തിന്റെ ആദ്യ ചവിട്ടു
പടിയായി പിൽക്കാലത്ത് ഈ ഗ്രന്ഥത്തെ കരുതി. ജീവിത
വീക്ഷണത്തിൽ മാററം വരുത്താൻ ഈ ഗ്രന്ഥം പ്രചോദനം
നൽകി, ഇത് അദ്ദേഹത്തിൽ വിജ്ഞാനദാഹം ഇളക്കി വിട്ടു.
അതോടനുബന്ധിച്ച് വിശുദ്ധ ഗ്രന്ഥം വായിച്ചെങ്കിലും അത്
അനാകർഷകമായി അക്കാലത്ത് അനുഭവപ്പെട്ടു.

അതിനുശേഷം അദ്ദേഹം മാനിക്കേയൻ നേതാക്കന്മാരുടെ
പിറകെപോയി. മാനിക്കേയൻ മതത്തിൽ അംഗമാകാൻ പേരെ
ഴുതിച്ച് അവരുടെ ചർച്ചകളിലൊക്കെ അദ്ദേഹം സംബന്ധിച്ചു.
അടിസ്ഥാനപരമായി ദ്വൈതവാദം ആയിരുന്നു മാനിക്കേ
യിസം. രണ്ടു പരമതത്വങ്ങളിൽ മാനിക്കേയർ വിശ്വസിച്ചു.
'നന്മയുടെയും തിന്മയുടെയുമായ രണ്ടു പരസ്പര വിരുദ്ധശക്തികൾ
പ്രപഞ്ചഭരണം നടത്തുന്നു. ഈ രണ്ടു വിരുദ്ധശക്തികളും ഇവ
തമ്മിലുള്ള പോരാട്ടവും നിത്യമാണ്. മനുഷ്യനിലെ പ്രകാശ
നിർമ്മിതമായ ആത്മാവിനെ നന്മ സൃഷ്ടിക്കുന്നു; ക്ഷയപദാ
ർത്ഥോല്പന്നമായ ശരീരത്തെ തിന്മയും. ഭൗതിക മണ്ഡലത്തിലെ
നന്മതിന്മകൾ ഈ രണ്ടു പരമതത്വങ്ങളുമായി ബന്ധപ്പെട്ടിരി
ക്കുന്നു' എന്നു തുടങ്ങിയവയാണു മാനിക്കേയൻ തത്വങ്ങൾ.
അഭൗമികമായ ഒന്നിനെപ്പററിയും ചിന്തിക്കാൻ കഴിയാതിരുന്ന
അഗസ്റ്റിന് എന്തുകൊണ്ടോ ആരംഭത്തിൽ മാനിക്കേയിസം സ്വീ
കാര്യമായി അനുഭവപ്പെട്ടു. വിശ്വാസത്തെ മാററിനിർത്തിക്കൊ
ണ്ടുള്ള റാഷനലിസവും, പഴയനിയമത്തെ ഒഴിവാക്കിക്കൊണ്ട്
കേവലവും ആത്മീയവുമായ ക്രിസ്തുമതം ഏററുപറയുന്നതും,
തിന്മയ്ക്കു മാനിക്കേയർ നൽകിയ പരിഹാര നിർദ്ദേശങ്ങളും അഗ
സ്റ്റിനെ അവരുടെ സ്നേഹിതനാക്കി.

ഉറച്ച ബോധ്യം ഉണ്ടായതിന്റെ വെളിച്ചത്തിലല്ല അഗസ്
ററിൻ മാനിക്കേയനായത്. അവർ വാഗ്ദാനം ചെയ്ത വിജ്ഞാനം
ലഭിക്കും എന്ന ധാരണയാണ് അദ്ദേഹത്തെ കുറേനാൾ അതിൽ
പിടിച്ചുനിർത്തിയത്. അക്കാലഘട്ടത്തിൽ അദ്ദേഹം ഒരു കത്തോ
ലിക്കാ വിരുദ്ധനായിരുന്നു. റാഷനലിസം, ഭൗതികവാദം,
ദ്വൈതവാദം എന്നീ മാനിക്കേയൻ തത്വങ്ങൾ അദ്ദേഹം
സ്വീകരിച്ചിരുന്നു. എന്നാൽ തുടർന്നുള്ള താത്വികപഠനങ്ങൾ
അദ്ദേഹത്തിന് പുനർവിചിന്തനത്തിനവസരം നൽകി. മാനി

www.malankaralibrary.com



ക്കേയൻ തത്വങ്ങളുടെ പൊള്ളത്തരം കൂടുതൽക്കൂടുതൽ അദ്ദേഹം മനസ്സിലാക്കി. വിശദീകരിക്കാനോ പരിഹാരം നല്കാനോ കഴിയാത്ത നിരവധി പ്രശ്നങ്ങൾ മാനിക്കേയൻ മതത്തിൽ അദ്ദേഹത്തിന് അനുഭവപ്പെട്ടു. ഫൗസ്ത്തൂസ് എന്ന മാനിക്കേയൻ മെത്രാന്റെ വിശദീകരണങ്ങളൊന്നും തൃപ്തികരമായിരുന്നില്ല. ഏതാണ്ട് എട്ടുവർഷക്കാലത്തെ മാനിക്കേയൻ ജീവിതം പിന്നീട് അർത്ഥശൂന്യമായി അഗസ്റ്റിന് അനുഭവപ്പെട്ടു.

മാനിക്കേയൻമതം ഉപേക്ഷിച്ചിട്ടും അഗസ്റ്റിൻ കത്തോലിക്കാ വിശ്വാസത്തിലേക്കു തിരിച്ചുവന്നില്ല. മററ് താത്വികരുടെ പിന്നാലെയും പോയില്ല. മറിച്ച് അദ്ദേഹം സന്ദേഹവാദിയായി[6] മാറി. മിലാനിൽ ആയിരിക്കവെ വി.അംബ്രോസിന്റെ പ്രസംഗങ്ങൾ കേൾക്കാനിടയായത് ഒരു പുതിയ വഴിത്തിരിവായി. മാനിക്കേയിസത്തിൽ നിന്നുടലെടുത്ത പ്രശ്നങ്ങളൊക്കെ അവിടെ പരിഹരിക്കപ്പെട്ടു. പഴയനിയമ വ്യാഖ്യാനരീതികൾ അഗസ്റ്റിൻ മനസ്സിലാക്കി. അംബ്രോസിന്റെ പ്രസംഗങ്ങൾ അദ്ദേഹത്തെ ചിന്തിപ്പിച്ചു. വിജ്ഞാനസമ്പാദനത്തിന് വിശ്വാസത്തിന്റെ ആവശ്യകതയെപ്പററിയുള്ള ബോധ്യം കൂടുതൽക്കൂടുതൽ അദ്ദേഹത്തിന് അനുഭവപ്പെട്ടു. വിശ്വാസത്തിന്റെ ആധാരം വിശുദ്ധ ഗ്രന്ഥമാണ് എന്ന നിഗമനത്തിലും അദ്ദേഹം എത്തിച്ചേർന്നു. സഭയിലൂടെയാണ് ക്രിസ്തുവിലേക്കെത്തേണ്ടത് എന്ന ബോധ്യവും അദ്ദേഹത്തിനുണ്ടായി.

പ്ലേറേറാണിസ്ററ് താത്വികരും അഗസ്ററിന്റെ മാനസാന്തരത്തിനു വഴിതെളിച്ചു എന്നുപറയപ്പെടുന്നു. എന്നാൽ പ്ലേറേറാണിസ്ററ് ഗ്രന്ഥങ്ങളുടെ പാരായണത്തിനു മുൻപുതന്നെ വിശ്വാസത്തിന്റെ കാരണം[7] അംബ്രോസിൽനിന്നു് അദ്ദേഹം ഗ്രഹിച്ചിരുന്നു. എന്നാൽ വിശ്വാസത്തിന്റെ ഉള്ളടക്കം[8] ഗ്രഹിച്ചത് പില്ക്കാലത്താണ്. അത് ഭാഗികമായി വ്യക്തമാക്കാൻ പ്ലേറേറാണിസ്ററുകൾ സഹായിച്ചു എന്നു കരുതുന്നവരുണ്ട്. നിരവധി പ്രശ്നങ്ങൾ നിലനിന്നുവെങ്കിലും, മാനസാന്തരത്തോടുകൂടി ക്രിസ്തുവിന്റെ ആധികാരികതയിൽ അദ്ദേഹം അടിയുറച്ചുനിന്നു; അതായത് ക്രിസ്തുവിന്റെ തുടർച്ചയായ സഭയുടെ അധികാരത്തിൽ. താത്വിക പ്രശ്നങ്ങളിൽ ചിലത് – ഭൗതികവാദവും തിന്മയുടെ ഉറവിടവും[9] – പ്ലേറേറാണിസ്ററുകൾ പരിഹരിച്ചു: പ്ലേറേറാണിസ്ററ് ചിന്തകരുടെ ചുവടുപിടിച്ച് ഭൗതികവാദത്തെ അദ്ദേഹം ജയിച്ചു. തന്റെ ഉള്ളിലുള്ള സത്യത്തിന്റെ ബൗദ്ധികപ്രകാശത്തെ കണ്ടെത്തിക്കൊണ്ടാണ് ഭൗതികവാദത്തെ ജയിച്ചത്. നന്മയുടെ അഭാവമാണ് തിന്മ എന്ന യാഥാർത്ഥ്യം രണ്ടാമത്തെ പ്രശ്നവും പരിഹരിച്ചു. എന്നിട്ടും "മധ്യസ്ഥതയും കൃപയും"[10] എന്ന പ്രശ്നം അവശേഷിച്ചു. അതിനായി അഗസ്ററിൻ, പൗലോസിലേക്കു തിരിഞ്ഞു. ക്രിസ്തു പ്രബോധകൻ മാത്രമല്ല, രക്ഷകൻ കൂടിയാണ് എന്ന് അദ്ദേഹം കണ്ടെത്തി. ഇത്രയും ഒക്കെ പാതതെളിഞ്ഞപ്പോൾ കത്തോലിക്കാ വിശ്വാസത്തിലേക്കുള്ള തിരിച്ചുവരവ് സുഗമമായി.

6. Sceptic
7. motive of faith
8. Content of faith
9. materialism and the nature of evil



താത്വിക പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടപ്പോൾ പിന്നെ അവശേഷിച്ചത് പ്രായോഗികപ്രശ്നമാണ്: അതായത്, വിജ്ഞാനത്തിന്റെ ക്രൈസ്തവമാതൃക അനുസരിച്ച് ജീവിക്കാനുതകുന്ന പാത തെരഞ്ഞെടുക്കൽ; ഇതിനായി ലൗകികനേട്ടങ്ങളും വിവാഹ ജീവിതവും ഉപേക്ഷിക്കേണ്ടതാവശ്യമാണോ എന്ന പ്രശ്നം. ഉദ്യോഗം ഉപേക്ഷിക്കുക ശ്രമകരമായിരുന്നില്ല. എന്നാൽ വിവാഹജീവിതം വേണ്ടെന്നു വയ്ക്കുക അദ്ദേഹത്തിനു ബുദ്ധിമുട്ടുള്ള കാര്യമായിരുന്നു. അക്കാലത്തെ റോമൻ രീതിയനുസരിച്ച്, ചെറുപ്പകാലത്തെ വികാരനിയന്ത്രണാർത്ഥം അഗസ്ററിൻ പതിനേഴാം വയസ്സിൽ ഒരു സ്ത്രീയെ കൂടെ താമസിപ്പിച്ചിരുന്നു. അവളിൽ നിന്ന് അഗസ്ററിനു് ഒരു മകനുണ്ടായി. "ദൈവദാനം" എന്നർത്ഥം വരുന്ന അദെയോദാത്തൂസ് എന്ന് അഗസ്ററിൻ അവനു പേരിട്ടു. 389നും 391നും ഇടയ്ക്കു ആ കുട്ടി മരിച്ചുപോയി. ആ സ്ത്രീയോട് അഗസ്ററിൻ വിശ്വസ്തത പുലർത്തി. വളരെ സുദീർഘമായ പ്രാർത്ഥനയുടെയും പരിചിന്തനത്തിന്റെയും ശേഷം, ദൈവത്തിൽ നിന്നുള്ള പ്രത്യേകമായ കൃപയുടെ സഹായത്താൽ വിവാഹ ജീവിതം വേണ്ടെന്നുവയ്ക്കാൻ അഗസ്ററിൻ തീരുമാനിച്ചു. 386 ആഗസ്ററ് ആദ്യമാണിതു നടന്നത്.

*2. മാനസാന്തരം മുതൽ മെത്രാഭിഷേകം വരെ* (386–96): മാനസാന്തരം മുതൽ മെത്രാഭിഷേകം വരെയുള്ള പത്തുവർഷക്കാലം ആഴമായ ആധ്യാത്മിക ജീവിതത്തിന്റെയും ദൈവശാസ്ത്രപഠനത്തിന്റെയും കാലഘട്ടമായിരുന്നു. ഉദ്യോഗവും വൈവാഹികജീവിതവും ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ട് സ്നാനത്തിന് ഒരുങ്ങാനായി 386 ഒക്ടോബർ അവ

10. mediation and grace

www.malankaralibrary.com



സാനത്തോടുകൂടി *കാസ്സിച്ചിയാകും* എന്ന സ്ഥലത്തേക്ക് അദ്ദേഹവും കൂടെയുള്ളവരും പോയി. ബ്രിയാൻസായിലെ കസ്സാഗോ ആയിരിക്കാം ഈ സ്ഥലം. മാർച്ച് ആരംഭത്തിൽ അവർ മിലാനിൽ തിരിച്ചെത്തി സ്നാനാർത്ഥികളുടെ കൂടെ പേര് രജിസ്റ്റർ ചെയ്തു. അവിടെ സ്നാനാർത്ഥികൾക്ക് അംബ്രോസ് നൽകിക്കൊണ്ടിരുന്ന ക്ലാസ്സുകളിൽ സംബന്ധിച്ചു. സ്നേഹിതനായ അലീപ്പിയൂസ്, പുത്രനായ അദെയോദാത്തൂസ് എന്നിവരോടൊപ്പം 387 ഏപ്രിൽ 24/25 ന് ഉയിർപ്പിന്റെ തലേരാത്രിയിൽ അംബ്രോസിൽ നിന്ന് സ്നാനം സ്വീകരിച്ചു. ശിഷ്ടായുസ് ദൈവശുശ്രൂഷയിൽ ജീവിക്കാനായി ഈ ചെറിയ സമൂഹം ആഫ്രിക്കയിലേക്ക് പോകുവാൻ തീർച്ചയാക്കി. ആഗസ്റ്റിനു മുൻപ് അവർ മിലാൻ വിട്ടു. റോമിനടുത്തുള്ള ചെറിയ തുറമുഖമായ ഓസ്റ്റിയയിൽ എത്തിയപ്പോൾ അമ്മയായ മോനിക്കാ രോഗഗ്രസ്തയായി മരണമടഞ്ഞു. അമ്മയുടെ മരണശേഷം അഗസ്റ്റിൻ റോമിലേക്ക് മടങ്ങി, 388 ജൂലൈ/ആഗസ്റ്റു വരെ അവിടെ തങ്ങി. അവിടെ വച്ച് സന്യാസജീവിതം പരിശീലിക്കുകയും ഗ്രന്ഥരചനയിൽ വ്യാപൃതനാകുകയും ചെയ്തു. അതിനുശേഷം ആഫ്രിക്കയിലെ തഗാസ്റ്റെയിലെത്തി സന്യാസജീവിതം തുടർന്നു. ഒരാശ്രമം സ്ഥാപിക്കാനുള്ള ഇടം തേടി 391-ൽ ഹിപ്പോയിലെത്തിയ അഗസ്റ്റിനെ സ്ഥലത്തെ മെത്രാൻ ഒരു വൈദികനായി വാഴിക്കാൻ തീരുമാനിച്ചു. മനസ്സില്ലാമനസ്സോടെയാണ് അഗസ്റ്റിൻ വൈദികനാകാൻ സമ്മതിച്ചത്. വൈദികനായശേഷം സന്യാസാശ്രമം തുടങ്ങാനുള്ള അനുവാദം വാങ്ങി ആശ്രമജീവിതം തുടങ്ങി; താപസ്സകർമ്മങ്ങൾ നിറഞ്ഞ ജീവിതം നയിച്ചുകൊണ്ട് ദൈവശാസ്ത്രഗ്രന്ഥരചനയിലും സുവിശേഷ പ്രസംഗത്തിലും മുഴുകി. 395/6-ൽ അഗസ്റ്റിൻ സഹായമെത്രാനായി വാഴിക്കപ്പെട്ടു; 397 മുതൽ അദ്ദേഹം ഹിപ്പോയിലെ മെത്രാനായി. തന്റെ സന്യാസസമൂഹം വിട്ട് മെത്രാന്റെ അരമനയിലേക്ക് മാറി താമസിക്കാൻ അദ്ദേഹം നിർബന്ധിതനായി. എന്നാൽ മെത്രാന്റെ വസതിയിലും വൈദികസമൂഹത്തിന്റേതായ ഒരു സന്യാസ സമൂഹം തുടങ്ങി.

### 3. *മെത്രാഭിഷേകം മുതൽ മരണം വരെ* (396-430)

ഹിപ്പോരൂപതാധ്യക്ഷൻ എന്ന നിലയിലും ആഫ്രിക്കൻ സഭയിലെ സമുന്നതനായ സഭാനേതാവ് എന്ന നിലയിലും അന്നത്തെ കത്തോലിക്കാസഭയിലെ ഏററവും പ്രഗത്ഭനായ നേതാവ് എന്ന നിലയിലും തിരക്കു പിടിച്ച ഒരു ജീവിതമായിരുന്നു അഗസ്റ്റിന്റേത്. ശനിയാഴ്ചയും ഞായറാഴ്ചയും



പതിവായി അദ്ദേഹം പ്രസംഗിച്ചിരുന്നു; ചില കാലങ്ങളിൽ തുടർച്ചയായി എല്ലാദിവസവും, ചിലപ്പോൾ ദിവസത്തിൽ രണ്ടുപ്രാവശ്യവും അദ്ദേഹം പ്രസംഗിച്ചു. രൂപതയിലെ ജനങ്ങളുടെ ആവലാതികളും പരാതികളും കേട്ട് പരിഹാരം നിർദ്ദേശിക്കാൻ അദ്ദേഹം സമയം കണ്ടെത്തി. പാവപ്പെട്ടവരെയും അനാഥരെയും സംരക്ഷിക്കുന്ന ചുമതല, വൈദികപരിശീലനം, സ്ത്രീകൾക്കും പുരുഷന്മാർക്കുമുള്ള സന്യാസ സമൂഹങ്ങളുടെ രൂപീകരണം, രോഗീസന്ദർശനം, വിശ്വാസികളെപ്രതി സിവിൽ അധികാരികളുടെ സമക്ഷമുള്ള നിവേദനങ്ങൾ, സഭയുടെ ഭൗതികസ്വത്തുക്കളുടെ ഭരണം, എന്നിവ സാധാരണ രൂപതാജോലികളിൽ പെടുന്നു.

കാർത്തേജിൽ വച്ച് നടന്ന ആഫ്രിക്കൻ മെത്രാന്മാരുടെ സിനഡുകളിൽ പങ്കെടുക്കാൻ അദ്ദേഹത്തിന് നീണ്ട യാത്രകൾ നടത്തേണ്ടിവന്നു. സഭയുടെ വിവിധഭാഗങ്ങളിൽ നിന്നു വന്നുകൊണ്ടിരുന്ന കത്തുകൾക്കുള്ള മറുപടി തയ്യാറാക്കേണ്ടതുണ്ടായിരുന്നു. വിശ്വാസത്തെ വിശകലനം ചെയ്തുകൊണ്ടുള്ള കൃതികൾ രചിച്ചു. വിശ്വാസത്തിൽ മായം ചേർത്തവരും വിഷം കലർത്തിയവരുമായ വിവിധ അബദ്ധോപദേശകർക്കെതിരെ അദ്ദേഹം പ്രസംഗിക്കുകയും എഴുതുകയും ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്തു: മാനിക്കേയർ, ഡൊണാററിസ്റ്റുകാർ, പെലാജിയർ, ആര്യർ, പുറജാതിക്കാർ എന്നിവർക്കെതിരെയാണ് അദ്ദേഹം സത്യവിശ്വാസത്തിന്റെ ദീപശിഖ ഉയർത്തിക്കാട്ടിയത്. കത്തോലിക്കരും ഡൊണാററിസ്റ്റുകാരും തമ്മിൽ 411-ൽ നടന്ന ചർച്ചയ്ക്ക് നേതൃത്വം നൽകിയത് അഗസ്റ്റിനായിരുന്നു. പെലാജിയൻ, ഡൊണാററിസ്റ്റ് തർക്കങ്ങളിൽ അദ്ദേഹം സജീവമായി പങ്കെടുത്തു. അദ്ദേഹത്തിന്റെ മരണാവസരം മൂന്നു പ്രധാനകൃതികൾ അപൂർണമായ രീതിയിൽ അവശേഷിച്ചിരുന്നു. "ജൂലിയനെതിരെയുള്ള രണ്ടാം മറുപടി" അവയിൽ ഒന്നായിരുന്നു. ലേഖനം 228 ആണ് അഗസ്റ്റിന്റെ അവസാനകൃതി. വാൻഡൽ അപരിഷ്കൃതർ ഹിപ്പോ ആക്രമിച്ചിട്ട് അപ്പോൾ മൂന്നുമാസമായിരുന്നു. ഇതിനെ എപ്രകാരം നേരിടണം എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് തന്റെ വൈദികർക്കെഴുതുന്നതാണ് ഈ കത്ത്.

ക്രി. വ. 430 ആഗസ്റ്റ് 28 ന് അഗസ്റ്റിൻ മരിച്ചു. ഹിപ്പോയിലെ *ബസിലിക്കാ പാചിസ്* എന്ന കത്തീഡ്രലിൽ അടക്കം ചെയ്ത ശരീരം സർദീനിയായിലേക്കും ക്രി. വ. 725-

www.malankaralibrary.com



നോട്ടുകൂടി ഇററലിയിലെ പാവിയായിലേക്കു നീക്കപ്പെട്ടു. പാവിയായിലെ "സാൻ പിയെത്രോ ഇൻ ചിയേൾ ദ്ഓരോ" ബസിലിക്കായിൽ ഇപ്പോൾ അതു സ്ഥാപിച്ചിരിക്കുന്നു.

## കൃതികൾ

അഗസ്റ്റിന്റെ '*റെത്രാക്താസ്യോണെസും*' (പിൻവലിക്കൽ) പൊസ്സീദിയുസിന്റെ *ഇൻദികുളുസും* (പട്ടിക) കൃതികളുടെ പട്ടികകൾ നൽകുന്നു. എന്നാൽ രണ്ടും അപൂർണ്ണമാണ്. റെത്രാക്താസ്യോണെസ് എഴുതാൻ 412 ലേ അഗസ്റ്റിൻ പദ്ധതിയിട്ടെങ്കിലും 426/7-ൽ മാത്രമേ തുടങ്ങിയുള്ളൂ. തന്റെ കൃതികളെക്കുറിച്ചുള്ള ഒരു സൂക്ഷ്മാവലോകനമാണ് ഈ കൃതി. പുസ്തകങ്ങൾ, ലേഖനങ്ങൾ, പ്രതിപാദനങ്ങൾ എന്നിങ്ങനെ മൂന്നായിട്ടാണ് അഗസ്റ്റിൻ തന്റെ കൃതികളെ തിരിച്ചിരിക്കുന്നത്. പുസ്തകങ്ങൾ മാത്രം അപഗ്രഥിക്കാനേ അഗസ്റ്റിനു കഴിഞ്ഞുള്ളൂ. 232 എണ്ണം: 93 കൃതികൾ 232 പുസ്തകങ്ങളിലായി ഉണ്ടായിരുന്നു എന്നു സാരം. അവ എഴുതിയ കാലക്രമം അനുസരിച്ചാണ് അദ്ദേഹം അവയെ അപഗ്രഥിക്കുന്നത്. ലേഖനങ്ങളും പ്രതിപാദനങ്ങളും അപഗ്രഥിക്കാൻ അദ്ദേഹത്തിനു സമയം ലഭിച്ചില്ല. അഗസ്റ്റിന്റെ ചിന്താപരമായ വളർച്ച ഗ്രഹിക്കാൻ ഈ അപഗ്രഥനം സഹായിക്കും.[11] പൊസ്സീദിയുസിന്റെ പട്ടികയിൽ മൊത്തം 1030 പുസ്തകങ്ങളും ലേഖനങ്ങളും പ്രതിപാദനങ്ങളും ഉണ്ട്. എന്നാൽ നമ്പരിടാത്ത പല ഗ്രന്ഥങ്ങളും പൊസ്സീദിയുസ് ചേർത്തില്ല. അതായത് ഹിപ്പോയിലെ ഗ്രന്ഥശേഖരത്തിൽ ഉള്ള ഗ്രന്ഥങ്ങളുടെ നമ്പരിനെപ്പററിയാകാം പൊസ്സീദിയുസ് സൂചിപ്പിക്കുന്നത്. അഗസ്റ്റിൻ നൽകുന്ന വിഭജന രീതിതന്നെ പൊസ്സീദിയുസും സ്വീകരിച്ചിരിക്കുന്നു.

### *1. പുസ്തകങ്ങൾ*

#### 1. ആദ്ധ്യാത്മിക കൃതികൾ

'കൺഫഷൻസും' (ആത്മകഥയും) 'പിൻവലിക്കലുകളും' ഈ ഗണത്തിൽ ഉൾപ്പെടുന്നു.[12]

11. *FC*. 60 (1968) 1–322.
12. *NPNF*.[1] 1: 27–207; *FC*. 21; *FC*. 15: 67–124.



#### 2. താത്ത്വിക കൃതികൾ

*സംവാദങ്ങൾ* (Dialogues) അഗസ്റ്റിന്റെ തത്ത്വശാസ്ത്രപരമായ കൃതികളാണ്. മാനസാന്തരത്തിനും വൈദികാഭിഷേകത്തിനും ഇടയിൽ (386-91) കാസ്സിചിയാകും, മിലാൻ, റോം, തഗാസ്തെ എന്നിവിടങ്ങളിൽവച്ച് എഴുതിയിട്ടുള്ളതാണിവ. തത്ത്വശാസ്ത്രത്തിലെ പ്രമുഖ പ്രശ്നങ്ങൾ അവ ചർച്ച ചെയ്യുന്നു: ഉറപ്പ്, സന്തോഷം, ക്രമം, ആത്മാവിന്റെ അമർത്യതയും മഹത്ത്വവും, ദൈവാസ്തിത്വം, മനുഷ്യന്റെ സ്വാതന്ത്ര്യം, തിന്മയുടെ കാരണം, ആന്തരികാധ്യാപകൻ. – ഈ കൃതികൾ യൗവനകാലത്തു വിരചിതമാകയാൽ അവയുടെ വിശദീകരണങ്ങൾക്ക് നാം പിൽക്കാല കൃതികളിലേക്കു തിരിയേണ്ടതുണ്ട്.

a. *കാസ്സിചിയാകുമിൽ വച്ച് രചിച്ചവ*
(386 നവം.-387 മാർച്ച്)

1. 'പണ്ഡിതർക്കെതിരെ' അഥവാ 'പണ്ഡിതരെപ്പററി' മൂന്നു പുസ്തകങ്ങൾ
(*Contra Academicos* അഥവാ *De Academicis libri III*)

'സ്കെപ്റ്റിസിസം' എന്ന തത്ത്വചിന്താവിഭാഗത്തിനെതിരായി എഴുതിയിട്ടുള്ളതാണിത്. സത്യത്തിലെത്തിച്ചേരാൻ മനുഷ്യനു കഴിയും എന്ന പ്രതീക്ഷ മനുഷ്യനു നൽകുകയാണു ലക്ഷ്യം. (*FC* 1 (1948) 103–222; *ACW* 12 (1951).

2. സൗഭാഗ്യജീവിതം (*Beata Vita liber I*)

സൗഭാഗ്യകരമായ ജീവിതം, ദൈവത്തെക്കുറിച്ചുള്ള അറിവിൽ അടങ്ങിയിരിക്കുന്നു എന്നു ചൂണ്ടിക്കാട്ടുന്നു. 386 നവം. 13-15 നാണ് ഈ സംവാദം നടന്നത് (*FC*. 1(1948).

3. ക്രമീകരണം (*De Ordine libri II*)

ദൈവിക പരിപാലനയുടെ ക്രമീകരണത്തിൽ തിന്മ പ്രവേശിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ തുടങ്ങുന്നു. എന്നാൽ സംവാദത്തിലേർപ്പെട്ടവർക്ക് ഈ പ്രശ്നം ഉയർത്തിയ പ്രയാസങ്ങളുടെ വെളിച്ചത്തിൽ ക്രമീകരണത്തെപ്പററി വിവരിക്കയത്രെ ചെയ്യുക. (*FC*. 1. (1948).

4. ആത്മഗതം (*Soliloquium libri II*)

ദൈവത്തെ തേടിയുള്ള അന്വേഷണത്തിനും ദൈവത്തെ പ്രാപിക്കുന്നതിനും ഉള്ള നിബന്ധനകൾ ചർച്ച ചെയ്യുന്നു. ആത്മാ

www.malankaralibrary.com



വിന്റെ അമർത്ത്യതയ്ക്കു് ഒരു തെളിവു നൽകുന്നു. അതായതു്, അമർത്ത്യസത്യം ആത്മാവിൽ കുടികൊള്ളുന്നു (*NPNF*[1], 7, 538–563; *FC*.2 (1948).

## b. മിലാനിൽവച്ചു് രചിച്ചവ (സ്നാനത്തിനുമുമ്പ്)

5. ആത്മാവിന്റെ അമർത്ത്യത (*De immortalitate animae*)

മുൻ ഗ്രന്ഥത്തിന്റെ പൂർത്തീകരണമായി കുത്തിക്കുറിച്ച കുറേ നോട്ടുകളാണു് (*FC*. 2b. (1947) 1–47).

6. ശിക്ഷണഗ്രന്ഥം (*Disciplinarum libri*)

ഭൗതിക വസ്തുക്കളിൽനിന്നു് ദൈവത്തിലേക്കു് എപ്രകാരം ഉയരാൻ കഴിയുമെന്നും കഴിയണമെന്നും ചൂണ്ടിക്കാണിച്ചുകൊണ്ടു വാറോയുടെ മാതൃകയിൽ ഉള്ള വലിയൊരു എൻസൈക്ലോപേടിയ എഴുതാനാണു് അഗസ്റ്റിൻ ഉദ്ദേശിച്ചതു്. ഇതിൽ വ്യാകരണം (*De grammatica*) മാത്രമേ അദ്ദേഹം പൂർത്തിയാക്കിയുള്ളൂ; അതു് നഷ്ടപ്പെട്ടുപോയി. പിന്നീടു് സംഗീതം (*De musica*) കൂടി എഴുതി. ബാക്കിയുള്ള വിഷയങ്ങളെ കുറിച്ചുള്ള നോട്ടുകൾ മാത്രം തയ്യാറാക്കിയിരുന്നു. തർക്കശാസ്ത്രം (dialectics), പ്രഭാഷണകല (rhetoric), ക്ഷേത്രഗണിതം (geometry), കണക്കു് (arithmetic), തത്ത്വശാസ്ത്രം (philosophy). എന്നാൽ അതും നഷ്ടപ്പെട്ടുപോയി.

## c. റോമിൽവച്ചു് രചിച്ചവ (387–388 ആഗസ്റ്റ്)

7. ആത്മാവിന്റെ പരിമാണം (*De quantitate animae*)

ആത്മാവിനെ സംബന്ധിച്ച വിവിധ പ്രശ്നങ്ങൾ, പ്രത്യേകിച്ചു്, ആത്മാവിന്റെ ആത്മീയ സ്വഭാവം, നിർവൃതിയിലേക്കുള്ള അതിന്റെ കുതിക്കൽ എന്നിവ അദ്ദേഹം ചർച്ചചെയ്യുന്നു (*FC*. 26 (1947); *ACW* 9 (1950).

8. സ്വതന്ത്രമനസ്സ് (*De libero arbitrio libri III*)

ഈ കൃതിയുടെ രചന റോമിൽവച്ചു് ആരംഭിച്ചെങ്കിലും ഹിപ്പോയിൽവച്ചു് 391നും 395 നും ഇടയ്ക്കാണു് പൂർത്തിയാക്കിയതു്. തിന്മയുടെ ഉത്ഭവവും, സ്വാതന്ത്ര്യം, ധാർമ്മിക നിയമം, ദൈവാസ്തിത്വം, ദൈവത്തിന്റെ മുന്നറിവു് തുടങ്ങിയ ബന്ധപ്പെട്ട പ്രശ്നങ്ങളും ചർച്ചചെയ്യുന്നു. പെലാജിയൻ തർക്കത്തിനു മുമ്പും പിമ്പും ഉള്ള അഗസ്റ്റിന്റെ നിലപാടുകൾ ഗ്രഹിക്കാൻ ഈ കൃതി സഹായകമാണു് (*ACW*. 22 (1955); *FC*. 59. (1968) 63–241).



## d. തഗാസ്തെയിൽവച്ചു് രചിച്ചവ (388–391)

9. സംഗീതം (*De musica libri VI*)

താളം, അഥവാ ലയം[13] എന്ന വിഷയം ചർച്ചാവിഷയമാകുന്നു. സ്വരമാധുര്യത്തെപ്പറ്റി[14] മറ്റൊരു ഗ്രന്ഥംകൂടി രചിച്ചു് ഇതു് പൂർത്തിയാക്കാൻ അഗസ്റ്റിനു് പ്ലാനുണ്ടായിരുന്നു. (*FC*. 2b. (1948) 151–379).

10. പ്രബോധകൻ (*De magistro liber I*)

അഗസ്റ്റിനും മകനായ അദെയോദാത്തുസും തമ്മിലുള്ള സംവാദമാണിതു്. ആന്തരിക ഗുരുവായ ദൈവത്തിൽനിന്നു മാത്രമേ വിജ്ഞാനം ലഭിക്കൂ എന്നു ചൂണ്ടിക്കാണിക്കുന്നു (*ACW* 9 (1950); *FC*.59(1968) 1–61).

## 3. അപ്പോളൊജെററിക് കൃതികൾ

പുറജാതികൾക്കെതിരെ ക്രിസ്തീയ വിശ്വാസത്തെ ന്യായീകരിച്ചുകൊണ്ടും ബുദ്ധിയുടെ പേരിൽ വിശ്വാസത്തെ നിഷേധിച്ചവർക്കെതിരെയും രചിക്കപ്പെട്ട കൃതികൾ ഈ ഗണത്തിൽ പെടുന്നു.

1. സത്യമതം (*De Vera religione liber I*)

തഗാസ്തെയിൽവച്ചു് 390 ൽ ആണു് ഇതു് രചിച്ചതു്. ത്രിതൈക ദൈവത്തെ സത്യമതത്തിൽ മാത്രമേ ആരാധിക്കാൻ സാധിക്കൂ. പുറജാതികൾക്കോ പാഷണ്ഡർക്കോ ഇതവകാശപ്പെടാൻ സാധ്യമല്ല. കത്തോലിക്കാസഭയിൽ സത്യവിശ്വാസം നിലനില്ക്കുന്നതിനാൽ അവിടെ മാത്രമേ സത്യാരാധന നടക്കുന്നുള്ളൂ. മനിക്കേയൻ ദ്വൈതവാദം കഥയില്ലാത്തതാണു് വിശ്വാസത്തിന്റെ അധികാരംകൊണ്ടും ബുദ്ധിയുടെ പിൻബലംകൊണ്ടുമാണു് ദൈവം രക്ഷയിലേക്കു മനുഷ്യരെ ആനീതരാക്കുന്നതു്. *ദൈവനഗരം* എന്ന ഗ്രന്ഥത്തിലെ പല ആശയങ്ങളും ഇതിൽ ദർശിക്കാവുന്നതാണു്.

---

13. rhythm 14. melody.

www.malankaralibrary.com



2. വിശ്വസിക്കുന്നതിൻെറ പ്രയോജനം
*(De Utilitate credendi liber I)*

വൈദികനായശേഷം അഗസ്റ്റിൻ രചിച്ച ആദ്യകൃതിയാണിതു് (391). യുക്തിയും വിശ്വാസവും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നു. കത്തോലിക്കാവിശ്വാസം യുക്തിപരമാണ് എന്നു് ഇതിൽ അദ്ദേഹം സമർത്ഥിക്കുന്നു (*NPNF*[1]. 3. 347-366; *FC*. 2b (1948).

3. അദൃശ്യമായവയിലുള്ള വിശ്വാസം
*(De fide rerum quae non videntur liber I)*

ഇതിനു തൊട്ടു മുമ്പുള്ള ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയങ്ങളൊക്കെത്തന്നെയാണിതിലും. 399-നു ശേഷം എഴുതപ്പെട്ടു (*NPNF*.[1] 3. 337-343; *FC*. 2 b (1947) 445-469).

4. പൈശാചിക സേവ *(De divinatione daemonum liber I)*

പൈശാചികപ്രവചനങ്ങളെന്നു പറയുന്നവയും ബൈബിൾ പ്രവചനങ്ങളും തമ്മിലുള്ള താരതമ്യം നടത്തുന്ന ഈ കൃതി 406-8 ലാണ് എഴുതപ്പെട്ടതു്. (*FC*. 27 (1955) 417-440).

5. പുറജാതികളുടെ ചോദ്യങ്ങൾക്കുത്തരം
*(Quaestiones expositae contra Paganos VI)*

പൊർഫീരി എന്ന താത്വികൻ ഉന്നയിച്ച ആറു ചോദ്യങ്ങൾക്കുള്ള മറുപടിയായി 406 നും 412 നും ഇടയ്ക്കു് രചിച്ചതാണ് ഈ കൃതി. അഗസ്റ്റിൻെറ കത്തുകളുടെ കൂടെയാണ് (ലേഖനം 102) ഇതു് പ്രസിദ്ധീകരിച്ചിരിക്കുന്നതു്. ഉയിർപ്പ്, ക്രിസ്തുമതത്തിൻെറ കാലം, ക്രിസ്തീയബലിയും പുറജാതിക്കാരുടെ ബലിയും തമ്മിലുള്ള അന്തരം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നു. *ദൈവനഗരം* എന്ന ഗ്രന്ഥത്തിൽ നിരവധി താളുകൾ മേല്പറഞ്ഞ താത്വികനെതിരെ അഗസ്റ്റിൻ എഴുതിയിട്ടുണ്ട്. (*FC*. 18 (1953) 148-177).

6. ദൈവനഗരം *(De civitate Dei libri XXII)*

അഗസ്റ്റിൻെറ ഏററവും വലിയ കൃതിയും ഏററവും വിശിഷ്ടകൃതികളിൽ ഒന്നുമാണ് *ദൈവനഗരം* എന്ന കൃതി. താത്വികം, ദൈവശാസ്ത്രപരം, രാഷ്ട്രീയം എന്നീ ചിന്തകളുടെ ഒരു സമാഹാരമാണിതു്. ലോകസാഹിത്യത്തിലെയും ക്രൈസ്തവസാഹിത്യത്തിലെയും ഉൽകൃഷ്ടഗ്രന്ഥങ്ങളിൽ ഒന്നായി ഇതിനെ കണക്കാക്കാം. 413 നും 426 നും ഇടയ്ക്കാണ് ഇതു് എഴുതിയതു്. പല ഭാഗങ്ങളായി പലപ്പോഴായിട്ടാണ് അഗസ്റ്റിൻ ഇതു് പ്രസിദ്ധീകരിച്ചതു്: ആദ്യത്തെ മൂന്നു പുസ്തകങ്ങൾ 414 ലും, നാലും അഞ്ചും പുസ്തകങ്ങൾ 415 ലും ആറുമുതൽ പത്തുവരെയുള്ളവ 417 ലും പ്രസിദ്ധീകരിച്ചു. ഈ ഗ്രന്ഥത്തിനു് വളരെ കൃത്യമായ ഒരു പദ്ധതിയുണ്ട്. റോമാനഗരത്തെ അപരിഷ്കൃതർ 410-ൽ കൊള്ളയടിച്ചപ്പോൾ, ക്രിസ്ത്യാനികൾ റോമൻ ദേവൻമാരെ തള്ളിക്കളഞ്ഞതാണ് അതിനു കാരണം എന്നു് റോമിലെ അക്രൈസ്തവർ ദുരാരോപണം നടത്തി. അതിനുള്ള മറുപടിയായിട്ടാണ് ഈ ഗ്രന്ഥം എഴുതാൻ തുടങ്ങിയതു്. രണ്ടു ഭാഗങ്ങളിൽ ഒന്നാം ഭാഗം (1-10) പേഗനിസത്തിൻെറ ആരോപണങ്ങളെ ഖണ്ഡിക്കുന്നു; രണ്ടാം ഭാഗം (11-22) ക്രിസ്തീയ തത്വങ്ങളുടെ ന്യായീകരണവും വിവരണവുമാണ്. ഒന്നാം ഭാഗത്തിനു് രണ്ടു് ഉപവിഭാഗങ്ങളുണ്ട്: ഒന്നാംഭാഗം (1-5) പേഗനിസത്തിൻെറ സാമൂഹ്യ വന്ധ്യാത്വവും രണ്ടാംഭാഗം (6-10)ആത്മീയ വന്ധ്യാത്വവും വ്യക്തമാക്കുന്നു. ദൈവനഗരം, ലോകനഗരം എന്നീ രണ്ടു നഗരങ്ങളുടെയും ഉത്ഭവം, ഗതിവിഗതികൾ, ലക്ഷ്യങ്ങൾ എന്നിവ വിവരിക്കുന്ന രണ്ടാംഭാഗം മൂന്നു് ഉപവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഓരോ വിഭാഗത്തിലും നാലു് പുസ്തകങ്ങൾ വീതം ഉണ്ടു്.



മനുഷ്യചരിത്രത്തെ നയിക്കുകയും പ്രകാശിതമാക്കുകയും ചെയ്യുന്ന ദൈവപരിപാലനയാണ് ഗ്രന്ഥത്തിൻെറ കേന്ദ്രബിന്ദു. രണ്ടു് സ്നേഹങ്ങളിൽ അധിഷ്ഠിതമായ രണ്ടു നഗരങ്ങളിലായി ചരിത്രത്തെ വിഭജിക്കുന്നു: ദൈവസ്നേഹം, സ്വാർത്ഥസ്നേഹം. സൃഷ്ടി, മാലാഖമാരുടെയും മനുഷ്യരുടെയും പാപം, ക്രിസ്തുവിൻെറ വരവിനുള്ള ഒരുക്കം, മനുഷ്യാവതാരവും സഭയും, അന്ത്യലക്ഷ്യം എന്നിങ്ങനെ ചരിത്രനാടകത്തിനു് അഞ്ചു് രംഗങ്ങളാണുള്ളതു്. ഓരോ രംഗത്തിലും ചരിത്രത്തിലെ മഹാപ്രശ്നങ്ങളെ യുക്തിയുടെയും വിശ്വാസത്തിൻെറയും വെളിച്ചത്തിൽ അഗസ്റ്റിൻ അഭിമുഖീകരിക്കുന്നു: ഉല്പത്തി, തിന്മയുടെ സാന്നിധ്യം, നന്മതിന്മകളുടെ പോരാട്ടം, തിന്മയെ നന്മ കീഴടക്കുന്നതു്, നന്മയുടെയും തിന്മയുടെയും നിത്യമായ ലക്ഷ്യം എന്നിവയാണീ മഹാപ്രശ്നങ്ങൾ.

മധ്യകാലഘട്ടത്തിൽ *ദൈവനഗരം* വളരെയധികം സ്വാധീനം ചെലുത്തി. ജനങ്ങൾ ഈ ഗ്രന്ഥം വ്യാപകമായി വായിച്ചു പഠിച്ചിരുന്നു (*NPNF*[1]. 2. 1-511; *FC*. 8.14. 24 (1950-4)

www.malankaralibrary.com



## 4. ഡോഗ്മാററിക് കൃതികൾ

1. വിശ്വാസവും വിശ്വാസപ്രമാണവും
(*De fide et symbolo liber I*)

ഹിപ്പോയിൽ 393 ഒക്ടോബറിൽ സമ്മേളിച്ച ആഫ്രിക്കൻ മെത്രാന്മാരുടെ യോഗത്തിൽവച്ച് അഗസ്റ്റിൻ വിശ്വാസപ്രമാണത്തിനു് ഒരു വ്യാഖ്യാനം നൽകി. അതാണ് ഈ കൃതി (*NPNF.*[1] 3.321–333; *FC.* 27 (1955),311–345).

2. 83 വിവിധ പ്രശ്നങ്ങൾക്കുള്ള മറുപടി
(*De diversis quaestionibus Octoginta tribus liber I*)

തന്റെ സ്നേഹിതർ ഉന്നയിച്ച പ്രശ്നങ്ങൾക്കുള്ള മറുപടിയായി (388–396) അഗസ്ററിൻ നൽകിയ ഉത്തരങ്ങളാണിതിൽ. ഒററഗ്രന്ഥമായി ഇവയെല്ലാം ഒന്നിച്ചുചേർത്തതു് അഗസ്ററിൻ മെത്രാനായതിനുശേഷമാണ് (*FC.* 70 (1982)·

3. സിംപ്ലിച്ചിയാന്റെ ചോദ്യങ്ങൾക്കുള്ള മറുപടി
(*De diversis quaestionibus ad Simplicianum libri II*)

ഇതൊരു ഭാഷ്യകൃതിയാണെങ്കിലും ഇതിനൊരടിസ്ഥാന ഡോഗ്മാററിക് പ്രാധാന്യമുണ്ട്. മിലാനിലെ മെത്രാനും അംബ്രോസിന്റെ പിൻഗാമിയുമായ സിംപ്ലിച്ചിയാനുസിനെ അഭിസംബോധന ചെയ്താണ് ഇതു് എഴുതിയിരിക്കുന്നതു് (ഏപ്രിൽ 4, 397). റോമാക്കാർക്കുള്ള ലേഖനം, രാജാക്കന്മാരുടെ രണ്ടാം പുസ്തകം എന്നീ ഗ്രന്ഥങ്ങളിൽനിന്നു് സിംപ്ലിച്ചിയാനുസ് കുറെ പ്രശ്നങ്ങൾ അവതരിപ്പിച്ചു. അതിനു് അഗസ്റ്റിൻ നൽകിയ മറുപടിയാണ് ഉള്ളടക്കം. കൃപാവരം സംബന്ധിച്ചുള്ള അഗസ്ററിന്റെ വീക്ഷണങ്ങൾ ശരിയായി മനസ്സിലാക്കാൻ ഇതിലെ ഒന്നാം പുസ്തകം അപരിത്യാജ്യമാണ്. തന്റെ മുൻവീക്ഷണങ്ങളെ അഗസ്ററിൻ ഇതിൽ തിരുത്തുന്നതായി കാണാം. വിശ്വാസത്തിന്റെ തുടക്കത്തിനും മാനസാന്തരത്തിനുള്ള ആഗ്രഹത്തിനും കൃപ ആവശ്യമാണ്; അതു് സൗജന്യമായി ലഭിക്കുന്ന ദാനവുമാണ് എന്നു് സ്പഷ്ടമായി അദ്ദേഹം പഠിപ്പിക്കുന്നു.

4. ജാനുവാരിയുസിന്റെനടപടികളെക്കുറിച്ചുള്ള പരിശോധന (*Ad inquisitionem Ianuarii libri II*: ലേഖനം, 54–55)

സഭയിലെ ആചാരമര്യാദകളെപ്പററി വിവരിക്കുന്നു. നാനൂറാമാണ്ടിൽ എഴുതപ്പെട്ടു (*FC.* 12 (1951) 252–293).



5. വിശ്വാസവും പ്രവൃത്തികളും (*De fide et operibus liber I*).

വിശ്വാസത്തോടുകൂടി സത്പ്രവൃത്തികളും ഉണ്ടായിരിക്കണം. ഇക്കാര്യം സ്നാനാർത്ഥികളെ നന്നായി പഠിപ്പിക്കണം എന്നു് വിവരിക്കുന്നു. 413 ലാണ് എഴുതപ്പെട്ടതു് (*FC.* 27 (1955) 215–282).

6. ദൈവദർശനം (*De videndo Deo liber I*: ലേഖനം, 147).

ദൈവത്തെ നഗ്നനേത്രങ്ങൾ കൊണ്ടു കാണാൻ കഴിയുമോ എന്ന പ്രശ്നം ചർച്ച ചെയ്യുന്നു. 413–ൽ എഴുതപ്പെട്ടു (*FC.* 20 (1953) 170–224).

7. ദൈവസാന്നിധ്യം
(*De praesentia Dei liber I*: ലേഖനം 187).

നീതിമാന്മാരുടെ ഉള്ളിൽ പരിശുദ്ധാത്മാവു വസിക്കുന്നതിനെപ്പററി ചർച്ച ചെയ്യുന്നു. 417–ൽ എഴുതപ്പെട്ടു (*FC.* 30 (1955) 221–255).

8. ലോറൻസിനുള്ള സംക്ഷിപ്തഗ്രന്ഥം അഥവാ വിശ്വാസം, ശരണം, സ്നേഹം (*Enchiridion ad Laurentium* അഥവാ *De fide, spe et caritate liber I*).

വിശ്വാസം, ശരണം, സ്നേഹം എന്നീ സുകൃതങ്ങളുടെ ക്രമത്തിൽ വിശ്വാസപ്രമാണം, കർതൃപ്രാർത്ഥന, ധാർമ്മിക നിയമങ്ങൾ എന്നിവ അപഗ്രഥിക്കുന്ന ഒരു ചെറിയ ഗ്രന്ഥമാണിതു്. 421–ൽ എഴുതപ്പെട്ടു. അഗസ്റ്റിന്റെ ദൈവശാസ്ത്രത്തിന്റെ ചുരുക്കം വ്യക്തമായി ഇതിൽ ദർശിക്കാവുന്നതാണ് (*ACW* 3 (1947); *FC.* 2 (1947) 369–472).

9. മരിച്ചവരെക്കുറിച്ചുള്ള അനുസ്മരണം
(*De cura pro mortuis gerenda liber I*)

നോളായിലെ പൗളീനുസിന്റെ ചോദ്യങ്ങൾക്കു് ഉത്തരമായി 424/5–ൽ അഗസ്ററിൻ എഴുതിയതാണിതു്. പരേതരെപ്പററിയുള്ള പരിഗണന, രക്തസാക്ഷികളുടെ "അനുസ്മരണകൾക്ക" സമീപം പരേതരെ സംസ്കരിച്ചാലുള്ള നേട്ടം എന്നിവ വിവരിക്കുന്നു (*FC.* 27 (1955) 347–384).

10. ദൾചീസിയുസിന്റെ എട്ടു ചോദ്യങ്ങൾക്കുള്ള മറുപടി
(*De Octo Dulcitii quaestionibus liber I*)

തൊട്ടു മുമ്പുള്ള ഗ്രന്ഥം എഴുതിക്കഴിഞ്ഞുടൻ എഴുതിയതാണിതു്. അഞ്ചാമത്തേതൊഴിച്ചു്, മററു് മറുപടികളെല്ലാം മുൻ

www.malankaralibrary.com



ഗ്രന്ഥങ്ങളിൽ വന്നിട്ടുള്ളതാണ്. ദാവീദിന്റെ തെരഞ്ഞെടുപ്പിനെ കുറിച്ചാണ് അഞ്ചാമത്തേത് (*FC.* 16 (1952) 423–466).

11. ത്രിത്വം (*De Trinitate libri XV*)

അഗസ്റ്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഡോഗ്മാറ്റിക് കൃതിയാണിത്. പാശ്ചാത്യത്രിത്വശാസ്ത്ര പഠനങ്ങളിൽ ഈ മഹാകൃതി വളരെ ഗണ്യമായ സ്വാധീനം ചെലുത്തി. രണ്ടു ഘട്ടങ്ങളിലായിട്ടാണ് ഇതു പ്രസിദ്ധീകൃതമായത്. ആദ്യത്തെ പന്ത്രണ്ട് പുസ്തകങ്ങൾ 399 നും 412 നും ഇടയ്ക്ക് പ്രസിദ്ധപ്പെടുത്തി. ബാക്കി പുസ്തകങ്ങളും അവസാനത്തെ പതിപ്പും 420 – ൽ പുറത്തുവന്നു. ആദ്യത്തെ നാലു പുസ്തകങ്ങൾ ത്രിത്വസംബന്ധമായ ബിബ്ലിക്കൽ ദൈവശാസ്ത്ര പ്രതിപാദനമാണ്. അഞ്ചുമുതൽ ഏഴുവരെ ത്രിത്വസംബന്ധമായ താത്വിക ദൈവശാസ്ത്രവും ഈ ഡോഗ്മായുടെ ന്യായീകരിക്കലും; എട്ടാം പുസ്തകം: ദൈവത്തെപ്പറ്റിയുള്ള മിസ്റ്റിക്കൽ ജ്ഞാനത്തിനൊരാമുഖമാണ്. ഒൻപതു മുതൽ പതിന്നാലുവരെ മനുഷ്യനിലെ ത്രിത്വച്ഛായയുടെ അന്വേഷണം. പതിനഞ്ചാം പുസ്തകം: ചുരുക്കവും ഗ്രന്ഥത്തിന്റെ ഉപസംഹാരവും. ഇതാണ് ഈ ഗ്രന്ഥത്തിന്റെ ഘടന. ത്രിത്വത്തിലെ മൂന്നാളുകൾ തമ്മിലുള്ള ബന്ധം, പരിശുദ്ധാത്മാവിന്റെ വ്യക്തിപരമായ പ്രത്യേകതകൾ, ത്രിത്വരഹസ്യവും കൃപാവരജീവിതവും തമ്മിലുള്ള ബന്ധം എന്നിവ അഗസ്റ്റിന്റെ വിവരണത്തിലെ പ്രത്യേകതകളായി ചൂണ്ടിക്കാണിക്കപ്പെടുന്നു (*NPNF*[1]. 3. 1–228; *FC.* 45 (1963).

## 5. ധാർമ്മികവും അജപാലകപരവുമായ കൃതികൾ

1. നുണ (*De mendacio liber I*)

ഈ കൃതി 395 ലാണ് എഴുതപ്പെട്ടത്. അവ്യക്തവും ക്ലിഷ്ടവുമെന്ന് അഗസ്റ്റിൻ തന്നെ ഇതേപ്പറ്റി പറയുന്നുണ്ടെങ്കിലും ഒരു മൂല്യവും ഇല്ലാത്തതല്ല ഇത് (*NPNF*[1] 3. 457–477; *FC*. 16 (1952) 47–110).

2. നുണയ്ക്കെതിരെ (*Contra mendacium liber I*)

ഇത് 420–1 ൽ എഴുതപ്പെട്ടു. മുൻഗ്രന്ഥത്തിലെ വിഷയം തന്നെ കൂടുതൽ സുഗ്രഹമായി വിവരിക്കുന്നു (*NPNF.*[1] 3. 481-500; *FC*. 16 (1952) 111–138.



3. ക്രിസ്തീയ പോരാട്ടം (*De agone christiano liber I*)

അക്ഷരാഭ്യാസമില്ലാത്ത സാധാരണക്കാരെ വിശ്വാസം പഠിപ്പിക്കാനായി ക്രിസ്തീയജീവിതസംബന്ധമായ കാര്യങ്ങൾ ചുരുക്കി വിവരിച്ചുകൊണ്ട് അഗസ്റ്റിൻ രചിച്ചതാണിത്. തന്റെ മെത്രാഭിഷേകത്തിനു തൊട്ടുപിൻപ് എഴുതപ്പെട്ടു. വിശ്വാസപ്രമാണത്തിന്റെ വ്യാഖ്യാനം നൽകുന്നു. ക്രിസ്ത്യാനികൾ തള്ളിക്കളയേണ്ട തെറ്റുകളുടെ പട്ടികയും കാണാം. ദൈവപുത്രന്റെ ജീവിതമാതൃകയെ ആധാരമാക്കി രൂപീകരിച്ച കുറെ ധാർമ്മികനിയമങ്ങളും വരച്ചുകാട്ടുന്നു. (*FC.* 2 (1947) 315-353).

4. അറിവില്ലാത്തവർക്കുള്ള വേദോപദേശം
(*De catechizandibus rudibus liber I*)

മതാദ്ധ്യാപനം നൽകുന്നതു സംബന്ധിച്ചുള്ള ഈ കൃതി 400–ാമാണ്ടിലാണ് രചിച്ചത്. (*NPNF.*[1] 3. 282-314; *ACW.* 2 (1946.66).

5. വിവാഹത്തിന്റെ ലക്ഷ്യം (*De bono conjugale liber I*)

ജോവീനിയൻ തുടങ്ങിയ തർക്കത്തിനു മറുപടിയായി 410 ഓടുകൂടി എഴുതിയതാണിത്. വിവാഹത്തിന്റെ ഔന്നത്യവും ശ്രേഷ്ഠതയും പ്രയോജനങ്ങളും വിവരിക്കുന്നു (*NPNF.*[1] 3. 397-413; *FC* 27 (1955). 1-51).

6. വിശുദ്ധ കന്യാത്വം (*De sancta virginitate liber I*)

മുൻഗ്രന്ഥത്തിനു തൊട്ടുശേഷം വിരചിതമാണ്. വിവാഹത്തെ താഴ്ത്തിക്കെട്ടാതെ കന്യാത്വത്തിന്റെ മഹത്വം വ്യക്തമാക്കുന്ന ഗ്രന്ഥമാണിത്. കന്യാത്വസംരക്ഷണത്തിന് വിനയാന്വിതമനോഭാവം അപരിത്യാജ്യമാണെന്നും പഠിപ്പിക്കുന്നു. (*NPNF.*[1] 3. 417-438).

7. വിശുദ്ധവൈധവ്യം
(*De bono viduitatis liber seu epistola*)

ദെമെത്രിയാദെസ് എന്ന കന്യകയുടെ മാതാവായ ജൂലിയാനായ്ക്കു വൈധവ്യത്തെപ്പറ്റി 414 ൽ എഴുതിയ ഒരു കത്താണിത്. (*NPNF.*[1] 3. 457-77; *FC.* 16 (1952) 265–319).

8. ബ്രഹ്മചര്യം (*De continentia liber I*)

ബ്രഹ്മചര്യം എന്ന സുകൃതത്തെപ്പറ്റിയുള്ള ചർച്ചയാണിത്. ബ്രഹ്മചര്യം ഒരു ദൈവദാനം ആണ്. 412 നു ശേഷമാണിത് എഴുതപ്പെട്ടത്. (*NPNF.*[1] 3. 379–393; *FC* 16, 181-231).

www.malankaralibrary.com



9. ക്ഷമ (*De patientia liber I*)

ക്ഷമയെപ്പററിയുള്ള ഒരു ചർച്ചയാണ്. 415 ൽ എഴുതപ്പെട്ടു. (*NPNF.*[1] 3. 527-36; *FC.* 16. 233-264).

10. ജീവിതപങ്കാളിയുടെ വ്യഭിചാരം
(*De conjugiis adulterinis libri II*)

വ്യഭിചാരത്തിൻെറ പേരിൽ പോലും വിവാഹബന്ധം വേർപെടുത്താൻ പാടില്ല എന്നു പഠിപ്പിച്ചുകൊണ്ട് 420_ൽ എഴുതിയതാണിത്. (*FC.* 27 (1955) 53–132).

11. ഹിലരിക്കെതിരെ (*Contra Hilarium liber I*)

കുർബാനയുടെ അവസാനം സങ്കീർത്തനങ്ങൾ ആലപിക്കുന്ന പതിവിനെ ന്യായീകരിച്ചുകൊണ്ട് 399_ൽ എഴുതിയതാണിത്. എന്നാലിത് നഷ്ടപെട്ടുപോയി.

## 6. സന്യാസകൃതികൾ

1. ദൈവദാസർക്കുള്ള നിയമങ്ങൾ (*Regula ad servos Dei*)

സന്യാസതത്ത്വങ്ങൾ ചുരുക്കി നല്കുന്ന ഈ കൃതി പാശ്ചാത്യലോകത്തു് ഇത്തരത്തിലുള്ള ആദ്യകൃതിയാണ്. ഇതു് സന്യാസിനികൾക്കു നൽകിയ നിയമാവലിയാണോ അതോ ഹിപ്പോയിലെ ആദ്യസന്യാസ സമൂഹത്തിനു നൽകിയ നിർദ്ദേശങ്ങളാണോ എന്നതിനേപ്പററിയുള്ള ചർച്ച നിലനില്ക്കുന്നു.

2. സന്യാസികളുടെ കർത്തവ്യങ്ങൾ
(*De opere monachorum liber I*)

കാർത്തേജിലെ സന്യാസികൾക്കുവേണ്ടി 401 ൽ അഗസ്റ്റിൻ എഴുതിയതാണ് ഈ കൃതി. രോഗമോ, അജപാലകജോലികളോ, പഠനമോ തടയാത്ത അവസരങ്ങളിലെല്ലാം സന്യാസികൾ കായികാധ്വാനത്തിലും പ്രാർത്ഥനയിലും നിഷ്ഠയുള്ളവരായിരിക്കണം എന്നു നിഷ്ക്കർഷിക്കുന്നു. ''പ്രാർത്ഥനയും ജോലിയും'' (ora et labora) എന്ന പാശ്ചാത്യസന്യാസതത്വം പ്രചരിക്കുന്നതിൽ അഗസ്ററിൻെറ ഈ കൃതി ഗണ്യമായ സ്വാധീനം ചെലുത്തി (*NPNF.*[1] 3. 503-524; *FC.* 16 (1952).



## 7. ഭാഷ്യകൃതികൾ

1. ക്രിസ്തീയപ്രബോധനം
(*De doctrina Christiana libri IV*)

ഈ കൃതിയുടെ ഒന്നാംഭാഗം 397_ലും രണ്ടാംഭാഗം 426/7_ലും എഴുതിത്തീർത്തു. ഇതു് പൊതുവായ ഒരു ഭാഷ്യകൃതിയാണ്. (*NPNF*[2]. 1.522–597); *FC.*2 (1947) 19–235).

2. മാനിക്കേയർക്കെതിരെയുള്ള ഉല്പത്തിഭാഷ്യം
(*De Genesi adversus Manichaeos libri II*).

പഴയനിയമഗ്രന്ഥങ്ങളിൽ അഗസ്ററിൻ ഏററവുമധികം വ്യാഖ്യാനിച്ചിട്ടുള്ളതു് ഉല്പത്തിപ്പുസ്തകമാണ്. നാലുപ്രാവശ്യം ഇതു വ്യാഖ്യാനിക്കാൻ അദ്ദേഹം പരിശ്രമിച്ചിട്ടുണ്ട്. രണ്ടുപ്രാവശ്യം വാച്യാർത്ഥത്തിലും രണ്ടു് പ്രാവശ്യം വ്യംഗ്യാർത്ഥത്തിലും. ഉല്പത്തിപുസ്തകത്തിനെതിരെ മാനിക്കേയർ ഉന്നയിച്ച വാദമുഖങ്ങളെ ഖണ്ഡിക്കാനായി 389_ൽ തഗാസ്റ്റെയിൽ വച്ച് എഴുതിയതാണ് ഈ ഭാഷ്യം. വാച്യാർത്ഥഭാഷ്യം രചിച്ചപ്പോൾ അദ്ദേഹത്തിന് പല ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടു. പലപ്പോഴും വ്യംഗ്യാർത്ഥത്തിലേക്കു് തിരിഞ്ഞിട്ടുണ്ട്.

3. ഉല്പത്തിയുടെ വാച്യാർത്ഥഭാഷ്യം (അപൂർണം)
(*De Genesi ad litteram liber imperfectus*)

ഉല്പത്തിപുസ്തകത്തിനു് വാച്യാർത്ഥത്തിൽ ഒരു ഭാഷ്യം രചിക്കാനുള്ള ആദ്യപരിശ്രമമാണിതു്. 399 ൽ ആരംഭിച്ചു. അധികം വൈകാതെ പദ്ധതി ഉപേക്ഷിക്കേണ്ടിവന്നു. ഉല്പത്തി 1:26 വരെ മാത്രമേ അദ്ദേഹം വ്യഖ്യാനിച്ചുള്ളു.

4. ഉല്പത്തിയുടെ വാച്യാർത്ഥ വ്യാഖ്യാനം
(*De Genesi ad litteram libri XII*)

അഗസ്റ്റിൻെറ പ്രധാന കൃതികളിൽ ഒന്നാണിതു്. 401 നും 415 നും ഇടയ്ക്കാണ് അദ്ദേഹം ഇതു് രചിച്ചതു്. ആദ്യത്തെ ഒൻപതു് പുസ്തകങ്ങൾ (ഒരുപക്ഷേ 11 എണ്ണം) 401 നോടടുത്തു തന്നെ രചിച്ചതാകാം. ഉല്പത്തി 3:24_വരെയുള്ള ഭാഷ്യം ഇതിലുണ്ട്. പുസ്തകം ആറും ഏഴും പത്തും നല്ലൊരു മനുഷ്യശാസ്ത്രം വരച്ചുകാട്ടുന്നു. സൃഷ്ടിസംബന്ധിച്ചുള്ള വിവരണങ്ങൾക്ക് ഈ ഗ്രന്ഥം വളരെ ശ്രദ്ധിക്കുന്നു. (*ACW.* 41.42 (1982).

www.malankaralibrary.com



5. സപ്തപുസ്തകങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങളും ചോദ്യോത്തരങ്ങളും (*Locutionum in Heptateuchum libri VII– Quaestionum in Heptateuchum libri VII*)

ബൈബിളിലെ ആദ്യത്തെ ഏഴു ഗ്രന്ഥങ്ങളിലെ സുവ്യക്തമല്ലാത്തതും സധാരണയായി ഉപയോഗിക്കാത്തതുമായ പ്രയോഗങ്ങളുടെ വിശദീകരണമാണ് ഇവയിൽ.

6. ജോബിൻെറ പുസ്തകത്തെക്കുറിച്ചുള്ള കുറിപ്പുകൾ (*Adnotationes in Iob liber I*).

ജോബിൻെറ പുസ്തകത്തിൻെറ മാർജിനിൽ കുറിച്ചിരുന്ന കുറിപ്പുകളാണിവ. ആരോ അവ ഒന്നിച്ചുചേർത്തു പ്രസിദ്ധീകരിച്ചു.

7. പഴയനിയമത്തിൽ നിന്നുള്ള അഷ്ടപ്രശ്നങ്ങൾ (*De octo quaestionibus ex Veteri Testamento*)

പഴയനിയമത്തിൽനിന്നുള്ള എട്ട് ഭാഗങ്ങളുടെ ഹ്രസ്വവിവരണങ്ങളാണ് ഇതിൻെറ ഉള്ളടക്കം.

8. ഗിരിപ്രഭാഷണം (*De Sermone Domini in monte. libri II*)

അഗസ്ററിൻ വൈദികനായ കാലത്തു രചിച്ചതാണ് ഈ ഗ്രന്ഥം. മലയിലെ പ്രസംഗത്തിൻെറ വിവരണമാണിത്. (*NPNF*¹. 6.1-70; *ACW*. 5 (1948); *FC*. 11 (1951).

9. റോമാലേഖനത്തെക്കുറിച്ചുള്ള 84 പ്രമേയങ്ങളുടെ അവതരണം; ഗലാത്യലേഖന വിശദീകരണം; റോമാ ലേഖന വിശദീകരണം(തുടക്കം) (*Expositio 84 Propositionum ex epistola ad Romanos; Expositio epistolae ad galatas; Episitolae ad Romanos inchoata expositio*).

പൗലോസിൻെറ ലേഖനങ്ങളുടെ വാച്യാർത്ഥഭാഷ്യം നൽകാനുള്ള ആദ്യപരിശ്രമമാണിത്. ഈ വിഷയംതന്നെ വീണ്ടും അദ്ദേഹം ചർച്ചാവിഷയമാക്കുന്നുണ്ട്. (*Quaest. ad Simplicianum*: മുകളിൽ പേ. 172 കാണുക. പെലാജിയൻ തർക്കകാലത്തു വീണ്ടും ഇതു ചർച്ചചെയ്യുന്നു. (താഴെ പേ. 186 കാണുക) മുകളിലുള്ള തലക്കെട്ടുകളിൽ മൂന്നാമത്തേതിനു വ്യാഖ്യാനം തയാറാക്കിയില്ല.



10. സുവിശേഷ പ്രശ്നങ്ങൾ (*Quaestiones Evangeliorum libri II*).

മത്തായിയുടെ സുവിശേഷം (47), ലൂക്കോസിൻെറ സുവിശേഷം (51) എന്നീ വേദപുസ്തക ഗ്രന്ഥങ്ങളിൽ നിന്നുള്ള ചില ദുർഗ്രഹഭാഗങ്ങളുടെ വിശദീകരണമാണിത്.

11. സുവിശേഷകരുടെ യോജിപ്പ് (*De consensu Evangelistarum libri IV*)

സുവിശേഷങ്ങളിൽ പരസ്പരവിരുദ്ധങ്ങളായ കാര്യങ്ങളുണ്ടെന്നു പറഞ്ഞുനടന്നവർക്കെതിരെ 400-ാ മാണ്ടിൽ രചിച്ചതാണ് ഈ കൃതി (*NPNF*.¹. 6.77–236).

12. പന്ത്രണ്ടു ഗോത്രങ്ങൾക്കുവേണ്ടിയുള്ള യാക്കോബിൻെറ ലേഖനത്തിൻെറ കുറിപ്പ് (*Expositio epistolae Jacobi ad duodecim tribus*)

യാക്കോബിൻെറ ലേഖനത്തിനു മാർജിനിൽ കുറിച്ചിരുന്ന കുറിപ്പുകൾ ആരോ സമാഹരിച്ച് പ്രസിദ്ധീകരിച്ചു. എന്നാൽ ഈ കൃതി നഷ്ടപ്പെട്ടുപോയി.

13. വിശുദ്ധ ഗ്രന്ഥത്തിൻെറ പ്രതിഫലനം (*Speculum de Scriptura sacra*)

പഴയനിയമത്തിൽ നിന്നും പുതിയനിയമത്തിൽ നിന്നുമുള്ള ധാർമ്മിക നിയമങ്ങളുടെ ഒരു സമാഹാരമാണിത്. 427–ലാണ് ഇതു രചിച്ചതു്.

14. മത്തായിയുടെ സുവിശേഷത്തെ ആധാരമാക്കിയുള്ള 17 പ്രതിപാദനങ്ങൾ. (*Quaestionum Septemdecim in Evangelium secundum Matthaeum liber I*)

മത്തായിയുടെ സുവിശേഷത്തിൽ നിന്നുള്ള 17 ഭാഗങ്ങളുടെ ഹ്രസ്വവിവരണം.

## 8. താർക്കിക കൃതികൾ [15]

മാനിക്കേയർ (9), ഡൊണാററിസ്ററുകാർ (14), പെലാജിയർ (16), ആര്യർ (3) എന്നിവർക്കും മററ് പാഷണ്ഡികൾക്കും (3) എതിരെ അഗസ്റ്റിൻ ഗ്രന്ഥരചന നടത്തി. അദ്ദേഹം

15. Polemical Works.

www.malankaralibrary.com



തികഞ്ഞ താക്കികനായിരുന്നു. കത്തോലിക്കാസഭയുടെ വിശ്വാസസത്യങ്ങളെ സംബന്ധിച്ച് അദ്ദേഹത്തിനു വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. സത്യവിശ്വാസത്തിൽ മായം ചേർക്കാൻ അദ്ദേഹം അനുവദിച്ചില്ല.

a. *മാനിക്കേയർക്കെതിരെ:* മൊത്തം ഒൻപതു ഗ്രന്ഥങ്ങൾ അവക്കെതിരെ എഴുതി. ദൈവത്തിൻെറ മാററമില്ലായ്മ, സൃഷ്ടി, തിന്മ, വിശ്വാസത്തിൻെറ വിശ്വാസ്യത, പഴയനിയമവും പുതിയനിയമവും തമ്മിലുള്ള യോജിപ്പ് എന്നീ വിഷയങ്ങൾ ഈ ഗ്രന്ഥങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

1. കത്തോലിക്കാസഭയുടെയും മാനിക്കേയസഭയുടെയും ജീവിതനിയമങ്ങൾ (*De moribus Ecclesiae catholicae et de moribus Manichaeorum libri II*).

റോമിൽ വച്ച് 388 - ൽ അഗസ്റ്റിൻ രചിച്ച, വിശ്വാസത്തിനുവേണ്ടിയുള്ള ആദ്യത്തെ അപ്പോളജിയാണിത്. അടുത്ത വർഷം ആഫ്രിക്കയിൽവച്ച് ഇതു് പ്രസിദ്ധീകൃതമായി. കത്തോലിക്കാസഭയുടെ തത്വങ്ങളും കത്തോലിക്കാജീവിതവും സ്നേഹത്തിൽ അധിഷ്ഠിതമാണ്. മാനിക്കേയരുടെ പ്രബോധനങ്ങളും ജീവിതവുമായി ഇവിടെ ഒരു താരതമ്യപഠനം നടത്തുന്നു. (*NPNF*[1]. 4. 41 - 89; *FC*. 56(1966).

2. രണ്ടു് ആത്മാക്കൾ (*De duabus animabus liber I*).

നന്മയുടെ തത്ത്വത്തിൽ നിന്നും തിന്മയുടെ തത്ത്വത്തിൽ നിന്നും വരുന്ന രണ്ടു് ആത്മാക്കൾ ഉണ്ടെന്ന മാനിക്കേയൻ തത്ത്വത്തെ വിമർശിച്ചുകൊണ്ടു് 392 – ൽ എഴുതിയതാണ് ഈ കൃതി. മനുഷ്യനിൽ ഏകയാത്മാവേ ഉള്ളു. അതു് സ്വതന്ത്രമാണ്. മനുഷ്യൻെറ സ്വതന്ത്രേച്ഛയിൽ നിന്നാണ് തിന്മ ഉടലെടുക്കുന്നതു് എന്നു് അഗസ്റ്റിൻ പഠിപ്പിച്ചു (*NPNF*[1] 4.95-107).

3. മാനിക്കേയനായ ഫോർതുണാത്തുസിനെതിരെയുള്ള നടപടി (*Acta contra Fortunatum Manichaeum*).

ഹിപ്പോയിൽ വച്ച് 392 ആഗസ്റ്റ് 28_29 ൽ അഗസ്റ്റിനും ഫോർതുണാത്തുസ് എന്ന മാനിക്കേയനും തമ്മിൽ തിന്മയുടെ ഉത്ഭവം സംബന്ധിച്ചു നടന്ന ചർച്ചയുടെ കുറിപ്പുകളാണിതു്. തിന്മ പുറപ്പെടുന്നതു് മനുഷ്യൻ സ്വതന്ത്രമായി പാപം തെരഞ്ഞെടുക്കുന്നതിൽ നിന്നാണെന്നു് അഗസ്റ്റിൻ സമർത്ഥിച്ചു. അതിനു മറുപടി പറയാൻ സാധിക്കാതെ ഫോർതുണാത്തുസ് ഹിപ്പോയിൽ നിന്നു് എവിടേക്കോ പോയി. (*NPNF*[1] 4.113-124).



4. മാനിക്കേയ ശിഷ്യനായ അദിമാന്തുസിനെതിരെ (*Contra Adimantum Manichaei discipulum liber I*)

''പഴയനിയമവും പുതിയനിയമവും തമ്മിൽ പൊരുത്തക്കേടുണ്ടു്'' എന്ന മാനിക്കേയൻ വാദത്തെ ഖണ്ഡിച്ചുകൊണ്ടു് 392-ൽ അഗസ്റ്റിൻ എഴുതിയതാണ് ഈ ഗ്രന്ഥം.

5. അടിസ്ഥാനരേഖ എന്നു വിളിക്കപ്പെടുന്ന മനിക്കേയൻ ലേഖനത്തിനെതിരെ (*Contra epistolam Manichaei quam vocant fundamenti liber I*)

മാനിക്കേയരുടെ ഒരു വേദപാഠക്രമംപോലുള്ള ഒരു കത്തിനു മറുപടിയായി മെത്രാനായിക്കഴിഞ്ഞ ഉടൻ എഴുതിയ കൃതിയാണിതു്. മാനിക്കു് ക്രിസ്തുവിനെപററി പരാമർശിക്കാൻ അവകാശമില്ല. അതു് കത്തോലിക്കാസഭയ്ക്കു് അവകാശപ്പെട്ടതാണ്. മാനിക്കേയൻ ദ്വൈതവാദം ഭോഷത്തമാണ് എന്നു പോകുന്നു അഗസ്റ്റിൻെറ ചിന്തകൾ (*NPNF*[1]. 4. 129-150).

6. മാനിക്കേയനായ ഫൗസ്തുസിനെതിരെ (*Contra Faustum Manichaeum libri 33*)

പഴയനിയമത്തെയും പുതിയനിയമത്തെയും ന്യായീകരിച്ചുകൊണ്ട് മാനിക്കേയർക്കെതിരെ 397_8ൽ രചിച്ചതാണ് ഈ കൃതി. 'ക്രിസ്ത്യാനികൾ' എന്നു സ്വയം വിളിക്കാൻ പോലും മാനിക്കേയർക്കവകാശമില്ല എന്ന് അഗസ്ററിൻ വാദിക്കുന്നു (*NPNF*[1]. 4.155-345).

7. ഫേലിക്സ് എന്ന മാനിക്കേയനുമായി നടന്ന ചർച്ച (*De actis cum Felice Manichaeo libri II*)

അഗസ്ററിനും ഫേലിക്സ് എന്ന മാനിക്കേയനും തമ്മിൽ 404 ഡിസംബർ 7 നും 12 നും നടത്തിയ ചർച്ചകളുടെ കുറിപ്പുകളാണിതു്. ദൈവത്തിൻെറ മാററമില്ലായ്മ, സൃഷ്ടി, തിന്മയുടെ ഉത്ഭവം എന്നീ വിഷയങ്ങളെ കേന്ദ്രീകരിച്ചായിരുന്നു ചർച്ച. ചർച്ചയിൽ അഗസ്ററിൻ വിജയിച്ചതായി കാണുന്നു.

8. നന്മയുടെ സ്വഭാവം (*De natura boni liber I*)

സൃഷ്ടവസ്തുക്കളെല്ലാം നല്ലതാണ്; നന്മയുടെ അഭാവമാണ് തിന്മ. തിന്മയുടെ പരമതത്ത്വം എന്ന മാനിക്കേയൻ ആശയം തെററാണ് എന്നു വിവരിക്കുന്നതാണ് ഈ ഗ്രന്ഥം. 399_ൽ എഴുതപ്പെട്ടു. (*NPNF*[1].4.351-365).

www.malankaralibrary.com



9. സെക്കൻദീനൂസ് എന്ന മാനിക്കേയനെതിരെ
(*Contra Secundinum Manichaeum liber I*)

മാനിക്കേയർക്കെതിരെയുള്ള ഏററവും നല്ല ഗ്രന്ഥമാണിതു്. മാനിക്കേയിസത്തിലേക്കു് തിരികെ ചെല്ലാനായി തന്നെ ക്ഷണിച്ച സെക്കൻദീനൂസ് എന്ന മാനിക്കേയനു്399-ൽ എഴുതിയ മറുപടിയാണിതു്.

*b. ഡൊണാററിസ്ററുകാർക്കെതിരെ:*

മൊത്തം 14 ഗ്രന്ഥങ്ങൾ അവർക്കെതിരെ അഗസ്റ്റിൻ രചിച്ചു. അവരുമായുള്ള തർക്കങ്ങളിലൂടെ സഭാശാസ്ത്രവും കൂദാശകൾ സംബന്ധിച്ചുള്ള ദൈവശാസ്ത്രവും അദ്ദേഹം വികസിപ്പിച്ചു.

1. ഡൊണാററിസ്ററു വിഭാഗത്തിനെതിരെയുള്ള കീർത്തനം (*Psalmus contra partem Donati*)

അകാരാദിക്രമത്തിലുള്ള കീർത്തനമാണിതു്. ഒരാൾ പാടുമ്പോൾ ജനങ്ങൾ പല്ലവികൾ പ്രതിവാക്യമായി പാടുന്നു. ഡൊണാററിസ്ററ് ശീശ്മയുടെ ചരിത്രം പാട്ടുരൂപത്തിൽ അവതരിപ്പിക്കുന്നു. കത്തോലിക്കാസഭയുമായുള്ള കൂട്ടായ്മയിലേക്കു് ഡൊണാററിസ്ററുകാരെ അദ്ദേഹം ക്ഷണിക്കുന്നു.

2. പർമേനിയന്റെ കത്തിനെതിരെ
(*Contra epistolam Parmeniani libri III*)

ഡൊണാററിസ്ററുകാർക്കെതിരെ എഴുതപ്പെട്ട ആദ്യത്തെ പ്രധാനപ്പെട്ട കൃതിയാണിതു്. 400-ാംമാണ്ടിൽ വിരചിതമായി.

3. മാമോദീസാ (*De baptismo libri VII*)

മുൻ ഗ്രന്ഥത്തിനു തൊട്ടുപിൻപേ ഇതു് എഴുതപ്പെട്ടു. പാഷണ്ഡികളുടെ സ്നാനം വാസ്തവമാണ് എന്നും സിപ്രിയാന്റെ അധികാരം ഡൊണാററിസ്ററുകാർക്കു് നേടാൻ ആവില്ലെന്നും സമർത്ഥിക്കുന്നു (*NPNF*.[1] 4. 411-514).

4. സഭയുടെ ഏകത്വം അഥവാ, ഡൊണാററിസ്ററു വിഭാഗക്കാരെക്കുറിച്ചു് കത്തോലിക്കർക്കുള്ള ലേഖനം (*De unitate ecclesiae liber I* അഥവാ *Epistola ad catholicos de secta Donatistarum*)



ക്രിസ്തുവിന്റെ സത്യസഭ സാർവത്രിക സഭയാണ് എന്ന അടിസ്ഥാനതത്വം ഇതു് ഉയർത്തിപ്പിടിക്കുന്നു. കത്തുകളുടെ കൂട്ടത്തിലാണ് പൊസ്സീദിയൂസ് ഇതിനെ പരിഗണിക്കുന്നതു്. 553-ലെ കോൺസ്ററാൻറിനോപ്പിൾ സിനഡ് ഇതിൽനിന്നു് ഉദ്ധരിക്കുന്നു. പോപ്പ് അനസ്താസ്യൂസിന്റെ കാലത്താണ് (398-401) ഇതു് എഴുതപ്പെട്ടതു്.

5. പെതീലിയാനൂസിന്റെ കത്തിനെതിരെ
(*Contra litteras Petiliani libri III*)

മുൻഗ്രന്ഥത്തിന്റെ കാലത്തു തന്നെയാണിതും എഴുതപ്പെട്ടതു്. ചിർതായിലെ ഡൊണാററിസ്ററ് മെത്രാനായ പെതീലിയാനൂസിന്റെ കത്തിനു മറുപടിയായിട്ട് എഴുതി (*NPNF*[1]. 4. 519-628).

6. ഡൊണാററിസ്ററു വിഭാഗത്തിൽപെട്ട വ്യാകരണകാരനായ ക്രെസ്കോണിയൂസിനെതിരെ (*Contra Cresconium grammaticum partis Donati libri IV*).

ഏതാണ്ട് 405 നോടടുത്ത കാലത്താണ് ഇതു് എഴുതപ്പെട്ടതു്. പെതീലിയാനൂസിനെ ന്യായീകരിക്കാൻ മുന്നോട്ടു വന്ന ക്രെസ്കോണിയൂസിനുള്ള മറുപടിയാണിതു്. പ്രീമിയാനൂസ്, മാക്സിമിനൂസ് എന്നീ നേതാക്കന്മാരുടെ കീഴിൽ ഡൊണാററിസ്ററുകാർ തന്നെ രണ്ടുഗ്രൂപ്പുകളായി തിരിഞ്ഞിരിക്കുന്ന കാര്യം നാലാം പുസ്തകത്തിൽ അഗസ്ററിൻ എടുത്തുകാട്ടുകയും ആ ശീശ്മയെ ആധാരമാക്കി ചർച്ച ചെയ്യുകയും ചെയ്യുന്നു.

7. പെതീലിയാനൂസിനെതിരെ ഏകമാമോദീസായെപ്പററി (*De unico baptismo contra Petilianum liber I*)

"ഏകമാമോദീസാ" എന്ന തലക്കെട്ടിൽ പെതീലിയാനൂസ് രചിച്ച ഗ്രന്ഥത്തിനു് 411-ൽ അഗസ്ററിൻ നൽകിയ മറുപടിയാണിതു്.

8. ഡൊണാററിസ്റ്റുകാരുമായി നടന്ന ചർച്ചയുടെ ചുരുക്കം
(*Breviculus collationis cum Donatistis libri III*)

കത്തോലിക്കരും ഡൊണാററിസ്ററുകാരും തമ്മിൽ 411 ജൂൺ 1. 3. 8 എന്നീ തീയതികളിൽ നടന്ന സംവാദത്തിന്റെ ഔദ്യോഗിക റിപ്പോർട്ടിന്റെ ചുരുക്കമാണ് ഈ കൃതി.

www.malankaralibrary.com



9. ഡൊണാററിസ്ററുകാക്കെതിരെ: ചർച്ചയ്ക്കുശേഷം (*Post collationem contra Donatistas liber I*)

കാർത്തേജിലെ യോഗത്തിനുശേഷം (411) കത്തോലിക്കാ സഭയിലേക്കു തിരിച്ചു വരാൻ ഡൊണാററിസ്ററുകാരെ അഗസ്ററിൻ ക്ഷണിക്കുന്നതാണ് ഇതിന്റെ ഉള്ളടക്കം. ഡൊണാററിസ്ററ് മെത്രാൻമാർ പറഞ്ഞുനടന്ന പച്ചക്കള്ളങ്ങൾക്കുള്ള ചുട്ടമറുപടിയുമാണിതു്. അഗസ്ററിന്റെ ഡൊണാററിസ്ററ് വിരുദ്ധ കൃതികളിൽ ഏററവും പ്രധാനപ്പെട്ടതാണിത്.

10. ഡൊണാററിസ്ററുകാരുടെ ദൂഷിപ്പിക്കൽ (*De correptione donatistarum liber I*)

ഡൊണാററിസ്ററുകാക്കെതിരെയുള്ള രാജകീയ വിളംബരത്തെ (405) ന്യായീകരിച്ചുകൊണ്ടു് എഴുതിയതാണ് ഈ കൃതി (*NPNF.*[1] 4. 633–651; *FC.* 30 (1955)141-190).

11. എമെരിത്തൂസ് എന്ന ഡൊണാററിസ്റ്റുകാരനുമായി നടന്ന സംവാദ റിപ്പോർട്ട് (*Gesta cum Emerito donatista liber I*)

പോപ്പ് സോസിമുസിന്റെ നിർദ്ദേശാനുസരണം അഗസ്റ്റിൻ മൗരിതാനിയായിലെ കൈസറിയാ സന്ദർശിച്ചപ്പോൾ (408) അവിടെവച്ചു് എമെരിത്തൂസുമായി നടന്ന സംവാദത്തിന്റെ (സെപ്തം. 20) റിപ്പോർട്ടാണിതു്.

12. കൈസറിയാസഭയിലെ ജനങ്ങളോടുള്ള പ്രഭാഷണം (*Sermo ad Caesariensis ecclesiae plebem*)

മുൻഗ്രന്ഥത്തിൽ സൂചിപ്പിച്ച സന്ദർഭത്തിൽ കൈസറിയായിലെ ജനങ്ങളോടു് പറഞ്ഞ പ്രസംഗമാണിതു്. കത്തോലിക്കാസഭ രക്ഷയ്ക്കു് അത്യാവശ്യമാണെന്നു് ഊന്നിപ്പറയുന്നു.

13. ഡൊണാററിസ്റ്റ് മെത്രാനായ ഗൗദെൻസ്യൂസിനെതിരെ (*Contra Gandentium donatistarum episcopum libri II*)

തമുഗാദിയിലെ ഡൊണാററിസ്റ്റു മെത്രാന്റെ രണ്ടു കത്തുകളുടെ മറുപടിയാണിതു്.

14. അഗസ്റ്റിന്റെ മററു് ഡൊണാററിസ്റ്റ്– വിരുദ്ധകൃതികൾ നഷ്ടപ്പെട്ടുപോയി. എട്ടോളം ഗ്രന്ഥങ്ങൾ ഈ ഗണത്തിൽപെടുന്നു. ഈ കൃതികളെപ്പററി അഗസ്റ്റിൻ തന്നെ സൂചിപ്പിക്കുന്നുണ്ടു്.



### c. പെലാജിയർക്കെതിരെ:

പെലാജിയൻ തർക്കകാലത്തു് അഗസ്ററിൻ നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടു്. രക്ഷ, പാപം, കൃപാവരം എന്നിവയെ സംബന്ധിച്ചുള്ള ദൈവശാസ്ത്രം വികസിപ്പിക്കാൻ ഈ തർക്കം അദ്ദേഹത്തെ സഹായിച്ചു. ഈ ഗണത്തിൽപെടുന്ന ഗ്രന്ഥങ്ങളെ മൂന്നായി തിരിക്കാം: (c[1]) പൊതുവായവ (പെലാജിയുസിനും ചെലസ്റ്റിയുസിനുമെതിരെ). (c[2]) ജൂലിയനെതിരെ (c[3]) ഹദ്രുമെത്തും, മർസെയിൽസ് എന്നിവിടങ്ങളിലെ സന്യാസികൾക്കു് അയച്ചവ.– ഈ മൂന്നു വിഭാഗങ്ങൾക്കും അവയുടേതായ പ്രത്യേകതകൾ ഉണ്ടു്: ഒന്നാമത്തേതു് ശാന്തമായ വിവരണമാണു്; രണ്ടാമത്തേതു് വളരെ ശക്തമായ താർക്കികശൈലിയിൽ എഴുതിയിരിക്കുന്നു; മൂന്നാമത്തേതു് കൃപാവരവും മുൻനിർണയവും സംബന്ധിച്ച തത്വങ്ങൾ കുറേക്കൂടി വ്യക്തമാക്കുന്നു.

c[1]. പൊതുവായവ:

1. പാപികളുടെ യോഗ്യതയും പാപങ്ങളുടെ മോചനവും കുട്ടികളുടെ മാമോദീസായും സംബന്ധിച്ചു് മർചെല്ലീനുസിനു് എഴുതിയതു് (*De peccatorum meritis et remissione et de baptismo parvulorum ad Marcellinum libri III*)

രക്ഷ, ഉത്ഭവപാപം, സ്നാനത്തിന്റെ ആവശ്യം, ദൈവകല്പനകൾ അനുസരിക്കാൻ കൃപ ആവശ്യമാണെന്ന തത്വം, എന്നിവ സംബന്ധിച്ചുള്ള ബിബ്ളിക്കൽ ദൈവശാസ്ത്രം അടങ്ങിയ ആദ്യകൃതിയാണിതു്. അതുപോലെ റോമ.5:12 വ്യാഖ്യാനിച്ചപ്പോൾ പെലാജിയുസ് ഉന്നയിച്ച പ്രശ്നങ്ങൾക്കുള്ള മറുപടിയും ഇതിൽ കാണാം (*NPNF*[1] 5. 17-78) 412-ലാണ് ഇതു് എഴുതപ്പെട്ടതു്.

2. പുതിയനിയമകൃപയെപ്പററി ഹൊണൊറാത്തുസിനു് (*De gratia Novi Testamenti ad Honoratum liber I*)

ഹൊണൊറാത്തുസ് എന്ന സ്നേഹിതൻ കാർത്തേജിൽ നിന്നയച്ച അഞ്ചു് വേദപുസ്തക സംബന്ധമായ പ്രശ്നങ്ങൾക്കുള്ള മറുപടിയായി 412–ൽ എഴുതിയതാണിതു്. പുതിയനിയമത്തിനു പ്രത്യേകമായ കൃപാവരം സംബന്ധിച്ച് അഗസ്റ്റിൻ ആറാമതൊരു പ്രശ്നം കൂടി അവതരിപ്പിച്ചു് ചർച്ച ചെയ്യുന്നു. (*FC.* 20 (1953) 58–136).

www.malankaralibrary.com



3. അക്ഷരവും അരൂപിയും സംബന്ധിച്ച് മർചെല്ലീനസിന് (*De Spiritu et littera ad Marcellinum liber I*)

മർചെല്ലീനസിന് എഴുതിയ രണ്ടാമത്തെ കൃതിയാണിത്. അഗസ്റ്റിന്റെ "കൃപാവരശാസ്ത്രം" ഗ്രഹിക്കാൻ ഈ കൃതി അത്യന്താപേക്ഷിതമാണ്. നിയമവും (അക്ഷരവും) കൃപയും (അരൂപിയും) തമ്മിലുള്ള ബന്ധം വിശദീകരിക്കുന്നു. ഹൃദയത്തിൽ ദൈവസ്നേഹം ഉദിപ്പിക്കുന്ന കൃപ ഇല്ലാതെ നിയമത്തെപ്പററിയുള്ള അറിവ് ആരേയും നീതീകരിക്കുന്നില്ല. നാം കൃപ തേടാനാണ് നിയമം നൽകപ്പെട്ടിരിക്കുന്നത്; നാം നിയമം അനുസരിക്കാനായി കൃപ നൽകപ്പെട്ടിരിക്കുന്നു. നിയമം കല്പിക്കുന്നതിനാൽ മരണത്തിനുള്ള അവസരമാണെങ്കിൽ, സഹായിക്കുന്നതു വഴി കൃപ ജീവന്റെ ഉറവിടമാണ് (*NPNF*[1] 5. 83–114).

4. പ്രകൃതിയും കൃപയും (*De natura et gratia liber I*)

പെലാജിയൂസ് രചിച്ച "De natura" എന്ന ഗ്രന്ഥത്തിന് മറുപടിയായി 415-ൽ അഗസ്റ്റിൻ രചിച്ചതാണ് ഈ കൃതി. കൃപയ്ക്കെതിരെ പ്രകൃതിയെ ന്യായീകരിക്കാനോ, പ്രകൃതിക്കെതിരെ കൃപയെ ന്യായീകരിക്കാനോ ശ്രമിക്കേണ്ട. പ്രകൃതിയും കൃപയും ഒന്നിച്ച് അംഗീകരിക്കുക. പ്രകൃതിയെ സ്വതന്ത്രമാക്കുകയും സുഖപ്പെടുത്തുകയും ചെയ്യുന്നത് കൃപയാണ് എന്നു പോകുന്നു അഗസ്റ്റിന്റെ ചിന്ത (*NPNF*[1] 5. 121–151).

5. മനുഷ്യനീതിയുടെ പൂർണത
(*De perfectione justitiae hominis epistola sive liber*)

ചെലെസ്റ്റിയൂസ് രചിച്ച *Definitiones* ന് മറുപടിയായി എഴുതാണ്ട് 415-ൽ അഗസ്റ്റിൻ രചിച്ചതാണ് ഈ കൃതി. ചെലെസ്തിയൂസ് *impeccantia* യുടെ വക്താവായിരുന്നു. കൃപാവരത്തിന്റെ ആവശ്യകത അയാൾ നിഷേധിച്ചു. അഗസ്റ്റിനാകട്ടെ പ്രസ്തുത തത്വം തള്ളിക്കളഞ്ഞു; കൃപാവരത്തിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു. (*NPNF*[1] 5. 151–176).

6. വൈദികനായ ജറോമിന് (*Ad Hieronymum presbyterum libri II*: ലേഖനം, 166–167).

ആത്മാവിന്റെ ഉത്ഭവം സംബന്ധിച്ച് ജറോമിന്റെ അഭിപ്രായമെന്താണെന്ന് ആരാഞ്ഞുകൊണ്ട് 415-ൽ അഗസ്റ്റിൻ ജറോമിനെഴുതി. ഉത്ഭവപാപം സംബന്ധിച്ചുള്ള പ്രബോധനം



അറിയാൻവേണ്ടിക്കൂടിയായിരുന്നിത്. സൃഷ്ടിവഴിയാണോ ആത്മീയജനനംവഴിയാണോ ആത്മാവ് ഉണ്ടാകുന്നത്? അതുപോലെ യാക്കോ.2:10 ന്റെ വ്യാഖ്യാനം എന്താണെന്നറിയിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു ( *FC* 30 (1985) 6–49).

7. പെലാജിയൂസിന്റെ പ്രവൃത്തികളെക്കുറിച്ച്
(*De gestis Pelagii liber I*)

ദിയോസ്പോളീസിൽവച്ച് 417 അവസാനത്തോടുകൂടി നടന്ന സിനഡിന്റെ നടപടികൾ അപഗ്രഥിക്കുന്നു. അവിടെ വച്ച് പെലാജിയൂസിനെ കുററവിമുക്തനാക്കി; എന്നാൽ അദ്ദേഹത്തിന്റെപേരിൽ അറിയപ്പെടുന്ന സിദ്ധാന്തം (പെലാജിയനിസം) ശപിക്കപ്പെട്ടു(*NPNF*.[1] 4. 183–212).

8. ക്രിസ്തുവിന്റെ കൃപയും ഉത്ഭവപാപവും
(*De gratia Chriti et de peccato originali libri II*)

അൽബീനാ, പിനിയാനുസ്, മെലാനിയാ എന്നിവരുടെ ആവശ്യപ്രകാരം 418 മധ്യത്തോടുകൂടിയാണ് അഗസ്റ്റിൻ ഈ കൃതി എഴുതിയത്. പെലാജിയൂസിന്റെ തെററിനെ സ്പഷ്ടമായി കാണിക്കുന്നു: സ്വാതന്ത്ര്യത്തെ നിയമമെന്നും, വെളിപാടിനെ കൃപയെന്നും പെലാജിയൂസ് വിളിച്ചു; എന്നാൽ ദൈവകല്പനകൾ എളുപ്പത്തിൽ അനുസരിക്കാനുള്ള ഒരു സഹായം മാത്രമാണ് കൃപ എന്നുപറഞ്ഞുകൊണ്ട് കൃപാവരത്തിന്റെ ആന്തരികസഹായത്തെ നിഷേധിച്ചു. അടിസ്ഥാന വിശ്വാസസത്യമായ ഉത്ഭവപാപം പെലാജിയൂസും ചെലെസ്തിയൂസും നിഷേധിച്ചിരിക്കുകയാണ് എന്ന് അഗസ്റ്റിൻ ചൂണ്ടിക്കാട്ടി (*NPNF*[1]. 4. 217–236).

9. ആത്മാവും അതിന്റെ ഉത്ഭവവും
(*De anima et eius origine libri IV*).

വിൻസെൻസ്യൂസ് വിക്ടർ എന്നയാളിന്റെ ചില അബദ്ധവീക്ഷണങ്ങൾക്കെതിരായി അഗസ്റ്റിൻ ഈ കൃതി രചിച്ചു. സൃഷ്ടിയുടെയും (creationism) ആത്മീയ പകർന്നുകൊടുക്കലിന്റെയും (traducianism) ഇടയ്ക്ക് സംശയിച്ചു നില്ക്കുകയാണ് അഗസ്റ്റിൻ എന്ന് വിക്ടർ കുററപ്പെടുത്തി. അഗസ്റ്റിൻ മാനിക്കേയൻ സിദ്ധാന്തവും (emanation) ഒരിജനിസ്ററ് മുൻ അസ്തിത്വവും (preexistence) തള്ളിക്കളയുന്നു. തന്റെ സംശയമനസ്ഥിതിയെ ന്യായീകരിക്കുന്നു (*NPNF*.[1] 3.315-371).

www.malankaralibrary.com



c³. ജൂലിയനെതിരെ

10. പെലാജിയരുടെ രണ്ട് ലേഖനങ്ങൾക്കെതിരെ *(Contra duas epistolaspelagianorum libri IV)*.

സോസിമുസ് മാർപാപ്പായുടെ ലേഖനത്തിൽ ഒപ്പുവയ്ക്കാൻ വിസമ്മതിച്ച ജൂലിയൻെറയും അദ്ദേഹത്തോടുകൂടി ഉണ്ടായിരുന്ന മെത്രാന്മാരുടെയും രണ്ടുകത്തുകൾ ബോനിഫസ് മാർപ്പാപ്പ അഗസ്റ്റിനയച്ചുകൊടുത്തപ്പോൾ അഗസ്റ്റിൻ രചിച്ച് (420) ബോനിഫസിനു സമർപ്പിച്ചതാണ് ഈ കൃതി. എതിരാളികളുടെ പരദൂഷണങ്ങളെയും അപവാദങ്ങളെയും അഗസ്റ്റിൻ ശക്തിയായി അപലപിക്കുന്നു (*NPNF.*[1] 4.377–434; മുക. പേ. 126–7 കാണുക).

11. വിവാഹവും ഭോഗാസക്തിയും *(De nuptiis et concupiscentia libri II)*.

ജൂലിയനു് മറുപടിയായിട്ടാണ് ഈ കൃതി എഴുതിയത്. വിവാഹത്തിൻെറ പരിപാവനത അഗസ്റ്റിൻ നിഷേധിക്കുന്നു എന്ന് ജൂലിയൻ ആരോപണം നടത്തി. അഗസ്റ്റിൻെറ മറുപടി കിട്ടിയപ്പോൾ ജൂലിയൻ നാലു പുസ്തകങ്ങൾ എഴുതി പ്രതികരിച്ചു. ഇതിൻെറ ചുരുക്കം ലഭിച്ചപ്പോൾ അഗസ്റ്റിൻ ഇതിൻെറ രണ്ടാം പുസ്തകം എഴുതി. 419–420 ലാണ് ഇതെഴുതപ്പെട്ടത് (*NPNF.*[1]. 4.263–308).

12. ജൂലിയനെതിരെ (*Contra Julianum libri VI*).

പെലാജിയൻ തർക്കം സംബന്ധിച്ചുള്ള ഏററവും വലുതും ഏററവും പ്രധാനപ്പെട്ടതുമായ ഗ്രന്ഥമാണിത്(421). ജൂലിയൻ നാലു് പുസ്തകങ്ങളിലായി പ്രതികരിച്ചപ്പോൾ അഗസ്റ്റിൻ ആറുപുസ്തകങ്ങളിലായി അതിന് വിശദമായി മറുപടി നല്കി. ഉത്ഭവപാപം, വിവാഹം, ഭോഗാസക്തി, ശിശുസ്നാനം, അവിശ്വാസികളുടെ സുകൃതം എന്നീ വിഷയങ്ങളെപ്പററി വിശദമായി ചർച്ചചെയ്യുന്നു (*FC*, 35 (1957).

13. ജൂലിയൻെറ രണ്ടാം മറുപടിക്കെതിരെ(അപൂർണ്ണകൃതി) *(Contra secundum Juliani responsionem opus Imperfectum)*.

സിലീഷ്യയിൽ അഭയംതേടിയ ജൂലിയൻ അഗസ്റ്റിൻെറ ''വിവാഹത്തെപ്പററി'' (*De nuptiis*) എന്ന കൃതിയുടെ രണ്ടാം പുസ്തകത്തിനെതിരായി എട്ടുപുസ്തകങ്ങളെഴുതി. ഉടനെ അഗസ്റ്റിൻ വളരെ വിശദമായ ഒരു മറുപടി തയാറാക്കി. ജൂലിയൻെറ



ഗ്രന്ഥത്തിലെ ഓരോ ഭാഗവും അദ്ദേഹം ഖണ്ഡിച്ചു. പെലാജിയൻ തർക്കത്തിലെ എല്ലാ വിഷയങ്ങളും തന്നെ കുറേക്കൂടി വ്യക്തമായും ആഴമായും ഇതിൽ ചർച്ചചെയ്യുന്നു. എട്ടുപുസ്തകങ്ങളിലായി മറുപടി എഴുതാനായിരുന്നു അഗസ്റ്റിൻെറ പദ്ധതിയെങ്കിലും ആറെണ്ണമേ എഴുതാൻ കഴിഞ്ഞുള്ളു. പൂർത്തിയാകുന്നതിനു മുൻപ് അഗസ്റ്റിൻ മരിച്ചു.

c³. ഹഡ്രുമെത്തും, മർസെയിൽസ് എന്നിവിടങ്ങളിലെ സന്യാസികൾക്ക്:

14. കൃപയും സ്വാതന്ത്ര്യേച്ഛയും(*De gratia et libero arbitrio*).

അഗസ്റ്റിൻെറ 194–ാം ലേഖനം വായിച്ച സന്യാസികൾക്ക് കൃപാവരവും സ്വാതന്ത്ര്യേച്ഛയും ഒന്നിച്ചു സ്ഥിതിചെയ്യുന്നതു് മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുണ്ടായി. വിശുദ്ധ ഗ്രന്ഥത്തെ ആധാരമാക്കി ഇതു മനസ്സിലാക്കിക്കൊടുക്കുവാൻ അഗസ്റ്റിൻ ശ്രമിക്കുന്നു. കൃപാവരം സൗജന്യദാനമാണ്. സ്വാതന്ത്ര്യേച്ഛയും ദൈവദാനമാണ്. നന്നായി മനസ്സിലായില്ലെങ്കിലും ഈ രണ്ടു സംഗതികളും ഒന്നിച്ചുപോകുന്നു എന്ന് വിശ്വസിക്കണം എന്ന് അഗസ്റ്റിൻ സന്യാസികളെ ഉപദേശിക്കുന്നു. (*NPNF.*[1] 4. 443–465; *FC* 59 (1968) 250–308).

15. വീഴ്ചയും കൃപയും (*De Corruptione et gratia liber I*)

ഹഡ്രുമെത്തുമിലെ സന്യാസികൾക്ക് എഴുതിയതാണിത്. അഗസ്റ്റിൻെറ, തൊട്ടുമുമ്പുള്ള കൃതിയെ ചില സന്യാസികൾ തെററിദ്ധരിച്ചു. കൃപാവരം അവശ്യാവശ്യമെങ്കിൽ സഹോദരങ്ങളെ തിരുത്തേണ്ട ആവശ്യമില്ല എന്ന തെററായ നിഗമനത്തിൽ അവർ എത്തിച്ചേർന്നു. അതിനു മറുപടിയായിട്ടാണ് ഇത്. തിരുത്തൽ നടത്തുക പ്രയോജനപ്രദമാണ്. ഇതിൽ ''മുൻനിർണയവും കൃപാവരത്തിൻെറ ഫലദായകത്വവും'' എന്ന വിഷയം ചർച്ചചെയ്യുന്നു. ഉത്ഭവപാപത്തിനു മുൻപും പിൻപും ഇതു വ്യത്യസ്തമാണെന്നും ചൂണ്ടിക്കാട്ടുന്നു. കൃപ തിരുത്തലിനെ പ്രയോജനപ്രദമാക്കുന്നു; എന്നാൽ അതു് സ്വാതന്ത്ര്യേച്ഛയെ ഹനിക്കുന്നില്ല. രക്ഷാകരചരിത്രത്തെ സ്വാതന്ത്ര്യത്തിൻെറ ശൈലിയിൽ കാണുമ്പോൾ ജനത്തിൻെറ സ്വാതന്ത്ര്യവും, നമ്മുടെ സ്വാതന്ത്ര്യവും, സ്വർഗത്തിലെ സൗഭാഗ്യവാന്മാരുടെയും സൗഭാഗ്യവതികളുടെയും സ്വാതന്ത്ര്യവും തമ്മിൽ വ്യത്യാസം ഉള്ളതായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. 'കൃപാവരം' സംബന്ധിച്ച് അഗസ്റ്റിൻെറ ഏററവും പ്രധാന കൃതിയാണിത് (*NPNF*[1] 4. 471–9; *FC*. 2 (1947) 245–305).

www.malankaralibrary.com



16. വിശുദ്ധരുടെ മുൻനിർണയം; നിലനില്പിന്റെ ദാനം (*De Praedestinatione Sanctorum; De dono perseverantiae*)

'സെമി-പെലാജിയർ' എന്നറിയപ്പെട്ടിരുന്ന മർസെയിൽസ് സന്യാസികളുടെ ഇടയിലുണ്ടായ കലക്കത്തെ സംബന്ധിച്ച് പ്രോസ്പറും ഹിലരിയും അഗസ്റ്റിനെഴുതി. മുകളിൽ പറഞ്ഞ രണ്ടു കൃതികളായിരുന്നു അതിനു കാരണം. അതിനു മറുപടിയായി എഴുതിയവയാണ് ഈ രണ്ടു കൃതികൾ. വിശ്വാസത്തിന്റെ ആരംഭവും നന്മയിലുള്ള നിലനില്പും ദൈവദാനമാണ്; സന്യാസികൾ പറഞ്ഞതുപോലെ സ്വതന്ത്രേച്ഛയുടെ പ്രവർത്തനം മാത്രമല്ല (*NPNE*[1]. 4. 497-519; 525-552).

*d. ആരിയനിസത്തിനെതിരെ*

1. ആരിയരുടെ പ്രസംഗങ്ങൾക്കെതിരെ (*Contra Sermonem Arianorum liber I*)

ത്രിത്വത്തിലെ മൂന്നാളുകളുടെയും ഏകസത്തയെക്കുറിച്ച് 418-ൽ എഴുതിയതാണിത്. ഏതോ ആര്യന്റെ പ്രസംഗമാണ് ഇതെഴുതാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

2. ആര്യൻ മെത്രാനായ മാക്സിമീനുസുമായുള്ള ചർച്ച (*Collatio cum Maximino Arianorum episcopum*)

മാക്സിമീനുസ് എന്ന ആര്യൻ മെത്രാനുമായി 427-ൽ ഹിപ്പോയിൽ വച്ചു നടന്ന ചർച്ചയുടെ നടപടിക്കുറിപ്പാണ് ഈ കൃതി.

3. ആര്യനായ മാക്സിമീനുസിനെതിരെ (*Contra Maximinum arianum libri II*)

ഹിപ്പോയിൽനിന്ന് കാർത്തേജിൽ തിരിച്ചെത്തിയ മാക്സിമീനുസ് അഗസ്റ്റിനെ പരാജയപ്പെടുത്തിയതായി വീമ്പിളക്കി. അപ്പോൾ അഗസ്റ്റിൻ രചിച്ചതാണ് ഈ കൃതി.

*e. പ്രിഷില്ല്യർ, മാർസ്യൊണീത്തർ, യൂദർ എന്നിവർക്കെതിരെ*

1. പ്രിഷില്ല്യർക്കും ഒരിജെനിസ്റ്റുകൾക്കുമെതിരെ ഒറോസ്യൂസിനു (*Ad Orosium contra Priscillianistas et origenistas libri II*)

ഇല്ലായ്മയിൽനിന്നുള്ള സൃഷ്ടി, നിത്യശിക്ഷാവിധി എന്നിവ സംബന്ധിച്ച് പ്രിഷില്ല്യർക്കും ഒരിജെനിസ്റ്റുകൾക്കും എതിരെ ഒറോസിയുസിനെഴുതിയ ചെറിയൊരു മറുപടിയാണിത്.



2. നിയമത്തിന്റെയും പ്രവാചകരുടെയും എതിരാളികൾക്കെതിരെ (*Contra adversarium legis et prophetarum libri II*)

പഴയനിയമത്തിനെതിരെ എഴുതപ്പെട്ട, മാർസ്യൊണീത്തരുടെ ഒരു ഗ്രന്ഥം കാർത്തേജിലെ ചില സമൂഹങ്ങൾ ആർത്തിയോടെ വായിക്കുന്നു എന്നറിഞ്ഞ അഗസ്റ്റിൻ 420-ൽ എഴുതിയതാണിത്.

3. യൂദർക്കെതിരെയുള്ള കൃതി (*Tractactus adversus Iudaeos*)

റോമാ. 11:22 ന്റെ വ്യാഖ്യാനമാണിത്. പഴയനിയമ പ്രവചനങ്ങൾ ക്രിസ്തുവിലും സഭയിലും പൂർത്തിയായി. യൂദന്മാരോട് സ്നേഹത്തോടും വിനയത്തോടും കൂടെ പെരുമാറണം എന്നിപ്രകാരം അഗസ്റ്റിൻ ഉപദേശിക്കുന്നു (*FC*, 27 (1955) 387-414).

*f. പാഷണ്ഡതകൾക്കെതിരെ പൊതുവായി*

പാഷണ്ഡതകളെപ്പറ്റി (*De haeresibus*)

കോദ്‌വുൾത്‌ദേവൂസ് എന്ന കാർത്തേജുകാരൻ ഡീക്കൻ ആവശ്യപ്പെട്ടതനുസരിച്ച് 428-9-ൽ അഗസ്റ്റിൻ രചിച്ചതാണ് ഈ കൃതി. എപ്പിഫാനിയൂസ്, ഫിലാസ്റ്റർ എന്നിവരെ ആധാരമാക്കിയും തന്റെ വ്യക്തിപരമായ അറിവിനെ ആധാരമാക്കിയും 88 പാഷണ്ഡതകളെ അദ്ദേഹം അപഗ്രഥിക്കുന്നു. ക്ഷുദ്രക്കാരൻ ശീമോൻ മുതൽ പെലാജിയൂസ്, ചെലെസ്റ്റിയൂസ് എന്നിവർ വരെയുള്ള അബദ്ധ പ്രബോധകരെപ്പറ്റിയുള്ള വിവരങ്ങൾ ഇതിൽനിന്നു ഗ്രഹിക്കാൻ സാധിക്കും. 430-ൽ അഗസ്റ്റിൻ മരിച്ചതിനാൽ ഇതു പൂർത്തിയാക്കാൻ സാധിച്ചില്ല. അബദ്ധോപദേശങ്ങളെ തിരിച്ചറിയാനും, വിധിക്കാനും ഒഴിഞ്ഞുമാറാനുമുള്ള മാർഗങ്ങൾ രണ്ടാം ഭാഗത്തെ ചർച്ചാവിഷയമാകുമായിരുന്നു.

## 2. കത്തുകൾ

അഗസ്റ്റിന്റെ കത്തുകൾ അദ്ദേഹത്തിന്റെ വൈവിധ്യമാർന്ന ചിന്താധാരകൾ മനസ്സിലാക്കാനും അന്നത്തെ വിവിധ തർക്കങ്ങളുടെ സ്വഭാവം ഗ്രഹിക്കാനും വളരെയധികം സഹായിക്കും. ചരിത്രപരം, താത്ത്വികം, ദൈവശാസ്ത്രപരം, വ്യാഖ്യാനപരം, ആധ്യാത്മികം എന്നു തുടങ്ങി വിവിധ മണ്ഡലങ്ങളിൽ വെളിച്ചം വീശുന്നവയാണ് അവ. ചില കത്തുകൾ ഗ്രന്ഥങ്ങളുടെ വലിപ്പമുള്ളവയാണ്. മൗരിസ്റ്റുകാർ 270

www.malankaralibrary.com



കത്തുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിനുശേഷം ആറു കത്തുകൾകൂടി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. 270-ൽ അഗസ്റ്റിന് അയച്ച 53 എണ്ണവും അഗസ്റ്റിൻ രചിച്ച 9 എണ്ണവും *opuscula in libris* എന്ന സമാഹാരത്തിൽ ഉൾപ്പെടുന്നു. 386 മുതൽ 430 വരെയുള്ള കത്തിടപാടുകളാണ് കത്തുകളിൽ ഉള്ളത്. മൗരിസ്റ്റുകാർ കത്തുകളെ നാലായി തിരിക്കുന്നു. (1) ലേഖനം 1-30 (മാനസാന്തരം മുതൽ മെത്രാഭിഷേകം വരെ); (2) ലേഖനം 31-123 (മെത്രാഭിഷേകം മുതൽ 411 ലെ ചച്ചായോഗം വരെ). (3) ലേഖനം 124-231 (411 മുതൽ മരണംവരെ). (4) ലേഖനം 232-270 (തീയതി കൃത്യമായി അറിയാൻ പാടില്ലാത്തവ) (*NPNF*[1]. 1. 219–593 (160 ലേഖനങ്ങൾ); *FC*. 12. 18. 20. 30. 32 (1951–6).

## 3. പ്രതിപാദനങ്ങൾ

### 1. യോഹന്നാന്റെ വ്യാഖ്യാനം

#### a. *യോഹന്നാന്റെ സുവിശേഷത്തിന്റെ വ്യാഖ്യാനം*
(Tractatus in evangelium Ioannis)

പ്രസംഗരൂപത്തിലാണ് യോഹന്നാന്റെ സുവിശേഷത്തിന്റെ വ്യാഖ്യാനം. മൊത്തം 124 പ്രസംഗങ്ങൾ ഉണ്ട്. ചിലത് അഗസ്റ്റിൻ പ്രസംഗിച്ചതും ശേഷിച്ചവ പറഞ്ഞു കൊടുത്ത് എഴുതിച്ചതും. പ്രസംഗങ്ങളെ രണ്ടായി തിരിക്കുന്നവരുണ്ട്: 1-54; 55-124. ഈ രണ്ടു ഭാഗങ്ങളും എഴുതിയ കാലം സംബന്ധിച്ച് വളരെയധികം അഭിപ്രായവ്യത്യാസം ഉണ്ട്: 406 നും 420 നും ഇടയ്ക്കാണെന്ന് തീർത്തു പറയാം. അജപാലന ലക്ഷ്യം മുൻപിൽ കണ്ടുകൊണ്ടു തയാറാക്കിയവയാണ് ഈ പ്രസംഗങ്ങൾ. എന്നാൽ ദൈവശാസ്ത്രപരവും, താത്ത്വികവും ആധ്യാത്മികവുമായ നിരവധി ഉൾക്കാഴ്ചകൾ അവ പ്രദാനം ചെയ്യുന്നു. (*NPNF*[1]. 7. 7–452).

#### b. *യോഹന്നാന്റെ ലേഖനത്തിന്റെ വ്യാഖ്യാനം*
(Tractatus in epistolam Ioannis ad Parthos)

413 നും 418 നും ഇടയ്ക്ക് ഉയിർപ്പുതിരുനാളിനോടനുബന്ധിച്ച്, സ്നേഹത്തെപ്പറ്റി നൽകിയ പത്തു പ്രസംഗങ്ങൾ ആണിവ. സ്നേഹത്തിന്റെ സ്തുതിപാഠകനായിരുന്നല്ലോ യോഹന്നാൻ. സഭാപിതാക്കന്മാരുടെ കൃതികളിൽ ഈ ഭാഗം ഇതിനേക്കാൾ ഭംഗിയായി ആരും വ്യാഖ്യാനിച്ചിട്ടില്ല.
(*NPNF*[1]. 7. 450–529).



### 2. സങ്കീർത്തനങ്ങളുടെ വ്യാഖ്യാനം

അഗസ്റ്റിന്റെ ഏറ്റവും നീണ്ട കൃതി ഇതാണ്; ആധ്യാത്മിക തത്ത്വങ്ങളാൽ സമൃദ്ധവുമാണിത്. സഭാപിതാക്കന്മാരുടെ കാലത്ത് സങ്കീർത്തനങ്ങൾക്കുള്ള ഏക സമഗ്രപ്രതിപാദനം ഇതു മാത്രമാണ്. 392 നും 416/422 നും ഇടയ്ക്കാണ് ഇത് എഴുതപ്പെട്ടത്. ഇതിനെ രണ്ടായി തിരിക്കാം: പറഞ്ഞു കൊടുത്ത് എഴുതിച്ച വ്യാഖ്യാനങ്ങൾ; പ്രസംഗമായി നല്കിയ വ്യാഖ്യാനങ്ങൾ. ഒന്നാമത്തേതിനെ വീണ്ടും മൂന്നായി തിരിക്കാം: വളരെ ഹ്രസ്വമായ ഭാഷ്യക്കുറിപ്പുകൾ (സങ്കീ. 1-31), നീണ്ട വിവരണങ്ങൾ (67. 71. 77....), ജനങ്ങളുടെ മുൻപാകെ വായിക്കാൻ വേണ്ടി തയാറാക്കിയ പ്രസംഗങ്ങൾ. അവയിൽ മിക്കതും കാർത്തേജിൽ വായിക്കപ്പെട്ടവയാണ്. ചരിത്രപരമോ, നിരുക്തിപരമോ (Philological) ആയ ഭാഷ്യങ്ങൾ ഈ കൃതിയിൽ കാണുകയില്ല. പിന്നെയോ ദൈവശാസ്ത്രപരവും ആധ്യാത്മികവുമായ വ്യാഖ്യാനമാണ് അഗസ്റ്റിൻ നൽകുക. സങ്കീർത്തനങ്ങളിൽ ക്രിസ്തുവിന്റെയും സഭയുടെയും ഓരോ വിശ്വാസിയുടെയും ശബ്ദം മുഴങ്ങുന്നു. ക്രിസ്തീയ തത്ത്വസംഹിതയിലെ പ്രധാന വിഷയങ്ങളെല്ലാം ഇവിടെ പ്രതിപാദിക്കപ്പെടുന്നു. സെപ്ത്വാജിന്തിന്റെ ലത്തീൻ വിവർത്തനമാണ് അഗസ്റ്റിൻ ഉപയോഗിച്ചിരുന്നത്. അഗസ്റ്റിൻ തന്നെ പ്രസ്തുത വിവർത്തനം ചിലപ്പോഴൊക്കെ തിരുത്തിയിട്ടുണ്ട് (*NPNF*[1] .8; *ACW*. 29–30 (1960).

### 3. പ്രസംഗങ്ങൾ

ഏതാണ്ട് നാല്പതു വർഷത്തോളം ഇടതടവില്ലാതെ അഗസ്റ്റിൻ പ്രസംഗിച്ചിരുന്നു. ഹിപ്പോഗ്രന്ഥശാലയിൽ ഒരുപക്ഷേ മൂവായിരമോ നാലായിരമോ പ്രസംഗങ്ങൾ ഉണ്ടായിരുന്നിരിക്കാം. പലതും തിരുത്തി പ്രകാശനം ചെയ്യാൻ അഗസ്റ്റിനുപോലും കഴിഞ്ഞുകാണില്ല. അവ അങ്ങനെതന്നെ നശിക്കുകയും ചെയ്തു. മൗരിസ്റ്റുകൾ 363 പ്രസംഗങ്ങൾ പ്രസിദ്ധീകരിച്ചു: വേദപുസ്തകം, ആരാധനക്രമകാലങ്ങൾ, വിശുദ്ധർ, വിവിധ വിഷയങ്ങൾ എന്നിങ്ങനെ അവർ ഈ പ്രസംഗങ്ങളെ തിരിച്ചിട്ടുണ്ട്. മോറിൻ 138 പ്രസംഗങ്ങൾ കൂടി പ്രസിദ്ധീകരിച്ചു. പിന്നീട് ലംബോയും (Lambot) കുറേ പ്രസംഗങ്ങൾ പ്രസിദ്ധീകരിച്ചു. ഇപ്പോൾ 500-ൽ ഏറെ പ്രസംഗങ്ങൾ അഗസ്റ്റിന്റേതായി അറിയപ്പെടുന്നു. എന്നാൽ ചിലതിനെപ്പറ്റി പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസം ഉണ്ട്. പ്രസംഗങ്ങളുടെ ഒരു വിമർശനപ്പതിപ്പ്

www.malankaralibrary.com



പ്രസിദ്ധീകരിക്കാൻ തുടങ്ങിയിട്ടുണ്ട് (*CCL*. 41: പഴയനിയമത്തെ ആധാരമാക്കിയുള്ള 50 പ്രസംഗങ്ങൾ; *NPNF*¹. 6. 245–545: പ്രസംഗം 51–157:-സുവിശേഷത്തെ ആസ്പദമാക്കിയുള്ളവ; *FC*. 11 (1951. 1963²; *FC*. 38 (1959); *ACW*. 15 (1952. 1963² (ക്രിസ്മസ്, ദനഹാ എന്നിവയ്ക്കുള്ള പ്രസംഗങ്ങൾ).

സംശയമുള്ള ചില പ്രസംഗങ്ങൾ താഴെ കുറിക്കുന്നു:

1. നഗരദഹനത്തെക്കുറിച്ചുള്ള പ്രഭാഷണം
(*Serno de Urbis excidio*)

ഇത് 410 ലോ അതിനോടടുത്ത കാലത്തോ ചെയ്ത പ്രസംഗമാണ്.

2. വിശ്വാസപ്രമാണത്തെക്കുറിച്ച് സ്നാനാർത്ഥികൾക്കുള്ള പ്രസംഗം (*Sermo de catechumenos de symbolo*)

വിശ്വാസപ്രമാണത്തിന്റെ വ്യാഖ്യാനമാണിത്. തീയതി അവ്യക്തമാണ്. ഇതിന്റെ കൂടെ തുടർച്ചയായി കാണുന്ന മററ് മൂന്നു പ്രസംഗങ്ങൾ അഗസ്ററിന്റെ ശൈലിയല്ല.

3. ക്രിസ്തീയശിക്ഷണത്തെപ്പററിയുള്ള പ്രസംഗം
(*Sermo de disciplina christiana*)

ക്രിസ്തീയപ്രമാണങ്ങളുടെ സാരസത്ത ദൈവസ്നേഹവും പരസ്നേഹവുമാണ് എന്ന് ഇത് വ്യക്തമാക്കുന്നു. തീയതി കൃത്യമായി അറിവില്ല.

4. ഉപവാസത്തിന്റെ പ്രയോജനത്തെപ്പററിയുള്ള പ്രസംഗം. (*Sermo de utilitate ieiunii*)

ക്രിസ്തീയഉപവാസത്തിന്റെ സ്വഭാവം വ്യക്തമാക്കുന്നു. 411 ലായിരിക്കാം ഈ പ്രസംഗം നടന്നത്.

### 4. സംശയാസ്പദകൃതികൾ

താഴെപ്പറയുന്ന കൃതികൾ അഗസ്റ്റിന്റേതാണോ എന്നതിനെപ്പററി ഗൗരവമായ സംശയം നിലനിൽക്കുന്നു. ഈ പേരുകളിൽ അറിയപ്പെടുന്നവയെപ്പററി അഗസ്ററിൻ തന്നെ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ അവ നഷ്ടപ്പെട്ടതായി കരുതപ്പെടുന്നു. ഇപ്പോൾ ഉള്ളവ അഗസ്റ്റിന്റെ കൃതികൾ തന്നെയോ എന്ന് സംശയമുണ്ട്.



1. വ്യാകരണഗ്രന്ഥം (*De grammatica liber*)

അഗസ്റ്റിനും പൊസ്സീദിയൂസും ഇതേപ്പററി സൂചിപ്പിക്കുന്നു. ഇത് രണ്ടു പതിപ്പുകളിൽ കൈവന്നിട്ടുണ്ടെങ്കിലും അഗസ്റ്റിന്റെ കൃതിയുടെ അനുകരണമായിരിക്കാം.

2. തർക്കശാസ്ത്രതത്വങ്ങൾ (*Principia Dialecticae*)

നഷ്ടപ്പെട്ട കൃതിയുടെ കൂട്ടത്തിൽ അഗസ്റ്റിൻ ഇതിനെ കരുതുന്നു. ഇപ്പോൾ ഈ പേരിൽ അറിയപ്പെടുന്ന ഗ്രന്ഥം അഗസ്റ്റിന്റേതാണ് എന്നാണ് പലരും കരുതുന്നത്.

3. പ്രഭാഷണകലയുടെ തത്വങ്ങൾ
(*Principia Rhetorices; Retr*. 1. 6)

4. വി.അഗസ്റ്റിന്റെ ത്രിയേകദൈവത്തോടുള്ള പ്രാർത്ഥന
(*Oratio S. Augustini in Librum de Trinitate*)
ത്രിയേകദൈവത്തോടുള്ള നീണ്ട പ്രാർത്ഥനയാണിത്.

5. വി. നാബോറിനെക്കുറിച്ചുള്ള പദ്യം
(*Versus de S. Nabore*)
ഒരു രക്തസാക്ഷിയെ സ്തുതിച്ചുകൊണ്ടുള്ള ഗീതം.

6. അധ്യായങ്ങൾ അഥവാ ലഘുശീർഷകങ്ങൾ
(*Capita or Breviculi*).

### 5. അയഥാർത്ഥകൃതികൾ[16]

പിൻതലമുറയിൽ അഗസ്റ്റിനുണ്ടായ സ്വാധീനം നിമിത്തം വളരെയധികം പുസ്തകങ്ങളും കത്തുകളും പ്രസംഗങ്ങളും അഗസ്റ്റിന്റെ പേരിൽ പ്രചരിക്കാനിടയായി. അഗസ്റ്റിന്റെ ചിന്തയെ മററുള്ളവരുടെ ചിന്തയിൽ നിന്ന് വേർതിരിച്ചറിയാൻ ഈ അയഥാർത്ഥകൃതികളെപ്പററിയുള്ള കൃത്യമായ അറിവ് അപരിത്യാജ്യമാണ്.

## 1. പുസ്തകങ്ങൾ

1. വിശ്വാസത്തെപ്പററി പത്രോസിന്
(*De fide ad Petrum*)

റുസ്പെയിലെ ഫുൾജെൻസ്യൂസിന്റെ കൃതിയാണിത്. മധ്യകാലഘട്ടത്തിൽ ഇതിനു വലിയ സ്വാധീനം ഉണ്ടായിരുന്നു.

16. Spurious works.

www.malankaralibrary.com



എന്നാൽ ഈ ഡോഗ്മാററിക് സമാഹാരം അഗസ്റ്റിൻെറ കൃതിയല്ല. പൊതുവായ ദൈവശാസ്ത്രം ചർച്ച ചെയ്യുന്നു.

2. ത്രിത്വത്തിൻെറ ഏകത്വം (*De Unitate Trinitatis*)

ത്രിത്വദൈവശാസ്ത്രം ചർച്ച ചെയ്യുന്നു.

3. ഫെലിച്ചിയനെതിരെ ത്രിത്വത്തിൻെറ ഏകത്വം. (*De Unitate Trinitatis Contra Felicianum arianum*)

തപ്സോയിലെ വിർജിലിൻേറതാണ് ഈ കൃതിയെന്ന് മൗരിസ്ററുകാം കരുതുന്നു.

4. പെലാജിയർക്കും ചെലെസ്തിയക്കും എതിരെയുള്ള മുന്നറിയിപ്പ് (*Hypomnesticon contra Pelagianos et Caelestianos*)

ആറ് പുസ്തകങ്ങളിലായി കൃപാവരാശസ്ത്രം ചർച്ചചെയ്യുന്നു. പെലാജിയരുടെ അഞ്ച് തെററുകളെ ഖണ്ഡിക്കുന്നു. ആറാം പുസ്തകത്തിൽ ദൈവത്തിൻെറ മുൻനിർണയം ചർച്ചാവിഷയമാക്കുന്നു.

5. മുൻനിർണ്ണയവും കൃപയും (*De praedestinatione et gratia*)

അഗസ്റ്റിൻെറ ആശയങ്ങാംക്ക വിരുദ്ധമായവ അതിൽ കാണാം.

6. വിശുദ്ധ ഗ്രന്ഥത്തിലെ അത്ഭുതങ്ങാം (*De mirabilibus Sacrae Scripture*)

ഒരു "ഹിബെർനിക്കുസ് അഗുസ്തീനുസ്" ആണ് ഇത് രചിച്ചത്. വേദപുസ്തകത്തിലെ രസകരമായ ഭാഗങ്ങളെ ആധാരമാക്കി എഴുതിയിട്ടുള്ളതാണ്.

7. പഴയപുതിയനിയമ പ്രശ്നങ്ങാം (*Quaestiones Veteris et Novi Testamenti*)

115 വേദപുസ്തകപ്രശ്നങ്ങളും ഉത്തരങ്ങളും. അംബ്രോസിയാസ്റ്ററാണ് ഇതിൻെറ കർത്താവ്.

8. വെളിപാടുവ്യാഖ്യാനം (*Expositio in Apocalypsim*)

ആറംസിലെ സീസറാണ് കർത്താവ്.



9. തിരുവെഴുത്തുകളെക്കുറിച്ചുള്ള പുസ്തകം (*Liber de divinis Scripturis*)

142 വിഷയങ്ങളെപ്പററിയുള്ള ചർച്ച. അഞ്ചാം നൂററാണ്ടിലേതാണിത്. ഇവയൊക്കെ വേദപുസ്തക സംബന്ധമായവയാണ്.

10. അരൂപിയും ആത്മാവും (*De Spiritu et anima*); ദൈവത്തോടുള്ള ആത്മാവിൻെറ ഭാഷണം (*Soliloquiorum animae ad Deum liber*)

11. ദൈവത്തെ സ്നേഹിക്കുന്നതിനേക്കുറിച്ച് (*De diligendo Deo*)

12. ധ്യാനഗ്രന്ഥം (*Meditationum liber*)

13. *Manuale*

ഈ കൃതികാം അഗസ്റ്റിൻെറ കൃതികളെ ആധാരമാക്കി മററുള്ളവർ എഴുതിയിട്ടുള്ള ആധ്യാത്മിക കൃതികളാണ്.

## 2. ലേഖനങ്ങൾ

അഗസ്റ്റിൻെറ പേരിൽ അറിയപ്പെടുന്ന അയഥാർത്ഥ ലേഖനങ്ങാം താഴെപ്പറയുന്നവയാണ്.

1. *Epistulae Augustini et Bonifacii Comitis*: 16 കത്തുകാം
2. *Altercatio cum Pascentio Ariano*
3. *Epistula S. Augustini ad sororem de obitu S. Monicae.*

## 3. പ്രസംഗങ്ങൾ

അഗസ്റ്റിൻെറ പേരിൽ വളരെയധികം അയഥാർത്ഥ പ്രസംഗങ്ങാം അറിയപ്പെടുന്നു. മൗരിസ്ററുകാർ 317 എണ്ണം പ്രസിദ്ധീകരിച്ചു. തുടന്ന് പലരും അത്തരം പ്രസംഗങ്ങാം പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ അവ അഗസ്റ്റിൻേറതല്ല എന്നാണ് പൊതുവെയുള്ള അഭിപ്രായം.

www.malankaralibrary.com

അധ്യായം 17

# വി. അഗസ്റ്റിൻ

## ചിന്താധാര

### യുക്തിയും വിശ്വാസവും

"യുക്തിയും വിശ്വാസവും" എന്ന രണ്ടു വാക്കുകളിൽ അഗസ്റ്റിന്റെ ചിന്ത ഒതുക്കാം. പത്തൊൻപതാം വയസ്സിൽ അദ്ദേഹം തെറ്റായ ഒരു മനോഭാവം സ്വീകരിച്ചു. മാനിക്കേയൻ പ്രചരണവലയിൽ അകപ്പെട്ടതുകൊണ്ടാണ് യുക്തിയുടെ പേരിൽ വിശ്വാസത്തെ ത്യജിക്കാൻ അദ്ദേഹം പ്രേരിതനായത്. യുക്തിയും വിശ്വാസവും വിരുദ്ധ ചേരികളിൽ കാണാതെ, സഹകരണ മേഖലയിൽ ദർശിക്കാൻ തുടങ്ങിയപ്പോൾ കത്തോലിക്കാസഭയിലേക്കുള്ള അദ്ദേഹത്തിന്റെ മടക്കയാത്ര ആരംഭിച്ചു. സത്യത്തിന്റെ അറിവിലേക്കു മനുഷ്യനെ നയിച്ച രണ്ടു പാതകളാണ് ആധികാരികതയും യുക്തിയും. ആധികാരികതയെന്നാൽ വിശ്വാസമെന്നർത്ഥം. കാലാനുക്രമണികമായി നോക്കിയാൽ അതാണാദ്യം വരുക. എന്നാൽ പ്രാധാന്യം വച്ചു നോക്കിയാൽ യുക്തി ഒന്നാം സ്ഥാനം കരസ്ഥമാക്കുന്നു എന്ന് അദ്ദേഹം കണ്ടെത്തി. [1]

യുക്തിക്കും വിശ്വാസത്തിനും ഇടയ്ക്കുള്ള യാത്രയായിരുന്നു അഗസ്റ്റിന്റെ താത്വികജീവിതം. വിശ്വാസം കൂടാതെ മനസ്സിലാക്കാനാഗ്രഹിച്ചവരോട് അഗസ്റ്റിൻ പറഞ്ഞു; "മനസ്സിലാകാൻ വേണ്ടി വിശ്വസിക്കുക" (*Crede ut intelligas*) എന്തെന്നാൽ വിശ്വാസത്തിന്റെ പ്രതിഫലമാണ് മനസ്സിലാക്കൽ. വിശ്വസിക്കുന്നതിന്റെ പ്രയോജനത്തെപ്പറ്റി അദ്ദേഹം ഒരുകൃതി തന്നെ രചിച്ചു (*De util. credendi*). വിശ്വാസം

1. *C. acad* 3. 20. 43; *De ord*. 2. 9. 26; *De mor. eccl cath*. 1.2.3.



താത്വികർ ഉൾപ്പെടെയുള്ള സകലർക്കും പ്രയോജനപ്രദമാണ്. അതു സൗഖ്യദായകമായ ഔഷധമാണ് (ആത്മകഥ. 6. 4. 6) സംരക്ഷിക്കുന്ന കോട്ടയാണ് (ലേ. 118.32). പറക്കാനുള്ള തൂവൽ വളരുന്നിടമാണ് (പ്രസം. 51.5.6), ബൗദ്ധിക ജീവിതം നയിക്കാൻ ആവശ്യമായ സത്യങ്ങൾ എളുപ്പത്തിലും വേഗത്തിലും അറിയാൻ അനുവദിക്കുന്ന കുറുക്കുവഴിയാണ് (ലേ. 102. 38; *De cons. evang*. 1. 35. 53). എന്നാൽ 'യുക്തി വേണ്ടാ' എന്നു കരുതിയവരോടു് അഗസ്റ്റിൻ പറഞ്ഞു: "വിശ്വസിക്കാനായി ഗ്രഹിക്കു" (*Intellige ut credas*) കാരണം, യുക്തികൂടാതെ വിശ്വസിക്കാൻ സാദ്ധ്യമല്ല. വിശ്വസിക്കേണ്ടതു് ആവശ്യമാണെന്ന് ആദ്യം ചിന്തിക്കാത്തവൻ വിശ്വസിക്കുന്നേയില്ല (*De praed. sanc*. 2. 5). ആരെയാണ് വിശ്വസിക്കേണ്ടതു് എന്ന് യുക്തിയാണ് കാട്ടിത്തരുന്നതു് (*De vera rel*. 24. 45).

വിശ്വാസത്തിന്റെ വിശ്വാസ്യത ചൂണ്ടിക്കാട്ടാനും അതേപ്പറ്റി ആഴമായി പഠിക്കാനും അഗസ്റ്റിൻ പരിശ്രമിച്ചു. സത്യം കണ്ടെത്താനുള്ള പ്രതീക്ഷയിലേക്കു മനുഷ്യരെ തിരിച്ചു നയിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം (ലേ. 1.1); ക്രിസ്തുവിലേക്കടുക്കുക, താത്വികാപഗ്രഥനം നടത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പദ്ധതി. കത്തോലിക്കാവിശ്വാസത്തിന്റെ വിശ്വാസ്യതയ്ക്കു പ്രേരകമായിട്ടുള്ളവയുടെ ചുരുക്കവും അദ്ദേഹം നൽകുന്നുണ്ടു് (ആത്മ. 6.11:19; *De mor. eccl. cath*. 1. 7. 12; *De util. cred*. 14. 30–17. 35; ലേ 137. 4. 15–16; *C. ep. Man*. 4. 5).

"യഥാർത്ഥവും നിഷ്കപടവുമായ ജ്ഞാനത്തിനു പുറമെ ..... കത്തോലിക്കാസഭയുടെ മടിത്തട്ടിൽ ഞാൻ വസിക്കുന്നതിന് മറ്റനേകം കാരണങ്ങൾ ഉണ്ടു്; ജനതകളുടെയും രാജ്യങ്ങളുടെയും ഒന്നിച്ചുചേരൽ എന്നെ ഉറപ്പിച്ചുനിർത്തുന്നു, അത്ഭുതങ്ങളാൽ ഉറപ്പിക്കപ്പെട്ടതും, പ്രത്യാശയാൽ വളർത്തപ്പെട്ടതും, സ്നേഹത്താൽ വളർന്നതും, പൗരാണികത്വത്താൽ ശക്തിപ്പെട്ടതുമായ ആധികാരികത എന്നെ ഉറപ്പിച്ചുനിർത്തുന്നു; തന്റെ ഉത്ഥാനാനന്തരം, തന്റെ ആടുകളെ മേയിക്കുവാനായി കർത്താവ് ആരെ ഭരമേല്പിച്ചുവോ, ആ പത്രോസ് ശ്ലീഹായുടെ തന്നെ സിംഹാസനത്തിൽ നിന്ന് ഇന്നുവരെയുള്ള മെത്രാന്മാരുടെ പിൻതുടർച്ച എന്നെ ഉറപ്പിച്ചു നിർത്തുന്നു. അവസാനമായി, സകാരണം ഈ സഭയ്ക്കു മാത്രം ലഭിച്ച 'കത്തോലിക്കാസഭ' എന്ന പേരു തന്നെ എന്നെ ഉറപ്പിച്ചു നിർത്തുന്നു. നമ്മുടെ മനസ്സിന്റെ കഴിവുകുറവുകൊണ്ടോ, ജീവിതത്തിന്റെ അവിശ്വസ്തത കൊണ്ടോ സത്യം ഇപ്പോഴും പ്രസ്പഷ്ടമാകാതിരുന്നാൽതന്നെയും

www.malankaralibrary.com



മഹനീയവും വളരെ ശാന്തവുമായ ക്രിസ്തീയനാമത്തിൻെറ ഈ കണ്ണികൾ വിശ്വാസിയെ കത്തോലിക്കാസഭയുടെ മടിത്തട്ടിൽ ഉറപ്പിച്ചുനിർത്തുന്നു'' എന്ന് അഗസ്റ്റിൻ ഒരിക്കൽ പറയുകണ്ടായി (*C. ep. Man.* 4. 5). അത്ഭുതങ്ങളെ നിഷേധിച്ചവരോട്ട് അഗസ്റ്റിൻ പറഞ്ഞു: ''നമുക്ക് ഈ ഒരു മഹാത്ഭുതം മതി: അതായത്, അത്ഭുതങ്ങൾ കൂടാതെ ലോകം മുഴുവൻ വിശ്വസിച്ചിരിക്കുന്നു''. (*De div. Dei* 22. 5).

## തത്വശാസ്ത്രം.

### 1 ഉറവിടങ്ങൾ

അഗസ്റ്റിൻ തത്വശാസ്ത്രചരിത്രം നന്നായി ഗ്രഹിച്ചിരുന്നു. യുവ പ്രൊഫസർ എന്ന നിലയിൽ അദ്ദേഹം നിരവധി താത്വികരുടെ ഗ്രന്ഥങ്ങൾ വായിച്ചു പഠിക്കുകയും ഹൃദിസ്ഥമാക്കുകയും ചെയ്തിരുന്നു (ആത്മ. 5.3,3). സിസറോ, വാറോ, അപ്പുളെയൂസ്, സെനെക്കാ, ഔളുസ് ജെല്ലിയുസ്, ചെൽസുസ് എന്നിവരുടെ താത്വിക കൃതികൾ ഇവയിൽ സുപ്രധാനങ്ങളാണ്. പിന്നീട് മിലാനിൽവച്ച് പ്ലൊതീനുസ്, പൊർഫീരി എന്നിവരുടെ കൃതികൾ വായിച്ചു. ഈ നെയോ-പ്ലറേറാണിസ്റ്റ് ചിന്തകർ അഗസ്റ്റിൻെറ ഇഷ്ടതാത്വികരായിത്തീർന്നു. എന്നാൽ അഗസ്റ്റിൻ അവരുടെ ചിന്തയിലുള്ള കുറവുകളെ പരിഹരിച്ചു, തെറ്റുകൾ തിരുത്തി, അവരുടെ പ്രബോധനത്തിനപ്പുറം കടന്നു. നെയോ-പ്ലറേറാണിസം ക്രിസ്തീയ പ്രബോധനവുമായി വളരെ അടുത്ത തത്വങ്ങൾ പഠിപ്പിച്ചു എന്ന് അഗസ്റ്റിൻ മനസ്സിലാക്കി (ദൈവനഗരം, 8,5: 11,5; *De v.rel.* 4, 7). യഥാർത്ഥ തത്വശാസ്ത്രത്തിൻെറ ഒരു പൊതു പ്രബോധനം അവർ രൂപപ്പെടുത്തി എന്നും, വലിയ താത്വികരായ പ്ലേറേറായുടെയും അരിസ്റ്റോട്ടലിൻെറയും ചിന്തകൾ തമ്മിൽ പൊരുത്തക്കേടുകളൊന്നും ഇല്ലെന്നും, ഉള്ള നെയോപ്ലറേറാണിസ്റ്റ് വാദങ്ങൾ അഗസ്റ്റിന് സ്വീകാര്യമായിരുന്നു. എന്നാൽ നെയോപ്ലറേറാണിസത്തോടുള്ള ആദ്യത്തെ അമിതാവേശം പിന്നീടു കുറഞ്ഞു. ക്രിസ്തീയ പ്രബോധനവും നെയോപ്ലറേറാണിസ്റ്റുകാരുടെ ചിന്തയും തമ്മിൽ ബന്ധമുണ്ടെന്ന് ആദ്യം തോന്നിയെങ്കിലും പിന്നീട് അതു തിരുത്തേണ്ടിവന്നു. പ്രത്യേകിച്ച് വചനത്തിൻെറ ജനനം, ഈ ലോകത്തിൻേറതല്ലാത്ത ക്രിസ്തുവിൻെറ രാജ്യം ആദിയായവ സംബന്ധിച്ച്. അതുപോലെ സൃഷ്ടി സംബന്ധിച്ച് നെയോപ്ലറേറാണിസ്റ്റ് ചിന്ത എന്ന് അഗസ്റ്റിൻ ഒരിക്കൽ കരുതിയവ അവരുടെ ചിന്ത അല്ലായിരുന്നു എന്ന് പിന്നീട് അദ്ദേഹത്തിനു ബോധ്യമായി.



അവരിലും വലിയ തെറ്റുകൾ അദ്ദേഹം ദർശിച്ചു; അവ അദ്ദേഹം തള്ളിക്കളയുകയും അവയോട്ട് പോരാടുകയും ചെയ്തു: കുട്ടിദേവന്മാരുടെ അസ്തിത്വം, നിത്യമായ സൃഷ്ടികർമ്മം, സൃഷ്ടി അവശ്യാവശ്യമാണ് എന്ന തത്വം, ''ആത്മാക്കളുടെ പാപവും മുൻ അസ്തിത്വവും'', ചരിത്രത്തിൻെറ പുനരാവർത്തനം എന്ന തത്വം, ആത്മാവ് നിർബന്ധപൂർവം ശരീരത്തിൽ പ്രവേശിപ്പിക്കപ്പെടുന്നു എന്ന ആശയം തുടങ്ങിയവ അക്കൂട്ടത്തിൽ പെടുന്നു.

അഗസ്റ്റിൻ ഇവയെല്ലാം തള്ളിക്കളഞ്ഞിട്ട് ക്രിസ്തീയ പ്രബോധനം സ്വീകരിച്ചു; അതായത്, വിശുദ്ധഗ്രന്ഥത്തിലെ സൃഷ്ടിവിവരണം (ഉല്പ. 1:1; യോഹ. 1:3), ദൈവച്ഛായയിലുള്ള മനുഷ്യൻെറ സൃഷ്ടി (ഉല്പ. 1 : 27) ദൈവം സ്വയംസ്ഥിതനാണെന്ന ആശയം (പുറ. 3: 14), സൃഷ്ടിവഴി സ്രഷ്ടാവിലെത്താനുള്ള സാധ്യത (റോമ. 1: 20) എന്നിവ. അത്യഗാധതാത്വിക ചർച്ചകൾക്കിടയിലും അഗസ്റ്റിൻ ക്രിസ്തീയ പ്രബോധനങ്ങളിലേക്കു തിരിയുക പതിവായിരുന്നു. ഇവ സംബന്ധിച്ചുള്ള നെയോപ്ലറേറാണിക വീക്ഷണങ്ങളുടെ പൊരുത്തക്കേടുകൾ ചൂണ്ടിക്കാട്ടിക്കൊണ്ട് അദ്ദേഹം താത്വിക ചർച്ച നടത്തി. അങ്ങനെ നോക്കുമ്പോൾ, ഒരു ക്രിസ്തീയ തത്വശാസ്ത്രം തന്നെ അദ്ദേഹം വികസിപ്പിച്ചെടുത്തു എന്നു പറയാൻ സാധിക്കും. അഗസ്റ്റിൻ പ്ലറേറാണിക്കോ, നെയോ-പ്ലറേറാണിക്കോ അല്ല, ക്രിസ്ത്യൻ താത്വികനായിരുന്നു. അതായിരിക്കും അദ്ദേഹത്തിനേററം യോജിക്കുക.

### 2. അടിസ്ഥാന തത്വങ്ങൾ

അഗസ്റ്റിൻെറ തത്വശാസ്ത്രത്തിൻെറ അടിസ്ഥാനഘടകങ്ങൾ അവതരിപ്പിക്കണമെങ്കിൽ അവയുടെ പ്രേരകശക്തികളായി വർത്തിച്ചവയെപ്പററി നാം ചിന്തിക്കേണ്ടിയിരിക്കുന്നു. അവയെ മൂന്നായി തിരിക്കാം: ആന്തരികത (interiority), ഭാഗഭാഗിത്വം (participation), വ്യതിയാനരാഹിത്യം (immutability).

#### a. *ആന്തരികത*

അഗസ്റ്റിൻെറ ഏററവും അറിയപ്പെടുന്ന പ്രേരകശക്തി ഇതാണ്. പ്ലറേറാണിസ്റ്റ് ഗ്രന്ഥങ്ങളുടെ പഠനങ്ങളിലൂടെ അദ്ദേഹം ഇതു കണ്ടുപിടിച്ചു. സൃഷ്ടി തത്വത്തിൻെറ വെളിച്ചത്തിൽ ഇത് പിന്നീട് വികസിപ്പിച്ചെടുത്തു (*ആത്മകഥ*, 7. 10. 16). അദ്ദേഹം തൻെറ താത്വിക പ്രവർത്തനങ്ങളാരംഭിച്ചതു

www.malankaralibrary.com



തന്നെ "നിന്നിലേക്കു തിരിയുക" എന്ന പ്രബോധനംകൊണ്ടാണ്. അതവിടെ അവസാനിച്ചില്ല. പിന്നെയോ, തന്നെ ഉല്ലംഘിക്കുന്ന എന്തോ ഒന്ന് അതിലുണ്ട് എന്ന് മനസ്സിലാക്കിക്കൊണ്ടാണ് അപ്രകാരം പറഞ്ഞത്: അതായത്, സത്യത്തിന്റെ സാന്നിധ്യം. "സത്യം ആന്തരിക മനുഷ്യനിൽ വസിക്കുന്നു" (*De v. rel.* 39, 72). ഈ സത്യം ആന്തരികമാണ്, എന്നാൽ മനസ്സിന് ഉപരിസ്ഥവുമാണ്. അത് ഇന്ദ്രിയഗോചരമല്ല, പിന്നെയോ ബുദ്ധിക്കു മാത്രം ഗ്രാഹ്യമാണ്. അതിന്റെ സവിശേഷതകൾ അതു വെളിപ്പെടുത്തുന്നു: വസ്തുനിഷ്ഠത, ആവശ്യം, സാർവത്രികത, അനഭിലഷണീയത, എന്നിവയാണാ ഗുണങ്ങൾ.

മനുഷ്യമനസ്സ് സ്വഭാവത്താലേ ബൗദ്ധികമാണ്. അത് ബൗദ്ധികവും വ്യതിയാനരഹിതവുമായ യാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. അവയിലേക്ക് തിരിയുമ്പോൾതന്നെ ഉറപ്പായി അവയെ മനസ്സ് ദർശിക്കുന്നു. (*Retr.* 1,8,2; 1,4,4). ഗണിതശാസ്ത്രതത്ത്വങ്ങൾ, താർക്കികനിയമങ്ങൾ, അടിസ്ഥാന ധാർമ്മികനിയമങ്ങൾ ആദിയായവ ഇതിനു തെളിവാണ്. "മനുഷ്യകുലം മുഴുവൻ ഉറക്കത്തിൽ ആണ്ടുകിടന്നാലും മുമ്മൂന്ന് ഒൻപതാണെന്ന കാര്യം സത്യമായി നിലനില്ക്കുന്നു." (*C. acad.* 3, 11, 25). സത്യത്തിന്റെ ഈ അനിഷേധ്യ ദർശനത്തിന്റെ ഒരു പ്രത്യേക സന്ദർഭമാണ് ജീവിക്കുകയും ചിന്തിക്കുകയും ചെയ്യുന്നതിന്റെ ഉറപ്പ്. "ഞാൻ ജീവിക്കുന്നു എന്നു ഞാൻ അറിയുന്നു; ഞാൻ ചിന്തിക്കുന്നു എന്നു ഞാൻ അറിയുന്നു" (*De b. vita* 7; *Solil.* 2, 1, 1). സംശയത്തിന് പിടിച്ചുകുലുക്കാനോ തെററിന് തള്ളിക്കളയാനോ സാധിക്കാത്ത ഉറപ്പാണിത്: "ഞാൻ സംശയിക്കുന്നെങ്കിൽ, ഞാൻ ജീവനുള്ളവനാണ്" (*ത്രിത്വം*, 10,10, 14; 15, 11, 21). "എനിക്കു തെററുപററിയതാണെങ്കിൽ, ഞാൻ ജീവിക്കുന്നു" (*ദൈവനഗരം*, 11, 26).

സംശയവാദികളുടെ ചോദ്യങ്ങൾക്കുള്ള ഉത്തരമിതാണ്. 'നിനക്കു തെററുപററിയതാണെങ്കിലോ?' എന്ന് അവർ ചോദിച്ചപ്പോൾ അഗസ്ററിന്റെ മറുപടി ഇതായിരുന്നു. 'എനിക്കു തെററുപററിയതാണെങ്കിൽ, അതിനർത്ഥം ഞാൻ ജീവിക്കുന്നു എന്നാണ്. അസ്തിത്വമില്ലാത്തവന് തെററുപററാനാവില്ല; അതുകൊണ്ട്, എനിക്കു തെററുപററുന്നെങ്കിൽ എനിക്കസ്തിത്വമുണ്ടെന്നാണ്. എനിക്കു തെററുപററുമ്പോൾ എനിക്ക് അസ്തിത്വമുണ്ടെന്നുള്ളത് ശരിയാണെങ്കിൽ, എനിക്കു തെററുപററുമ്പോൾ എനിക്ക് അസ്തിത്വമുണ്ട് എന്നതു് ഉറപ്പാണെങ്കിൽ,



അസ്തിത്വത്തെപ്പററി എനിക്കെങ്ങനെ തെററുപററാൻ സാധിക്കും' (അതേകൃതി). താൻ ചിന്തിക്കുന്നെന്നും താൻ സ്നേഹിക്കുന്നെന്നും അതേ ഉറപ്പ് അദ്ദേഹത്തിനുണ്ടായിരുന്നു. ഇപ്രകാരം മൂന്നു കാര്യങ്ങളെപ്പററിയുള്ള ഉറപ്പാണ് സംശയവാദികൾക്കെതിരായി അഗസ്ററിൻ എടുത്തു പ്രയോഗിച്ച ആയുധം. ഇവ മൂന്നും അനിഷേധ്യമാണ്; അതുപോലെ ഭൗതികവാദികൾക്കെതിരെയും ഈ ഉറപ്പ് അദ്ദേഹത്തെ സഹായിച്ചു: സത്യത്തിന്റെ ബൗദ്ധികസ്വഭാവം ഇതു വെളിപ്പെടുത്തി. ആത്മനിഷ്ഠവാദത്തിനെതിരായും ഇത് ആയുധമായി ഭവിച്ചു: സത്യത്തെപ്പററിയുള്ള ഉറപ്പ് മനസ്സ് സൃഷ്ടിക്കുന്നതല്ല, പിന്നെയോ മനസ്സ് കണ്ടെത്തുന്നതാണ് (*De v. rel.* 39, 73).

ദൈവാസ്തിത്വത്തിനുള്ള തെളിവ് (*De lib. arb.* 2, 15,39), ആത്മാവിന്റെ ആത്മീയ പ്രകൃതം (*ത്രിത്വം*, 10,8,11–10,16), ആത്മാവിന്റെ അമർത്യതയ്ക്കുള്ള തെളിവ് (*Solil.* 2,13,24) എന്നിങ്ങനെ അഗസ്ററിന്റെ തത്ത്വശാസ്ത്രത്തിന്റെ മൂന്ന് അടിസ്ഥാനപ്രമാണങ്ങൾ ഈ ആന്തരികത എന്ന തത്ത്വവുമായി ബന്ധപ്പെട്ടതാണ്.

### *b.* *ഭാഗഭാഗിത്വം*

എല്ലാ നന്മയും ഒന്നുകിൽ പ്രകൃത്യാതന്നെയും സത്താപരമായും നന്മയാണ്; അല്ലെങ്കിൽ ഭാഗഭാഗിത്വം വഴി നന്മയാണ്. ഒന്നാമത്തേത് പരമ നന്മയാണ്; രണ്ടാമത്തേത് പരിമിതിയുള്ള നന്മയാണ്. 'എല്ലാ നന്മയും ഒന്നുകിൽ ദൈവമാണ്; അല്ലെങ്കിൽ ദൈവത്തിൽനിന്നു പുറപ്പെടുന്നതാണ്" (*De v. rel.* 18,35). എന്നാൽ മനുഷ്യാത്മാവിന്റെ ഐക്യത്തിൽ അസ്തിത്വം, അറിയൽ, സ്നേഹിക്കൽ എന്നിങ്ങനെ ജീവൻ മൂന്നു ഭാവങ്ങൾ സ്വീകരിക്കുന്നതുപോലെ ഭാഗഭാഗിത്വ തത്ത്വവും മൂന്നു രൂപങ്ങൾ സ്വീകരിക്കുന്നു: അസ്തിത്വത്തിലെ ഭാഗഭാഗിത്വം, സത്യത്തിലുള്ള ഭാഗഭാഗിത്വം, സ്നേഹത്തിലുള്ള ഭാഗഭാഗിത്വം. ഇതിൽനിന്ന് 'ദൈവം അസ്തിത്വത്തിന്റെ കാരണമാണ്, അറിവിന്റെ പ്രകാശമാണ്, സ്നേഹത്തിന്റെ ഉറവിടമാണ്" എന്നീ ആശയങ്ങൾ ഉടലെടുക്കുന്നു. ഇത് അഗസ്റ്റിനിൽ സർവ്വസാധാരണമായി കാണുന്ന ആശയമാണ് (*ദൈവനഗരം*, 8,4;8,10,2). തത്ത്വശാസ്ത്രത്തിലെ സ്വാഭാവികം, ബൗദ്ധികം, ധാർമ്മികം എന്നീ മൂന്നു വിഭാഗങ്ങൾ ഉടലെടുക്കുന്നതു് ഇതിൽ നിന്നാണ്. (*അതേകൃതി* 2,7; 8,4). ഇവയുടെ പരിഹാര നിർദേശങ്ങളും അഗസ്ററിൻ നൽകുന്നു. സൃഷ്ടി, പ്രകാശിക്കൽ, സൗഭാഗ്യം. ഭാഗഭാഗിത്വ തത്ത്വത്തിന്റെ മൂന്നുതരം വിവരണമാണിതു്.

www.malankaralibrary.com



### c. വ്യതിയാനരാഹിത്യം

'മാററമില്ലാത്തതു മാത്രമേ സ്വാഭാവികമായും യഥാർത്ഥമായും സ്വയമായും യാഥാർത്ഥ്യമാകൂ.[2] (പ്രസം. 7,8; *ആത്മകഥ* 7,11,17), കാരണം അതു മാത്രമേ പരമമായി കേവലമായിട്ടുള്ളൂ.[3] (*ദൈവനഗരം*, 11,10,1), സത്തയിൽ യാഥാർത്ഥ്യമായിട്ട് അതു മാത്രമേയുള്ളൂ: (*ipsum esse: ത്രിത്വം*, 5,2,3). തനിക്കുള്ളതെല്ലാം അവനാണ്(*De div. Dei*. 11,10,1). അവിടുന്നാണ് യാഥാർത്ഥ്യം; ഏതെങ്കിലും രീതിയിൽ അവിടുന്നു സ്ഥിതി ചെയ്യുകയല്ല (*ആത്മകഥ*, 13,31,46). 'ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങയുടെ നാമം എന്താണ്? എന്റെ നാമം 'അവൻ ആകുന്നു' എന്നാണ്. 'എന്നാൽ 'അവൻ ആകുന്നു' എന്നു പറഞ്ഞാൽ എന്താണർത്ഥം?' 'ഞാൻ എന്നേക്കും ജീവിക്കുന്നു,എനിക്കു മാററമില്ല എന്നാണതിനർത്ഥം' (പ്രസം. 6,3). ഇതിൽനിന്ന് 'മാററമുള്ളവ സത്യമായും സ്ഥിതി ചെയ്യുന്നില്ല' എന്ന അനുമാനം സ്വീകരിക്കാം.

സത്താപരമായ യാഥാർത്ഥ്യത്തെ ഭാഗഭാഗിത്വം സ്വീകരിച്ചവയിൽനിന്ന് വേർതിരിക്കാൻ ഈ തത്ത്വം സഹായിക്കുന്നു: അതായത് സൃഷ്ടികളിൽനിന്ന് സ്രഷ്ടാവിനെ. 'തങ്ങൾ സൃഷ്ടിക്കപ്പെട്ടവ ആണെന്ന് ആകാശവും ഭൂമിയും പ്രഘോഷിക്കുന്നു (*ആത്മകഥ*, 11,4,6). അവവഴി ദൈവത്തിലേക്കു ചവുട്ടിക്കയറാൻ സാധിക്കുന്നു.

## 3. വിഷയങ്ങൾ[4]

ദൈവവും മനുഷ്യനും എന്ന രണ്ട് സത്താപരമായ വിഷയങ്ങളെ ചുററിപ്പററിയാണ് അഗസ്റ്റിന്റെ തത്ത്വശാസ്ത്രം വികസിച്ചിരിക്കുന്നത്. 'ദൈവത്തെയും ആത്മാവിനെയും അറിയാൻ ഞാൻ ആഗ്രഹിക്കുന്നു. മറെറാന്നുമില്ലേ? തീർച്ചയായും ഒന്നുമില്ല' (*Solil*. 1,2,7). 'ദൈവമേ, നീ എപ്പോഴും ഒരുപോലെയാണ്; ഞാൻ എന്നെത്തന്നെ അറിയട്ടെ; ഞാൻ അങ്ങയെ അറിയട്ടെ' (*ibid*. 2,1,1) എന്ന് അഗസ്റ്റിൻ പ്രാർത്ഥിക്കുന്നു. എന്നാൽ അദ്ദേഹം ഭൗതിക ലോകത്തെ ഒഴിവാക്കുന്നില്ല. അതിനെ മനുഷ്യനുവേണ്ടി ദൈവം സൃഷ്ടിച്ചിരിക്കുന്നതാണ് എന്നു മനസ്സിലാക്കി, അതിനുള്ള സ്ഥാനം അദ്ദേഹം നൽകുന്നുണ്ട് (*ആത്മകഥ*,10, 8,15; 13,33,48).

---

2. genuine, true and authentic.
3. simple.
4. Themes.



ഈ രണ്ടു വിഷയങ്ങളും വ്യത്യസ്തങ്ങളാണെങ്കിലും 'മനുഷ്യൻ ദൈവച്ഛായയാണ്'' എന്ന തത്ത്വത്തിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ദൈവത്തെപ്പററി പഠിക്കാനായി അഗസ്റ്റിൻ മനുഷ്യനെപ്പററി പഠിക്കുന്നു. ത്രിത്വത്തെപ്പററിയുള്ള കൃതിയുടെ അവസാനഭാഗത്ത് ഇതാണ് കാണുക; എന്നാൽ 'ദൈവനഗര'ത്തിലാകട്ടെ മനുഷ്യനെയും അവന്റെ ചരിത്രത്തെയുംപററി പഠിക്കുന്നു. 'ആത്മകഥയിൽ' ദൈവത്തെയും മനുഷ്യനെയും പററി ഒന്നിച്ചു പഠിക്കുന്നു. കർത്താവേ,നീ എനിക്കെന്താകുന്നു?........ഞാൻ നിനക്കു് എന്താകുന്നു' എന്ന് ആത്മകഥയിൽ (1,5,5) ആഗസ്റ്റിൻ ചോദിക്കുന്നു.

ദൈവത്തിന്റെ ചിന്മയത്വവും[5] സർവാതീതത്വവും ഒരേ സമയം അഗസ്റ്റിൻ ഊന്നിപ്പറയുന്നു. ഇതു് അഗസ്റ്റീനിയൻ ചിന്തയുടെ പ്രത്യേകതയാണ്. ദൈവം *'internum aeternum'* ആണ് (*ആത്മകഥ*, 9,4,10). അവിടുന്നു വളരെ അകലെയാണ്, എന്നാൽ വളരെ സമീപസ്ഥനുമാണ് (*അതേകൃതി* 1,4,4), ഏററം ഉന്നതനും ഏററം അടുത്തുള്ളവനുമാണ് (6,3,3) കാരണം എല്ലാം അവനിൽ വസിക്കുന്നു; എന്നാൽ അവിടുന്ന് എല്ലാററിനെക്കാളും ഉപരിസ്ഥനാണ്. അക്കാരണത്താൽ അവിടുന്ന് സന്നിഹിതനും അസന്നിഹിതനും ആണ്. അവിടുന്ന് സന്നിഹിതനാകയാൽ നാം അവിടുത്തെ അറിയുന്നു; അവിടുന്ന് അസന്നിഹിതനാകയാൽ നാം അവിടുത്തെ തേടുന്നു

### a. ദൈവം

ദൈവത്തിലേക്കുള്ള മനസ്സിന്റെ പാത അഗസ്റ്റിൻ തന്റെ കൃതികളിൽ വിവരിക്കുന്നുണ്ട്. (*De lib. arb*. 2,3,7–15,39; *De v. rel*. 29, 52,39–73; *In Ps*. 41,7–8; പ്രസം 141,1–3; *In Io*. 20,12-13; *ദൈവനഗരം* 8,6). ബാഹ്യമായവയിൽനിന്ന് ആന്തരികമായവയിലേക്കും, താഴ്ന്നതരം യാഥാർത്ഥ്യങ്ങളിൽനിന്ന് ഉന്നതമായവയിലേക്കുമാണ് ഈ യാത്ര (*In Ps*. 14,5.5). അതായത്, വ്യതിയാന വിധേയമായവയിൽനിന്ന് വ്യതിയാന രഹിതമായവയിലേക്ക് (*ആത്മകഥ*,7,10,16). ഇവിടെ മൂന്ന് അടിസ്ഥാന പ്രക്രിയകളുണ്ട്. ലോകത്തെ നിരീക്ഷിക്കുക (പ്രസം. 141, 2), തന്നിലേക്കുതന്നെ തിരിയുക, തന്നിൽ നിന്നുയരുക (*De vera rel*.) 39,72). ലോകത്തെ സൂക്ഷ്മാവലോകനം ചെയ്യുമ്പോൾ അതിന്റെ വ്യതിയാനവിധേയമായ പ്രകൃതി നമുക്ക് മനസ്സിലാകും. അപ്പോൾ,സൃഷ്ടിക്കപ്പെട്ടതാ

---

5. immanence.

www.malankaralibrary.com



ണെന്ന് അത് വിളംബരം ചെയ്യുന്നു. അതുകൊണ്ട് ഇതംഗീകരിച്ചുകഴിഞ്ഞാൽ ഈ വ്യതിയാന വിധേയമായ ലോകത്തെ സൃഷ്ടിച്ച ദൈവം–അവശ്യയാഥാർത്ഥ്യം–സ്ഥിതിചെയ്യുന്നു എന്നു മനസ്സിന് അനുമാനിക്കാം (*ആത്മകഥ*, 10,6,9;11, 4,6). അഗസ്റ്റീനിയൻ പാത അതുകൊണ്ടവസാനിക്കുന്നില്ല. ദൈവത്തെ കണ്ടെത്താനായി മനുഷ്യവ്യക്തി പൂർണമായി സ്വയം അറിയണം. അതിനു വെറും തെളിവു മാത്രം പോരാ; ആന്തരികമായി അത് അംഗീകരിക്കയും വേണം. താൻ ജീവിക്കുകയും ചിന്തിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു എന്ന് വ്യക്തി കാണുമ്പോൾ അവൻ സ്വയം അറിയുന്നു. യാഥാർത്ഥ്യം സത്യം, സ്നേഹം എന്നീ മൂന്നു പാതകളിൽകൂടി അവന് ദൈവത്തിൻ പക്കലേക്കുയരാം. ഇവയിൽ രണ്ടാമത്തേതാണ് അഗസ്റ്റിൻ കൂടുതലായി തെരഞ്ഞെടുക്കുന്നത്. 'പുറത്തേക്കു കടക്കേണ്ട; പിന്നെയോ നിന്നിലേക്കു തന്നെ തിരിയുക; കാരണം, സത്യം ആന്തരിക മനുഷ്യനിൽ വസിക്കുന്നു; നിന്റെ പ്രകൃതി വ്യതിയാന വിധേയമാണെന്നു കണ്ടാൽ, നിന്നെ അതിലംഘിച്ചു മുന്നേറുക. എന്നാൽ നീ അപ്രകാരം ചെയ്യുമ്പോൾ ഒരു ബൗദ്ധികാത്മാവിനെയാണ് നീ അതിലംഘിച്ചുമുന്നേറുന്നതെന്ന് ഓർത്തുകൊള്ളുക. അതുകൊണ്ട് ബുദ്ധിയുടെ പ്രകാശം പ്രകാശിക്കുന്നിടത്തേക്കു തിരിയുക' (*De v. rel.* 39, 72).

ദൈവിക സ്വഭാവം അഗ്രാഹ്യവും അവാച്യവുമാണ്. മനുഷ്യന്റെ ഭാഷയ്ക്ക് ഉപരിസ്ഥമാണ് ദൈവത്തിന്റെ മഹനീയത. ദൈവത്തെപ്പററി പറയുമ്പോൾ വാക്കിനേക്കാൾ ചിന്തയാണ് കൂടുതൽ സത്യമായിട്ടുള്ളത്; യാഥാർത്ഥ്യം ചിന്തയേക്കാളും (*ത്രിതം*. 7,4,7). അതുകൊണ്ട് ദൈവം അല്ലാത്തത് എന്താണെന്ന് അറിയുക എന്നത് വിജ്ഞാനത്തിന്റെ വലിയ ആരംഭം തന്നെയാണ് (ലേഖനം, 120,13). ഇതല്ല അതല്ല എന്നൊക്കെ പറയാനാവും. ദൈവം സ്വയം ആയിരിക്കുന്നതുപോലെ പൂർണമായി അറിയുവാൻ പരിമിതമായ മനുഷ്യബുദ്ധിക്കു സാധ്യമല്ല. പ്രകൃതിയിലെ എല്ലാ ഗുണങ്ങൾക്കും ഉപരിയാണവിടുന്ന്; അതേസമയം എല്ലാ ഗുണങ്ങളെയും അവിടുന്ന് ഉൾക്കൊള്ളുന്നു. ദൈവത്തെ ധ്യാനിക്കുന്നതാണ് ദൈവത്വത്തെപ്പററി ചർച്ച നടത്തുന്നതിലും ഉത്തമം.

ദൈവത്തിൻപക്കലേക്കടുക്കാൻ ത്രിമുഖപാത ഉള്ളതുപോലെ ദൈവത്തെപ്പററി പറയാനും ത്രിവിധ രീതികൾ അവലംബിക്കാം. ദൈവം പരമയാഥാർത്ഥ്യമാണ്; ആദ്യസത്യമാണ്; നിത്യസ്നേഹമാണ്. അഗസ്റ്റിൻ മൂന്നും ഒരുപോലെ ഊന്നിപ്പറയുന്നു (*ആത്മകഥ*,7, 10,16).



മനുഷ്യാത്മാവ് അനുഭവിച്ചറിയുന്ന ദൈവത്തെ സൃഷ്ടപ്രപഞ്ചം ഒന്നടങ്കം ഉദ്ഘോഷിക്കുന്നു: 'ഞാൻ എന്റെ ദൈവത്തെപ്പററി ആകാശത്തോടും സൂര്യചന്ദ്രാദികളോടും അന്വേഷിച്ചു. ഞാൻ തേടുന്ന ദൈവമാണ് തങ്ങളെന്ന് അവയൊന്നും സമ്മതിച്ചില്ല. ഞാൻ സമുദ്രങ്ങളോടും ആഴങ്ങളോടും അവയിൽ ഉള്ളവയോടും ആരാഞ്ഞു. 'ഞങ്ങളല്ല നീ തേടുന്ന ദൈവം, 'ഞങ്ങളെക്കാൾ ഉന്നതമായവ തേടുക' എന്ന് അവ മറുപടി പറഞ്ഞു. ഞാൻ അവയോടു പറഞ്ഞു: നിങ്ങളല്ലെന്നു പറഞ്ഞതുവഴി എന്റെ ദൈവത്തെപ്പററി നിങ്ങൾ സംസാരിക്കുകയായിരുന്നു. അവിടുത്തെപ്പററി നിങ്ങൾക്കറിയാവുന്നതു പറയുക.' 'അവിടുന്നു ഞങ്ങളെ സൃഷ്ടിച്ചു'എന്ന് അവ ഏക സ്വരത്തിൽ പ്രതിവചിച്ചു.—സൃഷ്ടവസ്തുക്കളിലൂടെ സൃഷ്ടാവിൻ പക്കലേക്കുടുക്കാം എന്ന് അഗസ്റ്റിൻ സമർത്ഥിക്കുകയായിരുന്നു.

## b. *മനുഷ്യൻ*

അഗസ്റ്റിന്റെ ചിന്തയുടെ മറേറകേന്ദ്രം[6] മനുഷ്യനാണ്. മനുഷ്യന്റെ നിഗൂഢത, സ്വഭാവം, ആധ്യാത്മികത, സ്വാതന്ത്ര്യം എന്നിവ യഥാർത്ഥ വികാരവായ്പോടെ അദ്ദേഹം പഠനവിഷയമാക്കുന്നു. മനുഷ്യൻ ഒരു *grande profundum* ആണ് (*ആത്മകഥ*, 4.12.22) മിക്കപ്പോഴും ഒരു *magna quaestio* ആണ് (4. 4.9): വിവിധ വികാരങ്ങളുടെ വൈവിധ്യവും ഓർമ്മകളുടെ വററാത്ത ഉറവയും ആയതിനാൽ മനുഷ്യൻ വലിയ അഗാധതയാണ്; വേദനയുടെയും മരണത്തിന്റെയും കടങ്കഥ[7] നിമിത്തം മനുഷ്യൻ ഒരു പ്രശ്നമാണ് (*ആത്മകഥ* 10.17.26). ''യഥാർത്ഥത്തിൽ ഞാൻ ആയിരിക്കുന്നത് മുഴുവനായി ഗ്രഹിക്കുവാൻ എനിക്ക് കഴിയുന്നില്ല'' (10.8.5) എന്ന് അഗസ്റ്റിൻ വിലപിക്കുന്നു.

മനുഷ്യന്റെ നിഗൂഢതയെ സംബന്ധിച്ചുള്ള ഒന്നാണ് മനുഷ്യൻ ഘടകങ്ങൾ ചേർന്നുള്ള യാഥാർത്ഥ്യം[8] ആയിരിക്കുന്നു എന്നുള്ളത്. ആത്മാവ്, ശരീരം എന്നീ വ്യത്യസ്ത ഘടകങ്ങൾചേർന്നതാണ് മനുഷ്യൻ. ഇവയുടെ സംയോജനം സംബന്ധിച്ചുള്ള ഹെല്ലെനിക സ്പിരിച്വലിസത്തെ മറികടക്കാൻ അഗസ്റ്റിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ പ്രസംഗങ്ങളിൽ അവിടെയും ഇവിടെയും ഒക്കെ ഇത്തരം ഭാഷ ഉപയോഗിച്ചുകാണുന്നു. വെറും

6. epicentre
7. enigma
8. composite being

www.malankaralibrary.com



ശരീരമല്ല, ജീർണതയ്ക്കു വിധേയമായ ശരീരമാണ് ആത്മാവിന്റെ കാരാഗൃഹം. (ദൈവനഗരം, 13,16 *In Ps.* 141,18 –19): ശരീരത്തിനു ജീവചൈതന്യം പകരുന്നതു് ആത്മാവാണ്. സ്വഭാവത്താലേ അതു് ശരീരത്തിനുവേണ്ടിയാണ്. ശരീരംകൂടാതെ അതിന് സൗഭാഗ്യം സാധ്യവുമല്ല (*De gen. ad litt.* 7,28,38; 12, 35, 68). എന്നാൽ അതേസമയം ആത്മാവിന്റെ ആത്മീയ സ്വഭാവവും വ്യക്തിപരമായ അമർത്യതയും അഗസ്റ്റിൻ ഊന്നിപ്പറയുന്നുമുണ്ട്. മനസ്സിനുള്ള സഹജാവബോധം [9] വഴിയാണ് ആദ്യത്തെ അനുമാനത്തിൽ അദ്ദേഹം എത്തിയതു്. "മനസ്സ് സ്വയം അറിയുമ്പോൾ, അതു് അതിന്റെ സത്തയെ അറിയുന്നു" (ത്രിത്വം,10,10,13–16). മനസ്സിൽ ഉള്ള അമർത്യസത്തയുടെ സാന്നിധ്യത്താൽ രണ്ടാമത്തേതിനെ അദ്ദേഹം തെളിയിക്കുന്നു. (*Solil.* 2,13,24). "ആത്മാവ് മരിക്കുകയാണെങ്കിലോ? അപ്പോൾ സത്യവും മരിക്കുന്നു' (ലേഖനം 3,4).

ആത്മാവിന്റെ ഉത്ഭവം സംബന്ധിച്ച ചർച്ചകൾ അഗസ്റ്റിനെ മാനസ്സികമായി ക്ലേശിപ്പിച്ചു. ആത്മാവ് ദൈവിക സത്തയുടെ കാണിക അല്ലെന്നും മറ്റൊരു പ്രകൃതിയുടെ രൂപാന്തരീകരണം അല്ലെന്നും മാനിക്കേയർക്കെതിരെ അദ്ദേഹം പഠിപ്പിച്ചു. ഇല്ലായ്മയിൽനിന്നു ദൈവം സൃഷ്ടിക്കുന്നതാണ് ആത്മാവ് (*De gen.ad litt.* 7,28,43;2,3). ഭൗതികമായ പ്രജനനം [10] അദ്ദേഹം പാടെ തള്ളിക്കളയുന്നു. (*Retr.* 1.1,3.) ആത്മാവിന്റെ ഉത്ഭവം സംബന്ധിച്ച് വിശുദ്ധ ഗ്രന്ഥവും യുക്തിയും നിർണായക വാദങ്ങളൊന്നും ഉന്നയിക്കുന്നില്ല എന്നു് അഗസ്റ്റിനു തോന്നി. എന്നാൽ ഒരു ആത്മീയ പ്രജനനവും സൃഷ്ടിതത്ത്വവും അദ്ദേഹം മാറിമാറി സ്വീകരിച്ചു എന്നു് കാണാം. സൃഷ്ടിതത്ത്വം ആണ് കൂടുതൽ സ്വീകാര്യമായി അദ്ദേഹത്തിനനുഭവപ്പെട്ടതു് (ലേ. 166,8,25;190,4,15). ഉത്ഭവപാപം വ്യാപിച്ചതു് രണ്ടു രീതികളിലൂടെയും അദ്ദേഹം മനസ്സിലാക്കിയിരുന്നു, (*C· Iul.* 5,4.17).

മനുഷ്യൻ ദൈവച്ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നതു് മനുഷ്യന്റെ നിഗൂഢതയെ പ്രകാശിപ്പിക്കുകയും മഹത്ത്വം വെളിപ്പെടുത്തുകയും ചെയ്യുന്നു. അഗസ്റ്റിന്റെ ചിന്തയുടെ സംഗ്രഹം[12] എന്നു് ഇതിനെ വിളിക്കാം. 'ഛായ'

9. intuition
10. traducianism
11. creationism
12. synthesis



യെപ്പറ്റി [13] അഗസ്റ്റിൻ പഠിച്ചു. (*De gen. ad litt. op. imp.* 57). അതു് ആന്തരികമനുഷ്യന്റെ, അതായതു് മനസ്സിന്റെ, സവിശേഷതയാണ്, അല്ലാതെ ശരീരത്തിന്റെയല്ല എന്നു തെളിയിച്ചു. (ത്രിത്വം 12,7,12; *In Io.*8, 6). ആത്മാവിന്റെ അമർത്യസ്വഭാവത്തിൽ മുദ്രകുത്തിയിരിക്കുന്ന[14] അമർത്യതയാണതു്. (ത്രിത്വം, 14,4,6). ദൈവത്തെ ഉടനെ സ്വന്തമാക്കാനായി ഉയർത്തപ്പെടാനുള്ള കഴിവിൽ ഇതടങ്ങിയിരിക്കുന്നു. പാപം ഈ കഴിവിനെ വിരൂപപ്പെടുത്തിയെങ്കിലും കൃപാവരം അതിനെ പുനരുദ്ധരിച്ചു (ത്രിത്വം 14,14,18; 14,16,22; 15,8,14). ദൈവത്തെ സ്വീകരിക്കുന്നതിനും തന്നിൽ ഭാഗഭാഗിത്വം നടത്തുന്നതിനും ഉള്ള കഴിവ് ദൈവച്ഛായയായ മനുഷ്യനുണ്ട് (14, 8,11). "അത്യുന്നത സ്വഭാവത്തിൽ ഭാഗഭാക്കാകാൻ കഴിവുള്ളതിനാൽ യഥാർത്ഥത്തിൽ ഇതൊരു വലിയ സ്വഭാവം തന്നെയാണ്" (14,4,6). മനുഷ്യൻ *Capax Dei* യും, *indigens Deo*യും ആണ്. അവൻ വലിയ ഔന്നിത്യത്തിൽ വയ്ക്കപ്പെട്ടിരിക്കുന്നു. അവൻ വ്യതിയാനവിധേയനാണ്. വ്യതിയാനരഹിത നന്മയായ ദൈവത്തോട് പറ്റിച്ചേരുന്നതു വഴിയേ അവനു് സൗഭാഗ്യം അനുഭവിക്കാൻ സാധിക്കൂ. അവന്റെ തൃഷ്ണയെ തൃപ്തിപ്പെടുത്താൻ സ്വർഗസൗഭാഗ്യത്തിനേ കഴിയൂ. അവനെ തൃപ്തിപ്പെടുത്തുന്നതു് ദൈവം മാത്രമാണ്. (ദൈവനഗരം 12,1,3). നീ ഞങ്ങളെ നിനക്കായി സൃഷ്ടിച്ചു; നിന്നിൽ വിലയം പ്രാപിക്കുന്നതുവരെ ഞങ്ങളുടെ ഹൃദയം അസ്വസ്ഥമാണ്" എന്നു് അഗസ്റ്റിൻ പറഞ്ഞതിന്റെ അർത്ഥം ഇതാണ് (ആത്മ. 1,1,1).

ഛായയുടെ അർത്ഥം സാദൃശ്യമാണെങ്കിൽ, സൃഷ്ടിക്കപ്പെട്ട ഛായയായ മനുഷ്യനു് ദൈവവുമായി സാദൃശ്യരാഹിത്യവുമുണ്ട് (ത്രിത്വം 15, 11, 21; ആത്മ. 11, 9, 11). കൃപയുടെ മഹനീയ ഇണക്കം [15] സാദൃശ്യംകൊണ്ടാണ്; എന്നാലതു് ദാനമായിട്ടാണ്; ഉല്ലംഘിക്കുന്നു എന്നതു് [16] സാദൃശ്യരാഹിത്യം സ്പഷ്ടമാക്കുന്നു. മനുഷ്യനും ദൈവവുമായുള്ള സമാഗമം ഈ രണ്ടു് ഭാവങ്ങളിലും [17] അഗസ്റ്റിൻ കാണുന്നു. അവയെ വേർതിരിക്കാൻ സാധ്യമല്ല (പ്രസം. 7, 7; *In Ps.* 101, 2, 10). മനുഷ്യൻ ഏകദൈവത്തിന്റെ മാത്രം ഛായയല്ല, ത്രിയേക ദൈവത്തിന്റെ ഛായയാണ്; മനുഷ്യനിൽ അവന്റെ അരൂപി, സ്നേഹം, ജ്ഞാനം എന്നിവ മൂന്നു കാര്യങ്ങളാണ്; ഈ മൂന്നും

13. image
14. impress
15. Suitability
16. transcendent
17. aspect

www.malankaralibrary.com


ഒന്നാകുന്നു; പരിപൂർണ്ണമാകുമ്പോഴും തുല്യമാകുന്നു (*ത്രിത്വം* 9, 4, 4) എന്ന് ദൈവശാസ്ത്രജ്ഞൻ എന്ന നിലയിൽ അഗസ്റ്റിൻ പറയുമ്പോഴും ഈ കാര്യം ഒന്നുകൂടി ഊന്നിപ്പറയുകയാണ്.

മനുഷ്യന്റെ സ്വാതന്ത്ര്യം, വികാരങ്ങൾ, ഭാഷ എന്നിവയും അഗസ്റ്റിന്റെ ചർച്ചാവിഷയമാകുന്നു. മാനിക്കേയർക്കെതിരെ മനുഷ്യന്റെ സ്വാതന്ത്ര്യത്തെ ന്യായീകരിച്ചു. പെലാജിയർക്കെതിരെ അതിനെ നിഷേധിച്ചു പറഞ്ഞില്ല. തന്റെ ആന്തരിക സംഘട്ടനത്തിൽ അദ്ദേഹം ഇതു നന്നായി മനസ്സിലാക്കിയിരുന്നു. *"സ്വതന്ത്രമനസ്സ്"* *എന്ന കൃതിയിൽ* ഇത് പഠനവിഷയമാക്കുകയും ചെയ്തു. മാനിക്കേയ ഭാഷ്യം പോലെ മനുഷ്യനിൽ രണ്ട് ആത്മാക്കളില്ല എന്ന് അഗസ്റ്റിൻ കണ്ടെത്തി. പിന്നെയോ ഏക ആത്മാവും ഏക ഇച്ഛാശക്തിയും. "ഇച്ഛിക്കുന്നതു ഞാനാണ്; ഇച്ഛിക്കാതിരിക്കുന്നതും ഞാനാണ്; ഞാൻ ഒരാളാണ്. പൂർണ്ണമായി ഇച്ഛിക്കുകയും പൂർണ്ണമായി ഇച്ഛിക്കാതിരിക്കുകയും എനിക്കു പതിവില്ലായിരുന്നു. അതുകൊണ്ട് എന്റെ ഉള്ളിൽ സംഘട്ടനം ഉടലെടുത്തു" (*ആത്മ.* 8, 10, 22). തങ്ങളുടെ പാപങ്ങളെപ്പറ്റി ആരും ഒഴിവുകഴിവു പറയരുതെന്ന് പിന്നീട് അദ്ദേഹം എഴുതി: "ദൈവം എന്നെ സ്വാതന്ത്ര്യേച്ഛയോടുകൂടി സൃഷ്ടിച്ചു; ഞാൻ പാപം ചെയ്തെങ്കിൽ, ഞാൻ പാപം ചെയ്തു.... ഞാൻ, ഞാൻ തന്നെ; വിധിയല്ല, വിധിയല്ല ചെകുത്താനുമല്ല." (*In Ps.* 31, 2, 6). (*De lib. arb.* 3, 3, 8; *Retr.* 1, 15; *De duab. an. C. man.* 10, 14–11, 15 കാണുക).

അഗസ്റ്റിൻ വികാരങ്ങളെ സ്നേഹത്തിന്റെ പൊതു പേരിൽ ചുരുക്കി (*ദൈവനഗരം*, 14, 6). വികാരങ്ങളെ തോന്നലുകളിൽനിന്ന് അദ്ദേഹം വേർതിരിച്ചു (*C. Iul. op. imp.* 4, 29; 4, 69). വികാരരാഹിത്യം, ബുദ്ധിക്കു വിധേയമായ ക്രമീകൃത വികാരം, ക്രമരഹിതവികാരം അഥവാ ഭോഗാസക്തി[18] എന്നിങ്ങനെ വികാരങ്ങളെ അദ്ദേഹം മൂന്നായി തിരിച്ചു. ഇവയിൽ മൂന്നാമത്തേതു മാത്രമേ തിന്മയായിട്ടുള്ളു. കാരണം, അത് മനുഷ്യനിൽ ആഭ്യന്തര കലഹം ഇളക്കുകയും ധാർമ്മികമായി അധഃപതനത്തിലേക്ക് അവനെ നയിക്കുകയും ചെയ്യുന്നു.

അഗസ്റ്റിനിലെ "പ്രതീകാത്മകശൈലിയും[19] ഭാഷയും[20] ആധുനികകാലത്ത് പഠനവിഷയമായിട്ടുണ്ട് (*Do doc. chr.* 1, 2, 2; 2, 1, 1; *De magistro*).

18. Concupiscence 19. doctrine of sign 20. language



## 4. പ്രശ്നപരിഹാരം

തത്ത്വശാസ്ത്രത്തിലെ മൂന്നു വലിയ പ്രശ്നങ്ങളായ അസ്തിത്വം, അറിയൽ, സ്നേഹിക്കൽ എന്നിവയ്ക്ക് അഗസ്റ്റിൻ മൂന്ന് അടിസ്ഥാനപരിഹാരങ്ങൾ നിർദ്ദേശിക്കുന്നു: സൃഷ്ടി, പ്രകാശിക്കൽ, സൗഭാഗ്യം.

### a. *സൃഷ്ടി*

യുക്തിയും വിശ്വാസവും കൂടിക്കലർന്നതാണ് അഗസ്റ്റിന്റെ പ്രബോധനം (*De gen. ad litt.* 1, 14, 28). വസ്തുക്കളുടെ ഉത്ഭവം സംബന്ധിച്ചുള്ള പ്രശ്നം അഗസ്റ്റിൻ അപ്രകാരമാണ് സുവ്യക്തമാക്കുന്നത്. വിശ്വദേവതാവാദികളായ[21] മാനിക്കേയർക്കും, നെയൊപ്ലേറ്റോണിസ്റ്റുകൾക്കും എതിരെ സൃഷ്ടിസിദ്ധാന്തം അദ്ദേഹം മുറുകെപ്പിടിക്കുകയും വിശദീകരിക്കുകയും ചെയ്തു. സൃഷ്ടികർമ്മത്തെ നെയോപ്ലേറ്റോണിസ്റ്റുകൾ അംഗീകരിച്ചിരുന്നു എന്ന് അദ്ദേഹം കരുതി; എന്നാൽ സൃഷ്ടി, നിത്യകർമ്മവും അവശ്യാവശ്യവുമായി അവർ പഠിപ്പിച്ചിരുന്നു. അതുകൊണ്ട് അവരെയും അദ്ദേഹത്തിന് എതിർക്കേണ്ടിവന്നു. ദൈവം എല്ലാ വസ്തുക്കളെയും സൃഷ്ടിച്ചു. എന്നാൽ തന്റെ സ്വന്തം സത്തയിൽനിന്നല്ല, താൻ ഉണ്ടാക്കിയിട്ടില്ലാത്ത ഒന്നിൽനിന്നല്ല, പിന്നെയോ, ഇല്ലായ്മയിൽനിന്നാണ് (*C. Fel. man.* 2, 19). എല്ലാറ്റിനെയും അവയുടെ പ്രകൃതിയുടെ എല്ലാ ഘടകങ്ങളോടുംകൂടിയുമാണ് അവിടുന്നു സൃഷ്ടിച്ചത്. അവിടുത്തെ പ്രവർത്തനത്തെ ആശ്രയിക്കാതെ അവയൊന്നും തന്നെയില്ല. ഒന്നിന് മറ്റൊന്നിൽനിന്ന് ജനനം വഴിയോ, നിർമ്മാണത്തിലൂടെയോ, സൃഷ്ടിക്കലിലൂടെയോ അസ്തിത്വത്തിലെത്താം. ഒന്നാമത്തേതിൽ ജനിച്ചത് ജനിപ്പിച്ചതിന് തുല്യമായിരിക്കും; രണ്ടാമത്തേതിന് ഒരു പദാർത്ഥം ആവശ്യമാണ്; സൃഷ്ടിക്കൽ മാത്രം ഇല്ലായ്മയിൽനിന്നാണ്. മനുഷ്യൻ തന്റെ സത്തയിൽനിന്ന് ജനിപ്പിക്കുന്നു, തടിയിൽനിന്ന് ഒരു കട്ടിൽ നിർമ്മിക്കുന്നു. എന്നാൽ ഇല്ലായ്മയിൽനിന്നു സൃഷ്ടിക്കാൻ മനുഷ്യനെക്കൊണ്ടാവില്ല. മനുഷ്യൻ സർവശക്തനല്ല. സർവശക്തനായ ദൈവമാകട്ടെ, തന്റെ സ്വന്തം സത്തയിൽനിന്നു പുത്രനെ ജനിപ്പിച്ചു; ഇല്ലായ്മയിൽനിന്നു ലോകത്തെ സൃഷ്ടിച്ചു; മണ്ണിൽനിന്നു മനുഷ്യനെ മെനഞ്ഞുണ്ടാക്കി. ദൈവം തന്റെ സത്തയിൽനിന്നു ജനിപ്പിച്ചതും ഇല്ലായ്മയിൽനിന്നു നിർമ്മിച്ചവയും തമ്മിൽ വലിയ അന്തരമുണ്ട് (*C. Fel. man.* 2, 18; *De gen. ad litt.* 5, 513–6; *ആത്മ.* 12, 29, 40).

21. pantheists

www.malankaralibrary.com



സൃഷ്ടികർമ്മം നടന്നതു് സമയത്തിലാണ്, അഥവാ സമയത്തോടുകൂടിയാണ് (*in tempore; cum tempore*) എന്നു് ക്രിസ്തീയ വിശ്വാസമനുസരിച്ചു് അഗസ്റ്റിൻ പഠിപ്പിച്ചു (*ദൈവനഗരം* 11,6). ദൈവത്തോടുകൂടി നിത്യമായി ഒന്നും ഇല്ല (12, 15–16; *ആത്മകഥ*, 12, 11, 11). നിത്യതയും കാലവും തമ്മിലുള്ള ബന്ധം സംബന്ധിച്ചു് എതിരാളികൾ ഉന്നയിക്കുന്ന പ്രശ്നങ്ങൾ സഗൗരവം പരിഗണിക്കേണ്ടതാണു്; എന്നാൽ അവ അപരിഹാര്യമാണെന്നു് അഗസ്റ്റിൻ കരുതിയില്ല. സൃഷ്ടിക്കുമുമ്പു് സമയമില്ലായിരുന്നു, സൃഷ്ടിയോടുകൂടി സമയം ആരംഭിക്കുന്നു. ദൈവം സമയാതീതനാണ് (*ആത്മ*. 11, 10, 12–13.16). സമയത്തിലുള്ള സൃഷ്ടി ദൈവത്തിൽ എന്തെങ്കിലും വ്യതിയാനം ഉണ്ടാക്കുന്നുമില്ല. മുമ്പെന്നും പിമ്പെന്നും ഒന്നും അവിടുത്തേപ്പററി പറയാനാവില്ല. മുമ്പില്ലാതിരിക്കയും ഇപ്പോൾ അസ്തിത്വത്തിലെത്തുകയും ചെയ്യുന്നവയെപ്പററി മുമ്പെന്നും പിമ്പെന്നും ഒക്കെ പറയാം (*ദൈവനഗരം*, 12, 17, 2).

ദൈവം ഇല്ലായ്മയിൽനിന്നു സൃഷ്ടിക്കുന്നു. എന്നാൽ അവ ദൈവമനസ്സിൽ നിത്യഹേതുക്കളായി സ്ഥിതിചെയ്തിരുന്നു. ആ ദിവ്യമനസ്സിലുള്ള ഭാഗഭാഗിത്വത്തിലൂടെ എല്ലാ വസ്തുക്കളും അസ്തിത്വത്തിലെത്തുന്നു. ഒരു പ്രത്യേകാശയാനുസൃതമാണ് ഓരോ വസ്തുവും സൃഷ്ടിക്കപ്പെടുന്നതു് (*De div. qq*. 83.q. 46.2). ദിവ്യമായ മാതൃക[22] എന്നതു് അഗസ്റ്റിൻെറ അടിസ്ഥാന ചിന്തയാണ്.

ദൈവം എല്ലാ വസ്തുക്കളെയും ഏകകാലികമായി സൃഷ്ടിച്ചു; എന്നാൽ എല്ലാം ഒരേതരത്തിലല്ലെന്നു മാത്രം. പദാർത്ഥം, മനുഷ്യാത്മാവു് തുടങ്ങിയവയെ അവയിൽത്തന്നെ അവിടുന്നു സൃഷ്ടിച്ചു; മററുള്ളവയെ ഗുണഭാഗത്തിലും[23] അദൃശ്യ ബീജാവസ്ഥയിലും. അതായതു്, വിത്തുകളുടെ വിത്തായിട്ടു്. പ്രപഞ്ചത്തിൻെറ പടിപടിയായ വികസനം ഇതിനെ ആശ്രയിച്ചാണ്. കാരകഹേതുക്കൾ[24] എന്നു് അഗസ്റ്റിൻ ഇതിനെ വിളിക്കുന്നു. നിഷ്ക്രിയമായി നിലകൊള്ളാതെ മൂലബീജം സ്വയം വികസിച്ചുകൊണ്ടിരിക്കുന്നു. അനുകൂലസാഹചര്യത്തിൽ അവ പൂർണത പ്രാപിക്കുന്നു. ദൈവദത്തമായി പദാർത്ഥത്തിൽ അന്തർലീനമായി കിടക്കുന്ന ബീജാങ്കുരണശക്തിയെ

22. exemplarism. 23. Virtually.
24. Causal reasons (rationes seminales).



ഉത്തേജിപ്പിക്കുമ്പോൾ പുതിയ രൂപത്തിലുള്ള സൃഷ്ടികൾ ഉടലെടുക്കുന്നു. അവയെ നവസൃഷ്ടി എന്നു പറയാനാവില്ല. അതായതു്, പദാർത്ഥങ്ങളുടെ പരിണാമസാധ്യതയെ അഗസ്റ്റിൻ വിവരിക്കുന്നു. അതു് ബൈബിളിനു് എതിരല്ല. യുക്ത്യനുസൃതമാണ് എന്നു് അദ്ദേഹം വിവരിക്കുന്നു (*De Gen. ad litt*.5, 23, 44–45; 6,6, 10-18; 29. ത്രിത്വം 3,8,13-19,16).

തുടന്നു് സൃഷ്ടസിദ്ധാന്തത്തിൽനിന്നു് അദ്ദേഹം സൃഷ്ടവസ്തുക്കളുടെ നന്മ എന്ന തത്ത്വത്തിലെത്തുന്നു. തിന്മയുടെ ഉറവിടത്തിലേക്കു് എത്തിനോക്കാനും ഇതു സഹായിക്കുന്നു. ദൈവം എന്തെങ്കിലും ആവശ്യം ഉണ്ടായിട്ടോ, നിർബന്ധിക്കപ്പെട്ടതിനാലോ അല്ല സൃഷ്ടിച്ചതു്, പിന്നെയോ, സൃഷ്ടിക്കാൻ അവിടുന്നു തിരുമനസ്സായതിനാലത്രേ. കാരണം, അവിടുന്നു് നന്മയായിരുന്നു; സൃഷ്ടവസ്തുക്കളും നല്ലവയാണ്. (*ദൈവനഗരം*, 11. 21). അതുകൊണ്ടു് തിന്മ പ്രകൃതങ്ങളിലല്ല(12,8). തിന്മ തെററായ ഉപയോഗത്തിലാണ്.

തിന്മ ഒരു സത്തയല്ല (ആത്മ. 7, 16, 22). കഠിനാധ്വാനത്തിലൂടെയാണ് അഗസ്റ്റിൻ ഈ അറിവിലെത്തിയതു്. തിന്മ ഒരു കുറവാണ്, ജീർണതയാണ്; (*De nat. boni* 4). തിന്മ നന്മയിലാണ് സ്ഥിതിചെയ്യുന്നതു്; എന്നാൽ അറിവിനതീതമായ പരമനന്മയിൽ തിന്മയില്ല. പിന്നെയോ, ഇല്ലായ്മയിൽ നിന്നു് സൃഷ്ടിക്കപ്പെട്ട വ്യതിയാനവിധേയമായ നന്മയിലാണ് (*C. Iul*. 1, 8, 36–37).

രണ്ടുതരം തിന്മകളുണ്ടു്: മനുഷ്യൻെറ ഇച്ഛയ്ക്കു് എതിരെ മനുഷ്യൻ സഹിക്കുന്നതു്; സ്വേച്ഛയാ മനുഷ്യൻ ചെയ്യുന്നതു്. വേദന, മരണം, അജ്ഞത, ദുരാശ ആദിയായ ശാരീരികതിന്മകൾ ആദ്യഗണത്തിൽപെടുന്നു. ദുഷ്ടത, അനീതി തുടങ്ങി പാപം എന്ന ധാർമ്മികതിന്മ രണ്ടാം ഗണത്തിൽപ്പെടുന്നു. രണ്ടും സൃഷ്ടിയുടെ വൈകല്യത്തിലധിഷ്ഠിതമാണ്; കാരണമായ ദൈവമല്ല ഉറവിടം (*ദൈവനഗരം* 12, 7).

ദൈവം തിന്മയുടെ കാരണമല്ല. ദൈവം തിന്മ അനുവദിക്കുന്നു എന്നേയുള്ളു. തിന്മയിൽ നിന്നുപോലും നന്മ ഉളവാക്കാൻ കഴിവുററ സർവശക്തനാണ് അവിടുന്നു് (*Ench*. 3,11). മാനിക്കേയൻ പെസ്സിമിസം അദ്ദേഹം പാടെ തള്ളിക്കളയുന്നു.

സൃഷ്ടിയുമായി ബന്ധപ്പെട്ടതാണ് സമയത്തെപ്പററിയുള്ള തത്ത്വങ്ങൾ. "ഏററുപറച്ചിലിൽ" (XI) ഇതേപ്പററി വ്യാപക

www.malankaralibrary.com



മായി അദ്ദേഹം ചർച്ചചെയ്യുന്നു. സമയം വസ്തുക്കളിലല്ല, മനസ്സിലാണ്. ചലനം ഉള്ളതിനാലാണ് സമയം. ഭാവി, ഭൂതം, വർത്തമാനം എന്ന് മനസ്സ് തരംതിരിക്കുന്നതാണ് സമയം. വളരെ കുഴഞ്ഞുമറിഞ്ഞ പ്രശ്നമായി സമയചർച്ച അദ്ദേഹം കണ്ടു. കഴിഞ്ഞുപോയതിന്റെ നിശ്ശബ്ദതയ്ക്കും വരാനിരിക്കുന്നതിന്റെ നിശ്ശബ്ദതയ്ക്കും ഇടയ്ക്കുള്ള ശബ്ദമാണ് സമയബന്ധിതമായ ജീവിതം അഥവാ നിത്യതയിലേക്ക് തിരിഞ്ഞിരിക്കുന്ന മനുഷ്യമനസ്സ് (*De lib. arb.* 3, 7, 20).

### *b.* *പ്രകാശിക്കൽ*[25]

ഭാഗഭാഗിത്വ തത്ത്വത്തിന്റെ മറ്റൊരു വശമാണ് പ്രകാശിക്കൽ. വചനത്തിലുള്ള ഭാഗഭാഗിത്വം വഴി നാം പ്രകാശിക്കുന്നു. മനുഷ്യരുടെ പ്രകാശമായ ജീവനാണ് വചനം. ആ വചനത്തോട് സംസർഗം ചെയ്യുന്ന വ്യക്തിയും പ്രകാശമായി മാറുന്നു (*ത്രിത്വം.* 4.2.4).

നമ്മുടെ അസ്തിത്വത്തിന്റെ ഉറവിടം ദൈവമാണല്ലോ. അങ്ങനെയെങ്കിൽ നമ്മുടെ അറിവിന്റെ പ്രകാശവും അവിടുന്നുതന്നെയാണ്. അതുകൊണ്ട് സത്യത്തിൽ മനുഷ്യരെ പ്രബോധിപ്പിക്കുന്ന ആന്തരിക ഗുരുവും അവിടുന്നാണ് (*De mag.* 12,39–14,46). നമ്മുടെ ആത്മാവിന്റെ സൂര്യനാണ് ദൈവം (*Solil.* 1,8,15). 'അതിലും അതിൽനിന്നും അതിലൂടെയും എല്ലാ ബൗദ്ധിക വസ്തുക്കളും ബൗദ്ധികരീതിയിൽ, ഗ്രഹിക്കുന്ന ആത്മാവിൽ പ്രകാശിക്കുന്നു (1,1,3). തത്സംബന്ധമായ മറ്റ് ഭാഗങ്ങൾ: (*ത്രിത്വം.* 8,9,13; *ആത്മ*, 12,25,35; *ത്രിത്വം*, 12,15,24).

പ്ലേറ്റോണിക് ഓർമ്മയായും, *ഒന്റോളജിക്കൽ* ഉൾക്കാഴ്ചയായും, നൈസർഗികാശയമായും മനോലയമായും[26] പ്രകാശിക്കൽ വിവരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആദ്യത്തെ മൂന്നു പേരുകളും അഗസ്റ്റിന്റെ വിവരണത്തോട് നീതി പുലർത്തുന്നവയല്ല. വാസ്തവത്തിൽ *പ്ലേറ്റോണിക് ഓർമ്മയ്ക്കു* പകരമാണ് അഗസ്റ്റിൻ പ്രകാശിക്കൽ ആവിഷ്കരിച്ചത്. രണ്ടാമത്തേത് *ഉൾക്കാഴ്ച*: ദൈവത്തെ നാം കണ്ണാടിയിലൂടെയെന്നവണ്ണമാണ് കാണുക; നമുക്കു നേരിട്ട് ദർശിക്കാനാവില്ല.

25. Illumination.

26. Platonic Memory, Ontological Intuition, Innate Ideas, Scholastic Concept of abstraction.



നാം പ്രതീകങ്ങളിലൂടെ ദർശിക്കുന്നു. ഇന്ദ്രിയങ്ങൾക്കോ ബുദ്ധിക്കോ നേരിട്ട് ഗ്രഹിക്കാനാവില്ല. മൂന്നാമത്തേത്: നൈസർഗികാശയം: മനസ്സിന് അതിൽ തന്നെയുള്ള ആശയങ്ങളില്ല, മനസ്സ് ആശയങ്ങൾ സമ്പാദിക്കുകയാണ്. അതുകൊണ്ടാണ് ആദ്യത്തെ മൂന്നും പ്രകാശിക്കലിനെ ശരിയായി വിവരിക്കുന്നില്ല എന്നു പറഞ്ഞത്. നാലാമത്തേത് ചില ഭേദഗതികളോടുകൂടി ഒരുപക്ഷേ സ്വീകരിക്കാൻ കഴിയും. സ്കോളാസ്റ്റിക് ചിന്തകരാണ് '*മനോലയം*' മുന്നോട്ടു വച്ചത്. 'സൃഷ്ടിക്കപ്പെടാത്ത പ്രകാശത്തിലുള്ള ഭാഗഭാഗിത്വപരമായ സാമ്യം' ആണ് അവർ അർത്ഥമാക്കുന്നതെങ്കിൽ സ്വീകാര്യമാണ്. മനുഷ്യമനസ്സ് സ്വയം പ്രകാശിക്കുന്നതല്ല; പ്രകാശിക്കുന്ന പ്രകാശമാണ്; കാരണം, പ്രകാശം ലഭിക്കുന്നതിനാൽ അതു പ്രകാശിക്കുന്നു. അതായത്, അത് സൃഷ്ടിക്കപ്പെട്ടതാണ്. ദൈവം മാത്രമാണ് സ്വയം പ്രകാശിതൻ; അതുകൊണ്ട് അവിടുന്നു സത്യപ്രകാശമാണ് (*പ്രസം.* 67,8 .183, 5; *In Io.* 25,3; *C. Faustum* 20,7; *De Pec. mer. rem.* 1,25,36–38; *In Io* 14,1).

### *c.* *സൗഭാഗ്യം*

ദൈവത്തിൽ നിന്നാണ് മനുഷ്യനു സൗഭാഗ്യം. അവന്റെ അസ്തിത്വവും അറിവിന്റെ ഉറവിടവും ദൈവമാണ് (*ദൈവനഗരം* 11,25). ഈ സൗഭാഗ്യം ദൈവം തന്നെയാണ്.

'സന്തുഷ്ട ജീവിതത്തിനുള്ള അന്വേഷണമാണ് തത്ത്വശാസ്ത്രം' എന്ന പ്ലേറ്റോണിക് ആശയം അഗസ്റ്റിൻ സ്വീകരിക്കുന്നു. എന്നാൽ ഈ സൗഭാഗ്യത്തിന്റെ സ്വഭാവവും സവിശേഷതകളും സംബന്ധിച്ച് അദ്ദേഹം വ്യത്യസ്തമായ വീക്ഷണം പുലർത്തുന്നു (*പ്രസം.* 141:6). 'സത്യത്തിന്റെ സന്തോഷമാണത്' എന്ന് അഗസ്റ്റിൻ പറയുന്നു (*ആത്മ.* 10.23,33). താനിച്ഛിക്കുന്നതു കൈവരാത്തവനു സന്തുഷ്ടിയില്ല; ഉപദ്രവകരമായതു് ഇച്ഛിക്കയും അതു കിട്ടുകയും ചെയ്യുന്നവനും സന്തുഷ്ടിയില്ല; അതിശ്രേഷ്ഠമായ നന്മ തനിക്കു കൈവന്നെങ്കിലും അതിനെ സ്നേഹിക്കാത്തവനും സന്തുഷ്ടി കിട്ടുകയില്ല എന്ന് അദ്ദേഹം പറയുന്നു (*De mor, Eccl. cath.* 1,3,4). തനിക്കാഗ്രഹമുള്ളതെല്ലാം തനിക്കുണ്ടായിരിക്കുകയും തിന്മയായിട്ടുള്ളതൊന്നും ആഗ്രഹിക്കാതിരിക്കുകയും ചെയ്യുന്നവനു മാത്രമാണ് യഥാർത്ഥമായ സന്തുഷ്ടി (*ത്രിത്വം*, 13 5,8). അഗസ്റ്റിൻ സൗഭാഗ്യത്തെ വിജ്ഞാനവുമായി താദാത്മ്യപ്പെടുത്തുന്നു. സന്തുഷ്ടൻ മാത്രമാണ് വിജ്ഞാനി (*De b. vita*, 2,14). വിജ്ഞാനി

www.malankaralibrary.com


മാത്രമാണ് സന്തുഷ്ടൻ (*C. acad*, 1,9,24). യഥാർത്ഥ സന്തുഷ്ടി നിത്യമാണെന്ന് നെയോപ്ലറേറാണിസ്റ്റുകാക്കെതിരെ അദ്ദേഹം പറയുന്നു (*ത്രിത്വം*, 13,7,10-8,11). നിത്യമായ പുനർജന്മം എന്ന ആശയം അദ്ദേഹം തള്ളിക്കളയുന്നു (*ലേഖ*. 166,9,27). ശരീരത്തെയോ മനസ്സിനെയോ സന്തോഷിപ്പിക്കുന്ന വസ്തുക്കളിൽ സന്തോഷിക്കുന്നതു് നൈമിഷികമാണ് (*ദൈവനഗരം*, 19,4-9). ഈ ഭൂമിയിൽവച്ച് സൗഭാഗ്യത്തെപ്പററി നാം പ്രത്യാശയുള്ളവരായി കഴിയുന്നു. ആ പ്രതീക്ഷയാണ് ഈ ക്ലേശഭൂയിഷ്ഠമായ ഭൂമിയിൽ നമ്മെ കൈപിടിച്ചു നടത്തുന്നതു് (19,20). നമ്മുടെ ആത്മാവും ശരീരവും ഒപ്പം ഈ സൗഭാഗ്യത്തിൽ പങ്കുചേരണം. കാരണം സമഗ്രമനുഷ്യനു് സന്തുഷ്ടി ലഭിക്കണം. ദൈവം പ്രപഞ്ചത്തിൽ ഒരുക്കിയിരിക്കുന്ന ക്രമം പാലിച്ചുകൊണ്ടായിരിക്കണം നാം സന്തുഷ്ടി തേടേണ്ടതു്. അതിനു് ഭംഗം വരുത്തുമ്പോഴാണ് അസന്തുഷ്ടി ഉടലെടുക്കുന്നു (*De doctr. chr*. 1,27,28). മനുഷ്യരെ സന്തുഷ്ടരാക്കാൻ പര്യാപ്തമായവയെ അന്ത്യമായി പരിഗണിച്ചു് മനുഷ്യൻ സ്നേഹിക്കണം. എന്നാൽ അതിലേക്കു നയിക്കുന്നവയെ ഉപകരണങ്ങളായി കരുതി ഉപയോഗിക്കുകയേ ആകാവൂ. ധാർമ്മികാധഃപതനം സംഭവിക്കുന്നതു്, ഈ ക്രമം തെററിക്കുമ്പോഴാണ്. ഇതിന്റെ വെളിച്ചത്തിലാണ് അഗസ്ററിന്റെ വാക്കുകൾ നാം മനസ്സിലാക്കേണ്ടതു്: 'സ്നേഹിക്കുക, എന്നിട്ട് നിനക്കിഷ്ടമുള്ളതു ചെയ്തുകൊള്ളുക' (*Exp. ep. ad. Gal*.57; *In ep. Io*. 7,8). വ്യക്തികളായും സമൂഹങ്ങളായും മനുഷ്യർ സന്തുഷ്ടരാകേണ്ടതുണ്ടു്. സ്നേഹവും ദൈവപരിപാലനയുമാണ് ഇതിനൊരുക്കുന്നതു്. ധാർമ്മികത ദൈവസ്നേഹത്തിൽ കേന്ദ്രീകൃതമാണ്. യഥാർത്ഥ സ്വയംസ്നേഹം ദൈവസ്നേഹം തന്നെയാണ്. 'ദൈവത്തെ സ്നേഹിക്കുന്നവനു മാത്രമേ സ്വയം സ്നേഹിക്കാനറിയൂ' (*De Mor. Eccl. cath*.1,26,48). ദൈവത്തെ സ്നേഹിക്കാതെ തന്നെത്തന്നെ സ്നേഹിക്കുന്നവൻ സ്വയം സ്നേഹിക്കുന്നില്ല' (*In Io*. 123,5).

അധ്യായം 18

# വി. അഗസ്ററിൻ

## ദൈവശാസ്ത്രം

"വിശ്വാസത്തെ ജനിപ്പിക്കുകയും വളർത്തുകയും സംരക്ഷിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ശാസ്ത്രമാണ്" ദൈവശാസ്ത്രം എന്നു് അഗസ്റ്റിൻ നിർവചിക്കുന്നു. വിശ്വാസികളിൽ അനേകർക്കു് വളരെയധികം വിശ്വാസം ഉണ്ടെങ്കിലും ഈ ശാസ്ത്രം വശമില്ല. "സൗഭാഗ്യജീവിതം കരഗതമാകാനായി വിശ്വസിക്കേണ്ടവ അറിയുക മാത്രം ചെയ്യുക എന്നതു് ഒരു കാര്യം; എന്നാൽ നന്മയുടെ ശുശ്രൂഷയ്ക്കായി അതിനെ സമർപ്പിക്കുകയും തിന്മയ്ക്കെതിരായി അതിനെ സംരക്ഷിക്കുകയും ചെയ്യുക എന്നതു് മറെറാരു കാര്യമാണ്" എന്നു് അദ്ദേഹം പറയുന്നു. (*ത്രിത്വം* 14, 1, 3).

### 1. ദൈവശാസ്ത്ര രീതി

1. തന്റെ ദൈവശാസ്ത്ര വിചിന്തനത്തിൽ അഗസ്റ്റിൻ വിശ്വാസത്തിന്റെ ആധികാരികതയോടു് കൃത്യമായി ചേർന്നു നിൽക്കുന്നു: അതായതു്, ക്രിസ്തുവിന്റെ അധികാരമാണു സഭയിലേതു്. വി. ഗ്രന്ഥത്തിലും പാരമ്പര്യത്തിലും സഭയിലും അതു് വ്യക്തമാക്കപ്പെട്ടിരിക്കുന്നു. വിശുദ്ധ ഗ്രന്ഥത്തിന്റെ ദൈവികോത്ഭവം (*In Ps*. 90, 2, 1), തെററില്ലായ്മ (*ലേ*. 28, 3,3; 82, 1, 3), ആഴം (*ലേ*. 137, 1, 3), ധന്യത (*ആത്മകഥ*, 12, 14, 17-32, 43) എന്നിവ അദ്ദേഹം ഊന്നിപ്പറയുന്നു. വിശുദ്ധ ഗ്രന്ഥം സംബന്ധിച്ചു് അദ്ദേഹം പറയുന്നു: വിശുദ്ധ ഗ്രന്ഥത്തെപ്പററി ഇപ്രകാരം പറയാൻ പാടില്ല: "ഈ ഗ്രന്ഥത്തിന്റെ കർത്താവു് സത്യം പറഞ്ഞിട്ടില്ല." മറിച്ചു്, ഒന്നുകിൽ ഈ കൈയെഴുത്തുപ്രതി തെററായിരിക്കാം; വിവർത്തകൻ ഒരു തെററു വരുത്തിയതാകാം; അല്ലെങ്കിൽ നിനക്കു മനസ്സിലാകുന്നില്ലായിരിക്കാം" (*C. Faustum*, 11, 5).

www.malankaralibrary.com



അഗസ്ററിന്റെ ദൈവശാസ്ത്രത്തിന്റെ കാതൽ വിശുദ്ധ ഗ്രന്ഥമാണ്. അദ്ദേഹം അതിനെ സ്നേഹിച്ചു. ആഴമായി അതു പഠിച്ചു. (*ആത്മ.* 11, 2, 2-4). അദ്ദേഹം വേദപുസ്തകത്തിന്റെ ചില ഭാഗങ്ങൾക്ക്, പ്രത്യേകിച്ച് സങ്കീർത്തനങ്ങൾക്ക്, വിമർശനപ്പതിപ്പുണ്ടാക്കി (*ലേ.* 261, 5). പല പുസ്തകങ്ങൾക്കും അദ്ദേഹം വ്യാഖ്യാനങ്ങൾ എഴുതി. വിശുദ്ധ ഗ്രന്ഥത്തിലെ വിവിധ പുസ്തകങ്ങൾക്കിടയിൽ പൊരുത്തക്കേടുകളില്ല എന്നു തെളിയിച്ചു (*De Consensu Ev*).

തർക്കങ്ങളിലെല്ലാം അഗസ്റ്റിൻ വി. ഗ്രന്ഥത്തിലേക്കു തിരിഞ്ഞു. അതിലേക്കാഴ്ന്നിറങ്ങി. വി. ഗ്രന്ഥം നൽകുന്ന ഉൾക്കാഴ്ചയാണ് പ്രശ്നങ്ങളിലൊക്കെ അദ്ദേഹം ആദ്യമായി അവതരിപ്പിച്ചതു് (ത്രിത്വം: *De Trin.* 1-4; രക്ഷ-ഉത്ഭവ പാപം: *De pecc. mer. et rem.* 1, 13, 33–28, 56; കൃപാവരത്തിന്റെ ആവശ്യം: *De spir. et litt;* കൃപയും സ്വാതന്ത്ര്യവും: *De gra. et lib. arb;* സഭ; *De unit. Eccl*). താത്ത്വിക കൃതികളിലൊക്കെ വാച്യാർത്ഥത്തിനു മുൻതൂക്കം കൊടുത്തുള്ള ഭാഷ്യമാണു കാണുക; എന്നാൽ പ്രസംഗങ്ങളിൽ രൂപകാർത്ഥത്തിലേക്കും തിരിയുന്നതു കാണാം.

അഗസ്റ്റിൻ സഭയിലാണ് വി. ഗ്രന്ഥം വായിച്ചതു്. അതുപോലെ പാരമ്പര്യാനുസൃതമായിരുന്നു അദ്ദേഹത്തിന്റെ പഠനം. "കത്തോലിക്കാസഭയുടെ അധികാരം എന്നെ ആനയിച്ചില്ലായിരുന്നെങ്കിൽ, ഞാൻ സുവിശേഷങ്ങളിൽ വിശ്വസിക്കുകയില്ലായിരുന്നു" എന്ന് മാനിക്കേയരോട് അദ്ദേഹം പറയുകയുണ്ടായി (*C. ep. Man.* 5, 6; *C. Faustum* 28, 2). ഗ്രൈഹിക പാരമ്പര്യത്തിന്റെ രണ്ടു സവിശേഷതകളായ സാർവത്രികത, പൗരാണികത്വം എന്നിവയെപ്പററി ഡൊണാററിസ്ററുകാരെ അദ്ദേഹം അനുസ്മരിപ്പിച്ചു (*De bapt.* 4, 24, 31). ഒരാൾക്ക് വിശദീകരിക്കാൻ സാധിക്കുന്നില്ലെങ്കിൽതന്നെയും, പാരമ്പര്യം കൈമാറിത്തന്നതു് സത്യമായി മുറുകെപ്പിടിക്കുക ആവശ്യമാണെന്ന് പെലാജിയരോട് അദ്ദേഹം മറുപടി പറഞ്ഞു. കാരണം, "സഭയിൽ പഠിച്ച സംഗതികളാണ് പിതാക്കന്മാർ സഭയെ പഠിപ്പിച്ചതു്" (*C. Iul. op. imp.* 1, 117; *C. Iul.* 2, 10, 34).

സഭയാണ് വിശുദ്ധ ഗ്രന്ഥത്തിന്റെ കാനൻ നിശ്ചയിക്കുന്നതു് (*De doctr. chr.* 2, 7, 12). സഭ, പാരമ്പര്യം കൈമാറിത്തരുന്നു; വി. ഗ്രന്ഥത്തെയും പാരമ്പര്യത്തെയും വ്യാഖ്യാനിക്കുന്നു (*De gen. ad litt. op. imp.* 1, 1). തർക്കങ്ങൾ തീർക്കു



ന്നതും സഭയാണ് (*De bapt.* 2, 4, 5). വിശ്വാസനിയമം (*regula fidei*) നിശ്ചയിക്കുന്നതും സഭയാണ് (*De doctr. chr.* 3, 1, 2). അതുകൊണ്ടു്, "എന്തെല്ലാം പ്രയാസങ്ങൾ ഉടലെടുത്താലും ഞാൻ സഭയിൽ സുരക്ഷിതനായിരിക്കും". (*De bapt.* 3, 2, 3). കാരണം, "ദൈവം ഐക്യത്തിന്റെ സിംഹാസനത്തിൽ സത്യപ്രബോധനം സ്ഥാപിച്ചിരിക്കുന്നു (*ലേ.* 105,16).

2. വിശ്വാസത്തെ മനസ്സിലാക്കാനുള്ള തീവ്രാഭിലാഷം അഗസ്റ്റിനിൽ കാണുന്ന മറെറാരു പ്രത്യേകതയാണ്. എല്ലാ മാനുഷിക കഴിവുകളും അതിനായി അദ്ദേഹം ഉപയോഗിച്ചിരുന്നു. "ക്രിസ്തീയ പ്രബോധനം" (*De doc. chr.*) എന്ന ഗ്രന്ഥം ഈ കാര്യങ്ങൾ ചർച്ചാവിഷയമാക്കുന്നു: വാക്യവിമർശനം (2, 14, 21–22), ഭാഷകൾ ഗ്രഹിക്കൽ (2, 11, 6), ലൗകിക ചരിത്രവും വിശുദ്ധ ചരിത്രവും മനസ്സിലാക്കൽ (2, 31, 48), വ്യാഖ്യാനതത്വങ്ങൾ (3), തർക്കശാസ്ത്രം (2, 31, 48), തത്വശാസ്ത്രം എന്നിവ അറിയൽ എന്നിവയോടൊപ്പം അഗാധ സ്നേഹവും (*De mor, Eccl, cath.* 1, 17, 31), താഴ്മയും (*ലേ.* 118, 22), ആഴമായ പഠനവും (*ത്രിത്വം,* 15, 28, 51) അത്യാവശ്യമാണ്.

3. ക്രിസ്തുമതത്തിന്റെ പ്രത്യേകതയെപ്പററി[1] അഗസ്റ്റിനു് ഉറച്ച ബോധ്യം ഉണ്ടായിരുന്നു. പുറജാതികളുടെയും പാഷണ്ഡരുടെയും മററുള്ളവരുടെയും മുൻപാകെ ഈ സംഗതി അദ്ദേഹം ഉയർത്തിക്കാട്ടി, ന്യായീകരിച്ചു. (*De v. rel.* 6, 10; *De ag. chr.* 12, 13). അതുകൊണ്ടു് ക്രിസ്തുമതത്തോടു യോജിച്ചുപോകുന്ന താത്ത്വിക പ്രബോധനങ്ങൾ മാത്രമേ അദ്ദേഹം സ്വീകരിച്ചുള്ളു. ചേർന്നുപോകാത്തവ തിരസ്കരിച്ചു. അവയെ നഖശിഖാന്തം എതിർത്തു (*ദൈവനഗരം,* 1, 36; 12, 17, 2; *പ്രസം.* 242, 5–6). ചില താത്ത്വികരുടെ പ്രബോധനങ്ങളിൽ വളരെയധികം തെററുകൾ അദ്ദേഹം ദർശിച്ചു. ഏററം ശ്രേഷ്ഠരായ പ്ലേറോണിസ്ററുകളും തെററിനതീതരായിരുന്നില്ല (*Retrac.* 1, 1, 4). പാഷണ്ഡർ വി. ഗ്രന്ഥത്തെ ശരിക്കു മനസ്സിലാക്കുന്നില്ല. അവർ വികല വീക്ഷണങ്ങൾ പുലർത്തുന്നു. എന്നാൽ വി. ഗ്രന്ഥം ആഴത്തിൽ ഗ്രഹിക്കാൻ അവരുമായുള്ള തർക്കങ്ങൾ സഹായകമാണെന്ന് അദ്ദേഹം കരുതി (*ദൈവനഗരം,* 16, 2, 1; *In Ps.* 54, 21).

1. originality

www.malankaralibrary.com



4. നിഗൂഢതാസംബന്ധമായ ഒരു അവബോധം[2] അഗസ്റ്റിനെ ഭരിച്ചിരുന്നു. ദൈവശാസ്ത്രവിചിന്തനങ്ങളിൽ, ഭയഭക്തി ബഹുമാനപുരസ്സരം നിത്യസത്യങ്ങളെ അപഗ്രഥിക്കാൻ ഈ അവബോധം അഗസ്റ്റിനെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ദൈവികമായ അപരിമേയത്വത്തിന്റെ കലവറയെ അദ്ദേഹം ബഹുമാനിച്ചു. ഇതദ്ദേഹത്തിന്റെ പ്രസംഗവിഷയവുമായിരുന്നു. “trusting ignorance is better than reckless wisdom” (*പ്രസം.* 27, 4). ദൈവത്തിന്റെ അഗ്രാഹ്യത: “അതിനെ നീ മനസ്സിലാക്കുന്നുവെങ്കിൽ, അതു ദൈവമല്ല” (*പ്രസം.* 122, 5; *ലേ.*120, 3, 13; *ത്രിത്വം.* 5, 3, 4; 7, 4, 7). ത്രിത്വം (*De Trin.* 1, 1, 1), മനുഷ്യാവതാരം (Ench. 13, 41; *ലേ.* 137, 2, 8); ഉത്ഭവപാപം (*De pecc.* mer. et rem. 3, 4, 7); സ്വാതന്ത്ര്യവും കൃപയും(*Ibid.* 2, 18, 28; De *gr. christi,* 47, 52); മുൻനിർണയം (*De Sp. et. litt.* 34, 60; *പ്രസം.* 27, 7) എന്നിവ ചർച്ച ചെയ്യുമ്പോഴെല്ലാം ഈ അവബോധം നിറഞ്ഞുനിന്നു. അതുകൊണ്ട് “പരിശുദ്ധമായ വിനയത്തോടും കാതോലിക സമാധാനത്തോടും ക്രിസ്തീയ സ്നേഹത്തോടും കൂടെ” അന്വേഷിക്കേണ്ടതും ചർച്ച ചെയ്യേണ്ടതും ആവശ്യമായിരുന്നു (*De bapt.* 2, 3, 4). എപ്പോഴും തിരുത്താൻ അദ്ദേഹം സന്നദ്ധനായിരുന്നു. എതിരാളികൾ സത്യം പറഞ്ഞാൽ അവരെ ശ്രദ്ധിക്കാനും സഹോദരങ്ങൾ തിരുത്തിയാൽ അതു കേൾക്കാനും അദ്ദേഹത്തിനു കഴിഞ്ഞു (*ത്രിത്വം,* 2, 9, 16).

5 ദൈവശാസ്ത്രം സ്നേഹത്തിനും സഭാജീവിതത്തിനും വിധേയമാക്കണം എന്ന തത്വവും അദ്ദേഹം അംഗീകരിച്ചു. കാരണം എല്ലാ ഗ്രന്ഥങ്ങളുടെയും പൂർത്തീകരണവും അന്ത്യവും സ്നേഹമാണ് (*De doc. chr.* 1, 35, 39). ദൈവശാസ്ത്രത്തിന്റെ അന്ത്യവും സ്നേഹം തന്നെ (*Ibid.* 1, 3, 3–40, 44). ദൈവശാസ്ത്രജ്ഞനെ ഭരിക്കുന്ന സ്നേഹത്തിൽ ദൈവശാസ്ത്രം പ്രകാശത്തിന്റെ ഉറവ ദർശിക്കും (*De quanti. an.* 33, 76).

6. വളരെ കൃത്യമായ ദൈവശാസ്ത്രഭാഷ ഉണ്ടായിരിക്കണം. കേൾക്കുന്നവർക്ക് അവ സുഗ്രാഹ്യമായിരിക്കണം; നാം പറയുന്നവയിൽ നിന്ന് ശ്രോതാക്കൾ തെറ്റായ നിഗമനങ്ങളിലെത്താൻ ഇട നൽകരുത് (*ദൈവനഗരം,* 10,23).

ദൈവശാസ്ത്ര വിചിന്തനത്തിൽ അഗസ്റ്റിൻ പിൻചെന്ന പൊതുതത്വങ്ങൾ ഇവയൊക്കെയാണ്.

---

2. a sence of myster y



## 2. ത്രിത്വപ്രബോധനം

പാശ്ചാത്യദൈവശാസ്ത്രപശ്ചാത്തലത്തിലാണ് അഗസ്റ്റിൻ തന്റെ ത്രിത്വ പ്രബോധനത്തിനു രൂപം കൊടുത്തിട്ടുള്ളത്. അതായത്, പാരമ്പര്യത്തിലധിഷ്ഠിതമായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. ഒരു വിശ്വാസപ്രഖ്യാപനത്തോടുകൂടെ അദ്ദേഹം ആരംഭിക്കുന്നു: “ഇതാണ് എന്റെ വിശ്വാസം: എന്തുകൊണ്ടെന്നാൽ ഇതു കത്തോലിക്കാ വിശ്വാസമാണ്” (*ത്രിത്വം* 1, 4. 7). വെറും ബൗദ്ധിക ചർച്ചകൾ ഉന്നയിക്കുന്ന പ്രശ്നങ്ങൾ അദ്ദേഹം അവതരിപ്പിക്കുന്നു, (1, 5, 8); ഈ പ്രശ്നപരിഹാരത്തിനായി അദ്ദേഹം വിശുദ്ധ ഗ്രന്ഥത്തിലേക്കു തിരിയുന്നു. മൂന്നാളുകളുടെ പ്രത്യേകമായ സവിശേഷതകൾ[3] അദ്ദേഹം പഠിച്ചു (1–4). വിശുദ്ധ ഗ്രന്ഥം സംസാരിക്കുന്ന “പുറപ്പാടും” “ദൗത്യവും”[4] ഒരാൾ മറ്റൊരാളിൽ നിന്നുത്ഭവിക്കുന്ന ക്രമത്തെ സൂചിപ്പിക്കുന്നതാണ്; ഒരാൾ മറ്റൊരാൾക്കു താഴെയാണ് എന്നു പഠിപ്പിക്കുകയല്ല (4, 20, 27; *C.* Max. 2, 14, 2–8). സൃഷ്ടി, പഴയനിയമവെളിപാടുകൾ, തുടങ്ങി “ത്രിത്വത്തിനു വെളിയിലുള്ള പ്രവർത്തനങ്ങൾ എല്ലാം (*ad extra*) മൂന്നാളുകൾക്കും പൊതുവായിട്ടുള്ളതാണ്; എന്നാൽ പുത്രൻ മാത്രമേ മനുഷ്യനായി അവതരിച്ചുള്ളു (2, 10, 18). ആരിയുസിനെയും സബെല്ലിയുസിനെയും തറപറ്റിക്കാൻ ഈ “പരസ്പരബന്ധസിദ്ധാന്തമാണ്” ഏറ്റവും പറ്റിയതെന്ന് അദ്ദേഹം കരുതി (5–7). ഈ രഹസ്യത്തെപ്പറ്റി ശരിയായി ചർച്ച ചെയ്യുന്നതിനുള്ള നിബന്ധനകൾ അദ്ദേഹം രൂപീകരിച്ചു (5–7).

ത്രിത്വത്തിലെ മൂന്നാളുകളും സ്വഭാവത്തിൽ തുല്യരും വ്യക്തിത്വത്തിൽ വ്യത്യസ്തരുമാണ്: “ഓരോ ആളും മറ്റാളോട് ബന്ധപ്പെട്ടിരിക്കുന്ന ബന്ധങ്ങൾ ഒഴിച്ചാൽ തനിക്കുള്ളതിൽ ദൈവം എല്ലാമാണ്. പിതാവിന് ഒരു പുത്രനുണ്ട് എന്ന കാര്യത്തിൽ സംശയമില്ല; എന്നാൽ പിതാവ് പുത്രനല്ല....” (*ദൈവനഗരം* 11, 10, 1). പിതാവ് പുത്രനല്ലെങ്കിലും സത്തയിൽ അന്തരം ഇല്ല. പിതാവ്, പുത്രൻ എന്നീ പേരുകൾ[5] സത്തയുടെ ഭാഗമല്ല[6] ബന്ധത്തിന്റെ ഭാഗമാണ്. എന്നാൽ ഈ ബന്ധം അപ്രധാനമല്ല[7]; കാരണം ഇതു വ്യതിയാന വിധേയമല്ല (*ത്രിത്വം.* 5, 5, 6; *ലേ.* 120, 3, 13–17).

---

3. distinctive properties
4. procession and mission
5. designations
6. order of substance
7. accidental

www.malankaralibrary.com



"ഏക തത്ത്വത്തിൽനിന്ന്" എന്നവണ്ണം പരിശുദ്ധാത്മാവ് പിതാവിൽനിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു (ത്രിത്വം, 5,14,15). എന്നാൽ പ്രധാനമായി (*Principaliter*) പിതാവിൽ നിന്നാണ്, കാരണം, ദൈവത്വത്തിന്റെ ഉത്ഭവമായ പിതാവ് (4, 20, 29) പരിശുദ്ധാത്മാവിനെ പുറപ്പെടുവിക്കാൻ പുത്രനും അധികാരം നൽകി (15, 17, 29; *In Io.*99, 8-9). ആത്മാവ് സ്നേഹമായി പുറപ്പെടുന്നു. എന്നാൽ ജനിപ്പിക്കപ്പെട്ടവനല്ല. പുത്രൻ ജനിച്ചു; പരിശുദ്ധാത്മാവ് പുറപ്പെട്ടു". -അഗസ്റ്റിന്റെ ഈ ചിന്ത പിൽക്കാലത്ത് സ്കൊളാസ്റ്റിക് ദൈവശാസ്ത്രജ്ഞന്മാർ എടുത്തിട്ടുണ്ട്-ഇച്ഛ (സ്നേഹം) ബുദ്ധിയിൽനിന്ന് പുറപ്പെടുന്നു; എന്നാൽ ബുദ്ധിയുടെ ഛായയായിട്ടല്ല. അതുപോലെയാണ് ഇതും (*ത്രിത്വം*, 15, 27, 50; 9,12,18). എന്നാൽ വചനമായതിനാൽ പുത്രൻ പുത്രനാണ്; പുത്രനായതിനാൽ വചനവുമാണ് (7, 2, 3).

## 3. ക്രിസ്തുശാസ്ത്രം

തന്റെ മാനസാന്തരത്തിന് തൊട്ടുമുമ്പാണ് വചനത്തിന്റെ മനുഷ്യാവതാരം സംബന്ധിച്ച കത്തോലിക്കാ പ്രബോധനം അഗസ്റ്റിൻ ഗ്രഹിക്കാൻ ഇടയായത് (*ആത്മ.* 7, 19, 25). സഭയുടെ പരമ്പരാഗത പ്രബോധനം കുറേക്കൂടി സ്പഷ്ടമായി പഠിപ്പിച്ചു എന്നതിലാണ് അഗസ്റ്റിന്റെ പ്രത്യേകത: പ്രത്യേകിച്ച് "രണ്ടു സ്വഭാവങ്ങളിൽ ഏകയാൾ" (*una persona in utraque natura*: *പ്രസം.* 294.9) എന്ന ഫോർമുല. ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും ഒരുപോലെ ഉറക്കെ പ്രഖ്യാപിക്കാത്ത അപദ്ധോപദേശകർക്കെതിരെ ഇവ രണ്ടും അദ്ദേഹം സ്പഷ്ടമാക്കി. "ആത്മാവിന്റെയും ശരീരത്തിന്റെയും ഐക്യം" എന്ന ദൃഷ്ടാന്തം ഇതിനായി അദ്ദേഹം ഉപയോഗിച്ചു (*ലേ.* 137, 3, 11; *Ench.* 11, 36). ദൈവത്തിന്റെ സൗജന്യദാനത്തിന്റെ തിളങ്ങുന്ന ദൃഷ്ടാന്തമായി ക്രിസ്തു എന്ന മനുഷ്യനെ അദ്ദേഹം ചൂണ്ടിക്കാട്ടി (*Ench.* 12, 40; *De praed.* 5. 15, 30; *De don.pers.* 24, 67).

ക്രിസ്തുവിലുള്ള രണ്ടു സമ്പൂർണസ്വഭാവങ്ങളെയും ഏകവ്യക്തിത്വത്തെയും കുറിക്കുന്ന പദപ്രയോഗങ്ങൾ അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലാണു കാണുക: "മനുഷ്യനായിരിക്കുന്നവൻ ദൈവം തന്നെയാണ്; ദൈവമായിരിക്കുന്നവൻ മനുഷ്യൻ തന്നെയാണ്. സ്വഭാവങ്ങളുടെ കൂട്ടിക്കുഴച്ചിൽ വഴിയല്ലിതു് പിന്നെയോ, വ്യക്തത്വത്തിന്റെ ഐക്യം വഴിയാണ്" (*പ്രസം.* 186, 1, 1). "...ദൈവവും മനുഷ്യനും എന്ന രണ്ടാളുകളല്ല. ദൈവം എന്നും മനുഷ്യനെന്നും രണ്ടു സത്തകൾ തീർച്ചയായും ക്രിസ്തുവിലുണ്ട്; എന്നാൽ ഏകയാൾ മാത്രം" (*പ്രസം.* 130, 30). "ഒരേയാൾ ഒന്നും മറ്റൊന്നും കൊണ്ടാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നതു്: ദൈവവും മനുഷ്യനും എന്ന ഏകക്രിസ്തു (*Ench.* 10, 35; *ത്രിത്വം*, 1, 7, 14). എന്നാൽ അവിടെക്കൂട്ടിക്കുഴച്ചിൽ ഇല്ല:" ദൈവം ദൈവമായി നിലനില്ക്കുന്നു; മനുഷ്യൻ ദൈവവുമായി യോജിച്ച് ഏകയാളായിത്തീരുന്നു; അർദ്ധദൈവമല്ല,....പിന്നെയോ പൂർണമായി ദൈവവും പൂർണമായി മനുഷ്യനും" (*പ്രസം.* 293, 7).

ഈ ഐക്യം അവാച്യവും ആശ്ചര്യകരവുമാണ്. ദൈവം വിശുദ്ധീകരിച്ച മനുഷ്യരും ഈ ദൈവമനുഷ്യനും തമ്മിൽ അന്തരം ഉണ്ട് എന്ന് അഗസ്റ്റിൻ ശക്തിയായി തറപ്പിച്ചു പറയുന്നു. "ജഡത്തിലെ വചനം ഒന്ന്; വചനം മാംസമായതു് മറ്റൊന്ന്. അതായതു്, മനുഷ്യനിലെ വചനം ഒന്ന്; വചനം മനുഷ്യനായതു് മറ്റൊന്ന്" (*ത്രിത്വം.* 2,6, 11; *De ag. chr.*20,22; *ലേ.* 84,40).

"ജനിച്ച ദൈവം", 'ക്രൂശിക്കപ്പെട്ട ദൈവം' "മരിച്ച ദൈവം" എന്നിവ അഗസ്റ്റിനിൽ കാണുന്ന സർവസാധാരണ പ്രയോഗങ്ങളാണ്. ക്രിസ്തുവിലെ ഏകവ്യക്തിത്വമാണ് ഇതിനു കാരണം. അതിന്റെ ഫലമായി "ദൈവം മനുഷ്യനാണ്; മനുഷ്യൻ ദൈവമാണ്" എന്നും പറയാം. (*ലേ.* 169, 2, 8). ഇപ്രകാരം, "ദൈവം കൊല്ലപ്പെട്ടില്ല, എന്നാൽ മനുഷ്യനെന്ന നിലയിൽ അവൻ കൊല്ലപ്പെട്ടു" എന്നു പറയാം (*പ്രസം.* 213,4). "ഈ ഏക വ്യക്തിത്വത്തിലെ ഐക്യം വഴി ഭൂമിയിലുള്ള ദൈവപുത്രനെന്നും, അതേ ഏകവ്യക്തിത്വത്തിലെ ഐക്യം വഴി സ്വർഗത്തിലുള്ള മനുഷ്യപുത്രൻ എന്നും പറയാം" (*പ്രസം.* 194,9). മനുഷ്യൻ അഥവാ മനുഷ്യത്വം വചനത്തോടുകൂടിയുള്ള വ്യക്തിപരമായ ഐക്യത്തിലേക്ക് സൃഷ്ടിക്കപ്പെട്ട നിമിഷം തന്നെ എടുക്കപ്പെട്ടു (*Contr. serm. ar.* 8). അങ്ങനെ ദൈവപുത്രൻ തന്നെ മനുഷ്യനായി (*Ench.* 11,36).

## 4. മരിയ ശാസ്ത്രം

പരിശുദ്ധ കന്യകാമറിയത്തിന്റെ ദൈവമാതൃത്വം, നിത്യകന്യാത്വം, വിശുദ്ധി, സഭയുമായുള്ള ബന്ധം എന്നിവയെക്കുറിച്ച് അഗസ്റ്റിൻ ചർച്ച ചെയ്യുന്നു. കർത്താവിന്റെ അമ്മ

www.malankaralibrary.com



യായ പരിശുദ്ധ കന്യകാമറിയം 'ധരയുടെ മഹത്ത്വം' ആണ് എന്ന് 389 ൽ അദ്ദേഹം എഴുതുകയുണ്ടായി (*De Gen. c. man.* 2, 24, 37).

'ദൈവം ഒരു സ്ത്രീയിൽനിന്നു ജനിച്ചു' (*ത്രിത്വം*, 8,4,7). ദൈവത്തിന്റെ പുത്രനാണ് സ്ത്രീയിൽനിന്നു പിറന്നത്. കന്യകയിൽനിന്നു ജനിച്ച മനുഷ്യപുത്രനാണ് ദൈവപുത്രൻ. ദൈവം മനുഷ്യനായി, മനുഷ്യൻ ദൈവമായി. (*പ്രസം.* 186, 2). 'കന്യകയായി അവൾ ഗർഭം ധരിച്ചു. കന്യകയായി അവൾ പ്രസവിച്ചു, കന്യകയായി അവൾ നിലനിന്നു' എന്ന് അഗസ്റ്റിൻ തറപ്പിച്ചുപറഞ്ഞുകൊണ്ട് മറിയത്തിന്റെ നിത്യകന്യാത്വത്തെ പ്രഘോഷിക്കുന്നു. (*പ്രസം.* 51, 18). നമുക്ക് അളക്കുവാൻ കഴിയാത്തവ ചെയ്യാൻ ദൈവം ശക്തനാണെന്ന് നാം അംഗീകരിക്കണം. സാധാരണയായി ചിന്തിച്ചാൽ അസാധ്യമെന്നു കരുതുന്നവ ദൈവത്തിന് സാധ്യമാണല്ലോ. എല്ലാം പ്രവർത്തിക്കുന്ന ആളിന്റെ ശക്തിയിലാണ് ഇതിനുള്ള വിശദീകരണം (*ലേ.* 137, 2, 8). ദൂതന്റെ അറിയിപ്പിനു മുമ്പ് കന്യകയായി ജീവിക്കാനുള്ള തന്റെ താൽപര്യം മറിയം പ്രകടിപ്പിച്ചു. അങ്ങനെ ക്രിസ്തീയ കന്യാത്വത്തിന് മഹനീയ മാതൃക പ്രദാനം ചെയ്തു (*പ്രസം.* 51, 26). എന്നാൽ മറിയം യഥാർത്ഥത്തിൽ യൗസേപ്പിന്റെ ഭാര്യയായിരുന്നു എന്നും അവരുടെ വിവാഹം ഒരു യഥാർത്ഥ വിവാഹമായിരുന്നു എന്നും ഉള്ള കാര്യം സത്യമാണ് (*De nup. et conc.* 1, 11, 12).

മറിയം എല്ലാ പാപങ്ങളിൽനിന്നും വിമുക്തയായിരുന്നു എന്ന് പെലാജിയൻ തർക്കങ്ങളിൽ അഗസ്റ്റിൻ പഠിപ്പിച്ചു. വ്യക്തിപരമായ പാപങ്ങളെ സംബന്ധിച്ച് ഇത് തീർച്ചയായും ശരിയാണ്: (*De nat. et grat.* 36, 42). ഉത്ഭവപാപത്തിൽ നിന്നുള്ള മോചനത്തെപ്പററിയും അഗസ്റ്റിൻ ഉദ്ദേശിച്ചിരുന്നോ എന്ന് ചോദിച്ചാൽ 'അതേ' എന്നുതന്നെ പറയാം. കാരണം, ഒരു പൊതുതത്വമാണ് അഗസ്റ്റിൻ പറഞ്ഞത്. ഉത്ഭവപാപം സാർവത്രികമാണ്. എന്നാൽ മറിയത്തെ അതിൽനിന്ന് ദൈവം ഒഴിവാക്കി (*C. Iul. op. imp.* 4, 122).

മറിയം സഭയുടെ മാതൃകയാണ്. സുകൃതങ്ങളുടെ തിളക്കത്താൽ മറിയം മാതൃകയാണ്. സഭ ആത്മീയമായി കന്യകയും മാതാവുമാണ്. ശാരീരികമായി കന്യകയും മാതാവുമായിരിക്കുക എന്ന ദാനം മറിയത്തിനു ലഭിച്ചു. വിശ്വാസത്തിന്റെ



പൂർണ്ണതയിൽ കന്യക; സ്നേഹത്തിന്റെ ഊഷ്മളതയിൽ മാതാവ് (*പ്രസം.* 188, 4; 191, 4; 192, 2). മറിയം സഭയുടെയും മാതാവാണ്. അവൾ 'ക്രിസ്തുവിന്റെ അവയവങ്ങളുടെ അമ്മയാണ്.' സഭയിൽ കുഞ്ഞുങ്ങൾ ജനിക്കാൻ സ്നേഹത്തിൽ അവൾ സഹകരിച്ചു. (*De s. virg.* 6, 6).

## 5. രക്ഷാകര ശാസ്ത്രം

ക്രിസ്തുവിന്റെ കുരിശ് നിരർത്ഥകമാണെന്ന് കരുതപ്പെടാതിരിക്കാൻ (1കൊറി. 1: 17) പുറജാതികൾക്കും പെലാജിയർക്കുമെതിരെ അഗസ്റ്റിൻ രക്ഷാകരശാസ്ത്രം വിശദീകരിച്ചു. പിൻതലമുറയിൽ അഗസ്റ്റിൻ ഈ കാര്യത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തുകയും ചെയ്തു.

ക്രിസ്തുവിന്റെ മാധ്യസ്ഥ്യത്തിന്റെ സ്വഭാവവും അതുല്യാവസ്ഥയും[8] അഗസ്റ്റിൻ ഊന്നിപ്പറയുന്നു. മനുഷ്യൻ അഥവാ ദൈവമനുഷ്യൻ എന്ന നിലയിൽ ക്രിസ്തു മധ്യസ്ഥനാണ്. (*ആത്മ.* 10, 43, 68; *ദൈവനഗരം* 9, 15, 2) : 'ദൈവത്വം കൂടാതെ മനുഷ്യൻ മധ്യസ്ഥനല്ല; മനുഷ്യത്വം കൂടാതെ ദൈവവും മധ്യസ്ഥനല്ല .... പിന്നെയോ ഏകദൈവത്വത്തിനും ഏകമനുഷ്യത്വത്തിനും ഇടയിൽ, ക്രിസ്തുവിന്റെ മാനുഷികദൈവത്വവും ദൈവിക മനുഷ്യത്വവുമാണ് മധ്യസ്ഥൻ' (*പ്രസം.* 47, 12, 21). യഥാർത്ഥത്തിൽ ദൈവമനുഷ്യനു മാത്രമേ മധ്യസ്ഥനായിരിക്കാൻ സാധിക്കുകയുള്ളൂ. പ്ലേറേറാണിക ചിന്തകൾക്ക് എതിരെ അഗസ്റ്റിൻ ഈ തത്വം ഉയർത്തിപ്പിടിക്കുന്നു (*ദൈവനഗരം*, 9-10). രണ്ടററങ്ങളെയും യോജിപ്പിച്ചുകൊണ്ട് രണ്ടിൽനിന്നും വ്യത്യസ്തനായി, രണ്ടിന്റെയും നടുവിൽ നില്ക്കുന്നവനാണ് മധ്യസ്ഥൻ. നീതിമാനും അമർത്യനുമായ ദൈവത്തിനും, നീതികെട്ടവനും മർത്യനുമായ മനുഷ്യനും മധ്യേ നീതിമാനും മർത്യനുമായി ഒരാൾ ഉണ്ടായിരിക്കണം; ദൈവത്തെപ്പോലെ നീതിമാൻ, മനുഷ്യനെപ്പോലെ മർത്യൻ (*ആത്മ.* 10, 42, 67). അതുകൊണ്ട് ദൈവമനുഷ്യനായ ക്രിസ്തുവാണ് എല്ലാ മനുഷ്യർക്കുമുള്ള സ്വാതന്ത്ര്യത്തിന്റെയും ജീവന്റെയും ഐക്യത്തിന്റെയും രക്ഷയുടെയും മധ്യസ്ഥൻ. (*ത്രിത്വം*, 4). 'ഈ സാർവത്രികവഴി കൂടാതെ, ആരും വിമോചിതരാവാൻ പോകുന്നില്ല. ഇത് മനുഷ്യകുലത്തിന് എന്നും ഉണ്ടായിരുന്നു. അതുകൊണ്ട് ആരും ഇതു കൂടാതെ വിമോചിതരായിട്ടില്ല,

8. uniqueness

www.malankaralibrary.com



വിമോചിതരാകുന്നില്ല, വിമോചിതരാകുകയുമില്ല' (*ദൈവനഗരം*, 10, 32, 2). ക്രിസ്തുവിന്റെ വരവിനു മുമ്പ് ഇസ്രായേലിനു പുറത്തുള്ള പുറജാതികൾക്കും ഈ പാത തുറന്നുകിടക്കുകയായിരുന്നു (18,47).

ക്രിസ്തു രക്ഷകനാകയാലാണ് അവിടുന്ന് മധ്യസ്ഥനായിരിക്കുന്നത്. വിശുദ്ധ ഗ്രന്ഥമനുസരിച്ച് മനുഷ്യാവതാരത്തിന്റെ ലക്ഷ്യം മനുഷ്യരക്ഷയാണ്. മുമ്പ് മരണത്തിലും ബലഹീനതയിലും അടിമത്തത്തിലും കാരാഗൃഹത്തിലും പാപത്തിന്റെ നിഴലിലും ഇരുന്നവരെ ജീവിപ്പിക്കാനും രക്ഷിക്കാനും വിടുവിക്കാനും പ്രകാശിപ്പിക്കാനുമാണ് നമ്മുടെ കർത്താവായ യേശുക്രിസ്തു ജഡത്തിൽവന്നത്. (*De pecc. mer. et rem.* 1,26,39). ജീവനും രക്ഷയും വിമോചനവും വീണ്ടെടുപ്പും പ്രകാശവും ആവശ്യമില്ലാത്തവർ ക്രിസ്തുവിനുള്ളവരല്ല: ഇതിൽനിന്ന് മൂന്ന് അനുമാനങ്ങളെടുക്കാം: (1) ക്രിസ്തുവിനെക്കൂടാതെ ആർക്കും രക്ഷ പ്രാപിക്കാൻ സാധ്യമല്ല; ക്രിസ്തു രക്ഷയ്ക്ക് അപരിത്യാജ്യമെന്നു സാരം. (2) രക്ഷ ദൈവവുമായുള്ള അനുരഞ്ജനത്തിൽ അടങ്ങിയിരിക്കുന്നു; അനുകരിക്കാൻ ക്രിസ്തു നല്കിയ സന്മാതൃകയിലല്ല അധിഷ്ഠിതമായിരിക്കുന്നത്. (3) ആരെയും ഒഴിവാക്കാതെ ക്രിസ്തു എല്ലാവർക്കും വേണ്ടി മരിച്ചു.

വീണ്ടെടുപ്പിന്റെ ദൈവശാസ്ത്രത്തിൽ നിന്നാണ് അഗസ്റ്റിൻ ഉത്ഭവപാപത്തിന്റെ ദൈവശാസ്ത്രം രൂപപ്പെടുത്തിയത്. പലരും കരുതിയതുപോലെ മറിച്ചല്ല, ക്രിസ്തു എല്ലാവരെയും വീണ്ടെടുത്തു. കാരണം, എല്ലാവരും ഉത്ഭവപാപത്തിലായിരുന്നു. ദൈവത്തിൽ നിന്നുള്ള വേർപാടാണ് ഉത്ഭവപാപം. ക്രിസ്തു നമ്മെ ദൈവവുമായി അനുരഞ്ജനപ്പെടുത്തി. ക്രിസ്തുവിന്റെ സന്മാതൃകയുടെ അനുകരണമല്ല. അതുപോലെ ആദാമിന്റെ ദുർമാതൃകയുടെ അനുകരണം മാത്രമായിരുന്നില്ലവിടെ. നമുക്ക് രണ്ട് കൂട്ടുത്തരവാദിത്വങ്ങളുണ്ട്[9]: ആദ്യമനുഷ്യനുമായും ക്രിസ്തുവുമായും (*De pecc. orig.* 24,28). "രണ്ടുമനുഷ്യരുടെ ഹേതുക്കളിൽ ആണ് ക്രിസ്തീയ വിശ്വാസം അധിഷ്ഠിതമായിരിക്കുന്നത്. "ഒരുമനുഷ്യനും മറ്റൊരു മനുഷ്യനും: ഒരാൾ മരണത്തിലേയ്ക്ക് നയിക്കുന്നു; അപരൻ ജീവൻ നൽകുന്നു" (*പ്രസംഗം* 151,5). "വിശ്വസിക്കുന്നവരിലെ ഓരോ മനുഷ്യനും ക്രിസ്തുവായിരിക്കുന്നതുപോലെ ഓരോ മനുഷ്യനും ആദമാണ്" (*In Ps.* 70,2,1). ശപിക്കപ്പെട്ട കൂട്ടം (*massa damnata*) വീണ്ടെടുക്കപ്പെട്ട കൂട്ടം (*massa redempta*) ആയിത്തീർന്നു: അതായത്

9. solidarity



ദൈവവുമായി അനുരഞ്ജിതരായവർ (*പ്രസം.* 293,8). 'എല്ലാവർക്കും വേണ്ടി ഒരാൾ മരിച്ചെങ്കിൽ, എല്ലാവരും 'മരിച്ചു'. 2കൊറി 5:14: മരിച്ചതു പാപം വഴിയാണ്; ശിശുക്കളെ സംബന്ധിച്ച് അത് ഉത്ഭവപാപം ആകാനേ വഴിയുള്ളൂ. (*C. Iul.* 6,4.8).

ക്രിസ്തു പുരോഹിതനും ബലിയുമാകയാൽ വീണ്ടെടുപ്പുകാരനാണ്. ക്രിസ്തു പുരോഹിതനായി അഭിഷിക്തനായി; ദൃശ്യമായ അഭിഷേകം വഴിയല്ല, പിന്നെയോ, വചനം മാംസമായപ്പോൾ ഉള്ള അദൃശ്യമായ അഭിഷേകംവഴി. അതായത്, മറിയത്തിന്റെ ഉദരത്തിൽവച്ച് മനുഷ്യത്വം, വചനമായ ദൈവത്തോടുകൂടി ഏകയാളാകാൻ വേണ്ടി, വചനത്തോട് ഐക്യപ്പെട്ടപ്പോൾ (*ത്രിത്വം.* 15,25,46). ക്രിസ്തു പുരോഹിതനാകാൻ മാത്രമല്ല തിരുമനസ്സായത്, പിന്നെയോ അവിടുന്ന് ബലിയുമായിത്തീർന്നു (*ആത്മ.* 10,43,69). അവിടുന്ന് പിതാവിന് സ്വതന്ത്രവും യഥാർത്ഥവും എല്ലാ രീതിയിലും പരിപൂർണവുമായ ഒരു ബലി അർപ്പിച്ചു. അതുവഴി അവിടുന്ന് മനുഷ്യകുലത്തിന്റെ പാപങ്ങൾക്കെല്ലാം പരിഹാരം ചെയ്യുകയും പാപം നീക്കിക്കളയുകയും പിശാചിന്റെ പിടിയിൽ നിന്ന് നമ്മെ വീണ്ടെടുക്കുകയും ചെയ്തു. (*ത്രിത്വം*,4,13,16–14,19). തന്റെ പിതാവിന്റെ ഹിതം നിവർത്തിക്കാനാണ് ക്രിസ്തു മരിച്ചത്. "ദുഷ്ട തത്ത്വത്തിനുള്ള കടം വീട്ടാനല്ല" എന്ന ചിന്തയാണ് അഗസ്റ്റിന്റേത് (*Serm.* Morin, 17).

## 6. പ്രകൃത്യതീത മനുഷ്യശാസ്ത്രം[10]

അഗസ്റ്റിന്റെ രക്ഷാകര ശാസ്ത്രവുമായി ബന്ധപ്പെട്ട നാല് പ്രശ്നങ്ങളുണ്ട്: *ഉത്ഭവപാപം, നീതീകരണം, സഹായകകൃപ*[11], *മുൻനിർണയം*. പ്രകൃത്യതീത മനുഷ്യശാസ്ത്രത്തിന്റേതാണ് ഇവ നാലും. പെലാജിയൻ തർക്കവുമായി ബന്ധപ്പെട്ടാണ് അഗസ്റ്റിൻ ഈ ദൈവശാസ്ത്രം വികസിപ്പിച്ചത്. ഈ വിഷയങ്ങൾ സംബന്ധിച്ച് കത്തോലിക്കാ ദൈവശാസ്ത്രത്തിൽ അദ്ദേഹം നിർണായക പുരോഗതി കൈവരിക്കുകയും ചെയ്തു. പെലാജിയർ പറഞ്ഞത് അഗസ്റ്റിൻ നിഷേധിച്ചില്ല; അതായത്, സൃഷ്ടവസ്തുക്കളുടെ നന്മ, സ്വതന്ത്രേച്ഛ, നിയമത്തിന്റെ പ്രയോജനം, സൽപ്രവൃത്തികളുടെ പ്രതിഫലം; എന്നാൽ അവർ നിഷേധിച്ചത് അദ്ദേഹം ഊന്നിപ്പറഞ്ഞു: വീണ്ടെടുപ്പ്, കൃപാവരം, ക്രിസ്തീയ സ്വാതന്ത്ര്യം, രക്ഷ എന്ന സൗജന്യ

10. Supernatural Anthropology 11. helping grace

www.malankaralibrary.com



ദാനം. തർക്കത്തിനിടയിൽ, എതിരാളികൾ നിഷേധിച്ചതു് കൂടുതൽ ഊന്നിപ്പറഞ്ഞു എന്നതു ശരി തന്നെ. എന്നാൽ അദ്ദേഹത്തിന്റെ പ്രഖ്യാപിത ലക്ഷ്യം വിപരീതങ്ങളുടെ ഒരു സങ്കലനവും പൊരുത്തവും ആയിരുന്നു. പരസ്പരവിരുദ്ധ തെററുകളായ പെലാജിയൻ, മാനിക്കേയൻ പാഷണ്ഡതകളുടെ ഇടയിൽ കൂടിയാണ് കത്തോലിക്കാ പ്രബോധനം വ്യക്തമാക്കാൻ അദ്ദേഹം യാത്ര ചെയ്യുന്നതു്. അദ്ദേഹം രണ്ടു തെററുകളും തള്ളിക്കളഞ്ഞു് മധ്യമാർഗം സ്വീകരിക്കുന്നു. (*C. d. epp. pel.* 2,1 1-2,4; *De nupt. et conc.* 2, 39). പെലാജിയർക്കെതിരെ അഗസ്റ്റിൻ ഉത്ഭവപാപത്തിന്റെ അസ്തിത്വം പ്രസംഗിച്ചു; എന്നാൽ മാനിക്കേയർക്കെതിരെ സൃഷ്ടവസ്തുക്കളുടെ നന്മ ഉയർത്തിക്കാട്ടി; സ്നാനത്തിൽ പാപങ്ങളുടെ പൂർണവും സമഗ്രവുമായ മോചനം ലഭിക്കുന്നു എന്നു പഠിപ്പിച്ചു. എന്നാൽ പെലാജിയൻ തത്വമായ 'പാപരഹിത ജീവിത സാദ്ധ്യത' (impeccantia) നിഷേധിച്ചു. അതായതു്, 'പാപം കൂടാതെ ജീവിക്കാനുള്ള യഥാർത്ഥ സാധ്യത' എന്നതു് പെലാജിയൂസിന്റെ ഒരടിസ്ഥാന തത്വമായിരുന്നു. ദൈവകൃപയെ ആശ്രയിക്കാതെ ഇതു് സാധ്യമല്ല എന്ന നിലപാടു് അഗസ്റ്റിൻ സ്വീകരിച്ചു–നീതീകരണത്തിന്റെ പൂർത്തീകരണം ഈ ധരയിൽ ഒരിക്കലും ലഭിക്കില്ല എന്നു വ്യക്തമാക്കി. കൃപയുടെ ആവശ്യവും മനുഷ്യന്റെ സ്വതന്ത്ര സഹകരണവും ഒരുപോലെ പഠിപ്പിച്ചു. നിത്യജീവിതത്തിലേക്കുള്ള ദൈവിക തെരഞ്ഞെടുപ്പിന്റെ സൗജന്യ സ്വഭാവത്തെപ്പററിയും, രക്ഷിക്കപ്പെടാത്തവരുടെ കുററത്തെപ്പററിയും പഠിപ്പിച്ചു. ഇങ്ങനെ ഈ സങ്കീർണ പ്രശ്നങ്ങളിലെല്ലാം ഒരു മധ്യമാർഗം ( *veritatis medium* ) അദ്ദേഹം തെരഞ്ഞെടുത്തു. സഭ, കൂദാശകൾ, കാലാന്ത്യം എന്നിവയെപ്പററി പ്രതിപാദിക്കുമ്പോഴും ഈ മധ്യമാർഗം അദ്ദേഹം കൈവിട്ടില്ല.

### a. *ഉത്ഭവപാപം*

ഉത്ഭവപാപത്തിന്റെ അസ്തിത്വവും അതിന്റെ സ്വഭാവവും തമ്മിൽ അഗസ്റ്റിൻ വേർതിരിച്ചു: അസ്തിത്വം അദ്ദേഹം ശക്തിയായി പിൻതാങ്ങി; രണ്ടാമത്തേതു സംബന്ധിച്ചു് അദ്ദേഹം വളരെ കരുതലുള്ളവനായിരുന്നു. ബിബ്ലിക്കൽ, ലിററർജിക്കൽ, പട്രിസ്ററിക്, റാഷനൽ വാദങ്ങൾ നിരത്തി ഉത്ഭവപാപത്തിന്റെ അസ്തിത്വം തെളിയിക്കാൻ ശ്രമിച്ചു. തത്സംബന്ധമായി അഗസ്റ്റിൻ ഉദ്ധരിച്ച ആദ്യ ബൈബിൾ ഭാഗം 1 കൊറി. 15:22 ആണ് (*De mor. Eccl. cath.* 1,19,35). അതു് 388 ലാണ്. രണ്ടാമത്തേതു് (392) റോമ. 5: 19 ആണ് (*C. Fort.* 2,22); റോമ. 5: 12 അല്ല. പെലാജിയൻ തർക്കം



ഉണ്ടായപ്പോൾ, മനുഷ്യാവതാരത്തിന്റെ രക്ഷാകര ലക്ഷ്യത്തെക്കുറിച്ചുള്ള വേദപുസ്തക തെളിവുകൾ അദ്ദേഹം നിരത്തിവച്ചു. റോമ. 5 ഉദ്ധരിച്ചപ്പോഴും പന്ത്രണ്ടാം വാക്യം മാത്രമല്ല, 12 മുതൽ 29 വരെയുള്ള ഭാഗമാണ് അദ്ദേഹം ഉദ്ധരിച്ചതു് (*De nupt. et conc.* 2,28,47).

ശിശുക്കളെ സ്നാനപ്പെടുത്തുന്ന സഭാപാരമ്പര്യം ഇതിനെ ഉറപ്പിക്കുകയും വ്യക്തമാക്കുകയും ചെയ്യുന്നു. (പ്രസം. 294; *De pecc. mer. et rem.* 3,4,7). പിതാക്കന്മാരിൽ നിന്നുള്ള വാദങ്ങൾ ഇതു് പരമ്പരാഗത വിശ്വാസമാണെന്ന വാദം ഉറപ്പിക്കുന്നു (*C. Iul.* 1–2). 'കത്തോലിക്കാ വിശ്വാസം പണ്ടു മുതൽ വിശ്വസിച്ചുപോന്ന 'ഉത്ഭവപാപം' കണ്ടുപിടിച്ചതു ഞാനല്ല' എന്നു പറയാൻ അഗസ്റ്റിനു കഴിഞ്ഞു (*De nupt. et conc.* 2,12,25). 'അഗസ്റ്റിൻ അഭിപ്രായസ്ഥിരതയില്ലാത്തവനാണ്' എന്നു് ജൂലിയൻ ആരോപണം ഉന്നയിച്ചപ്പോൾ അഗസ്റ്റിൻ അപ്പാടെ അതു നിഷേധിക്കുകയും തന്റെ യൗവനകാലത്തു രചിച്ച കൃതികളിലേക്കു് എതിരാളിയുടെ ശ്രദ്ധ ക്ഷണിക്കുകയും ചെയ്തു (*C. Iul.* 6, 12,39). അഗസ്റ്റിൻ പറഞ്ഞതാണ് ശരി; ജൂലിയന്റേതു് ദുരാരോപണമായിരുന്നു എന്നു് ശ്രദ്ധാപൂർവകമായ പഠനം തെളിയിക്കുന്നു. മാററം ഉണ്ടായതു് വിശ്വാസത്തിന്റെ ആരംഭം സംബന്ധിച്ചാണ്; ഉത്ഭവപാപം സംബന്ധിച്ച കാര്യങ്ങളിലല്ല. അഗസ്റ്റിൻ അതു് അംഗീകരിക്കുന്നു (*Retract.* 2,1,1; *De Praed. s.* 3. 7–4,8). പെലാജിയൻ തർക്കംകൊണ്ടു് ഉത്ഭവപാപം സംബന്ധിച്ച ദൈവശാസ്ത്രത്തിൽ വികാസം ഉണ്ടായി എന്നതു ശരിയാണ്. എന്നാൽ പ്രബോധനത്തിൽ ഒരു മാററവും സംഭവിച്ചില്ല. മാററങ്ങളൊക്കെ അപ്രധാന കാര്യങ്ങളെ സംബന്ധിച്ചാണ്. ഉദാ. റോമ. 7, 14–25 ന്റെ വ്യാഖ്യാനം (*Retract.* 1,23; 2,1, 1).

അവസാനമായി ബൗദ്ധിക തെളിവു്: വിശ്വാസം പഠിപ്പിക്കുന്നതിനെപ്പററി വിചിന്തനം നടത്താൻ അഗസ്റ്റിൻ ക്ഷണിക്കുന്നു. തിന്മയുടെ പ്രശ്നം 'ഉത്ഭവപാപം' കൂടാതെ വിശദീകരിക്കാൻ സാധ്യമല്ല, വീണ്ടെടുപ്പു കൂടാതെ ഇതിനെ ജയിക്കാനും സാധ്യമല്ല. വേദന, മരണം, അജ്ഞത, മോഹം തുടങ്ങി നിരവധി തിന്മകൾക്കു വിധേയനായ മനുഷ്യൻ അരിഷ്ടൻ തന്നെയാണ്. എന്നാൽ 'നീതിമാനായ ദൈവത്തിന്റെ കീഴിൽ ആർക്കും അതിനു് അർഹനല്ലാത്ത അരിഷ്ടനായിരിക്കാൻ കഴിയില്ല.' (*C. Iul. op. imp.* 1,3,9). കുഞ്ഞുങ്ങളുടെ വേദനയെപ്പററി *C. Iul. op. imp.* 6,27;6, 36,41; *ലേ.* 166, 16–20 കാണുക.

www.malankaralibrary.com



ഉത്ഭവപാപത്തിന്റെ സ്വഭാവം സംബന്ധിച്ച് നിഗൂഢത നിലനിൽക്കുന്നു. അനുകരണം വഴിയല്ല അതു പിൻതലമുറയ്ക്കു് ലഭിക്കുന്നതു്, പിന്നെയോ ജന്മനാ ആണ് എന്ന അടിസ്ഥാന തത്ത്വം അഗസ്റ്റിൻ ആവിഷ്കരിക്കുന്നു (*De pecc. mer. et rem.* 1,9,9–11). ഉത്ഭവപാപം കുറ്റത്തോടു[12] ചേർന്ന ഭോഗാസക്തിയാണ്[13] (*De nupt. et conc.* 1,25,28–26,29). നിത്യനന്മകളേക്കാൾ കാലികനന്മകളെ കാംക്ഷിക്കുന്ന ചാച്ചിലാണ് ഭോഗാസക്തി (*De mend.* 7,10). ദൈവത്തോടുള്ള ശത്രുതയും ദൈവികജീവിതത്തിന്റെ അഭാവവുമാണ് കുറ്റം (*De pecc. mer. et rem.* 1,11,13–39,70;2,28,45). അഗസ്റ്റിൻ ഉത്ഭവപാപത്തെ ഭോഗാസക്തിയായി താദാത്മ്യപ്പെടുത്തിയില്ല. അഗസ്റ്റിൻ ആശയും ഭോഗാസക്തിയും വ്യത്യസ്തമായി കണ്ടു. ആദ്യത്തേതു് നല്ലതാണ്. രണ്ടാമത്തേതു് ക്രമം തെറ്റിയാൽ ചീത്തയാണ് (*C. Iul op. imp.* 4,29). ക്രമീകൃതമായ ഭോഗാസക്തി ഉണ്ടു്. അതായതു്, ബുദ്ധിക്കു് വിധേയമായതു്. ക്രമീകൃതമല്ലാത്ത ഭോഗാസക്തി ഉണ്ടു് (*C. d. epp. pel.*1,17,34–35; *C. Iul. op. imp.* 1,70; 2,18). ക്രമീകൃതമല്ലാത്ത ഭോഗാസക്തി അതിൽതന്നെ, അതായതു് കുറ്റം കൂടാതെയോ വ്യക്തിപരമായ സമ്മതം കൂടാതെയോ ആണെങ്കിൽ, തിന്മയായാലും പാപമല്ല. സ്നാനത്തിൽ കുറ്റം നീക്കപ്പെടുന്നു. ഭോഗാസക്തിയെ പാപമെന്നു വിളിക്കുന്നതു് അതു് പാപത്തിൽനിന്നു് ഉത്ഭവിക്കുന്നതിനാലും പാപത്തിലേക്കു ചാഞ്ഞിരിക്കുന്നതിനാലും മാത്രമാണ് (*De pecc. mer. et rem.* 2,44; 2,28,45; *De nupt. et conc.* 1,23,25; *C. d. epp. pel.* 11,3,27).

### *b.* *നീതീകരണം*[14]

ഉത്ഭവപാപം സംബന്ധിച്ച പ്രബോധനം നീതീകരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. നീതീകരണ പ്രബോധനം ഗ്രഹിക്കാൻ ആദ്യമായി രണ്ടു് അടിസ്ഥാന വ്യത്യാസങ്ങൾ മനസ്സിലാക്കണം: ഒന്നു്, പാപങ്ങളുടെ മോചനവും ആന്തരിക നവീകരണവും തമ്മിലുള്ള വ്യത്യാസം ആണു്. രണ്ടു്, പ്രാരംഭനീതീകരണവും പൂർണവും അന്തിമവുമായ നീതികരണവും തമ്മിലുള്ള വ്യത്യാസം (*C.d epp. pel.* 3,3,4–5).

പാപങ്ങളുടെ മോചനം "പൂർണ്ണവും സമഗ്രവും"[15], ആണു്; (*De pecc, mer. et rem.*2,7,9). ഒന്നും ഒഴിവാക്കാതെ എല്ലാപാപങ്ങളും ക്ഷമിക്കപ്പെടുന്നു (*De g. pel.* 12,28). മനുഷ്യനെ അവന്റെ നിഷ്കളങ്കതയിൽ വീണ്ടെടുക്കുന്നു (*C. Iul op. imp.* 6,19). എന്നാൽ ആന്തരിക നവീകരണം പടിപടിയായിട്ടാണ്; ഉത്ഥാനത്തിലല്ലാതെ അതു പരിപൂർണമാകുന്നില്ല. ഉത്ഥാനത്തിൽ മരണപ്രകൃതിയും രോഗവും ഇല്ലാതാകും. സ്നാനം അങ്ങനെ ഫലമണിയും. മരണപ്രകൃതിക്കും രോഗത്തിനുമെതിരെ ഈ ധരയിൽ വച്ച് എല്ലാവരും – നീതീകരണം പ്രാപിച്ചവരും – പോരാട്ടം നടത്തേണ്ടതുണ്ടു്. ആ പോരാട്ടത്തിലൂടെ അവർ നീതീകരണത്തിൽ പുരോഗമിക്കും (*C.d. epp. pel.* 3,3,5). എന്നാൽ, ഒരാരംഭം മാത്രമേ ഉള്ളൂ എങ്കിലും, ക്രിസ്തീയ നീതീകരണം, ഇവിടെ ഈ ധരയിൽ വച്ചുതന്നെ ദൈവച്ഛായയുടെ നവീകരണം അവതരിപ്പിക്കുന്നു. – ആത്മാവിന്റെ അമർത്യ സ്വഭാവത്തിൽ അമർത്യത മുദ്രണം ചെയ്തിരിക്കുന്നു. (*ത്രിത്വം*, 14, 4,6). പാപം അതിനു് മങ്ങലേല്പിച്ചു. എന്നാൽ നശിപ്പിച്ചു കളഞ്ഞില്ല (14,3,18;15,8,14). – നീതീകരണം എന്നതു്, കൃപാവരത്തിന്റെ ദൈവിക ജീവൻ (*In Ps* 70, 2,3) കുട്ടികളിൽ പോലും പരിശുദ്ധാത്മാവ് നിഗൂഢരീതിയിൽ നിവേശിപ്പിക്കുന്ന (*De pecc mer. et rem.* 1,9,10) ദൈവീകരണം ആണു്. (*In Ps.*49,2; *പ്രസം.* 166,4). അതു് പരിശുദ്ധാത്മാവിന്റെ വാസമാണ്: അതു് സ്നാനം സ്വീകരിച്ചവരെ അവർ അതേപ്പറ്റി അറിയുന്നില്ലെങ്കിലും തന്റെ ആലയമാക്കുന്നു. കുട്ടികളുടെ കാര്യത്തിൽ അപ്രകാരമാണല്ലോ (*ലേ.* 187).

ഈ മഹനീയ ദാനങ്ങൾ ലഭിക്കുമെങ്കിലും നീതീകരണം അടുത്ത ജീവിതത്തിൽമാത്രമേ പൂർത്തീകരിക്കപ്പെടുകയുള്ളൂ. അഗസ്റ്റിന്റെ ചിന്ത യുഗാന്ത്യോന്മുഖം ആണു്. രക്ഷയുടെ മുഴുവൻ പ്രവാഹത്തെയും ഉൾക്കൊള്ളുന്നതാണിതു്. സ്വാതന്ത്ര്യത്തിന്റെ വീക്ഷണത്തിൽ നിന്നാണ് അഗസ്റ്റിൻ ഇതു ദർശിക്കുന്നതു്. പാപത്തിനുമുമ്പ് "ചെറിയ സ്വാതന്ത്ര്യം" (*libertas minor*) മാത്രമേ ഉണ്ടായിരുന്നുള്ളൂ. "പാപം ചെയ്യാതിരിക്കാൻ കഴിവുണ്ടായിരിക്കുക", 'മരിക്കാതിരിക്കാൻ കഴിവുണ്ടായിരിക്കുക' എന്നതിൽ ഇതടങ്ങിയിരിക്കുന്നു. പിന്നീടു് ഇവ നഷ്ടപ്പെട്ടു. ക്രിസ്തു പടിപടിയായി അതു നമുക്കു് വീണ്ടെടുത്തുതന്നു. അവസാനം, ഉത്ഥാനാനന്തരം "വലിയ സ്വാതന്ത്ര്യം" (*libertas maior*) ലഭിക്കുന്നു. "പാപം ചെയ്യാൻ കഴിവില്ലാതിരിക്കുക" "മരിക്കാൻ കഴിവില്ലാതിരിക്കുക" എന്നിവ ഇതിൽ അടങ്ങിയിരിക്കുന്നു. ദൈവസ്വഭാവത്തിന്റെ സത്താപര സവിശേഷതകളാണിവ. പൂർണമായി നീതീകരിക്കപ്പെട്ട വ്യക്തി ഇതിൽ ഭാഗഭാക്കാകുന്നു (*De c. et gr.* 12, 32).



---

12. guilt
13. concupiscence
14. Justification
15. full and total

www.malankaralibrary.com



### c. *സഹായകകൃപ* [16]

'നീതീകരണം' എന്ന വിഷയത്തെ ആശ്രയിച്ചാണ് സഹായക കൃപ എന്ന വിഷയത്തിന്റെ ചർച്ചമുഴുവൻ. പെലാജിയൻ തർക്കത്തിൽ ഇതു് നിർണായകവിഷയമായിരുന്നു. അഗസ്റ്റിൻ ഇതിന്റെ സ്വഭാവം, ആവശ്യം, ഫലദായകത്വം, സൗജന്യസ്വഭാവം എന്നിവയെപ്പററി എഴുതി. "കൃപാവരത്തിന്റെ ദൈവശാസ്ത്രജ്ഞൻ" എന്നു് അഗസ്ററിനു പേരു നേടികൊടുത്തതു് ഇതാണു്.

#### 1. സ്വഭാവം

കൃപാവരം ദൈവത്തിന്റെ സൗജന്യദാനമാണ്. എന്നാൽ അതു് സൃഷ്ടിയല്ല(*De n. et gr; serm.*26, 4; *Ep.* 177,7). അതു് നിയമവുമല്ല. നിയമം രക്ഷയുടെ പാത ചൂണ്ടിക്കാണിക്കുന്നതിനാൽ പ്രയോജനകരവും പ്രീതിയുടെ അടയാളവുമാണു് (*De sp. et. litt*). കൃപ നീതീകരണം മാത്രവുമല്ല. നിയമം അനുശാസിക്കുന്നവ പൂർത്തീകരിക്കാനും, നീതീകരണം പ്രാപിക്കാനും അതിൽ നിലനില്ക്കാനും ഉള്ള ദിവ്യസഹായമാണു് കൃപ. "ക്രിസ്ത്യാനി എന്നു വിളിക്കപ്പെടാനും യഥാർത്ഥത്തിൽ ക്രിസ്ത്യാനി ആയിരിക്കാനും ആഗ്രഹിക്കുന്നെങ്കിൽ, പെലാജിയൂസ് ഈ കൃപയുടെ അസ്തിത്വം അംഗീകരിച്ചേ തീരൂ" എന്നു് അഗസ്റ്റിൻ പറയുന്നു (*De gr. chr.*16,11).

തിന്മയിൽ നിന്നു് ഓടിയകലുന്നതിനും നന്മ പ്രവർത്തിക്കുന്നതിനും മനസ്സിനെ തടയുന്ന തടസ്സങ്ങളെ നീക്കുകയാണ് ഈ കൃപയുടെ ജോലി. ഉത്ഭവ പാപത്തിന്റെ ഫലങ്ങളായ തടസ്സങ്ങൾ രണ്ടാണ്: 'അജ്ഞതയും ബലഹീനതയും" (*De pecc. mer. et rem.* 2,17, 26). ഇവയിൽ രണ്ടാമത്തേതാണ് കൂടുതൽ പ്രയാസമുണ്ടാക്കുന്നതു് (*De sp. et litt.* 3,5); അതുകൊണ്ടു് സഹായക കൃപ ബുദ്ധിയെ പ്രകാശിപ്പിക്കുന്നതിനേക്കാൾ മനസ്സിനെ പ്രവർത്തിപ്പിക്കുന്നു. "ചെയ്യണമെന്നു് നാം തിരിച്ചറിയുന്നവ വിശുദ്ധ സ്നേഹത്തോടുകൂടി ചെയ്യുന്നതിനുള്ള സ്നേഹത്തിന്റെ പ്രേരണയാണിതു്" (*C.d, epp. pel.* 4,5,11). കൃപ ദാനമാണ്; പെലാജിയർ പറയുന്നതുപോലെയല്ല (*De gr. et lib. arb.* 18,37).

16. helping grace



#### 2. ആവശ്യം

പാപം ഒഴിവാക്കുന്നതിനും ദൈവത്തിൻ പക്കലേക്കു തിരിയുന്നതിനും രക്ഷപ്രാപിക്കുന്നതിനും ഈ കൃപ അത്യന്താപേക്ഷിതമാണ് എന്നു് അഗസ്റ്റിൻ സ്ഥാപിക്കുന്നു. തത്വങ്ങളിൽ അഗസ്റ്റിനും പെലാജിയരും യോജിക്കുന്നു. എന്നാൽ അവയിൽ നിന്നെടുക്കുന്ന അനുമാനങ്ങളിൽ ഇരുകൂട്ടരും വ്യത്യസ്തരായിരിക്കുന്നു. 'അസാധ്യമായവ ദൈവം കല്പിക്കുന്നില്ല' എന്നതാണ് പൊതുപ്രമേയം. ഇതിൽനിന്നു്, 'കൃപ ആവശ്യമില്ല' എന്ന നിഗമനത്തിൽ പെലാജിയർ എത്തി. 'കൃപ ലഭിക്കാൻ പ്രാർത്ഥന ആവശ്യമാണ്" എന്ന നിഗമനം അഗസ്ററിൻ സ്വീകരിച്ചു. യഥാർത്ഥത്തിൽ കല്പനകളുടെ പാലനം സാധ്യമാക്കിത്തീർക്കുന്നതു് കൃപ മാത്രമാണ്; കൃപ ലഭിക്കുന്നതു് പ്രാർത്ഥന വഴിയാണ്. 'ദൈവം അസാധ്യമായവ കല്പിക്കുന്നില്ല; എന്നാൽ കല്പിച്ചുകൊണ്ടു് നിനക്കു ചെയ്യാൻ കഴിയുന്നതു് ചെയ്യാനും നിനക്കു് ചെയ്യാൻ കഴിവില്ലാത്തതിനായി യാചിക്കാനും അവിടുന്നു് നിന്നെ ഉപദേശിക്കുന്നു" (*De nat. et gr.* 43,50). നിനക്കു കഴിവുണ്ടാകാൻ അവിടുന്നു നിന്നെ സഹായിക്കുന്നു. കാരണം, ദൈവത്തെ ഉപേക്ഷിക്കാത്തവനെ ദൈവം ഉപേക്ഷിക്കുന്നില്ല (26,29). ട്രെൻറ് കൗൺസിൽ ഈ തത്വവും ഈ അനുമാനവും സ്വീകരിച്ചിട്ടുണ്ടു് (*Decree. de just c.* 11).

തിരുലിഖിതത്തിൽനിന്നുള്ള തെളിവുകൾക്കു പുറമെ ലിററർജിയിൽ നിന്നുള്ള തെളിവും അഗസ്ററിൻ നൽകുന്നു. ലിററർജിയിലുള്ള യാചനകൾക്കു് ദൈവശാസ്ത്ര കാരണങ്ങൾ നൽകുന്നു. സ്തുതിപ്പുകൾ പോലെ പ്രാധാന്യം അർഹിക്കുന്നതാണ് യാചനകൾ. 'കൃപകൂടാതെ മനുഷ്യപ്രകൃതിക്കു് കഴിവില്ല' എന്നതിനു് തർക്കത്തിനിടയിൽ അഗസ്ററിൻ കൂടുതൽ ഊന്നൽ നൽകി. താത്വികാപഗ്രഥനം കൂടുതൽ ഗഹനമാണ്. പിൽക്കാലത്തു് സ്കൊളാസ്ററിക് ദൈവശാസ്ത്രജ്ഞന്മാരും പ്രൊട്ടസ്റ്റൻറുകാരും ജാൻസെനിസ്റ്റുകാരും ഇതേപ്പററി ചൂടേറിയ ചർച്ചകൾ നടത്തിയിട്ടുണ്ടു്. – പുറജാതികളുടെ സുകൃതങ്ങളെപ്പററി: (*C.Iul.* 4, 3, 21-33; *De div. Dei* 19, 25; *De sp. et litt.* 28,48).

#### 3. ഫലദായകത്വം

കൃപയുടെ ഫലദായകത്വം, സ്വാതന്ത്ര്യം എന്ന വിഷയത്തെ സ്പർശിക്കുന്നതിനാൽ അതു് വിശദീകരിക്കാൻ കൂടുതൽ ബുദ്ധിമുട്ടുള്ളതാണ്. അഗസ്റ്റിനു് ഇതേപ്പററി അവബോധം

www.malankaralibrary.com



ഉണ്ടായിരുന്നു. അദ്ദേഹം ബൈബിൾ വീക്ഷണം തന്നെ ഇതിലും സ്വീകരിച്ചു. ക്രിസ്തുവിന്റെ വാക്കുകൾ തന്നെ അദ്ദേഹം സ്വന്തമാക്കി. "പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കുമെങ്കിൽ, നിങ്ങൾ സത്യമായും സ്വതന്ത്രരായിരിക്കും" (യോഹ. 8:36). പാപത്തിൽനിന്നും, തിന്മയിലേക്കുള്ള ചാച്ചിലിൽനിന്നും മരണത്തിൽനിന്നും കാലത്തിൽനിന്നും ഉള്ള സ്വാതന്ത്ര്യം എന്നിങ്ങനെ ക്രിസ്തീയ സ്വാതന്ത്ര്യത്തെ നാലായി തിരിക്കാം. അവ നീതി, ക്രമം, അമർത്യത, നിത്യത എന്നിവ പ്രദാനം ചെയ്യുന്നു (*In Io.* 41, 9–13). അഗസ്റ്റിൻ ഈ സ്വാതന്ത്ര്യങ്ങളെ പ്രകീർത്തിക്കുകയും ന്യായീകരിക്കുകയും ചെയ്തു. ചരിത്രത്തിനു താൻ നൽകിയ വ്യാഖ്യാനത്തിന്റെ താക്കോലായി അദ്ദേഹം സ്വാതന്ത്ര്യത്തെ പരിഗണിച്ചു: "കൃപവഴി നാം സ്വതന്ത്രേച്ഛയെ നിരാകരിക്കയാണോ? ഒരിക്കലുമല്ല. മറിച്ച്, സ്വതന്ത്രേച്ഛയുടെ മൂല്യത്തെ നാം ഉറപ്പിക്കയത്രേ ചെയ്യുന്നത്. വാസ്തവത്തിൽ, വിശ്വാസംവഴി നിയമത്തെ നീക്കുകയല്ല, അതിന്റെ മൂല്യത്തെ ഉറപ്പിക്കുകയത്രേ ചെയ്യുന്നത് (റോമ. 3:31). അതുപോലെയാണ് സ്വതന്ത്രേച്ഛയും കൃപയും. സ്വതന്ത്രേച്ഛ വഴി നിയമം അനുഷ്ഠിക്കപ്പെടുന്നു. എന്നാൽ നിയമത്തിൽനിന്ന് പാപത്തെപ്പറ്റിയുള്ള അവബോധം ഉടലെടുക്കുന്നു; കൃപയിൽനിന്ന്, പാപത്തിന്റെ തിന്മയിൽനിന്നുള്ള ആത്മാവിന്റെ ആരോഗ്യവും. ആത്മാവിന്റെ ആരോഗ്യത്തിൽനിന്ന് സ്വതന്ത്രേച്ഛയുടെ സ്വാതന്ത്ര്യം, സ്വതന്ത്രേച്ഛയുടെ സ്വാതന്ത്ര്യത്തിൽനിന്ന് നീതിയുടെ സ്നേഹം, നീതിയെ സ്നേഹിക്കുന്നതിൽനിന്ന് നിയമത്തിന്റെ അനുഷ്ഠാനം. അതുകൊണ്ട് വിശ്വാസംവഴി നിയമത്തെ നീക്കിക്കളയാതെ നിയമം അനുഷ്ഠിക്കപ്പെടുന്നതുപോലെ, കൃപവഴി സ്വതന്ത്രേച്ഛ നീക്കപ്പെടുകയല്ല, ഉറപ്പിക്കപ്പെടുകയത്രേ ചെയ്യുക. കാരണം, കൃപ ഇച്ഛയെ സുഖപ്പെടുത്തുന്നു. ഇച്ഛ, പൂർണമാക്കപ്പെടുന്നതുവഴി സ്വതന്ത്രമായി നീതിയെ സ്നേഹിക്കുന്നു" (*De sp. et litt.* 30, 52).

സുവിശേഷാനുസൃത സ്വാതന്ത്ര്യം എന്നതായിരുന്നു അഗസ്റ്റിന്റെ വീക്ഷണം – അതായത്, തിന്മയിൽനിന്നുള്ള സ്വാതന്ത്ര്യം. എന്നാൽ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം എന്ന പ്രശ്നത്തെപ്പറ്റി അദ്ദേഹം അജ്ഞനായിരുന്നില്ല. (പില്ക്കാലത്ത് സ്കോളാസ്റ്റിക് ചിന്തകരുടെ ഇടയിൽ ചർച്ചചെയ്യപ്പെട്ട ഒരു സുപ്രധാന വിഷയമായിരുന്നു അത്). അതുകൊണ്ട് തത്വങ്ങളിൽ അദ്ദേഹം ഉറച്ചുനിന്നു; വ്യക്തമായി ഉപദേശങ്ങൾ നൽകി; പ്രശ്നപരിഹാരങ്ങളിൽ കരുതലോടെ വർത്തിച്ചു. തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം, കൃപയുടെ ഫലദായകത്വം



എന്നിവ ഒന്നിച്ച് ന്യായീകരിക്കപ്പെടേണ്ടവയാണെന്ന് അദ്ദേഹം പഠിപ്പിച്ചു. അതിനാണ് "കൃപയും സ്വതന്ത്രമനസ്സും" (*De gratia et libero arbitrio*) എന്ന ഗ്രന്ഥം അദ്ദേഹം രചിച്ചത്. "സഹായം ലഭിക്കുന്നതുകൊണ്ട് സ്വതന്ത്രേച്ഛ നീക്കപ്പെടുന്നില്ല; അതു നീക്കപ്പെടാതിരിക്കാനാണ് അതിനു സഹായം ലഭിക്കുന്നത്" (*ലേ.* 152, 2, 10). അതുകൊണ്ട്, "നിന്റെ സഹകരണം കൂടാതെ നിന്നെ സൃഷ്ടിച്ചവൻ നിന്റെ സഹകരണം കൂടാതെ നിന്നെ നീതീകരിക്കുന്നില്ല. നിന്റെ അറിവു കൂടാതെ അവിടുന്നു നിന്നെ സൃഷ്ടിച്ചു; നിന്റെ ഇഷ്ടം കൂടാതെ അവിടുന്നു നിന്നെ നീതീകരിക്കുന്നില്ല" (*പ്രസം.* 11, 13). അതിനുള്ള തെളിവ് ക്രിസ്തുശാസ്ത്രപരമാണ്. തിരുലിഖിതാനുസൃതം ക്രിസ്തു ന്യായാധിപനും രക്ഷകനുമാണ്: "കൃപയില്ലെങ്കിൽ, അവിടുന്ന് എങ്ങനെയാണ് ലോകത്തെ രക്ഷിക്കുക? സ്വതന്ത്രേച്ഛയില്ലെങ്കിൽ, അവിടുന്ന് എങ്ങനെ ലോകത്തെ വിധിക്കും?" (*ലേ.* 214, 2).

സുനിശ്ചിതവും അനിഷേധ്യവുമായ ഈ രണ്ടു സത്യങ്ങൾ ഒന്നിച്ചുകൊണ്ടുപോകുക ഏറ്റം പ്രയാസകരവും കുറച്ചുപേർക്കു മാത്രം സുവ്യക്തവുമായ കാര്യമാണ് എന്ന് അഗസ്റ്റിൻ പറയുന്നു (*ലേ.* 214, 6). എല്ലാവർക്കും ദുഃഖകാരണവുമാണിത് (*De pecc. mer. et rem.* 2, 18, 28). കാരണം, ഒന്നിനെപ്പറ്റി പറയുമ്പോൾ മറ്റത് തള്ളിക്കളയുന്നു എന്ന തോന്നൽ പരക്കുന്നു. (*De gr. chr.* 47, 52; *De gr. et. l. arb.* 1, 1). ഇവ തമ്മിലുള്ള പൊരുത്തം സുവ്യക്തമല്ലെങ്കിലും ഈ പ്രശ്നത്തെപ്പറ്റിയുള്ള അവബോധം ഉണ്ടായിരിക്കണം എന്ന് അഗസ്റ്റിൻ മുന്നറിയിപ്പു നൽകുന്നു. എന്നാൽ അതിനെ പലരും പരിഗണിച്ചു കാണുന്നില്ല.

അഗസ്റ്റിൻ ഈ പ്രശ്നത്തിന്റെ നിഗൂഢാത്മകതയിൽ ഉറച്ചുനിന്നു. എന്നാൽ പൊതുതത്വങ്ങൾ പറയാനും ഈ രഹസ്യത്തെ പ്രസ്പഷ്ടമാക്കാനുള്ള സൂചനകൾ നൽകാനും മടിച്ചില്ല. നമ്മുടെ സ്വാതന്ത്ര്യം ഹനിക്കാതെ സ്നേഹപൂർവം നമ്മെ നയിക്കുന്ന ദൈവിക കൃപയെ അദ്ദേഹം പാടിപ്പുകഴ്ത്തി. നാം നമ്മിലായിരിക്കുന്നതിലും അടുത്താണ് ദൈവത്തിൽ നമ്മുടെ സ്വതന്ത്രേച്ഛ. (*C. d. epp. pel·* 1, 37; *De c. et gr.* 14, 45; *C. Iul. op. imp.* 3, 112; *De pecc. mer. et rem.* 2, 17, 26).

4. സൗജന്യസ്വഭാവം

'കൃപാവരം ദൈവത്തിന്റെ സൗജന്യദാനമാണ്' എന്ന് പെലാജിയക്കെതിരെ അഗസ്റ്റിൻ വാദിക്കുന്നു (*De d. pers.* 2, 4; *C. d. epp. pel.* 3, 8, 24; 4, 7, 19; *C. Iul.* 3, 1, 2). നമ്മുടെ അഹ്ത

www.malankaralibrary.com



അനുസരിച്ചാണ് അതു നമുക്ക് നൽകപ്പെടുന്നത്'' എന്ന് പെലാജിയർ തർക്കിച്ചു (*De gestis Pel.* 14, 30, *De gr. et. l. arb.* 5, 10; 14, 27). വിശ്വാസത്തിന്റെ ആരംഭം ദൈവദാനമാണ് (*De pvaed. s.*); അവസാന നിലനിൽപും അപ്രകാരം തന്നെ (*De d. pers.*). വിശ്വാസാരംഭം സംബന്ധിച്ചുള്ള തന്റെ ആദ്യവീക്ഷണത്തിൽ തെറ്റുപറ്റിയെന്ന് അഗസ്റ്റിൻ തന്നെ സമ്മതിക്കുന്നു (*De praed. s.* 3, 7; 4, 8). മനുഷ്യന്റെ അർഹതയെ ഒഴിവാക്കിക്കൊണ്ടല്ല അഗസ്റ്റിൻ ഇതു പറയുക. പിന്നെയോ അതിനെ ദൈവകൃപയിൽ ആശ്രയിക്കുന്നതാക്കുക മാത്രം ചെയ്യുന്നു. ''നീതിമാന്മാരുടെ അർഹത നിലനിൽക്കുന്നില്ലേ? നിസ്സംശയം നിലനിൽക്കുന്നു. കാരണം, അവർ നീതിമാന്മാരാണ്. എന്നാൽ അവർ നീതിമാന്മാരാണ് എന്ന സംഗതി അവരുടെ അർഹതകൊണ്ടുണ്ടായതല്ല; കാരണം; അവർ നീതീകരിക്കപ്പെട്ടപ്പോഴാണ് അവർ നീതിമാന്മാരായത്'' (*ലേ.* 194, 6). അതുകൊണ്ട്, ''ദൈവം നമ്മുടെ അർഹതയെ കിരീടം ധരിപ്പിക്കുമ്പോൾ, തന്റെ ദാനങ്ങളെ തന്നെയാണ് മകുടം ചൂടിക്കുന്നത്'' (*ലേ.* 194, 19). ''അർഹത തന്നെയും സൗജന്യദാനമാണ്'' (*ലേ.* 186, 10; *De gr. et, l. arb.* 5, 10-8, 20).

### *d.* *മുൻനിർണ്ണയം*[17]

കൃപാവരം സൗജന്യദാനമായി കരുതിയ അഗസ്റ്റിൻ ''മുൻനിർണയം'' എന്ന വിഷയവും ചർച്ചാവിഷയമാക്കി. ''സ്വതന്ത്രരാക്കപ്പെടുന്നവർ ഉറപ്പായി സ്വതന്ത്രരാക്കപ്പെടുന്ന, ദൈവത്തിന്റെ മുന്നറിവും ദാനത്തിനുള്ള ഒരുക്കവുമാണ്'' മുൻനിർണയം എന്ന് അഗസ്റ്റിൻ പറയുന്നു (*De d. prae.* 14, 35). അഗസ്റ്റിന്റെ മറ്റു സിദ്ധാന്തങ്ങളേക്കാൾ ഇതു കൂടുതൽ ചർച്ചാവിഷയമായിട്ടുണ്ട്. പലരും ഇതിനെ തെറ്റായി മനസ്സിലാക്കുകയും തെറ്റായി വ്യാഖ്യാനിക്കുകയും ചെയ്തിട്ടുമുണ്ട്. പിൽക്കാല തർക്കങ്ങൾ ഒക്കെ വിസ്മരിച്ചിട്ട് അഗസ്റ്റിന്റെ കൃതികളെ മാത്രം ആധാരമാക്കി ''മുൻനിർണയത്തിനു'' അഗസ്റ്റിൻ നൽകുന്ന വ്യാഖ്യാനം എന്തെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഏറ്റവും ദുർഗ്രഹമായ ഈ വിഷയം സംബന്ധിച്ച് അഗസ്റ്റിൻ വളരെ കരുതലോടെ പെരുമാറി എന്നു കാണാൻ കഴിയും. തിരുലിഖിതങ്ങൾ വ്യാഖ്യാനിക്കാൻ അഗസ്റ്റിൻ ശ്രമിച്ചു. പരസ്പര വിരുദ്ധങ്ങളെന്ന്

---

17. predestination



തോന്നുന്ന രണ്ടു സത്യങ്ങളുടെ സാരസത്ത വിശദമാക്കി. അതിൽനിന്ന് ഉടലെടുക്കുന്ന അജപാലകകാര്യങ്ങൾ വിശദീകരിച്ചു. അഗസ്റ്റിൻ അവിടെ നിർത്തി. ഒരു ദിവ്യരഹസ്യം എന്ന നിലയ്ക്ക് മുമ്പോട്ട് പോകാതെ അവിടെ അവസാനിപ്പിച്ചു. അപ്രകാരം ചെയ്യാൻ മറ്റുള്ളവരെയും ക്ഷണിച്ചു.

മെത്രാനായ ശേഷമാണ് അഗസ്റ്റിൻ ഈ പ്രശ്നം ചർച്ച ചെയ്തത്. ദൈവത്തിന്റെ മുൻനിർണയം തികച്ചും സൗജന്യദാനമാണ് എന്ന കാര്യത്തിൽ അദ്ദേഹത്തിന് ഒട്ടും സംശയം ഉണ്ടായിരുന്നില്ല. ഈ സൗജന്യദാനത്തിനു ദൃഷ്ടാന്തമാണ് നമ്മുടെ രക്ഷകനായ യേശുക്രിസ്തു എന്ന മനുഷ്യൻ.

മറ്റു ക്രിസ്തീയ രഹസ്യങ്ങളിലെന്നപോലെ ഇവിടെയുള്ള പരസ്പര വിരുദ്ധമെന്നു തോന്നുന്ന പദപ്രയോഗങ്ങൾ താഴെപ്പറയുന്നവയാണ്: തെരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടിയുള്ള ദൈവത്തിന്റെ സൗജന്യദാനമായ *Predelection*: എല്ലാ മനുഷ്യരെ പ്രതിയുമുള്ള ദൈവത്തിന്റെ സ്നേഹം. ''ചിലർ രക്ഷിക്കപ്പെടുന്നു എന്ന യാഥാർത്ഥ്യം, രക്ഷിക്കുന്ന ആളിന്റെ ദാനമാണ്; ചിലർ നശിക്കുന്നു എന്നത് നശിക്കുന്നവരുടെ യോഗ്യത ആണ് എന്ന് Quiercy synod പഠിപ്പിച്ചപ്പോൾ (DS 623) അഗസ്റ്റിന്റെ ചിന്ത കൃത്യമായി അവതരിപ്പിക്കയത്രേ ചെയ്തത്. ഈ പ്രസ്താവന ഇരു മുൻനിർണയം തള്ളിക്കളയുന്നു. അഗസ്റ്റിൻ ഈ രണ്ടിൽ ഒന്നാമത്തേതിന് കൂടുതൽ ഊന്നൽ കൊടുത്തു; രണ്ടാമത്തേതു് നിഷേധിച്ചില്ല; പിന്നെയോ അതേപ്പറ്റിയും പറഞ്ഞിട്ടുണ്ട്.

1. എല്ലാറ്റിനെയും സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് ദൈവമാണ്; പാപത്തെ അവിടുന്നു നിയന്ത്രിക്കുന്നു. (*ആത്മ.* 1, 10, 16, *De gen. ad litt.* 3, 14, 37). അതുകൊണ്ട് ദൈവത്തിനു ശിക്ഷിക്കാം; എന്നാൽ ദുഷ്ടത ഉളവാക്കുവാൻ ആവില്ല (*ലേ.*194 ,6, 30,) . 2. അഗസ്റ്റിൻ മുൻനിർണയത്തെയും മുന്നറിവിനെയും വേർതിരിച്ചു. പാപം ദൈവിക മുന്നറിവിന്റെ വിഷയമാണ്; മുൻനിർണയത്തിന്റെ വിഷയമല്ല (*De an. et eius or.* 1, 7, 7; *De praed. s.* 10, 19). 3. കുറ്റം കൂടാതെ ശിക്ഷ പാടില്ല എന്ന് ദൈവനീതി ആവശ്യപ്പെടുന്നു എന്ന് അഗസ്റ്റിൻ പറഞ്ഞു: ''ദൈവം നന്മയാണ്, ദൈവം നീതിയാണ്. നന്മയായതിനാൽ യോഗ്യത ഒന്നുംകൂടാതെ സ്വതന്ത്രനാക്കാൻ അവനു കഴിയും; നീതിയാകയാൽ കുറ്റകരമായ കർമ്മങ്ങൾ കൂടാതെ ആരെയും വിധി

www.malankaralibrary.com



ക്കാൻ അവനു സാധിക്കയില്ല" (*C. Iul.* 3, 18, 36). 4. ദൈവത്തിനു മനുഷ്യരോടുള്ള പരമസ്നേഹത്തിന്റെ ഉത്തമസാക്ഷിയായ ക്രിസ്തു എല്ലാവർക്കും വേണ്ടി, രക്ഷിക്കപ്പെടാത്തവർക്കു വേണ്ടിക്കൂടി, മരിച്ചു (*ത്രിത്വം*, 4, 1,2). ദൈവം എല്ലാവരുടെയും പിതാവാണ്. എല്ലാവരും രക്ഷിക്കപ്പെടണം എന്ന് അവിടുന്ന് ആഗ്രഹിക്കുന്നു.

മുൻനിർണയം സൗജന്യദാനമാണ് എന്നു പറയാൻ അഗസ്റ്റിന് മൂന്ന് പ്രമേയങ്ങൾ ഉണ്ടായിരുന്നു: 1)ഒരു ഭാഷ്യപ്രമേയം: വി. പൗലോസിന്റെ വ്യാഖ്യാനം (*De divi qq: ad s.* 1. q. 2); 2) യുഗാന്ത്യപ്രമേയം: രണ്ടു നഗരങ്ങളുടെ *debiti fines*, ഈ രണ്ടു നഗരങ്ങളും പരസ്പരം വ്യത്യസ്തങ്ങളാണ്; രണ്ടും നിത്യമാണ് (ദൈവനഗരം,21). 3) ദൈവശാസ്ത്രപരം-മെററാഫിസിക്കൽ പ്രമേയം: ദൈവികകർമ്മത്തിനുള്ള സർവശക്തി: ഇഷ്ടമില്ലാത്ത ഒരാളും രക്ഷിക്കപ്പെടാൻ സാധ്യമല്ലെങ്കിലും ദൈവികസർവശക്തിക്ക്. അവന്റെ സ്വാതന്ത്ര്യത്തെ ഹനിക്കാതെ തന്നെ രക്ഷിക്കപ്പെടാൻ ആഗ്രഹിക്കാത്ത ആൾ എന്ന നിലയിൽനിന്ന് രക്ഷിക്കപ്പെടാൻ ആഗ്രഹിക്കുന്ന ആൾ എന്ന നിലയിലേക്ക് വ്യക്തിയെ രൂപാന്തരീകരിക്കാൻ കഴിയും. (*Ench.* 25, 98; *C. d. epp. pel.* 1, 19, 37; *De praed.s.* 8, 15; *C. Iul. op. imp.* 2, 157; 33, 122; 6, 10). തെററിദ്ധാരണ ഉണ്ടാകാതിരിക്കണമെങ്കിൽ ഈ തത്വങ്ങളുടെ വെളിച്ചത്തിൽ അഗസ്റ്റിന്റെ വിവരണങ്ങൾ പരിശോധിക്കണം. ഇതോടുകൂടി 1 തിമൊ. 2:4ന് തന്റെ ജീവിതാവസാന കാലത്ത് അഗസ്റ്റിൻ നൽകുന്ന വ്യാഖ്യാനം കൂടി നാം കണക്കിലെടുക്കണം (*Ench.* 27, 103; *De praed. s.* 18, 36). ഒരു ഹൃദയത്തിനും-എത്ര കഠിനമായതിനുപോലും-എതിർക്കാനാവാത്ത ഒരു കൃപ ദൈവം എപ്പോഴും കരുതി സൂക്ഷിക്കുന്നുണ്ട്; ഹൃദയത്തിന്റെ കാഠിന്യം നീക്കിക്കളയാനായിട്ടു തന്നെയുള്ളതാണ് ഈ കൃപ. (8, 13). എന്നാൽ പിന്നെ എല്ലാവർക്കും വേണ്ടി ഈ കൃപ അവിടുന്ന് എന്തുകൊണ്ടുപയോഗിക്കുന്നില്ല എന്ന ചോദ്യം ഉദിക്കുന്നു. ചിലരെ എന്തിനു നശിക്കാൻ അനുവദിക്കുന്നു? വളരെ വേദനാജനകമായ ഈ ചോദ്യം അഗസ്റ്റിൻ സ്വയം ചോദിക്കുന്നു. തനിക്കിതിനുത്തരം ഇല്ല എന്ന് അദ്ദേഹം സമ്മതിക്കുന്നു. ഇതിനുത്തരം പറയാൻ ആർക്കു സാധിക്കും? ഇതു് നിഗൂഢയാഥാർത്ഥ്യമാണെന്ന് പറഞ്ഞ് അദ്ദേഹം പിന്തിരിയുന്നു (*പ്രസം.* 27, 7). പൗലോസിന്റെ വാക്കുകളിൽ തന്റെ വിശ്വാസപ്രഖ്യാപനം അദ്ദേഹം ആവർത്തിക്കുന്നു: "ദൈവത്തിന്റെ



പക്കൽ ഒരു പക്ഷേ അനീതി ഉണ്ടോ?" (*De div. qq. ad s.*1. q 2; *De pecc. mer et rem.* 1, 21, 23-30). "കൃപയ്ക്ക് നീതിരഹിതമായിരിക്കാനും നീതിക്കു ക്രൂരമായിരിക്കാനും കഴിയില്ല" എന്ന് അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

ഈ രഹസ്യത്തിന്റെ അജപാലക പ്രാധാന്യം ചൂണ്ടിക്കാട്ടാൻ അദ്ദേഹം മറക്കുന്നില്ല. രക്ഷയ്ക്കു വിലങ്ങുതടിയായി നില്ക്കുന്ന എതിർ തിന്മകളായ ധാർഷ്ട്യവും[18] നിരാശയും ഒഴിവാക്കാൻ ക്രിസ്ത്യാനികളെ ഇതു സഹായിക്കുന്നു (*In Io.* 53, 8). വിനയവും ദൈവാശ്രയവും വർദ്ധിപ്പിക്കുകയും ചെയ്യുന്നു." എല്ലാ കാര്യങ്ങളും ദൈവത്തിനു നാം കയ്യാളിച്ചാൽ നാം കൂടുതൽ സുരക്ഷിതരായി ജീവിക്കും" (*De d. pers.* 6, 12). അതുകൊണ്ട് പ്രാർത്ഥനാനിരതരായിരിക്കണം; അതനുസരിച്ച് ജീവിക്കയും വേണം (*In Io.* 26, 2; *De d. pers.* 16, 39; 22, 59) അഗസ്റ്റിൻ പറഞ്ഞു വച്ച ഈ അജപാലക വശം പലരും മിക്കപ്പോഴും വിസ്മരിച്ചുകളഞ്ഞിട്ടുണ്ട്.

## 7. സഭ

സഭയെപ്പററിയുള്ള അഗസ്റ്റിന്റെ തത്വങ്ങൾ വളരെ പ്രധാനപ്പെട്ടവയാണ്. മാനിക്കേയൻ, ഡൊണാററിസ്ററ് തർക്കങ്ങളിലാണ്. സഭാസംബന്ധമായ തത്വങ്ങൾ അദ്ദേഹം രൂപീകരിച്ചതു്. സഭ ഒരു ചരിത്ര യാഥാർത്ഥ്യമായും വിശ്വാസ്യതയുടെ ഒരു ഹേതുകമായും മാനിക്കേയൻ തർക്കത്തിനിടയിൽ അദ്ദേഹം പഠിച്ചു. രണ്ടാമത്തേതിലാകട്ടെ, സഭ ഒരു കൂട്ടായ്മയായും ക്രിസ്തുവിന്റെ മൗതിക ശരീരമായും അദ്ദേഹം ചിന്തിച്ചു. സഭ ഒരേ സമയം ചരിത്രത്തിലാണ്; എന്നാൽ യുഗാന്ത്യോന്മുഖവുമാണ്; ഹയരാർക്കിക്കലാണ് അതേസമയം ആത്മീയവുമാണ്; ദൃശ്യവും അദൃശ്യവുമാണ്. സഭയുടെ ഈ നിഗൂഢത നിമിത്തം സഭയെപ്പററിയുള്ള ചർച്ചകളിലും ഇതു കടന്നുവരാം; നാം നൽകുന്ന വ്യാഖ്യാനങ്ങൾ വേണ്ടവണ്ണം മററുള്ളവർ മനസ്സിലാക്കിയില്ലെന്നും വരാം. അഗസ്റ്റിന്റെ ചിന്ത മനസ്സിലാക്കുന്നതിൽ ചിലക്ക് പ്രയാസങ്ങൾ അനുഭവപ്പെട്ടതു് ഇതുകൊണ്ടാണ്. അഗസ്റ്റിൻ സഭയെപ്പററി പറയുമ്പോൾ മൂന്നു കാര്യങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. 1) ശ്ലീഹന്മാരുടെ അടിസ്ഥാനത്തിൽ പണിയപ്പെട്ട, വിശ്വാസികളുടെ സമൂഹം 2) ഹാബേൽ മുതൽ ലോകാന്ത്യംവരെ ലോകത്തിൽ തീർത്ഥയാത്ര നടത്തുന്ന നീതിമാന്മാരുടെ സമൂഹം. 3) സൗഭാഗ്യകരമായ

18. presumption

www.malankaralibrary.com



അമർത്യതയിൽ കഴിയുന്ന മുൻനിർണയിക്കപ്പെട്ടവരുടെ സമൂഹം. അഗസ്റ്റിന്റെ സഭാസിദ്ധാന്തങ്ങൾ ഗ്രഹിക്കാൻ ഈ വിഭജനം മനസ്സിലാക്കിയിരിക്കണം.

ഒന്നാമത്തേതു് സംബന്ധിച്ച്: സഭയുടെ ഐക്യം, സാർവ്വത്രികത, അപ്പസ്തോലികത്വം, വിശുദ്ധി എന്നിവ അഗസ്റ്റിൻ ന്യായീകരിക്കുന്നു. എല്ലാററിനുമുപരി, അദ്ദേഹം ഐക്യത്തിന്റെ അപ്പസ്തോലനും ദൈവശാസ്ത്രജ്ഞനുമായിരുന്നു; പൂർണ്ണമായ ഐക്യം ഉള്ളിടത്തേ വിശ്വാസത്തിലും, കൂദാശകളിലും സ്നേഹത്തിലും ഉള്ള കൂട്ടായ്മ ഉണ്ടായിരിക്കൂ. ഈ ത്രിമുഖമായ ഐക്യത്തിന് എതിരാണ് പാഷണ്ഡതയും ശിശ്മയും പാപവും. സ്നേഹത്തിന്റെ അഭാവമാണ് ഇവയിൽ നാം ദർശിക്കുക. വിശ്വാസത്തിൽ തെററിപ്പോകുന്ന ആളല്ല പാഷണ്ഡി (ലേ. 43,1). പിന്നെയോ, തന്റെ മുമ്പാകെ അവതരിപ്പിക്കപ്പെട്ട കത്തോലിക്കാ പ്രബോധനത്തെ എതിർക്കുന്ന ആളാണ് (De bapt. 16,23). അതായതു്, സഭ അവതരിപ്പിക്കുന്ന വിശ്വാസനിയമത്തെ (regula fidei) എതിർക്കുന്ന വ്യക്തി. ഈ നിയമം ജ്ഞാനസ്നാന വിശ്വാസപ്രമാണത്തിലും (പ്രസം. 212-215), കൗൺസിലുകളിലും (ലേ. 54,1) പത്രോസിന്റെ സിംഹാസനത്തിലും (ലേ. 43.7) ദർശിക്കാം. സഭയിൽ ശ്രേഷ്ഠവും രക്ഷാകരവുമായ അധികാരമാണ് കൗൺസിലുകൾക്കുള്ളതു്. ശ്ലൈഹിക സിംഹാസനത്തിന്റെ (cathedra) പ്രാഥമ്യം എപ്പോഴും പത്രോസിന്റെ സിംഹാസനത്തിൽ സജീവമായിരുന്നു. താർക്കിക പ്രശ്നങ്ങൾ ആധികാരികമായി പരിഹരിക്കുന്നതിനും (പ്രസം. 131,10) സത്യസഭയെ കൂടുതൽ ഉറപ്പായും പ്രയോജനപ്രദമായും തിരിച്ചറിയാനുമായി (ലേ.54,1) അഗസ്റ്റിൻ ഈ സിംഹാസനത്തിലേക്ക് തിരിയുന്നു. 'പ്രശ്നം അവസാനിച്ചു,' (Causa finita est) എന്ന വിഖ്യാത ഫോർമുല മററു വാക്കുകളിൽ C. duas epp. pel. 2,3,5 ൽ കാണാം.

കൗദാശിക കൂട്ടായ്മ സംബന്ധിച്ച്: അതായതു് കൗദാശികാടയാളത്തിന്റെ ഐക്യത്തിൽ ഒന്നിച്ചുകൂടിയിരിക്കുന്ന സഭ (ലേ. 54,1): നൈയാമിക കൂദാശയും ഫലദായക കൂദാശയും തമ്മിൽ അദ്ദേഹം വ്യത്യാസപ്പെടുത്തുന്നു. സഭയ്ക്കു പുറത്തും നൈയാമിക സ്നാനം ഉണ്ടാകാം; പട്ടവും കാണാം. എന്നാൽ അതു് സഭയിൽ മാത്രമേ ഫലദായകമാകൂ. (fruitful) 'അതില്ലാതിരിക്കുക എന്നതു് ഒരു കാര്യം; പ്രയോജനപ്രദമായ രീതിയിൽ അതില്ലാതിരിക്കുക മറെറാരു കാര്യം' (De bapt 4,17,24; 6;1,1). മാമ്മോദീസാ സ്ഥാപിച്ച ആൾ നിമിത്തം അതിന് അതിന്റേതായ വിശുദ്ധിയും സത്യവും ഉണ്ടു് (C. Cre. 4,16,19). അതിന്റെ പ്രധാന കാർമ്മികൻ ആ ആളാണ് (In Io. 6,7). ആ



ആളിന്റെ മുദ്രയാണ് അതു് കുത്തുന്നതു് (In Io. 6,15–16; In Ep. Io. 7,11). ഇതാണ് നൈയാമികം (valid) എന്നു പറയാൻ കാരണം. എന്നാൽ സ്നാനത്തിന്റെ പ്രത്യേകമായ കൃപാവരം ലഭിക്കാത്തതു്, ആ വ്യക്തിക്ക് സ്നേഹം ഇല്ലാത്തതിനാലാണ്. ഐക്യം തകർക്കുന്നവനു് സ്നേഹം ഇല്ല: 'സഭയുടെ ഐക്യത്തെ സ്നേഹിക്കാത്തവനു് ദൈവത്തിന്റെ സ്നേഹം ഉണ്ടായിരിക്കുകയില്ല' (De bapt. 3,16,21).

സഭയിൽ പാപികളുടെ സാന്നിധ്യം എന്ന പ്രശ്നവും ചർച്ചാവിഷയമാകുന്നു. സഭ കൂദാശകളുടെ കൂട്ടായ്മ മാത്രമല്ല, വിശുദ്ധരുടെ കൂട്ടായ്മ കൂടിയാണ്. ഇതൊരു പ്രയാസമേറിയ പ്രശ്നമാണ്. അതിനു് അഗസ്റ്റിൻ പരിഹാരം നിർദ്ദേശിക്കുന്നതു് ഇപ്രകാരമാണ്: സഭ വിശുദ്ധമാണ്, എന്നാൽ അതുകൊണ്ടു് സഭയിൽ പാപികളുടെ സാന്നിധ്യം ഇല്ലെന്നു വരുന്നില്ല; കാരണം, സഭ ഒരു സംയുക്ത സമൂഹമാണ്. അതുപോലെ പാപികൾ നല്ലവരുടെ സുകൃതത്തെ കളങ്കപ്പെടുത്തുന്നില്ല (De fid. et. op. 5, 7; ലേ. 105, 16-17). ഈ പാപികൾ തന്നെ സഭാശുശ്രൂഷകരായാലും ഇപ്രകാരം സംഭവിക്കുന്നില്ല: 'ഞാൻ ഇതു പലപ്പോഴും പറഞ്ഞിട്ടുണ്ടു്, ഞാനിതു തുടരെത്തുടരെ ആവർത്തിക്കുന്നു; ഞങ്ങൾ എന്തായിരുന്നാലും ദൈവം പിതാവായും സഭ മാതാവായും ഉള്ള നിങ്ങൾക്ക് സുരക്ഷിതരായി കഴിയാം' (C. litt Pet. 3,9, 10).

രണ്ടു തത്ത്വങ്ങളിൽ അധിഷ്ഠിതമായാണ് അഗസ്റ്റിൻ ഇക്കാര്യം പഠിപ്പിച്ചതു്. അഗസ്റ്റിന്റെ സഭാശാസ്ത്രത്തിന്റെ കാതൽ ഇതാണ്: ഒരു ക്രിസ്തുശാസ്ത്രതത്ത്വം: 'പൂർണക്രിസ്തു' (Christus totus): ശിരസ്സായ ക്രിസ്തു തന്റെ ശരീരമായ സഭയിൽ എപ്പോഴും സന്നിഹിതനും കർമ്മനിരതനുമാണ്; സഭയും ക്രിസ്തുവും കൂടി ഒരേയൊരാൾ ആയിത്തീരുന്നു (In Io. 21,8; In Ps. 55,3; ലേ. 187,40). മറെറാന്നു് ആത്മാവിനെ സംബന്ധിച്ച (Pneumatological) തത്ത്വം: അതായതു് മൗതിക ശരീരത്തിന്റെ ആത്മാവ് പരിശുദ്ധാത്മാവാണ് (പ്രസം. 267,4). ആ തത്ത്വമനുസരിച്ച്, 'ദൈവത്തിന്റെ സഭയിലെ ഐക്യം ഉണ്ടാക്കുന്ന കൂട്ടായ്മയുടെ തത്ത്വം, ദൈവത്വത്തിൽ പിതാവിന്റെയും പുത്രന്റെയും കൂട്ടായ്മയായ വ്യക്തിയാണ്'' (പ്രസം. 71,20,30). അതുകൊണ്ടു്, ക്രിസ്തുവിന്റെ ശരീരം കത്തോലിക്കാസഭ മാത്രമാണ് .......ഈ ശരീരത്തിനു പുറത്തു് ആരും പരിശുദ്ധാത്മാവിനാൽ ജീവചൈതന്യം പ്രാപിക്കുന്നില്ല (ലേ. 185, 21, 50; In Io. 26,13). അറിഞ്ഞുകൊണ്ടു് സഭയ്ക്കു പുറത്തു നില്ക്കുന്നവനെപ്പററിയാണ് അഗസ്റ്റിൻ ഇവിടെ ചിന്തിക്കുന്നതു്. 'അയാൾക്കു രക്ഷ ഒഴിച്ച് മറെറല്ലാം കാണും' (S. ad Caes. eccl. pleb. 6).

www.malankaralibrary.com



എന്നാൽ വ്യവസ്ഥാപിത സഭയ്ക്കപ്പുറത്തുള്ള ഒന്നിനെപ്പറ്റിയും അഗസ്റ്റിൻ ചർച്ചചെയ്യുന്നു. അത് യുഗങ്ങളെല്ലാം ഉൾക്കൊള്ളുകയും നിത്യതയിലേക്ക് നീണ്ടു കിടക്കുകയും ചെയ്യുന്നു; അവിടെയാണ് അതിന്റെ യഥാർത്ഥ സാക്ഷാത്കാരം. അപ്പോൾ മാത്രമേ, യഥാർത്ഥത്തിൽ അവൾ 'കളങ്കമോ ചുളിവോ കൂടാത്തവൾ' ആയിത്തീരൂ (എഫേ. 5:27). അപ്പോൾ മാത്രമേ പാപികൾ നീതിമാന്മാരിൽനിന്ന് ബാഹ്യമായും വേർതിരിക്കപ്പെടുന്നുള്ളു (*Retr.* 1,198; 2,18). ക്രിസ്തീയ നീതീകരണം യുഗാന്ത്യോന്മുഖമായിരിക്കുന്നതുപോലെ സത്താപരമായി സഭയും യുഗാന്ത്യോന്മുഖമാണ്. അതുകൊണ്ട് സഭ നീതിമാന്മാരുടെ അഥവാ ദൈവജനത്തിന്റെ കൂട്ടായ്മയാണ്; അത് രക്ഷാകരചരിത്രം കടക്കുകയും കുറിക്കുകയും ചെയ്യുന്നു. 'ഇപ്രകാരം, ഈ ലോകത്തിൽ, ഈ ദുർദിനങ്ങളിൽ, ക്രിസ്തുവിന്റെ ശാരീരിക സാന്നിധ്യത്തിനു ശേഷം മാത്രമല്ല,........ പിന്നെയോ തന്റെ ദുഷ്ടസഹോദരനാൽ കൊല്ലപ്പെട്ടവനും ആദിമ നീതിമാനുമായ ഹാബേൽ മുതൽ, ലോകത്തിന്റെ പീഡനങ്ങൾക്കും ദൈവത്തിന്റെ സമാശ്വാസങ്ങൾക്കും ഇടയ്ക്കുള്ള സമയത്തിന്റെ അവസാനംവരെ സഭ തന്റെ തീർത്ഥാടനം തുടരുന്നു' (*ദൈവനഗരം*, 18, 51,2).

മറ്റുചിലപ്പോൾ, തെരഞ്ഞെടുക്കപ്പെട്ടവരുടെ സമൂഹമായി അദ്ദേഹം സഭയെ കാണുന്നു. മുൻനിർണയം ചെയ്യപ്പെട്ടവർ, അവർ മാത്രം, അതിൽ കാണും. (*De cat. rud.* 20, 31). ഈ ദർശനം അനുസരിച്ച് പാപികൾ ബാഹ്യമാത്രമായി മാത്രമെ സഭാംഗങ്ങളായിരിക്കുന്നുള്ളു എന്ന് അദ്ദേഹം ചിലപ്പോൾ പറയുന്നതായി തോന്നുന്നു (*De bapt.* 6, 14, 23; *C. litt. Pet.* 2, 108, 247); അതുപോലെ കൃപയിൽ നിലനിൽക്കാത്ത നീതിമാന്മാരും ദൈവമക്കളല്ല എന്നു തോന്നും. എങ്കിലും ആദ്യവിഭാഗക്കാർ യഥാർത്ഥമായി സഭയുടെ മടിത്തട്ടിലാണ് എന്ന് അഗസ്റ്റിൻ കരുതി എന്ന കാര്യത്തിൽ സംശയം വേണ്ട. (*In Ps.* 103, 3, 5), സഭയുടെ ഉള്ളിൽ തന്നെ (*In Ps.* 128, 8) അവർ അതേ "സമൂഹത്തിൽ" അതേ ഇടയന്റെ കീഴിൽ കഴിയുന്നവരാണ് (*C. ep. Pet.* 3, 3, 19) *ipsa communione Catholica continentur* (*പ്രസം.* 5, 1). രണ്ടാമത്തെ കൂട്ടർ, അവരെപ്പോഴും അങ്ങനെയായിരിക്കയില്ലെന്നു ദൈവം മുൻകൂട്ടി കണ്ടാലും നീതിമാന്മാരായിരിക്കുന്നിടത്തോളം കാലം, അവർക്കും നീതിയുണ്ട്. അതായത്, അവരും യഥാർത്ഥത്തിൽ ദൈവമക്കളാണ് (*De c. et grat.* 9, 20, 23). അതുപോലെ, പരിപൂർണമായ രീതിയിലല്ലെങ്കിലും, ഇവിടെ ഇപ്പോൾ ഭൂമിയിലുള്ള സഭ ദൈവരാജ്യമാണ് എന്ന കാര്യത്തിലും സംശയിക്കാ



നില്ല. "ദുഷ്ടരും നല്ലവരും എന്ന് രണ്ട് തരക്കാർ കാണുന്നിടത്തൊക്കെ സഭയാണ് സന്നിഹിതമായിരിക്കുന്നത്; രണ്ടാമത്തേത് മാത്രം ഉള്ളിടത്ത് ഭാവിയിലെ സഭയാണ്.... അതുകൊണ്ട് ഈ യുഗത്തിൽപോലും സഭയാണ് ക്രിസ്തുവിന്റെ രാജ്യവും സ്വർഗ്ഗരാജ്യവും" (*ദൈവനഗരം*, 20, 9, 1). ഇവ ഒരേ സഭയുടെ രണ്ടവസ്ഥകളാണ് (*Brev. coll.* 9, 16); രണ്ട സഭകളല്ല (10, 20).

വിശ്വാസം, സഭ, കൂദാശകൾ, സ്നേഹം എന്നിങ്ങനെ രക്ഷയ്ക്ക് അവശ്യാവശ്യമായ നാല് യാഥാർത്ഥ്യങ്ങളുടെ അന്യോന്യബന്ധം നിർവചിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും പരിശ്രമിച്ചു എന്നതാണ് അഗസ്റ്റിന്റെ വലിയ മേന്മ. പിൽക്കാല ദൈവശാസ്ത്രജ്ഞന്മാർക്ക് അഗസ്റ്റിൻ മാർഗ്ഗദർശിയായി.

## 8. കൂദാശകൾ

കൂദാശകളെപ്പറ്റി പൊതുവായും സ്നാനം, പാപമോചനം, കുർബാന, വിവാഹം എന്നീ കൂദാശകളെപ്പറ്റി പ്രത്യേകമായും അഗസ്റ്റിൻ ചർച്ച ചെയ്തു. അദ്ദേഹത്തിന്റെ ചിന്ത വ്യത്യസ്ത വ്യക്തികൾ വ്യത്യസ്ത രീതികളിൽ മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ അഗസ്റ്റിൻ ചർച്ച ചെയ്യുന്ന വിഷയത്തിന്റെ വിവിധ വശങ്ങൾ കൃത്യമായി ഗ്രഹിച്ചെങ്കിലേ ശരിയായി അദ്ദേഹത്തെ മനസ്സിലാക്കാൻ കഴിയൂ. (1) സ്നാനം ആവശ്യമാണെന്ന് അദ്ദേഹം തറപ്പിച്ചു പറയുന്നു. എന്നാൽ ആഗ്രഹം കൊണ്ടുള്ള സ്നാനത്തിന്റെ ഫലദായകത്വം അദ്ദേഹം നിഷേധിക്കുന്നില്ല (*De bapt.* 4, 22, 29). (2) അതുപോലെ കുർബാനയുടെ സഭാപരമായ പ്രതീകാത്മകത്വം, യഥാർത്ഥ സാന്നിധ്യത്തെപ്പറ്റിയുള്ള സ്പഷ്ടമായ പ്രസ്താവനകളെ നിഷ്പ്രഭമാക്കുന്നില്ല. അപ്പവീഞ്ഞുകൾ ക്രിസ്തുവിന്റെ ശരീരരക്തങ്ങളായിത്തീരുന്നു (*പ്രസം.* 227; 272; *In Ps.* 98, 9; 33, 1, 10). കുർബാന ബലിയാണ് (*ദൈവനഗരം*, 10, 19–20; *ആത്മ.* 9, 12, 32; 13–36). (3) പരസ്യപ്രായശ്ചിത്തത്തെപ്പറ്റിയുള്ള പ്രസ്താവനകൾ, പരസ്യമല്ലാത്ത പ്രായശ്ചിത്തത്തെ ഒഴിവാക്കുന്നില്ല (*De div, qq.* 83. *q.* 26; *De fide et oper.* 26, 48). (4) അതുപോലെ ഭോഗാസക്തിയുടെ തിന്മകളെപ്പറ്റിയുള്ള പ്രതിപാദനം വിവാഹത്തിന്റെ നന്മകളെ അസാധുവാക്കുന്നില്ല: സന്താനലാഭം, വിശ്വാസം, കൂദാശ എന്നിവയാണു നന്മകൾ (*De b. con.* 24,32; *De s. virg.* 12).

www.malankaralibrary.com


## 9. യുഗാന്ത്യോന്മുഖത

കൃപാവരം, സഭ, ചരിത്രം എന്നിവയുടെ അഗസ്റ്റീനിയൻ ദൈവശാസ്ത്രം യുഗാന്ത്യോന്മുഖമാണ്. അവയുടെ സ്ഥിതിനിർണയം, പ്രകാശിക്കൽ അർത്ഥവ്യാപ്തി[19] എന്നിവ യുഗാന്ത്യോന്മുഖതയിൽനിന്നാണ് സ്വീകരിക്കുന്നത്. *ദൈവനഗര*ത്തിന്റെ അവസാനത്തെ നാല് പുസ്തകങ്ങൾ യുഗാന്ത്യോന്മുഖത സംബന്ധിച്ചാണ്. ക്രിസ്തീയ യുഗാന്ത്യോന്മുഖശാസ്ത്രത്തിന് അഗസ്റ്റിൻ ഒരു നിയതരൂപം നൽകി. ചരിത്രം സംബന്ധിച്ചുള്ള പ്ളറ്റോണിക് ആശയത്തെ അദ്ദേഹം എതിർത്തു. മനുഷ്യപ്രകൃതിക്കും സൃഷ്ടിയുടെ സ്വഭാവത്തിനും എതിരായിരുന്നു അവരുടെ ചിന്തകൾ. അദ്ദേഹം ആദ്യം "സഹസ്രാബ്ദ വാഴ്ച" എന്ന തത്വം സ്വീകരിച്ചെങ്കിലും (*ദൈവനഗരം*, 20, 7; *പ്രസം.* 259, 2) അതിന് അല്പവ്യത്യസ്തമായ ഊന്നൽ നൽകി. വെളി. 20:1–5 ന് വ്യംഗ്യാർത്ഥ ഭാഷ്യം നൽകിയാണ് ഇതിലെത്തിയത്. പ്ളറ്റോണിസ്റ്റുകാർക്കെതിരെ ശരീരത്തിന്റെ ഉത്ഥാനം അദ്ദേഹം ഉയർത്തിക്കാട്ടി – വ്യതിയാനരഹിതമാണെങ്കിലും യഥാർത്ഥ ശരീരം (*ദൈവനഗരം*, 22, 1–28). നിത്യശിക്ഷ സംബന്ധിച്ചുള്ള പ്രശ്നം തുടരെത്തുടരെ അദ്ദേഹം വിശദീകരിച്ചു (*ദൈവനഗരം*, 21; *De fide et op.* 14,21f; *Ench.* 67f; *Ad. Orosium e Pr. et Or*). വിശുദ്ധ ഗ്രന്ഥത്തിലെ വാക്കുകൾ 'സത്യം പറയുന്നതായി' നാം സ്വീകരിക്കണം, അല്ലാതെ വെറും ഭീഷണിയായി എടുത്താൽ പോരാ (*ദൈവനഗരം*, 21, 24, 4); ഒരിജന്റെ *അപ്പോക്കത്താസ്തസിസിനെ* സഭ ശപിച്ചത് ശരിയായിരുന്നു എന്ന് അദ്ദേഹം കരുതി (21, 17). സ്വർഗീയ സൗഭാഗ്യത്തെപ്പററി ഒരാശയം നൽകാനും അദ്ദേഹം പരിശ്രമിച്ചു.

മരണാനന്തരമുള്ള ശുദ്ധീകരണപ്രക്രിയ അഗസ്ററിൻ അംഗീകരിച്ചിരുന്നു (*Ench.* 69; *ദൈവനഗരം*, 21, 13; 21, 16; *In Ps.* 37, 3) "പിതാക്കന്മാർ കൈമാറിയതനുസരിച്ചും സാർവത്രിക സഭയുടെ പാരമ്പര്യം അനുസരിച്ചും" രക്ഷാകരമായ ബലിവഴിയും വിശ്വാസികളുടെ സദ്പ്രവൃത്തികൾ വഴിയും ആത്മാക്കളെ സഹായിക്കാനാവും (*പ്രസം.* 172, 2; *ആത്മകഥ*, 9, 12, 32). എന്നാൽ ഉത്ഥാനത്തിനു മുൻപ് ഈ ആത്മാക്കൾ സൗഭാഗ്യം അനുഭവിക്കയില്ല. പിന്നെയോ വിളംബിപ്പിക്കലിന്റെ സമാശ്വാസം അവർക്കു ലഭിക്കും (*പ്രസം.* 280, 5; *Ench.* 109; *De Gen. ad litt.* 12, 35, 68).

---

19. Orientation, Illumination, Significance

അധ്യായം 19

# വി. അഗസ്ററിൻ

## ആധ്യാത്മിക തത്വങ്ങൾ

### 1. പ്രത്യേകതകൾ

പാശ്ചാത്യ ക്രിസ്തീയ ആധ്യാത്മിക ലോകത്ത് അഗസ്ററിൻ നിരന്തരവും നിർണായകവുമായ സ്വാധീനം ചെലുത്തി. ആധ്യാത്മിക ജീവിതത്തിന്റെ ദൈവശാസ്ത്രപരമായ അടിസ്ഥാനങ്ങൾ, പ്രത്യേകിച്ച് കൃപാവരം സംബന്ധിച്ച തത്വങ്ങൾ, അദ്ദേഹം ന്യായീകരിച്ചു. കൂടാതെ, ആധ്യാത്മിക ജീവിതത്തിന്റെ അടിസ്ഥാന ഘടകങ്ങൾ ശ്രദ്ധാപൂർവം പരിശോധിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. ത്രിത്വം, ക്രിസ്തു, സഭ, നീതീകരണം എന്നീ വലിയ ക്രിസ്തീയ രഹസ്യങ്ങളുമായി അടിസ്ഥാന ഘടകങ്ങൾക്കുള്ള സുദൃഢബന്ധം വരച്ചുകാണിച്ചു. അതുകൊണ്ട് അഗസ്ററീനിയൻ ആധ്യാത്മികത ഒരേ സമയം ത്രിത്വോന്മുഖവും ക്രിസ്തോന്മുഖവും, സഭാപരവും, മനുഷ്യോന്മുഖവും, വേദപുസ്തകാധിഷ്ഠിതവുമാണെന്ന് നിർവിശങ്കം പറയാനാവും.

1. ത്രിത്വസ്നേഹത്തിലും ത്രിത്വാരാധനയിലും ഉന്മുഖമായിരിക്കുന്നതാണിത്. "ത്രിത്വം മനുഷ്യന്റെ ധ്യാനത്തിന്റെയും ഏകാഗ്ര ചിന്തയുടെയും വിഷയമാകത്തക്കവിധം മഹനീയ ത്രിത്വത്തോടുള്ള സ്നേഹത്തിനും ത്രിത്വത്തെക്കുറിച്ചുള്ള ധ്യാനത്തിനും വിചിന്തനത്തിനുമായി എല്ലാ ജീവജാലങ്ങളും ബന്ധപ്പെട്ടുത്തണം" എന്ന് അഗസ്ററിൻ പറയുകയുണ്ടായി. (*ത്രിത്വം.* 15, 20, 39). *ത്രിത്വത്തെപ്പററിയുള്ള* കൃതി ഈ ലക്ഷ്യം കൂടി മുൻനിർത്തിയാണ് അദ്ദേഹം രചിച്ചത്. ആ ഗ്രന്ഥത്തിലെ അവസാനഭാഗത്തുള്ള പ്രാർത്ഥന ഇപ്രകാരമാണ്. "ത്രിത്വദൈവമായ കർത്താവേ, ഞാൻ അങ്ങയെ അനുസ്മരി

www.malankaralibrary.com



ക്കട്ടെ; മനസ്സിലാക്കട്ടെ; സ്നേഹിക്കട്ടെ. അങ്ങ് എന്നെ സമഗ്രമായി നവീകരിക്കുന്നതുവരെ എന്നിൽ ഈ ദാഹങ്ങൾ വർദ്ധിപ്പിച്ചാലും'' (15, 28, 51).

2. അഗസ്ററിൻെറ ആധ്യാത്മികതയുടെ കേന്ദ്രം ''വഴിയും പിതൃരാജ്യവും'' ആയ ക്രിസ്തുവാണ്: മനുഷ്യനെന്ന നിലയിൽ വഴി; ദൈവമെന്ന നിലയിൽ പിതൃരാജ്യം. അവൻ വഴി നാം അവനിലേക്ക പോകുന്നു (*പ്രസം.* 123, 3). ''ക്രിസ്തുവിൻെറ മനുഷ്യാവതാരവും മരണവുമല്ലാതെ, നമ്മുടെ രോഗങ്ങളെ സുഖപ്പെടുത്താൻ കൂടുതൽ അനുയോജ്യമായ വഴി ഉണ്ടായിരുന്നില്ല, ഉണ്ടാകുവാനും ഇടയില്ല'' (*ത്രിത്വം*, 13, 10,13). അവിടത്തെ മാതൃകയാണ് നമ്മുടെ രോഗങ്ങൾക്കുള്ള ഏററം ഫലപ്രദമായ പ്രതിവിധിയും (*De ag. chr.* 11, 12) എല്ലാ സുകൃതങ്ങളുടെയും (*De v. rel.* 16, 32; *ആത്മ.* 4, 12,18), സുവിശേഷസൗഭാഗ്യങ്ങളുടെയും മാതൃകയും (*De s. virg.* 28). ദൈവം നമ്മെ എത്രമാത്രം സ്നേഹിച്ചുവെന്നും ഏതു വിധത്തിലുള്ള മനുഷ്യരെയാണ് അവിടുന്നു സ്നേഹിച്ചതെന്നും അവനിൽ ദൈവം നമുക്കു കാണിച്ചു തന്നു: നാം നിരാശരാകാതിരിക്കാനാണ് അളവില്ലാതെ സ്നേഹിച്ചത്; നാം അഹങ്കാരികളാകാതിരിക്കാനാണ് നമ്മുടെ പാപാവസ്ഥ അവിടുന്നു വ്യക്തമാക്കുന്നത് (*ത്രിത്വം*, 4, 1, 2). ക്രിസ്ത്യാനിയുടെ ജീവിതം മുഴുവൻ ക്രിസ്തുവാണ്: ''നമ്മുടെ അറിവ് ക്രിസ്തുവാണ്; വീണ്ടും, നമ്മുടെ വിജ്ഞാനം ക്രിസ്തുവാണ്....അവനിലൂടെ നാം അവനിലേക്കു തിരിയുന്നു, അറിവുവഴി നാം വിജ്ഞാനത്തിലേക്കു തിരിയുന്നു, അതേ സമയം ഏകക്രിസ്തുവിൽ നിന്നു നാം പിന്മാറുന്നുമില്ല'' (13, 19, 24).

3. ഈ ആധ്യാത്മികത സഭാത്മകമാണ്. ക്രിസ്തീയ പരിപൂർണതയുടെ അളവുകോലായി സഭയോടുള്ള സ്നേഹത്തെ അഗസ്ററിൻ ചിത്രീകരിക്കുന്നു: ''സഹോദരങ്ങളേ, ക്രിസ്തുവിൻെറ സഭയെ ഒരാൾ സ്നേഹിക്കുന്നതനുസരിച്ചാണ് അയാൾ പരിശുദ്ധാത്മാവിനെ സ്വന്തമാക്കിയിരിക്കുന്നത് എന്നു നമുക്കു ബോധ്യമുണ്ട്'' (*In Io.* 32, 8). അതുകൊണ്ട് അദ്ദേഹം ഇപ്രകാരം സങ്കടപൂർവം അഭ്യർത്ഥിക്കുന്നു: ''നമുക്ക് നമ്മുടെ ദൈവമായ കർത്താവിനെ സ്നേഹിക്കാം. നമുക്ക് തൻെറ സഭയെ സ്നേഹിക്കാം. ദൈവത്തെ പിതാവായും സഭയെ മാതാവായും....വധുവിനെ വ്രണപ്പെടുത്തിയിട്ട് വരൻെറ പ്രീതി സമ്പാദിക്കാൻ ആർക്കും സാധിക്കുകയില്ല'' (*In Ps.* 88, 2, 14).

4. മനുഷ്യനിലുള്ള ദൈവച്ഛായ വീണ്ടെടുക്കുകയാണ് അഗസ്ററീനിയൻ ആധ്യാത്മികതയുടെ പ്രധാന ലക്ഷ്യം.



പാപം ഈ ച്ഛായയ്ക്ക് നിറഭേദം വരുത്തുന്നു, വിരൂപമാക്കുന്നു, മങ്ങലേല്പിക്കുന്നു, പോറലേല്പിക്കുന്നു, പഴയതാക്കുന്നു, കാരാഗൃഹത്തിലാക്കുന്നു. രോഗഗ്രസ്തമാക്കുന്നു. പരിശുദ്ധാത്മാവാകട്ടെ, അതിനെ പുനരുദ്ധരിക്കുകയും വീണ്ടും രൂപീകരിക്കുകയും പ്രകാശിപ്പിക്കുകയും നവീകരിക്കുകയും സ്വതന്ത്രമാക്കുകയും, സുഖപ്പെടുത്തുകയും പുന:സ്ഥാപിക്കുകയും ചെയ്യുന്നു. കൃപയുടെ നിഗൂഢപ്രവർത്തനത്തെ സൂചിപ്പിക്കാൻ അഗസ്റ്റിൻ ഉപയോഗിക്കുന്ന പദപ്രയോഗങ്ങളാണിവ. *ത്രിത്വത്തെപ്പററി* എന്ന കൃതിയിൽ ഇതു ചർച്ചാവിഷയമാകുന്നു (*പുസ്തകം.* 14-15).

5. വിശുദ്ധ ഗ്രന്ഥത്തിലധിഷ്ഠിതമാണ് അഗസ്ററിൻെറ ആധ്യാത്മികത. അഗസ്ററിൻ വിശുദ്ധഗ്രന്ഥത്തിൽ നിന്നു ചൈതന്യം സ്വീകരിച്ചു. നിരന്തരമായി അത് അദ്ദേഹത്തിൻെറ ധ്യാനവിഷയമായിരുന്നു (*ആത്മ.* 11, 2, 2). വിശുദ്ധഗ്രന്ഥം പഠിപ്പിക്കുന്നവ ഗ്രഹിക്കാനായി ദൈവം തൻെറ ബോധത്തെ പ്രകാശിപ്പിക്കാൻ അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. *ആത്മകഥയുടെ* അവസാന പുസ്തകങ്ങളിൽ ഇത് വളരെ വ്യക്തമാണ്. സുകൃതത്തിൻെറ അധ്യാപകനും മിഥ്യാരഹിതമായ കണ്ണാടിയുമാണ് തിരുലിഖിതങ്ങൾ (*പ്രസം.* 49, 5). ക്രിസ്തു, സ്നേഹം എന്നീ രണ്ടു തലക്കെട്ടുകളിൽ വേദപുസ്തകം ചുരുക്കാം (*De cat. rud.* 4, 8).

## 2. പ്രധാനാശയങ്ങൾ

അഗസ്ററിൻെറ ആധ്യാത്മികതത്ത്വങ്ങളെ പ്രധാനമായി ആറായി തിരിക്കാം. 1) വിശുദ്ധിയിലേക്കുള്ള സാർവത്രിക വിളി; 2) ക്രിസ്തീയ പരിപൂർണതയുടെ കേന്ദ്രവും ആത്മാവും അളവും സ്നേഹമാണ്; 3) സ്നേഹത്തിലുള്ള വളർച്ചയ്ക്ക് അപരിത്യാജ്യമായ നിബന്ധനയാണ് എളിമ; 4) ആന്തരികാരോഹണത്തിൻെറ നിയമമാണ് ശുദ്ധീകരണം; 5) പ്രാർത്ഥന കടമയും ആവശ്യവും ആധ്യാത്മികജീവിതത്തിൻെറ വഴിയും അന്ത്യവുമാണ്. 6) ആധ്യാത്മിക ജീവിതത്തിലെ പടികൾ: വളരെയധികം വിശദീകരണം ആവശ്യമായ വിഷയങ്ങളാണിവ. ഇവയെപ്പററി വളരെ ചുരുക്കമായി പരാമർശിക്കാനല്ലാതെ വിശദീകരിക്കുക ഇവിടെ ദുഷ്കരമാണ്.

1. *വിശുദ്ധിയിലേക്കുള്ള സാർവത്രികവിളി:* മററനേകം പിതാക്കന്മാരെപ്പോലെ അഗസ്ററിനും സമർപ്പിത കന്യാത്വ ജീവിതത്തെ പ്രകീർത്തിക്കുന്നു. വൈവാഹിക

www.malankaralibrary.com



ജീവിതത്തേക്കാൾ കന്യാത്വജീവിതം ശ്രേഷ്ഠമാണെന്ന് പഠിപ്പിക്കുന്നു. സ്ത്രീപുരുഷന്മാർക്കായി അദ്ദേഹം സന്യാസസമൂഹങ്ങൾ താല്പര്യപൂർവം ആരംഭിച്ചു. സ്വമേധയാ ഉള്ള ദാരിദ്ര്യത്തിന് അദ്ദേഹം ആളുകളെ പ്രേരിപ്പിച്ചു. ജൊവീനിയനെതിരെ കന്യാത്വത്തിന്റെ മാഹാത്മ്യം അദ്ദേഹം ഉയർത്തിക്കാട്ടി (*De s. virg.* 1, 1; *De op. mon*; *പ്രസം.* 355, 356). അതേ സമയം സുവിശേഷാനുസൃതം ജീവിക്കുന്ന എല്ലാവരും രക്ഷപ്രാപിക്കും. അവർക്കെല്ലാം പരിപൂർണതയിലെത്താനും സാധിക്കും എന്ന് പെലാജിയർക്കെതിരെ അദ്ദേഹം പഠിപ്പിച്ചു (*ലേ.* 157, 4, 23–29).

അഗസ്റ്റിൻ വിവിധ ജീവിതാവസ്ഥകളെ താരതമ്യപ്പെടുത്തുന്നില്ല. എന്നാൽ വ്യക്തികളെ താരതമ്യപ്പെടുത്തുന്നു. കന്യാത്വ ജീവിതത്തിന് പ്രതിജ്ഞ ചെയ്തിരിക്കുന്നയാളേക്കാൾ കൂടുതൽ വിനയവും അനുസരണവും ഭക്തിയും ഉള്ള വിവാഹിതൻ കൂടുതൽ പരിപൂർണനായിരിക്കും എന്ന് അസന്നിഗ്ദ്ധമായി അദ്ദേഹം പഠിപ്പിച്ചു: "അനുസരണ ഇല്ലാത്തവനേക്കാൾ അനുസരണ ഉള്ളയാളെ കൂടുതൽ മതിപ്പോടെ വീക്ഷിക്കണം എന്നു മാത്രമല്ല, അനുസരണം കുറഞ്ഞ കന്യകയേക്കാൾ കൂടുതൽ അനുസരണ ഉള്ള വിവാഹിതനെപ്പോലും ആദരിക്കണം" (*De bon. con.* 23, 28, 30). അതുപോലെ "ഗർവിഷ്ഠരായ കന്യകകളേക്കാൾ വിനയാന്വിതരായ വിവാഹിതർ കൂടുതൽ എളുപ്പത്തിൽ കുഞ്ഞാടിനെ അനുഗമിക്കും" എന്നതു് തീർച്ചയാണ് (*De s. virg.* 51, 52). ക്രിസ്തീയപരിപൂർണതയുടെ മകുടമായ രക്തസാക്ഷിത്വത്തിന് കന്യകകളേക്കാൾ വിവാഹിതർ സന്നദ്ധരാകാൻ സാധ്യതയുണ്ട് (45–47; *പ്രസം.* 354, 5). ഓരോരുത്തരുടെയും സ്നേഹത്തെ ആശ്രയിച്ചായിരിക്കും ഇതു്.

2. *സ്നേഹം കേന്ദ്രബിന്ദു*: ക്രിസ്തീയ അറിവിനേയും ക്രിസ്തീയ ജ്ഞാനത്തേയും സ്നേഹത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് സ്നേഹത്തിന്റെ അടിസ്ഥാനപരമായ വിശിഷ്ടസ്ഥാനം വ്യക്തമാക്കാൻ അഗസ്റ്റിൻ ശ്രമിച്ചു. സ്നേഹത്തെ അനുധാവനം ചെയ്യുന്നതോ സ്നേഹത്തിന് എതിരായിട്ടുള്ളതോ ആയ ഭയം എന്ന വികാരത്തെ അദ്ദേഹം വിശകലനം ചെയ്തു. ഈ രണ്ടു് സവിശേഷതകളാണ് അഗസ്റ്റിന്റെ വിവരണത്തിനുള്ളതു്. സ്നേഹം തിരുലിഖിതങ്ങളുടെ രത്നച്ചുരുക്കവും (*De d. chr.* 1, 35, 39; 3, 10, 15; *പ്രസം.* 350) ദൈവശാസ്ത്രത്തിന്റെ ലക്ഷ്യവും (*ത്രിത്വം*, 14, 1, 3) തത്വശാസ്ത്രത്തിന്റെ രത്നച്ചുരുക്കവും സദ്ഭരണത്തിന്റെ രഹസ്യവും (*ലേ.* 137, 5, 17) ക്രിസ്തീയ പരി



പൂർണതയുടെ സത്തയും അളവും (*De nat. et grat.* 70, 84) സുകൃതങ്ങളുടെയെല്ലാം മകുടവും (*De mor. eccl. Cath.* 1, 15, 25; *ലേ.* 155, 4, 13) കൃപയുടെ പ്രചോദനവും (*C. duas epp. Pel.* 4, 5, 11; *In Io.* 26, 4–5) പരിശുദ്ധാത്മാവിന്റെ മറ്റെല്ലാ ദാനങ്ങളും ആശ്രയിച്ചു നില്ക്കുന്ന ദാനവും (87, 1), ആണ്. ഈ സുകൃതം ഉള്ളവർക്കാർക്കും ദുഷ്ടരായിരിക്കാൻ സാധ്യമല്ല (32, 8). ദുഷ്പ്രവൃത്തികളിൽ നിന്ന് സദ്പ്രവൃത്തികളെ ഇതു വേർതിരിക്കുന്നു (*In. ep. Io.* 7, 8; 8, 9).

സ്നേഹത്തിന്റെ ശക്തിവിശേഷം അദ്ദേഹം ഊന്നിപ്പറയുന്നു. വളർച്ചയുള്ള നിരന്തരമായ ആഗ്രഹത്തിൽ ഇതു് അടങ്ങിയിരിക്കുന്നു (*De perf. in. hom*; *പ്രസം.* 169, 15, 18). അതിന്റെ മൗലികസ്വഭാവം അദ്ദേഹം ചർച്ചാവിഷയമാക്കുന്നു. സ്നേഹം ഒത്തുതീർപ്പുകൾ ഒഴിവാക്കുന്നു; പരിപൂർണസമർപ്പണം ആവശ്യപ്പെടുന്നു (*പ്രസംഗം.* 34, 4, 7; 334, 3). അതു സ്വാർത്ഥരഹിതമാണ്. സ്നേഹിക്കപ്പെടുന്ന വ്യക്തിയെ പ്രതിയല്ലാതെ മറ്റൊന്നിനെ പ്രതിയും സ്നേഹിക്കാൻ അനുവദിക്കാതിരിക്കുന്നു (*Sol.* 1, 13, 22). പ്രതിഫലം തന്നെ ആകുമ്പോൾ, പ്രതിഫലത്തെ പ്രതി സ്നേഹിക്കുന്നതിന് തടസ്സമില്ല, ദൈവത്തെ "സ്വതന്ത്രമായി" സ്നേഹിക്കുക എന്നതു് അഗസ്റ്റീനിയൻ ആധ്യാത്മികതയുടെ അടിസ്ഥാന പ്രമേയമാണ്. ദൈവമല്ലാതെ ദൈവത്തിൽ നിന്ന് മറ്റൊന്നും ആഗ്രഹിക്കാതിരിക്കുക എന്നതാണ് "സ്വതന്ത്രമായി" സ്നേഹിക്കുക എന്നതിനർത്ഥം (*In Ps.* 55, 17; 85, 11; 127, 9; *പ്രസം.* 334, 3).

'ഭയം' എന്ന വിഷയം അതുകൊണ്ടു് അദ്ദേഹം ചർച്ചാവിഷയമാക്കുന്നു. ശിക്ഷയെ പ്രതിയുള്ള ഭയം, അടിമഭയം മക്കൾക്കടുത്ത ഭയം അഥവാ ശുദ്ധഭയം എന്നിങ്ങനെ അദ്ദേഹം ഭയത്തെ രണ്ടായി തിരിക്കുന്നു. ആദ്യത്തേതു് സ്നേഹത്തിനെതിരാണ്; രണ്ടാമത്തേതു് അതോട് അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു (*In Io.* 43, 7). അടിമയുടെ ഭയത്തെ അദ്ദേഹം വീണ്ടും രണ്ടായി തിരിക്കുന്നു: ഒന്ന് പാപം ചെയ്യാനുള്ള ഇച്ഛയെ ഒഴിവാക്കുന്നില്ല, കള്ളനും കാടനും ഉള്ള ഭയം ആണിതു് (*De nat. et gr.* 57, 67; *പ്രസം.* 161, 8; 178, 10). രണ്ടു് പാപം ചെയ്യാനുള്ള ഇച്ഛയെ ഒഴിവാക്കുന്ന ഭയം. അതു് നല്ലതും പ്രയോജനപ്രദവുമാണ് (*In Ps.* 127, 8) അതു് സ്നേഹത്തിന് സ്ഥലമൊരുക്കുന്നു (*പ്രസം.* 156, 14; *In ep. Io.* 9, 4).

'ഓരോ മനുഷ്യനും താൻ സ്നേഹിക്കുന്നതുപോലെയാണ്' എന്നു പറഞ്ഞുകൊണ്ടു് അഗസ്റ്റിൻ സ്നേഹത്തിന്റെ സാത്മീക

www.malankaralibrary.com



രണ പ്രാപ്തിയെ ഊന്നിപ്പറയുന്നു (*In ep. Io.* 2,14). അദ്ദേഹം തുടരെത്തുടരെ സ്നേഹത്തെപ്പററി എഴുതിക്കൊണ്ടിരുന്നു. *സ്നേഹത്തിന്റെ മല്പാൻ* എന്ന പേരു് അങ്ങനെയാണ് അദ്ദേഹത്തിനു കിട്ടിയതു്.

*3. എളിമ:* അതേ ഊന്നൽ കൊടുത്തുകൊണ്ടു് വിനയത്തെപ്പററി എഴുതിയതിനാൽ *എളിമയുടെ മല്പാൻ* എന്നും അഗസ്റ്റിൻ അറിയപ്പെടുന്നു. സ്നേഹവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്ന സുകൃതമാണ് വിനയം അഥവാ താഴ്മ എന്നു് അഗസ്റ്റിൻ പറയുന്നു. 'എവിടെ എളിമയുണ്ടോ അവിടെ സ്നേഹമുണ്ടു്': *ubi humilitas ibi caritas* (*In ep. Io. prol*). സ്നേഹത്തിനുള്ള അടിത്തറ എളിമയാണ് (*പ്രസം.* 69,1). ദൈവനഗരത്തെ ലോകനഗരത്തിൽനിന്നു വേർതിരിക്കുന്നതു് ഇതാണ്. (*ദൈവനഗരം, ആമുഖം* 14, 13, 2; 14,28). എളിമയുടെ സ്വഭാവം, വേരുകൾ, ഫലം എന്നിവ അദ്ദേഹം ചർച്ചചെയ്യുന്നു. നാം എന്തായിരിക്കുന്നുവോ അതു തിരിച്ചറിയുന്നതിൽ എളിമയുടെ സ്വഭാവം അടങ്ങിയിരിക്കുന്നു (*ലേ.* 137,4). അതിന്റെ വേരുകൾ പ്രധാനമായി മൂന്നാണ്: ഒന്നു് മെററാഫിസിക്കൽ, അഥവാ സൃഷ്ടി: അതു നിമിത്തം നമുക്കു് നമ്മുടേതായി പരിമിതികളും തെററും പാപവും മാത്രമേയുള്ളു എന്ന മനസ്സിലാക്കൽ (*In Io.* 5,1). രണ്ടു്, ദൈവശാസ്ത്രപരം അഥവാ സൗജന്യദാനമായ കൃപാവരം: അതു നിമിത്തം നമ്മുടെ യോഗ്യതകൾ തന്നെയും ദൈവദാനമാണ് എന്നു ഗ്രഹിക്കാം (*ലേ.* 186, 10). മൂന്നു്, ക്രിസ്തുശാസ്ത്രപരമായ വേരു് അഥവാ, ക്രിസ്തുവിന്റെ പ്രബോധനവും മാതൃകയും: അവിടുന്നാണ് ഈ സുകൃതത്തെ ധരയിലെത്തിച്ചതു് (*In Ps.* 31,18). എളിമയുടെ ഫലങ്ങൾ നിരവധിയാണെങ്കിലും മൂന്നായി ചുരുക്കാം: ധൈര്യം, വിജയം, മഹാമനസ്കത (*In Ps.*92,3; *പ്രസം.* 163,9; 160,4).

*4. ശുദ്ധീകരണം:* സ്നേഹത്തിന്റെ വളർച്ചയ്ക്കുള്ള മറെറാരു നിബന്ധനയാണ് ശുദ്ധീകരണം അഥവാ തപസ്സ്. മാനിക്കേയരും പ്ലറോണിസ്റ്റുകാരും തപസ്സിനു നല്കിയ മെററാഫിസിക്കൽ അടിസ്ഥാനം അഗസ്ററിൻ തള്ളിക്കളഞ്ഞു. പൗലോസ് ശ്ലീഹാ നൽകിയ ഊന്നൽ അംഗീകരിച്ചു (ഗലാ. 5:17; റോമ. 7,14–25). അദ്ദേഹം അതിനു നൽകുന്ന നിയമം ഇപ്രകാരമാണ്: 'അത്യാഗ്രഹം കുറയ്ക്കുകയാണ് സ്നേഹത്തിന്റെ പോഷണം, അത്യാഗ്രഹത്തിന്റെ അഭാവമാണ് അതിന്റെ പരിപൂർണത' (*De div. qq.* 83, *q.* 36,1; *De doct. chr.* 3, 10, 16). ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ രണ്ടുപ്രാവശ്യം അദ്ദേഹം ആത്മശോധന നടത്തുന്നു (*Sol.* 1,6,12–14,26; *ആത്മ.* 10,28, 39–39,64).



അഗസ്ററിൻ ഒരു യഥാർത്ഥ താപസ്സനായിരുന്നു. വിശ്വാസികളോടു് താപസ്സകർമങ്ങളനുഷ്ഠിക്കാൻ ആവശ്യപ്പെട്ടു (*In Ps.* 31,2,5;143,6). 'നമ്മുടെ ഹൃദയക്കണ്ണുകൾ ദൈവത്തെ കാണുവാൻ തക്കവണ്ണം സൗഖ്യം പ്രാപിക്കുന്നതിൽ ഈ ലോകത്തിലെ നമ്മുടെ എല്ലാ പരിശ്രമങ്ങളും അടങ്ങിയിരിക്കുന്നു' (*പ്രസം.* 88,5).

*5. പ്രാർത്ഥന:* പ്രാർത്ഥനയെപ്പററിയുള്ള അഗസ്റ്റിന്റെ പ്രബോധനമാണ് മറെറന്തിനേക്കാളും പിൽക്കാല തലമുറയെ സ്വാധീനിച്ചിട്ടുള്ളതു്. അദ്ദേഹം പ്രാർത്ഥനയുടെ മനുഷ്യനായിരുന്നു; 13–ാം ലേഖനം പ്രാർത്ഥനയെപ്പററിയാണ്. അതിനു പുറമെ കൃത്യമായി പ്രാർത്ഥനയെപ്പററി ഒരു കൃതി എഴുതിയിട്ടില്ലെങ്കിലും അഗസ്റ്റിൻ പ്രാർത്ഥനയുടെ ഒരു വലിയ അധ്യാപകനായിരുന്നു. തന്റെ കൃതികളിൽ പ്രാർത്ഥനയുടെ ദൈവശാസ്ത്രത്തിന്റെ നാനാവശങ്ങൾ അദ്ദേഹം വികസിപ്പിച്ചിട്ടുണ്ടു്. ഹൃദയത്തിന്റെ പരിവർത്തനമാണ് പ്രാർത്ഥന എന്നു് പ്രാർത്ഥനയുടെ സ്വഭാവത്തെപ്പററി അദ്ദേഹം പറയുന്നു (*De serm Dni.* 2,3,14). ആഗ്രഹവുമായും അദ്ദേഹം പ്രാർത്ഥനയെ താദാത്മ്യപ്പെടുത്തുന്നു (*In Ps.* 37,13; *പ്രസം* 80,7). പ്രാർത്ഥനയുടെ ഉദ്ദേശ്യം ദൈവത്തെ കുറേ കാര്യങ്ങൾ അറിയിക്കുകയല്ല; ദൈവത്തിനവ അറിവുള്ളതാണല്ലോ. ദൈവം നമുക്കു തരാനാഗ്രഹിക്കുന്നവയ്ക്കായി ആത്മാവിനെ ഒരുക്കുകയാണു പ്രാർത്ഥന. (*ലേ.* 130,17). പ്രാർത്ഥന ആവശ്യമാണ്, കാരണം കൃപാവരം ആവശ്യമാണ്: 'ആത്മീയ പോരാട്ടത്തിൽ നാം നമ്മുടെ ശക്തികൊണ്ടുതന്നെ പോരാട്ടം നടത്താതെ, പ്രാർത്ഥനകൊണ്ടു് പോരാടണമെന്നു് ദൈവം ആഗ്രഹിച്ചു' (*C. Iul. op. imp.* 6,15 പ്രാർത്ഥന ആന്തരികമാണ് (*ലേ.* 130,22). പ്രാർത്ഥന ഒരു സാമൂഹ്യകർമ്മം കൂടിയാണ്. മററുള്ളവരുമായി ചേർന്നു് സമൂഹമായും നാം പ്രാർത്ഥിക്കണം. മററുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനു ഫലമുണ്ടു്. അതാവശ്യവുമാണ് (*De d. pers.* 22,60). പ്രാർത്ഥിക്കുന്ന വ്യക്തിയിൽ ക്രിസ്തു ഉണ്ടായിരിക്കണം. എങ്കിലേ പ്രാർത്ഥന ഫലദായകമാകൂ: ക്രിസ്തു നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു, നമ്മിൽ പ്രാർത്ഥിക്കുന്നു, നാം ക്രിസ്തുവിനോടു് പ്രാർത്ഥിക്കുന്നു; നമ്മുടെ പുരോഹിതനായി അവിടുന്നു നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു; നമ്മുടെ ശിരസ്സായി തമ്മിൽ പ്രാർത്ഥിക്കുന്നു; നമ്മുടെ ദൈവമായി നമ്മുടെ പ്രാർത്ഥന കേൾക്കുന്നു. അതുകൊണ്ടു നമ്മുടെ ശബ്ദം അവനിലും അവന്റേതു നമ്മിലും നാം തിരിച്ചറിയുന്നു (*In Ps.* 85, 1).

*6. ആദ്ധ്യാത്മിക ജീവിതത്തിലെ പടികൾ:* പ്രാർത്ഥനവഴി നാം പടിപടിയായി ദൈവത്തിന്റെ പക്കലേക്കുയ

www.malankaralibrary.com



രുന്നു: പ്രശാന്തത, പ്രകാശത്തിലേക്കു പ്രവേശിക്കൽ, പ്രകാശ ത്തിലുള്ള വിശ്രമം, ധ്യാനം എന്നിങ്ങനെ അഗസ്റ്റിൻ ആത്മീയ ജീവിതത്തിലെ ഘട്ടങ്ങളെ നാലായി തിരിക്കുന്നു: (1) ശുദ്ധീ കരണത്തിന്റെ പരിശ്രമമാണ് പ്രശാന്തത, പ്രത്യേകിച്ച്, നീതിയും സംയമവും. (2) സ്ഥിരതയും ശാന്തതയും (ആന്ത രികാരോഗ്യവും). (3) ദർശനത്തിന്റെ വിഷയത്തിലേക്ക് കാഴ്ചയെ തിരിക്കൽ. (4) സത്യത്തെ ധ്യാനിച്ചുകൊണ്ടുള്ള നീണ്ട വിശ്രമം (*De q. an.* 33, 73–76). സൗഭാഗ്യങ്ങളും പരിശു ദ്ധാത്മദാനങ്ങളും കർതൃപ്രാർത്ഥനയിലെ അപേക്ഷകളും തമ്മി ലുള്ള ബന്ധം അഗസ്റ്റിൻ വ്യക്തമാക്കിക്കൊണ്ട് മറ്റൊരി ടത്തു് ആദ്ധ്യാത്മിക ജീവിതത്തിനുള്ള ഘട്ടങ്ങളെ മറ്റൊരു രീതിയിൽ ചിത്രീകരിക്കുന്നു: ആത്മാവിലുള്ള ദാരിദ്ര്യം: അതാണടിസ്ഥാനം. ഭയം എന്ന ദാനം അതോടു ബന്ധപ്പെ ട്ടതാണ്; ജ്ഞാനത്തിന്റെ ആരംഭമാണതു്. ശാന്തിയുടെ സൗഭാഗ്യമാണ് ഏറ്റവും അവസാനം; വിജ്ഞാന സമ്പാദന ത്തിന്റെ ഫലമാണതു് (*De serm. Dni* 1,1,3–4, 12;2,5,17–11,39).

## 3. മകുടം

ആദ്ധ്യാത്മിക ജീവിതത്തിന്റെ പരമകാഷ്ഠ അനുധ്യാന ത്തിൽ ആണ്. അഗസ്റ്റിൻ ഒരു താപസ്സനായിരുന്നതിനു പുറമേ ഒരു മിസ്റ്റിക് കൂടി ആയിരുന്നു. അതു കൃതികളിൽ ദൃശ്യമാണ് (*ആത്മ.* 7,17,23; 9,10, 23–26; 10,40,65). ആന്തരിക ജീവിതവും സജീവ പ്രവർത്തനങ്ങളും ഒന്നിച്ചു കൊണ്ടുപോകണമെന്ന് അദ്ദേഹം പഠിപ്പിച്ചു. പരമധ്യാന ത്തിന്റെ സ്വഭാവവും ഫലങ്ങളും അദ്ദേഹം വ്യക്തമാക്കി. ഈ രണ്ടു കാര്യങ്ങളാണ് അഗസ്റ്റിന്റെ ഈ കാര്യത്തിലുള്ള സംഭാവന. മാർത്തായും മറിയവുമാണ് ധ്യാനാത്മകജീവിതത്തി ന്റെയും സജീവപ്രവർത്തനങ്ങളുടെയും മാതൃകകൾ (*പ്രസം.* 103,104; 179, 4–5).

# അഗസ്റ്റിന്റെ വ്യക്തിത്വം

വളരെ സങ്കീർണമായ വ്യക്തിത്വം ആയിരുന്നു അഗ സ്റ്റിന്റേതു്. അദ്ദേഹം ഒരേ സമയം താത്വികനും ദൈവ ശാസ്ത്രജ്ഞനും മിസ്റ്റിക്കും, കവിയും, പ്രസംഗകനും, താർ ക്കികനും, എഴുത്തുകാരനും ഇടയനും ആയിരുന്നു. ഇത്രമാത്രം വ്യത്യസ്തഗുണങ്ങൾ ഒന്നിച്ചുചേർന്നയാളുകൾ വളരെ അപൂർവ മായേ മനുഷ്യചരിത്രത്തിൽ ഉണ്ടായിട്ടുള്ളൂ. തെർത്തുല്യന്റെ സർഗ്ഗ



ശക്തിയും, ഒരിജന്റെ ആത്മാവിന്റെ കുലീനത്വവും സിപ്രി യാന്റെ സഭാത്മകവീക്ഷണവും അദ്ദേഹത്തിൽ ഒന്നിച്ചുണ്ടാ യിരുന്നു. അരിസ്റ്റോട്ടലിന്റെ താർക്കിക കഴിവുകളും പ്ലേറ്റോ യുടെ ഐഡിയലിസവും അദ്ദേഹത്തിനുണ്ടായിരുന്നു. ഗ്രീക്കു കാരുടെ ആത്മീയ സൂക്ഷ്മതയും ലത്തീൻകാരുടെ പ്രായോഗിക വീക്ഷണവും ഒന്നിച്ച് അദ്ദേഹത്തിനു വശമായിരുന്നു. സഭാ പിതാക്കന്മാരുടെ കാലത്തെ ഏറ്റവും വലിയ താത്ത്വികനാ യിരുന്നു അഗസ്റ്റിൻ. പിൻതലമുറയിൽ സുദീർഘവും നിർണായകവുമായ സ്വാധീനം ചെലുത്തിയ ആളുമായിരുന്നു അദ്ദേഹം.

അഗസ്റ്റിൻ തന്റെ ക്രിസ്തീയ ചുററുപാടിൽ ആദ്യ ത്തെ വലിയ താത്ത്വിക സംശ്ലേഷണം നടത്തി. പാശ്ചാത്യ ചിന്തയുടെ ഒരു സുപ്രധാന ഘടകമാണ് അഗസ്റ്റിന്റെ ചിന്ത. നിരവധി താത്ത്വികപ്രശ്നങ്ങൾക്ക് അദ്ദേഹം പരി ഹാരം നിർദ്ദേശിച്ചു. മിക്കവാറും എല്ലാ ക്രിസ്തീയ രഹസ്യ ങ്ങളെയും അദ്ദേഹം അപഗ്രഥിക്കാൻ ശ്രമിച്ചു. ത്രിത്വം, ക്രിസ്തു ശാസ്ത്രം, കൃപാവരം, കൂദാശകൾ, രക്ഷ, യുഗാന്ത്യം തുടങ്ങിയ എല്ലാ ദൈവശാസ്ത്രവിഷയങ്ങളും അദ്ദേഹം കൈകാര്യം ചെയ്തു.

അഗസ്റ്റിൻ ഒരു വലിയ പ്രസംഗകനായി അറിയ പ്പെടുന്നു. അത്യഗാധ തത്ത്വങ്ങൾ പോലും സാധാരണക്കാരന്റെ ശൈലിയിൽ അദ്ദേഹം പകർത്തി. പ്രഭാഷണകലയുടെ വിവിധ വശങ്ങൾ അദ്ദേഹത്തിനു നിശ്ചയമുണ്ടായിരുന്നു. അദ്ദേഹം തന്നെ അതിന്റെ ഒരധ്യാപകനായിരുന്നു. ഈ വിവിധ രീതികൾ അദ്ദേഹം പ്രസംഗത്തിൽ പ്രയോഗിച്ചു.

ഒരു വലിയ താർക്കികനായിരുന്ന അദ്ദേഹം അന്നു് സഭയെ അഭിമുഖീകരിച്ചുകൊണ്ടിരുന്ന പ്രശ്നങ്ങളിലൊക്കെ തന്റേ തായ പ്രശ്നപരിഹാരം നിർദ്ദേശിച്ച്, സത്യവിശ്വാസം വ്യക്തമാക്കി. കത്തോലിക്കാ സഭയുടെ പ്രബോധനത്തിന്റെ ആധികാരികതയിൽ അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു. എതി രാളിയെ അദ്ദേഹം എപ്പോഴും ബഹുമാനിച്ചിരുന്നു. അവരുടെ കഴിവുകൾ അംഗീകരിച്ചിരുന്നു. എന്നാൽ അവരുടെ തെററു കൾ അദ്ദേഹം അംഗീകരിച്ചു കൊടുത്തില്ല. പാഷണ്ഡികൾ സത്യവിശ്വാസത്തിൽ മായം ചേർക്കാനും വെള്ളം ചേർക്കാനും വിഷം കലർത്താനും ശ്രമിച്ചപ്പോൾ സത്യസഭയുടെ വക്താ വായി അദ്ദേഹം മല്ലരംഗത്തു് സുസജ്ജനായി എത്തിച്ചേർന്നു പാഷണ്ഡികളെ പാടേ പരാജയപ്പെടുത്തി. വലിയ ബുദ്ധി

www.malankaralibrary.com



രാക്ഷസനായിരുന്ന അഗസ്റ്റിൻ സഭയുടെ നെടുംതൂണാണ്. തന്റെ ജീവിതം വലിയ സത്യാന്വേഷണമായിരുന്നു. സത്യം കത്തോലിക്കാസഭയിൽ അദ്ദേഹം കണ്ടെത്തി. തന്റെ ആദ്യകാല ജീവിതത്തോട് പാടേയുള്ള വിടപറച്ചിലായിരുന്നു മാനസാന്തരത്തിനു ശേഷമുള്ള ജീവിതം. ഒരു വലിയ താപസ്സനായി, വേദപുസ്തകം നിരന്തരഭക്ഷണമായി മാറ്റിയ ആധ്യാത്മികാചാര്യനായി, നിരന്തരപ്രാർത്ഥനയുടെ മനുഷ്യനായി, ഒരു പുതിയ മനുഷ്യനായി ഹിപ്പോയിലെ ആ സത്യാന്വേഷി.

മെത്രാനായ ശേഷം തന്റെ ജനത്തിനു വേണ്ടി അദ്ദേഹം സ്വയം സമർപ്പിച്ചു. "ക്രിസ്തുവിന്റെ ദാസനും, ക്രിസ്തുവിന്റെ ദാസന്മാരുടെ ദാസനുമാണ്" താൻ എന്ന് അദ്ദേഹം സ്വയം വിശേഷിപ്പിച്ചു (*ലേ.* 117). തന്റെ ജനങ്ങളുടെ ആവശ്യങ്ങൾക്കായി തന്റെ വാതിൽ എപ്പോഴും തുറന്നുകിടന്നു. അവരെ കൂടാതെ രക്ഷിക്കപ്പെടാൻ അദ്ദേഹം ആഗ്രഹിച്ചില്ല (*പ്രസം.* 17, 2). അവർക്കു വേണ്ടി മരിക്കാൻ ഇടയാക്കണമെന്ന് പ്രാർത്ഥിച്ചുകൊണ്ടിരുന്നു; വഴിതെറ്റിയവർക്കുവേണ്ടി പ്രാത്ഥിക്കുകയും അവരെ സ്നേഹിക്കുകയും ചെയ്തു (*In Ps.* 36, 3. 19).

വലിയൊരധ്യാപകനായിരുന്നെങ്കിലും അവസാനം വരെ അദ്ദേഹം പഠനം തുടർന്നു. ക്രിസ്തു എന്ന സത്യത്തിന്റെ യഥാത്ഥശിഷ്യൻ. ദൈവനഗരത്തിന്റെ വിജയമാണ് തർക്കങ്ങളിലെല്ലാം അദ്ദേഹം ലക്ഷ്യം വച്ചത്; അതായത് സത്യത്തിന്റെ വിജയം (*ദൈവനഗരം.* 2, 29, 2). "എന്നെ സംബന്ധിച്ച്, എനിക്കു സംശയമുണ്ടാകുമ്പോൾ അന്വേഷിക്കാൻ ഞാൻ മടിക്കില്ല; എനിക്കു തെറ്റു പറ്റുമ്പോൾ, പഠിക്കാൻ ഞാൻ ലജ്ജിക്കുകയില്ല. അതുകൊണ്ട്....എന്നോടുകൂടി ഉറപ്പുള്ളവർ എന്റെ കൂടെ നില്ക്കട്ടെ; എന്നെപ്പോലെ സംശയിക്കുന്നവർ എന്റെ കൂടെ അന്വേഷണം തുടരട്ടെ; തന്റെ സ്വന്തം തെറ്റ് അംഗീകരിക്കുന്നവൻ എന്റെ പക്കലേക്കു തിരിയട്ടെ; എന്റെ തെറ്റുകാണുന്നവൻ എന്നെ കുറ്റപ്പെടുത്തട്ടെ" (*ത്രിത്വം.* 12,4-3,5). മറ്റുള്ളവർ തിരുത്തുന്നത് വലിയ അനുഗ്രഹമായി അഗസ്റ്റിൻ കരുതി. തന്നെ തിരുത്തുന്നവർ തെറ്റിലായിരിക്കാൻ പാടില്ല എന്നു മാത്രം (*De dono persev.* 21, 55; 24, 68). താനാണ് സഭ എന്ന് അദ്ദേഹം ചിന്തിച്ചില്ല. താൻ സഭയിലെ ഒരെളിയ മകൻ മാത്രമാണ് എന്നു കരുതി: "ഞാനാണോ ഒരു പക്ഷേ കത്തോലിക്കാസഭ?...അവളിൽ കണ്ടെത്തപ്പെടുന്നത് എനിക്കു മതി" (*In Ps.* 363, 19).



സഭയുടെ പൊതുപിതാവാണ് അഗസ്റ്റിൻ. ഒരിജൻ മൂന്നും നാലും നൂറ്റാണ്ടുകളിൽ സഭയുടെ ദൈവശാസ്ത്രമണ്ഡലത്തിൽ ചെലുത്തിയ സ്വാധീനം തുടർന്നുള്ള നൂറ്റാണ്ടുകളിലെല്ലാം അഗസ്റ്റിൻ ചെലുത്തി. പാശ്ചാത്യലോകത്തിന്റെ എല്ലാവശങ്ങളെയും സാരമായി അവ സ്പർശിച്ചു. പാശ്ചാത്യസംസ്കാരം രൂപപ്പെടുത്തിയതിൽ അഗസ്റ്റിനു നിർണായക പങ്കുണ്ട്. കത്തോലിക്ക പ്രബോധനത്തിന്റെ ഉത്തമ വ്യാഖ്യാതാവായിരുന്നു അദ്ദേഹം. കത്തോലിക്കാസഭ മറ്റാരേക്കാളും കൂടുതലായി മെച്ചപ്പെട്ട രീതിയിൽ അഗസ്റ്റിനെ മനസ്സിലാക്കി. എന്നാൽ പ്രോട്ടസ്റ്റന്റുകാരിൽ പലരും അഗസ്റ്റിനെ വ്യത്യസ്തമായി മനസ്സിലാക്കി. കത്തോലിക്കാസഭ തന്റെ പ്രിയസുതന്റെ പ്രബോധനം മനസ്സിലാക്കിയതുപോലെ സഭയ്ക്കു പുറത്തുള്ളവർ മനസ്സിലാക്കിയില്ലെങ്കിൽ അതിൽ അത്ഭുതത്തിന് അവകാശമില്ല.

വളരെ വ്യക്തമായിരുന്നു അഗസ്റ്റിന്റെ ചിന്തയും കൃതികളും. എന്നാൽ വളരെ എളുപ്പം മനസ്സിലാക്കാവുന്നതുമല്ല. ആഴമായ ചിന്ത, കൃതികളുടെ ബാഹുല്യം, ചർച്ചചെയ്ത വിഷയങ്ങളുടെ വ്യാപ്തി, അവയെ സമീപിച്ച ബഹുവിധ രീതികൾ, വിവിധ രീതികളിലുള്ള പ്രതിപാദനഭാഷ എന്നിവയൊക്കെ അഗസ്റ്റിനെ വൈവിധ്യമാർന്ന വ്യാഖ്യാനങ്ങൾക്ക് പിൻതലമുറയിൽ വിധേയനാക്കി.

യഥാത്ഥ അഗസ്റ്റിനെ മനസ്സിലാക്കാൻ അഗസ്റ്റിന്റെ കൃതികളിലേക്ക് ശാന്തമായും ആഴമായും കടന്നുചെല്ലണം. മുൻവിധികൾ മാറ്റിനിർത്തി ചരിത്രത്തിലെ അഗസ്റ്റിനെ തേടണം. "പോപ്പുലർ അഗസ്റ്റിനെ"യാണ് സാധാരണ ഗ്രന്ഥങ്ങളൊക്കെ ചിത്രീകരിച്ചു കാണിക്കുന്നത്. യഥാർത്ഥ ചിത്രം ഗ്രഹിക്കണമെങ്കിൽ കൃതികളിലേക്കു തിരിയണം.

മഹാനായ അഗസ്റ്റിനെ സഭ വളരെ ബഹുമാനപൂർവം പരിഗണിക്കുന്നു. മാർപാപ്പാമാരും കൗൺസിലുകളും അഗസ്റ്റിനിൽ നിന്ന് സ്വാധീനം സ്വീകരിക്കുന്നു. തോമസ് അക്വിനാസിനെപ്പോലെയുള്ള മഹാപണ്ഡിതന്മാർ അഗസ്റ്റിനെ അങ്ങേയറ്റം ബഹുമാനിച്ചിരുന്നു. ഇന്നും സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്ന അഗസ്റ്റിനെ ക്രൈസ്തവ സഭയും ലോകം മുഴുവനും ബഹുമാനപൂർവം നമിക്കുന്നു.

www.malankaralibrary.com

അധ്യായം 20

# പെലാജിയൻ തർക്കം

## ആമുഖം

പെലാജിയുസ് എന്ന ഇംഗ്ലീഷ് ദൈവശാസ്ത്രജ്ഞൻെറ പേരിൽ അറിയപ്പെടുന്ന തർക്കമാണ് പെലാജിയനിസം. ഈ തർക്കത്തെ ദൈവശാസ്ത്രപരമായും ചരിത്രപരമായും നമുക്ക് മനസ്സിലാക്കാൻ സധിക്കും. *ദൈവശാസ്ത്രപരമായി* നോക്കിയാൽ പെലാജിയനിസം ഒരു പാഷണ്ഡതയാണ്. ദൈവികകൃപ കൂടാതെ, മനുഷ്യനു തൻെറ സ്വന്ത പരിശ്രമത്താൽ രക്ഷയിലേക്കുള്ള ആദ്യത്തേതും അടിസ്ഥാനപരവുമായ ചുവടുവയ്പു നടത്താൻ സാധിക്കും എന്ന് ഇതു പഠിപ്പിക്കുന്നു. *ചരിത്രപരമായി* ഇതൊരു താപസ്സ പ്രസ്ഥാനമായിരുന്നു. വൈവിധ്യമാർന്ന ഘടകങ്ങൾ ഒന്നിച്ചുചേർന്ന് പെലാജിയുസിൻെറ പേരിൽ ഈ പ്രസ്ഥാനം അറിയപ്പെടുന്നു. നാലാം നൂററാണ്ടിൻെറ അവസാനത്തിലും അഞ്ചാം നൂററാണ്ടിൻെറ ആരംഭത്തിലും പെലാജിയുസ് പഠിപ്പിച്ചിരുന്നു.

അടിസ്ഥാനപരമായി പെലാജിയനിസം ഒരൽമായ പ്രസ്ഥാനമായിരുന്നു. ധനികരും കുലീനകുടുംബങ്ങളിൽപെട്ടവരും ആയിരുന്നു അതിൽ ഉൾപെട്ടവർ. ഏതാണ്ട് 380-ൽ ഈ പ്രസ്ഥാനം റോമിൽ ഉടലെടുത്തു. ജറോമിനെ കാര്യമായി ബഹുമാനിക്കുയും ആദരിക്കുയും ചെയ്തിരുന്ന കേന്ദ്രങ്ങളിലാണ് ഇതു് ഉടലെടുത്തതു്. സിസിലിയിൽ ഇതിനു വലിയ സ്വാധീനം ഉണ്ടായിരുന്നു. റോമാക്കാരായ പല പെലാജിയൻ അനുയായികൾക്കും അവിടെ വലിയ എസ്റ്റേററുകൾ ഉണ്ടായിരുന്നു. ദൈവദത്തമായ പ്രകൃതി ഉപയോഗിച്ച് മനുഷ്യനു നന്മ ചെയ്യാനാവും എന്നു പറയുകയും മനുഷ്യ സ്വാതന്ത്ര്യത്തെ ഊന്നിപ്പറഞ്ഞുകൊണ്ടു മാനിക്കേയർക്കെതിരെ ക്രിസ്തീയ സന്യാസത്തെ ഉയർത്തിക്കാട്ടുകയും ചെയ്യുന്ന ഒരു ദൈവശാസ്ത്രം പെലാജിയുസ് നൽകി.



'ഉത്ഭവപാപം' സംബന്ധിച്ചുള്ള പ്രശ്നങ്ങളിൽ പെലാജിയുസ് താല്പര്യം കാണിച്ചില്ല. പെലാജിയനിസത്തിലേക്ക് 'ഉത്ഭവപാപം സംബന്ധിച്ച പ്രശ്നങ്ങൾ' കടത്തിവിട്ടതു്—ഉത്ഭവപാപം പിൻതലമുറയിലേക്കു പകർന്നുകൊടുക്കുന്നതു് നിഷേധിക്കൽ—'സിറിയാക്കാരൻ റൂഫീനുസാണ്.'[1] പെലാജിയുസിൻെറ അനുഗാമിയായ ചെലെസ്റ്റിയുസിനെ ഈ 'റൂഫീനുസ്' സ്വാധീനിച്ചു.

റ്റ്വീൻവാൾ (1943), ഗ്രെഷാക് (1972), വെർമെലിൻഗർ (1976) എന്നിവരുടെ പഠനങ്ങളുടെ വെളിച്ചത്തിൽ ഇപ്രകാരം വ്യത്യസ്തമായ രീതികളിൽ പെലാജിയനിസത്തെ കാണാൻ കഴിഞ്ഞിട്ടുണ്ട്. മുൻപ് അതല്ലായിരുന്നു സ്ഥിതി. വി. അഗസ്റ്റിനും, അദ്ദേഹത്തിൻെറ സ്നേഹിതരും പഠിപ്പിച്ചതിൻെറ വെളിച്ചത്തിലും സഭാപ്രബോധനത്തിൻെറ വെളിച്ചത്തിലും പെലാജിയനിസത്തെ ഒരു പാഷണ്ഡത എന്ന നിലയിൽ മാത്രമാണ് പരിഗണിച്ചിരുന്നതു്. ഇന്ന് ആ നിലയ്ക്കു വ്യത്യാസം വന്നിട്ടുണ്ട്. ഓരോരുത്തരും അർഹിക്കുന്ന സ്ഥാനം നൽകാനുള്ള ഒരു മനോഭാവം വളർന്നുവരുന്നുണ്ട്. അഗസ്റ്റിൻെറ അനുയായികൾ അഗസ്ററിൻേറതായി പ്രചരിപ്പിച്ച പല ഫോർമുലകളും അഗസ്റ്റിൻെറ യഥാർത്ഥ ചിന്തയെ പ്രതിഫലിപ്പിക്കുന്നവയല്ലായിരുന്നു എന്ന നിഗമനത്തിലാണ് ഇന്ന് പണ്ഡിതലോകം.

അഗസ്റ്റിനെതിരായി നിന്ന വ്യക്തി എന്ന നിലയിലാണ് പെലാജിയുസ് ചരിത്രത്തിൽ അറിയപ്പെടുന്നതു്. 'പെലാജിയൻ ചിന്തയ്ക്കു' താത്ത്വികാടിത്തറ പാകിയ ആളായിരുന്നു അദ്ദേഹം. പെലാജിയുസിനോടൊപ്പം ചെലെസ്തിയുസും, അവസാന ഘട്ടത്തിൽ എക്ലാനുമിലെ ജൂലിയനും ഇതിൻെറ വക്താക്കളായിരുന്നു. റോം (ഇററലി), സിറാക്കൂസ് (സിസിലി), നോളാ, എക്ലാനും (കംപാനിയ), അകിലെയീയാ (ഉത്തര ഇററലി) എന്നീ സ്ഥലങ്ങളിലെ ബൗദ്ധിക കേന്ദ്രങ്ങളെ അഞ്ചാം നൂററാണ്ടിൻെറ ആദ്യപകുതിയിൽ കലക്കിമറിച്ച പ്രശ്നമായിരുന്നു പെലാജിയനിസം. അതോടൊപ്പം, ഗോൾ, ബ്രിട്ടൻ, ആഫ്രിക്കാ എന്നിവിടങ്ങളിലേക്കും ഈ തർക്കം വ്യാപിച്ചു. ആഫ്രിക്കയിൽ വച്ച് മിലാനിലെ പൗളീനുസ് ചെലെസ്തിയുസിൽ പാഷണ്ഡത ആരോപിച്ചു. അഗസ്ററിനും അദ്ദേഹത്തിൻെറ സ്നേഹിതന്മാരും പെലാജിയനിസത്തിൻെറ കടുത്ത

1. മുകളിൽ പേജ് 85 കാണുക.

www.malankaralibrary.com



എതിരാളികളായി രംഗപ്രവേശം ചെയ്തു. പൗരസ്ത്യദേശത്ത്, പ്രത്യേകിച്ച് ജറുസലേമിൽ പെലാജിയൻ ചിന്തകർക്ക് സ്വാഗതം ലഭിച്ചു. പലയിടങ്ങളിലും അഗസ്റ്റിന്റെയും പെലാജിയുസിന്റെയും പൊതു സ്നേഹിതന്മാരും ഉണ്ടായിരുന്നു. ഓരോരുത്തരുടെയും ആശയങ്ങളും ചിന്തകളും വ്യക്തമാകാത്തവിധം കൂടിക്കുഴഞ്ഞുകിടന്നു. ഇത് സമകാലീനർക്ക് പെലാജിയനിസത്തെപ്പറ്റി വ്യക്തമായ കാഴ്ചപ്പാട് ലഭിക്കുക അസാധ്യമാക്കിത്തീർത്തു. അതുപോലെ പെലാജിയുസിന്റെ വ്യക്തിത്വത്തെപ്പറ്റിയും ചിന്തയെപ്പറ്റിയും വളരെ കൃത്യമായ ആശയം ലഭിക്കുക നമുക്കും പ്രയാസമാണ്.

ഏതായാലും റോമൻ ബൗദ്ധിക തലത്തിൽ നടന്നിരുന്ന പല ചർച്ചകളുടെ ഫലങ്ങളും പെലാജിയനിസത്തിന്റെ ഘടകങ്ങളായി. പലപ്പോഴും അൽമായരായിരുന്നു ഈ ചർച്ചകളിൽ പങ്കെടുത്തിരുന്നത്. *ആൻറി ഒരിജനിസ്റ്റ്* കേന്ദ്രങ്ങളിലെ ചിന്താധാരകളും പെലാജിയനിസത്തിലേക്കൊഴുകിയെത്തി. ഇവയെല്ലാം ഒത്തുചേർന്ന് ഉത്ഭവപാപം നിഷേധിക്കുന്നതും, ജനത്തിന്റെ പാപം ഏതെങ്കിലും തരത്തിൽ പിൻതലമുറയിലേക്കു വ്യാപിക്കുന്നതിനെ എതിർക്കുന്നതുമായ ഒരു ചിന്ത പെലാജിയനിസത്തിൽ ഉടലെടുത്തു. ശിശുസ്നാനം സംബന്ധിച്ചും ദൈവിക കൃപ സംബന്ധിച്ചും ഉള്ള വ്യത്യസ്ത വീക്ഷണങ്ങളും പെലാജിയൻ ഘടകങ്ങളായി മാറി. 'സഭയിലെ ഒരു പുതിയ ഇടർച്ചയും' 'പുതിയ പാഷണ്ഡതയും' ആയിട്ടാണ് പെലാജിയനിസത്തെ ആഫ്രിക്കൻ സഭ സ്വീകരിച്ചത്. പെലാജിയൻ തർക്കത്തിൽ നേതൃത്വം കൊടുത്ത മൂന്നു പേരെ പറ്റിയും സഹായിയായി വർത്തിച്ച ഒരാളെപ്പറ്റിയും തുടർന്നു ചുരുക്കമായി ചർച്ച ചെയ്യാം.

## 1. പെലാജിയുസ്

ഇംഗ്ലണ്ടിൽ കുടിയേറിയ റോമൻ ഉദ്യോഗസ്ഥന്റെ മകനായിരുന്ന പെലാജിയുസ് ഒരു വലിയ താർക്കികനായിരുന്നു. അദ്ദേഹം ഗ്രീക്ക് കൈകാര്യം ചെയ്തിരുന്നു. അനസ്താസിയുസ് പാപ്പായുടെ കാലത്ത് (380_4) അദ്ദേഹം റോമിലെത്തി നിയമം പഠിച്ചു. പെലാജിയുസ് ഏകാന്തവാസിയായ ഒരു സന്യാസിയായിരുന്നു എന്ന് മാരിയുസ് മെർക്കാത്തോർ സൂചിപ്പിക്കുന്നു. റോമിലെ ധനിക കുടുംബങ്ങളുമായി അയാൾ ബന്ധം പുലർത്തിയിരുന്നു. 410_ൽ അപരിഷ്കൃതർ റോം ആക്രമിച്ചപ്പോൾ അയാൾ കാർത്തേജിൽ അഭയം തേടി. അവിടെനിന്നു ജറുസലേമിലെത്തി. സ്ഥലത്തെ മെത്രാനായ



ജോണിന്റെ സൗഹൃദം സമ്പാദിച്ചു. ഒറോസിയുസും ലത്തീൻ അഭയാർത്ഥികളും 411-ൽ അയാൾക്കെതിരെ ആരോപണം ഉന്നയിച്ചപ്പോൾ ജോൺ അയാളെ സംരക്ഷിച്ചു. റോമിൽവച്ച് പെലാജിയുസിന്റെ നേതൃത്വത്തിൽ ഒരിജനിസ്റ്റുകളും, ജറോമിന്റെ നേതൃത്വത്തിൽ ആൻറി ഒരിജനിസ്റ്റുകളും തമ്മിൽ നടത്തിയിരുന്ന ചർച്ചകൾ ജറുസലേമിൽ തുടർന്നു.

ദിയോസ്പോളീസിൽവച്ച് 415 ന്റെ അവസാനം പെലാജിയുസിനെതിരെ രണ്ട് ഗാളിക്കൻ മെത്രാന്മാർ ആരോപണവുമായി മുന്നോട്ടു വന്നു. അവിടെ വിപ്രവാസത്തിൽ കഴിഞ്ഞിരുന്നവരായിരുന്നു അവരിരുവരും: ഏറോസും ലാസറും. പെലാജിയുസിന്റെ ഗ്രന്ഥത്തിലെ (*Liber Testimoniorum*) ആറ് പ്രസ്താവനകളെ ആധാരമാക്കി ആയിരുന്നു ആരോപണം. ദൈവകല്പനകളനുസരിച്ചു പ്രവർത്തിക്കുവാൻ സൃഷ്ടിയുടെ അവസരം മനുഷ്യനു ലഭിച്ച കഴിവിന്റെ അടിസ്ഥാനത്തിൽ, മനുഷ്യന്റെ സ്വതന്ത്രേച്ഛ ഉപയോഗിച്ച് പാപം ചെയ്യാതിരിക്കുവാനുള്ള യഥാർത്ഥ സാധ്യത അവയിൽ പ്രസ്പഷ്ടമാക്കിയിരുന്നു. എന്നാൽ തന്റെ ഭാഗം വാദിക്കാനും ചെലെസ്റ്റിയുസിൽ നിന്ന് അകന്നു നിൽക്കുന്നു എന്നു കാണിക്കാനും പെലാജിയുസിന് അവിടെ വച്ചു സാധിച്ചതിനാൽ മുടക്കൊന്നും ലഭിച്ചില്ല. അതിനുശേഷം തന്റെ ഭാഗം ന്യായീകരിച്ചുകൊണ്ട് ഒരു ലഘുലേഖ (*Chartula defensionis*) അയാൾ പ്രസിദ്ധീകരിച്ചു. അത് ഉടനെ അഗസ്റ്റിന്റെ കൈകളിലെത്തി.

അഗസ്റ്റിൻ അതിനു മറുപടിയായി ഒരു ലഘുലേഖ എഴുതി (*De gestis*). കൂടാതെ, ഹിലരി (*ലേ.* 178), ജറുസലേമിലെ ജോൺ (*ലേ.* 179), നോളായിലെ പൗളീനുസ് (*ലേ.* 186) എന്നിവർക്ക് ഇതു സംബന്ധിച്ച് കത്തുകളയച്ചു. അഞ്ച് ആഫ്രിക്കൻ മെത്രാന്മാർ ഒന്നിച്ചൊപ്പിട്ട ഒരു കത്ത് റോമാമെത്രാനായ ഇന്നസെൻറിനും അയച്ചു. പെലാജിയുസിനെ കൈകാര്യം ചെയ്തതിൽ ദിയൊസ്പോളീസിൽ കൂടിയ മെത്രാന്മാർക്കു തെറ്റുപറ്റി എന്ന് ഈ രേഖകൾ ആരോപിച്ചു. ഇന്നസെൻറ്, പെലാജിയുസിനെയും ചെലെസ്റ്റിയുസിനെയും മുടക്കി; എങ്കിലും അവർ തെറ്റുകളുപേക്ഷിച്ച് തിരിച്ചുവരുമെന്നുള്ള പ്രത്യാശ പ്രകടിപ്പിച്ചു. താൻ ദുരാരോപണത്തിനു വിധേയനായിരിക്കുകയാണെന്നു കാണിച്ച് പെലാജിയുസ്, പോപ്പിനെഴുതി. 417 മാർച്ചിൽ ഇന്നസെൻറ് മരിച്ചു; പകരം സോസിമുസ് പാപ്പായായി. അദ്ദേഹം പെലാജിയുസിനെയും ചെലെസ്തിയുസിനെയും റോമിൽ

www.malankaralibrary.com



വരുത്തി ചർച്ച നടത്തി. അവിടെ നടത്തിയ വിശ്വാസ പ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ (*libellus fidei*) ഇരുവരും കുററവിമുക്തരാക്കപ്പെടുകയും ഇന്നസെൻറ് നൽകിയ മുടക്കു തീർക്കുകയും ചെയ്തു.

ഉടനെ ആഫ്രിക്കയിലെ മെത്രാന്മാർ ഒരു സിനഡു കൂടി. സോസിമൂസിന്റെ നടപടി പുന:പരിശോധിച്ച് ഇരുവരെയും കുററക്കാരായി വിധിക്കണമെന്നായിരുന്നു സിനഡിൽ തീരുമാനം. അതിന്റെ ആവശ്യമില്ലെന്നും എല്ലാവരും ശാന്തിയിലും സമാധാനത്തിലും വർത്തിക്കണമെന്നും സോസിമൂസ് പാപ്പാ അറിയിച്ചു. എന്നാൽ ആഫ്രിക്കൻ മെത്രാന്മാർ റാവെന്നായിലേക്ക് കത്തുകളയച്ചു. 418 ഏപ്രിൽ 30 ന് റാവെന്നായിലെ രാജകീയ പ്രതിനിധി പെലാജിയൂസിനെ കുററക്കാരനായി വിധിച്ചു.

ആഫ്രിക്കൻ മെത്രാന്മാർ 418 മെയ് ഒന്നിന് ഒരു പൊതു സിനഡ് കൂടി (*Concilium plenarium*). നേരത്തെ നടന്ന ആഫ്രിക്കൻ സിനഡിന്റെ തീരുമാനങ്ങൾ അംഗീകരിക്കുകയും പെലാജിയൂസിനെ കുററപ്പെടുത്തുകയും താഴെപ്പറയുന്ന പെലാജിയൻ പ്രസ്താവനകളെ ശപിക്കുകയും ചെയ്തു: ആദത്തിൽ കുട്ടികളും കുററക്കാരല്ല; പ്രകൃതിയുടെയും സ്വാതന്ത്ര്യത്തിന്റെയും കഴിവുകളായി കൃപയെ കണക്കാക്കാം; വിശുദ്ധർക്ക് പ്രാർത്ഥന ആവശ്യമില്ല. മൊത്തം ഒൻപതു കാനോനാകളാണ് ഔറേലിയൂസിന്റെ നേതൃത്വത്തിൽ കാർത്തേജിൽ കൂടിയ ഈ സിനഡ് പാസ്സാക്കിയത്.

പെലാജിയൂസിനെതിരായ നിലപാടാണ് റാവെന്നായിലെ രാജകീയ പ്രതിനിധി സ്വീകരിച്ചിരിക്കുന്നത് എന്നു മനസ്സിലാക്കിയ സോസിമൂസ് പാപ്പാ 418 ജൂലൈ മാസത്തിൽ കിഴക്കും പടിഞ്ഞാറും ഉള്ള എല്ലാ പ്രധാനപ്പെട്ട മെത്രാന്മാർക്കുമായി ഒരു സർക്കുലർ അയച്ചു (*Tractoria*). അതിൽ, തന്റെ മുൻഗാമിയായ ഇന്നസെൻറ് നടത്തിയ മുടക്ക് ആവർത്തിച്ചു. എല്ലാ മെത്രാന്മാരും അതംഗീകരിക്കാൻ പാപ്പാ ആവശ്യപ്പെട്ടു. എന്നാൽ അതിന് സമ്മിശ്രപ്രതികരണമാണുണ്ടായത്. എക്ലാനുമിലെ ജൂലിയനും മററ് പതിനെട്ടു മെത്രാന്മാരും ഇതിൽ ഒപ്പു വയ്ക്കാൻ വിസമ്മതിച്ചു. ഉടനെ അവരും മുടക്കപ്പെട്ടു. ഉത്തര ഇററലിയിലെ മെത്രാന്മാർ സോസിമൂസിന്റെ സർക്കുലറിനെതിരായ നിലപാടെടുത്തു. രാജകീയോദ്യോഗസ്ഥന്മാർ സർക്കുലർ നടപ്പാക്കാൻ സർവ നടപടികളുമെടുത്തു. ജൂലിയൻ ചില അനുഗാമികളോടുകൂടി പൗരസ്ത്യ



ദേശത്തേക്കും പെലാജിയൂസ് ഈജിപ്തിലേക്കും പോയി. 425 ജൂലൈ 9 ന് വലെൻറീനിയൻ മൂന്നാമൻ ചക്രവർത്തി തെക്കൻ ഗോളിൽ പെലാജിയനിസത്തെ നിരോധിച്ചു. 431 ലെ എഫേസൂസ് സിനഡ് പെലാജിയനിസത്തെയും അതിനെ പിൻതുണയ്ക്കുന്നവരെയും മുടക്കി. സോസിമൂസിന്റെ പിൻഗാമികൾ അതേ മനോഭാവം തുടർന്നു.

## കൃതികൾ

പെലാജിയൻ കൃതികളെ മൂന്നായി തിരിക്കാം: (1) പെലാജിയൂസിന്റെ കൃതികൾ (2) സംശയാസ്പദകൃതികൾ; (3) മററ് ഗ്രന്ഥകാരന്മാരുടെ കൃതികൾ. പെലാജിയൻ തർക്കകാലത്തുതന്നെ പെലാജിയൂസിന്റെ കൃതികൾ വേർതിരിച്ചു കാണാൻ ബുദ്ധിമുട്ടുണ്ടായിരുന്നു. പ്രചരിച്ചിരുന്ന കൃതികളുടെ കർതൃത്വം അംഗീകരിക്കാൻ ഗ്രന്ഥകാരന്മാർ തയാറല്ലായിരുന്നു. എന്നാൽ തുടക്കം മുതൽ അവസാനംവരെ പെലാജിയൂസിന്റെ കൃതികളിൽ ആശയപരമായ ഐക്യം ഉണ്ടായിരുന്നു. ഈ ഐക്യം ആണ് അയാളുടെ കൃതികളെ വേർതിരിച്ചറിയാൻ ആധുനിക പണ്ഡിതന്മാരെ സഹായിച്ചത്. പെലാജിയൂസിന്റെ കൃതികളിൽ ഭൂരിഭാഗവും ജറോമിന്റെ പേരിലാണ് പ്രചരിച്ചിരുന്നത്. എന്നാൽ പ്രസ്തുത സമാഹാരത്തിൽ തന്നെയും ചിലത് ഫസ്തീദിയൂസ് മെത്രാന്റെയും എവുത്രോപ്പിയൂസിന്റെയുമാണ്.

1. പെലാജിയൂസിന്റെ തന്നെ കൃതികൾ: ഏതാണ്ട് ഇരുപതോളം കൃതികൾ പെലാജിയൂസിന്റേതുതന്നെ എന്നാണ് പണ്ഡിതമതം.

2. എട്ടെണ്ണം പെലാജിയൂസിന്റെ കൃതികളോട് സാമ്യമുള്ളവയാണെങ്കിലും അദ്ദേഹത്തിന്റേതാണോ എന്നു തീർച്ചയില്ല. അതായത്, അവയെപ്പററി സംശയം നിലനിൽക്കുന്നു.

3. ആറെണ്ണം മററുള്ളവരുടെ കൃതികളാണ്.

പൗലോസിന്റെ 13 ലേഖനങ്ങളുടെ ഭാഷ്യം, ഫറവോന്റെ ഹൃദയകാഠിന്യത്തെപ്പററിയുള്ള ഗ്രന്ഥം, യോബിന്റെ ഗ്രന്ഥത്തിന്റെ ഭാഷ്യം, ക്രിസ്തീയ ജീവിതം, ദിമിത്രിയാദെസിനുള്ള ലേഖനം, ദൈവികനിയമം, കന്യാത്വത്തെപ്പററിയുള്ള കത്ത്, മർസെല്ലായ്ക്കുള്ള കത്ത്, ചെലാൻസ്യായ്ക്കുള്ള കത്ത്, വിശ്വാസപ്രഖ്യാപനം, ത്രിത്വത്തെപ്പററി മൂന്നു പുസ്തകങ്ങൾ അഥവാ ത്രിത്വത്തിലുള്ള വിശ്വാസം, സാക്ഷ്യഗ്രന്ഥം, സ്വാതന്ത്ര്യമനസ്സ്,

www.malankaralibrary.com



പ്രകൃതി, സ്നേഹം, ലിമാനിയായ്ക്കുള്ള കത്ത്, ഇന്നസെന്റിനുള്ള കത്ത്, സ്നേഹിതനുള്ള കത്ത്, ചില ശകലങ്ങൾ എന്നിവ പെലാജിയൂസിന്റെ കൃതികളാണ്. ഇവയിൽ ചിലതെല്ലാം അഗസ്റ്റിനും മററുള്ളവരും ഉദ്ധരിക്കുന്നതിൽ നിന്നാണ് നാമറിയുന്നത്. പെലാജിയൂസിന്റെ കൃതികളെ ഭാഷ്യകൃതികൾ, ദൈവശാസ്ത്രകൃതികൾ, സന്യാസ-സന്മാർഗകൃതികൾ എന്നിങ്ങനെ മൂന്നായി തരംതിരിക്കാം.

## പെലാജിയനിസത്തിന്റെ ചരിത്രം

പെലാജിയനിസത്തിന്റെ ചരിത്രത്തെ മൂന്നായി തരംതിരിക്കാം. (1) 411 നു മുമ്പുള്ളചരിത്രം (പ്രസ്തുത വർഷമാണ് ആദ്യമായി പെലാജിയനിസത്തെ സഭ തള്ളിക്കളഞ്ഞത്). (2) 411-418 ലെ പെലാജിയൻ ചരിത്രം: 411-ൽ ചെലെസ്റ്റിയൂസ് മുടക്കപ്പെടുന്നത്, 415-ലെ ദിയോസ്പോളീസ് സിനഡ്, 417 - ലെ ആഫ്രിക്കൻ സിനഡ്, 418 - ലെ കാർത്തേജ് സിനഡ്, സോസിമൂസിന്റെ സർക്കുലർ. (3) 418 മുതലുള്ള പെലാജിയൻ ചരിത്രം (ഇതു് സെമി - പെലാജിയനിസം എന്നു് അറിയപ്പെടുന്നു).

*1. 411 നു മുമ്പുള്ള ചരിത്രം:* ഫറഓന്റെ ഹൃദയ കാഠിന്യത്തെപ്പററിയുള്ള ഗ്രന്ഥം (*Liber de induratione cordis Pharaonis*) എന്ന കൃതി ഈ കാലഘട്ടത്തിലേതാണ്. അംബ്രോസിയാസ്റ്റർ, അഗസ്റ്റിൻ (*പ്രശ്നങ്ങൾ*, 83) എന്നിവർക്കെതിരായി എഴുതപ്പെട്ടതാകാം ഈ കൃതി. അന്നത്തെ ഇററാലിയൻ ബൗദ്ധിക സർക്കിളുകളിലെ ചിന്താധാര ഇതിൽ ഒരളവുവരെ പ്രതിഫലിക്കുന്നു. ഒരിജനിസം, റുപ്പാത്തീനുസിന്റെ കൃതികളുടെ ലത്തീൻ വിവർത്തനം, താപസജീവിതത്തിനെതിരെ ജൊവീനിയന്റെ തർക്കം, മാനിക്കേയൻ സ്വാധീനം എന്നിവയുടെ വെളിച്ചത്തിൽ ക്രിസ്തുമതത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്നത് ഈ കൃതിയിൽ കാണാം. മനുഷ്യകുലത്തെ ഇവർ രണ്ടുഗണമായി തിരിക്കുന്നു: നശിക്കാനായി നിശ്ചയിക്കപ്പെട്ടവർ, ജീവിക്കാനായി നിശ്ചയിക്കപ്പെട്ടവർ.- ഏതാണ്ട് ഇത്തരം കാര്യങ്ങൾ പെലാജിയൂസ് ഈ കൃതിയിൽ ചർച്ചചെയ്യുന്നു. മനുഷ്യസ്വാതന്ത്ര്യം ഉപയോഗിച്ച് ദൈവകല്പനകൾ അനുസരിക്കുന്നതുവഴിയോ തിരസ്കരിക്കുന്നതുവഴിയോ ഓരോരുത്തനും അന്ത്യം സ്വന്തമാക്കുന്നു.

*2. 411-418 ലെ പെലാജിയനിസം:* പെലാജിയനിസം സംബന്ധിച്ചുള്ള പരസ്യ ചർച്ചകളുടെയും മുടക്കുകളുടെയും



അവസരമാണിത്. പെലാജിയൂസിന്റെ നാല് കൃതികൾ ഈ കാലഘട്ടത്തിലേതാണ് (ദിമിത്രിയാദെസിനുള്ള ലേഖനം, സാക്ഷ്യഗ്രന്ഥം, പ്രകൃതി, സ്വതന്ത്രമനസ്സ്) ശിശുസ്നാനം സംബന്ധിച്ചുള്ള ചർച്ച ഈ കാലഘട്ടത്തിന്റേതാണ്. സ്നാനം പാപമോചനത്തിനാണ്; ക്രിസ്തുവിന്റെ കൃപ വഴിയാണ് പാപമോചനം ലഭിക്കുന്നത് എന്ന് ആഫ്രിക്കൻസഭ പഠിപ്പിച്ചു. എന്നാൽ ചെലെസ്റ്റിയൂസ് സ്നാനത്തെ വ്യത്യസ്തമായി വ്യാഖ്യാനിച്ചു. റോമൻ വൈദികനായ പൗളീനുസ് ചെലെസ്റ്റിയൂസിന്റെ പ്രബോധനത്തിലെ തെററുകൾ കണ്ടുപിടിക്കുകയും അവയെ ആറ് പ്രസ്താവനകളിലായി രേഖപ്പെടുത്തുകയും ചെയ്തു. അവ താഴെപ്പറയുന്നവയാണ്: മരണം ആദാമിനു സ്വാഭാവികമായിരുന്നു; അവന്റെ പാപം മററാരെയും ബാധിക്കാതെ, വ്യക്തിപരമായ ഒരു കാര്യമായിരുന്നു; പാപത്തിനുമുമ്പുള്ള ആദാമിന്റെ അവസ്ഥയിലാണ് ശിശുക്കൾ ജനിക്കുന്നത്; ആദാമിന്റെ പാപംമൂലം ആരും മരിക്കുന്നില്ല, ക്രിസ്തുവിന്റെ ഉത്ഥാനംവഴി ആരും എഴുന്നേല്ക്കുന്നുമില്ല. പഴയനിയമവും പുതിയനിയമവും ഒരുപോലെ സ്വർഗ്ഗത്തിലേക്കു നയിക്കുന്നു, പാപം ചെയ്യാത്ത നീതിമാന്മാർ പഴയനിയമത്തിലും ഉണ്ടായിരുന്നു.

ഇതിന്റെ വെളിച്ചത്തിൽ 411-ൽ ചെലെസ്റ്റിയൂസ് മുടക്കപ്പെട്ടു. 415-ലെ ദിയോസ്പോളീസ് സിനഡിൽവച്ച് പെലാജിയൂസിനെയും മുടക്കുകയായിരുന്നു എതിരാളികളുടെ പദ്ധതി. അതിനായി പെലാജിയൂസിന്റെ സാക്ഷ്യഗ്രന്ഥം എന്ന കൃതിയിൽ നിന്നുള്ള ആറ് പ്രസ്താവനകൾ അവർ തയാറാക്കി. ''മനുഷ്യനു വേണമെങ്കിൽ പാപരഹിതനാകാം'' എന്നതായിരുന്നു അതിലെ പ്രധാന പ്രസ്താവന. എന്നാൽ മുടക്കപ്പെടാതെ പെലാജിയൂസ് രക്ഷപെട്ടു. അതേത്തുടർന്നാണ് ''ദെ ലീബെരോ ആർബിത്രിയോ'' എന്ന ഗ്രന്ഥം അദ്ദേഹം എഴുതിയത്.

ജറുസലേമിലും ദിയോസ്പോളീസിലും ഉള്ള പൗരസ്ത്യർ പെലാജിയൂസിനെ മനസ്സിലാക്കിയതുപോലെയല്ല അഗസ്റ്റിനും ആഫ്രിക്കൻ മെത്രാന്മാരും മനസ്സിലാക്കിയത്. ദൈവത്തിന്റെ കൃപയുടെ ശത്രുവായിട്ടാണ് അഗസ്റ്റിൻ അദ്ദേഹത്തെ മനസ്സിലാക്കിയത്. പെലാജിയൻ ദൈവശാസ്ത്രത്തിൽ പെലാജിയൂസിന്റെയും ചെലെസ്റ്റിയൂസിന്റെയും, സിസിലിയിലെ പെലാജിയന്മാരുടെയും മററുള്ളവരുടെയും പ്രബോധനങ്ങളെ വേർതിരിച്ചു കാണാഞ്ഞതിനാലാണ് ആഫ്രിക്കക്കാർ ഇത്തരം ഒരു നിലപാടു സ്വീകരിച്ചത്.

www.malankaralibrary.com



പെലാജിയൂസിനെ സംബന്ധിച്ച് മനുഷ്യൻ ദൈവച്ഛായയിൽ സൃഷ്ടിക്കപ്പെട്ടവനാണ് (ഉല്പ. 1:26). നന്മ ചെയ്യാനുള്ള കഴിവ് ദൈവം മനുഷ്യനിൽ നിക്ഷേപിച്ചിരിക്കുന്നു. പാപംകൂടാതെ ജീവിക്കാൻ സാധിക്കുക എന്നതു് ഈ ച്ഛായയുടെ പ്രകൃതിയിൽ പെട്ടതായിരുന്നു; ദൈവ കല്പനകൾ അനുസരിച്ച് ജീവിക്കാൻ അവനു കഴിയുമായിരുന്നു. ആദം പാപം ചെയ്തപ്പോൾ ഈ ച്ഛായ നശിപ്പിച്ചില്ല. ആത്മാവിനും ശരീരത്തിനും ഉള്ള സ്വാതന്ത്ര്യമായ തെരഞ്ഞെടുപ്പ് നഷ്ടപ്പെട്ടില്ല. പാപിയായ ആദത്തിന്റെ ദുർമാതൃക പ്രചരിച്ചു. അതിന്റെ ഫലമായി മനുഷ്യനിലുള്ള ദൈവച്ഛായയ്ക്കു മങ്ങലേററു. അതുകൊണ്ടു്, ദൈവം മനുഷ്യനു് ആദ്യം നിയമം നൽകി. അതിനുശേഷം തന്റെ പുത്രനായ യേശുക്രിസ്തുവിനെ അയച്ചു. ച്ഛായക്കേററ മങ്ങൽ യേശുവിന്റെ സന്മാതൃക വഴി നീങ്ങിക്കിട്ടാനായിരുന്നു അതു്. അപ്പോൾ ക്രിസ്തുവിന്റെ മാതൃക നമ്മിൽ സ്വാതന്ത്ര്യം ഉത്തേജിപ്പിക്കുന്നു, ദൈവികകല്പനകൾ തെരഞ്ഞെടുക്കാൻ നമുക്കു് സാധിക്കുന്നു. പഴയ ഉടമ്പടിയിലെ നിയമങ്ങൾ ച്ഛായയുടെ തിരുത്തലിനു വേണ്ടിയായിരുന്നു. യേശുവിന്റെ മാതൃക കൃപയായി മനുഷ്യനു നൽകപ്പെട്ടതാണ്. പെലാജിയൻ ചിന്തയുടെ കേന്ദ്രം ഈ സൃഷ്ടി ദൈവശാസ്ത്രമാണ്. മാതൃകയ്ക്കു (*exemplum*) ഊന്നൽ കൊടുക്കുന്നതു് ക്രൈസ്തവ പാരമ്പര്യാനുസൃതമാണ്. എന്നാൽ പ്രസ്തുത മാതൃക അനുകരിക്കാൻ വേണ്ടി മനുഷ്യസ്വാതന്ത്ര്യത്തെ ഉത്തേജിപ്പിക്കാനുള്ള കഴിവ് മാതൃകയ്ക്കു നൽകിയപ്പോൾ പെലാജിയൂസിനു തെററുപററി. അഗസ്ററിൻ ഇതു് നന്നായി മനസ്സിലാക്കി. ആദത്തിന്റെയും ക്രിസ്തുവിന്റെയും ഉദാഹരണത്തിനു് അദ്ദേഹം വേണ്ടത്ര വിശദീകരണം നൽകി. അതു് ആഫ്രിക്കൻ ദൈവശാസ്ത്രപാരമ്പര്യത്തിനു് അനുസൃതവുമായിരുന്നു.

തുടർന്നുണ്ടായ സംഭവവികാസങ്ങൾ സോസിമുസിന്റെ സർക്കുലറിൽ (*Tractoria*) അവസാനിച്ചു. 418 ൽ പെലാജിയൂസ് മുടക്കപ്പെട്ടു.

*3 പെലാജിയനിസം 418 നു ശേഷം:* പെലാജിയൂസ് 418 നു ശേഷം അപ്രത്യക്ഷനാകുന്നു. തുടർന്നുള്ള പെലാജിയൻ വീക്ഷണം 418നു മുമ്പുള്ളതിൽ നിന്നു വ്യത്യസ്തമാണ്: സെമി-പെലാജിയനിസം എന്നു് അതു് അറിയപ്പെടുന്നു. അഗസ്ററിനും മററ് ആഫ്രിക്കക്കാരും ഒരു വശത്തും, ലേറിൻസിലെ സന്യാസികൾ (ഗോൾ) മറുവശത്തും നിന്നുകൊണ്ടായിരുന്നു ചർച്ച. മനുഷ്യസ്വാതന്ത്ര്യവും ദൈവത്തിന്റെ



കൃപയും തമ്മിലുള്ള ബന്ധമായിരുന്നു ചർച്ചാവിഷയം. 473ലെ ആൾസ് സിനഡിൽ വച്ച് മുൻനിർണയം (*Predestinationalism*) എന്ന പാഷണ്ഡത ശപിക്കപ്പെട്ടു.

പെലാജിയൻ തർക്കത്തെ മറെറാരു രീതിയിൽ ചിലർ കാണാൻ ശ്രമിക്കുന്നുണ്ടു്. ദൂരെ നിന്നു് അവലോകനം ചെയ്താൽ അഗസ്ററിൻ ദൈവകൃപയുടെയും പെലാജിയൂസ് മനുഷ്യസ്വാതന്ത്ര്യത്തിന്റെയും വക്താക്കളായിരുന്നു. സെമി-പെലാജിയൻ കാലംമുതൽ ഉള്ള അഗസ്ററിന്റെ ദൈവശാസ്ത്രകൃതികളിലൊക്കെ ഒരു തരം മനുഷ്യസ്വാതന്ത്ര്യത്തെപ്പററിയുള്ള സംശയവും ശോകച്ഛായയും ദോഷൈകദൃഷ്ടിയും കാണാൻ കഴിയും.

പെലാജിയനിസത്തിന്റെ അവസാനഘട്ടത്തിൽ പെലാജിയൂസ് രംഗത്തു നിന്നു് അന്തർധാനം ചെയ്യുന്നു. അദ്ദേഹം എന്നു മരിച്ചു എന്നു പോലും നമുക്കറിയില്ല. 529 ലെ ഓറഞ്ച് സിനഡിൽ വച്ച് ആൾസിലെ സീസറിന്റെ നേതൃത്വത്തിൽ ഏതാണ്ടു് തൃപ്തികരമായ ഒരു ദൈവശാസ്ത്ര വിശകലനം നടന്നു. എങ്കിലും പിൻതലമുറയിൽ പുതിയരൂപത്തിൽ ഈ പ്രശ്നം പൊന്തിവന്നു. പ്രോട്ടസ്ററൻറിസത്തിന്റെ ഉദയത്തിൽ കൂടുതൽ ശക്തിയായി ഈ പ്രശ്നം വീണ്ടും തലപൊക്കി.

## 2. ചെലെസ്തിയുസ്

ഒരു റോമൻ നിയമപണ്ഡിതനായിരുന്ന ചെലെസ്തിയൂസ് പെലാജിയൂസിന്റെ ശിഷ്യനായിരുന്നു. പെലാജിയൻ ആശയങ്ങളുടെ ഒരു പ്രധാന പ്രചാരകനായിരുന്നു അയാൾ. 411-ൽ കാർത്തേജിലെ സിനഡ് അയാളെ മുടക്കി. അയാളുടെ കൃതികളിലെ തെററുകൾ ദിയോസ്പോളീസ് സിനഡിൽ (415) അവതരിപ്പിക്കപ്പെട്ടു. ഇന്നസെൻറ് പാപ്പാ അയാളെ മുടക്കി. സോസിമുസ് പാപ്പാ താല്കാലികമായി അയാളെ സഭാസംസർഗത്തിൽ ചേർത്തെങ്കിലും 418ലെ കാർത്തേജ് സിനഡിനുശേഷം തന്റെ കത്തുവഴി അയാളെ മുടക്കി. 431 ലെ എഫേസൊസ് സിനഡ് അയാളെ കുററക്കാരനായി വിധിച്ചു. പെലാജിയൻ തർക്കത്തിൽ അയാൾക്കും പെലാജിയൂസിനെപ്പോലെ പങ്കുണ്ടായിരുന്നു. അയാളുടെ ഒന്നു രണ്ടു കൃതികളെപ്പററി അഗസ്ററിനിൽ നിന്നു നമുക്കു മനസ്സിലാക്കാം (*Libellus brevissimus, Definitiones*). പെലാജിയൂസിൽ നിന്നു് ഏതാശയത്തിൽ ചെലെസ്തിയൂസ് വ്യത്യസ്തനായിരുന്നു എന്നു് പറയാൻ പ്രയാസമാണ്.

www.malankaralibrary.com



## 3. എക്‌ലാനുമിലെ ജൂലിയൻ

മെമോറുസ് എന്ന മെത്രാൻെറയും ജൂലിയാനാ എന്ന സ്ത്രീയുടെയും മകനായി അപ്പൂളിയായിൽ 380 നും 385 നും ഇടയ്ക്കു ജൂലിയൻ ജനിച്ചു. ഉന്നതകുലജാതരായിരുന്നു മാതാപിതാക്കൾ. ബെനെവെന്തും മെത്രാനായ എമിലിയൂസിൻെറ മകളായ തീസ്യായെ ജൂലിയൻ വിവാഹം കഴിച്ചു. അവരുടെ വിവാഹത്തിനു് നോളാമെത്രാൻ പൗളീനുസ് ഒരു സ്തുതിപ്രഭാഷണം (Carm. 25) നടത്തി. ജൂലിയൻ തൻെറ പിതാവിൻെറ പള്ളിയിൽ തന്നെ വായനക്കാരനും 408 ൽ ഡീക്കനുമായി. ആയിടയ്ക്കു് അഗസ്റ്റിൻ അദ്ദേഹത്തെ ഹിപ്പോയിലേക്കു ക്ഷണിച്ചു. മുപ്പതാം വയസ്സിൽ (416_ൽ) ഇന്നസെൻറ് പാപ്പാ അദ്ദേഹത്തെ എക്‌ലാനം എന്ന രൂപതയുടെ മെത്രാനായി വാഴിച്ചു. സോസിമുസ് പാപ്പാ പെലാജിയൂസിനെതിരെ പ്രസിദ്ധീകരിച്ച സർക്കുലറിൽ (*Tractoria*) ജൂലിയൻ ഒപ്പുവച്ചില്ല. അതിനു വിശദീകരണം തേടി സോസിമൂസിനെഴുതി. വിശദീകരണം നൽകാതെ ഒപ്പിടാൻ വിസമ്മതിച്ച മററ് 18 ഇററാലിയൻ മെത്രാന്മാരോടൊപ്പം ജൂലിയനെയും പോപ്പ് മുടക്കി. അദ്ദേഹം ഉടനെ റാവെന്നായിലെ രാജപ്രതിനിധിക്കു് അപ്പീൽ കൊടുത്തു. അയാൾ അഗസ്റ്റിനെഴുതി. അതിനു മറുപടിയായി അഗസ്റ്റിൻ ഒരു ലഘുഗ്രന്ഥം തയാറാക്കി (*De nuptiis et concupiscentia*). ഇതിനു മറുപടിയായി 418_ൽ ജൂലിയൻ നാലു് പുസ്തകങ്ങൾ അഗസ്റ്റിനെതിരെ എഴുതി (*Ad Turbantium*).

തുടർന്നു് ജൂലിയൻ നാടുകടത്തപ്പെട്ടു; ആദ്യം പൗരസ്ത്യദേശത്തേക്കും പിന്നെ സിസിലിയിലേക്കും പോയി ഒരധ്യാപകനായി ശിഷ്ടായുസ്സ് കഴിച്ചുകൂട്ടി. അഗസ്റ്റിനിൽ മാനിക്കേയിസം ആരോപിച്ചുകൊണ്ടു് അവിടെ വച്ചു് എട്ടു പുസ്തകങ്ങളിലായി ഒരു കൃതിയെഴുതി (*Ad Florum*). സിക്സ്റ്റസ് മൂന്നാമൻെറ കാലത്തു് (439) സഭാസംസർഗത്തിലേക്കു വരാൻ ജൂലിയൻ പരിശ്രമിച്ചെങ്കിലും നടന്നില്ല. ചെറിയ പ്രവാചകന്മാർ, ജോബ്, സങ്കീർത്തനങ്ങൾ എന്നിവയ്ക്കു് ജൂലിയൻ ഭാഷ്യമെഴുതി. പെലാജിയൻ തർക്കത്തിനു് ജൂലിയൻേറതായി ദൈവശാസ്ത്ര സംഭാവനകൾ എടുത്തു പറയാനില്ല. ഉത്ഭവപാപത്തെ അഗസ്റ്റിൻ വിശദീകരിച്ച രീതിയിൽ അദ്ദേഹം മാനിക്കേയിസം ദർശിച്ചുകൊണ്ടിരുന്നു. അഗസ്റ്റിനെ നിരന്തരമായി എതിർത്തിരുന്നു. 'പെലാജിയൻ



ഡോഗ്മായുടെ നിർമ്മാതാവു്' എന്നാണ് അഗസ്റ്റിൻ ജൂലിയനെ വിളിക്കുന്നതു്. മേൽപ്പറഞ്ഞവ കൂടാതെ ചില കൃതികളും ജൂലിയൻേറതായി തെററായി പ്രചരിച്ചിരുന്നു.

## 4. അനിയാനുസ്

പെലാജിയൂസിൻെറ ഒരു ശിഷ്യനും സംരക്ഷകനുമായിരുന്നു അനിയാനുസ്. അനീസി എന്ന റോമൻ കുലീന കുടുംബാംഗമായിരിക്കാം അയാൾ. ജറോമും ഒറോസിയൂസും പേരു പറയാതെ ഇപ്രകാരമൊരു ശിഷ്യനെപ്പററി പറയുന്നുണ്ടു്. രംഗത്തുവരാതെ പിന്നണിയിൽനിന്നു് പെലാജിയൻ യുദ്ധം മുഴുവൻ അയാൾ നിയന്ത്രിച്ചിരുന്നു എന്നു് ഒറോസിയൂസ് പറയുന്നു. ദിയോസ്പോളിസിൽ വച്ചു് അനിയാനുസ് പെലാജിയൂസിൻെറ പക്ഷത്തായിരുന്നു. ചില കൃതികളും അനിയാനുസ് രചിച്ചതായി പറയപ്പെടുന്നു. എന്നാലവ മററുള്ളവരുടെ പേരിലാണ് പ്രചരിച്ചിരിക്കുന്നതു്.

വി. അഗസ്റ്റിൻ പെലാജിയനിസത്തിൻെറ വലിയ എതിരാളിയായിരുന്ന പെലാജിയൻ തർക്കത്തിൽ അഗസ്റ്റിൻെറ പക്ഷം നിന്ന മൂന്നു പേരേപ്പററിയാണ് തുടർന്നുള്ള വിവരണം: ഒറോസിയൂസ്, മാരിയൂസ് മെർക്കാതോർ, കോദ്‌വുൾത്‌ദേവൂസ്.

## 1. ഒറോസിയൂസ്

പോർട്ടുഗലിലെ ബ്രാഗായിൽ 375 നും 380 നും ഇടയ്ക്കു് ഒറോസിയൂസ് ജനിച്ചു. ഇക്കാലത്തു് റോമൻ സാമ്രാജ്യത്തിലേക്കു് അപരിഷ്കൃതരായ ഗോത്യരുടെ ഇരച്ചുകയററം ഉണ്ടായി. അവരെ തടഞ്ഞുനിർത്താൻ റോമൻ ചക്രവർത്തിമാർക്കു കഴിഞ്ഞില്ല. അവരുമായി ധാരണയിൽ കഴിയുന്ന ഒരു നയം പല ജനങ്ങളും സ്വീകരിച്ചു. തിയഡോഷ്യസ് ചക്രവർത്തി നിഖ്യാവിശ്വാസപ്രമാണത്തിനുവേണ്ടി നിലകൊണ്ടു. 409 ൽ ഗോത്യർ സ്പെയിനും പോർട്ടുഗലും ആക്രമിച്ചു കീഴടക്കി. അവരുടെ ഉപദ്രവം കാരണം 414 ൽ ഒറോസിയൂസ് ആഫ്രിക്കയിലേക്കു കുടിയേറി. തൻെറ പ്രദേശത്തുള്ള ഒരിജനിസ്റ്റ്–പ്രിഷില്ലിയനിസ്ററ് തെററുകളെപ്പററിയുള്ള വിവരങ്ങൾ അടങ്ങിയ ഒരു ഗ്രന്ഥം പ്രസ്തുത വർഷം അദ്ദേഹം അഗസ്റ്റിനു് കൊണ്ടുക്കൊടുത്തു. അഗസ്റ്റിൻ അതിനു് ആ വർഷം തന്നെ ഒരു മറുപടിയും നൽകി. ആത്മാവിൻെറ ഉത്ഭവം സംബന്ധിച്ച പ്രശ്നങ്ങളെക്കുറിച്ചു ചർച്ച ചെയ്യാൻ അഗസ്റ്റിൻ അയാളെ ബേത്‌ലഹേമിൽ

www.malankaralibrary.com



ജറോമിന്റെ പക്കലേക്കയച്ചു. പെലാജിയുസിനെതിരെ ജറുസലേമിലെ ജോൺ 415 ൽ വിളിച്ചു കൂട്ടിയ സിനഡിൽ ഒറോസിയുസ് സംബന്ധിച്ചു. പരസ്പരം മനസ്സിലാക്കാൻ ശ്രമിക്കാതെ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് നീങ്ങിയതിനാൽ ഒരു തീരുമാനം എടുക്കാൻ ഈ സിനഡിനു കഴിഞ്ഞില്ല. ഒറോസിയുസിന്റെ നിലപാട് ജോൺ വ്യക്തമായി ഗ്രഹിച്ചില്ലെന്നു തോന്നുന്നു. കൃപാവരസഹായം കൊണ്ടുപോലും മനുഷ്യന് പാപരഹിതനായിരിക്കാൻ സാധ്യമല്ല എന്ന് ഒറോസിയുസ് പറഞ്ഞതായി ജോൺ ധരിച്ചു. പെലാജിയുസിനെ ഒറോസിയുസ് 'കുട്ടമാക്രി', 'കൂട്ടിൽ അടച്ചിടേണ്ട പെരുമ്പാമ്പ്' എന്നൊക്കെ വിളിച്ചു. "അഗസ്റ്റിൻ എനിക്കാരാണ്"? എന്ന് പെലാജിയുസ് പ്രത്യുത്തരിച്ചു. ഇങ്ങനെ ശകാരവർഷം നിറഞ്ഞ ഒരു യോഗമായിരുന്നത്. ചർച്ച മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാതെ വന്നപ്പോൾ, വിഷയം റോമിലെ ഇന്നസെന്റ് മാർപാപ്പായുടെ പരിഗണനയ്ക്ക് സമർപ്പിക്കപ്പെട്ടു. സ്പെയിനിലേക്ക് മടങ്ങാൻ സാധിക്കാതെ വന്ന ഒറോസിയുസ് ഹിപ്പോയിലേക്കു മടങ്ങി. അവിടെ വച്ച് പെലാജിയർക്കെതിരെ ഒരു കൃതി രചിച്ചു. പുറജാതികൾക്കെതിരെ ഒരു ചരിത്രഗ്രന്ഥം അഗസ്റ്റിന്റെ പ്രേരണയാൽ എഴുതാൻ തുടങ്ങി. ഏഴു വാല്യങ്ങളായിട്ടാണ് ഒറോസിയുസ് അതു് എഴുതിത്തീർത്തത്.

## കൃതികൾ

*1. പ്രിഷില്ലിയൻ-ഒരിജനിസ്റ്റ് തെറ്റുകൾക്കെതിരെ*

ഗ്നോസ്റ്റിക്, മാനിക്കേയൻ ആശയങ്ങളുമായി ബന്ധപ്പെട്ട പല തത്വങ്ങളും പ്രിഷില്ലിയൻ പ്രചരിപ്പിച്ചു. 'ഒരു വിശുദ്ധൻ' എന്ന 'ആവരണം' അണിഞ്ഞ് അയാൾ മരിച്ചു. 397-400 ൽ തൊളേദോ സിനഡ് പ്രിഷില്ലിയനെതിരെയുള്ള നിലപാട് സ്വീകരിച്ചു.[2] പ്രിഷില്ലിയനിസത്തോടൊപ്പം ഒരിജനിസവും സ്പെയിനിലും പോർട്ടുഗലിലും പ്രശ്നങ്ങളുണ്ടാക്കി. ഇവ ക്രിസ്തുമതത്തിനെതിരാണ് എന്ന ബോധ്യത്തിലാണ് ഈ പ്രശ്നങ്ങൾക്കെതിരായി ഒറോസിയുസ് മേല്പറഞ്ഞ ഗ്രന്ഥം രചിച്ചത് (*PL* 31:12–6). അതിനെ പിൻതാങ്ങിക്കൊണ്ട് അഗസ്റ്റിനും ഒരു കൃതി രചിച്ചു. (*PL* 42:665–79).

2. മുകളിൽ പേജ് 51-53 കാണുക.



*2. പെലാജിയർക്കെതിരെയുള്ള കൃതി*

തനിക്കെതിരെ ജോൺ നടത്തിയ ആരോപണങ്ങൾക്കുള്ള മറുപടിയാണ് ഒന്നാം ഭാഗത്ത് (1-10); 'തെസ്റ്റിമോണിയാ', 'ദെമെത്രിയാദെസിനുള്ള ലേഖനം' എന്നീ പെലാജിയൻ രേഖകളിലുള്ള തത്വങ്ങളുടെ ഖണ്ഡനം രണ്ടാം ഭാഗം (11-33). ഒരിജനിസം, പ്രിഷില്ലിയനിസം എന്നിവ പെലാജിയുസ് പുനരവതരിപ്പിച്ചിരിക്കയാണ് എന്നാണ് ഒറോസിയുസിന്റെ വീക്ഷണം. പെലാജിയനിസം സംബന്ധിച്ച് അഗസ്റ്റിനും മറ്റ് ആഫ്രിക്കൻ മെത്രാന്മാർക്കുമുള്ള വീക്ഷണം തന്നെയാണ് ഒറോസിയസിനും ഉള്ളത് (*PL* 31: 1173–1212).

*3. പുറജാതികൾക്കെതിരെയുള്ള ചരിത്രഗ്രന്ഥം*

ലോകാരംഭം മുതൽ 416 വരെയുള്ള കാലഘട്ടത്തിലെ ചരിത്രമാണ് ഇതിൽ ചുരുക്കി വിവരിച്ചിരിക്കുന്നത്. ഏഴു ഗ്രന്ഥങ്ങളിലായിട്ടാണ് അദ്ദേഹം ഇതു് എഴുതിയത് (*PL* 31:663–1174).

## 2. മാരിയുസ് മർക്കാതോർ

ഒരു തികഞ്ഞ പെലാജിയൻ വിരുദ്ധനായിരുന്നു മാരിയുസ്. ഇററലിയിൽ ജനിച്ചു. എക്ലാനമിലെ ജൂലിയനുമായി ബന്ധമുണ്ടായിരുന്നു. പെലാജിയൻ തർക്കവുമായി ബന്ധപ്പെട്ടാണ് മാരിയുസ് അറിയപ്പെടുന്നത്. 418 ൽ അദ്ദേഹത്തെ നാം റോമിൽ ദർശിക്കുന്നു. അദ്ദേഹം രചിച്ച രണ്ടു പെലാജിയൻ വിരുദ്ധ കൃതികൾ അഗസ്റ്റിന് അയച്ചുകൊടുത്തു. 429-ൽ അദ്ദേഹം ത്രേസിലുള്ള ലത്തീൻ ആശ്രമത്തിൽവച്ച് ചെലെസ്തിയുസ്, പെലാജിയുസ്, ജൂലിയൻ എന്നിവർക്കെതിരെയുള്ള ഗ്രന്ഥങ്ങളുടെ രചനയിൽ (*Commonitoria*) ഏർപ്പെട്ടു. ഗ്രീക്കിൽ 429-ൽ എഴുതിയ ആദ്യഗ്രന്ഥം പ്രധാനമായി ചെലെസ്തിയുസിനെതിരായിട്ടാണ്. 431-ൽ ലത്തീനിലേക്കു മാരിയുസ് തന്നെ അതു ഭാഷാന്തരപ്പെടുത്തി (*Commonitorium super nomine Coelestii*). 430 നു ശേഷം മറെറാരു ഗ്രന്ഥംകൂടി രചിച്ചു. അതു് പെലാജിയുസ്, ചെലെസ്തിയുസ്, ജൂലിയൻ എന്നീ മൂന്നുപേർക്കും എതിരായിട്ടാണ് (*Liber Subnotationum*). അഗസ്റ്റിൻ മരിച്ചു കഴിഞ്ഞതായി ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു. ജൂലിയന്റെ കൃതികളിലെ പ്രമേയങ്ങളെ ഇതിൽ ഖണ്ഡിക്കുന്നു (*PL*. 48:63–172).

www.malankaralibrary.com



തിയഡോറിനെതിരെ മാരിയുസ് രണ്ടു് കൃതികളെഴുതി. എന്നാലതു് നഷ്ടപ്പെട്ടുപോയി.

## 3. കോദ്‌വുൾത്‌ദേവുസ് (+454)

കാർത്തേജിലെ സഭയിൽ ഒരു ഡീക്കനായിരുന്നു ഇദ്ദേഹം. അഗസ്റ്റിന്റെ സ്നേഹിതനുമായിരുന്നു. എല്ലാ പാഷണ്ഡതകളുടെയും സമാഹാരഗ്രന്ഥം തയാറാക്കാൻ 428-ൽ അഗസ്റ്റിൻ ഇദ്ദേഹത്തോടഭ്യർത്ഥിച്ചു. തുടർന്നു് ഇയാൾ കാർത്തേജിലെ മെത്രാനായി എന്നു കരുതപ്പെടുന്നു. ഗൈസെറികിന്റെ ആക്രമണകാലത്തു് കാർത്തേജിൽനിന്നു പുറത്താക്കപ്പെടുകയും നേപ്പിൾസിൽ അഭയം പ്രാപിക്കുകയും ചെയ്തു ഈ പേരുകാരൻ മേല്പറഞ്ഞ ഡീക്കൻ തന്നെ എന്നു കരുതുന്നവരുണ്ടു്. പെലാജിയൻ തർക്കങ്ങളിൽ അദ്ദേഹം അധികം ഇടപെടാതെ ഡീക്കൻ എന്നും മെത്രാൻ എന്നും ഉള്ള നിലകളിൽ തന്റെ അജപാലക ദൗത്യങ്ങളിൽ മുഴുകിയിരുന്നു. 454-ൽ നേപ്പിൾസിൽ വച്ചു മരിച്ചു. അദ്ദേഹത്തിന്റെ ചില കൃതികളും പ്രസംഗങ്ങളും കത്തുകളും നമുക്കു് കൈവന്നിട്ടുണ്ടു്. എന്നാൽ അവ അദ്ദേഹത്തിന്റേതു തന്നെയോ എന്നതിനെപ്പറ്റി പലരും തർക്കിച്ചിട്ടുണ്ടു്.

# പേരുകൾ

## മലയാളം – ഇംഗ്ലീഷ്

| | |
|---|---|
| അകാചിയുസ് | Acacius |
| അക്കില്ലെസ് | Achilles |
| അഗസ്റ്റിൻ | Augustine |
| അത്തനാസ്യോസ് | Athanasios |
| അതാർബിയുസ് | Atarbius |
| അദെയോദാത്തുസ് | Adeodatus |
| അപ്രേം | Aprem |
| അപ്പൊള്ളിനാരിസ് | Apollinaris |
| അംബ്രോസ് | Ambrose |
| അംബ്രോസിയാസ്റ്റർ | Ambrosiaster |
| അലിപ്പിയുസ് | Alypius |
| അവിത്തുസ് | Avitus |
| അർക്കേഡിയുസ് | Arcadius |
| അർനോബിയുസ് | Arnobius |
| ആരിയുസ് | Arius/ Ariōs |
| ഇതാചിയുസ് | Ithacius |
| ഇദാചിയുസ് | Idacius |
| ഇൻസ്റ്റാൻസ്യൂസ് | Instantius |
| ഇന്നസെന്റ് | Innocent |
| ഇരനെയുസ് | Irenaeus |
| ഇസിദോർ | Isidore |
| ഈറോസ് | Eros |
| ഉർസാചിയുസ് | Ursacius |
| ഉർസീനുസ് | Ursinus |
| എജെറിയാ | Egeria |
| എൻദെലെക്കിയുസ് | Endelechius |
| എപ്പിഫാനിയുസ് | Epiphanius |
| എവാഗ്രിയുസ് | Evagrius |
| എവുക്കേറിയുസ് | Eucherius |
| എവുണോമിയുസ് | Eunomius |
| എവുത്തിക്കസ് | Eutyches |
| എവുസേബിയുസ് | Eusebius |
| എവുസ്തോക്കിയും | Eustochium |
| ഏസ്യൂസ് | Aetius |
| ഒപ്താത്തുസ് | Optatus |
| ഒരിജൻ | Origen |
| ഒറോസിയുസ് | Orosius |
| ഓറിയെൻസ്യൂസ് | Orientius |
| ഔക്സെൻസ്യൂസ് | Auxentius |
| ഔസോണിയുസ് | Ausonius |
| ഔറേലിയുസ് | Aurelius |
| കസ്സിയദോറുസ് | Cassiodorus |
| കാസ്റ്റോർ | Castor |
| കാസ്സിയൻ, ജോൺ | Cassian John |
| കൊമ്മോദിയൻ | Commodian |
| കോൺസ്റ്റൻടൈൻ | Constantine |
| കോൺസ്റ്റാൻസ്യൂസ് | Constantius |
| ക്രിസോസ്തോം, | Chrysostom |
| ജോൺ | John |
| ക്രിസോലോഗുസ് | Chrysologus |
| പീറ്റർ | Peter |
| ക്രെസ്കോണിയുസ് | Cresconius |
| ക്രോമാസ്യൂസ് | Chromatius |
| ക്ലൗദിയാനുസ് | Claudianus |
| കോദ്‌വുൾത്‌ദേവുസ് | Quodvultdeus |
| ഗലേറിയുസ് | Galerius |
| ഗ്രിഗറി | Gregory |
| ഗൗദെൻസ്യൂസ് | Gaudentius |
| ചെച്ചീലിയാനുസ് | Caecilianus |
| ചെലെസ്റ്റിയുസ് | Caelestius |
| ചെസാറിയുസ് | Caesarius |
| ചെറാസിയാ | Cerasia |
| ജന്നാഡിയുസ് | Gennadius |
| ജലാസിയുസ് | Gelasius |
| ജസ്റ്റിൻ | Justin |
| ജർമീനിയുസ് | Germinius |
| ജറോൺസ്യൂസ് | Gerontius |
| ജറോം | Jerome |
| ജൂലിയൻ | Julian |
| ജൂലിയുസ് | Julius |
| ജോവിനിയൻ | Jovinian |
| ഡയോക്ലീഷൻ | Diocletian |
| ഡെക്സ്റ്റർ | Dexter |
| ഡെൽഫീനുസ് | Delphinus |
| ഡൊണാത്തുസ് | Donatus |
| തിക്കോണിയുസ് | Tyconius |
| തിയഡൊറെറ്റ് | Theodoret |
| തിയഡോഷ്യസ് | Theodosius |

www.malankaralibrary.com



| | |
|---|---|
| തിയഡോർ | Theodore |
| തെർത്തുല്യൻ | Tertullian |
| ദമാസൂസ് | Damasus |
| ദിദീമൂസ് | Didymus |
| ദിയദോർ | Diodore |
| ദെമെത്രിയാദെസ് | Demetriades |
| നിസേററാസ് | Nicetas |
| പത്രോഫില്യസ് | Patrophilus |
| പല്ലാഡിയൂസ് | Palladius |
| പർമേനിയൻ | Parmenian |
| പാച്ചിയൻ | Pacian |
| പെതീലിയൻ | Petilian |
| പെലാജിയൂസ് | Pelagius |
| പൗളാ | Paula |
| പൗളീനിയൻ | Paulinian |
| പൗളീനൂസ് | Paulinus |
| പൊതാമിയൂസ് | Potamius |
| പൊസ്സീദിയൂസ് | Possidius |
| പ്രിഷില്ലിയൻ | Priscillian |
| പ്രുദെൻസ്യൂസ് | Prudentius |
| പ്രൊതോജെനെസ് | Protogenes |
| പ്രോക്കളൂസ് | Proculus |
| പ്രോസ്പർ | Prosper |
| ഫക്കൻദൂസ് | Facundus |
| ഫസ്തീദിയൂസ് | Faustinus |
| ഫിലാസ്ത്രിയൂസ് | Philastrius |
| ഫിർമിക്കസ് മതേർണസ് | Firmicus Maternus |
| ഫുൾജെൻസ്യൂസ് | Fulgentius |
| ഫേബാദിയൂസ് | Phebadius |
| ഫൗസ്തീനൂസ് | Faustinus |
| ഫൗസ്തൂസ് | Faustus |
| ഫോർത്തുണാസ്യാനൂസ് | Fortunatianus |
| ഫ്ളാവിയൻ | Flavian |
| ബസേലിയോസ് | Baselios |
| ബേസിൽ | Basil |
| ബോനിഫസ് | Boniface |
| മക്രോബിയൂസ് | Macrobius |
| മയോറീനൂസ് | Majorinus |
| മർസെല്ലീനൂസ് | Marcellinus |
| മർസെല്ലൂസ് | Marcellus |
| മാക്സിമീനൂസ് | Maximinus |
| മാക്സിമൂസ് | Maximus |
| മാഗ്നൂസ് | Magnus |
| മാർട്ടിൻ | Martin |
| മെലാനിയാ | Melania |
| മെലേഷ്യസ് | Meletius |
| മെൻസൂറിയൂസ് | Mensurius |
| യുവെൻകുസ് | Iuvencus |
| ലത്രോണിയാനൂസ് | Latronianus |
| ലെപ്പോറിയൂസ് | Leporius |
| ലെയോ | Leo |
| വലേറിയാനൂസ് | Valerianus |
| വിക്ത്രിച്ചിയൂസ് | Victricius |
| വിജിലാൻസ്യൂസ് | Vigilantius |
| വിതാലിസ് | Vitalis |
| വിത്തെല്ലിയൂസ് | Vitellius |
| വിൻസെന്റ് | Vincent |
| വുൾഫിലാ | Wulfila |
| സത്തുർണീനൂസ് | Saturninus |
| സലോണിയൂസ് | Salonius |
| സാൽവിയൻ | Salvian |
| സിക്സ്റ്റസ് | Sixtus |
| സിപ്രിയാൻ | Cyprian |
| സിംപ്രോണിയാനൂസ് | Simpronianus |
| സിംപ്ലിച്ചിയാനൂസ് | Simplicianus |
| സിറിൽ | Cyril |
| സിറീചിയൂസ് | Siricius |
| സെക്കൻദിയാനൂസ് | Secundianus |
| സെദൂളിയൂസ് | Sedulius |
| സെലെസ്റ്റിൻ | Celestine |
| സേനോ | Zeno |
| സോസിമൂസ് | Zosimus |
| സ്പെസ് | Spes |
| ഹിപ്പോളിററസ് | Hippolytus |
| ഹിലരി | Hilary |
| ഹെരാക്ലിദെസ് | Heraclides |
| ഹെരാക്ലിയാനൂസ് | Heraclianus |
| ഹൊണൊരാത്തൂസ് | Honoratus |
| ഹോസിയൂസ് | Hosius |
| റുഫീനൂസ് | Rufinus |